
D157:3N09:11
32K3

MUL
235670

MURUGAN BINDING WORKS,
(PRINTERS)
No. 3, Bommulier Street,
Elephant Gate, :: MADRAS-1.



# ഇരുമ്പഴികൾ

(ബംഗാളി നോവൽ)

(Malayalam)

Irumpazhikal

Bengali Novel

**By JARASANDHAN**

Translated by

MRS. NILINA ABRAHAM
& D. PRATHAPACHANDRAN

First Published December 1963

Printed at

INDIA PRESS, KOTTAYAM

Price Rs. 3.00

Copyright

Mrs. Nilina Abraham

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

**Kottayam Kerala State India**

# ഇരുമ്പഴികൾ

(ബംഗാളി നോവൽ)

ജരാസന്ധൻ

വിവർത്തനം

മിസ്സിസ് നിലീന അബ്രാഹം

ഡി. പ്രതാപചന്ദ്രൻ

UNIVERSITY LIBRARY
- 9 APR 1969
MADRAS

NATIONAL BOOK STALL
SPCS
LTD.

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 3.00

Univ. Grants Commission.

235670
0157:3N04:11
32K3

S1553 B961 92/63-64 1-3000

# ഒന്ന്

കുന്തീദേവി കണ്ണനെ, പ്രസവിച്ചയുടനെ ആററിലൊഴുക്കിയത്രേ. മഹാഭാരതത്തിലെ കരുണാമയമായ ഈ കഥ ഇന്നും നമ്മുടെ കണ്ണു നിറയ്ക്കുന്നു. പക്ഷേ, നമ്മുടെയെല്ലാം മാതൃസ്വരൂപിണിയായ സർവ്വകലാശാല വർഷംതോറും നൂറു കണക്കിനു സന്താനങ്ങളെ പ്രസവിക്കുകയും ഉടൻതന്നെ നദിയിൽ ഒഴുക്കിവിടുകയും ചെയ്യുന്നതിനെച്ചൊല്ലി ആരുടെയും കൺകോണുപോലും നനഞ്ഞുകാണാറില്ല. കണ്ടെങ്കിൽ, ഇവരെപ്പററിത്തന്നെ പതിനെട്ടു പർവ്വമുള്ള മറെറാരു മഹാഭാരതം രചിക്കപ്പെട്ടുമായിരുന്നല്ലോ.

പതിവുപോലെ എന്നെയും എൻെറ സ്നേഹമയിയായ Alma Mater കഴുത്തിൽ ഡിപ്ലോമയാകുന്ന കവചമണിയിച്ച് ഒരു ദിവസം വിധിയുടെ കൈയിലേക്ക് എറിഞ്ഞുകൊടുത്തു. നിസ്സാരമായ ഒരു ക്ലാർക്ക്ജോലി വാങ്ങിത്തരാൻ കഴിയുന്ന ബന്ധുക്കളാരുമില്ല എനിക്ക്. വെളുത്ത ഒരു പാൻറും നീലനിറമുള്ള ഒരു കോട്ടുമായിരുന്നു എൻെറ താങ്ങ്. അതിൽ കയറി ഞാൻ കടവുകൾതോറും അലഞ്ഞുനടന്നു.

ഇടയ്ക്കിടെ വലിയ ഉദ്യോഗങ്ങൾക്ക് ആളെ ആവശ്യം വരുമ്പോൾ സർക്കാർ, വിശന്നുവലഞ്ഞ് ഒഴുകിനടക്കുന്ന ഈ പ്രാണികളുടെനേരെ ഒരു ഇര വലിച്ചെറിയും—മത്സരപ്പരീക്ഷ. ബിരുദധാരികൾ കൂട്ടമായി ഇളകിവരും. പക്ഷേ, അവസാനമാകുമ്പോൾ കാണാം—അനേകമെണ്ണം ഇരയിൽ കൊത്തിയെങ്കിലും മൂന്നുനാലെണ്ണമേ ചൂണ്ടയിൽ കുടുങ്ങിയിട്ടുള്ളുവെന്ന്. എൻെറ സ്നേഹിതരിൽ ചിലർ ഇതിനിടെ കരപററിയിരുന്നു. അവരിൽ ചിലർ ആശ്വസിപ്പിച്ചു; മററു ചിലർ മുഖത്തു പച്ചവെള്ളം തട്ടിയൊഴിച്ചു. അവർ പറഞ്ഞു: "ഇതു

പരീക്ഷയല്ല, തട്ടിപ്പാണ്." എണ്ണയിട്ട മയം വരുത്തിയ നട്ടെല്ലുള്ള, മുഖമുയർത്താത്ത, അനുസരണശീലരായ കുട്ടരെയാണ് ജോലിക്ക് ആവശ്യം. ഏതു നുകവും തോളിൽ വെച്ചുകൊള്ളണം. ഒരവസ്ഥയിലും തലയിളക്കരുത്. നിങ്ങൾക്കതു സാദ്ധ്യമല്ല. ഇത്തരം സദ്ഗുണങ്ങൾ എനിക്കുണ്ടെന്നോ എന്നെങ്കിലും ഉണ്ടാകുമെന്നോ തോന്നുന്നില്ല. പക്ഷേ, അപേക്ഷ അയച്ചും ഇൻറർവ്യൂവിനു ഹാജരായും മറ്റുംകൊണ്ട് ഒരു മാററത്തിനുവേണ്ടി സക്കാരിൻെറ പരീക്ഷയാകുന്ന ചൂണ്ടലിൽ ഞാനൊരിക്കൽ കൊത്തി.

പരീക്ഷയ്ക്കുശേഷം, സവ്വശക്തിമാനായ മെഡിക്കൽ ബോർഡിൻെറ മുമ്പിൽ ഹാജരാകണം. മെഡിക്കൽ ബോർഡ്—'കശാപ്പുശാല'യെന്നാണ് ഒരു സ്നേഹിതൻ അതിനെ വിശേഷിപ്പിക്കാറുള്ളതു്. അതോത്തപ്പോൾ ഞാൻ വിറച്ചുപോയി. കൂട്ടുകാർ എന്നെ സാന്ത്വനപ്പെടുത്തി. ശുഭകാംക്ഷികൾ എനിക്ക് ഉപദേശങ്ങൾ നല്കി. ചിലർ പറഞ്ഞു, ഡംബൽസ് എടുക്കാൻ. മററു ചിലർ പറഞ്ഞു, ആനയുടെയേ കാട്ടുപോത്തിൻെറയോ കൊഴുപ്പു കഴിക്കാൻ. വേറെയാരോ നിർദ്ദേശിച്ചു, കാശ്മീരിലോ ഊട്ടിയിലോ പോയി താമസിച്ചിട്ടു വരാൻ. ഇനി പതിനാലു ദിവസമേയുള്ളു, എല്ലാറ്റിനുംകൂടി.

അവസാനം, എൻെറ ഹോട്ടലിൻെറ മാനേജർ ഹരിപാണ്ഡ, എൻ്റെ ദുരവസ്ഥ കണ്ട് വല്ലാത്ത സങ്കടം പ്രദർശിപ്പിച്ചു. പിന്നീട് സാവധാനം പറഞ്ഞു: "ഒരെളുപ്പവഴിയുണ്ട്. പക്ഷേ, നിങ്ങൾക്ക് അതു പിടിക്കുമോ എന്നറിഞ്ഞുകൂടാ."

ഞാനദ്ദേഹത്തോട് അപേക്ഷിച്ചു: "എന്നെ രക്ഷിക്കണം, ഹരിബാബു. ഈ ആപത്തിൽ നിങ്ങളേ ഉള്ളു എനിക്കാശ്രയം.

അല്പനേരം ചിന്തയിൽ മുഴുകിയിരുന്നിട്ട് ഹരിപാണ്ഡ പറഞ്ഞു: "ഉരുളക്കിഴങ്ങു് പുഴുങ്ങിത്തിന്നുക."

"ഉരുളക്കിഴങ്ങോ?"

"അതെ. ഉരുളക്കിഴങ്ങു് പുഴുങ്ങിത്തിന്നുക. കൂടെ ഇത്തിരി ചോറും. ഒരാഴ്ച കഴിയുമ്പോൾ നിങ്ങളുടെ ഷർട്ടൊന്നും പാകമല്ലാതായില്ലെങ്കിൽ എൻെറ പേരു് ഹരിപാണ്ഡയെന്നല്ല."

നടുക്കടലിൽ പെട്ടവൻ കര കണ്ടതുപോലെ. പരിപ്പും പച്ചക്കറികളും, മാംസവും മത്സ്യവും, പാലും നെയ്യും ഉപേക്ഷിച്ചു. പതിന്നാലു ദിവസവും ചോറും ഉരുളക്കിഴങ്ങും, ഉരുളക്കിഴങ്ങും ചോറും മാത്രം.

മാനേജർ വളരെ ദയാമയനാണ്. മാസാവസാനം ഭക്ഷണച്ചെലവു മാത്രമേ വാങ്ങിയുള്ളൂ. ഉപദേശത്തിനു യാതൊരു പ്രതിഫലവും ചോദിച്ചില്ല.

പക്ഷേ, ഇതുകൊണ്ടൊന്നും ശരീരം നന്നായില്ല. തൂക്കവും നെഞ്ചളവും എനിക്കെതിരായിരുന്നു. ബോർഡിന്റെ മുഖം ഗൗരവംപൂണ്ടു. എങ്കിലും പരിശോധന ശരിക്കുതന്നെ ആരംഭിച്ചു. യുദ്ധം കഴിഞ്ഞു മടങ്ങിയ മൂന്നു് ഐ. എം. എസ്.കാർ ഒരുമിച്ചു് എന്നെ ആക്രമിച്ചു. കുസൃതിക്കാരനായ കുട്ടിയുടെ കൈയിലകപ്പെട്ട റബ്ബർപാവയെപ്പോലെയായി എന്റെ സ്ഥിതി. നെഞ്ചിലും വയററത്തും കൊട്ടിയും, പല്ലു പിടിച്ചു വലിച്ചും, ഇരുത്തിയും കിടത്തിയും, ഓടിച്ചും ചാടിച്ചും മററും കഷ്ടപ്പെടുത്തിയതിനുശേഷം അവരെന്നെ വിട്ടയച്ചപ്പോൾ തോന്നി, ഇനി ഒരു ജോലിയും ചെയ്യാൻ ശേഷി ബാക്കിയില്ലെന്നു്. പക്ഷേ, ആരുടെ ഭാഗ്യംകൊണ്ടാണെന്നറിയില്ല, അവസാനം ആ കശാപ്പുകാർ സന്തുഷ്ടരായി. എന്റെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു: "ഫിററ്!"

ഒരുതരത്തിൽ വൈതരണി കടന്നുകിട്ടി. ഉദ്യോഗസ്ഥനാകാൻ ഇനി ഒരു തടസ്സവുമില്ല. കൂട്ടുകാരും ബന്ധുക്കളും അഭിനന്ദനങ്ങൾകൊണ്ടു് എന്നെ വീർപ്പുമുട്ടിച്ചു. പക്ഷേ, ഓർഡർ വരുന്നില്ലല്ലോ. ദിവസങ്ങൾ കഴിഞ്ഞുപോയി. ഹിസ് മെജസ്റ്റിസ് സർവ്വീസ് എന്ന മുദ്രയുള്ള ലക്കോട്ട് കണ്ടില്ല.

ആദ്യം ദേഷ്യവും സങ്കടവും തോന്നിയെങ്കിലും അവസാനം മനസ്സിനെ സാന്ത്വനപ്പെടുത്തി: അതു നന്നായി. സക്കാരുദ്യോഗത്തിന്റെ മോഹഗർത്തത്തിൽ ഭഗവാൻ എന്നെ എറിഞ്ഞില്ലല്ലോ. ഞാൻ വീണ്ടും യാത്ര തുടങ്ങി. എന്റെ പാൻറിലും കോട്ടിലും ഡയിംഗ്-ക്ലീനിംഗ്കാരുടെ നമ്പർ തുരുതുരെ പതിഞ്ഞുകൊണ്ടിരുന്നു.

ഇങ്ങനെയിരിക്കെ ഒരു ദിവസം വിവരം കിട്ടി, ബംഗാൾ

സക്കാരിലെ ഒരു മന്ത്രി, ചിററഗോങ്ങിൽ കുറെ ഉദ്യോഗങ്ങളു മായി അപേക്ഷകരെ കാത്തിരിക്കുന്നുവെന്നു്. എന്നെപ്പോലു ള്ള 'രത്ന'ങ്ങളെക്കണ്ടാൽ അതിലൊന്നു് തരാതിരിക്കുകയി ല്ലെന്നതിൽ സന്ദേഹമില്ല. നീണ്ട ഒരു ശുപാർശക്കത്തും സ മ്പാദിച്ചു. കത്തു തന്നയാൾ പറഞ്ഞതു്, താൻ മന്ത്രിയുടെ അടുത്ത സ്നേഹിതനാണെന്നാണു്. അതുകൊണ്ടു്, ജോലി കി ട്ടുമെന്നു് ഉറപ്പിച്ചുകൊണ്ടു് ചിററഗോങ്ങിലേക്കു പുറപ്പെട്ടു.

മനോഹരമായ ബംഗ്ലാവു്. ആകർഷകമായ ചുററുപാ ടുകൾ. വിചിത്രവേഷങ്ങളണിഞ്ഞ ഉദ്യോഗാർത്ഥികളുടെ കൂട്ടം. പക്ഷേ, മന്ത്രിസാഹിബ്ബിനെ കാണാനില്ല. ഒരു മണി ക്കൂർ കാത്തിരുന്നപ്പോൾ മനസ്സിലായി, അദ്ദേഹം ബംഗ്ലാവി നോടു ചേൎന്നുള്ള പൂന്തോട്ടത്തിൽ ചുററിനടന്നു് പാതിവിരി ഞ്ഞ പനിനീർപ്പൂക്കളിൽനിന്നു് മനോഹരമായ ഒരു സ്ഫടിക പ്പാത്രത്തിൽ മഞ്ഞുതുള്ളികൾ ശേഖരിക്കുകയാണെന്നു്. ഈ മന്ത്രിമാരെല്ലാം ദിവസവും എന്തുമാത്രം അദ്ധ്വാനിക്കുന്നുവെ ന്നു തോന്നിപ്പോയി.

വീണ്ടും ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മടുപ്പു സഹിക്കാ തെ പൂന്തോട്ടത്തിൽ അനധികൃതമായി പ്രവേശിച്ചു് മന്ത്രിപും ഗവനെ നമസ്കരിച്ചു. അദ്ദേഹം എന്നെ കണ്ണുമിഴിച്ചു നോ ക്കിയിട്ടു് ശുപാർശക്കത്തും അപേക്ഷയും വാങ്ങി. ചെറിയൊരു പ്രസംഗത്തോടെ ഞാനദ്ദേഹത്തിന്റെ കാരുണ്യത്തിനുവേണ്ടി പ്രാൎത്ഥിച്ചു. മന്ത്രിപ്രവരൻ മറുപടിയൊന്നും പറഞ്ഞില്ല. മന്ദഹാസത്തോടെ വീണ്ടും പനിനീർ ശേഖരിക്കാൻ തുടങ്ങി.

മൂന്നാമത്തെ മണിക്കൂറും കഴിഞ്ഞപ്പോൾ ഞാൻ മന്ത്രിയു ടെ സെക്രട്ടറിയെ ശരണംപ്രാപിച്ചു. അപേക്ഷയെപ്പററി ചോദിച്ചയുടനെ ഗൗരവത്തിൽ ഇംഗ്ലീഷിൽ അറിയിച്ചു, മറു പടി തപാലിൽ അയയ്ക്കുമെന്നു്.

അതുകഴിഞ്ഞിട്ടു് ഇരുപത്തിനാലു വർഷവും ഏഴു മാസ വും കടന്നുപോയിരിക്കുന്നു, മറുപടി കിട്ടിയിട്ടില്ല. ഇനിയും സമയം കഴിയണമായിരിക്കും.

വീണ്ടും ഓരോ വകുപ്പുകളിൽ കയറിയിറങ്ങാൻ തുടങ്ങി. രജിസ്ട്രേഷൻ, വിദ്യാഭ്യാസം, എക്സൈസ്, മൃഗചികിത്സ, പൊതുജനാരോഗ്യം, ഫിഷറി—ഒന്നും ബാക്കിവെച്ചില്ല.

ചെരിപ്പിൻെറ സോൾ മൂന്നു തവണ മാറി. നീലക്കോട്ടു നര ച്ചു. രണ്ടു സ്ഥലങ്ങളിൽ മാത്രം അപ്പോഴും പോയില്ല—ജയി ലും പോലീസും. എന്താണെന്നറിഞ്ഞില്ല, ഇവയെക്കുറിച്ചു് മനസ്സിൽ ഏതോ പേടിയുണ്ടായിരുന്നു. പക്ഷേ, ജയിൽവകു പ്പിലെ വെള്ളക്കാരനായ ഇൻസ്പെക്ടർ-ജനറൽ, ഒരു ലഫ് ററനൻറ് കേണൽ ഐ. എം. എസ്., എന്നെ വിളിപ്പിച്ച ദിവസം, മനുഷ്യൻെറ ഭാഗധേയമിട്ടു പന്താടുന്ന ആ മഹാ മാന്ത്രികൻ ഉള്ളാലെ ചിരിച്ചിരിക്കണം. പേടിച്ചുപേടിച്ചാ ണു് മുമ്പിൽ ചെന്നു നിന്നതു്. മുഖവുരയൊന്നുംകൂടാതെ അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ കേസു ഞാൻ കണ്ടു. വെരി സാഡ്. പോട്ടെ. നിങ്ങളെ എടുക്കാൻ എനിക്കു സമ്മതമാ ണു്. ഇതാണു് ജോലി, ഇതാണതിൻെറ ഭാവി"—എന്നു പറഞ്ഞു് അദ്ദേഹം ജോലി വച്ചുനീട്ടിയപ്പോൾ തോന്നി, ഇതു ജോലിയല്ല, അദ്ദേഹത്തിൻെറ പതിനേഴുകാരിയായ പുത്രിയാ ണെന്നു്, യോഗ്യനായ വരനെന്നുകണ്ടു് എന്നെ പിടിച്ചേല്പി ക്കാൻ ശ്രമിക്കുകയാണെന്നു്.

നന്ദിപൂർവ്വം സമ്മതം അറിയിച്ചിട്ടു പോരുമ്പോൾ തിരി കെ വിളിച്ചുപറഞ്ഞു: "നിങ്ങൾക്കു വല്ലാത്ത ക്ഷീണമുണ്ട ല്ലോ. ഒരു ആരോഗ്യകേന്ദ്രത്തിൽത്തന്നെ ഇട്ടുകളയാം. ഡാർജി ലിംഗിൽ പൊയ്ക്കൊള്ളു, എന്താ?"

സാധാരണ പതിവിനു വിരുദ്ധമാണതു്. എന്നെപ്പോ ലെ പുതുതായി വരുന്നവരെ ഏതാനും വർഷം ഏതെങ്കിലും സെൻട്രൽജയിലിൽ പരിശീലനത്തിനു വിടുകയാണു് മുറ. ഡാർജിലിംഗ്പോലുള്ള ചെറിയ സ്ഥലങ്ങൾ എന്നെപ്പോ ലുള്ളവർക്കു് അപ്രാപ്യമത്രേ.

ഒരു ശരത്സന്ധ്യക്കു യാത്രപുറപ്പെട്ടു. ഏതെങ്കിലുമാ കട്ടെ, ഒരാശ്രയം കിട്ടിയല്ലോ. ചെറുതാകട്ടെ, വലുതാകട്ടെ— ഒരാലംബമായി. ഉത്കണ്ഠ നിറഞ്ഞ അനിശ്ചിതത്വം അവ സാനിച്ചു—എന്നെല്ലാം അപ്പോൾ മനസ്സിൽ വിചാരിച്ചില്ലെ ന്നല്ല. എങ്കിലും മറെറല്ലാ വികാരങ്ങളെയും അടിച്ചമർത്തി ക്കൊണ്ടു് അവിടെ എന്തോ ഭയം കടന്നുകൂടിയിരുന്നു. അപ രിചിതമായ ഭാവി. അതിൻെറ ഇരുട്ടുനിറഞ്ഞ അറകളിൽ എന്തൊക്കെയാണുള്ളതെന്നു് ആർക്കറിയാം?

## രണ്ടു്

ഷായുടെ നാടകങ്ങളിൽ പ്രിഫേസ് എങ്ങനെയോ, അങ്ങനെയാണു് സക്കാർജോലിയിൽ പ്രൊബേഷൻ. മൂല വസ്തുവിൻെറ രസം ശരിക്കും ആസ്വദിക്കണമെങ്കിൽ രണ്ടും അവശ്യം കടന്നുകിട്ടണം. പക്ഷേ, വഴി അല്പം വിഷമംപിടിച്ചതാണു്. എല്ലാവരുടേയും കാര്യം എനിക്കറിഞ്ഞുകൂടാ. എങ്കിലും പ്രൊബേഷണർജീവിതത്തിൻെറ ചരിത്രം വിചിത്രമാകുകയാണു് സ്വാഭാവികം. എന്നെ സംബന്ധിച്ചിടത്തോളം ഇത്രയും പറയാം—ഇതിൽ ആദ്യത്തേതു കടക്കുമ്പോൾ കൊണ്ടുകയറിയ മുള്ളുകൾ ഒരു മിശ്രരസത്തോടെ ഞാനാസ്വദിച്ചു. വേദനയോടൊപ്പം കൗതുകവും, മുറിവുകളോടൊപ്പം പരിഹാസവും.

ഗിരിൻദാ പറഞ്ഞിരുന്നു—ജയിലുദ്യോഗത്തിലെ ആദ്യത്തെ പാഠം സലാം ആണു്. ഇതു് ശരിയായ സമയത്തും ശരിയായ സ്ഥലത്തും ശരിയായ രീതിയിൽ ചെയ്യാൻകഴിഞ്ഞില്ലെങ്കിൽ ജീവിതം മുഴുവൻ കഷ്ടപ്പെട്ടതുതന്നെ.

പലതും കണ്ട സ്നേഹിതൻെറ വിലയേറിയ ഈ ഉപദേശം ഞാൻ തള്ളിക്കളഞ്ഞില്ല. എനിക്കു് ധാരാളം മേലധികാരികളുണ്ടു്. അതിനെന്താ? ഒരാൾക്കു് എല്ലാവരേയും തൃപ്തിപ്പെടുത്താൻ സാദ്ധ്യമല്ലെന്ന ചൊല്ലു് ദൈവമില്ലാത്ത നാട്ടിലാണു്. നമ്മുടെ നാട്ടിൽ മുപ്പത്തുമുക്കോടി ദൈവങ്ങളുണ്ടു്. അവയെയൊക്കെ സന്തോഷിപ്പിക്കാൻ കഴിയുമെങ്കിൽ രണ്ടു മേലാളരെ തൃപ്തിപ്പെടുത്തുക അത്ര പ്രയാസമോ?

ജൂനിയർ ആപ്പീസറെയാണു് ആദ്യം കണ്ടതു്. അദ്ദേഹം നേരത്തേതന്നെ മനസ്സിലാക്കിയിരുന്നു, തന്റെ പുതിയ സഹായിയുടെ സഞ്ചിയിൽ നിസ്സാരമായ ഒരു സവ്വകലാശാലാബിരുദമല്ലാതെ വിലപിടിച്ച ഒന്നുമില്ലെന്നു്. അതായതു് തൊഴിൽക്കമ്പോളത്തിൽ ഏററവുമധികം വിലപ്പിടിപ്പുള്ള സ്വത്തായ എക്സ്പീരിയൻസിൻെറ കാര്യത്തിൽ ഞാൻ നിസ്വനാണു്. അദ്ദേഹത്തിനാണെങ്കിൽ ഇതുതന്നെയാണു് സകല സമ്പത്തും. ബിരുദത്തോടു് അദ്ദേഹത്തിൻെറ മനോഭാവം, പ്രായമായവക്കു് കളിക്കോപ്പുകളോടുള്ളതത്രേ. ആദ്യമൊക്കെ

അതിനോട്ട് ഒരു കമ്പമൊക്കെ തോന്നും. പക്ഷേ, ശരിയായ കാര്യത്തിനാവശ്യം എക്സ്പീരിയൻസാണല്ലോ.

ഞാൻ ജോലിയെക്കുറിച്ച് എന്തുമാത്രം പഠിച്ചിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ചോദ്യം. 'എ' ക്ലാസ്സ് തടവുകാരും 'ബി' ക്ലാസ്സ് തടവുകാരും തമ്മിലുള്ള വ്യത്യാസമറിയാമോ? സ്റ്റോക്ക് ബുക്ക്, റിലീസ് ഡയറി, 23-ാം നമ്പർ റിട്ടേൺ എന്നിവയെക്കുറിച്ചെല്ലാം എന്തറിയാം? എന്നിങ്ങനെ. എല്ലാ ചോദ്യങ്ങൾക്കും നിഷേധാർത്ഥത്തിൽ ഉത്തരം കേട്ടപ്പോൾ അദ്ദേഹം നിരാശപൂണ്ട് കസേരയിൽ ചാരിക്കിടന്നുകൊണ്ട് സ്വന്തം നാടൻഭാഷയിൽ പിറുപിറുത്തു: "നിങ്ങളെക്കൊണ്ട് ഞാനെന്തുകാട്ടും?"

അദ്ദേഹത്തെക്കുറിച്ച് എനിക്ക് ആത്മാർത്ഥമായ ദുഃഖം തോന്നി. മനസാ സഹതാപം പ്രകടിപ്പിച്ചിട്ട് പോരാൻതുടങ്ങിയതാണ്. ഉടനേ അദ്ദേഹം നേരേയിരുന്ന് മുഖം വികൃതമാക്കിക്കൊണ്ട് പറഞ്ഞു: "ഓ, വല്ലാത്ത നട്ടുവേദന. ഉം, നോക്കൂ—ഒരു കാഷ്വൽലീവപേക്ഷ എഴുതു്. ഒരു ദിവസത്തേക്കുമതി—ഈ നട്ടുവേദനയ്ക്കു്."

അല്പം നിർത്തിയിട്ട്, അടക്കിച്ചിരിച്ചുകൊണ്ട് പറഞ്ഞു: "നിങ്ങളൊക്കെ വലിയ പഠിപ്പുള്ളവർ. നോക്കട്ടെ, എഴുതാനെങ്ങനെയെന്ന്."

ഞാൻ അപേക്ഷ എഴുതി. ജീവിതപരീക്ഷ ശരിക്ക് ആരംഭിച്ചതു് ഇപ്പോഴാണെന്നു തോന്നി. ധാരാളം പരീക്ഷ എഴുതിയിട്ടുണ്ട്. രാത്രിയിൽ ഉറക്കമിളച്ചിരുന്ന് പുസ്തകങ്ങൾ മനഃപാഠമാക്കാനും അതു പിന്നീട് പരീക്ഷാഹാളിൽ കൊണ്ടുപോയി ഛർദ്ദിക്കാനുമാണ് ജീവിതം മുഴുവൻ ചെലവാക്കിയതു്. അതെല്ലാം ഇന്ന് അർത്ഥഹീനമായിരിക്കുന്നു. അതേപ്പററി ഇനിയൊരിക്കലും ആരും ചോദിക്കുകയില്ല.

ജയിലർ സാഹിബ്ബ്, ഞാനെഴുതിയ കടലാസിൽ ഒന്നു കണ്ണോടിച്ചു. എന്നിട്ടു സ്വന്തം ഭാഷയിൽ പറഞ്ഞു: "എന്താ ഈ എഴുതിവെച്ചിരിക്കുന്നതു്? ഇതെന്താ നിങ്ങളുടെ സ്കൂളിലെ അപേക്ഷയോ? ഉം, റഫറൻസ് എവിടെ? ഒഫീഷ്യൽ കറസ്പോണ്ടൻസാണ്. ആദ്യംതന്നെ റഫറൻസ് വേണം.

ഇതൊന്നും നിങ്ങൾ ഇതുവരെ പഠിച്ചില്ലേ? വേണ്ട, ഞാൻ പറഞ്ഞുതരാം, എഴുതിക്കൊള്ളൂ—''

ഞാൻ കടലാസ്സും പേനയും എടുത്തു തയ്യാറായി ഇരുന്നു. അദ്ദേഹം ഡിക്റ്റേഷൻ തന്നു:

"Honoured Sir,

With reference to the pain on my back dated, (കലണ്ടർ നോക്കിയിട്ട്) ...dated the 20th instant, I have the honour to state—മതി, ഇനി എഴുതിക്കൊള്ളൂ, ഒരു ദിവസത്തെ അവധി വേണമെന്ന്. അവസാനിക്കുന്നതു് ഇങ്ങനെ വേണം—I have the honour to be Sir, your most obedient servant—മനസ്സിലായോ?''

സർക്കാരിൻെറ കൃപ. ജോലി മാത്രമല്ല, ഒപ്പം ഒരു വീടും തന്നു. രാജകുമാരിയെ മാത്രമല്ല, കൂടെ പകുതി രാജ്യവും. ചെറിയൊരു ബംഗ്ലാവ്. പുറകിൽ, മതില്ക്കെട്ടിനു പിന്നിൽ പൈൻമരക്കാട്ടിലൂടെ വളഞ്ഞുപുളഞ്ഞുപോകുന്ന ടാറിട്ട റോഡ്—അതു ചെന്നു് വിക്ടോറിയാറോഡിൽ ചേരുന്നു. മുമ്പിൽക്കൂടിയുമുണ്ട് വളഞ്ഞുപുളഞ്ഞ വഴി. അതു താഴ്‌വരയുടെ അദൃശ്യഗർഭത്തിൽ അപ്രത്യക്ഷമാകുന്നു. വീടിന്റെ നേരെ മുമ്പിൽ കുറച്ചു തുറന്ന ഭൂമി. അതിൻെറ ഉടമസ്ഥൻ ഞാനാണ്. എങ്കിലും അതനുഭവിക്കുന്നതു് അടുത്തുള്ള കാട്ടുജാതിപ്പിള്ളേരാണ്. അവർ ദിവസവും രാവിലെ യാതൊരു സങ്കോചവും കൂടാതെ അവിടെ വന്നിരിക്കും. ആശ്വാസംനേടി എഴുന്നേററു പോകുകയും ചെയ്യും. അവർക്കതു് ഒഴിച്ചുകൂടാത്തതാവാം. പക്ഷേ, ആ പ്രവൃത്തിയുടെ ഫലം എൻെറ കണ്ണിനും മൂക്കിനും അത്ര സുഖദായകമല്ല.

പഠിക്കുന്നതിനിടയിൽ ധാരാളം ഒഴിവുസമയമുണ്ട്. അതുപയോഗിക്കാൻ മറ്റു മാർഗ്ഗമൊന്നും കാണാതെ ആ സ്ഥലത്തു് ഒരു പൂന്തോട്ടമുണ്ടാക്കാൻ നിശ്ചയിച്ചു. പ്രസ്തുത ശ്രമം ആ സ്ഥലത്തിൻെറ മുഖഭാവംതന്നെ മാററിക്കളഞ്ഞു. എന്റെ ശരീരത്തിലും കണ്ടു അല്പം ചില മാററങ്ങൾ.

ഒരു സായാഹ്നം. ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു. പെട്ടെന്നു് പിന്നിൽ വല്ലാത്ത ഒരു ശബ്ദംകേട്ടു ഞെട്ടിതിരിഞ്ഞുനോക്കി. പൊട്ടിയ ചെമ്പുതളികയിൽ ഇരുമ്പുചുററികകൊണ്ടു് അടിച്ചതുപോലെ തോന്നി. തിരിഞ്ഞുനോ

ക്കിയ ഉടനെ കണ്ടു—അധികം ദൂരെയല്ലാതെ ഒരു തടിച്ച സ്ത്രീ. ഒപ്പം ഒരു യുവതിയും. വിചിത്രമായ ആ ശബ്ദം ഇവരാരോ പുറപ്പെടുവിച്ചതാവണം. ജലതരംഗത്തിൻെറ മധുരശബ്ദം ചെവിയിൽ തുളഞ്ഞുകയറി. യുവതി എൻെറ പരിഭ്രമം കണ്ടു ചിരിച്ചതാവണം അതു്. ഞാൻ വിസ്മിതനായി എന്തുചെയ്യണമെന്നറിയാതെ നിന്നുപോയി. ചിരിക്കു് ഇത്ര സൗന്ദര്യമോ? മനുഷ്യൻ ഇങ്ങനെ ചിരിക്കുന്നതു് മുമ്പെങ്ങും കേട്ടിട്ടില്ല. ഒരുപക്ഷേ, ഇതു മനുഷ്യരല്ലായിരിക്കും. മധുഭാഷിണിയായ ഏതോ കിന്നരകന്യക, ആയിരം കൊടുമുടികളുള്ള ഹിമാലയത്തിൽനിന്നു് മേഘനൗകയിലേറിവന്നു് ഉദ്യാനത്തിൽ എൻെറ സമീപം നില്ക്കുകയാണു്.

ഞാൻ വിറച്ചു. വീണ്ടും പൊട്ടിയ ചെമ്പുതളികയിൽ കൊട്ടുന്ന ശബ്ദം. പ്രായംകൂടിയ സ്ത്രീയുടെ മുഖത്തുനിന്നു വാക്കുകൾ ഉതിർന്നുവീണു. പക്ഷേ, ഒരക്ഷരംപോലും മനസ്സിലായില്ല. യുവതി മുറിഞ്ഞ ഹിന്ദിയിൽ പറഞ്ഞു: "അതു് വല്യമ്മ, ഞാൻ കാഞ്ചി."

ഓഹോ, ഇതാണു വല്യമ്മ എന്നു പേരുകേട്ട സ്ത്രീ. ഞങ്ങളുടെ സഹപ്രവൎത്തകനായ ഡാക്ടർ ധാപ്പയുടെ മൂത്ത പത്നി. വന്നയുടനെതന്നെ, ഡാക്ടറുടെ കുട്ടികൾ പറഞ്ഞുകേട്ടിരുന്നു—ഇവരുടെ കഥ. കുറച്ചുനാളായി ഇവരിവിടെ ഇല്ലായിരുന്നു, കർസിയോങ്ങിനടുത്തു് ഏതോ ഗ്രാമത്തിൽ പോയിരുന്നു. തൻെറ ജ്യേഷ്ഠൻെറ പുത്രിയെ കൂട്ടിക്കൊണ്ടുവരാൻ. ഈ കാഞ്ചിയാവണം ആ സഹോദരപുത്രി.

വല്യമ്മയെ ഞാൻ വേണ്ടതുപോലെ അഭിവാദ്യം ചെയ്തു. അവരുടെ തൊണ്ടയിൽനിന്നു് വീണ്ടും എന്തോ പുറത്തുവന്നു. യുവതി മനസ്സിലാക്കിത്തന്നു: "വല്യമ്മ ചോദിക്കുന്നു, ഇത്ര കഷ്ടപ്പെട്ടു് ആൎക്കുവേണ്ടിയാണു് ബാബുജി ഈ തോട്ടമുണ്ടാക്കുന്നതെന്നു്. പൂവുണ്ടായാൽ തലയിൽ ചൂടാൻ ആരെയും കണ്ടില്ലല്ലോ. അവരെന്നു വരും?" ശബ്ദം എത്ര ഭയങ്കരമാണോ അത്ര സ്നേഹപൂൎണ്ണമാണു് സംഭാഷണം.

ഞാൻ പറഞ്ഞു: "അതെനിക്കറിഞ്ഞുകൂടാ."

"എന്താണറിഞ്ഞുകൂടാത്തതു്?"

“അതിനു് ഇതുവരെ ആരെയും കണ്ടില്ല. പിന്നെങ്ങനെ അറിയും?”

“ഓഹോ,” എന്നു പറഞ്ഞിട്ടു് അവർ കാഞ്ചിയോടു് എന്തോ പറഞ്ഞു. എന്നിട്ടു തുടന്നു: “ഞങ്ങളന്വേഷിക്കട്ടെ?”

ഞാൻ പറഞ്ഞു: “നിങ്ങൾ ഗുരുജനങ്ങളല്ലേ? അന്വേഷിച്ചോളൂ. പക്ഷേ, വരുന്നവരോടു് ആദ്യമേ പറഞ്ഞേക്കണം, ഇവിടെ തലയിൽ ചൂടാൻ വേണ്ടുവോളം പൂവുണ്ടു്, വയറുനിറയ്ക്കാൻ ചോറുമാത്രമില്ലെന്നു്. അതിനും നിങ്ങൾതന്നെ ഏപ്പാടുണ്ടാക്കണം.”

ഞാൻ പറഞ്ഞതു കേട്ടിട്ടോ, അതോ എന്റെ ഹിന്ദിയുടെ മാതിരി കണ്ടിട്ടോ എന്തോ—കാഞ്ചിക്കു ചിരി പൊട്ടിപ്പോയി. സ്വച്ഛന്ദമായ ആ പ്രവാഹത്തിൽ പെട്ടെന്നു വല്യമ്മയും കൂട്ടുചേന്നു. ഭയങ്കരമായ മലയിടിവിൽ അമന്നുപോയി, കാട്ടരുവിയുടെ കളദ്ധ്വനി.

ഡാക്ടർ ധാപ്പ എൻെറ അയൽക്കാരനാണു്. ദിവസവും കാണും. ഗുഡ്മോർണിംഗ് കൈമാറും. പക്ഷേ, അടുപ്പമായിട്ടില്ല. ആക്കും വിരോധം തോന്നാത്ത നല്ല മനുഷ്യൻ. മിക്കവാറും അദൃശ്യമായ കണ്ണുകളിൽ വികാരഹീനമായ ദൃഷ്ടി. ഒരു ദിവസം അല്പം പനിയുടെ മട്ടു കണ്ടപ്പോൾ ഞാൻ ആളയച്ചു. വന്നു. ഇടതു കൈ കഴുത്തിൽ കെട്ടിത്തൂക്കിയിരിക്കുന്നു.

“അതെന്താ കൈയ്ക്കു്? എന്തുപററി, ഡാക്ടർ?”

ഡാക്ടർ ചുണ്ടുകോട്ടി നിസ്സാരമട്ടിൽ പറഞ്ഞു: “ആ പഴയ കുഴപ്പംതന്നെ.” അയാളുടെ കൊച്ചു കണ്ണുകളിൽനിന്നു കൗതുകം എത്തിനോക്കി. സംഗതി ഡാക്ടറുടെ ദാമ്പത്യജീവിതവുമായി ബന്ധപ്പെട്ടതാണെന്നു് എനിക്കു മനസ്സിലായി. ഇത്ര അടുത്തു താമസിച്ചുകൊണ്ടു് അതേപ്പററി രഹസ്യം പാലിക്കുക സാദ്ധ്യമല്ലെന്നു് ഡാക്ടക്കുമറിയാം.

ഡാക്ടർ ധാപ്പയ്ക്കു് രണ്ടു ഭായ്യമാരുണ്ടു്. രണ്ടു വിവാഹങ്ങളുടേയും വ്യത്യാസം പതിനഞ്ചുവഷം വരും. ദീർഘനാൾ കാത്തിരുന്നിട്ടും ഒരു പിഞ്ചുമുഖം കാണാൻ ഭാഗ്യമുണ്ടാകാത്തതുകണ്ടു് വല്യമ്മ ഭത്താവിനോടു് ആജ്ഞാപിച്ചു: “വിവാഹം

ചെയ്യ്." പാവം ഡാക്ടർ പരിഭ്രമിച്ചുപോയി. അദ്ദേഹം അവ്യക്തമായി പറഞ്ഞു: "വി–വാ–ഹം!"

പക്ഷേ, അതൊരിക്കൽ മാത്രം. രണ്ടാമതു പറയാൻ ധൈര്യമുണ്ടായില്ല. അങ്ങനെ വല്യമ്മയുടെ അകന്ന ബന്ധത്തിലുള്ള ഒരു സഹോദരി വന്നു, രണ്ടാമത്തെ ഭാര്യയായി. അവർ തന്നെയാണു കൂട്ടിക്കൊണ്ടുവന്നതു്. ആണ്ടുതികയുന്നതിനുമുമ്പു തന്നെ ഡാക്ടറുടെ കുടുംബത്തിലേക്കു കുഞ്ഞുങ്ങളുടെ ഘോഷയാത്ര ആരംഭിക്കുകയും ചെയ്തു. പക്ഷേ, ഇളയ പത്നിയുമായി കുഞ്ഞുങ്ങളുടെ ബന്ധം ജനനത്തിൻേറതുമാത്രമാണു്. ബാക്കിയെല്ലാം വല്യമ്മ ഏറ്റെടുത്തു. അവരുടെ വിശാലമായ കുടുംബത്തിൽ വലിയ ഡിസിപ്ലിനാണു്. എല്ലാവരെയും അവർ ഒരുപോലെ കാണുന്നു. ഡാക്ടറും കുട്ടികളും തമ്മിലുള്ള വ്യത്യാസം പ്രായത്തിൻേറതുമാത്രമാണു്. ശിക്ഷണത്തിൻെറ രീതിയും വയസ്സിൻെറ അനുപാതമനുസരിച്ചിരിക്കും. കുട്ടികൾക്കു് കൈ, വലിയവക്കു ഹോക്കിസ്റ്റിക് അഥവാ വിറകുകൊള്ളി.

ചുരുക്കത്തിൽ ഇതാണു് ഡാക്ടറുടെ തൂക്കിയിട്ട കൈയുടെ ചരിത്രം.

ഡാക്ടർ എന്നെ പരിശോധിക്കാതെ പറഞ്ഞു: "ചായ ഉണ്ടാക്കാൻ പറ. ഞാൻ ഡാക്ടർ ബോസിനെ വിവരമറിയിച്ചിട്ടുണ്ടു്."

ഞാൻ പറഞ്ഞു: "ഈ നിസ്സാരകാര്യത്തിനു് ഡാക്ടർ ബോസിനെ ബുദ്ധിമുട്ടിക്കുന്നതെന്തിനാ? നിങ്ങൾ എന്തെങ്കിലും മരുന്നു കൊടുത്തയച്ചാൽ മതിയായിരുന്നല്ലോ."

ഡാക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ചികിത്സിക്കാറില്ല. ജോലി ചെയ്യാറുണ്ടെന്നുമാത്രം."

ഞാൻ മിഴിച്ചുനോക്കിയിരിക്കെ അദ്ദേഹം വിശദമാക്കി: "ഇരുപത്തഞ്ചുകൊല്ലമായി ജയിൽഡാക്ടറായി ജോലി നോക്കുന്നു. മനസ്സിലായില്ലേ?"

അന്നു മനസ്സിലായില്ല. ഏതാനും ദിവസം കഴിഞ്ഞു മനസ്സിലായി. ആ കഥ ഇപ്പോൾത്തന്നെ പറഞ്ഞേക്കാം.

ഡാർജിലിംഗിലെ ശീതകാലം. മണി നാലടിച്ചുകഴിഞ്ഞു. ഞാൻ ആപ്പീസിൻെറ രണ്ടാമത്തെ നിലയിലിരുന്നു് എന്തോ റിട്ടേൺ തയ്യാറാക്കാൻ ശ്രമിക്കുകയാണു്. മുറിയുടെ

മൂലയ്ക്കു ചിമ്നി കത്തുന്നുണ്ട്. എന്നുവെച്ചാൽ സർക്കാരിൻെറ അനുവാദപ്രകാരമുള്ള വിറക് എരിയുന്നു. പക്ഷേ, അതിന്റെ ഫലാഫലങ്ങളിൽ ആർക്കും വലിയ താല്പര്യമില്ല. ഓരോരുത്തരുടെയും മേശയ്ക്കുരികിൽ ഇരിമ്പുനെരിപ്പോട്ടുണ്ട്. അതിൽ എരിയുന്നതു കൽക്കരിയാണ്. രണ്ടുവരി എഴുതിക്കഴിഞ്ഞാലുടനെ ഗ്ലവ്സിട്ട കൈ ചൂടാക്കും. പെട്ടെന്നു ചൂളംവിളിപോലൊന്നു ചെവിയിലെത്തി. ഒപ്പംതന്നെ നാലുവശത്തുനിന്നും അതിന്റെ പ്രതിദ്ധ്വനിയും ഉയർന്നു. വിസിലിൻെറ തീക്ഷ്ണസ്വരം. രണ്ടുമിനിട്ടിനകം ജയിൽഗേറ്റിലെ മണി നിർത്താതെ അടിക്കാൻതുടങ്ങി. കാര്യം എന്താണെന്ന് അനുമാനിക്കാൻ കഴിയുന്നതിനുമുമ്പുതന്നെ ഒരു ശിപായി ഓടിക്കിതച്ചുവന്നു. അയാൾ സലാം ചെയ്തുകൊണ്ടു പറഞ്ഞു: "പാഗൽ ഹോഗയാ."

"പാഗൽ? ആര്?"

"അല്ല, അതല്ല, പാഗ്ല ഘണ്ട—ഭ്രാന്തൻ മണി—അലാറം."

ഇപ്പോൾ മനസ്സിലായി, ഇതാണ് ജയിലിലെ അലാറമെന്ന്. ഞാൻ ഓടി അകത്തു പോയി. ലാത്തിയും തോക്കുമായി ഒരു സംഘം പട്ടാളക്കാർ മാർച്ചുചെയ്തു വരുന്നതു കണ്ടു. ചോരനിറമുള്ള കണ്ണും കൊമ്പൻമീശയുമുള്ള ഹവിൽദാർ ഖഡ്ഗബഹദൂർ, ചെവിപൊട്ടുന്ന ശബ്ദത്തിൽ 'കമാണ്ടു' നൽകുന്നു. തടവുകാർ പ്രാണഭയത്തോടെ ബാരക്കുകളിൽ ആശ്രയം തേടുന്നു. ഓടാൻ കഴിയാതെ പിന്നിലായിപ്പോകുന്നവരുടെ പുറത്ത് ബാററൻപ്രഹരമേല്ക്കുന്നു. ജമേദാർ എണ്ണം ഒത്തുനോക്കാൻ നോട്ടുബുക്കും പെൻസിലും ആയി ഓടിനടക്കുന്നു. നോക്കിയിരിക്കുന്നതിനിടയിൽ ജയിൽവളപ്പിലെ വഴികളെല്ലാം ശൂന്യമായി. രിയാജുദ്ദീൻ മേററ് മാത്രം ആശുപത്രിയുടെ മുമ്പിൽ കിടപ്പുണ്ട്. അവൻ സ്വന്തം ഗ്രാമ്യഭാഷയിൽ ആരെയോ ചീത്തപറയുന്നു. ഇടയ്ക്കിടെ തുപ്പുന്നുമുണ്ട്. തുപ്പലിൽ ചോര കലർന്നിരിക്കുന്നു. ഏതാനും അടി അകലെ ഒരു ഭുട്ടിയ (ഭൂട്ടാൻകാരൻ) ഉത്തേജിതഭാവത്തിൽ നില്ക്കുന്നു. ആറടി ഉയരം. വണ്ണവും നാലഞ്ചടിവരും. രണ്ടു വാർഡർമാർ അയാളുടെ രണ്ടു കൈയിലും പിടിച്ചിട്ടുണ്ട്.

അയാൾ മിണ്ടിയാൽ അവർ അടിക്കുകയായി. ഈ സമയം ജയിലർ സാഹിബ്ബ് തടിച്ച ശരീരവുമായി ഓടിക്കിതച്ചു വന്നു. എന്തോ ചോദിച്ചു മനസ്സിലാക്കിയിട്ട് അദ്ദേഹം കൈയിലിരുന്ന ലാത്തി ഭട്ടിയയുടെ പുറത്തു പതിപ്പിച്ചു. എന്നിട്ട് ക്ഷീണിച്ചു് ഇരുന്നുകൊണ്ടു് ആജ്ഞാപിച്ചു: "കൊണ്ടുപോ അകത്തു്." ഭട്ടിയയെ സെല്ലിലേക്കു കൊണ്ടുപോകുകയും ചെയ്തു.

സംഭവം കേട്ടപ്പോൾ 'ഭ്രാന്തു' പിടിപ്പിക്കുന്നതുതന്നെയാണെന്നു തോന്നി.

പതിനഞ്ചുവർഷം ജയിലിൽ ജോലിചെയ്തു ലഭിച്ച അനുഭവജ്ഞാനംകൊണ്ടു് ഡാക്ടർ ധാപ്പ കണ്ടുപിടിച്ചു, മനുഷ്യനു വരാവുന്ന രോഗങ്ങളെ മുഴുവൻ രണ്ടായി തരംതിരിക്കാമെന്നു്—പനിയും, വയററിലസുഖവും. മലമ്പനി, ടൈഫോയിഡ്, ന്യൂമോണിയാ, മസൂരി—ഇതെല്ലാം പനിയുടെ കൂട്ടത്തിൽപ്പെട്ടും. കോളറ, വയറുകടി, ഡയറിയ, കൊളൈററിസ്—ഇതൊക്കെയാണു രണ്ടാമത്തെ വിഭാഗത്തിൽ. രോഗങ്ങളെ തരംതിരിച്ചുകഴിഞ്ഞപ്പോൾ ചികിത്സ എളുപ്പമായി. അനാവശ്യമായി സങ്കീർണ്ണതകൾ ഉണ്ടാകാതിരിപ്പാൻ അദ്ദേഹം രണ്ടുതരം രോഗങ്ങൾക്കും ഓരോ മിക്സ്ചർ തയ്യാറാക്കി. കൊയ്നയും കർമിനേറ്റീവും—ഒന്നു വെളുത്ത മരുന്നു്, മറേറതു് ചുവന്ന മരുന്നു്.

ഡാക്ടർ ധാപ്പയ്ക്കു് കമ്പൗണ്ടറില്ല. മേററ് രിയാജുദ്ദീനാണു് അദ്ദേഹത്തിൻെറ ആശുപത്രിയിലെ ചപ്രാസിയും നഴ്സും കമ്പൗണ്ടറും എല്ലാം. ഡാക്ടറുടെ നിർദ്ദേശമുണ്ടു്—രോഗികളുടെ രോഗവിവരമൊന്നും തിരയേണ്ടതില്ല, ഏതു വിഭാഗത്തിലാണു് അവർ പെടുന്നതു് എന്നു മാത്രം നോക്കിയാൽ മതി. പനിയോ വയറ്റിലസുഖമോ? പനിയാണെങ്കിൽ വെളുത്ത മരുന്നു്, വയറ്റിലസുഖമാണെങ്കിൽ ചുവന്ന മരുന്നു്.

രാവിലെ ഒരു മണിക്കൂറേ ഡാക്ടർ ആശുപത്രിയിലുണ്ടാകൂ. അപ്പോൾത്തന്നെയും അദ്ദേഹത്തിൻെറ ഏകജോലി പത്രവായനയാണു്. ബാക്കിയെല്ലാം രിയാജുദ്ദീൻ ചെയ്തുകൊള്ളും. ദിവസം രണ്ടുനേരമുണ്ടു് അവൻെറ ഔഷധവിതരണം. രാവിലെ ഒൻപതിനും വൈകുന്നേരം നാലിനും രോഗികൾ

വന്നു കൂടിക്കഴിയുമ്പോൾ, പട്ടാളക്യാമ്പിലെ സേനാധിപനെപ്പോലെ അവൻെറ അലച്ച് കേൾക്കാം: "പനിക്കാർ ഇപ്പുറത്ത്, വയററിലസുഖക്കാർ അപ്പുറത്ത്."

സുശിക്ഷിതരായ പട്ടാളക്കാരെപ്പോലെ ആളുകൾ നിർദ്ദിഷ്ടരീതിയിൽ രണ്ടായി തിരിയും. രിയാജ്ജുദ്ദീൻ ഇടയ്ക്കുനിന്നു് ഉത്തരവു കൊടുക്കും: "മുഖമുയർത്തു്." പിന്നെയാണു് ഒടുവിലത്തെ കമാണ്ടു്: "വാ പൊളിക്കു്." രോഗികൾ ആകാശം നോക്കി വാപൊളിച്ചിരിക്കും. വലിയ രണ്ടു കുപ്പികളിൽനിന്നു് എന്തോ ദ്രാവകം കുറേശ്ശെ ഓരോരുത്തരുടെ വായിൽ വീഴും. അവർ നിശ്ശബ്ദം എഴുന്നേററു്, സന്തോഷത്തോടുകൂടി തന്നെ എന്നു തോന്നുന്നു, നടന്നുപോകുകയും ചെയ്യും.

അനേകവർഷമായി രിയാജ്ജുദ്ദീൻ മേററ് ഇത്തരത്തിൽ യജമാനന്റെ നിർദ്ദേശം അക്ഷരംപ്രതി അനുസരിച്ചുപോരുന്നു. ഇനിയും ഒരുപക്ഷേ, അനേകവർഷം ഇങ്ങനെതന്നെ തുടരുമായിരുന്നിരിക്കണം. പക്ഷേ, ഈശ്വരന്റെ മനസ്സ് ആക്കറിയാം? പെട്ടെന്നു് ഒരു ദിവസം കുപ്പി മാറിപ്പോയി. പനിക്കാക്കു് അന്നു വളരെ സന്തോഷമായിരുന്നു. കൊയ്നാ ഗുളികക്കു പകരം മധുരമുള്ള കർമിനേററീവ് കിട്ടി, അവക്കു്. വയററിലസുഖക്കാരുടെ കഷ്ടകാലം. അവർ പ്രതിഷേധിച്ചു. അക്കൂട്ടത്തിൽ ഒരു ഭൂട്ടിയ ഉണ്ടായിരുന്നു. അയാൾ സ്വന്തം ഭാഷയിൽ മേററിനെ ചീത്തപറഞ്ഞു. ഭാഷ മനസ്സിലായില്ലെങ്കിലും സ്വരംകൊണ്ടു് അർത്ഥമറിഞ്ഞു് അയാൾ സ്വന്തം ഭാഷയിൽ തെറി മടക്കിക്കൊടുത്തു. ഇതാണു് സംഭവത്തിൻെറ തുടക്കം. ഭൂട്ടാൻകാർ അധികം സംസാരിക്കുന്ന കൂട്ടത്തിലല്ല. കൈപ്രയോഗത്തിലാണു് അവക്കു കൂടുതൽ സാമർത്ഥ്യം. അങ്ങനെ അറുപത്തിരണ്ടു റാത്തൽ തൂക്കമുള്ള ഒരു പ്രഹരം മേററിൻെറ പുറത്തു പതിച്ചു. അവൻ എല്ലുനുറുങ്ങി താഴെ വീഴുകയും ചെയ്തു.

ആളുകൾ ഓടിവന്നു നോക്കുമ്പോൾ വീഴ്ചയിൽ മേറ്റ് സാഹിബ്ബിന്റെ നാലു പല്ലു് അവനെ അനുഗമിച്ചിട്ടുണ്ടു്. അവൻെറ നിലവിളികേട്ടു് രംഗത്തെത്തിയ വാർഡർ പരിഭ്രമിച്ചു. വേറെ വഴിയൊന്നും കാണാതെ വിസിലടിച്ചു. ഒപ്പം അലാറവും മുഴങ്ങി.

# മൂന്ന്

ആ ചിരി എന്നെ വശത്താക്കിക്കളഞ്ഞു. സ്വപ്നാടനക്കാരനെപ്പോലെ ഞാൻ എഴുതുകയും വായിക്കുകയും പണിയെടുക്കുകയും ചെയ്തുവെങ്കിലും മനസ്സ് ഒരുതരം മയക്കത്തിലായിരുന്നു. അത് അലക്ഷ്യമായ ഒരു ഈണം പ്രതീക്ഷിച്ചിരുപ്പാണ് എല്ലായ്പ്പോഴും. ആ ഈണത്തിനു് ഉപമ പറയാനില്ല. ഒരു പാട്ടുകാരനും അതിനു രൂപംകൊടുക്കാൻ സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. മാധുര്യം മാത്രമല്ല, മാദകതയും നിറഞ്ഞിരിക്കുന്നു ആ സ്വരത്തിൽ. ഇടയ്ക്കിടെ അടുത്ത വീട്ടിലെ തുറന്നുകിടക്കുന്ന ഏതോ മാർഗ്ഗത്തിലൂടെ അതിൻെറ അല്പം ചില അലകൾ ഒഴുകിവരും. ഒരുപക്ഷേ, എൻെറ തോന്നൽ മാത്രമാകാനും മതി അതു്.

ഞാൻ സ്വയം അപഗ്രഥിക്കാൻ ശ്രമിച്ചുനോക്കി. എനിക്ക് ഇതെന്തുപറ്റി? അപ്പോൾ—ഞാൻ—കാഞ്ചിയെ മനസ്സാ—ഭ്രാന്തു്! ആരാണ് ഈ കാഞ്ചി? ഒരു മലമ്പ്രദേശത്തെ പെണ്ണ്.. വിദ്യാഭ്യാസമില്ല, സംസ്കാരം എന്തെന്നറിയില്ല, പരിഷ്കാരം തൊട്ടുതെറിച്ചിട്ടില്ല. കാഞ്ചി സുന്ദരിയല്ല. യൗവനത്തിൻെറ സ്പർശം എല്ലാ പെൺകുട്ടികൾക്കും നൽകുന്ന സുഷമയൊഴിച്ചാൽ, ആകർഷണീയമായി ഒന്നുമില്ല അവളിൽ. മുഖം അത്ര സുന്ദരമല്ല. കാണാൻ കൊള്ളാവുന്ന, സുന്ദരവും രക്താഭവുമായ രണ്ടു കപോലങ്ങൾ. പക്ഷേ, അതും ഏതു കാട്ടുപെണ്ണിന്റെയും സ്വത്താണ്. നല്ലപോലെ വെളുത്ത കപോലങ്ങളിലെ ലാലിമ ഡാർജിലിംഗിൽ എവിടെയും കാണാം. പിന്നെ? ഇല്ല, അപഗ്രഥനത്തിൽ ഒന്നും മനസ്സിലായില്ല. പക്ഷേ, കഷ്ടം! ഇത്തരം ചിരി മുമ്പെവിടെയെങ്കിലും കേട്ടിട്ടുണ്ടോ?

ഞാൻ തോട്ടത്തിൽ പണിയെടുക്കുകയായിരുന്നു. പെട്ടെന്നു ദൂരെ എവിടെയോ കേട്ട ചിരിയുടെ അലകളിൽ മുങ്ങി അനങ്ങാതെ നിന്നുപോയി.

"നിങ്ങളാണോ മിസ്റ്റർ ചൗധുരി?"

ഞാൻ ഞെട്ടിപ്പോയി. പിൻതിരിഞ്ഞുനോക്കിയപ്പോൾ തൊട്ടു പുറകിൽ നില്ക്കുന്നു, ഒരു മദാമ്മ—മിസ്സിസ് റോയ്.

എൻെറ സീനിയർ ഓഫീസർ മി. ഹാരോൾഡ് റോയിയുടെ സഹധമ്മിണി.

ഞാൻ വിനയപൂവ്വം അറിയിച്ചു, അവരുടെ അനുമാനം ശരിയാണെന്നു്.

"എൻെറ ഭത്താവു നിങ്ങളുടെ കാര്യം എപ്പോഴും പറയാറുണ്ടു്. കണ്ടപ്പോഴല്ലേ, ഒരു കൊച്ചുകുട്ടി. എന്താ ഇടയ്ക്കിടെ ഞങ്ങളുടെ വീട്ടിലെങ്ങും വരാത്തതു്?"

നാടൻക്രിസ്ത്യാനിയുടെ മറുനാടൻ പത്നി. ഇവരെപ്പറ്റി എൻെറ മനസ്സിൽ ഒരു വിരൂപഭാവമാണു് ഉണ്ടായിരുന്നതു്. ഇപ്പോൾ മനസ്സിലായി അതു തെററാണെന്നു്. അവരുടെ സ്നേഹപൂണ്ണമായ ആവശ്യം തൃപ്തിപ്പെട്ടത്താൻ ഞാൻ ആനന്ദത്തോടെ സമ്മതിച്ചു. അവക്ക വളരെ സന്തോഷമായി. മൃദുസ്വരത്തിൽ അവർ പറഞ്ഞു: "നിങ്ങൾക്ക പൂക്കളോടു വലിയ ഇഷ്ടമാണെന്നു തോന്നുന്നല്ലോ. ഈ രോഗം എനിക്കുമുണ്ടായിരുന്നു ഒരുകാലത്തു്. ഇപ്പോൾ അധികമില്ല. എന്തൊക്കെ ച്ചെടികൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടു്?"

ഞാൻ പറഞ്ഞു: "കുറേ ഫ്ളോക്ക്സും ഡയാന്തസും ഒക്കെ ഉണ്ടു്."

"എൻെറയവിടെ ഹോളി ഹോക്കു് ഉണ്ടു്. കൊട്ടുത്തയയ്ക്കാം. ഈ വേലിക്കരികിൽ വെച്ചുപിടിപ്പിക്കു. ഒന്നാന്തരം ബാക്ക്ഗ്രൗണ്ടാകും."

പിറ്റേന്നു വൈകുന്നേരം മിസ്സിസ് റോയിയുടെ വീട്ടിൽ പോയി. മി. റോയ് ഉണ്ടായിരുന്നില്ല. അല്പം മുമ്പു് സക്കീട്ടിനു പോയെന്നു പറഞ്ഞു. വീട്ടിൽ അവർ മാത്രമേ ഉള്ളു. ദീർഘകാലത്തെ പരിചയമുള്ള ഒരാളെപ്പോലെ എന്നെ ആദരിച്ചിരുത്തി. സുഗന്ധമുള്ള ഡാർജിലിംഗ് ചായയും സ്വന്തം കൈകൊണ്ടുണ്ടാക്കിയ കേക്കും തന്നു. "ഒരെണ്ണംകൂടി തിന്നൂ, എൻ്റെ ജിമ്മിനു് ഇതു വളരെ ഇഷ്ടമായിരുന്നു..." എന്നു പറഞ്ഞു് നിബ്ബന്ധിച്ചു.

താഴ്ന്ന സ്വരത്തിൽ അവർ പറഞ്ഞു: "അവൻ പോയിട്ടു് ഇന്നു പത്തു വർഷമായി. നിങ്ങളുടെ പ്രായംതന്നെ. ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ നിങ്ങളെപ്പോലെ ഉണ്ടാകും.

അവനും പഠിക്കാൻ നല്ല വാസനയായിരുന്നു. ഭഗവാൻ തന്നില്ല...''

അവസാനമായപ്പോൾ അവരുടെ തൊണ്ടയിടറി.

ഈ ദുഃഖവാർത്ത ഞാൻ നേരത്തെ കേട്ടിരുന്നു. ജിം അവരുടെ ഏക സന്താനമായിരുന്നു.

മിസ്സിസ് റോയ് തൻെറ ലൈബ്രറി എനിക്കു കാണിച്ചുതന്നു. വിലപിടിച്ച ഗ്രന്ഥശേഖരം. ഒരിക്കൽ വലിയ കമ്പമായിരുന്നെന്നു പറഞ്ഞു. ഇപ്പോൾ അത്ര ഇഷ്ടം തോന്നുന്നില്ല. നിങ്ങൾക്കു വേണമെങ്കിൽ ഇഷ്ടമുള്ളപ്പോഴെല്ലാം വന്നിരുന്നു വായിച്ചുകൊള്ളൂ. വേണ്ട പുസ്തകങ്ങൾ എടുത്തു കൊണ്ടുപോയ്ക്കൊള്ളൂ. ഒരു സങ്കോചവും വേണ്ട.

എന്നെ വിടാൻ മടിയായിരുന്നു അവൎക്കു്. ഏതാനും മണിക്കൂർ കഴിഞ്ഞു് യാത്രചോദിച്ചപ്പോൾ പറഞ്ഞു: ''ഇനിയും വരണം. നിങ്ങൾ വന്നതുകൊണ്ടു് സ്മയം പോയതറിഞ്ഞില്ല.

എൻെറ മേലുദ്യോഗസ്ഥൻ മി. ഹാരോൾഡ് റോയ്, ഇംഗ്ലണ്ടിൽ പോയിവന്ന ബാരിസ്റ്ററത്രേ. അദ്ദേഹം ശരിക്കു് മജിസ്ട്രേട്ടാണു്. ഈ ജയിലിന്റെ മേൽനോട്ടവും ഉണ്ടെന്നുമാത്രം. അതിനു ചെറിയൊരു അലവൻസുമുണ്ടു്. അതിന്റെ അനുപാതമനുസരിച്ചു് കുറച്ചുസമയം അദ്ദേഹം ഞങ്ങൾക്കുവേണ്ടി ചെലവഴിക്കും. കടലാസുകളിൽ അദ്ദേഹം ഒപ്പിടേണ്ട സ്ഥാനത്തു് X എന്ന അടയാളമിട്ടേക്കണമെന്നാണു് നിർദ്ദേശം. അദ്ദേഹം കൊടുങ്കാററുപോലെ വരും, ഒപ്പിട്ടിട്ടു് അതുപോലെതന്നെ ഇറങ്ങിപ്പോകുകയും ചെയ്യും. ഒരു അസിസ്റ്റൻറ്, ഒപ്പിട്ടുകഴിഞ്ഞയുടനെ കടലാസ് എടുത്തുമാററിക്കൊണ്ടിരിക്കും. ഇത്തിരി വൈകിയാൽ ചോദിക്കും: ''കൈയിനെന്താ വാതം പിടിച്ചിട്ടുണ്ടോ?'' അല്പം ധൃതികാണിച്ചാൽ ചോദിക്കും: ''ഒളിക്കാൻ എന്തെങ്കിലുമുണ്ടോ?'' ഭാഗ്യത്തിനു് ഈ കടലാസ് വലിക്കുന്ന ജോലി എനിക്കുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ വന്ന ദിവസംതന്നെ എനിക്കു പോകേണ്ടി വന്നേനെ.

ആപ്പീസിലുള്ള സമയം മുഴുവൻ, മിസ്റ്റർ റോയ് തനി സായ്പാണു്. ആരെക്കുറിച്ചും അനാവശ്യമായ കൗതുഹലമില്ല.

ആപ്പീസ് നടത്തിപ്പിനെക്കുറിച്ചല്ലാതെ ആരോടും ഒന്നും സംസാരിക്കുകകൂടിയില്ല. ഞാൻ എന്നും അദ്ദേഹത്തിൽനിന്ന് അല്പം അകന്നുനില്ക്കും. വല്ലപ്പോഴും ഒന്നുരണ്ടു് അത്യാവശ്യ കാര്യങ്ങൾ പറയുകയല്ലാതെ ഒരിക്കലും എന്നെ ശ്രദ്ധിച്ചിട്ടു കൂടിയില്ല.

അന്നു പെട്ടെന്നു്, ഒപ്പിടുന്നതിനിടയിൽ എന്നെ നോക്കി ഇംഗ്ലീഷിൽ ചോദിച്ചു: "നിങ്ങൾക്കു പ്രോവിഡൻറു ഫണ്ടുണ്ടോ?"

ഞാൻ പറഞ്ഞു: "ഇല്ല."

പിറേറന്നു് ആപ്പീസിൽ വന്നയുടനെ രണ്ടു കടലാസു കഷണങ്ങൾ എൻെറ കൈയിൽ തന്നുകൊണ്ടു പറഞ്ഞു: "ഇപ്പോൾത്തന്നെ പൂരിപ്പിച്ചുതരണം."

പ്രോവിഡൻറുഫണ്ടിൽ പണം അടയ്ക്കുന്നതിനുള്ള അപേക്ഷാഫാറമായിരുന്നു. എൻെറ ശമ്പളത്തിൽ മിച്ചംവെയ്ക്കാൻ ഒരു പൈസപോലുമില്ല. അതിന്നു് അവകാശികൾ ധാരാളമുണ്ടു്. എന്നോടുള്ള മനോഭാവം എന്തായാലും അവൎക്കു് എൻെറ പണത്തിനോടു യാതൊരു വെറുപ്പുമില്ല. ഞാൻ മടിക്കുന്നതുകണ്ടു് ഡാക്ടർ റോയ് ശകാരിച്ചു: "വേഗം, വേഗം. അതിൽ ഞാനും ഒരു ഒപ്പിടണം."

ഞാൻ വിനയപൂൎവ്വം പറഞ്ഞു: "എനിക്കുവേണ്ടി സഹിച്ച കഷ്ടപ്പാടിനു നന്ദി. പക്ഷേ, പ്രോവിഡൻറുഫണ്ടിൽ പണമടയ്ക്കാൻ നിവൃത്തി എനിക്കില്ല."

"അതെന്താ?"

അല്പം സങ്കോചത്തോടുകൂടി ഞാൻ പറഞ്ഞു: "എൻെറ ഈ ചെറിയ വരുമാനംകൊണ്ടു് ഒന്നുരണ്ടു കുടുംബങ്ങൾ കഴിയണം."

"അവൎക്കു കൊടുക്കുന്നതു വേണ്ടെന്നുവെയ്ക്കാൻ പറഞ്ഞില്ലല്ലോ."

"പക്ഷേ, അവൎക്കും കൊടുത്തു ഫണ്ടിലും അടച്ചുകഴിഞ്ഞാൽ പിന്നെ എനിക്കു കഴിയാൻ ഒന്നുമുണ്ടാവില്ല, സാർ."

"കഴിയാനില്ലെങ്കിൽ കഴിയണ്ട." നിസ്സാരഭാവത്തിൽ മിസ്റ്റർ റോയ് പറഞ്ഞു: "അതെഴുതിത്താ, വേഗം."

ഞാനാലോചിച്ചു: 'ഞാനൊരു പ്രൊബേഷണറാണു്.

ഇതിലധികം മറുത്തുപറയാൻ പാടില്ല.' ഫോറത്തിലെ കള്ളി കൾ പൂരിപ്പിച്ച് അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു.

പ്രോവിഡൻറുഫണ്ട ചട്ടമനുസരിച്ച് ശമ്പളത്തിൻെറ ഓരോ രൂപക്കും മാസം ഒരണ മുതൽ പത്തു പൈസവരെ അടക്കാം. ആ തുക ശമ്പളബില്ലിൽത്തന്നെ കുറച്ചുകൊള്ളും. ഒരണപ്രകാരം പിടിക്കാനേ ഞാൻ എഴുതിയുള്ളു എന്നു പറയേണ്ടല്ലോ. അദ്ദേഹം അതു വെട്ടി പത്തു പൈസയാക്കി.

ഞാൻ കേണുപറഞ്ഞു: "ഞാൻ ചത്തുപോകും സാർ."

"സാരമില്ല," എന്നു പറഞ്ഞു് ഒപ്പിട്ടിട്ട് അദ്ദേഹം എഴുന്നേററു. വാതിൽവരെ പോയിട്ട തിരിഞ്ഞുനിന്നു പറഞ്ഞു: "ഇന്നു നിങ്ങളെന്നെ ശപിക്കുമായിരിക്കും. പക്ഷേ, നിങ്ങളെന്നെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്ന ഒരു ദിവസം വരും, തീർച്ച. അതു കേൾക്കാൻ ഞാനുണ്ടാവില്ല. അതിനൊക്കെ വളരെ മുമ്പു ഞാൻ ലോകത്തോട്ട വിടപറയും."

കുറച്ചുനാൾക്കൂടി കഴിഞ്ഞു് ഒരു സംഭവമുണ്ടായി. മിസ്റ്റർ റോയ് പതിവുപോലെ ഒപ്പിടുകയായിരുന്നു. പെട്ടെന്നു് ഒരു കടലാസിൽ അദ്ദേഹത്തിൻെറ ദൃഷ്ടി പതിച്ചു. ട്രഷറിയിൽനിന്നു പണമെടുക്കാനുള്ള കണ്ടിൻജൻറുബിൽ.

ജയിൽവാസികളുടെ ആദ്ധ്യാത്മികരക്ഷക്കു് സക്കാരിൻെറ ശ്രമങ്ങൾക്കു് അവസാനമില്ല. ഇതിനു വിവിധമതങ്ങളുടെ ഉപദേഷ്ടാക്കളെ നിയോഗിച്ചിട്ടുണ്ട്—പാതിരിമാരുടെയും പണ്ഡിററുമാരുടെയും മൗലവിമാരുടെയും സംഘം. വാരാന്ത്യത്തിൽ ഒരിക്കൻ വന്നു് നരകവാസികളായ പാപാത്മാക്കളെ ഉപദേശിച്ചു് ഉദ്ധരിക്കുകയാണു് ഇവരുടെ ജോലി. എന്നു വെച്ചാൽ, പാവം തടവുകാക്കു് ഈ ഒരു ദിവസം ജോലികൾ മാററിവെച്ചു കുറച്ചുനേരം ഒരുമിച്ചിരുന്നു് വെടിപറയാൻ അവസരം ലഭിക്കും. ഉപദേഷ്ടാക്കൾക്കു ശമ്പളമില്ല. എങ്കിലും യാത്രാബത്തയുണ്ട്—ആഴ്ചയിൽ രണ്ടര രൂപയോ മറ്റോ. അതിനു ബില്ലെഴുതി ട്രഷറിയിൽ കൊടുത്തയക്കണം, ആകെത്തുക പന്ത്രണ്ടരരൂപാ.

ഞാൻ കാര്യം അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി. മിസ്റ്റർ റോയ് പേന ഉയർത്തിക്കൊണ്ടു പറഞ്ഞു; "പക്ഷേ, ഞാൻ എല്ലാ ഞായറാഴ്ചയും കാണുന്നതാണല്ലോ, ഈ പാതി

രിയും പണ്ഡിററുമെല്ലാം എൻെറ വീടിൻെറ മുമ്പിൽക്കൂടി നടന്നു നടന്നു വരുന്നതു്. പിന്നെന്തിനാ അവക്കു യാത്രക്കൂലി?

ഞാൻ പറഞ്ഞു: "അവരെങ്ങനെ വരുന്നെന്നു് നമ്മളെന്തിനാ നോക്കുന്നതു്? സക്കാർ അനുവദിച്ചിട്ടുള്ളതു് അവക്കു കൊടുത്തേച്ചാൽപ്പോരെ?"

മിസ്റ്റർ റോയ് പെട്ടെന്നു് ദേഷ്യത്തിൽ പറഞ്ഞു: "ആരു പറഞ്ഞുതന്നു ഇതു്? സക്കാർപണം വെറുതെ കളയാതെ നോക്കേണ്ടതു് എൻെറ കത്തവ്യമാണു്."

പിന്നീടു വ്യംഗ്യസ്വരത്തിൽ പറഞ്ഞു: "വലിയ താല്പയ്യമാണല്ലോ അവരുടെ കായ്യത്തിൽ? വല്ല ഷെയറുമുണ്ടോ?"

എൻെറ തലക്കുള്ളിൽ രക്തം ഇരച്ചുകയറി. കുറച്ചുനാളായി ഉദ്യോഗത്തിൻെറ ഭ്രമം കുറഞ്ഞുവരികയായിരുന്നു. ഇന്നു് അതു തീരെ നഷ്ടപ്പെട്ടു. ഒരു നിമിഷത്തിനുള്ളിൽ ഞാൻ തീരുമാനമെടുത്തു. കടുത്ത മറുപടി വായിൽ വന്നതാണു്. ഒരുതരത്തിൽ സ്വയം നിയന്ത്രിച്ചു് സ്വസ്ഥാനത്തുവന്നു് ഇരുന്നു. ഒരു കടലാസു കീറിയെടുത്തു ധൃതിയിൽ രാജിക്കത്തെഴുതി. കടലാസ് അദ്ദേഹത്തിൻെറ മുമ്പിൽ വെച്ചിട്ടു പറഞ്ഞു: "നാളെ രാവിലെ വിട്ടാൽ ഉപകാരം. ഒന്നരയുടെ മെയിൽ പിടിക്കാമല്ലോ."

അദ്ദേഹം കടലാസു വായിച്ചിട്ടു് പോക്കററിലിട്ടു. ഒന്നും പറയാതെ ഇറങ്ങിപ്പോകുകയും ചെയ്തു. ബാക്കിയുള്ള കടലാസുകളിൽ ഒപ്പിടാൻപോലും നിന്നില്ല.

ഏതാനും എഴുത്തുകൾക്കു് മറുപടി അയയ്ക്കാനുണ്ടായിരുന്നു. വൈകുന്നേരം മുറിയിലിരുന്നു് അതു ചെയ്തുകൊണ്ടിരിക്കുമ്പോൾ വാതിലിൽ ആരോ മുട്ടി. തുറന്നുനോക്കിയപ്പോൾ സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇത്ര വലിയ ആപ്പീസർ സശരീരനായി എൻെറ വാതില്ക്കൽ നില്ക്കുന്നു; അഭിവാദ്യം ചെയ്യാൻ മറന്നുപോയി. അദ്ദേഹം അതിനു കാത്തുനിന്നില്ല. നിശ്ശബ്ദം മുറിയിൽ പ്രവേശിച്ചു. ഞാൻ ഒരു കസേര നീക്കിയിട്ടുകൊടുത്തുകൊണ്ടു പറഞ്ഞു: "ഇരിക്കു സാർ." അദ്ദേഹം അതു തിരിഞ്ഞുനോക്കിയില്ല. മുറിയിൽ

ച്ചുററിനടന്നു്, ഭിത്തിയിൽ തൂക്കിയ ചിത്രങ്ങൾ നോക്കാൻ തുടങ്ങി. ഒരു ചിത്രം കണ്ടിട്ട് ബംഗാളിഭാഷയിൽ ചോദിച്ചു: "ആരാ ഇദ്ദേഹം?" മിസ്റ്റർ റോയിയുടെ വായിൽനിന്നു് ഒരു ബംഗാളിവാക്കു കേൾക്കുന്നതു് ആദ്യമാണു്.

ഞാൻ പറഞ്ഞു: "എൻെറ അച്ഛൻ."

"ഇപ്പോഴുണ്ടോ?"

"ഇല്ല."

"അതു നന്നായി," എന്നു പറഞ്ഞു് എൻെറ നേരെ തുറിച്ചുനോക്കി. ഞാൻ നിശ്ശബ്ദം നോക്കിനിന്നു.

കസേര വലിച്ചിട്ടു് ഇരുന്നുകൊണ്ടു് അദ്ദേഹം ചോദിച്ചു: "നിങ്ങൾക്കു് എത്ര വയസ്സായി?"

ഞാൻ വയസ്സു പറഞ്ഞു.

"എനിക്കൊരു മകനുണ്ടായിരുന്നു. നിങ്ങളുടെ പ്രായം തന്നെ. ഇപ്പോഴില്ല... അതിനു ഞാൻ ഭഗവാനു് നന്ദിപറയുന്നു...എന്താണെന്നറിയാമോ?"

ഞാൻ ഉത്തരമൊന്നും പറഞ്ഞില്ല.

"ജീവിച്ചിരുന്നെങ്കിൽ അവനും ഒരുപക്ഷേ, ഇന്നു നിങ്ങളെപ്പോലെ മര്യാദയില്ലാതെ അച്ഛൻെറ പ്രായമുള്ള ആപ്പീസറുടെ മുഖത്തു് രാജിക്കത്തു വലിച്ചെറിഞ്ഞേനെ."

ഇതു പറഞ്ഞിട്ടു് അദ്ദേഹം എൻെറ രാജിക്കത്തു് തുണ്ടുതുണ്ടായി കീറി എൻെറ നേരെ വലിച്ചെറിഞ്ഞിട്ടു് കൊടുങ്കാററുപോലെ ഇറങ്ങിപ്പോയി.

## നാലു്

പണം മാത്രമല്ല ഐശ്വര്യം. അതു പുറത്തു കാട്ടുന്നതുകൊണ്ടേ ഐശ്വര്യമുണ്ടാകൂ. ഒരു പെട്ടി നിറയെ കോഹിനൂർ രത്നങ്ങളും ഒരു ഡസൻ മയൂരസിംഹാസനങ്ങളുമായി ഹിമാലയത്തിലെ ഏതെങ്കിലും ഗുഹയിൽ കഴിഞ്ഞാൽ, ലോകത്തിലെ ധനാഢ്യന്മാരുടെ പട്ടികയിൽ നിങ്ങളുടെ പേരുണ്ടാകുകയില്ല. നേരേമറിച്ചു്, രാജ്ഞു രാമാനം കരിഞ്ചന്തയിൽ കുറെ

പണം സമ്പാദിച്ചു് ലേക്ക്ടെറസ്സിൽ ഒരു നാലുനിലക്കെട്ടിടം നിർമ്മിക്കുകയും രണ്ടു ബ്യൂക്ക്കാറും ഒരു പന്തയക്കുതിരയും വാങ്ങുകയും ചെയ്യുന്നിരിക്കട്ടെ—നിങ്ങളുടെ രൂപവും പ്രായവും ബാങ്ക്ബാലൻസും എത്രതന്നെ എതിർസാക്ഷി പറഞ്ഞാലും ശരി, വിവാഹപ്രായമായ പെൺകുട്ടികളുടെ തള്ളമാരും ഇൻകംടാക്സ് ഓഫീസർമാരും നിങ്ങൾക്കു് ഒരുദിവസംപോലും സ്വസ്ഥത തരില്ല. ഇങ്ങനെ, നിങ്ങളുടെ വീട്ടും വണ്ടിയും, നിങ്ങളുടെ നടപ്പും വേഷവും, എല്ലാററിലും ഉപരിയായി നിങ്ങളുടെ സർവ്വാഭരണവിഭൂഷിതയായ ഭാര്യ—അല്ലെങ്കിൽ മോടിയിൽ അണിഞ്ഞൊരുങ്ങിയ ബന്ധുക്കൾ—ഇതൊക്കെയാണു് നിങ്ങളെ സമുദായത്തിൻെറ കണ്ണിൽ വലിയ ആളാക്കുന്നതു്; സാധാരണക്കാരിൽനിന്നു് ഉയർത്തിക്കാട്ടുന്നതു്.

ഐശ്വര്യത്തിൻെറ ലക്ഷണങ്ങൾ പലതാണു്. എങ്കിലും ഇന്നത്തെ ലോകത്തിൽ അവയിലേററവും പ്രധാനം മോട്ടോർകാർതന്നെ. അതു മദോന്മത്തമായി പാഞ്ഞുകൊണ്ടു് ഹോറൺ മുഴക്കി നിങ്ങളോടു് ആവശ്യപ്പെടുന്നു—മാറു, മാറു, മാറിയില്ലെങ്കിൽ മരണം നിശ്ചയം. മാറി അരികിൽക്കൂടി പോയാലും അതു നിങ്ങളുടെമേൽ ചെളിവെള്ളം തട്ടിയൊഴിക്കും. ഈ മോട്ടോർകാറാണു് നിങ്ങൾക്കും എനിക്കുമിടയ്ക്കു് ഉയർന്നുവന്നിട്ടുള്ള ചൈനീസ് വൻമതിൽ.

ഡാർജിലിംഗിൽ ഐശ്വര്യത്തിനു കുറവില്ല. അതിന്റെ അടയാളമായ മോട്ടോർകാറിനു മാത്രമേ ക്ഷാമമുള്ളു. ആ ഒരൊററ കാരണംകൊണ്ടുതന്നെ ഇവിടെ ധനികനും നിർദ്ധനനും തമ്മിൽ അകലം കുറവാണു്. ഒബ്സർവേറ്ററിഹില്ലിൻെറ നാലുപാടും ഏതാനും തവണ കറങ്ങിയിട്ടു് മാളിലെ ഒരു ബഞ്ചിൽ ഞാൻ ദിവസവും വിശ്രമിക്കാറുണ്ടു്. അതിൻെറ മറേറ അറ്റത്തു വേറെ ചിലരും വന്നിരിക്കും. മറ്റു വല്ല സ്ഥലത്തുമാണെങ്കിൽ എൻെറ ആ പ്രവൃത്തി, ധാർഷ്ട്യമായി കണക്കാക്കപ്പെട്ടേനെ. അന്നും ഈ സംഭവം ആവർത്തിച്ചു. ബഞ്ചിൻെറ അറ്റത്തു് ഒരു തടിയൻ സ്ഥാനംപിടിച്ചു. വളരെ വിലപിടിച്ച റൈഡിംഗ് ബ്രീച്ചുകൾ, അതിന്മീതെ അതിലും വിലപിടിച്ച കോട്ടു്, ചെസ്റ്റർ, മഫ്ളർ എന്നിവയെല്ലാം ധരിച്ച ഒരു രൂപം. കൽക്കത്തയിലേയോ ബോംബെയിലേ

യോ ന്യൂഡൽഹിയിലേയോ ഏതെങ്കിലും പബ്ലിക്ക്പാക്കിലെ ബഞ്ചിന് ഇത്തരം ആളുകളുടെ സ്പർശം സ്വപ്നം കാണാൻ പോലും സാദ്ധ്യമല്ല. ഇത്ര അസാദ്ധ്യമായ കാര്യം സാധിച്ചതു്, ഈ മനോഹരനഗരത്തിലെ തണൽ നിറഞ്ഞതും താറിട്ടതുമായ രാജവീഥികളെ വൃത്തികേടാക്കാൻ അദ്ദേഹത്തിന്റെ എട്ടു മോട്ടോർകാറുകളിൽ ഒന്നെങ്കിലും കെട്ടിവലിച്ചുകൊണ്ടു വരിക അസംഭവ്യമായതുകൊണ്ടാണു്.

ആഗതൻ കൺകോണുകൊണ്ടു് എന്നെ പലതവണ നോക്കി. പിന്നീടു്, വളരെ വിലപിടിച്ച ഒരു വെള്ളിപ്പെട്ടിയിൽനിന്നു് സിഗററ്റെടുത്തു നീട്ടിക്കൊണ്ടു് ഇംഗ്ലീഷിൽ ചോദിച്ചു: "എക്സ്ക്യൂസ് മീ. നിങ്ങൾ ദിവസവും ഇവിടെ വരാറുണ്ടെന്നു തോന്നുന്നല്ലോ?"

"മിക്കവാറും വരും."

"എവിടെയാണു താമസമെന്നു ഞാനറിയുന്നതിൽ വിരോധമുണ്ടോ?"

"ജയിലിൽ."

അദ്ദേഹം ഞെട്ടിപ്പോയി. സ്വയമറിയാതെതന്നെ അല്പം നീങ്ങിനിന്നു് എന്റെ നേരെ സംശയദൃഷ്ടികളോടുകൂടി നോക്കി. ഞാൻ ആശ്വസിപ്പിച്ചു: "പേടിക്കണ്ട. മതിൽ ചാടിയോ അഴി പൊളിച്ചോ വന്നതല്ല. കൈയിൽ കത്തിയും കഠാരിയും ഒന്നുമില്ല, ദാ നോക്കു."

പെട്ടെന്നു് ഒരു ശബ്ദം കേട്ടു. ഒരു പോലീസുകാരൻ മുമ്പിൽക്കൂടി പോകുന്നുണ്ടായിരുന്നു. എന്നെ തിരിച്ചറിഞ്ഞു്, പോലീസ്മട്ടിൽ സലാംവച്ചതാവണം. അദ്ദേഹം അതു കണ്ടു ചിരിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ നല്ലയാളുതന്നെ. ഞാൻ പറഞ്ഞോ നിങ്ങൾ ജയിലിൽ—? കഷ്ടം!—കൊള്ളാം—പോട്ടെ."

ഞാൻ അദ്ദേഹത്തിന്റെ സ്ഥിതി നല്ലപോലെ ആസ്വദിച്ചു. ഈ സമയം അദ്ദേഹം എന്നോടു കുറച്ചുകൂടി അടുത്തിരുന്നു ചോദിച്ചു: "ഒരുകാര്യം ചോദിക്കട്ടെ?"

"പിന്നെന്താ?"

അദ്ദേഹം എൻെറ നേരെ കുനിഞ്ഞു പതുക്കെപ്പറഞ്ഞു: ''ഞാൻ പല സ്ഥലത്തും പോയിട്ടുണ്ട്. പല അത്ഭുതങ്ങളും നേരിട്ടു കണ്ടിട്ടുണ്ട്. വളരെ രഹസ്യവും നിഷിദ്ധവുമായ സ്ഥലങ്ങളിലും പോകാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. പക്ഷേ, ആശ്ചര്യംതന്നെ, ഒരുകാര്യം മാത്രം ഇതുവരെ കണ്ടിട്ടില്ല—ജയിൽ. ഇരുപതടി പൊക്കമുള്ള ഈ മതിൽക്കെട്ടിനുള്ളിലെന്താണെന്നു കാണാൻ വല്ലാത്ത ആഗ്രഹം. ഒന്നു കാണിച്ചു തരാമോ?''

ഞാൻ പറഞ്ഞു: ''അതിനെന്താ പ്രയാസം? നിങ്ങൾ വിചാരിച്ചാൽ മതിയല്ലോ. എൻെറ യാതൊരു സഹായവും വേണ്ട.''

''അതെങ്ങനെ?''

''അതു വളരെ എളുപ്പമല്ലേ? നിങ്ങൾ ഈ ബഞ്ചിൽ കയറിനിന്നു് രണ്ടുമൂന്നുതവണ ഉറക്കെ വിളിച്ചുപറയൂ—ഇംഗ്ലീഷുകാർ നശിക്കട്ടെ എന്നു്. പോലീസുകാർ ചുറ്റിനടപ്പുണ്ട്. ബാക്കിയെല്ലാം അവർ നോക്കിക്കൊള്ളും.''

അദ്ദേഹം നാക്കുകടിച്ചുകൊണ്ടു പറഞ്ഞു: ''അയ്യോ! അതെങ്ങനെ സാധിക്കും? ഗാന്ധിസം നശിക്കട്ടെ എന്നോ മറ്റോ വേണമെങ്കിൽ നൂറുതവണ പറയാം.''

അദ്ദേഹം ഏതോ നാട്ടുരാജ്യത്തിലെ രാജകുമാരനാണ്—കുമാർ ബഹദൂർ. സ്റ്റേറ്റ്ഖജനാവിൽനിന്നു് ഏതാനും ലക്ഷം രൂപ മാലിഖാൻ കിട്ടും. കൽക്കത്തയിലോ ന്യൂഡൽഹിയിലോ ചെല്ലുമ്പോൾ ഏതാനും ആചാരവെടിയും മുഴങ്ങുമെന്നു തോന്നുന്നു.

പിറേറന്നുതന്നെ അദ്ദേഹം പാവപ്പെട്ട എൻെറ കുടിലിൽ വന്നു. ഞാൻ സസംഭ്രമം എഴുന്നേററു. പിന്നെ എന്റെ വേലക്കാരനും വെപ്പുകാരനും വിളമ്പുകാരനും ഒക്കെയായ 'കേട്ട'യുടെ പേരു വിളിക്കാൻ തുടങ്ങുകയും ചെയ്തു. കുമാർ ബഹദൂർ പറഞ്ഞു: ''ചുറ്റിത്തിരിഞ്ഞിട്ടു വന്നിട്ടാകാം ഇരിക്കുന്നതും കേട്ടയുടെ ചായ കുടിക്കുന്നതും. വരൂ, നമ്മുടെ കാര്യം നടക്കട്ടെ.''

ചെറിയ ജയിൽ. ആദ്യംതന്നെ സെല്ലുകളിലേക്കാണു കൊണ്ടുപോയതു്. ഏഴടി നീളവും അഞ്ചടി വീതിയുമുള്ള

മുറികൾ. ഇരുമ്പഴികൊണ്ടുള്ള വാതില്ലുകൾ. പിന്നിലെ ഭിത്തിയിൽ തലപ്പു വളരെ മുകളിൽ ചെറിയ ജനൽപോലെ എന്തോ ഒന്നു്—കാററിനെയും വെളിച്ചത്തെയും പരിഹസിക്കാൻവേണ്ടി ഉണ്ടാക്കിയതാവണം അവ. മുറികളുടെ മുമ്പിൽ രണ്ടുവശത്തും മതിൽകെട്ടി വളച്ച വരാന്ത. വീണ്ടും തടികൊണ്ടുള്ള ഒരു വാതിൽ. സെല്ലിൽ കഴിയുന്നവരെയും ലോകത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഏക സേതുവാണു് അതു്. ആ വാതിലടഞ്ഞാൽ, അവരെ സംബന്ധിച്ചിടത്തോളം ഈ ഭൂമി ജനഹീനമത്രെ.

ഓരോതരം തടവുകാരുടെ അധിവാസസ്ഥാനമാണു് ഈ സെല്ലുകൾ. ആദ്യത്തെ സെല്ലിൽ, ചെറുപ്പക്കാരനായ ഒരു കൊലപാതകിയാണു്. ജതീൻ എന്നാണവൻെറ പേർ. സ്വയം പോലീസിനു പിടികൊടുത്തു. കുമാർ ബഹദൂർ തീക്ഷ്ണവും ഉത്സുകവുമായ ദൃഷ്ടികളോടുകൂടി അവനെ നോക്കുകയായിരുന്നു. മുഖവുരയായി ഞാൻ പറഞ്ഞുതുടങ്ങി: “ഈ പാവം—”

ജതീൻ എന്നെ തടസ്സപ്പെടുത്തിക്കൊണ്ടു് കുമാർ ബഹദൂറിനെ നോക്കി ഉറക്കെ പറഞ്ഞു: “ആരാ നിങ്ങൾ? ഓഹോ, ജയിൽ കാണാൻ വന്നിരിക്കുകയാണെന്നു തോന്നുന്നല്ലോ. കണ്ടോളു, കണ്ടോളു. നല്ലതുപോലെ നോക്കിക്കണ്ടോളു, സാർ. കൽക്കത്തയിലെ മൃഗശാല കണ്ടിട്ടില്ലേ? കാട്ടിൽനിന്നു മൃഗങ്ങളെ പിടിച്ചുകൊണ്ടുവന്നു് കൂട്ടിലടയ്ക്കുമ്പോൾ എന്തു സന്തോഷമാണു നമുക്കു്? അതിലൊക്കെ വളരെ അധികം സന്തോഷം ലഭിക്കും ഇവിടെ. സ്വന്തം വർഗ്ഗക്കാരെ കാണാം, മൃഗങ്ങളെപ്പോലെ കൂട്ടിലടച്ചു്. കാണുക മാത്രമല്ല. വടിയിട്ടു കുത്തിനോക്കാം. ഞങ്ങൾ എന്തു ശബ്ദമാണു പുറപ്പെടുവിക്കുന്നതെന്നറിയാമല്ലോ. മൃഗശാലയിലെ ചിമ്പാൻസിയെ കുട്ടികൾ കുത്തിനോക്കാറില്ലേ—അതുപോലെതന്നെ.”

തീക്ഷ്ണമായ പരിഹാസം മതിയാക്കി പെട്ടെന്നു് അവൻ എൻെറനേരെ കഠിനമായി നോക്കി. അവൻ പറഞ്ഞു: “ഡെപ്യൂട്ടി ബാബു, ഞങ്ങളെ കൂട്ടിലടച്ചിരിക്കുന്നതിൽ ദുഃഖമില്ല. കാലിൽ ചങ്ങലയിട്ടാലും കൈയിലെ വിലങ്ങു് ഉത്തരത്തിൽചേർത്തു പൂട്ടിയാലും സഹിക്കാം. പക്ഷേ, പാവമെന്നു

പറഞ്ഞു് സഹതാപം കാണിക്കല്ലേ. അതു ചെരിപ്പുകൊണ്ടു പുറത്തടിക്കുന്നതിനു സമമാണു്.''

ഇതുകേട്ടു് ജമേദാർ ദേഷ്യത്തിൽ തടവുകാരനെ എന്തോ ചെയ്യാൻ പോകുകയായിരുന്നു. ഞാൻ കൈ ഉയർത്തി അയാളെ തടഞ്ഞു. പഴയതുപോലെ പതുക്കെയാണെങ്കിലും കൂടുതൽ തീവ്രമായ സ്വരത്തിൽ ജതീൻ പറഞ്ഞു: ''മനുഷ്യനെ മൃഗമാക്കിയതുകൊണ്ടു തൃപ്തിയായില്ല. അവൻെറ ദുർദശ സ്നേഹിതനെ വിവരിച്ചു കേൾപ്പിക്കുന്നു, അവക്കു കൗതുകവും ആനന്ദവും ഉണ്ടാകാൻവേണ്ടി. എത്ര നിഷ്ഠുരനാണു് നിങ്ങൾ?''

അവസാനമായപ്പോൾ അവൻെറ ശബ്ദം നന്നുത്തുകേട്ടു. കുണ്ടിൽപോയ കണ്ണുകളിൽ നനവു ദൃശ്യമായി.

ഞാൻ കുമാർ ബഹദൂറിനെ നോക്കി. അദ്ദേഹം സ്വപ്നത്തിൽനിന്നു് ഉണർന്നതുപോലെ പെട്ടെന്നു് ജതീൻെറ സെല്ലിനടുത്തേക്കു നീങ്ങി. അഴികൾക്കിടയിലൂടെ അവൻെറ കൈ രണ്ടും അമർത്തിപ്പിടിച്ചുകൊണ്ടു് ശുദ്ധ ബംഗാളിയിൽ പറഞ്ഞു: ''ഞങ്ങൾക്കു മാപ്പുതരൂ, സഹോദരാ. ഞങ്ങൾ വലിയ തെററാണു ചെയ്തതു്,'' എന്നു പറഞ്ഞു് കൈ വിട്ടിട്ടു തല താഴ്ത്തിപ്പിടിച്ചു നേരേ ഗേററിലേക്കു നടന്നു. ഞാൻ കൂടെ ചെല്ലാൻപോലും കാത്തുനിന്നില്ല.

## അഞ്ചു്

ഞാൻ കൗതുകപൂർവ്വം ആലോചിക്കുകയായിരുന്നു—ജോലിയാകുന്ന കറപ്പു് ഇതിനിടയ്ക്കുതന്നെ എൻെറ തലയ്ക്കു പിടിച്ചുതുടങ്ങിക്കഴിഞ്ഞു. ആറുമാസം മുമ്പുപോലും ഈ അവസ്ഥ ഭാവനാതീതമായിരുന്നു. ഓക്കുമ്പോൾ ചിരിവരും—ഹെഡ്ക്ലാക്കിനെ സർവ്വസ്വമായി കരുതുന്ന ക്ലാക്കുമാരെ എത്ര അവജ്ഞയോടുകൂടിയാണു ഞാൻ വീക്ഷിച്ചിരുന്നതു്. എന്നിട്ടു് ഇന്നു് എൻെറ നിലയെന്താണു്. എൻെറ വാക്കിലും ചിന്തയിലും മുഴുവൻ ഹെഡ്ക്ലാക്കല്ലെങ്കിലും സീനിയർ ആപ്പീസറോ ജൂനിയർ ആപ്പീസറോ ആണു്. കൂട്ടുകാരുമായുള്ള സംഭാ

ഷണങ്ങളിൽ ഏതാനുംദിവസംമുമ്പുവരെ ഷായും രവീന്ദ്ര നാഥടാഗ്ഗൂറും ഹാരോൾഡ് ലാസ്കിയും ഇസാഡോറ ഡങ്കനും മററും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നു് ജയിൽ കോഡും ഫണ്ടമെൻറൽ റൂൾസും ഐ. ജി.യും അക്കൗണ്ടന്റ ജനറലും മററുമാണുള്ളതു്. എനിക്കു് ഉള്ളാലെ ലജ്ജ തോന്നി.

പക്ഷേ, ഈ ലജ്ജാബോധവും ഇല്ലാതാകാൻ അധിക നാൾ വേണ്ടിവന്നില്ല. അപ്പോഴാണു് എനിക്കു മനസ്സിലായതു്, ഈ മാനസികപരിണാമം എന്നെപ്പോലുള്ള കൊച്ചു ജോലിക്കാർക്കു മാത്രമല്ലെന്നും വലിയ ഉദ്യോഗസ്ഥന്മാരുടെയും ഗതി ഇതുതന്നെയാണെന്നും. വ്യത്യാസം അതിൻെറ മാത്രയിൽ മാത്രം.. ഞാൻ ഐ. ജി.യുടെ അഥവാ അദ്ദേഹത്തിന്റെ പി. എ.യുടെ പ്രീതി കാത്തുകഴിയുമ്പോൾ അവർ ചീഫ് പൊളിററിക്കൽ സെക്രട്ടറിയുടെ അഥവാ ഫിനാൻസ് സെക്രട്ടറിയുടെ സന്തോഷമാർജ്ജിക്കാൻ ശ്രമിക്കുന്നു. സെക്രട്ടറിമാരും ഇതുപോലെതന്നെ എച്ച്. എം.ൻെറയോ എച്ച്. ഈ. യുടെയോ അവസരം പാർത്തു കഴിയുന്നു.

പോട്ടെ, ഇതെല്ലാം പഴയ കഥകളാണു്. എങ്കിലും അന്നു് ഡാർജിലിംഗിലെ ആ കൊച്ചു ബംഗ്ലാവിലെ വരാന്തയിലിരുന്നു് വിസ്തൃതമായ താഴ്വരയ്ക്കപ്പുറമുള്ള കാഞ്ചൻജംഗയുടെ അവർണ്ണനീയമായ സൗന്ദര്യം നോക്കിക്കൊണ്ടു് വീണ്ടും വീണ്ടും എന്നെത്തന്നെ ശകാരിക്കുമായിരുന്നു. ഭീതിയോടുകൂടി ഞാൻ സങ്കല്പിക്കും—ഭീമാകാരമായ ഒരു പാമ്പാണു് ഉദ്യോഗം, നിസ്സഹായമായ മാൻകുട്ടിയെപ്പോലെ അതിൻെറ വായാകുന്ന ഗുഹാമുഖത്തു് വന്നുപെട്ടു കഴിഞ്ഞ എനിക്കു് ഇനി രക്ഷയില്ല. സാവധാനം അതു് എന്നെ മുഴവൻ അകത്താക്കും.

അതു മാത്രമോ? ഇത്രയുംനാളത്തെ, നേർവരപോലുള്ള വഴിയിൽനിന്നു വ്യതിചലിച്ചുവെന്നല്ല, എൻെറ ഈ വിരസമായ ജീവിതത്തിലെ ഉണങ്ങിവരണ്ട ദിവസങ്ങളെ മധുപ്രവാഹംകൊണ്ടു സുഖപ്രദമാക്കിയിരുന്ന ആ ഏക അരുവിയും നഷ്ടമായിരിക്കുന്നു. കുറച്ചുനാളായി കാഞ്ചി വരുന്നില്ലെന്ന കാര്യം ഒരിക്കൽപോലും മനസ്സിൽ ഓർമ്മിച്ചില്ലെന്നു് ആലോചിച്ചപ്പോൾ വിസ്മയം തോന്നി. ഏതാനും ദിവസം മുമ്പുപോ

ല്യം എൻെറ ദേഹവും മനസ്സും കുളിർപ്പിച്ചിരുന്നു, അവളുടെ മോഹജനകമായ ചിരി.

ഏതാനും പുസ്തകങ്ങൾ ഒപ്പം കൊണ്ടുവന്നിരുന്നു. അതിലൊന്നെടുത്തു് പുറത്തെ വരാന്തയിൽ പോയി ഇരുന്നു. ഡിസംബർമാസത്തെ മദ്ധ്യാഹ്നം. ആകാശത്തു തണുപ്പിൻെറ തീവ്രതയിൽനിന്നു രക്ഷപ്പെടാൻ പാടുപെടുകയാണു് സൂര്യൻ. പക്ഷേ, ആ ശ്രമം വ്യർത്ഥമാണെന്നു തോന്നുന്നു. പുസ്തകത്തിൻെറ താളുകളിൽ ശ്രദ്ധ ഉറപ്പിച്ചുനിർത്താൻ എൻെറ ശ്രമം പോലെതന്നെ.

പുറത്തെ വാതിലിൽ ആരോ മുട്ടി. ഞാൻ ചോദിച്ചു: "ആരു്?" ഉത്തരമില്ല. കൂടുതൽ ഉച്ചത്തിൽ വാതിലിൽ മുട്ടു കേട്ടു. മുറിക്കുള്ളിൽ കേട്ടയുടെ കൂക്കംവലി മച്ചിൽനിന്നു പ്രതിദ്ധ്വനിക്കുന്നുണ്ടു്. സാധാരണപോലെ ബലപ്രയോഗം നടത്താതെ അവനെ ഉണർത്താൻ കഴിയുമെന്നു തോന്നുന്നില്ല. അതുകൊണ്ടു്, മനസ്സില്ലാമനസ്സോടെ എഴുന്നേററു.

"എന്ത്! നീയോ?"

കാഞ്ചിയെ പുതിയൊരു രൂപത്തിൽ ഞാൻ കണ്ടു. കറുത്ത വെൽവെററ് പാവാടയും മീതെ ചോക്കലേററ് നിറത്തിൽ നീണ്ട കൈയുള്ള ബ്ലൗസും. നീണ്ട തലമുടി പിന്നിയിട്ടിരിക്കുന്നു. രക്താഭയുള്ള അധരങ്ങളിലും കപോലങ്ങളിലും ചഞ്ചലമായ കണ്ണുകളിലും കൗതുകോജ്ജ്വലമായ അമർത്തിച്ചിരി. ചെറിയൊരു കാരണം മതി അതു പൊട്ടിപ്പുറത്തുവരാൻ. കൈയിൽ ഒരു കുട്ട നിറയെ മധുരനാരങ്ങ. അകത്തു കടന്നു് കുട്ട താഴെ വെച്ചുകൊണ്ടു പറഞ്ഞു: "ഇതെടുത്തോളൂ. വല്യമ്മ തന്നയച്ചതാണു്. ഞങ്ങളുടെ തോട്ടത്തിലെ മധുരനാരങ്ങ."

ഞാൻ ആ തിളങ്ങുന്ന പഴങ്ങളിൽ സൂക്ഷിച്ചുനോക്കുകയായിരുന്നു. കാഞ്ചി തലയാട്ടിക്കൊണ്ടു പറഞ്ഞു: "ഊം ഹും, അന്വേഷിക്കുന്നതു കാണില്ല. ഞാൻതന്നെ പറിച്ചു കൊണ്ടുവന്നതാ. എത്ര മുള്ളു കൊണ്ടെന്നറിയാമോ? മൂന്നു്. വല്യമ്മ ദേഷ്യപ്പെട്ടു, കൊമ്പൊടിച്ചതിനു്. ഞാൻ പറഞ്ഞു: 'പിന്നെ എന്തുചെയ്യും? നിങ്ങളുടെ ബാബുജിക്കു് ഇലയും ഞെട്ടുമില്ലാത്ത നാരങ്ങ ഇഷ്ടമല്ലല്ലോ.'"

കാര്യം ശരിയാണ്. എൻെറ വളരെ ബാലിശമായ ഒരു നിർബ്ബന്ധം. ഇലയും ഞെട്ടുമുള്ള മധുരനാരങ്ങ ഡാർജിലിംഗിൽ വന്നതിനുശേഷമാണ് ഞാൻ കണ്ടതും.

ഞാൻ ചോദിച്ചു: "നിന്നോടാരു പറഞ്ഞു, എനിക്കു ഞെട്ടും ഇലയുമില്ലാത്ത നാരങ്ങ ഇഷ്ടമല്ലെന്ന്?"

"എനിക്കറിയാം."

"എങ്ങനെ അറിയാം?"

നീണ്ട തലമുടി ഒന്നു വെട്ടിച്ചുകൊണ്ടു് അവൾ പറഞ്ഞു: "ഞാൻ പറയുല്ല."

കപടഗൗരവത്തോടുകൂടി ഞാൻ പറഞ്ഞു: "എന്നാൽ വേണ്ട, നിൻെറ ഈ നാരങ്ങയും എനിക്കു വേണ്ട. തിരിച്ചു കൊണ്ടുപൊയ്ക്കോളൂ."

"ഉം. തിരിച്ചു കൊണ്ടുപോകും. വല്യമ്മയുടെ വിറകു കൊള്ളി അറിയാമോ? ദാ നോക്ക്," എന്നു പറഞ്ഞു് അവൾ ഇടതുകൈയിൽനിന്നു് ഉടുപ്പു മാററിക്കാണിച്ചു. നീണ്ട ഒരു മുറിവ്.

ഞാൻ പറഞ്ഞു: "നന്നായിപ്പോയി. എപ്പോഴും കുസൃതി കാണിച്ചുകൊണ്ടിരുന്നിട്ടല്ലേ?"

"എന്നാൽ നിങ്ങൾക്കും രക്ഷയില്ല."

"അതെന്താ? ഞാനെന്തുചെയ്തു?"

"നാരങ്ങ തിരിച്ചു കൊണ്ടുപോകാൻ പറഞ്ഞതെന്തിനാ?"

ഇതിനുത്തരമില്ല. അല്പനേരം കാത്തിരുന്നപ്പോൾ അവൾക്കു ചിരി പൊട്ടിപ്പോയി. പാറക്കല്ലിൽ കുപ്പിച്ചില്ലു വാരിയെറിഞ്ഞതുപോലെ. എനിക്കു ബോധം കെട്ടന്നതുപോലെ തോന്നി. എൻെറ ഈ അത്ഭുതകരമായ ഭാവവ്യത്യാസം അവൾക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു തോന്നി. പെട്ടെന്നു ചിരി നിർത്തി സാവധാനം അടുത്തേക്കു നീങ്ങി ഭയത്തോടുകൂടി ചോദിച്ചു: "പിണങ്ങിയോ, ബാബുജീ?"

ഉടൻ ഉത്തരം കിട്ടാഞ്ഞതുകൊണ്ടു്, അപരാധിയെപ്പോലെ കുണ്ഠിതംനിറഞ്ഞ സ്വരത്തിൽ അവൾ പറഞ്ഞു: "സത്യം, എൻെറ ഈ സുഖക്കേട്ട് ഒരുതരത്തിൽ മാറുന്നില്ല. എത്ര വഴക്കു കേട്ടു."

അപ്പോഴേക്കു് സമനില വീണ്ടെടുത്തു് ഞാൻ പറഞ്ഞു: "അതറിയാമെങ്കിൽ പിന്നെന്തിനാ ഭ്രാന്തിയെപ്പോലെ ചിരിക്കുന്നതു്?"

"ഞാൻ വേണമെന്നുവെച്ച ചിരിക്കുന്നതാണോ? ചിരി വന്നാൽ ഞാനെന്തുചെയ്യും?"

"ശരി, ഇനി ചിരി വരുമ്പോൾ നേരേ വല്യമ്മയുടെ അടുത്തേക്കു് ഓടണം. വിറകുകൊള്ളികൊണ്ടു പുറത്തു് ഒന്നു കൊള്ളുമ്പോൾ ചിരി പറന്നുപോകും."

"എന്നാണോ വിചാരിച്ചിരിക്കുന്നതു്? അപ്പോൾ ചിരി കൂടുകയേ ഉള്ളൂ."

"അതെനിക്കറിയാം. അവരാണു് കൊഞ്ചിച്ചു തലയിൽ കയറ്റിയതു്. നില്ലു്. ഞാനിന്നുതന്നെ ചെന്നു പറഞ്ഞേക്കാം."

"എന്നാൽ ചെല്ലു്. വല്യമ്മ എന്തു പറയുമെന്നു് എനിക്കറിയാം."

"എന്തു പറയും?"

"പറയും, കൊഞ്ചിച്ചതിന്റെ ഫലം ഞാനല്ല, വേറൊരാളാണു് അനുഭവിക്കുന്നതെന്നു്."

"അതാരാ?"

"എനിക്കെങ്ങനെ അറിയാം?" എന്നു ചോദിച്ചു് അവൾ പിൻതിരിഞ്ഞു നിന്നു. നീണ്ട തലമുടി ഒരിക്കൽക്കൂടി വെട്ടിച്ചിട്ടു മുറിക്കകത്തേക്കു കയറിപ്പോയി. കുട്ട സ്റ്റോർമുറിയിൽ വെച്ചിട്ടു വരുമ്പോൾ പറഞ്ഞു: "അതെടുത്തു തിന്നോളണം, പറഞ്ഞേക്കാം. എല്ലാം കേട്ടയെ ഏല്പിച്ചിട്ടു നടക്കരുതു്. ചിലപ്പോൾ ഒരെണ്ണംപോലും ഉള്ളിൽ പോകുകയില്ല."

ഞാൻ വളരെ ഉത്സാഹം കാണിച്ചുകൊണ്ടു പറഞ്ഞു: "ആരു പറഞ്ഞു, ഉള്ളിൽ പോകുകയില്ലെന്നു്? നാളെ വന്നു നോക്കിക്കൊള്ളൂ, കുട്ട കാലിയായിരിക്കും...എന്താ, വിശ്വാസമാകുന്നില്ലേ? ശരി, നിന്റെ മുമ്പിൽവച്ചുതന്നെ തുടങ്ങിക്കളയാം."

എഴുനേൽക്കാൻ തുടങ്ങുമ്പോൾ കാഞ്ചി കളസ്വരത്തിൽ പറഞ്ഞു: "മതി, മതി, എഴുനേൽക്കണ്ട. നല്ലപോലെ വിശ്വാസമായി."

അവൾ ചുററും ഒന്നു നോക്കിയിട്ടു് അടുക്കളയിലേക്കു്

ഓടി. അവിടെനിന്നു് സ്റ്റോറിലേക്കും. ഒരു പാത്രം എടുത്തു കൊണ്ടുവന്നു് അതിൽ മൂന്നുനാലു നാരങ്ങ പൊളിച്ചിട്ടു് എന്റെ കൈയിൽ തന്നുകൊണ്ടു പറഞ്ഞു: "തിന്നോളൂ."

ഏതാനും ചുള എടുത്തിട്ടു് ഞാൻ പറഞ്ഞു: "കൊള്ളാം, ഞാനൊററയ്ക്കു തിന്നണോ?"

"പിന്നെയാരാ തിന്നാൻ?"

"അതെന്താ? നീ."

കാഞ്ചി മറുപടി പറഞ്ഞില്ല. തല താഴ്ത്തി, കാൽകൊണ്ടു നിലത്തു വരച്ചുകൊണ്ടു നിന്നു. മുഖത്തു ലജ്ജനിറഞ്ഞ ഒരു മന്ദഹാസം പരന്നു. ഏതാനും ചുള അവളുടെ കൈയിൽ വെച്ചുകൊണ്ടു ഞാൻ പറഞ്ഞു: "നോക്കാം, ആരാ ആദ്യം തീക്കുന്നതെന്നു്."

പക്ഷേ, കാഞ്ചി നാരങ്ങ തിന്നില്ല. അതേപടി അനങ്ങാതെ നിന്നു.

"എന്തു പററി?" എന്നു ചോദിച്ചുകൊണ്ടു് അവളുടെ നേരെ ദൃഷ്ടി ഉയത്തിയപ്പോൾ, ലജ്ജാപൂണ്ണമായ രണ്ടു സ്നിഗ്ദ്ധ ദൃഷ്ടികൾ എന്റെ മുഖത്തുതന്നെ പതിഞ്ഞിരിക്കുന്നു. ഞങ്ങളുടെ നോട്ടം ഇടഞ്ഞപ്പോൾ അവളുടെ മുഖം രക്തവണ്ണമായി. ഒപ്പംതന്നെ ഒരു മാൻകുട്ടിയെപ്പോലെ അവൾ പുറത്തേക്കു പാഞ്ഞു.

അടുത്ത വീട്ടിൽനിന്നു വല്യമ്മയുടെ കഠിനമായ സ്വരം കേൾക്കുന്നുണ്ടു്. എന്തോ വഴക്കാണു്. പക്ഷേ, പ്രതിപക്ഷത്തിന്റെ അനക്കമില്ല. ഉണ്ടാകാൻ തരവുമില്ല. വല്യമ്മയുടെ ഭരണത്തിൽ പ്രതിപക്ഷത്തിനു സ്ഥാനമേ ഇല്ല. ശരിക്കും ഡിക്റ്റേററർഷിപ്പുതന്നെ. എനിക്കു് ആ വയസ്സൻ ഡാക്ടരോടു പലപ്പോഴും സഹതാപം തോന്നിയിട്ടുണ്ടു്.

എങ്കിലും കഷ്ടം, പാവം എന്നു പറഞ്ഞു് കരുണകാണിക്കേണ്ട കാര്യമൊന്നുമില്ലെന്നു് ഇന്നാദ്യമായി തോന്നി. ഒരു നാരീഹൃദയത്തിന്റെ അന്തർഭാഗത്തു് താൻ പ്രതിഷ്ഠിതനായിരിക്കുന്നു, തന്നെ ആശ്രയിച്ചാണു് അവളുടെ സുഖവും ദുഃഖവും സമാധാനവും, തന്നെച്ചൊല്ലി അവളുടെ ഉൽക്കണ്ഠയ്ക്കു്

അതിരില്ല—ഈ സത്യം മനസ്സിലാക്കിയ പുരുഷൻ ഭാഗ്യവാനാണു്. ഇത്തരം ഭാഗ്യവാന്മാരുടെ കൂട്ടത്തിലൊരാളാണു് ഡാക്ടറെന്നു് എനിക്കു തോന്നി. അതുകൊണ്ടു് ഒരാളുടെ കഠിനശബ്ദത്തിന്റെ വിഷവും അദ്ദേഹത്തെ സ്പർശിക്കുകയില്ല. കാരണം, അദ്ദേഹത്തിനറിയാം—അതിനപ്പുറം അമൃതിൻകുടമാണുള്ളതെന്നു്. അതാണു് ഏതു വഴക്കിനും ബഹളത്തിനുമിടയ്ക്കു് അദ്ദേഹം നിർവ്വികാരനായി കഴിയുന്നതു്.

ഡാക്ടറുടെ ഈ പുതിയ രൂപം ഇന്നുതന്നെ എന്റെ മനസ്സിൽ രൂപമെടുക്കാൻ കാരണം? ഒരുപക്ഷേ, അമൃതമയമായ ഈ അനുഭൂതി ഇന്നു് എന്റെ ഉള്ളിലും അദ്ദേഹത്തിന്റെ സുന്ദരരൂപം വിരചിച്ചതാണോ? ഞാനും—

"പുള്ളി വന്നു, സാർ!"

ഞാൻ ഞെട്ടി എഴുന്നേററു. അധികം അകലെയല്ലാതെ സൈനികവേഷം ധരിച്ച ഗൂർഖാവാർഡർ നില്ക്കുന്നു. അവൻ എനിക്കു സലാം തന്നുകൊണ്ടു പറഞ്ഞു: "പുള്ളി വന്നു, സാർ."

അവനെ സ്വീകരിച്ചു് അകത്താക്കേണ്ടതു് എന്റെ ജോലിയാണു്.

ആരാണു് ഈ പുള്ളികൾ? നിയമത്തെയും കോടതിയേയും കബളിപ്പിച്ചുകൊണ്ടു മററുള്ളവരുടെ പണവും പ്രാണനും ഇട്ടു പന്താടുന്ന ഭാഗ്യവാന്മാരല്ല. സമുദായത്തിന്റെ നെഞ്ചിൽ കയറിയിരുന്നു്, മധുരമായി പുഞ്ചിരിച്ചുകൊണ്ടു വിഷം പുരട്ടിയ കഠാരി കുത്തിയിറക്കുന്നവരുമല്ല. അവരെയൊന്നും ജയിലിനുള്ളിൽ കണ്ടുകിട്ടുകയില്ല. നിയമത്തിന്റെ പിടിയിൽനിന്നു പിടിച്ചുമാററാൻ ആരും ഇല്ലാത്തവരാണു് ഇവിടെ കൂട്ടംകൂട്ടമായി വരുന്നതു്. ഭൂട്ടിയചാളയിലെ മൻബഹദൂർ തന്റെ കുടുംബറേഷൻ വാററി മദ്യമുണ്ടാക്കുന്നു, സ്വന്തം കുടിലിലിരുന്നു്. എന്താണു് അവന്റെ കുററമെന്നറിഞ്ഞുകൂടാ. സർദാർ ബഹദൂർ ലേഡൻലോയുടെ ബംഗ്ലാവിൽനിന്നു് വംശിയെന്ന കള്ളൻ മൂന്നു തളിക മോഷ്ടിക്കുന്നു, അവ വിററു് അഞ്ചു സേർ അരിയും ഒരു ടിൻ സിഗററും വാങ്ങുന്നു. സ്ഥിരം ജയിൽവാസിയായ ഭത്'ക, പോക്കററടി വ്യവസായത്തിൽ സൗകര്യം കുറവാണെന്നുകണ്ടു് സ്വയം

പോലീസിനു പിടികൊടുക്കുന്നു, തടി അല്പം നന്നാക്കാമെന്നു കരുതി ജയിലിൽ പോകുന്നു.

ഇവരൊക്കെയാണ് എൻെറ ജയിൽപ്പുള്ളികൾ. അരയിൽ കയറും കൈകളിൽ വിലങ്ങുമായി ഹാജരാക്കപ്പെടുന്ന ഇവരുടെ പേരും മേൽവിലാസവും അടയാളങ്ങളും—പുറത്തെ മറുകും മൂക്കിലെ മുറിപ്പാടും മററും—ചിത്രഗുപ്തന്റെ പുസ്തകത്തിൽ എഴുതിവെയ്ക്കുകയാണ് എന്റെ ജോലി. പിന്നീടു ശിക്ഷയുടെ കാലാവധി കഴിയുമ്പോൾ അച്ചുൻെറ പേരും അടയാളങ്ങളും ഒത്തുനോക്കി ജയിൽഗേററിനു വെളിയിൽ വിടണം. ഈ ഹതഭാഗ്യന്മാൎക്കുവേണ്ടി രാജ്യം എത്ര വിപുലമായ ഏർപ്പാടുകളാണു ചെയ്തിരിക്കുന്നതു്! ഇവൎക്കുവേണ്ടി വമ്പിച്ച പോലീസ് സേന വിയത്തു പണിയെടുക്കുന്നു, ടൈ കെട്ടിയ നീതിന്യായാധിപന്മാർ ഉദയംമുതൽ അസ്തമനംവരെ പേന ചലിപ്പിക്കുന്നു, കറുത്ത കോട്ടു ധരിച്ച വക്കീലന്മാർ വായിട്ടലയ്ക്കുന്നു, ജയിലർ സാഹിബ്ബും അനുചരരായ ഞങ്ങളും കഷ്ടപ്പെടുന്നു.

എങ്കിലും ഇവരാണ് എൻെറ രക്ഷിതാക്കൾ. ഇവരുള്ളതുകൊണ്ട് എൻെറ വീട്ടിൽ അരിയെത്തുന്നു. ഇവരുള്ളതുകൊണ്ടു ഞാൻ ജീവിക്കുന്നു. ഇല്ലെങ്കിൽ ഇന്നു് ഞാനെവിടെയാകുമായിരുന്നു? എവിടെയാകുമായിരുന്നു എൻെറ രാജകുമാരിയും പാതി രാജ്യവും?

## ആറ്

ആപ്പീസെന്നു പറഞ്ഞാൽ സാധാരണക്കാർ മനസ്സിലാക്കുന്നതു്, അന്ധകാരമയമായ ഒരു തടവറയെന്നാണല്ലോ. ഉദ്യോഗസ്ഥന്മാർ പത്തുമുതൽ അഞ്ചുവരെ അതിനുള്ളിലിരുന്നു് പേനയുന്തണം. ഇങ്ങനെ പേനയുന്തുന്നവൎക്കു് ഉച്ചയുറക്കത്തിനു് അവസരം കുറവാണു്. ആഴ്ചയിലൊരു ദിവസം, ഞായറാഴ്ച മാത്രമേ അതു സാധിക്കൂ, എന്നാൽ ഇക്കാര്യത്തിൽ ഞാൻ ഭാഗ്യവാനാണു്. ആരുടെ പ്രസാദംകൊണ്ടോ എന്തോ,

ഞാൻ വന്നിട്ടുള്ള സ്ഥലത്ത് എന്നും ഉച്ചയ്ക്കുറങ്ങാം. ഇതുകൊണ്ടുതന്നെ ഉദ്യോഗസ്ഥന്മാർക്കിടയിൽ ഞങ്ങൾ അസൂയാപാത്രമാണ്.

പക്ഷേ, റോസാച്ചെടിക്കു മുള്ളുള്ളതുപോലെ, മററുള്ള ഉദ്യോഗസ്ഥന്മാർ രാവിലെ സുഖമായി കിടന്നുറങ്ങുമ്പോഴും എഴുന്നേററ് ആവിപറക്കുന്ന ചായ മൊത്തുമ്പോഴും, അല്ലെങ്കിൽ ചന്തയിൽ പോയി പച്ചക്കറികളും മീനും തിരിഞ്ഞുവാങ്ങുമ്പോഴുമെല്ലാം ഞങ്ങൾ ഇരുന്നു പേനയുന്തുകയായിരിക്കും. പന്ത്രണ്ടുമണി—ഒരുമണിയാവണം വിശ്രമം കിട്ടാൻ. അതിനുശേഷം ആഹാരം കഴിച്ച് കിടന്നുറങ്ങാം. ഉറക്കം കഴിഞ്ഞു വൈകുന്നേരം തിരിച്ചുപോകണമെങ്കിലും അതു് ആപ്പീസിൽപ്പോക്കായി കണക്കാക്കാനില്ല. ആപ്പീസും വീട്ടും ചേന്ന അന്തരീക്ഷമാണ് അപ്പോൾ. വൈകുന്നേരത്തെ ആപ്പീസ് ആപ്പീസല്ല, ജയിലുദ്യോഗസ്ഥന്മാരുടെ ഈവനിംഗ് ക്ലബ്ബ് ആണ്.

മാർച്ചുമാസം കഴിയാറായി. ശീതകാലം ഔദ്യോഗികമായി അവസാനിച്ചുവെന്നു പറയാം. എങ്കിലും അതു തീരെ വിട്ടിട്ടില്ല. ഒപ്പം നല്ല കാററുമുണ്ട്. രണ്ടിന്റെയും ഒരുമിച്ചുള്ള ആക്രമണം സഹിക്കാൻ കഴിയാതെ സൂര്യദേവൻ മേഘലങ്ങൾക്കുള്ളിൽ അഭയം തേടിയിരിക്കുന്നു.

ഉച്ചഭക്ഷണം ഒരുതരത്തിൽ അകത്താക്കി, ഇരട്ടക്കരിമ്പടം പുതച്ചു നിദ്രാദേവിയുടെ മടിയിലേക്കു വീഴാൻ തുടങ്ങുമ്പോൾ വാതിൽക്കൽ പയ്യൻ വന്നറിയിച്ചു: "ടെലിഫോണുണ്ട്, ബാബൂ!"

ടെലിഫോണെന്നു കേട്ടപ്പോൾ ആസന്നമായ നിദ്ര എങ്ങോ പോയ്മറഞ്ഞു.

"ഹലോ?"

കനത്ത ശബ്ദത്തിൽ സായിപ്പിൻെറ സ്വരത്തിൽ ഉത്തരം ലഭിച്ചു: "ഡെപ്യൂട്ടി കമ്മീഷണറാണു സംസാരിക്കുന്നതു്."

"ഗുഡ് മോർണിംഗ്, സാർ. ഐ മീൻ..."

"ലുക്ക് ഹിയർ. നിങ്ങളുടെ സെല്ലിൽ സ്ഥലമില്ലേ? ഇല്ലെങ്കിൽ ഒരെണ്ണം ഒഴിച്ചിട്ടുക്കണം. സ്പെഷ്യൽ ഗാർഡിനെയും റെഡിയാക്കിനിർത്തണം."

"ഇപ്പോൾത്തന്നെ ചെയ്യാം, സാർ."

"അരമണിക്കൂറിനകം ഒരു ജയിൽപ്പുള്ളി അവിടെ എത്തും. ആൾ ഭ്രാന്തനാണ്—Dangerous lunatic. കൂട്ടതൽ കുഴപ്പമുണ്ടാക്കുന്നെങ്കിൽ കാൽ വിലങ്ങു വെച്ചോളൂ. ഒററയ്ക്കു സൂക്ഷിക്കണം. വേറെ ആരോടും സംസാരിക്കാതെ നോക്കിക്കൊള്ളണം."

ഞാൻ പേടിച്ചുപോയി. അല്പം കൗതുഹലവും തോന്നാതിരുന്നില്ല. വലിയ യജമാനൻതന്നെ ഇതു ശ്രദ്ധിക്കണമെങ്കിൽ അവനെത്ര ഭയങ്കരനായിരിക്കണം?

അരമണിക്കൂറിനകംതന്നെ ആൾ എത്തി. കൈയിൽ വിലങ്ങ്, അരയിൽ കയറ്. രണ്ടുവശത്തും തോക്കുധരിച്ച പോലീസുകാർ. ഈ കട്ടത്ത തണുപ്പിലും കീറിയ ഒരു പൈജാമയല്ലാതെ ഒന്നുമില്ല അവൻെറ ദേഹത്ത്. പുറത്തും കൈകളിലും എന്നുവേണ്ട ശരീരത്തിൽ മിക്കയിടത്തും അടികൊണ്ട വലിയ പാട്ടുകൾ. ചിലതു പൊട്ടി ചോരയൊലിക്കുന്നു. നെററിയുടെ താഴെ വിങ്ങിവീർത്ത് ഒരു കണ്ണ് ഏതാണ്ടു മുഴുവൻതന്നെ മൂടിയിരിക്കുന്നു. മുകളിലത്തെ ചുണ്ടും വീർത്ത് മൂക്കിനൊപ്പമായിട്ടുണ്ട്.

രണ്ടു പോലീസുകാർ, അരയിൽനിന്നു കയർ അഴിച്ചുമാററി, വലിച്ചു വലിച്ച് അയാളെ എൻെറ മുമ്പിൽ കൊണ്ടുവന്നു നിത്തി. അയാൾ ഒററക്കണ്ണു മിഴിച്ച് എൻെറ നേരെ നോക്കി. ഇതെന്തൊരു Dangerous lunatic?

ഞാൻ പറഞ്ഞു: "വിലങ്ങഴിക്കൂ."

പോലീസുകാർ മടിച്ചുനിന്നു. അവരുടെ ഇൻ–ചാർജ് മുമ്പോട്ടു വന്നു പറഞ്ഞു: "ഭയങ്കര ഭ്രാന്താണ്, സാർ."

"അതെനിക്കറിയാം. വിലങ്ങ് അഴിച്ചു മാററൂ."

വിലങ്ങ് അഴിച്ചയുടനെ 'ഭ്രാന്തൻ' താഴെയിരിക്കുന്നു. ഒരു തവണ അങ്ങുമിങ്ങും നോക്കിയിട്ട് ശുഷ്കസ്വരത്തിൽ പറഞ്ഞു, "വെള്ളം!" വെള്ളം കൊണ്ടുവന്നയുടനെ വാങ്ങി ഒരൊററ ശ്വാസത്തിനു മുഴുവൻ കുടിച്ചു തീർത്തു. ഉടനെ താഴെ വീഴുകയും ചെയ്തു. അയാളുടെ ശരീരം തണുത്തു വിറച്ചു. ചുരുണ്ട് പന്തുപോലെ കിടന്നു അയാൾ. ആപ്പീസിൽ ജോലിചെയ്തുകൊണ്ടിരുന്ന തടവുകാർ ഓടിപ്പോയി രണ്ടു കരിമ്പടം

കൊണ്ടുവന്നു് അയാളെ മൂടി. ദേഹത്തു തൊട്ടുനോക്കിയിട്ടു് അവർ പറഞ്ഞു: "ഓ, ദേഹം പൊള്ളുന്നു, സാർ."

പുള്ളിയെ ആശുപത്രിയിൽ അയയ്ക്കാതെ സെല്ലിൽത്തന്നെ ആക്കേണ്ടിവന്നു. ഡെപ്യൂട്ടികമ്മീഷണറുടെ ഉത്തരവാണു്. ഒരുകാരണവശാലും അതു ലംഘിച്ചുകൂടാ.

ജോലി ധാരാളമുണ്ടായിരുന്നു. വീട്ടിലേക്കു മടങ്ങാൻ അല്പം ഇരുട്ടി. ഓവർക്കോട്ടു് അഴിച്ചുമാററാൻ തുടങ്ങുമ്പോൾ കേട്ടു പറഞ്ഞു: "ഒരാൾ വന്നു കാത്തിരുപ്പുണ്ടു്."

എനിക്കു് അതൊട്ടും രസിച്ചില്ല. ഈ ഭയങ്കര തണുപ്പത്തു്, എങ്ങനെയെങ്കിലും വല്ലതും കഴിച്ചിട്ടു് കരിമ്പടംകൊണ്ടു പുതച്ചുമൂടി കിടക്കാമെന്നാണു വിചാരിച്ചിരുന്നതു്. അതിഥിയുടെ ആഗമനം ഒരു ഉപദ്രവമായിട്ടാണു തോന്നിയതു്.

ഇരുപ്പുമുറിയിൽ കടന്നതും ഒരു വലിയ തുണിക്കെട്ടു് ഒരു തരത്തിൽ എഴുന്നേററുനിന്നു. ഉടനെ ഇരിക്കുകയും ചെയ്തു. മുഖത്തിൻെറ കുറച്ചുഭാഗം മാത്രം പുറത്തു കാണാം. അതിൽനിന്നു് അയാളുടെ ജാതിയോ മതമോ ദേശമോ സംബന്ധിച്ചു് ഒന്നും അനുമാനിക്കാൻ വയ്യ. പ്രായം ഇരുപത്താറോ അമ്പത്താറോ എന്നു പറയാൻ സാദ്ധ്യമല്ല.

ആഗതൻ ബംഗാളിയിൽ പറഞ്ഞു: "ഭയങ്കര തണുപ്പു തന്നെ. ഫ്രീസിംഗ്പോയിൻറ് കഴിഞ്ഞെന്നു തോന്നുന്നു. ഒരുകപ്പു ചായ തരാമോ?"

കേട്ടയോടു് ചായ ഉണ്ടാക്കാൻ പറഞ്ഞിട്ടു് ഞാൻ ജിജ്ഞാസാപൂർവ്വം നോക്കിനിന്നു. അദ്ദേഹം പറഞ്ഞു: "ഞാനെന്തിനാ വന്നതെന്നറിയണം, അല്ലേ? ഇതൊരു സാഹസയാത്രയാണു്. വല്ലവരും അറിഞ്ഞാൽ ജോലിതന്നെ വെള്ളത്തിലാകും. എന്നാലും പോന്നു. ഭാര്യ ഒരുതരത്തിൽ സമ്മതിക്കുകയില്ല. അതൊക്കെ പോട്ടെ, ധനരാജിനു് എങ്ങനെയിരിക്കുന്നെന്നു പറയൂ."

"ഏതു ധനരാജ്?"

"ധനരാജ് തമാങ്ങ്. സിംഗ്ടം ചായത്തോട്ടത്തിൽ

നിന്നു് ഭ്രാന്തനെന്നു പറഞ്ഞു് അയച്ചില്ലേ? നിങ്ങൾ ഇതുവരെ അവനെ കണ്ടിട്ടില്ലെന്നുണ്ടോ?''

''നിങ്ങൾ ആരാണെന്നു പറയാമോ?''

''ഓ, അതു മറന്നു. ശരിയാണു്, കാര്യം പറയുന്നതിനുമുമ്പു് ഞാനാരാണെന്നു് അറിയേണ്ടതാവശ്യംതന്നെ. പോലീസോ, സി. ഐ. ഡി.യോ ആകാമല്ലോ. വാസ്തവത്തിൽ ഞാൻ പോലീസല്ല, ഡാക്ടറാണു്. ഇരുപത്തിരണ്ടു കൊല്ലമായി മുമ്പുപറഞ്ഞ തേയിലത്തോട്ടത്തിൽ ജോലി ചെയ്യുന്നു. പേരു് നിവാരൺ മജുംദാർ. വിശ്വാസമില്ലെങ്കിൽ ഇതാ നോക്കിക്കൊള്ളു,'' എന്നു പറഞ്ഞു് അദ്ദേഹം തൻെറ പർവ്വതപ്രമാണമായ വസ്ത്രസ്തൂപത്തിൻെറ ഏതോ ഒരു ഭാഗത്തുനിന്നു് സ്റ്റെതോസ്കോപ്പ് എടുത്തു കഴുത്തിൽ തൂക്കി.

വളരെ വിരളമാണെങ്കിലും ലോകത്തു് ഒരുതരം ആൾക്കാരുണ്ടു്—പരിചയക്കുറവോ പരിചയമില്ലായ്മയോ അവർക്കു മററുള്ളവരുമായി അടുക്കാൻ തടസ്സമാകാറില്ല. അന്യരെ സ്വന്തമാക്കാൻ അവർക്കു് ഒരു നോട്ടം മാത്രം മതി. ഈ ഡാക്ടർ ഇത്തരക്കാരനാണെന്നു് എളുപ്പം മനസ്സിലായി. ഞങ്ങൾ നിമിഷമാത്രംകൊണ്ടു് അടുത്തു. എങ്കിലും ഞാനല്പം ഗൗരവസ്വരത്തിൽ പറഞ്ഞു: ''ഒരു കഷണം റബ്ബർക്കുഴൽ കാണിച്ചാൽ പറഞ്ഞതൊക്കെ വിശ്വസിക്കാൻമാത്രം കുട്ടിയല്ല, ഞാൻ. അറിഞ്ഞുകൂടേ, ജയിലിലെ ആൾക്കാരാണു ഞങ്ങൾ.''

അദ്ദേഹം ഉറക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു: ''അറിഞ്ഞുകൂടേ എന്നോ? അറിയാവുന്നതുകൊണ്ടാണല്ലോ ഈ രാത്രിക്കു കയറി വന്നതു്. അന്വേഷിക്കാതെ ജയിൽവളപ്പിൽ കാൽകുത്തുമോ? വേറൊന്നുമില്ലെങ്കിലും പ്രാണഭയമില്ലേ?''

പെട്ടെന്നു് അദ്ദേഹം സ്വരം താഴ്ത്തി അല്പംകൂടി അടുത്തുവന്നു ചോദിച്ചു: ''പിന്നെ, വിശേഷമെന്താണെന്നു പറയൂ, ചങ്ങാതീ. ഉണ്ടോ അതോ കഴിഞ്ഞോ?''

ഞാൻ പറഞ്ഞു: ''കണ്ടിടത്തോളം, തുമ്പില്ലെങ്കിലും നാളെ തീർച്ചയായും കഴിയുമെന്നു തോന്നുന്നു.''

ഡാക്ടർ നിശ്ശബ്ദനായി. അദ്ദേഹത്തിൻെറ തലയിലെ തൊപ്പിയും കഴുത്തിൽ ചുററിയ തുണിയും കൊണ്ടു മുഖം ശരിക്കു

കണ്ടുകൂടാ. എങ്കിലും ഒരു നെട്ടുവീർപ്പിന്റെ ഒച്ച ചെവിയിലെത്തി.

കേട്ട, ചായ കൊണ്ടുവന്നു വച്ചിരുന്നു. ഞാൻ കപ്പെട്ടത്തു് അതിൽത്തന്നെ നോക്കിയിരുന്നു. വളരെനേരം അങ്ങനെ നിശ്ശബ്ദം കടന്നുപോയി. ചായപ്പാത്രം ഒഴിഞ്ഞു. പെട്ടെന്നു് അദ്ദേഹത്തിന്റെ ശബ്ദം കേട്ട ഞെട്ടിപ്പോയി. ഇതു വേറെ ആരോ ആണെന്നു തോന്നി. ദൂരെ എവിടെയോ നോക്കിക്കൊണ്ടു സാവധാനം പറഞ്ഞു: "ഇതുപോലുള്ള വേറൊരു ദിവസം ഓർമ്മവന്നു. ധനരാജ് അന്നു വെറും കൂലിക്കാരനാണു്, സർദാരായിട്ടില്ല. ഈ നോർട്ടൻസായ്പു് അസിസ്റ്റന്റുമാനേജരായിരുന്നു. വിനോദപ്രിയനായ യുവാവു്. നല്ലപോലെ വയലിൻ വായിക്കും. അദ്ദേഹത്തിന്റെ മുറിയിൽ വലിയൊരു പിയാനോവുമുണ്ടു്. പാടാനും ആടാനുംവേണ്ടി സായ്പന്മാരും മദാമ്മമാരും മിക്കവാറും ദിവസം അദ്ദേഹത്തിന്റെ ബംഗ്ലാവിൽ കൂടും. ആ ദിവസത്തെ ഒരുക്കങ്ങൾ അല്പം വിപുലമായിരുന്നു. അടുത്ത തോട്ടങ്ങളിലെ വെള്ളക്കാരെക്കൂടാതെ ഡാർജിലിംഗിൽനിന്നു് ഡെപ്യൂട്ടി കമ്മീഷണറും പോലീസ് ഇൻസ്പെക്ടരും എത്തിയിരുന്നു. തിന്നാനും കുടിക്കാനും വമ്പിച്ച ഏർപ്പാടുകൾ. സായ്പന്മാരെ രസിപ്പിക്കാൻ കാട്ടുജാതിക്കാരായ ഏതാനും യുവതികളെയും കൊണ്ടുവന്നിരുന്നു. രാത്രി പത്തുമണിയായിക്കാണും. ഈ സമയത്താണു മനസ്സിലായതു്—കുഴപ്പംതന്നെ; മദ്യം തീർന്നിരിക്കുന്നു. വളരെ വിശ്വാസിയും പരിശ്രമിയും ചുറുചുറുക്കുള്ളവനുമെന്ന പേരു് ധനരാജിനുണ്ടായിരുന്നു. പാവം കിടന്നു് ഉറങ്ങുകയായിരുന്നു. ആരോ പോയി അവനെ വിളിച്ചുണർത്തിക്കൊണ്ടുവന്നു. അങ്ങോട്ടും ഇങ്ങോട്ടുംകൂടി പതിനഞ്ചും പതിനഞ്ചും മുപ്പതു മൈൽ, കുതിരപ്പുറത്തു കയറിപ്പോയി പട്ടണത്തിൽനിന്നു് മദ്യം കൊണ്ടുവരണം. രണ്ടുമണിക്കൂർ സമയം കൊടുത്തു. ധനരാജ് പാഞ്ഞു. അന്ധകാരമയമായ രാത്രി. കാട്ടിനു നടുക്കുകൂടിയുള്ള വഴി. കയററങ്ങളും ഇറക്കങ്ങളും. മടങ്ങിവന്നപ്പോൾ ഒന്നടിച്ചു് മുപ്പത്തഞ്ചു മിനിട്ടായി. ശരീരം മുഴുവൻ വിയർപ്പിൽ മുങ്ങിയിരിക്കുന്നു. കുതിരയുടെ വായിൽനിന്നു് നരയൊലിക്കുന്നു. മാനേജർ ആടിയാടി ഇറങ്ങിവന്നു. കണ്ണു്

ച്ചുവന്നു കലങ്ങിയിരിക്കുന്നു. കുഴഞ്ഞ സ്വരത്തിൽ അലറി: "എന്താടാ താമസിച്ചതു്, നായേ?"

ധനരാജിനു് ഒന്നും പറയാൻ പാടില്ലായിരുന്നു. എങ്കിലും വളരെ വിഷമിച്ചു പറഞ്ഞു: "വഴിക്കു കട്ടവാ വന്നു. അല്പം വളഞ്ഞു പോകേണ്ടിവന്നു."

സായ്പു് ഗർജ്ജിച്ചു: "പ്യൂൺ!"

പ്യൂൺ ഓടിവന്നു.

"എൻെറ ചാട്ട!"

ചാട്ട വന്നു. ധനരാജിൻെറ പുറം പൊളിഞ്ഞു. ഏതാനും കൂലിക്കാർ ചേർന്നു് അവൻ്റെ ബോധരഹിതമായ ശരീരം എൻെറ ആശുപത്രിയിൽ കൊണ്ടുവരുമ്പോഴും ആ മുഖത്തു നിന്നു് ചോര ഒലിക്കുന്നുണ്ടായിരുന്നു.

ഡാക്ടർ നിർത്തി. ആ രംഗം അദ്ദേഹം മുമ്പിൽ കാണുന്നതുപോലെ തോന്നി. അല്പം കഴിഞ്ഞു വീണ്ടും തുടങ്ങി: "ഞാൻ വിചാരിച്ചതു ചത്തുപോകുമെന്നാണു്. മരിക്കുകയായിരുന്നു നല്ലതെന്നു തോന്നുന്നു. പക്ഷേ, കൂലിക്കാരുടേയും തൊഴിലാളികളുടേയും ജീവൻ അത്ര എളുപ്പം പോകുമോ? ഏതാനും ദിവസത്തിനകം അവൻ സുഖമായി എഴുന്നേറ്റു."

ഞാൻ പറഞ്ഞു: "എഴുന്നേററില്ലെങ്കിൽപ്പിന്നെ സായ്പിൻെറ ചാട്ട വീഴുന്നതെവിടെ?"

ഡാക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു: "ശരിയാണു്. സുഖമായി എഴുനേല്ക്കേണ്ട ആവശ്യം വേറെയുമുണ്ടായിരുന്നു. ആ കഥയാണു പറഞ്ഞുകൊണ്ടുവരുന്നതു്."

ഒരുമാസം കഴിഞ്ഞപ്പോൾ നോർട്ടൻസായ്പിനു സുഖമില്ലാതായി. ഞാൻ ചെന്നു നോക്കിയപ്പോൾ കുറച്ചു കുഴപ്പമാണു്. രണ്ടുതവണ വെളിക്കുപോയപ്പോൾത്തന്നെ പൾസ് നിന്നു, കണ്ണു കുഴിഞ്ഞു, ഒച്ച പൊങ്ങാതായി. ബെഡ്പാൻ എടുത്തു മാററാനായി ഞാൻ ശുപ്പുകാരനെ വിളിച്ചു. മറുപടിയില്ല. പിന്നീടു് ബോയ്, ബെയറർ, പ്യൂൺ, വേലക്കാരൻ എല്ലാവരേയും വിളിച്ചു. ആരും വിളി കേട്ടില്ല. പുറത്തുവന്നു നോക്കിയപ്പോൾ വീടു തികച്ചും ശൂന്യമായിരിക്കുന്നു. ഒരാൾ മാത്രമുണ്ടു്—ധനരാജ് തന്നെയാണു്.

"ഏണ്ട്, നീയിവിടെ എന്തുചെയ്യുന്നു?"

ധനരാജിൻെറ മുഖം വല്ലാതായി: "സായ്വിനു വലിയ സുഖക്കേടാണോ ഡാക്റ്റർ ബാബൂ?"

"അതെ, വലിയ സുഖക്കേട്. കോളറ. നീ പോ."

അവൻ പോയി. സ്വന്തം വീട്ടിലേക്കല്ല, സായ്വിൻെറ കിടപ്പുമുറിയിലേക്ക്. അവൻ സ്വന്തം കൈകൊണ്ടു മുറി വൃത്തിയാക്കി. പിന്നീട് അവൻ ചെയ്ത ശുശ്രൂഷ സായ്വിൻെറ ഭാര്യയോ അമ്മയോ പോലും ചെയ്യുകയില്ലായിരുന്നെന്നു തോന്നുന്നു.

നോർട്ടൻ രക്ഷപ്പെട്ടു. ധനരാജിനു് രണ്ടു പത്തുരൂപാനോട്ടു ബക്ശിഷ് കിട്ടി. സായ്വ് അക്രമിയായിരിക്കാമെങ്കിലും നന്ദികെട്ടവനല്ല. ഒരു വർഷത്തിനകം അവനു് പ്രമോഷൻ കൊടുത്തു, കൂലിക്കാരുടെ സർദാരായി.

അന്നുതന്നെ എന്നെ കാണാൻവന്നു. കൈയിൽ ഒരു ആട്ടിൻകുട്ടി.

"ഇതെന്താ?"

ധനരാജ് ചിരിച്ചുകൊണ്ടു പറഞ്ഞു: "കുഞ്ഞിനു് കളിപ്പിക്കാൻ."

"എന്തൊരു കഷ്ടം, അതിനെ ആരു വളർത്തും?" ധനരാജ് കേട്ടില്ല. എൻെറ കുട്ടിയും ആ കളിപ്പാട്ടം ഉപേക്ഷിക്കാൻ തയാറായില്ല. അവനാണു് അവളെ എടുത്തുകൊണ്ടു നടന്നു് വളർത്തിയിരുന്നതു്.

പിന്നീടൊരുദിവസം ഞാനവനോടു പറഞ്ഞു: "സർദാരായില്ലേ? ഇനിയൊരു കല്യാണം കഴിക്ക്."

ധനരാജ് ലജ്ജാപുരസ്സരം ചിരിച്ചുകൊണ്ടു പറഞ്ഞു: "അതിനു പെണ്ണെവിടെ?"

"അതെന്താ, ഇവിടെ ഈ ചാളയിൽ എത്രയോ പെൺകുട്ടികളിരിക്കുന്നു." കാണാൻകൊള്ളാവുന്ന മൂന്നുനാലു പെൺകുട്ടികളുടെ പേരു ഞാൻ പറഞ്ഞു. അവൻെറ മുഖം വെറുപ്പുകൊണ്ടു് സങ്കോചിച്ചു. അവൻ പറഞ്ഞു: "അവരുടെ പേരു വാകൊണ്ടു പറയരുതു്, ബാബു. തൊട്ടാൽ കുളിക്കണം അവരെ. അവരെവിടെയാ രാത്രി കഴിക്കുന്നതെന്നു് ഞാൻ കണ്ണിനുമുമ്പിൽ കണ്ടിട്ടുണ്ടു്." അവൻ മാനേജരുടെ വീടിന്റെ നേരെ ആംഗ്യം കാണിച്ചു.

കാര്യം ശരിയാണെന്നു് എനിക്കറിയാം, എല്ലാവർക്കുമറി യാം. പക്ഷേ, ചാളയിലെ ജീവിതത്തിലെ മററു പല ദൂഷ്യ ങ്ങളെയുംപോലെ ഒഴിച്ചുകൂടാത്ത ഒന്നായി എല്ലാവരും അതു സ്വീകരിച്ചിരുന്നു. ഈ നിസ്സാരകാരണംകൊണ്ടു് അവിട ത്തെ ഒരു പെണ്ണും കല്യാണം കഴിക്കാതിരുന്നിട്ടില്ല. ഇത്തരം വെറുപ്പു് കൂലിക്കാരനായ ഒരു യുവാവിൻെറ മുഖത്തും കണ്ടി ട്ടുമില്ല.

ഡാക്ടറുടെ സിഗററ്റ് തീന്നിരുന്നു. ഞാൻ കേട്ടയെ വിളി ച്ചു സിഗററ്റുകേസ് കൊണ്ടുവരാൻ പറഞ്ഞു. അവൻ വന്ന പ്പോൾ അദ്ദേഹം ഗ്രാമ്യഭാഷയിൽ പറഞ്ഞു: "നീയെന്തു ചായയാ ഉണ്ടാക്കിക്കൊണ്ടുവന്നതു്? ഇത്തരം പാൽസവ്വത്ത് നിൻെറ ബാബുവിനു കൊട്ടത്താൽമതി. ഞാൻ നിൻെറ യൊക്കെ നാട്ടുകാരനാണു്. എനിക്കു നല്ലൊരു കപ്പു്— മനസ്സിലായോ?"

കേട്ട അടക്കിച്ചിരിച്ചു. തലയാട്ടി അറിയിച്ചു, മനസ്സി ലായെന്നു്.

ഞാൻ ഗൗരവത്തിൽ ചോദിച്ചു: "ഡാക്ടറുടെ കൈയിൽ തലചുററലിനു മരുന്നുണ്ടോ?"

ഡാക്ടർ അല്പം വിഷമത്തോടെ ചോദിച്ചു: "എന്താ നിങ്ങൾക്കു തല ചുററുന്നോ?"

ഗൗരവത്തിൽത്തന്നെ ഞാൻ പറഞ്ഞു: "ഇല്ല, ഇപ്പോഴി ല്ല. എന്നാലും നിങ്ങളുടെ ചായ കാണുമ്പോൾ ചുറ്റും. അതാ ണു് നേരത്തേ മരുന്നു തയ്യാറാക്കി വെച്ചേക്കാമെന്നു വിചാ രിച്ചതു്."

അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: "ക്ഷമിക്കു ചങ്ങാ തി, ഈ തണുപ്പുരാജ്യത്തു് ഒരു കൊല്ലം താമസിക്കു്. അപ്പോൾ കാണാം, ആരുടെ ചായ കണ്ടിട്ടു് ആക്കു തലചുററുമെന്നു്."

ഞാൻ സിഗററെറടുത്തു നീട്ടിക്കൊണ്ടു പറഞ്ഞു: "പോ ട്ടെ, വരാൻപോകുന്ന കാര്യമൊക്കെ പിന്നെപ്പറയാം. നിങ്ങൾ കഥ തുടരൂ."

ഡാക്ടർ സിഗററു കത്തിച്ചു് നീട്ടി ഒന്നു വലിച്ചുകൊണ്ടു

പറഞ്ഞു: "എൻെറ മകളുടെ കല്യാണം തീർച്ചപ്പെട്ടത്തി. കുടുംബസഹിതം വീട്ടിൽ പോകാനൊരുങ്ങുമ്പോൾ ധനരാജ് പറഞ്ഞു, താനും വരുന്നെന്ന്. എൻെറ ഭാര്യക്കു സ്വർഗ്ഗം കിട്ടിയതുപോലെയായി. നിങ്ങൾക്കറിയാമല്ലോ, നമ്മളെപ്പോലുള്ള ഉദ്യോഗസ്ഥന്മാർക്ക് സ്വദേശമാണ് ശരിക്കു വിദേശം. നാട്ടുകാർക്കും വീട്ടുകാർക്കുപോലും നമ്മോട്ട് അടുപ്പമുണ്ടാവില്ല."

ധനരാജിനെപ്പോലെ സമർത്ഥനായ ഒരാളെ സ്വന്തക്കാരനായി കിട്ടിയപ്പോൾ എനിക്കും സന്തോഷമായി. എനിക്കു ധൈര്യം കിട്ടി. ഞാൻ സായ്പിനോടു പറഞ്ഞ് അവന് അവധിയനുവദിപ്പിച്ചു.

വിവാഹത്തിൻെറ ബഹളം കഴിഞ്ഞിട്ടും രണ്ടുദിവസം എനിക്കവിടെ തങ്ങേണ്ടിവന്നു. അമ്മ അവനെ അത്ര എളുപ്പം വിടാൻ ഒരുക്കമായിരുന്നില്ല. പോരുമ്പോൾ പ്രണാമം ചെയ്തപ്പോൾ അമ്മ അവൻെറ തലയിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: "നിൻെറ അമ്മയോട്ട് എനിക്ക് അസൂയ തോന്നുന്നുണ്ട്, ധനരാജ്. നിന്നെപ്പോലൊരു മകനെ പെററത് അവരുടെ തപസ്സിൻെറ ശക്തികൊണ്ടുതന്നെ."

ഞാൻ വെറുതെ നോക്കിനിന്നു. തനി യാഥാസ്ഥിതികവാദിയായ ബ്രാഹ്മണവിധവയാണ് എൻെറ അമ്മ. ധനരാജോ, അസ്പൃശ്യനും അനാചാരിയുമായ കാട്ടുജാതി കൂലിക്കാരൻ.

സപരിവാരം മടങ്ങി. പോഡാദഹസ്റ്റേഷനിലിറങ്ങി ഡാർജിലിംഗ് മെയിൽ കാത്തു നില്പായി. പ്ളാററ്ഫോമിൽ, കടകൾക്കു മുമ്പിൽ കുറച്ചുനേരമായി എന്തോ ബഹളം നടക്കുന്നു. വേറെ ജോലിയൊന്നും ഇല്ലാത്തതുകൊണ്ട് അതു നോക്കാൻ പോയി. അല്പം ഉള്ളിലേക്കു കടന്നപ്പോൾ കണ്ടു—ഒരു പെണ്ണ് സാഷ്ടാംഗം കിടന്ന് ഒരു നേപാളിയുടെ കാൽ പിടിച്ചു കരയുന്നു. അയാൾ അവളെ കട്ടത്ത ഭാഷയിൽ ചീത്ത പറയുന്നു. അയാളുടെ ശകാരം ചെവിയിലെത്തി: "കാൽ വിട്, നശിച്ചവളേ. നിന്നെ ഞാനൊരിക്കലും വീട്ടിൽ കയററുകയില്ല."

പെണ്ണു കരഞ്ഞുകൊണ്ടു ചോദിക്കുന്നു: "പിന്നെ ഞാൻ എവിടെപ്പോകും?"

നേപാളി മുഖം ചുളുക്കി അവളുടെ സംസാരരീതി അനുകരിച്ചു പറഞ്ഞു: "എവിടെ പോകുമെന്നോ? അതെന്താ, ഒരു രാവും ഒരു പകലും കഴിച്ചുകൂട്ടിയില്ലേ. ആങ്ങോട്ടുതന്നെ ചെല്ലു" എന്നു പറഞ്ഞു് അയാൾ അശ്ലീലമായ ഒരാംഗ്യം കാണിച്ചു. ആൾക്കൂട്ടം ഉറക്കെ ചിരിച്ചു.

കാര്യം മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. ഒരു മാന്യനോടു ചോദിച്ചപ്പോൾ എല്ലാം പിടികിട്ടി.

ഈ നേപാളി, പോഡാദഹസ്റ്റേഷനിലെ ചെറിയൊരു ടീസ്റ്റാളിൻെറ ഉടമസ്ഥനാണു്. പെണ്ണു് അയാളുടെ ഭാര്യയും. അവൾ ചെറുപ്പമാണു്, കാണാനും കൊള്ളാം. ഈയവസ്ഥയിൽ ഈ പ്രദേശത്തു് സാധാരണ സംഭവിക്കാറുള്ളതു് സംഭവിച്ചു. ഏതോ അയൽഗ്രാമത്തിൽനിന്നു മുസൽമാൻ ഗുണ്ടകളുടെ സംഘം രാത്രി വന്നു് കട വളഞ്ഞു. ഉടമസ്ഥൻ പുരുഷനായിരുന്നു. അയാൾ എങ്ങനെയോ ഓടി രക്ഷപ്പെട്ടുകളഞ്ഞു. അവർ പെണ്ണിനെ, വാ മൂടിക്കെട്ടി പിടിച്ചുകൊണ്ടുപോയി. പിന്നീടു് ഒരു രാവും ഒരു പകലും അവൾ എവിടെ എങ്ങനെ കഴിച്ചുകൂട്ടിയെന്നതിൻെറ ബീഭത്സചരിത്രം പരസ്യമായി പറയേണ്ട ആവശ്യമില്ല. രാത്രി ഇരുട്ടത്തു് അവൾ എങ്ങനെയോ രക്ഷപ്പെട്ടു. ഓടി കുടുംബത്തു വന്നിരിക്കുകയാണു്. ആ കുടുംബം എന്നെന്നേക്കുമായിത്തന്നെ തകന്ന വിവരം അവളറിഞ്ഞില്ല.

ഡാക്ടറുടെ മൃദുസ്വരം സാവധാനം താഴ്ന്നുകൊണ്ടിരുന്നു. രണ്ടുമിനിട്ടു് മിണ്ടാതിരുന്നിട്ടു് അദ്ദേഹം തുടന്നു:

"നമ്മുടെ നാട്ടിലെ മഹാന്മാർ സ്ത്രീകളെ ഗൃഹിണിയെന്നും ഗൃഹനായികയെന്നുമൊക്കെ വിളിച്ചിട്ടുണ്ടു്. അല്പം കവിഭാവനയുള്ളവർ രണ്ടു ഡിഗ്രികൂടി മുമ്പോട്ടു നീങ്ങി ഗൃഹലക്ഷ്മി എന്നും ഗൃഹത്തിൻെറ അധിഷ്ഠാനദേവതയെന്നും വിളിച്ചിട്ടുണ്ടു്. ഇതെല്ലാം വെറും വീൺവാക്കുകളാണു്. അവരാണു് ജീവിതവും ഹൃദയരക്തവും ബലിയപ്പിച്ചു് ഗൃഹം കെട്ടിപ്പടുക്കുന്നതു്. പക്ഷേ, അവരുടെയല്ല ഗൃഹം. ഗൃഹത്തിലെ ദേവത പുരുഷനാണു്. അതുകൊണ്ടാണു് ഇന്നലെ അയാൾ തൻെറ പ്രിയതമയെ, ഗൃഹലക്ഷ്മിയെ, ഗുണ്ടകളുടെ കൈയിൽ വിട്ടിട്ടു്

ഓടി പ്രാണൻ രക്ഷിച്ചതു്, ഇന്നു് അവളെ വിധിയുടെ കൈയിലെറിഞ്ഞു് ധർമ്മം രക്ഷിക്കുന്നതു്.''

ഞാൻ ആൾക്കൂട്ടത്തിൽനിന്നു് നിശ്ശബ്ദം പുറത്തേക്കു പോന്നു...

''ക്ഷമിക്കണം, ഡാക്ടർ ബാബു.'' ഞാൻ അദ്ദേഹത്തെ തടസ്സപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ''നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ സമ്മതിച്ചു. പക്ഷേ, നിങ്ങളെപ്പോലെ നിശ്ശബ്ദം ഇറങ്ങിപ്പോരാൻ എനിക്കു കഴിയുമായിരുന്നില്ല.''

''നിങ്ങൾ എന്തുചെയ്യും?''

''ചെരുപ്പൂരി ആ മൃഗത്തിൻെറ മുഖത്തടിക്കും. സാധിച്ചാലും ഇല്ലെങ്കിലും അതിനു ശ്രമിക്കുകയെങ്കിലും ചെയ്യും.''

''അതുകൊണ്ടു് എന്തുലാഭം? നിങ്ങളുടെ ചെരുപ്പു് ചീത്തയാകും. പൈസ കൊടുത്തു് വേറൊരു ജോടി വാങ്ങേണ്ടിവരും.''

എനിക്കു് ഇതിനുത്തരം പറയാൻ സാധിച്ചില്ല. അദ്ദേഹം അല്പനേരം കാത്തിരുന്നിട്ടു പറഞ്ഞു: വളരെനാൾ മുമ്പത്തെ കഥയാണു്. ഈ തലമുടി അന്നിത്രയും നരച്ചിട്ടില്ല. എങ്കിൽക്കൂടി നേപാളിയുവാവിനെക്കാൾ വളരെ വലിയ മൃഗങ്ങൾ നിങ്ങളുടെ പരിഷ്കൃതസമുദായത്തിൽ നിർബാധം വിഹരിക്കുന്നുണ്ടെന്നു് അന്നുപോലും ഞാൻ മനസ്സിലാക്കിയിരുന്നു. അവരെയൊക്കെ അടിക്കാൻ നമുക്കു കഴിയുമോ? നിസ്സാരനായ ഈ ചായക്കടക്കാരനെ അടിച്ചിട്ടു് എന്തുകിട്ടാൻ? എന്നാലും— ശരിയാണു്—രംഗം കുറച്ചു നാടകീയമാക്കാമായിരുന്നു. എനിക്കു് അതേപ്പററി ചിന്തയില്ല. ഞാനിനി വിവരിക്കാൻ പോകുന്ന രംഗം അതിലൊക്കെ വളരെയേറെ നാടകീയമാണു്.

സ്റ്റേഷൻമാസ്റ്ററുടെ ആപ്പീസിൽ ചെന്നപ്പോൾ ഒരു നല്ല വാർത്ത കേട്ടു—വണ്ടി രണ്ടുമണിക്കൂർ ലേററ്. സ്ത്രീകളുടെ വെയിററിംഗ്റൂമിൽ ചെന്നു നോക്കി. ഭാര്യയും മകളും സുഖമായി കിടന്നുറങ്ങുകയാണു്. സമയം കളയാൻ ഇത്ര എളുപ്പവും സനാതനവുമായ ഒരു വഴി തുറന്നുകിടക്കുമ്പോൾ താനെന്തിനു് അങ്ങുമിങ്ങും ചുററിനടക്കുന്നു? കമ്പിളിയെടുത്തു കക്ഷത്തിലിടുക്കി സൗകര്യമായ ഒരു മൂല തിരയുമ്പോൾ തടസ്സം മൂർത്തീകരിച്ച മട്ടിൽ ധനരാജ് മുമ്പിലെത്തി.

"എവിടെയായിരുന്നു ഇതുവരെ?"

എൻെറ ചോദ്യത്തിനു് ഉത്തരമുണ്ടായില്ല. അവൻ അല്പ നേരം എൻെറ മുഖത്തു സൂക്ഷിച്ചു നോക്കിയിട്ടു് പറഞ്ഞു: ദേഷ്യപ്പെട്ടുകയില്ലെങ്കിൽ ഒരു കാര്യം പറയാനുണ്ടു്."

"എന്താ അതു്? പറഞ്ഞോളൂ. എന്തിനാ ദേഷ്യപ്പെടുന്നതു്?"

"ആ പന്നി ഓടിക്കളഞ്ഞു. അവൻെറ തന്തേടെ ഭാഗ്യം, ഞാനിത്തിരി പിന്നിലായിപ്പോയതു്. രണ്ടുമിനിട്ടുമുമ്പേ ഞാൻ വന്നെങ്കിൽ അവൻെറ പല്ലു തല്ലിക്കൊഴിച്ചേനെ."

ധനരാജിൻെറ കണ്ണുകൾ ജ്വലിച്ചു. ഞാൻ പറഞ്ഞു: "നിൽക്കു്. അത്രയും ശൗര്യം കാണിക്കാഞ്ഞതു നന്നായി. അവൻെറ പല്ലു് നമുക്കെന്തിനാ? ഇപ്പോഴെന്താ നീ ചെയ്യാൻ പോകുന്നതു്?"

"അതു നിങ്ങൾക്കു മനസ്സിലായിക്കാണുമല്ലോ."

"കുറച്ചൊക്കെ മനസ്സിലായി. പക്ഷേ, അവളെ കൊണ്ടു പോയി എവിടെ താമസിപ്പിക്കും?"

"വീട്ടിൽ താമസിപ്പിക്കും. അല്ലാതെവിടെ കൊണ്ടുപോകാൻ?"

ഞാനവൻെറനേരെ നിർന്നിമേഷനായി നോക്കിനിന്നു. അവൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "കല്യാണപ്പെണ്ണിനെ വേറെ എവിടെ താമസിപ്പിക്കാൻ?"

"നീ കഥയെല്ലാം കേട്ടോ?"

"കേട്ടു."

പിന്നീടു് എനിക്കൊന്നും പറയാൻ തോന്നിയില്ല. മറ്റൊരാൾ ഉപേക്ഷിച്ച സ്ത്രീയെ വിവാഹം കഴിക്കുന്നതു് അവരുടെ സമുദായത്തിൽ നിഷിദ്ധമല്ലെന്നു് എനിക്കറിയാം. പക്ഷേ, എന്നുവെച്ചു് ഈ പെണ്ണിനെ? അതും അവളുടെ ചരിത്രം മുഴുവൻ അറിഞ്ഞിരുന്നുകൊണ്ടു്? അവനെ തടസ്സപ്പെടുത്തുകയാണു് എൻെറ കർത്തവ്യമെന്നു തോന്നി. വഴിക്കുവെച്ചു് ഈ തോന്ന്യാസം കാണിക്കുന്നതിനു് അവനെ കഠിനമായി ശകാരിക്കുകയാണു വേണ്ടതു്. പക്ഷേ, സത്യം പറയട്ടെ, ഡെപ്യൂട്ടി ബാബു! അവൻെറ കണ്ണിലേക്കു നോക്കിയപ്പോൾ എൻെറ മനസ്സലിഞ്ഞുപോയി. എങ്ങനെയെങ്കിലും സാഹസികത്വം

കാണിക്കുമെന്ന മനോഭാവമല്ല അവൻെറ മുഖത്തു്. ഇതു് കുട്ടിക്കളിയല്ല. എനിക്കു് ഒരിക്കലും സാധിക്കുകയില്ലെന്നതു പോകട്ടെ. ഞാനെത്രയോ തുച്ഛനാണു്. വലിയ വലിയ ആദർശവാദികൾപോലും പിന്നോട്ടു മാറുന്ന രംഗത്തു് ഈ കൂലിക്കാരൻ എത്രയെളുപ്പം തീരുമാനമെടുത്തു.

അനാവശ്യമാണെന്നു് അറിഞ്ഞുകൊണ്ടുതന്നെ ഞാൻ ചോദിച്ചു: "നല്ലപോലെ ആലോചിച്ചുനോക്കിയോ?"

"നോക്കി."

"അവൾ സമ്മതിക്കുമോ?"

"അറിഞ്ഞുകൂടാ. ഞാൻ ചോദിച്ചു. അവളൊന്നും പറഞ്ഞില്ല. കരയുകമാത്രം ചെയ്തു."

"ഓഹോ, അതിനാണോ എന്നെ വിളിച്ചതു്? പക്ഷേ, എൻെറ ദല്ലാൾപ്പണം എവിടെ?"

ധനരാജ് പെട്ടെന്നു് എൻെറ കാൽതൊട്ടു് തലയിൽ വെച്ചു് ഒരുവശത്തേക്കു നീങ്ങി തലതാഴ്ത്തി നിന്നു. അവൻെറ മുഖത്തു് ലജ്ജനിറഞ്ഞ ഒരു ചിരി പരന്നു.

ഞാൻ ഉറക്കത്തോടു യാത്രപറഞ്ഞു് അവൻെറ ഒപ്പം പോയി. പെണ്ണു് പീടികയുടെ മുമ്പിൽനിന്നു മാറി ഒരു മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. അടുത്തുചെന്നയുടനെ ധനരാജ് പറഞ്ഞു: "ഡാക്ടർബാബു വന്നിരിക്കുന്നു."

അവൾ മുഖമുയർത്തി എൻ്റെ നേരെ നോക്കി. സുന്ദരമായ മുഖം. ആ കണ്ണുകളിലെ നിസ്സഹായത ഒരിക്കൽ കണ്ടാൽത്തന്നെ അവളോടു് അനുകമ്പതോന്നും. ഞാൻ അവരുടെ കാട്ടുഭാഷയിൽ പറഞ്ഞു: "നിൻെറ കഥയെല്ലാം കേട്ടു. നിനക്കു് അച്ഛനുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. എന്നെ നിനക്കു് സ്വന്തം അച്ഛനെപ്പോലെ വിശ്വസിക്കാം. ധനരാജിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "ഇവനെ ഞാൻ മകനെപ്പോലെ അറിയും. അവൻ നിന്നോടു പറഞ്ഞ കാര്യം നീ നല്ലപോലെ ആലോചിച്ചുനോക്കു്. ഞാൻ നിർബന്ധിക്കുകയില്ല. എങ്കിലും ഒരുകാര്യം ഉറപ്പിച്ചുപറയാം, ഇവനെ കല്യാണം കഴിക്കുന്ന പെണ്ണു് ഒരിക്കലും ദുഃഖിക്കേണ്ടിവരില്ല."

പെണ്ണു് അല്പനേരം എന്തോ ആലോചിച്ചു. എന്നിട്ടു്

എൻെറ കാൽക്കൽ വീണു പറഞ്ഞു: "നിങ്ങളാണു് എൻെറ അച്ഛൻ, ബാബുജി."

പിന്നീടൊന്നും പറയാൻ അവൾക്കു കഴിഞ്ഞില്ല. ബാക്കി പറയാനുണ്ടായിരുന്നതു് അവളുടെ കണ്ണുനീർ പറഞ്ഞു.

ഞാൻ ചെറിയൊരു നാടകംതന്നെ അഭിനയിച്ചുകളഞ്ഞു, അല്ലേ? ധനരാജായിരുന്നു ഇതിലെ ശരിയായ ഹീറോ. ഞാനൊരു ഉപകഥാപാത്രം മാത്രം.

എന്നു പറഞ്ഞിട്ടു് ഡാക്ടർ ബാബു ഉറക്കെ പൊട്ടിച്ചിരിച്ചു. ഞാൻ അദ്ദേഹത്തിൻെറ ചിരിയിൽ പങ്കുചേരാതെ ഗൗരവത്തോടുകൂടിത്തന്നെ പറഞ്ഞു: "നിങ്ങളുടെ റോൾ എന്തായിരുന്നെന്നു് നാടകത്തിൻെറ അവസാനംവരെ പറയാതെ അറിയാൻ കഴിയുകയില്ല. അതുകൊണ്ടു്—Next scene please!"

ഡാക്ടർ ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു: "ശരി, എന്നാൽ കേട്ടോളൂ."

പെണ്ണിനു് ആരോഗ്യം വീണ്ടുകിട്ടാൻ ഒരുമാസം വേണ്ടിവന്നു. ഈ കാലം മുഴുവൻ എൻെറ വീട്ടിലായിരുന്നു താമസമെന്നു പറയേണ്ടതില്ലല്ലോ. ഞാനവളെ ആശുപത്രിയിൽ അയയ്ക്കാനാലോചിച്ചതാണു്. പക്ഷേ, ഭാര്യ സമ്മതിച്ചില്ല. അവൾ സകല ഭാരവും സ്വയം ഏറെറടുത്തു. ഞാനവളെ മനസ്സിലാക്കാൻ ശ്രമിച്ചു: "ആശുപത്രിയിൽ ധാരാളം സൗകര്യമുണ്ടു്. ഈ വീട്ടിലെന്തിനു് ഈ ഉപദ്രവം വലിച്ചുകയറ്റുന്നു?"

ഭാര്യ ചുരുക്കിപ്പറഞ്ഞു: "അതൊന്നും നിങ്ങൾക്കു മനസ്സിലാകുകയില്ല." 'നിങ്ങൾക്കു്' എന്നു് അവൾ വളരെ ഊന്നിയാണു പറഞ്ഞതു്. എന്താണു് അവളതുകൊണ്ടു് ഉദ്ദേശിച്ചതെന്നു് അറിഞ്ഞുകൂടാ. എനിക്കിന്നും അതൊരു കടംകഥയായി അവശേഷിക്കുന്നു, ഒരുപക്ഷേ,—

ഞാൻ ഇടയ്ക്കുകയറി പറഞ്ഞു: "ഇതിൽ ഒരു കടംകഥയുമില്ല ഡാക്ടർബാബു. പെണ്ണുങ്ങളുടെ അപമാനഭീതി പെണ്ണുങ്ങൾക്കുമാത്രമേ മനസ്സിലാകൂ. നാമതു് ബുദ്ധിയുപയോഗിച്ചു മനസ്സിലാക്കാൻ ശ്രമിക്കുന്നു. അവരോ ജീവിതം മുഴുവൻകൊണ്ടാണു് അതു മനസ്സിലാക്കുന്നതു്."

ഡാക്ടർബാബു പറഞ്ഞു: "ആയിരിക്കാം. ധനരാജ്

ചാളയിലെ പാർപ്പു മതിയാക്കി ഭാര്യയോടൊപ്പം മലഞ്ചെരിവിൻെറ ഇപ്പുറം, തേയിലത്തോട്ടത്തിൻെറ അതിർത്തിക്കു പുറത്തു താമസമാക്കി. ഒരു വർഷത്തിനുശേഷം അവക്കൊരു പെൺകുട്ടിയുണ്ടായി. പെൺകുട്ടിയല്ല, ഒരു വെള്ളപ്പൂങ്കുലയാണെന്നു തോന്നും. ധനരാജ് അവൾക്കു് ലഖിയ എന്നു പേരിട്ടു. അവൻെറ ഭാര്യയുടെ ആരോഗ്യം പണ്ടുതന്നെ തകന്നിരുന്നു. പ്രസവത്തോടുകൂടി അതു മുഴവനായി. പ്രസവാരിഷ്ടത കഴിഞ്ഞു് അവൾ എഴുനേല്ക്കുകയുണ്ടായില്ല.''

ഈ സമയത്തു് നിങ്ങളോടു് ഒരു കാര്യം പറയാതെ വയ്യ, ഡെപ്യൂട്ടിബാബു. ''ഞാനൊരു ഡാക്ടറാണു്. ധാരാളം ഒന്നാംതരം നഴ്സുമാരെ കണ്ടിട്ടുണ്ടു്. ആത്മാർത്ഥമായ ശുശ്രൂഷയെന്നെന്നും കണ്ടിട്ടുണ്ടു്. പക്ഷേ, ഒരു പുരുഷനു്, തൻെറ സമസ്ത അസ്തിത്വവും ഉപേക്ഷിച്ചു് രാവും പകലും ഒരുപോലെ രോഗിയുടെ ഒപ്പം കഴിച്ചുകൂട്ടാമെന്നു് ഈ ധനരാജിനെ കണ്ടില്ലെങ്കിൽ ഞാൻ വിശ്വസിക്കുമായിരുന്നില്ല. പെണ്ണു് പിന്നീടു രണ്ടുവർഷം ജീവിച്ചതു് ഈ ശുശ്രൂഷകൊണ്ടു മാത്രമായിരുന്നു, തൻെറ പ്രാണശക്തികൊണ്ടല്ല.''

രണ്ടുവയസ്സായ കുട്ടിയെയുംകൊണ്ടു് ധനരാജ് കഷ്ടപ്പെടാൻ തുടങ്ങി. ഞാൻ പറഞ്ഞു: ''ഒരു കല്യാണം കഴിക്കു്. കുഞ്ഞിനെ വളത്തണമല്ലോ.''

ധനരാജ് ചിരിച്ചുകൊണ്ടു പറഞ്ഞു: ''അതു പറയരുതു്, ബാബു. അവളുടെ സ്വത്തു് മറെറാരാളെ ഞാൻ ഏല്പിക്കുകയില്ല.''

അവൻ അകന്ന ബന്ധത്തിലുള്ള വൃദ്ധയായ ഒരു അമ്മായിയെ കൂട്ടിക്കൊണ്ടുവന്നു. അവൾ വല്ലതും പാകപ്പെടുത്തും, അവൻ ജോലികഴിഞ്ഞു മടങ്ങുംവരെ കുഞ്ഞിനെ നോക്കുകയും ചെയ്യും. പെണ്ണിനെ വളത്തിയതു മുഴവൻ അവൻതന്നെയാണു്. അവൻെറ ശമ്പളം മുഴവൻ അതിനുവേണ്ടി ചെലവായി. അവൻ അവളെ മിഷനറിസ്കൂളിൽ അയച്ചു. ഇഷ്ടംപോലെ ഉടുപ്പുകളും കളിപ്പാട്ടങ്ങളും അലങ്കാരവസ്തുക്കളും വാങ്ങിക്കൊടുത്തു.

കൂലിക്കാരുടെ ചാളയിൽ എല്ലാവരും ധനരാജിനെ കളിയാക്കി. അവൻ ചിരിച്ചുകളഞ്ഞതേയുള്ളു. ഒരുദിവസം

ഹെഡ്ക്ലാക്ക് പറഞ്ഞു: "ധനരാജിൻെറ പണി കണ്ടോ, സാർ? പെണ്ണിനെ മദാമ്മയാക്കാൻപോകുന്നു. അവളെ എങ്ങനെ കല്യാണംകഴിച്ചയയ്ക്കും? ഒരു മദാമ്മയ്ക്കു് തീർച്ചയായും കൂലിക്കാരൻെറ വീട്ടുകാരിയാവാൻ പററില്ലല്ലോ."

കാര്യം വാസ്തവമാണു്. പെണ്ണു് നോക്കിനോക്കിയിരിക്കെ വലുതായി. പേരു് ലഖിയ. കണ്ടാൽ ലക്ഷ്മീപ്രതിമകൂടി തോൽവി സമ്മതിക്കും.

ഞാൻ ധനരാജിനെ വിളിച്ചു ചോദിച്ചു: "ലഖിയയുടെ വിവാഹത്തിൻെറ ഏർപ്പാട്ടു് എത്രത്തോളമായി?"

അവൻ കരുണാജനകമായ സ്വരത്തിൽ പറഞ്ഞു: "നിങ്ങൾക്കു് എല്ലാം അറിയാമല്ലോ, ബാബു. ഏല്പിച്ചുകൊടുത്തു സമാധാനമായിരിക്കാൻ പററിയ ഒരു ചെറുക്കനെയും ഈ പ്രദേശത്തെങ്ങും കാണുന്നില്ല."

"പിന്നെ എന്തുചെയ്യും? പെണ്ണു വലുതായിവരുന്നു. ഈ സ്ഥലം അത്ര നല്ലതല്ല."

ധനരാജ് നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു: "അതെനിക്കറിഞ്ഞുകൂടേ? പെണ്ണിനെ ഞാൻ എത്ര സൂക്ഷിച്ചാണെന്നോ വളർത്തുന്നതു്?"

പിന്നീടു് എൻെറ അടുത്തേക്കു നീങ്ങിനിന്നു് അടക്കിയ സ്വരത്തിൽ പറഞ്ഞു: "അഞ്ഞൂറു രൂപ ഉണ്ടാക്കിവെച്ചിട്ടുണ്ടു്. എല്ലാം അവളുടെയാണു്. പട്ടണത്തിൽ പോയാൽ പഠിപ്പുള്ള കൊള്ളാവുന്ന ഒരു ചെറുക്കനെ അന്വേഷിച്ചു കണ്ടുപിടിക്കാനൊക്കുകയില്ലേ?"

ആ നിർദ്ദേശം മോശമല്ലെന്നു തോന്നി. കുറേ ആലോചിച്ചിട്ടു് തീരുമാനിച്ചു: അവൻ ഒരു മാസം അവധിയെടുത്തു് ലഖിയയെയുംകൂട്ടി ഡാർജിലിംഗിൽ പോണം. അവൻെറ ഒരകന്ന സഹോദരൻ പോലീസിലുണ്ടു്. അവിടെനിന്നു് തരക്കേടില്ലാത്ത ഒരു നേപാളിപയ്യനെ കണ്ടുപിടിക്കാൻ ശ്രമിക്കണം.

ഇതിനു് ഏതാനും ദിവസത്തിനുശേഷം, മാനേജർ നോർട്ടൻസായ്പു്, എന്നെയും ഹെഡ്ക്ലാക്കിനെയും കൂട്ടി മലഞ്ചെരിവിൻെറ ഇങ്ങേവശം ചുററിക്കാണാനിറങ്ങി. ആ ഭാഗത്തു് കുറച്ചു ഭൂമികൂടി വാങ്ങി തോട്ടം വികസിപ്പിക്കാൻ

പ്ലാന്നുണ്ടായിരുന്നു. മടങ്ങുന്നവഴി ചെറിയൊരു വീടിൻെറ മുമ്പിൽ പതിനഞ്ചു—പതിനാറുവയസ്സുള്ള ഒരു പെൺകുട്ടി ആടിനെ തീററിച്ചുകൊണ്ടു നില്ക്കുന്നതു കണ്ടു.

അവളുടെ സൗന്ദര്യവും ആരോഗ്യവും വേഷവും എല്ലാം കൂടി വളരെ പരിഷ്കൃതമായ ഒരു ഭാവം സൃഷ്ടിച്ചിരുന്നു. ആ പ്രദേശത്തു് തീരെ അപൂർവ്വമായതുകൊണ്ടു് അതു് ആരെയും ആകർഷിക്കാതിരുന്നില്ല. സായ്പു് അല്പനേരം നോക്കിനിന്നിട്ടു ചോദിച്ചു: "ഈ പെണ്ണേതു്, ഡാക്ടർ?"

ഞാൻ ഉത്തരം പറയുന്നതിനുമുമ്പുതന്നെ ഹെഡ്ക്ലാർക്കു് ബാബു പറഞ്ഞു: "ധനരാജ് തമാങ്ങിൻെറ മകൾ."

സായ്പു് ആകാശത്തുനിന്നു താഴേക്കു വീണതുപോലെ: "You mean our Dhanraj?"

ഞാൻ പറഞ്ഞു: "അതെ, നമ്മുടെ ധനരാജിന്റേതന്നെ."

രണ്ടു ദിവസം കഴിഞ്ഞു് സായ്പു് ഉത്തരവിട്ടു, ധനരാജ് ചാളയിൽവന്നു താമസിക്കണമെന്നു്. കൂലിക്കാരുടെ സർദാർ പുറത്തു താമസിച്ചുകൂടാ. ധനരാജ് സമ്മതിച്ചില്ല. സായ്പിനു ദേഷ്യംവന്നു. കുറച്ചുദിവസം കഴിഞ്ഞു് ധനരാജ് അവധിക്കു് അപേക്ഷകൊടുത്തു. അതു് ഉടനെ തള്ളിപ്പോകുകയും ചെയ്തു.

ഇതു കഴിഞ്ഞുള്ള ഞായറാഴ്ച സായ്പിൻെറ ബംഗ്ലാവിൽ ഒരു പാർട്ടി ഒരുക്കപ്പെട്ടു. പാടാനും ആടാനും തിന്നാനും കുടിക്കാനും വിപുലമായ ഏർപ്പാടുകൾ. വിശേഷാൽ അതിഥിയായി, പുതിയ വെള്ളക്കാരൻ പോലീസ്കമ്മീഷണരെയാണു് ക്ഷണിച്ചതു്. മദ്യം വാങ്ങാൻ ധനരാജിനെ അയച്ചു. വല്ലാത്ത അസമയത്താണു് പോയതു്. മടങ്ങി വരുമ്പോൾ മണി രാത്രി പന്ത്രണ്ടായി. കുപ്പികൾ ഒരുതരത്തിൽ സായ്പിൻെറ ബംഗ്ലാവിൽ എത്തിച്ചിട്ടു് അവൻ സ്വന്തം കുടിലിലേക്കു് ഓടി. ചെന്നു നോക്കിയപ്പോൾ വൃദ്ധ തലയിട്ടടിക്കുന്നുണ്ടു്; ലഖിയ ഇല്ല. പല തവണ ചോദിച്ചപ്പോൾ ഇത്രമാത്രം പിടികിട്ടി—കുറെ ഗുണ്ടകൾ വന്നു് അവളെ വായിൽ തുണി തിരുകി പിടിച്ചുകൊണ്ടുപോയെന്നു്. ധനരാജ് ഒററയോട്ടത്തിനു് സായ്പിൻെറ ബംഗ്ലാവിലെത്തി. ശിപായിമാരെയും ബെയറർമാരെയും തട്ടിമാററിക്കൊണ്ടു് നേരെ നോർട്ടൻെറ

കിടപ്പുമുറിയുടെ വാതിൽക്കൽ പോയി മുട്ടി. വാതിൽ അകത്തുനിന്നു് അടച്ചിരിക്കുന്നു. ധനരാജ് വാസ്തവത്തിൽ ഭ്രാന്തനായി മാറി. അവൻ സർവ്വശക്തിയുമുപയോഗിച്ചു് വാതിലിൽ ഇടിച്ചുകൊണ്ടു് നിലവിളിച്ചു: "വാതിൽ തുറക്കൂ, വാതിൽ തുറക്കൂ."

നോർട്ടൻ ഇറങ്ങിവന്നു.

"ലഖിയ എവിടെ?" ധനരാജ് ഗർജ്ജിച്ചു. മദ്യത്തിന്റെ ലഹരികൊണ്ടു് സായ്‌വ് ഈ ലോകത്തിലല്ലായിരുന്നു. അദ്ദേഹം കുഴഞ്ഞ സ്വരത്തിൽ പറഞ്ഞു:"ലഖിയയെ ഞാൻ കല്യാണം കഴിച്ചു. I am your son-in-law. ഹാ ഹാ ഹാ!"

"വാ പൂട്ടു്, പട്ടി!" എന്നു പറഞ്ഞു് ധനരാജ് യജമാനന്റെ നേരെ ചാടിവീണു. അവന്റെ കരുത്തേറിയ മുഷ്ടി, സായ്‌വിന്റെ പൊങ്ങിനിന്ന മൂക്കിൽ ആഞ്ഞു പതിഞ്ഞു.

മിസ്റ്റർ നോർട്ടൻ താഴെ വീണു. വെള്ളക്കാരന്റെ പാവനരക്തം വീണു് കറുത്തവരുടെ നാട്ടിലെ മണ്ണു് ധന്യതയടഞ്ഞു. പോലീസിന്റെ വല്യയജമാനൻ അനുചരരുമായി സന്നിഹിതനായിരുന്നു. കൊള്ളച്ചരക്കിൽ പങ്കുകാരനാണല്ലോ അദ്ദേഹവും. അടുത്ത രംഗം ഊഹിക്കാൻ പ്രയാസമില്ല. എന്തിനു് ഊഹിക്കണം? അതിന്റെ അടയാളങ്ങൾ നിങ്ങൾതന്നെ കണ്ടല്ലോ ഇന്നു്!

ഡാക്ടർ ഒരു സിഗററ്റു കത്തിച്ചു. വാച്ചു നോക്കിക്കൊണ്ടു പറഞ്ഞു: "ഓ, രാത്രി ഒരുപാടായി. പോട്ടെ. നിങ്ങൾ വല്ലതും കഴിക്കൂ. ഞാൻ പോട്ടെ."

ഞാൻ പെട്ടെന്നു് ഉറക്കത്തിലെന്നോണം ചോദിച്ചു: "പെണ്ണിന്റെ കാര്യം എന്തായി ഡാക്ടർബാബു?"

"നിങ്ങൾ കൊള്ളാം. അതൊക്കെ ആക്കറിയാം? അവൾക്കു് ഇടയ്ക്കിടെ ബോധക്കേടു വരുന്നുണ്ടെന്നുകേട്ടു."

"ഓഹോ, അവളെ രക്ഷപ്പെടുത്താനൊക്കുകയില്ലേ?"

ഡാക്ടർ എഴുന്നേററു് എന്റെ രണ്ടു തോളിലും കൈ വെച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ ഒരു കുട്ടിതന്നെ."

അദ്ദേഹം പോകാൻ തുടങ്ങുമ്പോൾ എനിക്കു പെട്ടെന്നു ബോധം വീണ്ടുകിട്ടി. ഞാൻ അദ്ദേഹത്തെ തടുത്തുകൊണ്ടു പറഞ്ഞു: "എന്താ ഇതു്? ഈ രാത്രി എന്തിനു പോകുന്നു?

വേണ്ട, വേണ്ട. വല്ലതും കഴിച്ച് കിടന്നുറങ്ങു. വെളുപ്പിനു് എഴുന്നേററു പോകാം.''

ഡാക്ടർ എൻെറ കൈപിടിച്ചുകൊണ്ടു പറഞ്ഞു: ''അതു പററില്ല, ചങ്ങാതി! എന്റെ കുതിര കാത്തുനില്ക്കുന്നു. ഇപ്പോൾ ത്തന്നെ പോണം. രാവിലെ തോട്ടത്തിൽ എത്താം.''

ഞാൻ ഞെട്ടിപ്പോയി. ''എന്താ പറഞ്ഞതു്? ഈ ഭയങ്കര തണുപ്പത്തു്? ഈ അർദ്ധരാത്രി?''

ഡാക്ടരുടെ മുഖത്തു് മങ്ങിയ ഒരു ചിരി പരന്നു. ''എന്തു ചെയ്യും വയറുപിഴപ്പല്ലേ?''

വരാന്തയിൽ ഇറങ്ങിയതിനുശേഷം ഞാൻ വീണ്ടും അർത്ഥഹീനമായ ഒരു ചോദ്യം ചോദിച്ചു: ''ധനരാജിൻെറ പേരിൽ അവരെന്താ കേസ് എടുക്കാത്തതു്? മാനേജരെ ആക്രമിച്ചതു വലിയൊരു ചാർജ്ജാണല്ലോ.''

ഡാക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു: ''നിങ്ങളെപ്പോലെ ബുദ്ധിമാനായ ഒരു ചെറുപ്പക്കാരനു ചേർന്നതായില്ല, ഈ ചോദ്യം, ഡെപ്യൂട്ടിബാബൂ. കേസെടുക്കാമായിരുന്നു. പക്ഷേ, ധനരാജിനെ കോടതിയിൽ കൊണ്ടുവന്നാൽ പിന്നെ ലഖിയ ഒളിഞ്ഞിരിക്കുകയില്ല. അതിലൊക്കെ എളുപ്പവും ആപത്തില്ലാത്തതുമായ മാർഗ്ഗം അവനെ ഭ്രാന്തനാക്കുകയാണല്ലോ.''

ഞാൻ തർക്കിച്ചു: ''അതെങ്ങനെ എളുപ്പവഴിയാകും? ഒരു നല്ല മനുഷ്യനെ ഭ്രാന്തനാക്കാൻ എളുപ്പമാണോ? മെഡിക്കൽ സർട്ടിഫിക്കററു വേണ്ടേ?''

ഡാക്ടർ പൊട്ടിച്ചിരിച്ചു. ഉത്തരമൊന്നും പറഞ്ഞില്ല.

ഞാൻ നോക്കിനില്ക്കേ, ആ തുണിക്കെട്ട് പർവ്വതത്തിൻെറ തിരിവിൽ അപ്രത്യക്ഷമായി. ഞാൻ നിശ്ശബ്ദം അങ്ങോട്ടു നോക്കിനിന്നു. ആരാണു്, ഈ മനുഷ്യൻ? ഒരു ചായത്തോട്ടത്തിലെ അജ്ഞാതനും അരപ്പിരിയനുമായ ഡാക്ടർ. പക്ഷേ, എന്തുകൊണ്ടെന്നറിഞ്ഞില്ല, എന്നെപ്പോലൊരു വിദ്യാസമ്പന്നൻെറപോലും മനസ്സിലെവിടെയോ ഒരു മുറിവുണ്ടായി.

പിന്നീടു ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല.

ധനരാജിൻെറ കഥയുടെ ബാക്കി വളരെ കുറച്ചേ ഉള്ളു. അവൻെറ ശരീരത്തിലെ മുറിവുകൾ ഉണങ്ങാൻ രണ്ടു മാസത്തോളമെടുത്തു. അതിനിടെ, വെള്ളക്കാരനായ സിവിൽ

സർജ്ജൻ പലതവണ ജയിൽ സന്ദർശിക്കുകയുണ്ടായി. പിന്നീടൊരുദിവസം കോടതിയിൽനിന്നു് ഉത്തരവുകിട്ടി, സിവിൽ സർജ്ജൻെറ അഭിപ്രായം ആരാഞ്ഞതിനുശേഷം തമാങ്ങിനെ ഭ്രാന്തനായി പ്രഖ്യാപിച്ചുകൊണ്ടു്. ഉടനെ അവനെ ആവശ്യമായ രേഖകൾ സഹിതം റാഞ്ചി മെൻറൽഹോസ്പിറ്റലിനു കൈമാറണം. രേഖകളിലൊന്നു്, പോലീസ്റിപ്പോർട്ടായിരുന്നു. ധനരാജ് സ്ഥിരം കഞ്ചാവുതീറ്റക്കാരനാണെന്നു് അതിൽ പോലീസ്ഇൻസ്പെക്ടർ എഴുതിയിരുന്നു. അവന്റെ കുടുംബത്തിലെ ഒന്നിലധികംപേരുടെ ബുദ്ധിഭ്രമചരിത്രവും അതിലുണ്ടായിരുന്നു.

മജിസ്ട്രേട്ടിൻെറ ഉത്തരവുപ്രകാരം ഞാനാണു് ഒരു ദിവസം അവനെ പോലീസിനു് ഏല്പിച്ചുകൊടുത്തതു്. ഭയങ്കര ഭ്രാന്തനായതുകൊണ്ടു് ജയിൽകോഡിലെ നിർദ്ദേശമനുസരിച്ചു് തീവണ്ടിയിൽ ഒരു മുറി ഡാർജിലിംഗ്മുതൽ റാഞ്ചിറോഡുവരെ റിസർവ്വുചെയ്തിരുന്നു. പോലീസുകാർ കയർകൊണ്ടു് അവനെ മുറുക്കി കെട്ടിയപ്പോൾ അവൻ ഒരക്ഷരവും പറഞ്ഞില്ല. അവൻെറ കുഴിഞ്ഞ കണ്ണുകളിൽനിന്നു് ഉത്തരമില്ലാത്ത ഒരു ചോദ്യം ഉയന്നതായി തോന്നി: എന്റെ ലഖിയ എവിടെ?

ഒരുപക്ഷേ, ഇതെല്ലാം എൻെറ ഭാവനയോ കണ്ണിൻെറ വിഭ്രാന്തിയോ ആയിരിക്കാം.

# ഏഴ്

പശുക്കളെ ശുശ്രൂഷിക്കുന്നതു് പുണ്യസമ്പാദനത്തിനുള്ള പരമമാർഗ്ഗമായി അംഗീകരിക്കുകയാണെങ്കിൽ, ജയിൽപരിസരം തീർച്ചയായും ഒരു പുണ്യക്ഷേത്രമാണു്. ചെറുതും വലുതുമായ എല്ലാ ജയിലുകളിലും ഒരു ഡയറി അഥവാ ഗോശാല ഉണ്ടാകും. അവയിലെ അന്തേവാസികൾക്കു് ലഭിക്കുന്ന ശുശ്രൂഷ കണ്ടാൽ സന്യാസിമഠാധിപന്മാൎക്കുപോലും അസൂയ ഉണ്ടാകും. അവക്കു കിടക്കാൻ നല്ല കെട്ടിടങ്ങൾ, തിന്നാനും

കുടിക്കാനും നല്ലനല്ല സാധനങ്ങൾ, അവയെ തടവാനും തിരുമ്മാനും ശമ്പളമില്ലാത്ത ഭൃത്യന്മാരും. കണ്ടിടത്തെല്ലാം അലഞ്ഞുനടക്കേണ്ട ഗതികേട്ട് ഒരിക്കലും അവയ്ക്കുണ്ടാകാറില്ല. അവ കുലീനവംശജരാണ്. തടിയും മിനുമിനുപ്പുംകൊണ്ടു് അഭിജാതരും. ധാരാളം പുണ്യം ചെയ്തവരാണ് അടുത്ത ജന്മംജയിലിലെ പശുക്കളായി ജനിക്കുകയെന്നു് ആരോ പറഞ്ഞതു വെറുതെയല്ല.

ഇംഗ്ലീഷുകാരുടെ ഇടക്കാലഭരണവ്യവസ്ഥയിലെ ഡയാർക്കിപോലെ ഡയറികളിലും ഒരുതരം ദ്വിതഭരണമാണുള്ളതു്. പശുക്കളെ രക്ഷിക്കുന്നതും അവയ്ക്കു തീററകൊടുക്കുന്നതും വെറ്ററിനറിവകുപ്പിന്റെ ചുമതലയത്രേ. ജയിൽവകുപ്പാണ് പാലിന്റെയും മററും അവകാശി. ഒരുവശത്തു് മൃഗഡാക്ടറും മറുവശത്തു് ജയിൽഡാക്ടറും. ആദ്യത്തെയാൾ നിഷ്കാമകർമ്മത്തിൽ വിശ്വസിക്കുന്നു. അയാൾക്കു് പണിയെടുക്കാനേ അവകാശമുള്ളൂ. രണ്ടാമത്തെയാൾ കർമ്മങ്ങൾക്കെല്ലാം അതീതനായ മഹാപുരുഷനാണ്. അയാൾക്കു നോട്ടം ഫലത്തിൽ മാത്രം. രണ്ടു കൂട്ടരുടെയും തത്വശാസ്ത്രത്തിനു വിഷയമായ പശുക്കളോ, കൊഴുത്തു തടിച്ചു് പരമസുഖമായിക്കഴിയുന്നു. ഞങ്ങൾ സകൗതുകം എല്ലാം നോക്കിയിരിക്കും—പശുക്കൾ ശുക്ലപക്ഷത്തിലെ ചന്ദ്രനെപ്പോലെ പ്രതിദിനം തടിച്ചുവരുന്നതും, അവയുടെ പാലിന്റെ അളവ് കൃഷ്ണപക്ഷത്തിലെ ചന്ദ്രനെപ്പോലെ ക്രമത്തിൽ ക്ഷയിച്ചുവരുന്നതും.

മിക്ക ജയിൽഡയറികളുടെയും ചരിത്രം ഇതാണ്. ഞങ്ങളുടെ സ്ഥലത്തും ഈ രീതിക്കു കാര്യമായ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ലെന്നു പറയേണ്ടല്ലോ.

ഒരുദിവസം കടലാസുകൾ ഒപ്പിടുന്നതിനിടയിൽ പാലിന്റെ കണക്കു് സീനിയർ ആഫീസർ മി. റോയിയുടെ കണ്ണിൽപ്പെട്ടു. ഡയറിയുടെ കണക്കു സൂക്ഷിക്കുന്ന ചുമതല ഡാക്ടർക്കാണ്. സാഹിബ്ബ്, ഡാക്ടർ ധാപ്പയോടു ചോദിച്ചു: "എന്താ പാലിങ്ങനെ ദിവസവും കുറഞ്ഞുവരുന്നതു്?"

ഡാക്ടർ ശുഷ്കസ്വരത്തിൽ പറഞ്ഞു: "I don't know, Sir."

"You don't know! പിന്നെ ആർക്കറിയാം?"

ഡാക്ടർ മറുപടി പറഞ്ഞില്ല. മിസ്റ്റർ റോയ് സ്വരമുയ

ത്തിപ്പറഞ്ഞു: "പറ, പാലിൻെറ കാര്യം നിങ്ങൾക്കറിഞ്ഞു കൂടെങ്കിൽ പിന്നെയാക്കറിയാം?"

ഡാക്ടർ ഒരു തവണ എൻെറ നേരെയും പിന്നൊരു തവണ ജയിലർ സാഹിബ്ബിൻെറ നേരെയും മിഴിച്ചുനോക്കി. ഒരിടത്തുനിന്നും ഒരു സൂചനയും കിട്ടാതെ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: "The cows might know, Sir."

മിസ്റ്റർ റോയിക്കു പെട്ടെന്നു ദേഷ്യംവന്നു. ഡാക്ടർ കളിയാക്കുകയാണെന്നു വിചാരിച്ചെന്നു തോന്നുന്നു. അടുത്ത നിമിഷംതന്നെ അദ്ദേഹത്തിൻെറ നിസ്സഹായദൃഷ്ടികളിൽ നോക്കിയപ്പോൾ എന്തു മനസ്സിലായോ എന്തോ? സാഹിബ് ഉറക്കെ ചിരിച്ചിട്ടു പറഞ്ഞു: "All right, you may go."

ഞാൻ പ്രൊബേഷണറാണു്. അതുകൊണ്ടു പാൽ കുറയുന്നതിൻെറ രഹസ്യം കണ്ടുപിടിക്കുന്ന ജോലി എൻെറമേൽ പതിച്ചു. ഞാൻ അന്വേഷണമാരംഭിച്ചു. മൂന്നു നാലു ദിവസത്തിനകം മനസ്സിലായി, ഒരു ജമേദാരുടെ വലിയൊരു മൊന്തയ്ക്കു് ഇതുമായി ബന്ധമുണ്ടെന്നു്. ഞാൻ ഗേററ്കീപ്പറെ പിടികൂടി. "നീയിവിടെ എന്തെടുക്കുകയാ? മൊന്തയ്ക്കു തനിയെ നടന്നുപോകാൻ ജീവനില്ല. ഇനി ഇങ്ങനെയായാൽ നിൻെറ ജോലി കാണുകയില്ല, ഞാൻ പറഞ്ഞേക്കാം."

അവൻ എനിക്കു് ഉറപ്പു നൽകി, എല്ലാം ശരിയാക്കാമെന്നു്. പിറേറന്നുതന്നെ മൊന്ത അന്തർദ്ധാനംചെയ്തു. പാലിൻെറ അളവു പെട്ടെന്നു വർദ്ധിച്ചു. മിസ്റ്റർ റോയ് സന്തുഷ്ടനായി.

അധികനാൾ കഴിയുംമുമ്പു് സ്ഥിതി പഴയമട്ടായി, ഞാൻ ഗേററ്കീപ്പറെ വിളിച്ചു പറഞ്ഞു: "ഇത്തവണ നിനക്കു രക്ഷയില്ല. പോകാൻ ഒരുങ്ങിക്കൊള്ളു."

അവൻ സമ്മതിച്ചു, പാൽ പോകുന്നുണ്ടെന്നു്. പക്ഷേ, അതു മൊന്തയിലല്ല.

"പിന്നെ കുടത്തിലോ കലത്തിലോ പോയാൽ നിനക്കുത്തരവാദിത്വമില്ലേ? നീ ശരിക്കു ശ്രദ്ധിക്കുന്നില്ല, അതാണു്."

ഇതിനു് ഉത്തരം പറയാതെ അവൻ പറഞ്ഞു: "നിങ്ങൾ ദയവായി നാളെ രാവിലെ വരാമെങ്കിൽ എല്ലാം നേരിട്ടു കാണിച്ചുതരാം."

235670
D157:3N04:11
32K3
UNIVERSI...
- 9 A...
MUL
235670

രാവിലെ ചെന്നു. ഡയറിയിൽ പശുക്കറവ നടക്കുകയാണ്, ഗേററ്കീപ്പർ പറഞ്ഞതനുസരിച്ചു ഞാൻ അടുത്തുതന്നെ ഒളിച്ചുനിന്നു. ആ തടിയൻ ജമേദാർ കസേരയിൽ ഇരിക്കുകയാണ്. അയാളുടെ കീഴിലുള്ള തടവുകാർ ചുററും വട്ടമിട്ടിരിക്കുന്നു. അവരെന്തോ തമാശ പറയുകയാണ്. മുഴുവൻ കേൾക്കാൻ കഴിഞ്ഞില്ല. അവസാനം മാത്രം കേട്ടു: “ഇന്നാൾ വന്ന പയ്യൻ. എന്നെ പഠിപ്പിക്കാൻ വന്നിരിക്കുന്നു. ഞാനൊന്നു കാണട്ടെ, അവൻെറ മിടുക്കു്.”

പയ്യനെന്നു പറഞ്ഞതു് എന്നെ ഉദ്ദേശിച്ചാണെന്നു മനസ്സിലായി. ജമേദാരുടെ പറച്ചിൽ അത്ഥഹീനമല്ലെന്നു് അടുത്തനിമിഷം തെളിഞ്ഞു. ഒരു തടവുകാരൻ ഒരുതൊട്ടി പാൽ അയാളുടെ മുമ്പിൽ കൊണ്ടുവെച്ചു. അയാൾ ഒട്ടും സമയം കളയാതെ അതു മുഴുവൻ അകത്താക്കുകയും ചെയ്തു. ഏതാണ്ടു മൂന്നുസേർ പച്ചപ്പാൽ! പാത്രം ഒഴിച്ചിട്ടു് കുടവയററിൽ തടവിക്കൊണ്ടു് അയാൾ രാജോചിതമായ ഒരു ഏമ്പക്കമിട്ടു. അടുത്ത ക്ഷണംതന്നെ, ഭൂതത്തെക്കണ്ടാലെന്നവണ്ണം ഞെട്ടി എഴുന്നേല്ക്കുകയും ചെയ്തു.

അടുത്ത രംഗം തികച്ചും കരുണാജനകമാണ്. രണ്ടു മിനിട്ടുമുമ്പു്, മൂക്കിൽ വലിച്ചുകളയുമെന്നു പറഞ്ഞ പയ്യൻെറ കാൽക്കൽ, പാൽകുടിച്ചു തടിച്ച ആ ശരീരം വീണു.

ഗേറ്റ്കീപ്പറുടെ നിസ്സഹായത എനിക്കു മനസ്സിലായി: മൊന്തയല്ല, കലമല്ല, പരിശോധന അസാദ്ധ്യമായ പാത്രങ്ങളുമുണ്ടു് പാൽ കൊണ്ടുപോകാൻ.

സക്കാരുദ്യോഗത്തിൻെറ സുഖസൗകര്യങ്ങൾ പലതാണ്. അതെല്ലാം വിവരിച്ചു്, സ്വന്തം പക്ഷക്കാരുടെ ദേഷ്യവും അപര പക്ഷക്കാരുടെ അസൂയയും സമ്പാദിക്കാൻ എനിക്കു് ആഗ്രഹമില്ല. അവയിലൊന്നുമാത്രം കുറിക്കാം—എനിക്കു് ഏററവും പ്രധാനമായി തോന്നിയ ഒന്നു്—അവധി. എന്തെല്ലാംതരമുണ്ടെന്നോ അവധി? അവയുടെ നിവ്വചനങ്ങളും വ്യാഖ്യാനങ്ങളും ടിപ്പണികളും അടങ്ങിയ സങ്കീണ്ണമായ അനേകം വകുപ്പുകളുണ്ടു്, Fundamental Rules–ൻെറ വലിയൊരു അദ്ധ്യാ

യത്തിൽ. ആദ്യംതന്നെ കാഷ്വൽ അവധി. ആണ്ടിൽ പതിനഞ്ചു ദിവസം. ഒരുമിച്ചോ ഓരോന്നായോ എടുക്കാം. പക്ഷേ, എന്തു ചെയ്യണമെങ്കിലും ഡിസംബർ മുപ്പത്തൊന്നിനകം ചെയ്തുകൊള്ളണം. അതു കഴിഞ്ഞാൽ എല്ലാം നഷ്ടപ്പെട്ടും. ഇങ്ങനെ നഷ്ടപ്പെടുന്ന സാധനമല്ല പ്രിവിലേജ് അവധി. ഒരാണ്ടു കഴിഞ്ഞാൽ നിങ്ങളുടെ കണക്കിൽ ഒരു മാസവും രണ്ടു ദിവസവും കൂട്ടും. ഭാഗ്യവാന്മാരുടെ ബാങ്കു ബാലൻസുപോലെ കൂട്ടിയിടാം ഇതു്. പിന്നീടെപ്പോഴെങ്കിലും സൗകര്യംപോലെ നാലുമാസം തികച്ചും എടുത്തുകൊള്ളു. ഈ കാലമത്രയും ഒരു പണിയുമെടുക്കാതെ മുഴുവൻ ശമ്പളവും കിട്ടും. ഇഷ്ടംപോലെ കാശിയിലോ രാമേശ്വരത്തോ പോയിവരാം. കടൽകടന്നു് 'ഹോം'-ൽ പോണോ? എങ്കിൽ കുശാലായി. ഈ നാലുമാസം ഒറ്റച്ചാട്ടത്തിനു് എട്ടു മാസമാകും. സ്വർഗ്ഗീയസുഖം ഇതല്ലെങ്കിൽപ്പിന്നെ എന്താണു്?

മൂന്നാമതു്, മെഡിക്കൽ ലീവ്. രോഗം വരുമ്പോൾ എടുക്കാനുള്ളതാണു് ഇതു്. പേടിക്കണ്ട. രോഗം ഉണ്ടാകണമെന്നു നിർബ്ബന്ധമൊന്നുമില്ല. ഡാക്ടറുടെ സർട്ടിഫിക്കററു വേണമെന്നു മാത്രം. അതു സമ്പാദിക്കാൻ കഴിയാത്തവൻ സർക്കാർജ്ജോലിക്കു് യോഗ്യനല്ലതാനും.

പട്ടിക അധികം നീട്ടുന്നില്ല. അവസാനത്തെ തരം അവധിയെക്കുറിച്ചു് ഒരു നിയമഗ്രന്ഥത്തിലും പരാമർശമില്ല. അതിൻെറ പേരാണു് ഫ്രഞ്ച് ലീവ്. ഇഷ്ടമുള്ളപ്പോഴെല്ലാം, ഒന്നു പുറത്തുപോയിട്ടുവരട്ടെ സാർ, എന്നുപറഞ്ഞു് ഇറങ്ങിക്കൊള്ളു. ഈ അവധിക്കു കണക്കില്ല. ഒരു വ്യവസ്ഥമാത്രമുണ്ടു്—ബോസ്സിനെ സന്തോഷിപ്പിച്ചുകൊണ്ടിരിക്കണം.

ആ ദുർല്ലഭസൗഭാഗ്യം സമ്പാദിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. എൻെറ ഏകമാർഗ്ഗം, അപേക്ഷ അയയ്ക്കുകയും അതിൻെറ ഫലം കാത്തിരിക്കുകയുമാണു്. വളരെ പ്രയാസപ്പെട്ടു്, അവസാനമുഹൂർത്തത്തിൽ പതിനഞ്ചു ദിവസം കാഷ്വൽ അവധി അനുവദിച്ചുകിട്ടി. ഒരു ദിവസംകൂടി താമസിച്ചെങ്കിൽ അതു നഷ്ടപ്പെടാൻ തുടങ്ങിയേനെ.

രണ്ടാഴ്ച കൽക്കത്തയിൽ പഴയ കൂട്ടുകാരോടൊപ്പം കഴിച്ചുകൂട്ടി. തിരിച്ചുവന്നുനോക്കുമ്പോൾ എൻെറ വീട്ടു് വലി

യൊരു താഴിട്ട പൂട്ടിയിരിക്കുന്നു. ഈ മുൻകരുതലിനു കാരണമുണ്ടായിരുന്നു. ഞാൻ കേട്ടു, തലേന്നു രാത്രി എൻെറ ഏകരക്ഷിതാവായ ശ്രീമാൻ വ്യോമബഹദൂർ അഥവാ കേട്ട പെട്ടെന്നു് അപ്രത്യക്ഷനായെന്നു്. എൻെറ സമ്പത്തു മുഴുവൻ—ഒഴിഞ്ഞ ഒരു സ്റ്റീൽ ട്രങ്കും ഏതാനും പത്രങ്ങളും—അവനെ അനുഗമിച്ചു. എന്റെ വീടിരിക്കുന്ന ഭാഗം കാക്കുന്ന ശിപായി തന്റെ നാടൻഭാഷയിൽ എന്നോടു സഹതാപം പ്രകടിപ്പിച്ചു. എനിക്കും സഹതാപം തോന്നി. എൻെറ അപഹരിക്കപ്പെട്ട സമ്പത്തിനെച്ചൊല്ലിയല്ല, അപഹരണത്തിൻെറ ഫലം അനുഭവിച്ചയാളെപ്പററി.

"കടയിൽനിന്നു് ചായ കൊണ്ടുവരണോ?" എന്നു് ശിപായി അന്വേഷിച്ചു. ഞാൻ പറഞ്ഞു: "വേണ്ട, നില്ക്കു്."

വേറൊരു വേലക്കാരനെ അന്വേഷിക്കാമെന്നും നിർദ്ദേശമുണ്ടായി. അതു ഞാൻ തള്ളിക്കളഞ്ഞു.

Smiles സായ്പിൻെറ Self-helf, എന്ന പ്രസിദ്ധ ഗ്രന്ഥം ഞാൻ വായിച്ചിരുന്നു. ബംഗാളിയിൽ സ്വാവലംബത്തെക്കുറിച്ചുള്ള അനേകം കൃതികളും പഠിച്ചിരുന്നു. ഇത്രകാലം കഴിഞ്ഞാണെങ്കിലും, വിലപിടിച്ച ആ ഉപദേശങ്ങളെല്ലാം പ്രയോഗത്തിൽ വരുത്താൻ അവസരം കിട്ടിയല്ലോ. വിഷമിക്കാൻ കാരണമില്ലായിരുന്നു. അഞ്ചു രൂപയോളം ചെലവാക്കി ഒരു സചിത്ര പാചകസഹായി നേരത്തെതന്നെ വാങ്ങിയിരുന്നു.

ചായ കുടിക്കാൻ സമയമായി. അതിനു് ആദ്യം സ്റ്റൗ കത്തിക്കണം. അരക്കുപ്പി സ്പിരിററു ചെലവാക്കി, അരമണിക്കൂർ പമ്പടിച്ചു് അതു് ഒരു തരത്തിൽ ശരിയാക്കി. പിന്നീടു് എന്തുവേണമെന്നതിനെക്കുറിച്ചു് അറിവു സമ്പാദിക്കാനായി "ചായ തയ്യാറാക്കുന്ന രീതി" എന്ന അദ്ധ്യായം തുറന്നപ്പോഴേക്കു വാതില്ക്കൽ കാഞ്ചി എത്തി.

അഭിനന്ദനം നിറഞ്ഞ അതുല്യമായ ഒരു ചിരിയാണു് ഞാൻ പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ, അവളുടെ മുഖത്തു നോക്കിയപ്പോൾ ഞെട്ടിപ്പോയി. കാഞ്ചിക്കു് എന്തു പററി? രണ്ടുദിവസംമുമ്പുകൂടി ചിരിയും ആനന്ദവും കൊണ്ടു തിളങ്ങിയിരുന്ന ആ മുഖം, പെട്ടെന്നു് ആരുടെ ശാപംകൊണ്ടാണു്

ഇങ്ങനെ നിജ്ജീവമായതു്? സവ്വാംഗങ്ങളിലും അതിയായ വിഷാദത്തിന്റെ ഇരുണ്ട നിഴൽ. ഏതാനും ദിവസംകൊണ്ടു് അവളുടെ പ്രായം ഏതാനും വയസ്സു കൂടിയതുപോലെ. ഞാൻ മുന്നോട്ടു ചെന്നു ചോദിച്ചു: "എന്തു പററി കാഞ്ചി?"

അവൾ എന്റെ വ്യാകുലപൂണ്ണമായ ചോദ്യത്തിനു് ഉത്തരമൊന്നും പറഞ്ഞില്ല. കൈയിൽ പലഹാരം നിറച്ച തളിക ഉണ്ടായിരുന്നു. സാവധാനം മുറിയിൽ കടന്നു് അതു് എൻെറ മുമ്പിൽ സ്ററൂളിൽ വച്ചിട്ടു് മൃദുസ്വരത്തിൽ പറഞ്ഞു: "വല്യമ്മ തന്നയച്ചതാണു്." പിന്നീടു് സ്ലൗ കെട്ടത്തിക്കൊണ്ടു്, പോകുംവഴി പറഞ്ഞു: "ചായ കൊണ്ടുവരാം."

ഞാൻ ദൃഷ്ടി എത്തുവോളം അവളെ നോക്കിനിന്നു. പക്ഷേ, അവൾ ഒരിക്കൽപ്പോലും തിരിഞ്ഞുനോക്കിയില്ല.

ചായ കൊണ്ടുവന്നതു്, ഡാക്ടറുടെ പത്തുവയസ്സുള്ള മകൾ രൂമിയാണു്. ചായപ്പാത്രം സ്ററൂളിൽ വെച്ചിട്ടു് അവൾ പറഞ്ഞു: "ഇന്നു് ചായ ഞാനാ ഉണ്ടാക്കിയതു്, ബാബുജീ. നോക്കൂ, പാലും പഞ്ചസാരയും—"

"കാഞ്ചി എന്താ വരാഞ്ഞതു്, രൂമി?"

"വല്യമ്മ ചേച്ചിയെ കുളിക്കാൻ പറഞ്ഞയച്ചു."

"കുളിക്കാനോ? ഇത്ര രാവിലെ?"

"ഓഹോ, ബാബുജി അറിഞ്ഞില്ലെന്നു തോന്നുന്നല്ലോ. ഇന്നു് കാഞ്ചിയുടെ കല്യാണമാണു്."

"കാഞ്ചിയുടെ കല്യാണം?" ഞാൻ യന്ത്രപ്പാവയെപ്പോലെ ആവത്തിച്ചു.

രൂമി ആംഗ്യങ്ങൾ കാണിച്ചുകൊണ്ടു് പറയാൻ തുടങ്ങി: "കാഞ്ചിക്കു് ഇന്നു് എന്തെല്ലാം ചെയ്യേണ്ടിവരും, കല്യാണത്തിനു് ആരൊക്കെ വരും, എന്തെല്ലാം ആഭരണങ്ങൾ വാങ്ങിയിട്ടുണ്ടു്" എന്നെല്ലാം. ചിലതൊക്കെ എൻെറ ചെവിയിലെത്തി, ചിലതു് എത്തിയില്ല. ഞാൻ ജനലിലൂടെ, മേഘമുക്തമായ, തെളിഞ്ഞ പ്രഭാതം നോക്കിയിരുന്നു. ഞാനതിന്റെ മരണഗ്രസ്തമായ പാണ്ഡുരരൂപം ദശിച്ചു. ഭാവിജീവിതത്തിലെ സുദീഘമായ പാതയിലേക്കു നോക്കി. സവ്വവും ശുഷ്കവും ഊഷരവുമായി കാണപ്പെട്ടു. എങ്ങുമില്ല ഒരിററു് ശ്യാമളത.

രൂമിയുടെ ഒച്ചകേട്ടു് ഞാൻ വത്തമാനത്തിലേക്കു മടങ്ങി

വന്നു: ''ബാബുജി ഒന്നും തിന്നുന്നില്ലല്ലോ, ഞാൻ എത്രനേരം കാത്തിരിക്കണം?''

ഞാൻ പറഞ്ഞു: ''നീ പൊയ്ക്കോള്ളൂ, രൂമി! തളികയും മററും പിന്നെ കൊണ്ടുപോകാം.''

''ഊങ്ഹൂം, ബാബുജി തിന്നാതെ ഞാനെങ്ങനെ പോകും?''

''അതെന്താ?''

''ചേച്ചി വഴക്കുപറയുകയില്ലേ?''

''ഇല്ലില്ല, വഴക്കു പറയില്ല, നീ പൊയ്ക്കോ.''

''ഓ, ബാബുവിനാണോ നിശ്ചയം? ഇപ്പോൾ പറഞ്ഞതേയുള്ളൂ, വഴക്കുപറയുമെന്നു്.''

''ആരു പറഞ്ഞു?''

''ചേച്ചി പറഞ്ഞു: 'രൂമി, പലഹാരം ഞാൻ കൊണ്ടുവെച്ചിട്ടുണ്ടു്. നീ ഒരു പാത്രം ചായ കൊണ്ടുകൊടുക്കു്.' ബാബുജിക്കു് മധുരം കൂടുതൽ വേണം, മൂന്നു സ്പൂൺ പഞ്ചസാര ഇട്ടോളൂ. പിന്നെ, കൊടുത്തിട്ടു് ഉടനെ ഓടിപ്പോരരുതു്. മുമ്പിലിരുന്നു് തീററിക്കണം. ഒന്നും ബാക്കി വയ്ക്കരുതു്. വെച്ചാൽ നിന്നെ ഞാൻ ശരിപ്പെടുത്തും.'''

ഈ കാഞ്ചി ഇന്നു പോകുകയാണു്, എന്നെന്നേക്കുമായി. ഒരു രാത്രി മാത്രം. പിന്നീടു് അവളെ കാണുക ഉണ്ടാവില്ല.

ഇന്നാളത്തെ കാര്യം ഓർമ്മവരുന്നു. ഒരു മാസംകൂടി ആയിട്ടില്ല. ഇവിടെയിരുന്നു് അതുമിതും പറയുന്നതിനിടയിൽ പെട്ടെന്നു് അവൾ ചോദിച്ചു: ''ബാബുജി എന്നാ കല്യാണം കഴിച്ചു പെണ്ണിനെ കൊണ്ടുവരുന്നതു്?''

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: ''പെണ്ണിനെ കൊണ്ടുവന്നുകൊള്ളാമെന്നു് ഞാനാക്കും വാക്കുകൊടുത്തിട്ടില്ലല്ലോ.''

''എന്റേമ്മേ, അപ്പോൾ നിങ്ങൾ എന്നും ഇങ്ങനെ ഒറ്റയ്ക്കു കഴിയുമെന്നാണോ? ആരാ നിങ്ങളെ നോക്കുക?''

''അതെന്താ? ആക്കാ ഇത്ര ആവശ്യമെന്നുവെച്ചാൽ അവർ നോക്കിക്കൊള്ളും.''

കാഞ്ചിയുടെ ഉജ്ജ്വലമായ മുഖത്തു പെട്ടെന്നു് വേദന നിഴൽ വീശി. അവളുടെ സ്വരം കരുണാമയമായി. ഈ ജനലിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടു് അവൾ സാവധാനം

പറഞ്ഞു: "അതിന്ന് അവൾക്കു ഭാഗ്യമില്ല. ഇന്നല്ലെങ്കിൽ നാളെ അവൾക്കു പോകേണ്ടിവരും."

ആ ദിവസം ഇത്ര അടുത്ത് എത്തിയെന്ന് അവൾ അറിഞ്ഞിരുന്നില്ല, ഞാനും.

റൂമിയുടെ ശബ്ദം വീണ്ടും കേട്ടപ്പോൾ കൈ തളികയിലേക്കു നീണ്ടി. തുച്ഛമായ ഏതാനും പലഹാരങ്ങൾ. ഇതുപോലെ ആ പെൺകുട്ടിയിൽനിന്ന് എനിക്കെന്തെല്ലാം കിട്ടിയിരിക്കുന്നു! ഇന്നുമാത്രമല്ല, എൻെറ കേട്ടയെക്കൊണ്ട് ഒരിക്കലും വലിയ ഉപകാരമില്ലായിരുന്നു. അതുകൊണ്ടു പലദിവസവും അടുത്ത വീട്ടിൽനിന്നായിരുന്നു ആഹാരം. വല്യമ്മയുടെ പേരിലാണ് എല്ലാം വരിക. പക്ഷേ, അതിൽ ഞാൻ വേറൊരു കൈയിൻെറ മംഗളകരമായ സ്പർശം അനുഭവിച്ചിരുന്നു. ആ സ്പർശം ഈ ജീവിതത്തിൽ ഇനി ലഭിക്കുകയില്ല.

ഒരു മണിക്കൂർ കഴിഞ്ഞു് വല്യമ്മ ക്ഷണിക്കാൻ വന്നു. അവർ പറഞ്ഞു: "പെണ്ണിന്ന് അമ്മയില്ല, അച്ഛനില്ല, ഞാനല്ലാതെ സ്വന്തമെന്നു പറയാൻ ആരുമില്ല. പെട്ടെന്നാണ് തീർച്ചപ്പെടുത്തിയതു്. ചെറുക്കൻ തരക്കേടില്ല. അധികമൊന്നും കൊടുക്കേണ്ട. അതാണു കൂടുതലൊന്നും ആലോചിക്കാതെ പിടിച്ചുകൊടുക്കാമെന്നു വെച്ചതു്. നിങ്ങളെ അവൾക്കു വലിയ കാര്യമാണ്. നിങ്ങൾ വന്ന് അനുഗ്രഹിച്ചാൽ എൻെറ കാഞ്ചിക്കു മംഗളംവരും. നിങ്ങൾ വരണം. വരില്ലേ?"

ഞാൻ പറഞ്ഞു: "വരില്ലേ എന്നോ? തീർച്ചയായും വരും."

വാക്കു കൊടുത്തു. പക്ഷേ, വല്യമ്മ പോയിക്കഴിഞ്ഞപ്പോൾ മനസ്സു വല്ലാതായി. കർത്തവ്യബോധത്തിൽ പിടിച്ചു തൂങ്ങിനില്ക്കാൻ ശ്രമിച്ചു. എല്ലാം വ്യർത്ഥമായി. എനിക്കു പോകാൻ സാദ്ധ്യമല്ലെന്നു തോന്നി. ഓടിക്കളയണം, എവിടേക്കെങ്കിലും ഓടിക്കളയണം. അവധി തീരാൻ ഒരു ദിവസംകൂടി ഉണ്ടു്. പെട്ടെന്ന് ഓർത്തു, കർസിയോങ്ങിൽ ഒരു ബാല്യകാലസ്നേഹിതനുണ്ടു്. പി. ഡബ്ലിയു. ഡി.യിൽ ജോലിയാണ്. ഞാൻ അവനെ തിരിക്കി ഇറങ്ങി.

ഡാക്ടർ ധാപ്പയ്ക്കു കൊടുക്കാൻ ഒരു എഴുത്ത് എഴുതി ഏല്പിച്ചു: വളരെ അത്യാവശ്യകാര്യം പ്രമാണിച്ച് പെട്ടെന്ന് കർസിയോങ്ങിൽ പോകുകയാണ്. കാഞ്ചിയുടെ കല്യാ

ണത്തിനു വരാൻ സാധിക്കുകയില്ല. വളരെ ഖേദമുണ്ട്. അവളെ സവ്വാത്മനാ ആശീവ്വദിക്കുന്നു—എന്നിങ്ങനെ.

പിറേറന്ന് മടങ്ങിവരണം. അവിടെപ്പോയിട്ടും മനസ്സിനു സുഖം തോന്നിയില്ല. വെളുപ്പിനുതന്നെ തിരിച്ചു പുറപ്പെട്ടു. സ്റ്റേഷനിലെത്തിയപ്പോൾ മനസ്സിലായി, വണ്ടിക്കു വളരെ താമസമുണ്ടെന്ന്. കുറച്ചുനേരം പ്ലാററ്ഫോമിൽ ഉലാത്തി. സമയം പോകുന്നില്ല. മനുഷ്യരുടെ തിരക്കു സഹിക്കാൻവയ്യ. വെയിററിങ്ങ്റൂമിലേക്ക് ഒളിഞ്ഞുനോക്കി. അതു തികച്ചും ശൂന്യമാണ്. ഒരു ചായയ്ക്ക് ഓർഡർ കൊടുത്തിട്ട് ഈസിച്ചെയറിൽ കിടന്നു. എപ്പോഴും ചായകുടിക്കുന്ന പതിവ് എനിക്കില്ല. പക്ഷേ, അന്നു ഞാൻ പുറകെ പുറകെ രണ്ടു കപ്പു ചായ അകത്താക്കി. മൂന്നാമത്തെ കപ്പിന് ബോയിയെ വിളിക്കണോ വേണ്ടയോ എന്നാലോചിക്കുമ്പോൾ പെട്ടെന്നു പുറത്തേക്കു ദൃഷ്ടി പാഞ്ഞു. ഞാൻ ഞെട്ടിപ്പോയി. വിസ്മയംകൊണ്ടോ ആനന്ദംകൊണ്ടോ വേദനകൊണ്ടോ എന്നറിഞ്ഞുകൂടാ. വാതിൽക്കൽ നില്ക്കുന്നു—കാഞ്ചി. താഴ്ത്തിപ്പിടിച്ച മ്ലാനമായ മുഖം. നവവധുവിൻെറ വേഷം. പിന്നിൽ വരൻ നില്ക്കുന്നു. ഞാൻ നിവന്ന് അവരെ പ്രതീക്ഷിച്ച് ഇരുന്നു. ചിരിച്ചുകൊണ്ടു സാധാരണമട്ടിൽത്തന്നെ പറഞ്ഞു: "വരൂ." ചെറുക്കൻ മിലിട്ടറിമട്ടിൽ സലാംതന്നിട്ട് സവിനയം അനുമതി വാങ്ങി പുറത്തേക്കു പോയി. കാഞ്ചി സാവധാനം മുന്നോട്ടു നീങ്ങി എൻെറ അടുത്തുവന്നു നിന്നു.

കുറച്ചു സമയം നിശ്ശബ്ദം കടന്നുപോയി. ഞാൻ അവളുടെ വലതുകൈ പിടിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു കല്യാണത്തിന് നില്ക്കാൻ കഴിഞ്ഞില്ല. അതിൽ കാഞ്ചി വിഷമിക്കരുത്. നിനക്ക് എല്ലാം അറിയാമല്ലോ. കഴിയുമെങ്കിൽ എനിക്കു മാപ്പുതരൂ."

കാഞ്ചി ഇടിവെട്ടേററിട്ടെന്നപോലെ എൻെറ രണ്ടു കൈയും മുറുക്കിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "എന്താ പറയുന്നതു്, ബാബുജി; നിങ്ങൾ എന്നോടു മാപ്പു ചോദിക്കുന്നോ? ഞാൻ നിങ്ങളോടു ചെയ്ത അപരാധത്തിന് അവസാനമില്ല."

എന്താണ് അവളുടെ അപരാധമെന്ന് അറിഞ്ഞുകൂടാ. എങ്കിലും ഞാൻ തക്കിച്ചില്ല. വീണ്ടും കുറച്ചു നിമിഷം കഴി

ഞ്ഞു് അവൾ മൃദുസ്വരത്തിൽ പറഞ്ഞു: "ഇന്നുതന്നെ മടങ്ങുകയാണോ?"

ഞാൻ പറഞ്ഞു: "അതെ."

അല്പനേരം വെറുതെ നിന്നിട്ടു് അവൾ പറഞ്ഞു: "നിങ്ങൾക്കു് അവധി ഉണ്ടല്ലോ. കുറച്ചുനാൾകൂടി വീട്ടിൽപോയി താമസിക്കുകയോ എവിടെയെങ്കിലും ചുററിത്തിരിയുകയോ ചെയ്തിട്ടു് പോയാൽമതി."

"എന്തിനു്?"

"എന്തിനെന്നോ?" കാഞ്ചി നിരാശയോടുകൂടി മറുപടി പറഞ്ഞു: "അതും പറഞ്ഞുതരണോ? നിങ്ങൾക്കു് ആരുണ്ടു് അവിടെ? ആരു നോക്കും? ദാഹിച്ചാൽ ഒരുഗ്ലാസ്സുവെള്ളം എടുത്തു കുടിക്കാനറിയാത്തവരുടെ അവസ്ഥ പറഞ്ഞറിയിക്കണോ? എത്രനാൾ തിന്നാതെയും കുടിക്കാതെയും കിടക്കുമെന്നു് ഞാൻതന്നെ കണ്ടിട്ടുണ്ടല്ലോ. അവധി എടുക്കുകതന്നെ വേണം. ഇല്ലെങ്കിൽ ഞാൻ പിണങ്ങും."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "ശരി, എടുത്തെന്നു വെച്ചോളു. പക്ഷേ, അവധിക്കു് ഒരവസാനമുണ്ടല്ലോ. പിന്നെയോ?"

"പിന്നെ മടങ്ങിവരുമ്പോൾ കല്യാണം കഴിച്ചു് പെണ്ണിനെയുംകൂടി കൊണ്ടുവരണം."

അവളുടെ ഉദ്വേഗപൂർണ്ണമായ മിഴികളിലേക്കു നോക്കിക്കൊണ്ടു് ഞാൻ ചോദിച്ചു: "എന്നാൽ നിനക്കു സന്തോഷമാകുമോ, കാഞ്ചീ?"

"ആകുകയില്ലേ? നിങ്ങൾക്കു സുഖമാണു്, സന്തോഷമാണു്, നിങ്ങൾക്കു് കഷ്ടപ്പാടൊന്നുമില്ല. ദൂരെയിരുന്നു് ഇത്രയും കേട്ടാൽത്തന്നെ എനിക്കു പരമസന്തോഷമായി."

അവൾ പിന്നെയും എന്തൊക്കെയോ പറയാനാഗ്രഹിച്ചെന്നു തോന്നി. പക്ഷേ, അവളുടെ തൊണ്ടയിടറി. രക്താഭമായ കവിളുകളിലൂടെ ഏതാനുംതുള്ളി കണ്ണുനീർ ഇററുവീണു.

പോകാൻ സമയമായിരുന്നു. കവിളിലെ അശ്രുരേഖ മായിച്ചിട്ടു് അവൾ സാവധാനം മുന്നോട്ടു നീങ്ങി. നിലത്തു മുട്ടുകുത്തി എൻെറ കാൽക്കൽ തലവെച്ചു് പ്രണാമംചെയ്തു. ഞാൻ തടുത്തില്ല. കുനിഞ്ഞു് അവളുടെ പുറകിൽ വലതുകൈ

വെച്ചുകൊണ്ടു് മനസ്സാ ആശീർവ്വദിച്ചു. അവളുടെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. അടുത്ത നിമിഷം, അണപൊട്ടിയ നദിപോലെ അവൾ പൊട്ടിക്കരഞ്ഞു. ആ അശ്രുധാരയുടെ ചൂടു് എനിക്കു് അനുഭവപ്പെട്ടു. ഈ ലോകത്തു് എൻെറ രണ്ടു പാദങ്ങൾ മാത്രം അതിനു സാക്ഷ്യം വഹിച്ചു.

കാഞ്ചിയെ ഞാൻ ഇത്രനാളും ചിരിച്ചേ കണ്ടിട്ടുള്ളു. പൊട്ടിയൊഴുകുന്ന വെള്ളിപ്രവാഹംപോലുള്ള ചിരി. ലോകത്തു് അതിനു് ഉപമപറയാൻ ഒന്നുമില്ല. ഇന്നു വേർപിരിയുന്ന ദിവസം അവളുടെ കരച്ചിൽ കണ്ടു. ഹൃദയം പൊട്ടിയുള്ള കരച്ചിൽ. അതിനും ഉപമാനം ഇല്ല.

## എട്ടു്

1757 മുതൽ 1930 വരെ, തികച്ചു് രണ്ടു ശതാബ്ദംപോലുമില്ല. ചരിത്രത്തിൻ്റെ അനന്തപ്രവാഹത്തിൽ ചെറിയൊരു ബിന്ദുമാത്രം. പക്ഷേ, എത്ര പ്രചണ്ഡമാണു് അതുണ്ടാക്കിയ ഇളക്കങ്ങൾ! ഈ പ്രാചീനജനതയുടെ ബഹുമുഖമായ ജീവിതരീതിയിൽ അതു് എത്ര ദൂരവ്യാപകവും ആഴമേറിയതുമായ പ്രഭാവമാണു് അടിച്ചേല്പിച്ചതു്!

ഹതഭാഗ്യയായ ഈ നാടിൻെറ നെഞ്ചിൽ വിദേശീയരായ വിജേതാക്കൾ കാലുകുത്തുന്നതു് ഇതാദ്യമല്ല. ഇതിനു ശരിക്കും 700 വർഷം മുമ്പുതന്നെ പഠാണികളും മുകിലന്മാരും തുർക്കികളും—സുൽത്താൻ മുഹമ്മദും ചെങ്കിസ്ഖാനും അലാവുദ്ദീൻ ഖിൽജിയും അറംഗസീബും എല്ലാം—ഇവിടെ വന്നു. നദികളും മലകളും ജനപദങ്ങളും രക്തപ്രവാഹത്തിൽ മുങ്ങി, ദേവാലയങ്ങൾ അശുദ്ധമായി, സ്ത്രീകൾ അപമാനിതരായി. എങ്കിലും ഭാരതത്തിൻെറ അന്തരാത്മാവു് പിടികൊടുത്തില്ല. ആ 700 വർഷത്തെ ചരിത്രം ഒരു കാളരാത്രിയിലെ ദുഃസ്വപ്നംപോലെയാണു്. ജലപ്രവാഹത്തിനു മീതേക്കൂടി നീങ്ങുന്ന മേഘങ്ങളുടെ ഛായ!

പക്ഷേ, ഇംഗ്ലീഷുകാർ ദിഗ്വിജയികൾ മാത്രമല്ല. രാജ്യം

പിടിച്ചടക്കുകയും സമ്പത്തു കൊള്ളയടിക്കുകയും ചെയ്തുകൊണ്ടു് അവർ തൃപ്തരായില്ല. മനുഷ്യത്വം നശിപ്പിക്കാനായിരുന്നു അവരുടെ ആഗ്രഹം. ആ വിഷവൃക്ഷത്തിൻെറ വിഷമയമായ വേരുകൾ, ഫലഭൂയിഷ്ഠമായ ഈ നാടിൻെറ അസ്ഥിയിലും മജ്ജയിലും പ്രവേശിക്കാൻ തുടങ്ങി. വിഷത്തിൻെറ ശക്തി കൊണ്ടു് വമ്പിച്ചൊരു ജനതയുടെ ചേതന മുഴുവൻ മയങ്ങിപ്പോയി. മോഹഗ്രസ്തനായ മൂഢനെപ്പോലെ അതു് അതിൻെറ കഴിവുകൾ മുഴുവനും, പ്രതിഭ അത്രയും, വിദേശീയ സാമ്രാജ്യത്തിൻെറ പരിചരണത്തിനു വിനിയോഗിക്കാൻ തുടങ്ങി.

ഇത്തരത്തിൽ അനേകവർഷം കഴിഞ്ഞു. പിന്നീടൊരു ദിവസം, ഒരു സംഘം കരുത്തന്മാർ ശതാബ്ദത്തിൻെറ മോഹനിദ്ര വിട്ടു് ഉണർന്നു. ഭീമാകാരമായ ഒരു കിനാവള്ളി ജനങ്ങളുടെ മുഴുവൻ കഴുത്തിൽ ഇരുമ്പുകൈകൾ മുറുക്കിയിരിക്കുന്നതു് അവർ ഭയത്തോടെ നോക്കിക്കണ്ടു. പ്രാണൻ ഇപ്പോൾ പോകുമെന്ന മട്ടാണു്. വിമുക്തിക്കുവേണ്ടി അവർ ആദ്യം നിവേദനങ്ങളും പ്രാൎത്ഥനകളും പ്രയോഗിച്ചു. അതിനുശേഷം ബഹളമുണ്ടാക്കാൻ തുടങ്ങി. പക്ഷേ, പിടി അയഞ്ഞില്ല. വേദനയുടെ ആധിക്യംകൊണ്ടു് അങ്ങുമിങ്ങും മൂന്നു നാലു യുവജനസംഘങ്ങൾ പുളഞ്ഞു. 1858 ആയി. പിന്നീട്ടു് 1905. പക്ഷേ, സാമ്രാജ്യത്വത്തിന്റെ സ്റ്റീംറോളർ, ഉയൎന്നുനിന്ന തലകളെല്ലാം നിലംപരിശാക്കിക്കളഞ്ഞു.

കുറേക്കാലംകൂടി കഴിഞ്ഞു. 1921-ലെ വസന്തകാലം. പെട്ടെന്നു് ഒരു ദിവസം, ഭാരതത്തിൻെറ പടിഞ്ഞാറൻതീരത്തു് അൎദ്ധനഗ്നനായ ഒരു ഫക്കീർ പ്രത്യക്ഷപ്പെട്ടു. മെലിഞ്ഞ ദേഹം, അരയിൽ ഒരുകഷണം തുണി മാത്രം, മുഖത്തു് രഹസ്യദ്യോതകമായ മന്ദഹാസവും. അദ്ദേഹം ബ്രിട്ടീഷ് സിംഹത്തെ അഭിസംബോധനചെയ്തു പറഞ്ഞു: "മൃഗരാജാവേ, ഞങ്ങൾ നിരായുധരാണു്. എങ്കിലും അങ്ങയുടെ ദംഷ്ട്രാഘാതം ഞങ്ങൾ ഭയപ്പെടുന്നില്ല. അങ്ങയുടെ ഈ വിജയരഥത്തിനു് ഇത്രകാലവും ഞങ്ങൾതന്നെ എണ്ണയിട്ടുതന്നു. ഇന്നുമുതൽ അതു നടപ്പില്ല. ഞങ്ങളുടെ നാടിൻെറ നെഞ്ഞെല്ലുകൾ തകൎത്തുകൊണ്ടു് ഞങ്ങൾതന്നെ അതു് ഇത്രനാൾ വലിച്ചു

ആ കയറും ഞങ്ങളിപ്പോൾ വിടുകയാണു്. നിങ്ങളോടു ഞങ്ങൾക്കു വിരോധമില്ല. ഞങ്ങൾ സഹകരിക്കുകയില്ലെന്നു മാത്രം.''

സന്യാസിയുടെ ക്ഷീണിച്ച ശബ്ദത്തിനു് ഇത്ര ശക്തിയുണ്ടെന്നു് ആരറിയാൻ? ആസേതുഹിമാചലം വിറകൊണ്ടു. 150 വർഷത്തെ ഭരണസാമർത്ഥ്യംകൊണ്ടു് കെട്ടിപ്പടുത്ത കീർത്തിസ്തംഭത്തിൻെറ ചുവട്ടിൽ വിള്ളലുകൾ ദൃശ്യമായി. പക്ഷേ, അതു ക്ഷണനേരമേ നിലനിന്നുള്ളൂ. കൊടുങ്കാററു ശമിച്ചു. അതിന്റെ നാശനഷ്ടങ്ങൾ മാത്രം ബാക്കിയായി. രാജശക്തിയുടെ വിജയരഥം, നാലുപാടും ശബ്ദമുഖരിതമാക്കിക്കൊണ്ടു് വീണ്ടും ചലിക്കാൻതുടങ്ങി. കയർ വിട്ടുകളഞ്ഞവർ വീണ്ടും അതിൽ കയറിപ്പിടിച്ചു. അങ്ങുമിങ്ങും മൂന്നുനാലുപേർ മാറിനിന്നു. അവർ വിസ്മരിക്കപ്പെട്ടുകയും ചെയ്തു.

പത്തുവർഷം കഴിയുംമുമ്പു് വീണ്ടും എവിടെനിന്നോ മടങ്ങിവന്നു, ആ ക്ഷീണകായനായ ഫക്കീർ. ശരീരം കൂടുതൽ ക്ഷീണിച്ചിട്ടുണ്ടു്. എങ്കിലും നെററിയിൽ വജ്രത്തിൻെറ ദാർഢ്യം കാണാം. അദ്ദേഹത്തിന്റെ ഉദാത്തമായ കണ്ഠത്തിൽനിന്നു് ഈ വാക്കുകൾ മുഴങ്ങി: ''ഹേ, യന്ത്രരാജാവായ വിഭൂതീ, ഞങ്ങളുടെ ജീവിതത്തിൻെറ സ്വച്ഛന്ദപ്രവാഹം തടഞ്ഞ പർവ്വതസമമായ യന്ത്രത്തിൻെറ ചങ്ങലക്കെട്ടുകളെ ഞങ്ങൾ വകവെയ്ക്കുകയില്ല.'' ആ വാക്കുകൾ നാലുപാടും പ്രതിധ്വനിച്ചു: ''ഞങ്ങൾ വകവെയ്ക്കുകയില്ല.'' ജീവിതത്തിൻെറ നാനാതുറകളിൽനിന്നു്, സമുദായത്തിന്റെ നാനാതലങ്ങളിൽനിന്നു്, ആയിരക്കണക്കിനു് ആളുകൾ ഇറങ്ങിവന്നു. എല്ലാവരുടേയും കണ്ഠത്തിൽനിന്നു് ആ വാക്കുകളുയന്നുകൊണ്ടിരുന്നു: ''ഞങ്ങൾ വകവെയ്ക്കുകയില്ല.''

ബ്രിട്ടീഷ് സിംഹത്തിൻെറ അഹങ്കാരംനിറഞ്ഞ നെറ്റിയിൽ ചിന്തയുടെ ചുളിവുകൾ വീണു. ഇതെങ്ങനെ സംഭവിച്ചു? ചിരകാലമായി most obedient servant ആയിരുന്നവരുടെ വായിൽനിന്നു് disobedience—ൻെറ സ്വരം. പക്ഷേ, ആലോചിക്കാൻ നേരമില്ല. സാമ്രാജ്യശക്തി വെല്ലുവിളി സ്വീകരിച്ചു: ''ഞങ്ങൾ ഇംഗ്ലീഷുകാരാണു്. ഞങ്ങളുടെ രാജ്യത്തു സൂര്യൻ അസ്തമിക്കുകയില്ല. മർദ്ദനം ആരംഭിക്കട്ടെ.'' യന്ത്രരാജാവായ

വിഭൂതി സ്വന്തം സ്റ്റീംറോളർ ഉരുട്ടാൻ തുടങ്ങി. അതിൽ പെട്ടവർ അരഞ്ഞു ചത്തു. പെടാത്തവർ നാടൊട്ടുക്കു ജയിലിലുമായി.

യന്ത്രരാജ്യത്തിൻെറ അനുചരരായ ഞങ്ങൾ ചിലർ ദുർഭേദ്യമായ പർവ്വതങ്ങളാൽ ചുററപ്പെട്ട കാട്ടിൽ അത്തരക്കാക്കു വേണ്ടി കൂട്ട തുറന്നുവെച്ച് കാത്തിരിക്കുകയായിരുന്നു. പക്ഷേ, പുറത്തെ കോലാഹലം കല്ലു തുളച്ച് ഇനിയും അകത്തു കടന്നു വന്നിട്ടില്ല. ഈ കാട്ടുജാതിക്കാർ ഇംഗ്ലീഷുകാരുടെ സ്നേഹപാത്രങ്ങളാണ്, കൃപാഭാജനങ്ങളാണ്. ചായ, സിഗററ്റ്, മദ്യം എന്നിവയുടെ ലഹരിയിൽ മുക്കിയിട്ടിരിക്കുകയാണ് അവരെ. ഒന്നുരണ്ടു പേർ തല പൊക്കിയാൽത്തന്നെ ഉദ്യോഗത്തിൻെറയോ പദവിയുടെയോ മയക്കമരുന്നു നൽകി അവരെ നിശ്ചേഷ്ടരാക്കും.

അതുകൊണ്ടു് ഞങ്ങൾക്കു സുഖമാണ്. ഞങ്ങളുടെ കൂട്ട് അവരുടെ വീടാണ്. ഇഷ്ടംപോലെ തിന്നുകയും പറയുന്ന ജോലി ചെയ്യുകയും ചിന്താരഹിതമായി ഉറങ്ങുകയും ചെയ്യുന്നവരേ ഇവിടെ ഉള്ളു. ആവശ്യമില്ലാതെ ബഹളമുണ്ടാക്കി അവർ ഉദ്യോഗസ്ഥന്മാരുടെ സമാധാനം നശിപ്പിക്കാറില്ല. ഞാൻ എന്നും പ്രാർത്ഥിക്കും: "ഭഗവാനേ, ഈ ശാന്തി അഭംഗുരം നിലനിത്തണേ! കള്ളന്മാരും കൊള്ളക്കാരും പോക്കററടിക്കാരും മാത്രമായി സുഖമായി ദിവസങ്ങൾ കഴിയട്ടെ. പക്ഷേ, ഈ പ്രാർത്ഥനയിൽ മുബാരക് അലി പങ്കുചേന്നില്ല. അയാളുടെ കൈ മുരുമുരുക്കുകയാണ്. നാലഞ്ചു സ്വദേശീതടവുകാരെ മര്യാദപഠിപ്പിക്കാൻ അവസരം കിട്ടിയില്ലെങ്കിൽ ഈ ഉദ്യോഗം വൃഥാവിലാണെന്നാണ് അയാളുടെ പക്ഷം.

അവസാനം മുബാരക് അലിയുടെ ആഗ്രഹം സഫലമായി. കൽക്കത്തയിലെ ഏതോ ജയിലിൽനിന്ന് പെട്ടെന്നൊരു ദിവസം പ്രസിദ്ധരായ ഏതാനും 'സ്വദേശി'കളും 'സ്വദേശിനി'കളും അയച്ചുതരപ്പെട്ടു. അവിടത്തെ അന്തരീക്ഷം ഇവർ വല്ലാതെ ചൂടുപിടിപ്പിച്ചിരുന്നു. അതുകൊണ്ടു് ഇവരെ ഈ തണുത്ത സ്ഥലത്തു് ആക്കുകയല്ലാതെ നിവൃത്തിയില്ലെന്ന് അധികൃതക്കു തോന്നി.

സ്വദേശിനികളിൽ ഒന്നു് ശ്രീമതി തപതി ദാസ് ആയി

രുന്നു. പുസ്തകത്തിൽ അവരുടെ പേരെഴുതിയിരുന്നതിൽ ജയിലർ സാഹിബ്ബ്, 'ദാസ്' വെട്ടിക്കളഞ്ഞു 'ദാസി' എന്നാക്കി. ജയിലിൽ പുതുതായി വന്നവർക്ക്, ആസ്പത്രിയിൽ രോഗികൾക്കെന്നപോലെ, ഒരു ടിക്കററു കൊടുക്കാറുണ്ട്. പേരും മററു വിവരങ്ങളും അതിൽ എഴുതിയിരിക്കും. പുസ്തകത്തിൽ നോക്കിയാണ് ഇതെഴുതുന്നതു്. 'ദാസി' എന്നെഴുതിയ ടിക്കററു് യഥാസമയം ശ്രീമതി ദാസിൻെറ കൈയിലെത്തി. ഒപ്പംതന്നെ അഗ്നിപർവ്വതം പൊട്ടുകയും ചെയ്തു. പിറേറന്നു് സൂപ്രണ്ടിനെ കണ്ടപ്പോൾ അതു പ്രവഹിക്കാൻ തുടങ്ങി. ആ ഒഴുക്കിൽ തീയേക്കാളധികം ചെളിയായിരുന്നു. ഞങ്ങൾ നിശ്ശബ്ദം തലതാഴ്ത്തിനിന്നു. മിസ്റ്റർ റോയ്, മുബാരക് അലിയുടെ നേരേ നോക്കി സംഭവം എന്താണെന്നു് ആരാഞ്ഞു.

ജയിലർ സാഹിബ്ബ് നിസ്സാരഭാവത്തിൽ പറഞ്ഞു: "സംഗതിയൊന്നുമില്ല സാർ. ഒരു വാറണ്ടിൽ അല്പം വ്യാകരണപ്പിശകുണ്ടായിരുന്നു. ഞാനതു തിരുത്തി."

"എന്തു വ്യാകരണപ്പിശകു്?"

ജയിലർ എൻെറ നേരെ ഒരു വക്രദൃഷ്ടിയെറിഞ്ഞിട്ട് പറഞ്ഞു: "ബി. എ.യും എം. എ.യുമൊന്നും പാസ്സായിട്ടില്ലെങ്കിലും കുട്ടിക്കാലത്തു് ബംഗാളിവ്യാകരണം കുറച്ചൊക്കെ പഠിച്ചിരുന്നു ഞാൻ. എൻെറ അറിവിൽ ദാസ് എന്ന വാക്കു് പുല്ലിംഗമാണ്. 'ദാസി'യാണ് സ്ത്രീലിംഗരൂപം. 'സ്വദേശി' ആയാൽ ലിംഗഭേദവും വരുമെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു."

സൂപ്രണ്ടു സാഹിബ്ബ് മുഖം തിരിച്ചുകളഞ്ഞു. തടവുകാരികളിൽ പ്രായമായവർ നിശ്ശബ്ദം നടന്നുമാറി. മിസ്സ് ദാസ് നിരാഹാരത്തിനു് നോട്ടീസുകൊടുക്കുകയും ചെയ്തു.

അവസാനം സക്കാർപക്ഷം തന്നെ തോറ്റു. ഇത്ര പണ്ഡിതനായ ജയിലരുടെ വ്യാകരണപരിജ്ഞാനത്തിൻെറ മാന്യത പുലർന്നില്ല. ശ്രീമതി വീണ്ടും 'ദാസി'യിൽനിന്നു് 'ദാസ്' ആയി മാറി.

റെയിൽവേ യാത്രക്കാരെപ്പോലെ ജയിൽപ്പുള്ളികൾക്കും മൂന്നു ക്ലാസ്സുണ്ടു്—ഒന്നും രണ്ടും മൂന്നും. പക്ഷേ, ഒരു വ്യത്യാസ

മുണ്ട്. റെയിൽവേയിലെ ക്ലാസ്സ് യാത്രക്കാർതന്നെ തിരഞ്ഞെടുക്കുമ്പോൾ, ജയിലിലെ ക്ലാസ്സുനിശ്ചയിക്കുന്നതു ശിക്ഷ വിധിക്കുന്ന ന്യായാധിപനാണ്. 'സ്വദേശി'സ്ത്രീകൾക്കു് ഒന്നാം ക്ലാസ്സ് നൽകിയിരുന്നു. കാരണം, കുറെയൊക്കെ രാഷ്ട്രീയവും കുറച്ചൊക്കെ സാമൂഹ്യവും അധികപങ്കും റൊമാൻറിക്കുമായിരുന്നു. കാരണം, ടിക്കററു നല്കുന്ന മജിസ്ട്രേട്ട് പുരുഷനാണ്. ഇവൾക്ക് ഒന്നാംക്ലാസ്സ് മാത്രമല്ല, പണിയൊന്നും കൂടാതുള്ള ശിക്ഷയാണ് അദ്ദേഹം വിധിച്ചതു്. അതുകൊണ്ടു് ആഹാരസാധനങ്ങളും സുഖഭോഗവസ്തുക്കളും ഇഷ്ടംപോലെയാണ്. ഇതു് ഉപയോഗയോഗ്യമാക്കാൻ മനുഷ്യസഹായം വേണമല്ലോ. ജയിലിൽ അതിനുമില്ല പ്രയാസം. വിരലിലെണ്ണാവുന്ന ഒന്നാംക്ലാസ്സുകാർക്കുവേണ്ടി എണ്ണമററ മൂന്നാംക്ലാസ്സുകാർ കഷ്ടപ്പെടണം. ഇതാണല്ലോ സമുദായത്തിലെയും രാഷ്ട്രത്തിലെയും നിയമം. ജയിലിൽ മാത്രം അതിനു മാററംവരുത്തുന്നതെന്തിന്? അതുകൊണ്ടു് ഒന്നാംക്ലാസ്സുതടവുകാരെ പരിചരിച്ച് മൂന്നാംക്ലാസ്സുതടവുകാർ ധന്യതയടയും. 'സെർവൻറ്' എന്നുപറഞ്ഞാൽ കോപിച്ചെങ്കിലോ എന്നുവെച്ച് 'അററൻഡൻറ്' എന്നാണ് ഇവരെ വിളിച്ചിരുന്നതു്.

ചെറുപ്പക്കാരിയായ ഒരു കാട്ടുജാതിപ്പെണ്ണാണ് 'സ്വദേശിനി'കളെ പരിചരിക്കാൻ നിയോഗിക്കപ്പെട്ടതു്. പെട്ടെന്നൊരുദിവസം ശ്രീമതി ബാനർജിയും ശ്രീമതി ലാഹയും നിർബ്ബന്ധംപിടിച്ചു, ആ പെണ്ണിനെ മാററണമെന്നു്.

ഞാൻ ചോദിച്ചു: "എന്തിന്?"

"കാരണം പറയേണ്ട ആവശ്യമുണ്ടെന്നു് ഞങ്ങൾക്കു തോന്നുന്നില്ല."

ഞാൻ സവിനയം പറഞ്ഞു: "അതു ശരിതന്നെ. നിങ്ങൾ പറഞ്ഞാൽ പിന്നെ കാരണമൊന്നും ചോദിക്കേണ്ട കാര്യമില്ല. ഞാൻ വെറുതെ അറിയാൻ ചോദിക്കുകയാണ്—അവൾ ശരിക്കു ജോലിചെയ്യുന്നില്ലേ?"

മിസ്സ് ലാഹ പറഞ്ഞു: "ഞങ്ങൾ പറഞ്ഞതിൽ കൂട്ടതലൊന്നും പറയാനാഗ്രഹിക്കുന്നില്ല."

പിന്നെ മിണ്ടാട്ടമില്ല. പരിചാരിക മാററപ്പെട്ടു.

പിറേറന്നു് വൈകുന്നേരം, സ്വദേശിവാർഡിലെ എഴുത്തുകൾ, തപാലിൽ അയക്കുംമുമ്പ് വായിക്കുകയായിരുന്നു ഞാൻ. ജയിൽഭാഷയിൽ ഇതിനു സെൻസർ എന്നു പറയും. ഞാൻ വന്നിട്ടു് അധികനാളായിട്ടില്ല. മനസ്സും ഇളതാണു്. മററുള്ളവരുടെ എഴുത്തു വായിക്കുന്ന ഏർപ്പാട്ടു് വളരെ അപരിഷ്കൃതവും മര്യാദകെട്ടതുമായി തോന്നി. സ്വദേശിമഹിളകളുടെ ചെരിഞ്ഞ അക്ഷരത്തിലുള്ള നീണ്ട കത്തുകൾ കൈയിൽ വരാൻതുടങ്ങിയപ്പോൾ തോന്നി, എനിക്കു് അതിലെത്ര സങ്കോചമുണ്ടെങ്കിലും അവക്കു് അങ്ങനെയൊന്നില്ലെന്നു്. അതുകൊണ്ടു് എൻെറ സങ്കോചം വിട്ടുമാറാൻ അധികസമയം വേണ്ടിവന്നില്ല.

ഞാൻ, മിസ്സിസ് ചാററർജി എഴുതിയ തടിച്ച എഴുത്തു് തുറന്നു. അഞ്ചുപേജു നിറച്ചുണ്ടു്. ഏതോ സ്നേഹിതക്കു് എഴുതിയതാണു്. ആദ്യംതന്നെ ആ കാട്ടുപെണ്ണിനെക്കുറിച്ചു് പരാമർശനം കണ്ടപ്പോൾ കൗതുകം തോന്നി. മുഖവുരക്കുശേഷം മിസ്സിസ് ചാററർജി എഴുതിയിരിക്കുകയാണു്: "ഇന്നലെ ഞങ്ങൾ വലിയൊരു കാര്യം ചെയ്തു. ഒരു നേപാളി തടവുകാരി ഞങ്ങളുടെ പണികൾ ചെയ്തിരുന്നു. കാണാൻ കൊള്ളാം, ശാന്തസ്വഭാവമാണു്, വിശ്വസിക്കുകയും ചെയ്യാം. ജോലിക്കും സമത്ഥ. പെട്ടെന്നു് ഞങ്ങളറിഞ്ഞു, ഏതോ കാരണത്തിനു് ഭത്താവിനെ വിഷംകൊടുത്തു കൊന്നതിനാണു് അവൾ ശിക്ഷയനുഭവിക്കുന്നതെന്നു്. ഇത്തരം ഒരു പെണ്ണിന്റെ വെറുക്കപ്പെട്ട സാന്നിദ്ധ്യം ഞങ്ങളെപ്പോലെ പരിഷ്കൃതരായ സ്ത്രീകൾ വജ്ജിക്കണമല്ലോ. അതുകൊണ്ടു് ഞങ്ങൾ നിബ്ബന്ധം പിടിച്ചു, അവളെ മാററിക്കിട്ടാൻ. അധികാരികൾ സമ്മതിച്ചില്ല. സമ്മതിപ്പിക്കേണ്ടിവന്നു. സ്വന്തം വാർഡിലേക്കു പൊയ്ക്കൊള്ളാൻ പറഞ്ഞപ്പോൾ ആ പെണ്ണിൻെറ കണ്ണു നനയുന്നുണ്ടായിരുന്നു. പക്ഷേ, നിസ്സാര സെൻറിമെൻറുകൾ വെച്ചുകൊണ്ടിരുന്നാൽ നമ്മുടെ അഭിമാനം നഷ്ടപ്പെടും. ഇപ്പോൾ വന്നിട്ടുള്ളവളുടെ കുററം തുണി മോഷ്ടിച്ചതാണു്. അതു സാരമില്ല.

"രാത്രി മുഴുവൻ ഞാൻ ആ പെണ്ണിൻെറ കഥയാലോചിക്കുകയായിരുന്നു. അവൾ ഭത്താവിനെ വിഷംകൊടുത്തു കൊന്നു. ഞാനോ? ഞാനെന്താ ചെയ്യുന്നതു്? എൻെറ മന

സ്സിലും എൻെറ ശബ്ദത്തിലും എൻെറ ദൈനംദിനപ്രവൃത്തികളിലും നിന്നു് ഉയരുന്ന വിഷം എന്റെ ഭർത്താവിനെയും അദ്ദേഹത്തിൻെറ ബന്ധുജനങ്ങളെയും ശ്വാസംമുട്ടിക്കുന്നില്ലേ? പെട്ടെന്നു കൊല്ലുന്നതു മാത്രമേ കൊലപാതകമാകുകയുള്ളോ? കുറേശ്ശെക്കുറേശ്ശെയായി കൊല്ലുന്നതു കൊലയല്ലേ? ആ പെണ്ണു് എന്നേക്കാൾ കുററക്കാരിയാണോ?

"ഞാൻ ഒററയ്ക്കല്ല. എന്നെപ്പോലുള്ള ആധുനികവനിതകൾ, വീടുപേക്ഷിച്ചവർ, അല്ലെങ്കിൽ വീട്ടിൽത്തന്നെ താമസിക്കുന്നെങ്കിലും വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കാത്തവർ എല്ലാം ഇത്തരക്കാരാണു്. വിഷകന്യകമാരുടെ സംഘമാണു് ഞങ്ങൾ. സ്വാതന്ത്ര്യം, അഭിമാനം, സ്ത്രീകളുടെ പുരോഗതി തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ടു് ഞങ്ങൾ വീടും കുടുംബവും, ഭർത്താവും മക്കളും, അച്ഛനമ്മമാരും, സഹോദരീസഹോദരന്മാരും ഒന്നും വേണ്ടെന്നുവെച്ചു വിഷം ചീററിപ്പായുകയാണു്. അതാണു ലോകവും ഞങ്ങൾക്കു വിഷമയമായതു്. വീടിനു് ഞങ്ങളെ ഒതുക്കിനിർത്താൻ കഴിയാത്തതു്.

"എനിക്കു് അമ്മയുടെ ഓർമ്മ വരുന്നു. അച്ഛൻ ഒരു സാധാരണ ക്ലാക്കായിരുന്നു. മനുഷ്യനെന്ന നിലയ്ക്കും സാധാരണക്കാരൻതന്നെ. അച്ഛൻ ആപ്പീസിൽനിന്നു മടങ്ങിയെത്താറാകുമ്പോൾത്തന്നെ അമ്മ ഞങ്ങളെ താക്കീതുചെയ്യും, ബഹളമുണ്ടാക്കാതിരിക്കാൻ. വരാന്തയിൽ എത്തുമ്പോൾത്തന്നെ അമ്മ ചെന്നു് ഷൂസിൻെറ ചരടഴിക്കും. ഉടുപ്പും പുതപ്പും കൈയിൽ വാങ്ങി, വീട്ടിൽ ധരിക്കുന്ന വേഷം എടുത്തുകൊടുക്കും. പിന്നീടു് എത്ര ശ്രദ്ധിച്ചാണു് കാപ്പിയും പലഹാരങ്ങളും തയ്യാറാക്കി ഭക്തിപൂർവ്വം മുമ്പിൽ കൊണ്ടുവെയ്ക്കുന്നതു്! ഞങ്ങൾക്കുവേണ്ടി എന്തെങ്കിലും ബാക്കിവെച്ചാൽ അമ്മ ദേഷ്യപ്പെടും. ഇത്രയെങ്കിലും കഴിച്ചില്ലെങ്കിൽ ശരീരം ക്ഷീണിച്ചുപോകും എന്നു് പറയും.

"വലുതായി, സ്ത്രീപുരോഗതിയുടെ സ്വാദറിഞ്ഞപ്പോൾ, എനിക്കു് അമ്മയുടെ ഈ ദാസ്യവൃത്തി കണ്ടു് ലജ്ജ തോന്നിയിരുന്നു. പക്ഷേ, അമ്മ ദാസിയായിരുന്നില്ലെന്നു് എന്നേക്കാൾ നന്നായി ആക്കറിയാം? അഭിമാനത്തിനും അധികാരത്തിനും വേണ്ടി അവർ ഒരിക്കലും അച്ഛനുമായി വഴക്കടിച്ചി

ട്ടില്ല. എങ്കിലും ആ കൊച്ചുകുടുംബത്തിലെ സർവ്വാധികാരി അവരായിരുന്നുതാനും.

"ദാരിദ്ര്യമുള്ള കുടുംബം. കൂടാതെ വലിയ ദേഷ്യക്കാരനായിരുന്ന അച്ഛൻ. ഇടയ്ക്കിടെ അദ്ദേഹത്തിന്റെ വായിൽനിന്ന് കടുത്ത വാക്കുകൾ ധാരാളം കേൾക്കേണ്ടിവരും അമ്മയ്ക്ക്. പക്ഷേ, ഒരിക്കലും അവരതിന്ന് മറുപടി പറഞ്ഞില്ല. അവർ ചിരിച്ചുകൊണ്ടു പറയും: 'പുരുഷന്മാർ എന്തെല്ലാം സഹിക്കുന്നു? നമുക്ക് ഒരു കടുത്ത വാക്കുപോലും സഹിക്കാൻ വയ്യേ?' ചിലപ്പോൾ പറയും: 'ദേഷ്യം വന്നാൽ എന്നെ ശകാരിക്കാതെ പിന്നെ അയൽപക്കക്കാരെ ശകാരിക്കണോ?'

"ആ അമ്മയുടെ മകളാണ് ഞാൻ. എന്റെയും എന്നെപ്പോലുള്ള ആധുനികസ്ത്രീകളുടെയും ഭർത്താക്കന്മാർ ആപ്പീസിൽനിന്ന് ക്ഷീണിച്ചു മടങ്ങുമ്പോൾ, ഞങ്ങൾ ഡ്രായിംഗ് റൂമിലോ ഉറക്കമുറിയിലോ ഇരിക്കുകയാകും. അല്ലെങ്കിൽ പുറത്തെവിടെയെങ്കിലും പോയിരിക്കുകയാകും. പെട്ടെന്ന് തയ്യലിലോ പുസ്തകവായനയിലോ മുഴുകും. അടുത്തുചെന്നു നിന്നാൽ കൊച്ചായിപ്പോകുമോ എന്നു സംശയിച്ച് അനങ്ങുകയില്ല. ഞങ്ങൾക്കുമുണ്ട് സ്വാതന്ത്ര്യമായ ഒരു ലോകം എന്നു കാണിക്കാനാഗ്രഹിക്കും? നിങ്ങളേക്കാൾ ഒരുതരത്തിലും കൊച്ചല്ല ഞങ്ങൾ. പക്ഷേ, പുരുഷൻ എന്നും പുരുഷനാണ്. ആധുനികമഹിളയുടെ ഭർത്താവാണെങ്കിലും അയാൾ ഭർത്താവു തന്നെ. സ്ത്രീയിൽനിന്ന് അയാൾ സേവയും ശുശ്രൂഷയും അതിലൊക്കെ ഉപരിയായി താഴ്മയും പ്രതീക്ഷിക്കുന്നു. ഇവ കിട്ടാതാകുമ്പോൾ അയാളുടെ മനസ്സു വിഷമയമാകുന്നു. പരിഷ്കാരത്തിന്റെ നേർത്ത ആവരണം ഭേദിച്ച് ഇടയ്ക്കിടെ അതിന്റെ ചൂടു പുറത്തുവരുന്നു. പക്ഷേ, ഞങ്ങൾ ഒന്നും സഹിക്കുകയില്ല, ആരെയും വകവെയ്ക്കുകയില്ല. അഭിമാനത്തിന്റെ വാളൂരി എഴുന്നേറ്റുനില്ക്കും. അങ്ങനെ ആരംഭിക്കുകയായി വെട്ടും മറുവെട്ടും, വക്രോക്തികളും വ്യംഗ്യപ്രയോഗങ്ങളും കൊണ്ടുള്ള യുദ്ധം. യുദ്ധം ചെയ്യുന്ന പരിഷ്കൃതവനിതയുടെ ആയുധം കൈയിലല്ല, നാവിന്റെ തുമ്പത്താണ്. കശാപ്പുകത്തിയേക്കാളും മൂർച്ചയുണ്ട് അതിന്ന്.

"വേറൊരുതരം ദമ്പതിമാരുണ്ട്", ഞങ്ങളുടെ ഈ അത്യാ

ധുനികസമാജത്തിൽ. അവർ വാളെടുക്കാറില്ല. എന്നുവെച്ച് അവരുടെ ഉള്ളിൽ മുഴുവൻ പ്രേമമാണെന്നു തെററിദ്ധരിക്കേണ്ട. അവരുടെയടുത്തു് ഭത്താവിന്നു് ഒരു രക്ഷാമാഗ്ഗമേയുള്ളു— അഭിനയം. അയാളുടെ മുഖത്തു് വിദേശീയമൂടുപടമുണ്ടു്. നാക്കിൽ താഴ്ന്നതരം ഇംഗ്ലീഷ് മധുരവാക്കുകളും. മാന്യത നിറഞ്ഞ വാക്കുകൾകൊണ്ടു് അയാൾ പുരുഷഹൃദയത്തിലെ ക്രോധാഗ്നി മറച്ചുവെയ്ക്കുന്നു. ദിവസവും തന്നെ അവഹേളിക്കുന്ന, നോക്കിയാൽ ദേഷ്യം തോന്നുന്ന മുഖഭാവത്തോടുകൂടിയ ഭാൎയ്യയെ, തോളിൽ കൈവെച്ച് അയാൾ ഓമനിക്കും. നിത്യവും പുതിയ പുതിയ ആഭരണങ്ങൾ സമ്മാനിക്കും. അവളുടെ സൗന്ദൎയ്യധോരണിയെയും വേഷവിധാനങ്ങളുടെ പൊലിമയെയും കുറിച്ചു് ഗിൽററിൽ പൊതിഞ്ഞ രണ്ടു സ്തുതിവാക്കുകൾ ഉച്ചരിച്ചിട്ടു് ക്ലബ്ബിൽ ചെന്നു് നെടുവീർപ്പിടും. ഞങ്ങളുടെ മിഥ്യാഭിമാനം ഇതുകൊണ്ടു് തൃപ്തമാകുകയായിരിക്കാം. പക്ഷേ, ഹൃദയം? ഹൃദയം പട്ടിണിയായിത്തന്നെ തുടരും.

“നിങ്ങളുടെ കണ്ണിൽ ഞാനിന്നു് വലിയ ദേശീയനേതാവാണു്. ഞാൻ പ്രസംഗിച്ചാൽ തീപ്പൊരി ചിതറും. കൈയടിശബ്ദംകൊണ്ടു് നാലുപാടും വിറകൊള്ളും. പക്ഷേ, യോഗം കഴിഞ്ഞു് വീട്ടിൽ മടങ്ങിയെത്തിയാൽ എൻെറ ആരാധകർ എന്തിനെക്കുറിച്ചാണു സംസാരിക്കുക എന്നറിയാമോ? എൻെറ സൗന്ദൎയ്യം, ഞാൻ നിൽക്കുന്നതിൻെറയും നടക്കുന്നതിൻെറയും പ്രസംഗിക്കുന്നതിൻെറയും രീതി! എൻെറ കുടുംബചരിത്രം അറിയാവുന്നവർ പ്രയോഗിക്കുന്ന ഭാഷ നിന്നോടു പറയാൻ കൊള്ളുകയില്ല. എന്താണെന്നോ, നീ എൻെറ ബാല്യകാലസുഹൃത്താണെങ്കിലും കുടുംബസ്നേഹിതകൂടിയാണു്. ഇതാണു് അവർ എന്നോടു കാണിക്കുന്ന ബഹുമാനം. ഇതിനുവേണ്ടിയാണു് ഞാൻ വീടിൻെറ ബന്ധനം പൊട്ടിച്ചു് രാജ്യസേവനത്തിനിറങ്ങിയതു്.

“ഇന്നു് ഈ അൎദ്ധരാത്രി, പൎവ്വതചക്രവൎത്തിയായ ഹിമവാൻെറ ചുവട്ടിലിരുന്നുകൊണ്ടു്, അന്നു നീ പറഞ്ഞ വാക്കുകൾ ഞാൻ കാപട്യലേശമെന്യേ സ്വീകരിക്കുന്നു. സ്ത്രീക്കു് എന്തെങ്കിലും മഹത്വമുണ്ടെങ്കിൽ അതവളുടെ പ്രേമമാണു്. ഞാൻ ആ സ്വൎഗ്ഗലോകത്തുനിന്നു് സ്വയം പുറത്തുപോന്നു.

കൂട്ടുകെട്ടിയ കൊമ്പ് ഞാൻ സ്വന്തം കൈകൊണ്ടു് മുറിച്ചുകളഞ്ഞു.''

ഇത്തരത്തിൽ പിന്നെയും വളരെ വായിച്ചപ്പോൾ സുദീർഘമായ കത്തിൻെറ അവസാനമെത്തി. മിസ്സിസ് ചാററർജി എഴുതിയിരിക്കുന്നു:

''ഭർത്താവിൻെറ ആരാധികയെന്നു പറഞ്ഞു് ഒരിക്കൽ ഞാൻ നിന്നെ എത്ര അവജ്ഞയോടെ നോക്കിയിരുന്നു. അന്നത്തെ എൻെറ ധാർഷ്ട്യം ഇന്നു നീ ക്ഷമിക്കണം. മിനതി, നിനക്കു് ഒരു പെൺകുട്ടിയല്ലേ ഉള്ളൂ! അവൾ നിന്നെപ്പോലെ തന്നെയാകട്ടെ എന്നു ഞാൻ ആശീർവ്വദിക്കുന്നു. അവളുടെ ഈ അമ്മായിയെപ്പോലെ അവൾ ദേശസേവനത്തിന്റെ ലഹരിയിൽ വീണുപോകാതിരിക്കട്ടെ. അവൾ വലുതാകുമ്പോൾ നീതന്നെ ശ്രദ്ധിച്ചു് നല്ല വീട്ടും നല്ലയാളും നോക്കി കല്യാണം കഴിച്ചുകൊടുക്കണം. ഭർത്താവിൻെറ വീട്ടിൽ ചെന്നാൽ അവൾക്കു സഹജമായി അവിടത്തെ ജീവിതത്തിൽ അലിഞ്ഞുചേരാൻ കഴിയണം.

''അത്യാധുനികയായ, വലിയ രാഷ്ട്രീയകീർത്തിയുള്ള ഒരു പണ്ഡിത ഇങ്ങനെ പഴയ തത്വങ്ങൾ ഉരുവിടുന്നതു കേൾക്കുമ്പോൾ നിനക്കു് അത്ഭുതം തോന്നിയേക്കും. പക്ഷേ, ഞാൻ പറയട്ടെ, സ്ത്രീജീവിതത്തിൽ സുഖം ലഭിക്കണമെങ്കിൽ അതിനു് ഏകമാർഗ്ഗം ഇതാണു്: ഈ മാർഗ്ഗംവിട്ടു്, പൊക്കിപ്പിടിച്ച തലയും ഉയർത്തിപ്പിടിച്ച ചൂണ്ടുവിരലുമായി നടക്കുന്നവൾക്കു് എന്തൊക്കെ കിട്ടിയാലും സുഖം കിട്ടുകയില്ല. ബഹുമാനം ലഭിക്കുകയില്ല.''

എഴുത്തു് അവസാനിച്ചപ്പോൾ സ്വപ്നം കാണുകയായിരുന്നെന്നു തോന്നി. ഏതാണു് ഈ മിസ്സിസ് ചാററർജി? തീപ്പൊരിപ്രസംഗംകൊണ്ടു് അനേകം കുടുംബങ്ങൾ തകർത്തിട്ടുള്ള ആ നീഹാരികചാററർജിതന്നെയോ ഇതു്? അവരുടെ വാക്കുകൾ കേട്ടു് പുസ്തകങ്ങൾ ദൂരെയെറിഞ്ഞു് യുവതികൾ പുറത്തുവരുന്നു; വീട്ടും മക്കളെയും ഉപേക്ഷിച്ചു് അമ്മമാർ പാഞ്ഞുവരുന്നു; ഖദർക്കെട്ടു തോളിലേന്തി വഴിതോറും നടന്നു വില്ക്കുന്നു; മദ്യഷാപ്പുകൾ പിക്കററു ചെയ്യുന്നു; ജയിലുകളിൽ തിങ്ങിക്കൂടുന്നു! അവരുടെ കണ്ഠത്തിൽനിന്നാണോ ഇന്നു് ഈ

സ്വരം പുറപ്പെട്ടുന്നതു്? ഏതാണു് അവരുടെ യഥാർത്ഥരൂപ മെന്നു് ആക്കറിയാം?

അതിനുശേഷം ഇരുപത്തിരണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. സാധാരണബംഗാളിവീട്ടുകളിൽവരെ സ്ത്രീപുരോഗതിയുടെ പ്രകാശം പരന്നുകഴിഞ്ഞിട്ടുണ്ടു്. സ്ത്രീശബ്ദത്തിലുള്ള മുദ്രാവാക്യങ്ങൾകൊണ്ടു മുഖരിതമാണു് ആകാശവും അന്തരീക്ഷവും. പക്ഷേ, അവരാഗ്രഹിച്ചിരുന്നതു കിട്ടിയോ? കിട്ടിയോ സുഖം? കിട്ടിയോ ബഹുമാനം? അതോ, ഇന്നും അവർ നീഹാരിക ചാററർജിയെപ്പോലെ രാത്രി ഉറക്കമിളച്ചിരുന്നു നിസ്തബ്ധമായ അന്ധകാരത്തിൽ ദുഃഖത്തിന്റെ കഥയെഴുതി കടലാസു നിറയ്ക്കുകയാണോ, ഭർത്താവുപ്രാണനായ സ്നേഹിതയെ അഭിസംബോധനചെയ്തു്?

## ഒമ്പതു്

ഡാർജിലിംഗിൽ ശീതകാലത്തിനാണു് ഋതുക്കളുടെ രാജസ്ഥാനം. എല്ലാക്കാലത്തും അതിന്റെ പ്രതാപം അഖണ്ഡം നിലനില്ക്കുന്നു. കുറച്ചുനാൾ നല്ല മഴയുണ്ടാകും. ഋതുചക്രത്തിന്റെ മററു ശില്പികൾ ഒരിക്കൽ വന്നു് എത്തിനോക്കിയിട്ടു പോകും, അത്രതന്നെ. ഫ്ളാനൽ–കമ്പിളികുപ്പായങ്ങൾ ഭേദിച്ചു് അവയുടെ ക്ഷണികമായ ആവിർഭാവം മനസ്സിലാകുന്നതു്, മാളിലെയും ബർച്ച്ഹില്ലിലെയും ബൊട്ടാണിക്കൽ ഗാർഡനിലെയും ബഞ്ചുകൾ, സൗന്ദര്യത്തിന്റെ ഉത്സവവും വേഷഭൂഷാദികളുടെ ഘോഷയാത്രയും പൊട്ടിച്ചിരികളുടെ ആരവവുംകൊണ്ടു മുഖരിതമാകുമ്പോൾ മാത്രമാണു്. കടകളെല്ലാം പുതിയ പുതിയ സാധനങ്ങൾകൊണ്ടു നിറയും. ഹോട്ടലുകൾ സജീവമാകും. ബംഗാളിലെ ആരോഗ്യകേന്ദ്രമാണല്ലോ ഡാർജിലിംഗ്. പക്ഷേ, ആരോഗ്യസമ്പാദനം ഏററവുമധികം ആവശ്യമായ ആളുകളെ ഈ സ്ഥലത്തിന്റെ അട്ടത്തെങ്ങും പോലും കാണാനില്ല. ആരോഗ്യത്തിന്റെ ഭണ്ഡാരം നിറഞ്ഞു കവിയുന്ന ആളുകളാണു് ഇവിടെ തിങ്ങിക്കൂട്ടുന്നതു്.

കുംഭകർണ്ണനെപ്പോലെ ഡാർജിലിംഗ് ആണ്ടിൽ രണ്ടു തവണ ഉറക്കമുണരും. വീട്ടിലും പുറത്തും ഉത്സവത്തിൻെറ അന്തരീക്ഷം സൃഷ്ടിക്കപ്പെടും. അനന്തരം കുംഭകർണ്ണൻ വീണ്ടും ഉറക്കമാകും. ക്ഷണികമായ ഈ ആനന്ദത്തിന്റെ പ്രസരം രണ്ടു ദിവസത്തേക്കു ഞങ്ങളുടെ മനസ്സിലും വ്യാപിക്കും. ജീവിതത്തിൻെറ സ്പർശം ഞങ്ങൾക്കും അനുഭവപ്പെടും.

ഞാൻ വൈകുന്നേരം ആപ്പീസുജോലി നേരത്തെ തീർത്ത് വീട്ടിലേക്കു മടങ്ങുകയായിരുന്നു. 'സീസൺ' ആരംഭിച്ചു കഴിഞ്ഞു. ഡാർജിലിംഗ് കണ്ണിനു കൊതിതോന്നിക്കുന്ന മനോഹാരിതയിൽ മുങ്ങിനില്ക്കുകയാണ്. വീട്ടിലെത്തി ഒരു കപ്പു ചായ അകത്താക്കിയിട്ടു പുറത്തിറങ്ങി.

ആപ്പീസറുടെ വീട്ടിനടുത്തുകൂടിയാണ് വഴി. ഗേറ്റിനടുത്ത് അഴി പിടിച്ചുകൊണ്ടു നിന്നിരുന്നു, മിസ്സിസ് റോയ്. ചിന്താധീനമായ വാടിയ മുഖം. എന്നെക്കണ്ടയുടനെ ചിരിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: "ആരാ ഇത്, ചൗധുരിയോ? കണ്ടിട്ടു വളരെ നാളായല്ലോ. സുഖംതന്നെയല്ലേ?"

"സുഖംതന്നെ. നിങ്ങൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ. അസുഖം വല്ലതുമായിരുന്നോ?"

"ഇല്ലില്ല. എനിക്കു സുഖംതന്നെ. വരുന്നില്ലേ? മിസ്റ്റർ റോയ് അകത്തുണ്ട്. കുറച്ചുദിവസമായി ഞങ്ങൾക്കു കുറെ അതിഥികളുമുണ്ട്."

മിസ്റ്റർ റോയിയെയോ അദ്ദേഹത്തിൻെറ അതിഥികളെയോ കാണാൻ ആഗ്രഹമില്ലായിരുന്നു. പക്ഷേ, മിസ്സിസ് റോയ് വിളിച്ചതുകൊണ്ടു പോകേണ്ടിവന്നു. അവർ എന്നെ നേരേ ഡ്രായിംഗ്റൂമിലേക്കു കൂട്ടിക്കൊണ്ടുപോയി. മിസ്റ്റർ റോയ് എന്നെ ഉപചരിച്ച് ഇരുത്തുകയും അതിഥികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. സായ്പിൻെറ മട്ടിൽ വസ്ത്രധാരണം ചെയ്ത ഒരു മാന്യനും ഭംഗിയായി അണിഞ്ഞൊരുങ്ങിയ രണ്ടു യുവതികളും. മിസ്റ്റർ റോയിയുടെ സഹോദരൻ നിക്കൊളാസ്റോയ്. സഹോദരപത്നി അചല, സഹോദരി മാർഗററ്റ്. ഇവരെക്കൂടാതെ മുറിയുടെ ഒരു മൂലയ്ക്ക് ലുങ്കി ധരിച്ച താടിക്കാരനായ ഒരു വൃദ്ധൻ നിന്നിരുന്നു— ഞങ്ങളുടെ റൊട്ടിക്കാരൻ ഗുഞ്ജാഹുസ്സൈൻ. അയാളോടായി

രുന്നു സംഭാഷണം. മേശപ്പുറത്തു കടലാസ്സിൽ പൊതിഞ്ഞ ഏതാനും റൊട്ടി.

മിസ്റ്റർ റോയ് എൻെറ നേരേ തിരിഞ്ഞു ചോദിച്ചു: “നിങ്ങൾ എവിടുന്നാ റൊട്ടി വാങ്ങുന്നതു്, ചൗധുരി?”

ഞാൻ മറുപടി പറയുന്നതിനുമുമ്പുതന്നെ ഗുഞ്ജാ ഹുസ്സൈൻ പറഞ്ഞു: “ആ സാറും എന്റെ കടയിൽനിന്നാണു് റൊട്ടി വാങ്ങുന്നതു്—രൂപയ്ക്കു് എട്ടുവച്ചു്. ചോദിച്ചു നോക്കിക്കൊള്ളൂ.”

റോയ് പറഞ്ഞു: “പക്ഷേ, എനിക്കു കുറച്ചു മയപ്പെടുത്തി തരുന്നതാണു നല്ലതു്. ഒന്നാലോചിച്ചു നോക്കു്, ഞാൻ ഇവിടത്തെ സീനിയർ മജിസ്ട്രേട്ടാണു്. പോരെങ്കിൽ ജയിലിൻെറ സൂപ്രണ്ടും, സിവിൽ കോർട്ടിലെ സബ്ജഡ്ജിയും, ഡിസ്ട്രിക്ട് മജിസ്ട്രേട്ടും. എന്തെങ്കിലും ആപത്തോ കേസോ വന്നാൽ എൻെറയടുത്തല്ലേ ഓടിവരേണ്ടതു്?”

ഗുഞ്ജാ ഹുസ്സൈൻ തൊഴുതുകൊണ്ടു പറഞ്ഞു: “ഇങ്ങനെ നിർബ്ബന്ധിക്കുന്ന സ്ഥിതിക്കു് സാറിനു രൂപയ്ക്കു് ഒമ്പതു വച്ചു തരാം.”

ഇതു പറഞ്ഞിട്ടു പോകാൻ തുടങ്ങിയ അയാളെ മി. റോയ് വിളിച്ചു: “നിൽക്കൂ. ഒരുകാര്യംകൂടി പറയാനുണ്ടു്. രൂപയ്ക്കു് ഒമ്പതാകുമ്പോൾ ഒരു റൊട്ടിക്കു് എന്തുവില വരും?”

റൊട്ടിക്കാരൻ ചോദ്യത്തിൻെറ ഉദ്ദേശ്യം മനസ്സിലാകാതെ ചോദിച്ചു: “സാർ അതിനു റൊട്ടി ചില്ലറയായിട്ടല്ലല്ലോ വാങ്ങുന്നതു്?”

“എന്നാലും?”

ഗുഞ്ജാഹുസ്സൈൻ മനക്കണക്കു കൂട്ടിയിട്ടു പറഞ്ഞു: “ഏഴു മുക്കാൽ വരും.”

മി. റോയ് സന്തോഷപൂർവ്വം പറഞ്ഞു: “ഏഴു മുക്കാൽ. ശരി. ആ കണക്കിനു് ഒമ്പതു റൊട്ടിക്കു് 63 മുക്കാൽ. നീ അതിനു് ഒരു രൂപാ വാങ്ങും—64 മുക്കാൽ. അതായതു് ഓരോ രൂപയ്ക്കും ഒരു മുക്കാൽ അധികം. ശരിയല്ലേ?”

മാർഗററ്റ് ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ടു പറഞ്ഞു: “ഓ, ഈ കണക്കു കേട്ടിട്ടു് തലവേദനയെടുക്കുന്നു. സത്യമാണു

പറയുന്നതു് ഹാരോൾഡ്, നിങ്ങൾ മജിസ്ട്രേട്ടാകാതെ വല്ല കച്ചവടവും ചെയ്തെങ്കിൽ പണം കുറെ ഉണ്ടാക്കിയേനെ.''

സഹോദരിയുടെ വാക്കുകൾ മിസ്റ്റർ റോയ് ശ്രദ്ധിച്ചില്ല. അദ്ദേഹം വീണ്ടും റൊട്ടിക്കാരനോടു പറഞ്ഞു: "സത്യമല്ലേ ഞാൻ പറയുന്നതു്? ഓരോ രൂപയ്ക്കും ഒരു മുക്കാൽ എൻെറ കണക്കിൽ അധികം വരും.''

റൊട്ടിക്കാരനു ദേഷ്യം വരുന്നുണ്ടെന്നു മുഖഭാവം കണ്ടപ്പോൾ തോന്നി. അവൻ ഗൗരവസ്വരത്തിൽ പറഞ്ഞു: ''ശരി, ഓരോ രൂപയ്ക്കും ഒരു മുക്കാൽ സാറിനു ബാക്കി തന്നേക്കാം.''

മി. റോയ് ചിരിച്ചുകൊണ്ടു പറഞ്ഞു: "വേണ്ട, വേണ്ട, തരണ്ട. അതു് എൻെറ കണക്കിൽ കിടക്കും. ഏഴു രൂപയ്ക്കു റൊട്ടി വാങ്ങിക്കഴിയുമ്പോൾ ഒരു റൊട്ടി എനിക്കു കൂടുതൽ തരണം, ഓരോ ഏഴു രൂപയ്ക്കും ഒരു റൊട്ടി വെറുതെ. എന്താ, മനസ്സിലായോ?''

ഗ്രഞ്ജാഹ്ലൈൻസിനു് എന്തു മനസ്സിലായെന്നു് അവനു തന്നെ അറിയാം. എങ്കിലും അവൻ ഉടനെ സമ്മതിച്ചു. വലിയ ഏതോ ആപത്തിൽനിന്നു രക്ഷപ്പെട്ടമാതിരി ഇറങ്ങിപ്പോകുകയും ചെയ്തു.

അവൻ പോയ ഉടനെ മി. റോയ് ചാടി എഴുന്നേററു. "ദേ, റൊട്ടി കൊണ്ടുപോയില്ലല്ലോ.''

ചപ്രാസിയെ വിളിച്ചു. അല്പസമയത്തിനുള്ളിൽ റൊട്ടിക്കാരനെ വീണ്ടും അവിടെ വരുത്തുകയും ചെയ്തു.

മി. റോയ് പറഞ്ഞു: ''റൊട്ടി എന്തിനാ ഇവിടെ വെച്ചിട്ടു പോയതു്?''

''അതു്, സാറിനുള്ള സാമ്പിൾ.''

''കൊള്ളാം. എന്നാൽ അതു് ഈ കണക്കിൽ കൂട്ടിക്കൊള്ളു. ഈ ഏഴു മുക്കാലിൻെറ കണക്കിൽ.''

ഗ്രഞ്ജാഹ്ലൈൻസൻ ചിരിച്ചുകൊണ്ടു പറഞ്ഞു: ''സാമ്പിളിനു വിലയില്ല സാർ.''

മിസ്റ്റർ റോയുടെ മുഖം തെളിഞ്ഞു. റൊട്ടിയുടെ നേരെ നോക്കി അദ്ദേഹം എന്തോ ആലോചിച്ചു. എന്നിട്ടു പറഞ്ഞു: ''ഇപ്പോൾ ഒരു കഥ ഓർമ്മവരുന്നു.''

വാച്ചു നോക്കിക്കൊണ്ടു് അദ്ദേഹം ചോദിച്ചു: "കഥ കേൾക്കണോ, അതോ, നടക്കാൻ പോകുന്നോ?"

നിക്കൊളാസ് പറഞ്ഞു: "രണ്ടും ഒരുമിച്ചാകാം. എന്താ നിങ്ങൾക്ക് വിരോധമുണ്ടോ, മി. ചൗധുരീ?"

"യാതൊരു വിരോധവുമില്ല."

"അചല എന്തുപറയുന്നു?" സഹോദരപത്നിയുടെനേരെ നോക്കി മി. റോയ് ചോദിച്ചു.

അചല മൃദുസ്വരത്തിൽ പറഞ്ഞു: "കഥ കേൾക്കാൻ വേണ്ടി നടപ്പു് ഉപേക്ഷിക്കാൻകൂടി സമ്മതമാണു് എനിക്കു്."

"എനിക്കു് അതൊട്ടും സമ്മതമല്ല." മാർഗററ്റ് പെട്ടെന്നു പറഞ്ഞു, "കഥയുടെ ഇടയ്ക്കു പിന്നെയും കുറേ കണക്കുകൾ കയറിവന്നാലോ?"

മി. റോയ് മന്ദഹസിച്ചുകൊണ്ടു പറഞ്ഞു: "ഇല്ലില്ല, കണക്കില്ല. പകരം ഒരുകുട്ട മാങ്ങയും കൂടെ ധാരാളം തമാശയുമാണു് ഉള്ളതു്."

തമാശെന്നു കേട്ടപ്പോൾ ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി. അചല, കസേര അല്പംകൂടി മുമ്പോട്ടു നീക്കിയിട്ടു. മിസ്റ്റർ റോയ് പറഞ്ഞുതുടങ്ങി:

ഞാൻ ജോലിയിൽ പ്രവേശിച്ച ഇടയാണു്. ദർഭംഗയിൽ സെററിൽമെൻററ് ട്രെയിനിംഗിനു പോകേണ്ടിവന്നു. മൈതാനത്താണു ക്യാംപ്. കുറെ ടെൻറുകളിൽ ആപ്പീസ്, കുറേ ടെൻറുകളിൽ താമസം. ഒരു ദിവസം വൈകുന്നേരം ഞാൻ ക്യാംപിൽ വിശ്രമിക്കുകയായിരുന്നു. മഹാരാജാവിൻെറ ഒരു കാര്യസ്ഥൻ കാണാൻ വന്നു. പുറകേ ഒരാളിൻെറ തലയിൽ ഒരു കുട്ടയും. ഞാൻ ചോദിച്ചു: "എന്താ അതു്?"

കാര്യസ്ഥൻ വിനയപൂർവ്വം പറഞ്ഞു: "വിശേഷിച്ചു് ഒന്നുമില്ല. മഹാരാജാവു കൊടുത്തയച്ചതാണു്. അദ്ദേഹത്തിൻെറ തോട്ടത്തിലുണ്ടായ കുറച്ചു മാമ്പഴം."

ഞാൻ ഗൗരവത്തിൽ പറഞ്ഞു: "അതു പുറത്തു കൊണ്ടുപോകാൻ പറയൂ. എനിക്കു് അങ്ങനെ ഒരു പതിവില്ല."

കാര്യസ്ഥൻ അത്ഭുതത്തോടുകൂടി ചോദിച്ചു: "എന്തു പതിവു്?"

"ഇങ്ങനെ കൈക്കൂലി വാങ്ങുന്ന പതിവു്."

അയാൾക്കു ദേഷ്യംവരുന്നുണ്ടെന്നു തോന്നി. അയാൾ പറഞ്ഞു: "കൈക്കൂലി കൊടുക്കുന്ന പതിവു ഞങ്ങൾക്കുമില്ല. നിങ്ങൾ തെററിദ്ധരിക്കുകയാണു്. ഇതു കൈക്കൂലിയല്ല. രാജവംശത്തിൻെറ പഴയ രീതിയാണു് ഇതു്. ഉദ്യോഗസ്ഥന്മാരെ കാണാൻ പോകുമ്പോൾ വെറുംകൈയോടെ പോകുകയില്ല. മഹാരാജാവിൻെറ മാന്യതയ്ക്കു ചേന്നതല്ല അതു്."

ഞാൻ സൗമ്യമായി പറഞ്ഞു: "ക്ഷമിക്കൂ, എന്തൊക്കെപ്പറഞ്ഞാലും ഇതൊരുതരം കൈക്കൂലിയാണു്. ഇംഗ്ലീഷിൽ Illegal gratification എന്നു പറയും. മഹാരാജാവിനെ എൻെറ നന്ദി അറിയിക്കൂ. എനിക്കീ സമ്മാനം സ്വീകരിക്കാൻ സാദ്ധ്യമല്ല."

കാര്യസ്ഥൻ അത്രയ്ക്കു പ്രതീക്ഷിച്ചില്ലെന്നു തോന്നി. അല്പനേരം എൻെറ മുഖത്തു നോക്കിയിരുന്നിട്ടു പറഞ്ഞു: "അപ്പോൾ ഈ കുറച്ചു മാങ്ങ വാങ്ങുകയില്ലെന്നാണോ?"

"അതെ."

"അതു് മഹാരാജാവിനു് എത്ര വലിയ അപമാനമാണെന്നു് അറിയുന്നുണ്ടോ?"

അതു കേട്ടപ്പോൾ ഞാൻ പരിഭ്രമിച്ചു. Mediæval യുഗത്തിലെ ഈ രാജമര്യാദകൾ എത്ര ഉയന്നതാണോ അത്രതന്നെ നേത്തുമാണു്. എപ്പോഴാണു് അതു പൊട്ടിപ്പോകുന്നതെന്നു മനസ്സിലാക്കാൻ പ്രയാസം.

നിക്കൊളാസ് പറഞ്ഞു: "Excuse me, Harold. അവർ mediæval യുഗക്കാരാണു്, സമ്മതിച്ചു. പക്ഷേ, ആധുനികയുഗത്തിലെ ഈ സക്കാരുദ്യോഗസ്ഥൻെറ നീതിബോധവും ഒട്ടും പൊള്ളയല്ലെന്നു തോന്നുന്നല്ലോ. ഒരു കുട്ട മാങ്ങയുടെ ഭാരം സഹിക്കാൻ വയ്യേ അതിനു്?"

മിസ്റ്റർ റോയ് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "തെററിപ്പോയി. ഈ കഥയിലെ വ്യക്തി തികച്ചും ആധുനികയുഗത്തിലെ ആയിരുന്നില്ല. ശരിക്കും ആധുനികരായവരുടെ (ഞങ്ങളുടെ രണ്ടുപേരുടേയും മുഖത്തു നോക്കിക്കൊണ്ടു്) നീതിബോധം ഒന്നുകൊണ്ടും തകരുകയില്ല എന്നെനിക്കറിയാം. മാമ്പഴക്കൊട്ട അങ്ങനെ പുറത്തുവന്നു് കാത്തുനില്ക്കുകയില്ല. നേരേ അകത്തേക്കു കയറിപ്പോകും."

"അതിലെന്താ തെററു്, കേൾക്കട്ടെ. ശരി, നിങ്ങളാണെങ്കിൽ എന്തു ചെയ്യും, മി. ചൗധുരി? ആത്മാത്ഥമായിട്ടു പറയൂ."

ഞാൻ കണ്ണുവെട്ടിച്ചു് Boss—ന്റെ നേരെ ആംഗ്യം കാണിച്ചുകൊണ്ടു പറഞ്ഞു: "ആത്മാത്ഥമായിട്ടു പറയാൻ എവിടെയാ ധൈര്യം?"

എല്ലാവരുടേയും കണ്ഠത്തിൽനിന്നു് ചിരിയുയന്നു.

മാർഗററ്റു് ചോദിച്ചു: "എന്നിട്ടു് മാമ്പഴക്കൊട്ടയുടെ ഗതി എന്തായി?"

മി. റോയ്, പറഞ്ഞു: അതെ. ഞാൻ പിന്നീടു കാര്യസ്ഥനോടു പറഞ്ഞു: "നോക്കൂ, മഹാരാജാവിൻെറ അഭിമാനത്തിനു ക്ഷതം വരുത്തുന്ന യാതൊന്നും ചെയ്യാൻ എനിക്കു് ആഗ്രഹമില്ല. പക്ഷേ, സക്കാരുദ്യോഗസ്ഥനെന്ന നിലക്കു് മാമ്പഴം സ്വീകരിക്കാനും എനിക്കു സാദ്ധ്യമല്ല. അതുകൊണ്ടു് ഒരു ഒത്തുതീപ്പുണ്ടാക്കാം. ഞാൻ മാമ്പഴം സ്വീകരിക്കുന്നില്ല, ഉപേക്ഷിക്കുന്നുമില്ല. ഞാൻ ഹെഡ്ഡാപ്പീസിൽ എഴുതി ചോദിക്കാം. ഗവമ്മെണ്ടിൻെറ നിർദ്ദേശം കിട്ടുന്നതുവരെ മാമ്പഴം ഇവിടെത്തന്നെ ഇരിക്കട്ടെ."

കാര്യസ്ഥൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഓഹോ, അങ്ങനെയാകട്ടെ."

അയാളുടെ മുഖഭാവം കണ്ടപ്പോൾ തോന്നി, എൻെറ ബുദ്ധിസ്ഥിരതയേക്കുറിച്ചു് അയാൾക്കു സംശയമുണ്ടെന്നു്.

നിക്കൊളാസ് മൃദുസ്വരത്തിൽ പറഞ്ഞു: "പക്ഷേ, ഞങ്ങൾക്കു യാതൊരു സംശയവുമില്ല."

"ഞാനും ആ അഭിപ്രായക്കാരിയാണു്," മാർഗററ്റു പറഞ്ഞു, "എന്നിട്ടു് ഹെഡ്ഡാപ്പീസിലേക്കു് എഴുതിയോ?"

മി. റോയ് പറഞ്ഞു: "ഉവ്വു്, എഴുതി. പത്തു ദിവസം കഴിഞ്ഞു് ഒരു റിമൈൻഡറും അയച്ചു. മാമ്പഴത്തിൻെറ സ്ഥിതി പറയാതിരിക്കുകയാണു ഭേദം. ഞാൻ കാര്യസ്ഥനു് വാക്കുകൊടുത്തിരുന്നു. Neither accept nor reject. മഹാരാജാവിൻെറ അഭിമാനമാണു് തക്കവിഷയം." അങ്ങനെയിരിക്കെ മറുപടി കിട്ടി. ഗവമ്മെൻറു പറഞ്ഞു: "സക്കാരുദ്യോഗസ്ഥന്മാർ എന്തുപഹാരം സ്വീകരിക്കുന്നതും നിഷിദ്ധമാണു്.

എങ്കിലും ഇത്തരം സന്ദർഭങ്ങളിൽ, അതായതു് വലിയ ആളുകളുടെ അഭിമാനം ഉൾപ്പെട്ട കാര്യങ്ങളിൽ, ഒന്നോ രണ്ടോ രൂപയുടെ വല്ല സാധനവും വാങ്ങുന്നതിനു വിരോധമില്ല.''

ഞാൻ കാര്യസ്ഥനെ വിളിപ്പിച്ചു ചോദിച്ചു: ''നിങ്ങൾ കൊണ്ടുവന്ന ഈ മാങ്ങയ്ക്കു് എന്താ വില?''

അയാൾ പറഞ്ഞു: ''വിലയോ? ഞാൻ നേരത്തേ പറഞ്ഞില്ലേ, അതു ഞങ്ങളുടെ തോട്ടത്തിലുണ്ടായതാണെന്നു്.''

''എന്നാലും അതിനു് ഒരു കമ്പോളവിലയുണ്ടല്ലോ?''

കാര്യസ്ഥൻ മൂക്കു പൊത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: ''കമ്പോളവിലയോ? ഇപ്പോൾ രണ്ടണ വരും. അതായതു് ഈ കുട്ടയുടെ വില.''

ഞാൻ ആശ്വാസപൂർവ്വം നിശ്വസിച്ചുകൊണ്ടു പറഞ്ഞു: ''കൊള്ളാം. എന്നാൽ മഹാരാജാവിനെ അറിയിച്ചേക്കു, ഞാൻ അദ്ദേഹത്തിൻെറ സമ്മാനം ആനന്ദത്തോടെ സ്വീകരിച്ചിരിക്കുന്നുവെന്നു്.''

അവരുടെ ചായകുടി ഞാൻ വരുംമുമ്പുതന്നെ കഴിഞ്ഞിരുന്നു. ഇപ്പോൾ നടക്കാൻ പോകാനുള്ള പുറപ്പാടാണു്. ഈ സമയം മിസ്സിസ് റോയ് വന്നു പറഞ്ഞു: ''ചൗധുരി പൊയ്ക്കുളയല്ലേ. ചായ കൊണ്ടുവരുന്നുണ്ടു്.''

മിസ്റ്റർ റോയ് എഴുന്നേററുകൊണ്ടു പറഞ്ഞു: ''ശരി, എന്നാൽ നിങ്ങൾ ഇരിക്കു. ഞങ്ങൾ അല്പം നടന്നിട്ടു വരാം. എന്താ? ഡോറ ഇവിടെ ഉണ്ടല്ലോ.''

ഞാൻ സവിനയം സമ്മതിച്ചു.

മിസ്സിസ് റോയ് പലഹാരങ്ങളുമായി പ്രവേശിച്ചു. കൂടെ ചായ എടുത്തുകൊണ്ടു് അവരുടെ ബോയിയും. അവർ പറഞ്ഞു: ''കേക്ക് ഇരുന്നതു മുഴുവൻ തീർന്നുപോയി. ചായയുടെകൂടെ എന്തു തരാൻ?''

ഞാൻ പറഞ്ഞു: ''നിങ്ങൾ എന്തു തന്നാലും ഞാൻ കഴിക്കും.''

''എന്നാൽ ഇന്നു ചായമാത്രം കുടിച്ചാൽ മതി. കേക്കുണ്ടാകുമ്പോൾ വരണം. വിവരമറിയിച്ചാൽ വരുമോ?''

ഞാൻ പറഞ്ഞു: "തീർച്ചയായും. വിവരമറിയിക്കേണ്ട ആവശ്യംതന്നെയില്ല."

മിസ്സിസ് റോയ് പലഹാരങ്ങൾ നീക്കിവെച്ചുതന്നു. ചീസ്, ബിസ്കറ്റ്, പേസ്ട്രി—പിന്നെ പലതരം പഴങ്ങളും. ധാരാളം സാധനങ്ങളുണ്ട്. എങ്കിലും അവർ സങ്കടപ്പെട്ടുകൊണ്ടിരുന്നു, അവർ തനിയെ ഉണ്ടാക്കിയതൊന്നുമില്ലെന്ന്. പക്ഷേ, എനിക്ക് അതിൽ ഒരു സങ്കടവുമില്ലായിരുന്നു. നല്ല ഭക്ഷണസാധനങ്ങൾ ശരിയായി ഉപയോഗിക്കുന്നതിൽ ഞാൻ എന്നെങ്കിലും പിന്നിലായിരുന്നെന്ന് എൻെറ ശത്രുക്കൾപോലും പരാതിപ്പെട്ടുകയില്ല. മിസ്സിസ് റോയ് മിണ്ടാതെ ഞാൻ തിന്നുന്നതു നോക്കിയിരുന്നു. അവരുടെ കണ്ണുകളിൽ അപൂർവ്വമായ തൃപ്തിയുടെയും സ്നേഹത്തിൻെറയും ദീപ്തി കാണായി.

അല്പനേരം കഴിഞ്ഞു് അവർ പറഞ്ഞു: "നിങ്ങൾ എന്താ ഈയിടെ ഇങ്ങോട്ടെങ്ങും വരാത്തതു്? ഞാൻ വിദേശിയാണ്. അതുകൊണ്ടാണോ അന്യയായി കരുതുന്നതു്?"

വലിയൊരു കഷണം പൂവൻപഴം ഒരുതരത്തിൽ വിഴുങ്ങിക്കൊണ്ടു് ഞാൻ പറഞ്ഞു: "കുറച്ചുനാൾ മുമ്പാണെങ്കിൽ നിങ്ങൾ പറഞ്ഞതിനെ ഞാൻ എതിർക്കുകയില്ലായിരുന്നു. ഒരു വെള്ളക്കാരിയെ അന്യയായിട്ടല്ലാതെ കരുതാൻ എനിക്കു പ്രയാസമായിരുന്നു. പക്ഷേ, ഇന്നു് എനിക്കു പറയാൻ മടിയില്ല, നിങ്ങളെ കണ്ട ദിവസം എനിക്കു മനസ്സിലായി, നാട്ടും തൊലിയും നിറവും കൊണ്ടല്ല മനുഷ്യനെ അളക്കേണ്ടതെന്നു്."

ആവേശപൂർവ്വം ഞാൻ പറഞ്ഞതിനുത്തരമായി മിസ്സിസ് റോയ് പെട്ടെന്നു ചോദിച്ചു: "എന്താ നിങ്ങളുടെ മുഴുവൻ പേരു്, ചൗധുരി?"

"മലയ്, മലയ് ചൗധുരി."

"കൊള്ളാം, സത്യം പറയൂ മലയ്, നിങ്ങൾ ഇപ്പോൾ പറഞ്ഞതു് ഒരു സാധാരണ അഭിപ്രായമോ അതോ മനസ്സിൽ ഉറച്ച വിശ്വാസമോ?"

ഞാൻ ദൃഢസ്വരത്തിൽ പറഞ്ഞു: "ഇതെൻെറ കപടലേശമില്ലാത്ത വിശ്വാസമാണ്, മിസ്സിസ് റോയ്."

അവർ പിന്നീടു് ഒന്നും പറഞ്ഞില്ല. അല്പനേരം കാത്തി

രുന്നിട്ടു് ഞാൻ പറഞ്ഞു: "എന്റെ ധാർഷ്ട്യത്തിനു മാപ്പുതരണം. നിങ്ങളെ കാണുമ്പോൾ എനിക്കു് അമ്മയുടെ കാര്യം ഓർമ്മവരുന്നു. പക്ഷേ, നിങ്ങൾ രണ്ടുപേരും തമ്മിലുള്ള വ്യത്യാസം അറിയുന്നവർ എന്നെ ഭ്രാന്തനെന്നു വിളിച്ചാൽ ആശ്ചര്യമില്ല. അവർ സുന്ദരിയല്ല, അവക്കു വേഷഭൂഷാദികൾ ഒന്നുമില്ല. എഴുത്തും വായനയും ഒട്ടും അറിയില്ല. ജീവിതം മുഴുവൻ അങ്ങു് കുഗ്രാമത്തിലാണു കഴിച്ചതു്. പെരുമാറ്റത്തിന്റെ പോളിഷ് അവരുടെ ദേഹത്തോ മനസ്സിലോ തൊട്ടുതെറിച്ചിട്ടില്ല. എന്നാലും എനിക്കു തോന്നുന്നു, നിങ്ങളുമായി അവക്കു വളരെ അടുത്ത സാമ്യമുണ്ടെന്നു്."

മിസ്സിസ് റോയിയുടെ മുഖത്തെ പുഞ്ചിരി മാഞ്ഞു. നെടുവീർപ്പിട്ടുകൊണ്ടു് ഉദാസസ്വരത്തിൽ അവർ പറഞ്ഞു: "മലയ് നിങ്ങളെ ഞാൻ കണ്ടിട്ടു് കുറച്ചുദിവസമേ ആയിട്ടുള്ളു. നമ്മൾ തമ്മിൽ അടുപ്പവും വളരെ കുറവാണു്. പക്ഷേ, നിങ്ങൾ കണ്ട രീതിയിൽ എന്നെ കാണാൻ ഇരുപത്തേഴ വർഷമായി ഒപ്പം കഴിഞ്ഞുകൂടുന്ന ആൾക്കുപോലും കഴിഞ്ഞിട്ടില്ല."

ഞാൻ ഞെട്ടിപ്പോയി. ഈ വിദേശിനിയുടെ ഹൃദയവീണയിൽ ഒളിഞ്ഞുകിടന്ന ഏതോ കമ്പിയിൽ തൊട്ടതുപോലെ.

ഞാൻ സശ്രദ്ധനായി. സന്ദർഭം മാററാൻവേണ്ടി പറഞ്ഞു: "ഞാൻകാരണം ഇന്നു് നിങ്ങളുടെ നടപ്പു മുടങ്ങി."

മിസ്സിസ് റോയ് മനോരാജ്യത്തിൽ ആണ്ടുപോയിരുന്നു. പെട്ടെന്നു് ഉണന്നു പറഞ്ഞു: "ഇല്ലില്ല, നിങ്ങൾ ഇരിക്കു്. എന്താ പറഞ്ഞതു്, നടപ്പോ? ഞാൻ നടക്കാൻ പോകുന്നുണ്ടെന്നു പറഞ്ഞില്ലല്ലോ?"

ഞാൻ കുണ്ഠിതനായി പറഞ്ഞു: "അവർ പോയി. നിങ്ങളും തീർച്ചയായും പോയേനെ. അല്ലാതെ വൈകുന്നേരം മുഴുവൻ ഒററയ്ക്കു വീട്ടിൽ കഴിയാനോ?"

"ഒറ്റയ്ക്കോ!" മിസ്സിസ് റോയ് ഉദാസസ്വരത്തിൽ പറഞ്ഞു: "നിങ്ങൾക്കറിഞ്ഞുകൂടാ, മലയ്. ഞാൻ എന്നും ഒററയ്ക്കായിരുന്നു. I have been alone all my life."

ചിരിച്ചുകൊണ്ടു് അവർ തുടന്നു: "നിങ്ങൾ എനിക്കു മകനെപ്പോലെയാണു്. എല്ലാ കാര്യങ്ങളും നിങ്ങളോടു പറയുന്നതു് ഉചിതമല്ല. അല്ലെങ്കിലും നിങ്ങൾ ചെറുപ്പമാണു്,

എല്ലാം മനസ്സിലാകുകയുമില്ല. ഇന്നെനിക്ക് യാതൊരു സംശയവുമില്ല, ഞാൻ ചെയ്തതു തെററിപ്പോയി. This marriage was a mistake.''

ഞാൻ ഞെട്ടിവിറച്ചു. സാധാരണസ്വരത്തിൽ എത്ര അസാധാരണമായ കാര്യമാണ് മിസ്സിസ് റോയ് ഇപ്പോൾ പറഞ്ഞതു്? ഇരുപത്തിയേഴവർഷം വിവാഹജീവിതം നയിച്ചതിനുശേഷം എത്ര ഭയങ്കരമായ കണ്ടുപിടിത്തമാണിതു്? ഈ വാക്കുകളുടെ ഉള്ളിൽ കടന്നുനോക്കാൻ എനിക്കു പ്രായമില്ല, ബുദ്ധിയില്ല, കഴിവുമില്ല. പക്ഷേ, ഒരു കാര്യം എനിക്കു നിസ്സംശയം മനസ്സിലായി, ഇപ്പോൾ ഞാൻ കേട്ടതു് പരിഭവമോ ദേഷ്യമോ തുളുമ്പുന്ന ഒരു യുവതിയുടെ ആക്രോശമല്ല, ശാന്തയും സ്ഥിരബുദ്ധിയുമായ ഒരു പ്രൗഢവനിതയുടെ ഉള്ളിൽ ഒളിഞ്ഞിരുന്ന അനുഭവമാണ്.''

ഞാൻ മിണ്ടാതെ ഇരുന്നു.

മിസ്സിസ് റോയ് അതേ സ്വരത്തിൽ പറഞ്ഞു: ''എന്നെ തെററിദ്ധരിക്കരുതു്, ചൗധുരി. എന്റെ ഭർത്താവിനെപ്പററി എനിക്ക് ഒരു പരാതിയുമില്ല. ഞങ്ങളുടെ ദാമ്പത്യജീവിതത്തിൽനിന്നു് ഞാനനുഭവിച്ച സുഖവും മാധുര്യവും വളരെ കുറച്ചുപെണ്ണുങ്ങൾക്കേ കിട്ടിക്കാണു. പക്ഷേ, ഞാൻ വിദേശിയാണ്. അമ്മയും ആങ്ങളയും പെങ്ങളും മററുമടങ്ങിയ കുടുംബത്തിൽ എനിക്കു സ്ഥാനമില്ല.''

അന്നുരാത്രി, ഉറങ്ങാതെ കിടക്കയിൽ കിടന്നു വളരെ നേരം, മിസ്സിസ് ഡോറാറോയിയുടെ വേദനനിറഞ്ഞ ശബ്ദം എന്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. വെള്ളക്കാരിയായ ഈ സ്ത്രീയുടെ വിചിത്രമായ ജീവിതകഥ എനിക്ക് അറിഞ്ഞുകൂടാ. ഇന്നു് അവർ ഒരു ഭയങ്കര തെററായിക്കരുതുന്ന വിവാഹത്തിന്റെ ചരിത്രവും എന്നെ സംബന്ധിച്ചിടത്തോളം അജ്ഞാതമാണ്. എനിക്ക് ഇത്രമാത്രം സങ്കല്പിക്കാൻ കഴിയും—ഇരുപത്തിയേഴവർഷം മുമ്പ് ഈ ഡോറാറോയ് സുന്ദരിയും യുവതിയുമായിരുന്നു. ജീവിതത്തിലെ ഒരു മഹത്‌നിമിഷത്തിൽ അവർ സുമുഖനും യുവാവുമായ ഹാരോൾഡ് റോയിയെ കണ്ടുമുട്ടി. എവിടെവെച്ചു് എന്നറിഞ്ഞുകൂടാ. ഒരുപക്ഷേ, ലണ്ടനിലെ നൃത്യഗീതമുഖരമായ ഏതോ ഹോട്ടലിൽ

വെച്ചാകാം, ഹൈഡ്പാക്കിലെ ലതാനികുഞ്ജത്തിൽ വെച്ചാകാം, അല്ലെങ്കിൽ സ്കോട്ട്ലണ്ടിലെ സാഗരചുംബിതമായ പർവ്വതച്ഛായയിൽവെച്ചാകാം. അന്നു രണ്ടുപേരുടേയും കണ്ണിൽ യൗവനത്തിന്റെ പ്രകാശമുണ്ടായിരുന്നു. രാജ്യവും ജാതിയും സമുദായത്തിലെ ദുർഘടംപിടിച്ച നിയമങ്ങളുമെല്ലാം ആ പ്രകാശത്തിൽ മുങ്ങിപ്പോയി. സാവധാനത്തിൽ, ഒളിഞ്ഞും തെളിഞ്ഞും, ഭാഷകൊണ്ടും ആംഗ്യംകൊണ്ടും പരിചയം മൂത്തുമൂത്തുവന്നു. കണ്ണുനീരും പുഞ്ചിരിയും വിരഹവും മേളനവും കൂടികലർന്ന ശാശ്വതമാർഗ്ഗത്തിലൂടെ അനുരാഗം പ്രവഹിച്ചു. ഒരു ദിവസം, ബന്ധുക്കളെയും സമുദായത്തെയും അത്ഭുതപ്പെടുത്തിക്കൊണ്ടു് merrily rang the bells and they were wed."

ഡോറാക്കു് അന്നു പലതും ഉപേക്ഷിക്കേണ്ടിവന്നു—ജന്മഭൂമി, സ്വജാതി, സമുദായം, ചിരപരിചിതമായ പരിസരം. പക്ഷേ, അവർ ആരുടെ വാക്കും കേട്ടില്ല. ഒരിക്കൽപ്പോലും പിൻതിരിഞ്ഞുനോക്കിയില്ല. പരമവിശ്വാസത്തോടുകൂടി, ഒരു മനുഷ്യന്റെ കൈയുംപിടിച്ചു് ഇറങ്ങിത്തിരിച്ചു. തിരതല്ലിയാക്കുന്ന കടലിലേക്കു്, അജ്ഞാതമായ ഒരു നാട്ടിലേക്കു്.

അക്കാര്യത്തിൽ മിസ്സിസ് ഡോറാറോയ് വഞ്ചിതയായില്ല. സുദീർഘമായ ദാമ്പത്യജീവിതത്തിനിടയിൽ ഒരിക്കലും അവരുടെ പ്രേമബന്ധം ശിഥിലമായില്ല. ഇതു് അവർതന്നെ സമ്മതിക്കുന്നു. പിന്നെ ഈ നെടുവീർപ്പെന്തിനു്? അറിഞ്ഞുകൂടാ. സ്ത്രീഹൃദയത്തിന്റെ ലീലാവൈചിത്ര്യങ്ങൾ മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടില്ല. ഏതോ മഹിള രചിച്ച ഒരു നോവലിൽ പറഞ്ഞിട്ടുള്ളതു് ഓർമ്മയുണ്ടു്: സ്ത്രീയുടെയും പുരുഷന്റെയും ഹൃദയത്തിൽ യഥാർത്ഥപ്രേമം ഉള്ളിടത്തോളം കാലം വിവാഹം സാർത്ഥകവും സത്യവുമായിരിക്കും. പ്രേമം ഇല്ലാതാകുമ്പോൾ വിവാഹബന്ധം ആത്മഹത്യയായിത്തീരുന്നു. ഈ വാക്കുകൾ നൂറുനൂറു കണ്ഠങ്ങളിൽനിന്നു് പ്രതിദ്ധ്വനിക്കുന്നതായി ഞാൻ കേൾക്കുന്നു. ഒരിക്കൽ മാലയുടെ സ്പർശമേററ കണ്ഠങ്ങൾ. പെട്ടെന്നു് ഉണന്നുനോക്കിയപ്പോൾ മാലയിലെ പൂക്കൾ കരിഞ്ഞു കൊഴിഞ്ഞുപോയിരിക്കുന്നു. ചരടുമാത്രമുണ്ടു് ബാക്കി. ആ ചരടുധരിച്ചുകൊണ്ടു് ജീവിതംകഴി

ക്കുന്നതിൻെറ വ്യത്ഥതയും അപഹാസ്യതയും രാപകൽ കാണു ന്നുണ്ട്. എന്നാലും ഈ പ്രശ്നം അവശേഷിക്കുന്നു—പ്രേമം മാത്രമാണോ വിവാഹം? ഏതെങ്കിലും സ്ത്രീ വൈവാഹിക ജീവിതത്തിൽ വെറും പ്രേമംകൊണ്ടുമാത്രം തൃപ്തിപ്പെട്ടിട്ടില്ല. അവക്കു ഭത്താവിൻെറ പ്രേമം ലഭിച്ചു, കുടുംബം ലഭിച്ചില്ല. അവക്ക് ഹൃദയലക്ഷ്മിയാകാൻ കഴിഞ്ഞു, ഗൃഹലക്ഷ്മിയാകാൻ സാധിച്ചില്ല. ഭത്താവിന്റെ സ്നേഹിതരുടെ ബഹുമാനം സമ്പാദിക്കാൻ സാധിച്ചു, അദ്ദേഹത്തിൻെറ ബന്ധുക്കളുടെ വിശ്വാസം നേടാൻ കഴിഞ്ഞില്ല. ഭത്താവിന്റെ അടുത്തു് അവർ എന്നും പ്രിയസഖിയാണു്. ഗൃഹിണിയല്ല, ഉപദേഷ്ടാവുപോലുമല്ല. അതുകൊണ്ടു് ജീവിതം മുഴുവൻ ഇത്രയൊക്കെ ലഭിച്ചിട്ടും അവരുടെ ഉള്ളിലെ ദാഹം അടങ്ങിയില്ല. അവസാനം ഒരുദിവസം, ദാഹിക്കുന്ന ഹൃദയത്തിൻെറ ശൂന്യമായ രൂപം അവർ മറുനാട്ടുകാരനും മറുജാതിക്കാരനും അനഭിജ്ഞനുമായ ഒരു പയ്യന്റെ മുമ്പിൽ തുറന്നുകാണിച്ചു. സ്വന്തം ജീവിതത്തിലെ ഏററവുമധികം ഗോപ്യവും അങ്ങേയററം മമ്മഭേദകവുമായ സത്യം അവർ വെളിപ്പെടുത്തി—This marriage was a mistake.

രാത്രി വളരെയാകുന്നതുവരെ ഞാനാലോചിച്ചുകൊണ്ടിരുന്നു. എന്തുകൊണ്ടു് ഇങ്ങനെ വന്നു? ഡോറാറോയിയുടെ ഈ വ്യത്ഥതാബോധത്തിനു് ആരാണുത്തരവാദി? അവരുടെ ഭത്താവു് ഹാരോൾഡു് റോയിയോ? എന്നെങ്ങനെ പറയും? അദ്ദേഹം തൻെറ ഹൃദയം അങ്ങനെതന്നെ പറിച്ചെടുത്തു് മറുനാട്ടുകാരിയായ പത്നിയുടെ കോമളകരപുടങ്ങളിൽ അപ്പിച്ചു. അക്കാര്യത്തിൽ ഒരു പിശുക്കും കാണിച്ചില്ല. അവിടെ യാതൊരു വിടവുമില്ല. പിന്നെ?

ഇന്നെനിക്കു തോന്നുന്നു, ഹാരോൾഡു് റോയു് ഒരുകാര്യം ശ്രദ്ധിച്ചില്ലെന്നു്. ഭത്താവിൻെറ ഹൃദയപത്മം എത്രതന്നെ കാമ്യമായ വസ്തുവാണെങ്കിലും ശരി, ജീവിതംമുഴുവൻ അതു കെട്ടിപ്പിടിച്ചുകൊണ്ടുമാത്രം കഴിയാൻ ഒരു സ്ത്രീയും ആഗ്രഹിക്കുകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കിയില്ല. ജീവിതത്തിൻെറ യജ്ഞശാലയിൽ അമൃതുവിളമ്പുന്ന ഭാരം ഏറെറടുക്കാൻ അവൾ ആഗ്രഹിക്കുന്നു. അതു കിട്ടിയില്ലെങ്കിൽ, കുടുംബത്തിൻെറ തീച്ചൂടേററു് നെററിയിൽ വിയർപ്പുപൊടിഞ്ഞില്ലെ

ങ്കിൽ, വസ്ത്രാഞ്ചലം പൊടിപുരണ്ടിട്ടില്ലെങ്കിൽ, ഭത്താവു നല്കിയ സുഖത്തിൻെറ ഓമ്മകളുടെ ഭണ്ഡാരം എത്രതന്നെ വലുതായാലും അവൾ ഒരിക്കൽ ഡോറാറോയിയെപ്പോലെ നെടുവീപ്പിട്ടുകൊണ്ടു പറഞ്ഞുപോകും: "ഞാൻ എന്നും ഒറ്റയ്ക്കാണു്!"

## പത്തു്

ലോകത്തു് ആഗ്രഹവും നേട്ടവും തമ്മിൽ എന്നും നിസ്സഹകരണമാണു്. ആഗ്രഹിക്കുന്നതു് കിട്ടുകയില്ല. വേണ്ട വേണ്ട എന്നു് ഉറക്കെ വിളിച്ചുപറയുന്നവക്കു് കിട്ടുന്നതിനു് അളവുമില്ല. സവ്വസാധാരണമായ ഒരു സംഗതിയാണിതു്. ഇതു് അനുഭവപ്പെടാത്ത മനുഷ്യൻ ഒരു നാട്ടിലും ഒരു കാലത്തും ഉണ്ടാകുകയില്ല. ഈ പുരാതനതത്വത്തിൻെറ അധുനാതനദൃഷ്ടാന്തമാണു് ഞങ്ങൾ രണ്ടുപേർ—പ്രസിദ്ധ ജയിലർ മൗലവി മുബാരക്കു് അലിയും അയാളുടെ അപ്രസിദ്ധനായ ഡെപ്യൂട്ടി ബാബു മലയ്ചൗധുരിയും.

ഞാൻ നേരത്തെ പറഞ്ഞല്ലോ, സ്വദേശിക്കാക്കു് തൻെറ തനിനിറം കാണിച്ചുകൊടുക്കാൻ വളരെനാളായി പിടഞ്ഞുകൊണ്ടിരിക്കുകയാണു് മുബാരക്കു് അലി എന്നു്. അതിനു് ഇവിടെ തീരെ സൗകര്യമില്ല. കാരണം, ഒന്നാമതുതന്നെ, അവരുടെ എണ്ണം തുച്ഛമാണു്. രണ്ടാമതു്, തുടക്കത്തിൽത്തന്നെ തൻെറ വ്യാകരണനിഷ്ഠയ്ക്കു് ഏററ അടി, അലിസാഹിബ്ബിൻെറ അഭിമാനത്തെ വല്ലാതെ മുറിപ്പെടുത്തിയിരുന്നു. അതുകൊണ്ടു് അദ്ദേഹം അവരുടെ സംസഗ്ഗം തീരെ ഒഴിവാക്കിയിരുന്നു.

എന്നാൽ കൽക്കത്തയിൽനിന്നു് പലവഴിക്കും അതിരുചികരമായ വാത്തകൾ ദിവസവും അദ്ദേഹത്തിൻെറ അടുത്തെത്തിയിരുന്നു. ഒരു ദിവസം കേട്ടു, ഏതോ വലിയ ജയിലിൽ ആയിരം സ്വദേശിക്കാർ തങ്ങൾക്കു കിട്ടിയ പുതിയ രണ്ടായിരം കരിമ്പടം ഒരുമിച്ചുകൂട്ടിയിട്ടു് ഖാണ്ഡവദാഹത്തിൻെറ അനുകരണം നടത്തിയെന്നു്. പോരാഞ്ഞിട്ടു്, വീണ്ടും

ഓരോ ജോടി പുതിയ കരിമ്പടം ആവശ്യപ്പെട്ടുകൊണ്ടു് മുറ്റത്തു കുത്തിയിരുന്നു് സത്യഗ്രഹം നടത്തിയെന്നും. ചെകുത്താൻ പിടിച്ച ഗവമ്മെൻറിൻെറ കരിമ്പടങ്ങളും ചെകുത്താൻപിടിച്ചതാണു്, അതു കത്തിച്ചുകളയുകതന്നെ വേണം. ഈ യുക്തി മനസ്സിലാക്കാം. പക്ഷേ, വേറൊരു ജോടി ചെകുത്താനെക്കൂടി ആവശ്യപ്പെട്ടുകൊണ്ടു് സത്യഗ്രഹം നടത്തുന്നതെന്തിനു്?

"എന്തിനാണെന്നോ?" മുബാരക്കു് അലി ഗർജ്ജിച്ചു. "അവരുടെ പുറം തരിക്കുന്നു, മനസ്സിലായോ? നല്ല മരുന്നു് പുരട്ടിക്കൊടുക്കണം."

വേറൊരുദിവസം കേട്ടു, ഒരു സ്പെഷ്യൽ ജയിലിലോ സെൻട്രൽ ജയിലിലോ ചോറും കറികളുംകൊണ്ടു് ഹോളി കളി നടക്കുന്നെന്നു്. ചോറു് വയററിൽ പോകുന്നതിനു പകരം ജയിൽജോലിക്കാരുടെ തലയിൽ വീഴുകയാണു്. എന്നിട്ടു് ശൂന്യമായ തളികയുടെ മുമ്പിലിരുന്നു് സകല രാഷ്ട്രീയത്തടവുകാരുംകൂടി അലറുകയും: "എനിക്കു വിശക്കുന്നേ!"

അല്പദിവസം കഴിഞ്ഞു് ഒരു വത്തമാനം എത്തി. എവിടെയോ സ്വദേശിക്കാർ സന്ധ്യക്കു് ബാരക്കിൽ കയറാതെ മരത്തിൽ കയറിയിരുന്നെന്നും രാത്രിമുഴുവൻ പാട്ടുപാടിക്കൊണ്ടിരുന്നെന്നും. മുബാരക്കു് പറഞ്ഞു: "വെടിവെക്കുമ്പോൾ മരത്തിൽനിന്നു് പക്ഷികൾ വീഴുന്നതു കണ്ടിട്ടുണ്ടു്. മനുഷ്യൻ എങ്ങനെയാ വീഴുന്നതെന്നു കാണാൻ എനിക്കൊരാഗ്രഹം."

ഇത്തരം വാത്തകൾ ഞങ്ങളുടെ രണ്ടുപേരുടേയും ഞരമ്പുകളിലുണ്ടാക്കുന്ന പ്രതികരണം വിപരീതമായിരുന്നു. ഞാൻ പ്രാത്ഥിക്കും: "ഈ സ്വദേശിക്കാരിൽനിന്നു് എന്നെ രക്ഷിക്കണേ ഭഗവാനേ!" മുബാരക്കിൻെറ പ്രാത്ഥന ഇതായിരുന്നു: "അള്ളാവേ, അധികം വേണ്ട, ഒരു നൂറു സ്വദേശിക്കാരെ എൻെറ കൈയിൽ കൊണ്ടുവന്നു തരൂ. ഒന്നു പരീക്ഷിച്ചു നോക്കട്ടെ, എന്തു ചരക്കാണതെന്നു്."

പ്രാത്ഥനയെ മാത്രം ആശ്രയിക്കാതെ അയാൾ അവസാനം പേനയും കടലാസും എടുത്തു. ഈ കുഴപ്പക്കാലത്തു് തന്റെ സവ്വശക്തിയും ഇംഗ്ലീഷ്സക്കാരിൻെറ സാമ്രാജ്യരക്ഷക്കു് വിനിയോഗിക്കാൻ തനിക്കു് ആഗ്രഹമുണ്ടെന്നു് മേലധികാരികളെ എഴുതി അറിയിച്ചു. അതുകൊണ്ടു്, തന്നെ ഏതെ

ങ്കിലും വലിയ രാഷ്ട്രീയജയിലിലേക്കു സ്ഥലം മാററണമെന്നു് അപേക്ഷിച്ചു.

പക്ഷേ, അധികൃതക്കു് നമ്മബോധമുണ്ടു്. എന്റെ നിശ്ശബ്ദപ്രാത്ഥനയും അയാളുടെ രേഖാമൂലമായ അഭ്യത്ഥനയും ഫലവത്തായില്ല. മുബാരക്കു്, പവ്വതങ്ങളുടെ നാട്ടിൽത്തന്നെ കള്ളന്മാരേയും കൊള്ളക്കാരേയും സൂക്ഷിക്കാനായി കിടന്നു. ഞാൻ സ്വദേശിക്കാർ മാത്രമുള്ള ഒരു ക്യാംപിൽ സത്യഗ്രഹികളെ മേയ്ക്കാൻ നിയോഗിക്കപ്പെട്ടുകയും ചെയ്തു.

ദുർഗ്ഗമമായ കാടിൻെറ നടുക്കു് പൊളിഞ്ഞ കുറേ കെട്ടിടങ്ങൾ. ഒരുകാലത്തു് വെടിക്കോപ്പുനിമ്മാണശാലയായിരുന്നു. ബയണററു പിടിച്ചു് കാവൽനോക്കുന്ന പട്ടാളക്കാരുടെ അട്ടഹാസങ്ങൾ സാധുക്കളായ വഴിയാത്രക്കാരെ കിടുകിടെ വിറപ്പിച്ചിരുന്നു. കാലക്രമത്തിൽ കാവൽക്കാർ മാറി. അവിടം ചെന്നായ്ക്കളുടെ വിഹാരരംഗമായിത്തീന്നു. അവയും കൃത്യമായി സമയമറിയിച്ചുകൊണ്ടിരുന്നു.

ഒരു യുഗം കഴിഞ്ഞു് ഇന്നും വീണ്ടും മാററങ്ങളുടെ കാലമായിരിക്കുന്നു. അവിടം വീണ്ടും ഉപയോഗയോഗ്യമാക്കപ്പെട്ടു. പുതിയ സ്ഥലത്തു വരുന്നവരും സക്കാരിന്റെ കണ്ണിൽ ഒരുതരം വെടിയുണ്ടതന്നെ—ജീവനുള്ളതാണെന്നുമാത്രം. അതുകൊണ്ടു് സായുധകാവൽക്കാരുടെ ഗർജ്ജനങ്ങൾ വീണ്ടും കേട്ടുതുടങ്ങി.

ഈ ഫാക്ടറിയിൽനിന്നു് ഒരുകാലത്തു് പുറത്തു വന്നിരുന്ന വെടിയുണ്ടകൾക്കു് അന്താരാഷ്ട്രീയപ്രശസ്തി ഉണ്ടായിരുന്നു. രക്തപങ്കിലമായ മാഗ്ഗത്തിലൂടെ അവയാണു് ബ്രിട്ടീഷ് സാമ്രാജ്യം ഉദ്ഘാടനം ചെയ്തതു്. ഇന്നു് ഈ പൊളിഞ്ഞ കെട്ടിടങ്ങളിൽ കുടികിടക്കുന്ന വെടിയുണ്ടകളുടെ മാർഗ്ഗം രക്തഹീനമാണു്. ഒരുപക്ഷേ, ഇവരുടെ കൈകൊണ്ടു് ഈ മാർഗ്ഗത്തിലൂടെത്തന്നെ ഒരിക്കൽ ഈ സാമ്രാജ്യത്തിൻെറ ഉപസംഹാരവും കുറിക്കുകയില്ലെന്നു് ആക്കറിയാം?

കാട്ടിനടുത്തു മൈതാനമാണു്. അവിടെ സാലമരക്കൊമ്പുകൊണ്ടുള്ള തൂണുകൾ, വയ്ക്കോൽകൊണ്ടുള്ള മേല്പുര, പനമ്പു

കൊണ്ടുള്ള മറയും—കഴിഞ്ഞു, ജയിലായി. പക്ഷേ, മതിലില്ലാതെ ജയിലാകുമോ? കാരാഗൃഹമെന്നു കേൾക്കുമ്പോൾ ആദ്യംതന്നെ കനത്തുയർന്ന മതിൽക്കെട്ടാണ് ഓർമ്മവരിക. പക്ഷേ, അതിവിടെ ഉപേക്ഷിച്ചു. നേർത്ത കമ്പിവേലി ചുറ്റി ഒരുതരത്തിൽ ജയിലിന്റെ മാനം രക്ഷിക്കുകയും ചെയ്തു. നേർത്ത മസ്‌ലിൻകൊണ്ട് രജപുത്രസ്ത്രീകൾ നാണം മറയ്ക്കുന്നതുപോലെ. വഴിപോക്കർ കൂട്ടംകൂടിനിന്നു് നോക്കിച്ചിരിക്കും. ചെറുപ്പക്കാർ പരിഹസിക്കും: "ഇതു ജയിലോ ബാബുമാരുടെ കൊട്ടാരമോ?" പഴമക്കാർ മറുപടി പറയും: "ആരാ ഇവിടെ താമസിക്കാൻ പോകുന്നതെന്നറിയാമോ? സ്വദേശിബാബുമാർ. ഗാന്ധിരാജാവിൻെറ ആൾക്കാർ. കള്ളന്മാരും കൊള്ളക്കാരുമല്ല, ഓടിപ്പോകാൻ."

അതു ഞങ്ങൾക്കുമറിയാം. എന്നാലും പരിചയസമ്പന്നനായ ജയിലർ മഹേശ് താലൂക്ക്ദാർക്ക് ചിന്തയായി. വെള്ളക്കാരനായ ഇൻസ്പെക്ടർ ജനറൽ അദ്ദേഹത്തിൻെറ ആശങ്ക വകവെച്ചില്ല. അദ്ദേഹം പറഞ്ഞു: "അഞ്ചോ പത്തോ പേർ ഓടിപ്പോയാൽ ശ്രദ്ധിക്കുകയേ വേണ്ട. അതിൽ കൂടുതലുണ്ടെങ്കിൽ എനിക്കു് ഒരു റിപ്പോർട്ടയയ്ക്കണം. പക്ഷേ, അങ്ങനെയൊന്നും വേണ്ടിവരില്ലെന്നു് ഉറപ്പിച്ചോളൂ. ഇവർ ഓടിപ്പോകാനല്ല വരുന്നതു്."

കമ്പിവേലി ശരിയായിക്കഴിഞ്ഞ ഉടനെ തടവുകാരുടെ പ്രവാഹം ആരംഭിച്ചു. വലിയ വലിയ വണ്ടികൾനിറയെ ആളുകൾ വന്നുകൊണ്ടേയിരുന്നു. യുവാക്കളും വൃദ്ധന്മാരും മധ്യവയസ്കരും കുട്ടികളും. നിലയ്ക്കാത്ത പൊട്ടിച്ചിരിയും അതിരററ ഉത്സാഹവും. 'വന്ദേമാതരം', 'മഹാത്മാഗാന്ധി കീ ജയ്" തുടങ്ങിയ വിളികൾകൊണ്ടു് ആകാശവും അന്തരീക്ഷവും മുഖരിതമായി.

"ഇന്നു് എത്ര വന്നു?"

"മുന്നൂററി അമ്പതു്."

"അത്രേയുള്ളൂ? ഞങ്ങൾക്കു് നാനൂററി എഴുപത്തൊമ്പതു കിട്ടി."

അടുത്തടുത്തുള്ള രണ്ടു ജയിലുകളിലെ ജോലിക്കാർക്ക്, വൈകുന്നേരം കണ്ടുമുട്ടിയാൽ ഇതേ പറയാനുള്ളൂ. നേതാക്ക

ളും ഉപനേതാക്കളും നല്ല കെട്ടിടങ്ങളിൽ താമസിക്കും. ഒന്നും രണ്ടും ക്ലാസ്സുകാരാണു് അവർ. മൂന്നാംക്ലാസ്സുകാർക്കു് വൈക്കോൽപ്പുരകൾ. അവർക്കു് ഒരവസാനവുമില്ല. അഞ്ഞൂറു്, അറുനൂറു്, എണ്ണൂറു്, ആയിരം, ആയിരത്തിയിരുനൂറു്. ഇനി സ്ഥലമില്ല എന്നു പറഞ്ഞാൽ ആരു കേൾക്കാൻ? പ്രവാഹം തുടരുകയാണു്. യൗവനത്തിന്റെ ഈ ജലപ്രവാഹം ആരു തടയാൻ?

മുള്ളുകമ്പികൊണ്ടുള്ള ഗേററു്. അതിനോടു ചേർന്നു് ഓടിട്ട ആപ്പീസ്. അവിടെ രാവിലെമുതൽ രാത്രി 12 മണിവരെ ജോലിയാണു്. യുദ്ധം കഴിഞ്ഞു മടങ്ങിയ ക്യാപ്ടൻ ബാനർജിയാണു് മേലുദ്യോഗസ്ഥൻ. പരിചയസമ്പന്നനായ പഴയ ജയിലർ മഹേശ് താലുക്ക്ദാർ. അദ്ദേഹത്തിനു നാലു ഡെപ്യൂട്ടിമാരുണ്ടു്. ക്ലാർക്കന്മാരുടെയും ശിപായിമാരുടെയും കാവൽക്കാരുടെയും ഒരു വ്യൂഹവും. ഓരോ മേശപ്പുറത്തും വാറണ്ടിന്റെ ഹിമാലയവും ഫയലിന്റെ പിറമിഡുമാണു്. പല വലിപ്പത്തിലും ആകൃതിയിലുമുള്ള കടലാസിൽ നിരന്തരം പേന ചലിച്ചുകൊണ്ടിരിക്കുന്നു. ഒപ്പംതന്നെ ചിരിയും പരിഹാസവും, ചായയും സിഗററും, ആഫീസ് പോളിറ്റിക്സിന്റെ തമാശകളും.

"എന്റമ്മോ, ഇതെല്ലാം rigorous imprisonment ആണല്ലോ, കഠിനതടവു്? ഇവരെന്തു പണിയാ എടുക്കുന്നതു്?" സുധാംശു തന്നത്താൻ പറഞ്ഞു. വാറണ്ടു് രജിസ്റ്ററിൽ പകർത്തുകയാണു് അദ്ദേഹത്തിന്റെ ജോലി.

ഡെപ്യൂട്ടി ജയിലർ ഹൃദയബാബു ചായ കുടിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "പണിക്കു വല്ലതും കുറവുണ്ടോ? കല്ലു ചുമക്കുകയും വെള്ളം കോരുകയും ചെയ്യുന്നില്ലായിരിക്കും. പക്ഷേ, അവരുടെ വഴിക്കു് അവരും പകൽ മുഴുവൻ അദ്ധ്വാനിക്കുന്നുണ്ടു്."

"എങ്ങനെ?"

"എങ്ങനെയാണെന്നോ? കാലത്തേ എഴുനേററാലുടനെ സ്വദേശി പരേഡു്. ലെഫ്ററ്—റൈറ്റ്, ലെഫ്ററ്—റൈറ്റ്." ഇതു കേട്ടു് എല്ലാവരും ചിരിച്ചു.

ജതീശ് ദിവസവും കൽക്കത്തയിൽനിന്നു് വരികയാ

ണ്. രാവിലത്തെ വിശേഷങ്ങൾ അറിഞ്ഞുകൂടാ. അദ്ദേഹം സംശയസ്വരത്തിൽ ചോദിച്ചു: "സത്യമാണോ, അതോ നിങ്ങൾ ഉണ്ടാക്കിപ്പറയുന്നതോ?"

ഹൃദയബാബു ചായയുടെ അവസാനത്തെ കവിൾ ഇറക്കിക്കൊണ്ടു പറഞ്ഞു: "നിങ്ങൾ ഭാഗ്യവാനാണ്, ജതീശ്. ദിവസവും ഭാര്യയുടെ കൈയിൽനിന്ന് ചോറുവാങ്ങിയുണ്ണാം. ഞങ്ങളുടെകൂടെ ഈ കാട്ടിൽ കിടന്ന് കൊതുകുകടി കൊള്ളണ്ട. നിങ്ങൾതന്നെ ഒരു ദിവസം രാവിലെ വന്നു നോക്ക്, ഞാൻ പറഞ്ഞതു സത്യമോ കള്ളമോ എന്ന്."

ജതീശ് എന്തോ പറയാൻ തുടങ്ങി. സുധാംശു അദ്ദേഹത്തെ തടഞ്ഞുകൊണ്ടു പറഞ്ഞു: "അതുപോട്ടെ, നിങ്ങൾ പറയൂ. അടുത്ത അദ്ധ്യായം എന്താ?"

ഹൃദയബാബു സിഗററ്റു കത്തിച്ചുകൊണ്ടു പറഞ്ഞു: "അതിനു ശേഷമാണ് ക്ലാസ്സ്. ലോവർപ്രൈമറിതൊട്ട് എം. എ.വരെ ഏതൊക്കെ ക്ലാസ്സുണ്ടോ അതെല്ലാം. ചിലതൊക്കെ മുറിയിൽ, ചിലതു മൈതാനത്ത്, ഇനിയും ചിലത് വൃക്ഷച്ചുവട്ടിൽ. ഇത്രയും വലിയ റസിഡൻഷ്യൽ യൂണിവേഴ്സിറ്റി ലോകത്തു വേറെ എവിടെയുണ്ട്?"

"എപ്പോൾവരെയാ ക്ലാസ്സ്?"

"കൃത്യം 11 വരെ. പിന്നെ കുളിയും ആഹാരവും. ഒരു മണിക്കൂർ വിശ്രമം. രണ്ടു മണിക്കു തുടങ്ങും, പ്രസംഗവും ചർച്ചയും വാദപ്രതിവാദവും. അതിനിടയ്ക്ക് (ശബ്ദം താഴ്ത്തി) ചില മുറികളിൽ രഹസ്യയോഗവും. ഈ ജയിലിൽവെച്ചാണ് അവർ ഭാവിപരിപാടി തയ്യാറാക്കുന്നതു്, മനസ്സിലാക്കിക്കൊള്ളൂ."

"പിന്നെ?"

"പിന്നെ വൈകുന്നേരം കളികൾ, പലതരം കളികൾ. സന്ധ്യയ്ക്കു് കലാപ്രകടനങ്ങൾ. കാരിക്കേച്ചർ, മാജിക്ക്, സന്താൾനൃത്തം തുടങ്ങി എന്തെല്ലാം! ചില മുറികളിൽ പാട്ടുകച്ചേരിയുണ്ടാകും. വെള്ളം നിറയ്ക്കുന്ന വീപ്പയുംമററുമാണ് ഉപകരണങ്ങൾ."

നിതായ്ബക്ഷി ഇതു വിശ്വസിച്ച് പറഞ്ഞു: "ഇവർ ആളുകൾ കൊള്ളാമല്ലോ, ജയിലിൽ പോയാൽ ദേശോദ്ധാ

രണമായി. ഇവിടെ രസത്തിനു് ഒരതിരുമില്ലതാനും.'' നമ്മുടെ സ്ഥിതി നോക്കു്. രാവിലെ ഒരു കപ്പു ചായ കുടിച്ചിട്ടു് ഇരുന്നതാണു്. മണി പന്ത്രണ്ടടിച്ചു. എപ്പോൾ പോകാൻ പററുമെന്നു് ആക്കറിയാം? പോയാലോ, ആ ഹോട്ടലിലെ കല്ലുപോലത്തെ ചോറു്. തളികയിലിട്ടമ്പോൾ കിണികിണി ശബ്ദം കേൾക്കും.''

പയ്യനെപ്പോലൊരാൾ പറഞ്ഞു: "നമുക്കും ഇറങ്ങാം, ഗാന്ധിജി കീ ജയ് എന്നു പറഞ്ഞു്. ആ കല്ലുപോലത്തെ ചോറിനുപകരം രണ്ടുനേരവും ചുട്ടചോറു്.''

"വരണം സർ!''—ജമേദാർ തമേശ്വർനാഥ്മിശിർ സലാംവെച്ചുകൊണ്ടു പറഞ്ഞു. "പുതിയ കാര്യമൊന്നുമില്ല. പതിവുള്ളതാണു്. പാചകയജ്ഞം കഴിഞ്ഞു. ഇനി ഭോജനയജ്ഞമാണു്. ജയിൽഭാഷയിൽ ഫീഡിംഗ്പരേഡ്.''

നിതായ്ബക്ഷിയുടെ ചോറ്റുപാത്രത്തിൽ ഹോട്ടൽക്കാരൻെറ ഉണങ്ങിയ ചോറിരുന്നു് മൂരച്ചുതുടങ്ങി. തൊപ്പിയുമെടുത്തു് ഇറങ്ങേണ്ടിവന്നു, മററാരാൻെറയും ഇപ്പോൾ വെന്ത ചോറു് വിളമ്പുന്നതിൻെറ മേൽനോട്ടത്തിനു്. അദ്ദേഹം ഒറ്റയ്ക്കല്ല. എന്നെയും കൂട്ടുപിടിച്ചു. ഒരേ വേദനകൊണ്ടു കഷ്ടപ്പെടുന്നവരാണല്ലോ ഞങ്ങൾ. ഫലം എന്താണെന്നു് ഞങ്ങൾക്കു നല്ലപോലെ അറിയാം. വിളമ്പുമ്പോൾ എത്ര ശ്രദ്ധിച്ചാലും കുറഞ്ഞതു് അമ്പതു പേക്കെങ്കിലും ചോറു പോരാതെവരും— കൊടുത്ത അരിയുടെ കണക്കിൽ തെറ്റൊന്നുമില്ലെങ്കിലും ശരി. പിന്നീടു് നിഷ്ഫലമായ ഒരു അന്വേഷണമുണ്ടാകും. എന്നുവെച്ചാൽ സ്വദേശി ക്യാംപിലെ നേതാക്കന്മാരുമായി അർത്ഥഹീനമായ ഒരു വാദപ്രതിവാദം.

ജമേദാർ പറയും: "ഞാൻ കണ്ടതാണല്ലോ, ഈ അഞ്ചു ബാബുമാർ രണ്ടു തവണ ചോറു വാങ്ങുന്നതു്.'' സ്വദേശിക്കാർ ഗജ്ജിക്കും: "കള്ളം!'' ഞങ്ങൾ ഘോരഘോരം വാദിക്കും. അവസാനം അവരെ ഒരുതരത്തിൽ സമാധാനിപ്പിച്ചിട്ടു് ഞങ്ങൾ റിപ്പോർട്ടു കൊടുക്കും. അടുക്കളയിലെ സാധാരണതടവുകാരുടെ അശ്രദ്ധകൊണ്ടു് മുപ്പത്തിമൂന്നു സേർ അരിയുടെ ചോറു് മനുഷ്യനു തിന്നാൻ കൊള്ളാതായി. അതുകൊണ്ടു് ഇത്രയും അരി കൂടുതൽ ഇഷ്യൂ ചെയ്യണം. അപ്പോൾ വലിയ സാഹി

ച്ച് ഉത്തരവിട്ടും— അങ്ങനെയാകട്ടെ. ബോയിലറിൽ വീണ്ടും കരി നിറയ്ക്കാൻ തുടങ്ങുകയും ചെയ്യും.

ഈ രംഗങ്ങൾ ദിവസവും ആവർത്തിക്കും. സ്വദേശി നേതാക്കൾ പറയും: "അടുക്കള ഞങ്ങൾക്കു വിട്ടുതരൂ. അവിടത്തെ സാധാരണതടവുകാരെ ഞങ്ങൾ നോക്കിക്കൊള്ളാം. സാധനങ്ങൾ കണക്കനുസരിച്ചു തന്നാൽമതി. ബാക്കിയെല്ലാം ഞങ്ങൾ ഏറ്റു." പക്ഷേ, അധികൃതർ സമ്മതിക്കുകയില്ല. സർക്കാരിന്റെ അഭിമാനം നഷ്ടപ്പെടുത്താതെ ഇതെങ്ങനെ സാധിക്കും? "അടുക്കള ഞങ്ങൾതന്നെ നടത്തിക്കൊള്ളാം. ജയിൽ മാനേജ്മെന്റ് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. നിങ്ങൾ തടവുകാർ—തടവുകാർക്ക് അധികാരം ഏല്പിച്ചുകൊടുക്കുക സാദ്ധ്യമല്ല."

ഒരു മാസം കഴിഞ്ഞു് ഒരു ദിവസം രാവിലെ ഞാൻ കലവറയുടെ കണക്കു നോക്കാൻ പോയി. വരാന്തയിലിരുന്നു് സ്റ്റോർക്ലാക്ക് സുരേശ്ബാബു കണക്കു കൂട്ടുന്നു. മേശയുടെ മറേറ വശത്തു് വേറൊരാൾ ഇരുപ്പുണ്ടു്. സ്വദേശിക്കാരുടെ ഒരു ചെറാട്ടാനേതാവായ വിമൽ മജുംദാർ. അദ്ദേഹത്തിൻെറ കൈയിൽ പുസ്തകവും പെൻസിലുമുണ്ടു്. സുരേശ്ബാബുവിൻെറ ശബ്ദം കേൾക്കായി: "മഞ്ഞൾ മുപ്പത്തൊന്നു സേർ പന്ത്രണ്ടു ഛടക് വരുന്നുണ്ടു്, വിമൽബാബു. നിങ്ങൾക്കെത്ര കിട്ടി?"

"ഉം, എനിക്കു പതിമ്മൂന്നു ഛടക് വരുന്നുണ്ടു്."

"ശരി. ഈ ഒരു ഛടക് നിങ്ങൾക്കു ബക്ക്ശീശ് ഇരിക്കട്ടെ."

രണ്ടുപേരും ചിരിച്ചു. സാമാനം തൂക്കിക്കൊണ്ടിരുന്ന സാധാരണതടവുകാരുടെ മുഖവും പ്രകാശിച്ചു. സാധനമെല്ലാം അളന്നും തൂക്കിയും സാധാരണതടവുകാരെക്കൊണ്ടു് എടുപ്പിച്ചു് വിമൽബാബു അടുക്കളയിലേക്കു കൊണ്ടുപോയി. അടുക്കളയിൽ വേറൊരാൾ മേൽനോട്ടം വഹിക്കുന്നു. അദ്ദേഹമാണു് കിച്ചൻ കമ്മററി. പാചകത്തിൻെറ രീതിതന്നെ മാറിപ്പോയതായി ഞാൻ കണ്ടു. ജയിൽനിയമമനുസരിച്ചു് ഓരോ തടവുകാരനും നാലു ഛടക് പച്ചക്കറികൾ കിട്ടും. ദിവസവും ഒരുവണ്ടി പച്ചക്കറി വരും. ഉരുളക്കിഴങ്ങു്, വാഴ

തനങ്ങ, മത്തങ്ങ, സ്പിനാക്, റാഡിഷ്, കാബേജ് എല്ലാം. ഇതുവരെ ഇവയെല്ലാം ചേർത്ത് ഒരു കൂട്ടുകറിയുണ്ടാക്കുകയായിരുന്നു പതിവ്. ഇപ്പോൾ അതേ സാധനങ്ങൾകൊണ്ടു രണ്ടു കറി ഉണ്ടാക്കുന്നുണ്ട്. വെള്ളവും പരിപ്പും തമ്മിലുള്ള നിസ്സഹകരണം തീർക്കാൻ ഞങ്ങൾക്കു് ഒരിക്കലും കഴിഞ്ഞിട്ടില്ല. ഇപ്പോൾ അവ ഭംഗിയായി യോജിക്കുന്നുണ്ടെന്നു മാത്രമല്ല, അതിൽനിന്നു് മീനിൻെറ തല ഒളിഞ്ഞുനോക്കുന്നതുപോലും ഞാൻ കണ്ടു. മീൻ വറക്കുകയല്ലാതെ മറ്റെന്തെങ്കിലും ചെയ്യുന്നതിനെപ്പററി ജയിലധികൃതർക്ക് ആലോചിക്കാൻപോലും കഴിവില്ലായിരുന്നു. അതേ മീൻകഷണങ്ങൾ ഇപ്പോൾ നല്ലൊരു കറിയായി തടവുകാരുടെ തളികയെ അലങ്കരിക്കുന്നതു ഞാൻ കണ്ടു.

കിച്ചൻ കമ്മററി ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്താ നോക്കുന്നതു്, ഡെപ്യൂട്ടി ബാബു? ദൈവം നമുക്കു നാക്കു തന്നതു് രണ്ടു കാര്യത്തിനാണ്—സംസാരിക്കാനും നല്ല ആഹാരം രുചിക്കാനും. ആദ്യത്തേതു നിങ്ങൾ ബലംപ്രയോഗിച്ചു് അസാദ്ധ്യമാക്കി. ആ നഷ്ടം രണ്ടാമത്തേതുകൊണ്ടു വേണം നികത്താൻ."

ഞാൻ പറഞ്ഞു: "നഷ്ടം നികത്തുക മാത്രമോ? പലിശ കൂടി എടുക്കുന്നുണ്ടല്ലോ."

മെസ്സ് കമ്മററി പൊട്ടിച്ചിരിച്ചു.

മടങ്ങുമ്പോൾ ആലോചിച്ചു, ആരുടെ ഉത്തരവനുസരിച്ചാണ് ഇതൊക്കെ? ആരുമറിയാതെ രാഷ്ട്രീയമാനം അധികാരക്കൈമാററം നടന്നിരിക്കുന്നു. ഔപചാരികമായി ഒന്നും നടന്നില്ല. സ്വാഭാവികഗതിയിൽ അതങ്ങു സംഭവിച്ചെന്നു മാത്രം. അധികൃതർ കണ്ടിട്ടും കണ്ണടച്ചുകളഞ്ഞു. ഉള്ളാലെ ആശ്വസിക്കുകയും ചെയ്തുവെന്നു തോന്നുന്നു. ഏററവുമധികം സന്തോഷം ഞങ്ങൾക്കായിരുന്നു—നിതായ്ബക്ഷിയുടെ സംഘത്തിന്. അൻപതു് ആൾക്കു് ചോറു തികഞ്ഞില്ല എന്ന റിപ്പോർട്ടുമായി ഇനി തമേശർ മിശിർ വരില്ല. അന്വേഷണത്തിൻെറ ചുമതലയിൽനിന്നു രക്ഷപ്പെട്ടല്ലോ.

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപൊയ്ക്കൊണ്ടിരുന്നു. വേലിയേററത്തിൻെറ ശക്തി ക്ഷയിച്ചെന്നു തോന്നുന്നു. ഇറക്കത്തിൻെറ വലിവു തുടങ്ങിയിരിക്കുകയാണു്. കാററും മഴയും കൂട്ടാക്കാതെ നദീമദ്ധ്യത്തിലേക്കു വള്ളമിറക്കിയവരുടെയെല്ലാം മനസ്സു് ഇന്നു വീടിന്റെനേരെ തിരിഞ്ഞിരിക്കുകയാണു്. ദേശസേവനത്തിന്റെ രൂപം പലരുടേയും കണ്ണിൽ മങ്ങിക്കഴിഞ്ഞിരിക്കുന്നു. സ്വന്തം വീടിൻെറ രൂപമാണു് തെളിഞ്ഞുനില്ക്കുന്നതു്. ദേഹം ക്ഷീണിച്ചു, മനസ്സു തളൎന്നു. പരേഡും ഡിബേററും കാരിക്കേച്ചറും തനിയേ നിന്നുപോയി. അസഹിഷ്ണുതനിറഞ്ഞ വാഗ്സമരങ്ങളും കാരണമില്ലാത്ത കലഹങ്ങളും ആ സ്ഥാനം അപഹരിച്ചിരിക്കുന്നു. എന്തൊക്കെയാണു പുറത്തെ വിശേഷങ്ങൾ? ജയിലിലെ കല്ലരിയും കമ്പിളിക്കിടക്കയും എത്രനാൾകൂടി സഹിക്കണം? മഹാത്മജി എന്തു പറയുന്നു? ഒത്തുതീർപ്പു് എത്രത്തോളമെത്തി? ഈ ചോദ്യങ്ങൾ ഓരോരുത്തരുടേയും മനസ്സിൽ പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു.

ആപ്പീസ് മന്ദാക്രാന്തവൃത്തത്തിൽ നീങ്ങുന്നുണ്ടു്. അദ്ധരാത്രിക്കുകൂടി ശ്വാസം വിടാൻ കഴിയാതിരുന്ന സ്ഥാനത്തു് പകൽ പന്ത്രണ്ടുമണിക്കുതന്നെ കൂർക്കംവലിച്ചുറങ്ങാം. വരവു നിലച്ചിട്ടു വളരെനാളായി. ഇപ്പോൾ പോക്കിൻെറ കാലമാണു്. ദിവസവും ഓരോ സംഘം ശിക്ഷകഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. ബന്ധുക്കളും സ്നേഹിതരും ഗേററിൽവന്നു് സ്വീകരിച്ചു കൊണ്ടുപൊയ്ക്കൊള്ളും. ആളുകൾ ആപ്പീസിൽ തിങ്ങിക്കൂടും. പിന്നീടു് വഴിച്ചെലവും മററും വാങ്ങി പോകുകയും ചെയ്യും. രണ്ടോ മൂന്നോ ദിവസത്തെ അലവൻസു കിട്ടും. മൂന്നോ മൂന്നരയോ രൂപാ വണ്ടിക്കൂലി. ജയിലർ മഹേശ് താലൂക്ക്ദാർ തനി ബ്യൂറോക്രാററാണു്. ഉരുക്കുപ്രേയിം. എങ്കിലും ഉള്ളിൽ ചെളിയാണു്. മൂന്നര മണിക്കൂർ അതിയായ ക്ഷമയോടുകൂടി പ്രസംഗംകേട്ടു് ഇരിക്കും. എന്നാലും തുക മൂന്നു രൂപയിൽനിന്നു മൂന്നരയാകുകയില്ല.

സ്വദേശിക്കാരും ഉരുക്കുമനുഷ്യരാണു്. ഇടയ്ക്കിടെ സംഘർഷത്തിൻെറ സൂചന കാണുമ്പോൾ എന്നെ വിളിക്കും. ജയിലരുടെ ഭൂമിശാസ്ത്രോപദേഷ്ടാവാണു് ഞാൻ.

"മലയ്, നിങ്ങൾ ആ പ്രദേശത്തു വളരെക്കാലം കഴിച്ചിട്ടുണ്ടല്ലോ. കുമില്ലയിൽനിന്നു ബദർഖാലിവരെ ബോട്ടുകൂലി എന്താകും, കേൾക്കട്ടെ."

കുമില്ലയെപ്പററി ഞാൻ ഭൂമിശാസ്ത്രപ്പുസ്തകത്തിൽ വായിച്ചിട്ടേ ഉള്ളു. ബദർഖാലിയെന്നു് ഇപ്പോൾ ആദ്യം കേൾക്കുകയുമാണു്. എങ്കിലും എല്ലാം അറിയുന്നതുപോലെ ഗൗരവം നടിച്ചു ചോദിച്ചു: "ബദർഖാലിയുടെ ഏതു ഭാഗത്താ നിങ്ങളുടെ വീടു്?"

വിമോചനത്തിനു സമയമായ തടവുകാർ പറയും: "തെക്കുഭാഗത്തു്."

"അവിടെയൊക്കെ ബോട്ടുകൂലി കുറവാണല്ലോ? നിങ്ങൾക്കെന്തുവേണം?"

അയാൾ എന്തെങ്കിലും മറുപടി പറയുന്നതിനു മുമ്പു തന്നെ താലൂക്ക്ദാർ സാഹിബ്ബ് പറയും: "നാലുരൂപാ വേണമെന്നാ പറയുന്നതു്. എനിക്കു തോന്നുന്നു രണ്ടര രൂപയിൽ കൂടുകയില്ലെന്നു്."

ഞാൻ അഭിപ്രായം അറിയിക്കും: "മൂന്നു രൂപയോളം വരും."

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായെന്ന മട്ടിൽ മഹേശ് ബാബു പറയും: "ശരി, അതുമതി. മലയനു് അതെല്ലാം നല്ല നിശ്ചയമാണു്."

തടവുകാരുടെ നേതാവിനു് ഉള്ളിൽ കോപം തോന്നിയാലും ഒന്നും പറയുകയില്ല. പക്ഷേ, തടവുകാരൻ ചെറുപ്പമാണു്. അയാൾക്കു ദേഷ്യം ഒതുക്കാൻ കഴിഞ്ഞില്ല. ഉറക്കെ പറഞ്ഞു: "ശരി, സ്വരാജ് കിട്ടുമ്പോൾ ഭരണം ഞങ്ങളുടെ കൈയിൽ വരും. അപ്പോൾ കാണാം, നിങ്ങൾക്കാരാ ജോലി തരുന്നതെന്നു്."

താലൂക്ക്ദാർ ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്താ പറഞ്ഞതു്, ജോലി തരില്ലെന്നോ? ജോലി തരുമെന്നു മാത്രമല്ല, ശമ്പളം കൂട്ടിത്തരികയും ചെയ്യും. ഇപ്പോൾ ഞങ്ങൾ വിദേശസക്കാരിൻെറ പണം ലാഭിക്കുന്നു. അന്നു് നിങ്ങളുടെ പണം ലാഭിക്കും."

പക്ഷേ, എനിക്കറിയാം, താലൂക്ക്ദാർ സാഹിബ്ബ് എത്ര

യൊക്കെ നിർബ്ബന്ധം പിടിച്ചാലും അവസാനം അദ്ദേഹം തന്നെയാണ് മിക്കപ്പോഴും തോൽക്കുകയെന്നു്. ഞങ്ങളുടെ 18-ാം നമ്പർ മെസ്സിലെ മാനേജർ ഹരിദാസ്ബാബുവിനെപ്പോലെ.

ആ കഥ ഓർത്തതുകൊണ്ടു് ഇപ്പോൾത്തന്നെ പറഞ്ഞേക്കാം.

വളരെനാൾ മുമ്പത്തെ കഥയാണ്. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലം. ഒരു മെസ്സിലാണു താമസം. പുതിയൊരു വയ്പുകാരൻ വന്നു—മഹാദേവമിശ്ര. ഇത്ര സമർത്ഥനായ ഒരാളെ ജീവിതത്തിൽ പിന്നീടൊരിക്കലും കണ്ടിട്ടില്ല. കാമിനിബാബുവിനു കൃത്യം എട്ടരമണിക്കാണ് ആപ്പീസ്. എട്ടടിക്കുന്നതിന് 15 മിനിട്ടു മുമ്പുമുതൽക്കുതന്നെ ഭക്ഷണമുറിയിൽ വിളി കേൾക്കാം: "പയ്യൻ, ചോറു കൊണ്ടുവാ." അപ്പോൾ മത്സ്യം വെട്ടുന്നതേ ഉണ്ടാകൂ. കാമിനിബാബുവിനു മുമ്പ് മത്സ്യം കണ്ണികാണാൻ കിട്ടാറില്ല. മത്സ്യം വെട്ടുന്നതു കണ്ടു നെടുവീർപ്പിട്ടുകൊണ്ടു് ആപ്പീസിൽ പോകും. പകരം തൈരു് ഏർപ്പാടു ചെയ്തിരുന്നു. പക്ഷേ, അന്ന് തൈരിനു പകരം മഹാദേവ് ഒരു തവിയിൽ മീൻകറിയുമായി പ്രവേശിച്ചു. കാമിനിബാബു അത്ഭുതസ്തബ്ധനായി ചോദിച്ചു: "എന്താ അതു്?"

"ഇതു് രാമരസം."

"എന്നുവച്ചാൽ?"

മഹാദേവ് തവി കാമിനിബാബുവിന്റെ പാത്രത്തിലേക്കു കമഴ്ത്തും. മീൻകറി. കാമിനിബാബുവിന്റെ കണ്ണിൽ ആനന്ദാശ്രു പൊടിയും. "ഇതെങ്ങനെ ഇതിനിടയ്ക്കു സാധിച്ചു?"

"ഉണ്ടാക്കി."

രണ്ടുദിവസത്തിനകം മഹാദേവ് മെസ്സ് മുഴുവൻ കീഴടക്കിക്കളഞ്ഞു. മഹാദേവ് ഇല്ലാതെ ഒരാൾക്കും കഴിയാൻ വയ്യ. സാവധാനത്തിൽ ചന്തയിൽപ്പോകുന്ന ജോലിയും അവനായി. അവനു് എഴുത്തറിഞ്ഞുകൂടാ. കണക്കെല്ലാം മനസ്സിലാണ്. എന്നും രാവിലെ മാനേജർ ഹരിദാസ്ബാബു പത്തിൻെറ രണ്ടു നോട്ടു് അവൻെറ കൈയിൽ കൊടുക്കും.

വൈകുന്നേരമാണ് കണക്കെഴുത്ത്. ഹരിദാസ്ബാബു പുസ്തകം തുറന്നുവച്ചു ചോദിക്കും: "പറ, മീൻ."

"മീൻ എട്ടു രൂപ്പിക പതിനൊന്നണ."

ഹരിദാസ്ബാബു എഴുതും: "ഏഴുരൂപ്പിക പന്ത്രണ്ടണ. പച്ചക്കറി."

മഹാദേവ് പറയും: "രണ്ടുരൂപ്പിക പതിനഞ്ചണ."

ഹരിദാസ്ബാബു എഴുതും: "രണ്ടുരൂപ്പിക നാലണ."

ഇങ്ങനെ മഹാദേവ് പറയുന്ന ഓരോ ഇനത്തിനും കുറച്ചു ഡിസ്കൗണ്ടു കഴിച്ചു മാനേജർ ബുക്കിലെഴുതും. എഴുതി കഴിഞ്ഞു് മഹാദേവ് ചോദിക്കും: "എന്തായി ബാബൂ?" ഹരിദാസ് ബുക്കിലെ കണക്കുകൂട്ടി പറയും: "പതിമൂന്നര രൂപ്പിക ആറരയണ."

"എന്തു തിരിച്ചുതരണം?"

"രണ്ടു രൂപ്പിക ഒമ്പതരയണ."

മഹാദേവ് പിന്നീടൊന്നും പറയാതെ രണ്ടു രൂപ്പിക ഒമ്പതരയണ കൊടുത്തിട്ടു പോകും. ഹരിദാസ് മിഴിച്ചിരിക്കും. കുറച്ചു സമയമെടുക്കും അദ്ദേഹത്തിന്റെ അത്ഭുതം വിട്ടുമാറാൻ.

ഈ കഥ ഞാനൊരിക്കൽ ജയിലർ സാഹിബ്ബിനെ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം ശ്രദ്ധിച്ചു കേട്ടു. പിന്നീടു ചിരിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ ഈ ഹരിദാസും ഞാനും തമ്മിൽ ഒരു വ്യത്യാസമേ ഉള്ളു."

"എന്താ അതു്?"

"അദ്ദേഹം ജയിക്കാൻ ശ്രമിച്ചു. ഓരോ തവണയും തോറ്റതേയുള്ളു. പക്ഷേ, ഞാൻ ജയിക്കാൻ ശ്രമിക്കാറില്ല."

ഞാൻ ജിജ്ഞാസാപൂർവ്വം അദ്ദേഹത്തെ നോക്കി. മഹേശ്ബാബു വിശദമാക്കി: "എനിക്കു വയസ്സായി. ജീവിതത്തിൽ സ്വന്തം വരുമാനത്തിൽനിന്നു് രണ്ടു പൈസ എന്തെങ്കിലും സല്കാര്യത്തിനു് ആരുടെയെങ്കിലും കൈയിൽ കൊടുത്തതായി ഓർക്കുന്നില്ല. പെട്ടെന്നു് ഒരു സൗകര്യം കിട്ടി. വീടും നാടും ഉപേക്ഷിച്ച ഈ കുട്ടികൾക്കു് അല്പം പണം കിട്ടുന്നെങ്കിൽ കിട്ടിക്കോട്ടെ. എനിക്കു നഷ്ടമൊന്നുമില്ലല്ലോ."

# പതിനൊന്ന്

ഞാൻ സ്വപ്നം കാണുകയായിരുന്നു. ഡാർജിലിംഗിലെ എൻെറ ആ ബംഗ്ലാവുതന്നെ സ്ഥലം. ഞാൻ പുറത്തെ മുറിയിൽ ചാരുകസേരയിൽ കിടന്നുറങ്ങുന്നു. കാഞ്ചി ജനലിങ്കൽ നിന്നു വിളിക്കുന്നു: "ബാബുജി, ബാബുജി!" ഞാൻ ഒന്നുകൊണ്ടും ഉറക്കം ഉണരുന്നില്ല. കാഞ്ചിയുടെ ചിരിക്കുടക്കപൊട്ടി.

ഞാൻ പിടഞ്ഞെഴുന്നേററു. കട്ടിലനട്ടത്ത് അലാറം മുഴങ്ങുന്നു. രാത്രി രണ്ടുമണി അടിച്ച് പതിനഞ്ചു മിനിട്ടായി. എനിക്കു റൗണ്ടിനു പോകണം. അടിമകൾക്കുപോലും അർദ്ധരാത്രി ഉറങ്ങാൻ അവകാശമുണ്ട്. പക്ഷേ, എനിക്കില്ല. അലാറം അക്കാര്യം ഓർമ്മിപ്പിക്കുകയായിരുന്നു.

ഫാൽഗുനമാസാവസാനം. തണുപ്പുകാലം അവസാനിക്കുകയായി. വെളുപ്പിനു മാത്രം അതിൻെറ വിടവാങ്ങലിന്റെ സ്പർശം അനുഭവപ്പെട്ടും. ആ സമയം കിടക്കയുടെ ആലിംഗനം എത്ര മധുരമാണ്; ശരീരം എന്നെ കിടക്കയിലേക്കു പിടിച്ചുവലിക്കുന്നു. പക്ഷേ, അതിലും ശക്തിയുണ്ട് മഹേശ് താലൂക്ക്ദാറുടെ ഡ്യൂട്ടി റോസ്റ്ററിലെ നാലാമത്തെ വരിക്ക് 'വ്യാഴാഴ്ച ലേററ് റൗണ്ട്, ഡെപ്യൂട്ടി ജയിലർ മലയ് ചൗധുരി.' ഞാൻ ഒരുതരത്തിൽ കിടക്കയിൽനിന്ന് ഊന്നിറങ്ങി, ഷെയ്ക്സ്പിയർ crawling like a snake എന്നു പറഞ്ഞതുപോലെ. ഇതിനേക്കാൾ നന്നായി ആ ഉപമ പ്രയോഗിക്കാനൊക്കുകയില്ലെന്ന് ഇന്നു മനസ്സിലായി. റൗണ്ടിനു പോകുന്ന ജയിലറെയോ ഡെപ്യൂട്ടി ജയിലറെയോ മഹാകവി കണ്ടുമുട്ടിയിട്ടില്ല. ഉണ്ടെങ്കിൽ പാവം സ്കൂൾക്കുട്ടികളുടെ തലയിൽ ഇത്ര വലിയ അപവാദം വലിച്ചുവയ്ക്കുകയില്ല.

ഞാൻ റൗണ്ടിനിറങ്ങി. എൻെറ ഈ രാത്രിയിലെ യാത്ര എന്തുദ്ദേശത്തിലാണ്? കർത്തവ്യപരായണത, സൂക്ഷ്മത, ജാഗരൂകത തുടങ്ങിയ വാക്കുകൾകൊണ്ട് ഇതിനെ ഉയർത്തിപ്പിടിക്കാം. എങ്കിലും എന്നെ സംബന്ധിച്ചിടത്തോളം ഒളിച്ചുവെയ്ക്കാൻ ഒന്നുമില്ല. എൻെറ യഥാർത്ഥ ഉദ്ദേശം വേട്ടയാടലാണ്. ജോലിയിൽ ഉയരുന്നതിന് പല കോവണിപ്പടികളുള്ളതിൽ

ഒന്നാണ് ഇതും. ഈ വേട്ടയിൽ ലഭിക്കുന്ന ഇരകളുടെ എണ്ണമാണ് എൻെറ കാര്യക്ഷമതയുടെ അളവുകോൽ. ചെന്നു നോക്കുമ്പോൾ എൻെറ ഇരകൾ, രാത്രിയിലെ കാവൽക്കാർ, ഉണന്ന് സൂക്ഷ്മതയോടെ നോക്കിയിരിക്കുകയാണെങ്കിൽ, അവരുടെ തൊപ്പി തലയിൽത്തന്നെ ഉണ്ടെങ്കിൽ, അവരുടെ ഷൂസ് കാലിൽത്തന്നെയുണ്ട്. തലയണയായി മാറിയിട്ടില്ല എങ്കിൽ എൻെറ റിപ്പോർട്ട് ഒരു വരിയിൽ ഒതുങ്ങും. Found everything in order. സരളമായ ഈ റിപ്പോർട്ട് അധികൃതരുടെ ചെവിയിൽ അമൃതവഷം പൊഴിക്കുകയില്ലെന്നു് പറയേണ്ടതില്ലല്ലോ. ഒന്നിനും കൊള്ളാത്ത മനുഷ്യൻ എന്ന ബഹുമതിയേ എനിക്കു് അതു നേടിത്തരൂ. മറ്റുള്ളവരുടെ തെറ്റു കണ്ടുപിടിക്കാൻ കഴിയാത്തതാണ് എന്റെ കൊള്ളരുതായ്മയ്ക്കു തെളിവ്.

പക്ഷേ, ഭാഗ്യമുണ്ടെങ്കിൽ എൻെറ റിപ്പോർട്ടിൻെറ താളുകൾ, വിചിത്രമായ വേട്ടക്കഥകളുടെ സരസമായ വണ്ണനകൾകൊണ്ടു നിറയും. ഒരാളുടെ കൈയിൽ ലാത്തിയില്ല. മറ്റൊരാൾ ബട്ടൺ ധരിച്ചിട്ടില്ല. ഒരാൾ നടക്കുന്നതിനിടയിൽ രണ്ടുമിനിട്ടു നിന്നു. ഇനിയുമൊരാൾ സ്വന്തം അതിത്തിവിട്ട് അടുത്തദിവസം വന്ന ഒരു സഹപ്രവത്തകനുമായി സംസാരിക്കുന്നു. ഇതൊന്നും കൂടാതെ, രാത്രിയിലെ കാവൽക്കാരുടെ ഏററവും വലിയ ശത്രുവും ഉണ്ടാകും—ഉറക്കം. Sleeping while on duty.

ഉറക്കം—അതും എന്തെല്ലാം വിചിത്രരൂപങ്ങളിൽ! ഞാനിത്രനാളും മനസ്സിലാക്കിയിരുന്നതു് കണ്ണടച്ചാലേ ഉറങ്ങാൻ കഴിയൂ എന്നാണ്. ഇവിടെ പട്ടാളക്കാർ ലാത്തിപിടിച്ചുകൊണ്ടു് ലാത്തുന്നു, ശരിക്കു് താളമനുസരിച്ച് കാലനങ്ങുന്നുണ്ട്, കണ്ണു് തുറന്നിരിക്കുന്നു, ദൃഷ്ടി അകലെ നട്ടിരിക്കുന്നു. പക്ഷേ, അടുത്തുചെന്നാൽ കൂക്കംവലി കേൾക്കാം. വഴിമുടക്കിനിന്നാൽ അയാൾ നിങ്ങളുടെമേൽ വന്നുമുട്ടും. തലയിൽനിന്നു് തൊപ്പിയെടുത്തു മാറ്റിയാൽ അയാൾ അറിയുകയില്ല. അയാൾ ഉണന്നിരിക്കുകയല്ല, ഗാഢനിദ്രയിലാണ്. മതിലിനോടു ചേന്നു് നീണ്ടുനിവന്നു്, കണ്ണുതുറന്നു്, ലാത്തിപിടിച്ചു്, എന്നെ ആദരിക്കാനെന്നപോലെ അററൻഷനായി നിൽക്കുന്ന കാവൽക്കാരൻെറ ദേഹം അനങ്ങുന്നില്ല. തലപോലും ചലിക്കു

ന്നില്ല—അയാളുടെയും ചേതന മുഴുവൻ നിദ്രയിൽ ആണ്ടിരിക്കുകയാണു്. ഇവർ ഹഠയോഗികളല്ല, ചലന്നിദ്രാസനമോ കഠിനമായ മറേറതെങ്കിലും ആസനമോ അഭ്യസിച്ചവരുമല്ല. എങ്കിലും ഇതിൻെറ പിന്നിൽ ദീർഘനാളത്തെ സാധനയും അതിൻെറ അടിയിൽ മനസ്സിൻെറ മുഴുവൻ ഏകാഗ്രതയും ഉണ്ടു്. ജീവിതം മുഴുവൻ ഒരുരാത്രിപോലും മുഴുവനായി കിടക്കയിൽ കഴിയാത്തവക്കു് ഉറക്കത്തെ വശീകരിക്കാൻ ദുർഘമായ ഈ പ്രക്രിയ അഭ്യസിക്കാതെ നിവൃത്തിയില്ലല്ലോ. ഈ വിദ്യയുടെ ശക്തികൊണ്ടു് അവർ ഞങ്ങളുടെ സമത്ഥമായ കണ്ണുകളിൽ പൊടിയിടുന്നു. ഞങ്ങളുടെ മാരകമായ പേനകളെ കബളിപ്പിച്ചു് രക്ഷപ്പെടുന്നു. ഇങ്ങനെ നിന്നും നടന്നും ഉറങ്ങുന്ന വിദ്യ സ്വായത്തമാകാത്തവർ രക്ഷപ്പെടുകയില്ല. നിലത്തുകിടന്നു മാത്രം ഉറങ്ങാൻ അറിയുന്നവക്കു്, യോഗികമോ ശാസ്ത്രീയമോ ആയ രീതികളൊന്നും വശമില്ലാത്തവക്കു്, രക്ഷയില്ല. പക്ഷേ, ഞങ്ങളുടെ കണ്ണും പൊടിയിടലിൽനിന്നു തികച്ചും മുക്തമല്ല. ഇതിൻെറ പ്രത്യക്ഷമായ തെളിവാണു് ഞങ്ങളുടെ സഹപ്രവത്തകൻ മഹിതോഷ്.

നല്ല മനുഷ്യനെന്ന ദുഷ്പേരു് മഹിതോഷ്ബാബുവിനു് ധാരാളമുണ്ടായിരുന്നു. അതു് അകാരണമല്ല. മൂന്നുമാസത്തിനുള്ളിൽ അദ്ദേഹത്തിൻെറ റൗണ്ടിൽ ഒരാളെയും പിടികൂടാതിരുന്നതുതന്നെ തെളിവു്. മഹിതോഷ്, റൗണ്ടിൻെറ സംഖ്യയും സമയവും വർദ്ധിപ്പിച്ചു. എന്നിട്ടും ഫലമുണ്ടായില്ല. അതിനുശേഷം ഒരുദിവസം അദ്ദേഹം ശ്രദ്ധിച്ചു, താൻ ചെല്ലുമ്പോഴൊക്കെ ഒന്നല്ലെങ്കിൽ വേറൊരു പോസ്റ്റു് ഒഴിഞ്ഞുകിടക്കുന്നു. കാണാത്ത കാവൽക്കാരനെപ്പററി ചോദിച്ചാൽ അടുത്തുള്ള വാർഡർ ഒരു സ്ഥലത്തിൻെറ പേരു പറയും. ആ സ്ഥലത്തിൻെറ ആഹ്വാനം ജീവികളെ സംബന്ധിച്ചിടത്തോളം അലംഘനീയമാണു്. ഒരുദിവസം അദ്ദേഹം കാത്തുനിന്നു. പതിനഞ്ചുമിനിട്ടു്, ഇരുപതുമിനിട്ടു്, അരമണിക്കൂർ. അടുത്തുള്ള വാർഡറുടെ മുഖത്തെ അസ്വാസ്ഥ്യം വർദ്ധിച്ചുകൊണ്ടിരുന്നു. പക്ഷേ, കാവൽക്കാരനെ കാണാനില്ല. മഹിതോഷ് ഒരു മരത്തിൻെറ ചുവട്ടിൽ ഇരിപ്പുറപ്പിച്ചു. ക്രമത്തിൽ കാവൽക്കാർ മാറുന്ന സമയമായി. പുതിയ ഏതാനും കാവൽ

ക്കാർ വരികയും ചെയ്തു. പഴയ കൂട്ടർക്ക് ഇപ്പോൾ മടങ്ങിപ്പോകാം. പക്ഷേ, അദ്ദേഹം കാത്തിരിക്കുന്ന ആളിനെപ്പററി ഒരു വിവരവുമില്ല.

അവസാനം, അയൽക്കാരൻ പറഞ്ഞ സ്ഥലത്തു് അന്വേഷിച്ചു. അവിടെ ആരുമില്ല. മഹിതോഷ്ബാബു നിരാശനായി മടങ്ങിപ്പോകാൻ തുടങ്ങുമ്പോൾ പെട്ടെന്നു് മരത്തിൻെറ മുകളിൽനിന്നു് എന്തോ ഒരു സാധനം തലയിൽ വന്നു വീണു. എന്താ ഇതു്? എവിടെനിന്നു വന്നു ഈ കാക്കിത്തൊപ്പി? ഭൂതങ്ങളുടെ പണിയായിരിക്കുമെന്നു് ആദ്യം തോന്നി. പക്ഷേ, ഈ പാതിരാത്രി വൃക്ഷത്തിൻെറ മുകളിൽനിന്നു് ഒരു സാധുമനുഷ്യൻെറ തലയിൽ തൊപ്പിയെറിഞ്ഞു് രസിക്കാൻ മാത്രം നർമ്മബോധം ഭൂതങ്ങൾക്കുപോലും ഉണ്ടാകുമോ എന്നു് മഹിതോഷ് സംശയിച്ചു. സംശയം മാറാൻ അധികനേരം വേണ്ടിവന്നില്ല. കാണാതായ വാർഡറെ കണ്ടെത്തുകയും ചെയ്തു. ദുശ്ചിന്തയ്ക്കു യാതൊരു കാരണവുമില്ല. അയാൾ വൃക്ഷത്തിൻെറ മുകളിൽ ഒരുക്കിയ മഞ്ചത്തിൽ സുഖമായി ഉറങ്ങുകയായിരുന്നു. തലയിലെ തൊപ്പി അസമയത്തു് വിശ്വാസവഞ്ചന ചെയ്തില്ലെങ്കിൽ ഉറക്കം ഇങ്ങനെ പെട്ടെന്നു് അവസാനിക്കുകയും ഇല്ലായിരുന്നു.

മഹിതോഷ്ബാബു അപ്പോൾ കണ്ടുപിടിച്ചു, കാര്യം ആകസ്മികമല്ലെന്നു്. മൂന്നു തടിച്ച ശാഖകൾ ചേരുന്ന സ്ഥലത്തു് കമ്പിളി വിരിച്ചിട്ടിരിക്കുന്നു. ഉറങ്ങാനുള്ള സ്ഥിരമായ ഏർപ്പാടാണതു്. ആരുടെയും വ്യക്തിപരമായ സജ്ജീകരണമല്ല. സൗകര്യംപോലെ എല്ലാവർക്കും ഉപയോഗിക്കാം. ഉള്ള സമയം സമമായി വിതിച്ചെടുക്കുകയാണു പതിവു്. അതായതു് ഓരോ കാവൽക്കാരനും മുറയനുസരിച്ചു് നിദ്രാസുഖം അനുഭവിക്കും. അയാളുടെ സ്ഥാനം ഒഴിഞ്ഞുകിടക്കുന്നതു കണ്ടു് റൗണ്ട് ആഫീസർ ചോദിച്ചാൽ അടുത്തുള്ള കൂട്ടുകാരൻ പറയും: ''Call of nature, Sir.''

ജയിൽവകുപ്പിൻെറ ഭാഗ്യംകൊണ്ടു് എല്ലാവരും മഹിതോഷ്ബാബുമാരല്ല; ഞങ്ങളുടെ 'ഗഗൻ ഡിപ്ടി'യെപ്പോലുള്ളവരുമുണ്ടു് റൗണ്ടുകാരുടെ ഇടയ്ക്കു്. ആൾ ശരിക്കു ക്ലാർക്കാണു്. പക്ഷേ, ഡെപ്യൂട്ടി ജയിലറാണെന്നാണു ഭാവം. പേരു്

ഗഗൻ ഹൽദാർ. കാവൽക്കാർ പറയും, 'ഗഗൻ ഡിപ്ടി എന്നു്. ക്ലാക്കു് റൗണ്ടിനു പോകേണ്ട ആവശ്യമില്ല. എങ്കിലും അയാളുടെ ഉത്സാഹവും സാമർത്ഥ്യവും കണ്ടു് രസികനായ ഏതോ ഒരു ജയിലർ റൗണ്ടിൻെറ പട്ടികയിൽ ഗഗൻ ബാബുവിൻെറ പേരും ചേർത്തിരുന്നു. അതുമുതൽ അയാളുടെ കാലൊച്ച കേട്ടാൽ കാവൽക്കാർ വിറയ്ക്കും. ലാത്തുന്നതിനിടയിൽ രണ്ടുമിനിട്ടുവരെ കാലനങ്ങാതിരിക്കുന്നതും, ലാത്തി പിടിച്ചുകൊണ്ടു് അല്പം ഉറക്കം തൂങ്ങുന്നതുമൊക്കെ കണ്ടുപിടിച്ചാൽത്തന്നെ, മററു ബാബുമാരാണെങ്കിൽ കരഞ്ഞുപറഞ്ഞാൽ ക്ഷമിക്കും. പക്ഷേ, ഗഗൻ ഡിപ്ടിയുടെ അടുത്തു രക്ഷയൊന്നുമില്ല. അതുകൊണ്ടു് അയാളുടെ മുറ വരുന്നദിവസം കാവൽക്കാരുടെ ക്യാംപിൽ ജാഗ്രതയ്ക്കു് അവസാനമില്ല. എല്ലാവരും അന്നു് തികച്ചും നല്ലപിള്ളകളാണു്. Everything in order. ഇതു് ഗഗൻബാബുവിനു് ഇഷ്ടമല്ലെന്നു പറയേണ്ടതില്ലല്ലോ. തന്റെ പേനത്തുമ്പിൽ നാലഞ്ചാളെ കൊളുത്തിയിട്ടില്ലെങ്കിൽ അയാൾ എങ്ങനെ ഡെപ്യൂട്ടിസ്ഥാനം നിലനിത്തും? പക്ഷേ, കഷ്ടകാലം എന്നല്ലാതെ എന്തുപറയാൻ, കാവൽക്കാർ ശ്രദ്ധാലോചന നടത്തി അയാൾക്കു് അങ്ങനെ ഒരവസരം ഉണ്ടാക്കിക്കൊടുക്കാതിരിക്കാൻ ശ്രദ്ധിച്ചുപോന്നു.

ഒരുദിവസം അയാൾക്കു് പുതിയ ഒരു കൗശലം തോന്നി. ഗഗൻബാബുവിനറിയാം, ഞങ്ങൾക്കും അറിയാത്തതല്ല, റൗണ്ടു് കഴിഞ്ഞാൽ കാവൽക്കാരിൽ ഉണന്നിരിക്കുന്നവർ കുറവായിരിക്കുമെന്നു്. ഉപദ്രവം കഴിഞ്ഞു എന്നുപറഞ്ഞു് എല്ലാവരും നെടുവീപ്പിടും. ചിലർ ബൂട്ട്സ് അഴിച്ചുവെച്ചു് അല്പമൊന്നാശ്വസിക്കും. മററുചിലർ മാറി മരച്ചുവട്ടിലോ വരാന്തയുടെ കോണിലോ നട്ടുവു നിവക്കും. ഗഗൻബാബു ആ ദുർബ്ബലനിമിഷം ഉപയോഗപ്പെടുത്തി. അയാൾ ഒരു റൗണ്ടു് കഴിഞ്ഞു് അരമണിക്കൂർ ആപ്പീസിൽ ഒളിച്ചിരുന്നു. എന്നിട്ടു് ആരംഭിച്ചു, ഒരു ദിഗ്വിജയം. മുഴുത്ത ഇരകളെക്കൊണ്ടു് അയാളുടെ വല നിറഞ്ഞു. മൂന്നു നാലു സ്ലീപ്പിംഗ്, ആറേഴ സിററിംഗ് ആൻറ് ഡോസിംഗ്, തൊപ്പിയില്ലാത്ത ഒരു ഡസൻ തല, ബൽററില്ലാത്ത ഒരു ഡസൻ അര. പിറേറന്നു് രാവിലെ ആപ്പീസിൽ ശിക്ഷയുടെ ബഹളമായിരുന്നു.

UNIVERSITY LIBRARY

ഗഗൻ ഡിപ്ടിയുടെ നോട്ടത്തിൽ യഥാത്ഥ ഡെപ്യൂട്ടിമാർ മ്ലാനരായി.

മാഘമാസം മദ്ധ്യമാണു് അന്നു്. പത്മാനദിയുടെ തീരത്തു് തുറന്ന മൈതാനത്താണു് ജയിൽ. പോരാഞ്ഞിട്ടു് ഉത്തരബംഗാളിലെ മഞ്ഞും. തണുപ്പുകൊണ്ടു് എല്ലിൻെറ ഉള്ളുപോലും കിടുകിടുക്കുന്നു. രാത്രി മണി മൂന്നരയായിട്ടുണ്ടു്. മൂടൽമഞ്ഞുകൊണ്ടു് ചുറ്റും കണ്ടുകൂടാ. മഞ്ഞുതുള്ളികൾ മഴപോലെ പൊഴിയുന്നു. സവ്വാംഗം തുണികൊണ്ടു മറച്ചു് കണ്ണുരണ്ടും ഒരുതരത്തിൽ തുറന്നുവെച്ചു് കാവൽക്കാർ അങ്ങുമിങ്ങും നിൽക്കുന്നു. ഈ ഭയങ്കര രാത്രി നീണ്ട മതിൽക്കെട്ടിൻെറ അരികിൽക്കൂടി സാവധാനം നടന്നുപോകുന്നതാരു്? അടിതൊട്ടു മുടിവരെ കമ്പിളിയിൽ പൊതിഞ്ഞു്, മൂടൽമഞ്ഞാകുന്ന സമുദ്രത്തിൽ ഒഴുകിനടക്കുന്ന വള്ളംപോലെ! ഏഴാംനമ്പറിൻെറ മൂല തിരിഞ്ഞയുടനെ, സൂക്ഷ്മദൃക്കായ കാവൽക്കാരൻ വിളിച്ചുകൂവി: "പുള്ളി ഒളിച്ചോടുന്നു!" ഭയാവഹമായ ആ വാത്ത വിദ്യുച്ഛക്തിപോലെ അവിടെയെങ്ങും പരന്നു. വിസിലുകൾ മുഴങ്ങി. ഗേററിലെ കാവൽക്കാരൻ അലാറവും അടിച്ചു. അടുത്തുണ്ടായിരുന്നവർ ലാത്തിയുമായി ഓടിയടുത്തു. കാര്യം കുഴപ്പമാണെന്നുകണ്ടു കമ്പിളിക്കെട്ടു് ഓട്ടമായി. പക്ഷേ, കാവൽക്കാർ നാലുപാടുംനിന്നു വന്നു വളഞ്ഞു. അയാൾ എന്തോ പറഞ്ഞെങ്കിലും അതാരും കേട്ടില്ല. ലാത്തികൾ തുരുതുരെ അയാളുടെ പുറത്തു വീണുകൊണ്ടിരുന്നു.

ഏതാനുംമിനിട്ടിനകം അധികാരികൾ വന്നെത്തി. അവരുടെ മുമ്പിൽവെച്ചുതന്നെ കമ്പിളിക്കെട്ടിനെ പിടിച്ചുകെട്ടി ആശുപത്രിയുടെ വരാന്തയിൽ എത്തിച്ചു. കണ്ണും മുഖവും വീത്തിട്ടുണ്ടു്. തിരിച്ചറിയാൻ പ്രയാസം. കരച്ചിൽ കേട്ടപ്പോൾ മനസ്സിലായി, കമ്പിളിയിൽപ്പൊതിഞ്ഞ ഒളിച്ചോട്ടക്കാരൻ ജയിൽപ്പുള്ളിയല്ല, റൗണ്ടുവിദഗ്ദ്ധനെന്നു പേരുകേട്ട ഗഗൻ ഡിപ്ടിയാണു് എന്നു്.

നമുക്കു് നമ്മുടെ കഥയിലേക്കു മടങ്ങാം. എന്താ ഞാൻ പറഞ്ഞുകൊണ്ടുവന്നതു്? അതെ, ഞാൻ റൗണ്ടിനു പോകുക

യായിരുന്നു. രാത്രി മണി രണ്ടടിച്ചു് ഇരുപത്തഞ്ചുമിനിട്ടായി. കുറച്ചു നടന്നിട്ടു നാലുപാട്ടുംനോക്കിയപ്പോൾ, അല്പംമുമ്പുവരെ തോന്നിയിരുന്ന മടിയും വിഷമവും മാറി. ഇതേതു ലോകം? നാലു പാട്ടും വസന്തനിലാവിൻെറ വെള്ളി ഉരുക്കി ഒഴിച്ചിരിക്കുന്നു. നിസ്തബ്ധമായ രാത്രിയുടെ ദേഹംമുഴുവൻ ശോഭയും ശുഭ്രതയും പരന്നിരിക്കുന്നു. പകൽവെളിച്ചത്തിൽ വൃത്തിഹീനവും നിസ്സാരവുമായി തോന്നിയിരുന്നതുപോലും നിലാവിൻെറ മായാസ്പർശനത്താൽ സുന്ദരവും മഹിമാമയവുമായിരിക്കുന്നു. ഈ തകരവീട്ടു്, യക്ഷിക്കഥയിലെ രാജകൊട്ടാരംപോലെ തോന്നുന്നു. ഈ മുള്ളുമരങ്ങൾ മായാവനംപോലെയും. പെട്ടെന്നു് എവിടെനിന്നോ മുരളീനാദം ഒഴുകിവന്നു. ക്ഷീണവും കരുണവും വ്യാകുലവുമായ സ്വരം. ആരാണതു്? ആരുടെ ഹൃദയത്തെ മഥിക്കുന്ന ആകുലതയാണു് ഫാൽഗുനരാത്രിയുടെ നെഞ്ചിൽ കണ്ണുനീർപൊഴിക്കുന്നതു്?

ഞാൻ ഗേററു കടന്നു് അകത്തുപോയി. രണ്ടിൻെറയും മൂന്നിൻെറയും കാവൽക്കാരൻ ബൂട്ടു കൂട്ടിമുട്ടിച്ചു് സലാംതന്നുകൊണ്ടു പറഞ്ഞു: "നൂററി ഇരുപത്തേഴും ശരിയാണു സാർ. പൂട്ടുംകെട്ടുമെല്ലാം ശരിതന്നെ സാർ. രണ്ടും മൂന്നും വാർഡുകളിൽ നൂററി ഇരുപത്തേഴു തടവുകാരുണ്ടു്. അവരെല്ലാം അകത്തുണ്ടു് എന്നർത്ഥം. ഞാൻ നോക്കി—നൂററി ഇരുപത്തേഴുപേരിൽ ഒരാൾപോലുമില്ല രണ്ടുബാരക്കിൻ്റെയും ഒരു കോണിലും. പനമ്പുകൊണ്ടുള്ള ജനലുകളെല്ലാം പൊളിഞ്ഞുകിടക്കുകയാണു്. തടവുകാർ മുഴുവൻ മുററത്തു് അങ്ങുമിങ്ങും കൂടിയിരിക്കുകയാണു്. മററു വാർഡുകളിലെ തടവുകാരുമായി ചേർന്നിരിക്കുകയാണു്. എങ്കിലും പൂട്ടും താഴും ശരിക്കുണ്ടു്. അവയുടെ ബലപരിശോധനയും യഥാരീതി നടക്കുന്നുണ്ടു്. രണ്ടുമണിക്കൂർ ഇടവിട്ടു് പുതിയ കാവൽക്കാർ വന്നു് ഒഴിഞ്ഞ മുറികളുടെ താഴപിടിച്ചു വലിച്ചുനോക്കിയിട്ടു റിപ്പോർട്ടു ചെയ്യുന്നു: "എല്ലാം ശരിക്കുണ്ടു്, സാർ."

ഞാൻ വീണ്ടും മുന്നോട്ടുപോയി. ആളുകൾ അങ്ങുമിങ്ങും കിടന്നു് ക്ഷീണിച്ചുറങ്ങുന്നു. ഇടയ്ക്കിടെ ബൂട്ടിൻെറ ശബ്ദം. എല്ലാത്തിനുംമീതെ മുരളീനാദം നിൽക്കാതെ മുഴങ്ങുന്നു. പന്ത്രണ്ടാം നമ്പറിൻ്റെ മൂലയ്ക്കു് മഹാഗണിവൃക്ഷത്തിൻ്റെ ചുവ

ട്ടിൽ ചെറിയ ഒരു കൽത്തറയുണ്ട്. അതിലിരുന്ന് സ്വരമുതിക്കുന്ന മനുഷ്യൻ എൻെറ സാമീപ്യം മനസ്സിലാക്കിയില്ല. ഞാൻ മിണ്ടാതെനിന്നു. പിന്നീട് എപ്പോഴാണ് ഞാൻ അയാളുടെ അടുത്തിരുന്നതെന്നും എപ്പോഴാണ് ആ സ്വരം നിലച്ചതെന്നും അറിഞ്ഞുകൂടാ. അയാളുടെ ശബ്ദംകേട്ടു ഞാൻ ഞെട്ടിയുണന്നു: "എന്തു വിശേഷം, ഡെപ്യൂട്ടി ബാബു? ഇതു നിയമവിരുദ്ധമാണ്, അല്ലേ?"

നിമിഷനേരംകൊണ്ട് സ്വയം നിയന്ത്രിച്ച് ഞാൻ പറഞ്ഞു: "അങ്ങനെയാണെങ്കിലോ?"

"ഓടക്കുഴൽ പിടിച്ചെടുക്കുമോ?"

"പിടിച്ചെടുക്കേണ്ടതാണ്. പക്ഷേ, എനിക്കതു സാധിക്കുന്നില്ല."

"എന്താ അത്?"

"പിടിച്ചെടുക്കാനുള്ള ശക്തി നിങ്ങൾ പിടിച്ചെടുത്തുകളഞ്ഞു. ഇതൊരു കവിതയായി തോന്നുന്നുണ്ടോ?"

"അതേ, അതു ശരിയാണ്. പക്ഷേ, ഈ പറഞ്ഞതു വാസ്തവമാണെങ്കിൽ, നിങ്ങൾ ഈവഴിക്കുവന്നതു ശരിയായില്ലെന്നു ഞാൻ പറയും. നിങ്ങൾക്കു യോജിച്ചതല്ല ഈ ജോലി."

ഞാൻ പറഞ്ഞു: "ഇതുതന്നെ നിങ്ങളെപ്പറ്റി എനിക്കും പറയാം, അനിമേഷബാബൂ! ഈ വഴി നിങ്ങൾക്കു യോജിച്ചതല്ല."

"എന്താ അത്?"

"നിങ്ങൾ കലാകാരനാണ്, രസസ്രഷ്ടാവാണ്. നിങ്ങളുടെ മാർഗ്ഗം സൗന്ദര്യത്തിൻെറ മാർഗ്ഗമാണ്. സംഘർഷത്തിൻെറ മാർഗ്ഗമല്ല. രാഷ്ട്രീയത്തിൻെറ മാർഗ്ഗത്തിൽ അധികം മുമ്പോട്ടു പോകാൻ നിങ്ങൾക്കു കഴിയുകയില്ല."

അനിമേഷ് മിണ്ടിയില്ല. അല്പം കഴിഞ്ഞ് ഞാൻ തുടന്നു: "നിങ്ങൾ പറയുമായിരിക്കും, ഈ മാർഗ്ഗത്തിൽ സംഘർഷമില്ലെന്ന്. മഹാത്മജി സമാധാനപ്രേമിയാണെന്ന്. അദ്ദേഹം പറഞ്ഞിട്ടുണ്ട്, ഇംഗ്ലീഷുകാരോട് നമുക്കു വിരോധമില്ല, അവരുടെ ഭരണത്തോട് നാം സഹകരിക്കുകയില്ലെന്നു മാത്രം. പക്ഷേ, ഇതു് വാക്കുകൾകൊണ്ടുള്ള ഒരു കളിയാണ്. വാസ്തവത്തിൽ രണ്ടും തമ്മിൽ ഒരു വ്യത്യാസവുമില്ല."

അനിമേഷ് ഇപ്പോഴും എതിരെത്തൊന്നും പറഞ്ഞില്ല. അതുപോലെതന്നെ മിണ്ടാതിരുന്നു.

ഞാൻ ചോദിച്ചു: "ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇവരുടെ ഈ അഹിംസയിലും നിസ്സഹകരണത്തിലും വിശ്വസിക്കുന്നുണ്ടോ?"

അയാൾ സങ്കോചംകൂടാതെ മറുപടി പറഞ്ഞു: "ഇല്ല."

"ഇവരുടെ ഖദർഫിലോസഫിയിലോ?"

"അതുമില്ല."

"ഹിന്തുമുസ്ലീം ഐക്യത്തിൽ?"

"ഇല്ല, അതിലും എനിക്കു വിശ്വാസമില്ല."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അപ്പോൾ നിങ്ങളെപ്പോലെ വിശ്വസ്തനും കപടമില്ലാത്തവനുമായ പടയാളി ഇവർക്ക് വേറെ ഉണ്ടാകുകയില്ലെന്നു തോന്നുന്നല്ലോ?"

അനിമേഷ് ഗൗരവത്തിൽത്തന്നെ പറഞ്ഞു: "മററുള്ളവരുടെ അഭിപ്രായമെന്താണെന്ന് എനിക്കു നോട്ടമില്ല, മലയ് ബാബു. എന്നെ സംബന്ധിച്ചിടത്തോളം, മനുഷ്യൻെറ തിയറിയേക്കാൾ വലുതാണ് മനുഷ്യൻ. അക്കാര്യത്തിൽ എൻെറ വിശ്വാസം അന്ധമാണ്, ഇളക്കമില്ലാത്തതാണ്. അതിൽ എന്തെങ്കിലും വ്യത്യാസം കണ്ടാൽ അന്ന് ഞാൻ ഈ മാർഗ്ഗം ഉപേക്ഷിക്കും."

ഇതിനുശേഷം രണ്ടു വർഷം കഴിഞ്ഞുള്ള കഥയാണ്. മഹാത്മജി മുമ്പുതന്നെ, ഹിമാലയൻ ബ്ലൻണ്ടർ എന്നു പറഞ്ഞ് പ്രത്യക്ഷസമരം ഉപേക്ഷിച്ചിരുന്നു. അദ്ദേഹത്തിൻെറയും അദ്ദേഹത്തിൻെറ പടനായകന്മാരുടെയും ആഹ്വാനമനുസരിച്ച് കാളേജ്‌വിട്ടിറങ്ങിയവരുടെ കാതിൽ വീണ്ടും പുതിയ ഒരു മന്ത്രം പതിക്കാൻ തുടങ്ങി—ഛാത്രാനാം അദ്ധ്യയനം തപഃ. പക്ഷേ, ആ തപസ്യ വീണ്ടും ആരംഭിക്കാൻ എന്തു മാർഗ്ഗം? അതേക്കുറിച്ച് നേതൃവൃന്ദം നിശ്ശബ്ദമായിരുന്നു. വെള്ളത്തിൽ ചാടി, കരയ്ക്കെത്തിയതുമില്ല എന്ന മട്ടുകാരെ രക്ഷിക്കാൻ ആരും ഉണ്ടായില്ല.

ഈ സമയം ഒരു ദിവസം ദൽഹൗസി സ്‌ക്വയറിൽവെച്ച് അനിമേഷിനെ യദൃച്ഛയാ കണ്ടുമുട്ടാനിടയായി. എനിക്ക് അയാളെ മനസ്സിലായില്ല. എങ്ങനെ മനസ്സിലാകും? അയാൾ

എന്നെ തട്ടുത്തുനിർത്തി. കീറിയ ഒരു ഖദർഷർട്ട് ധരിച്ചിരിക്കുന്നു. കീറിപ്പൊളിഞ്ഞ ചെരുപ്പ്. ദേഹത്തിന്റെ നിറം ആകെ മങ്ങിയിരിക്കുന്നു. പ്രായം പത്തു വയസ്സെങ്കിലും കൂടിയിട്ടുണ്ടെന്നു തോന്നുന്നു.

ഞാൻ ചോദിച്ചു: "എന്തു ചെയ്യുന്നു ഇപ്പോൾ? കാളേജിൽ ചേർന്നില്ലേ?"

"എങ്ങനെ ചേരാൻ? അമ്മ മരിച്ചുപോയി. പ്രായമായ രണ്ടു പെങ്ങന്മാരുണ്ട്. ഒരനിയനും. ഞാനൊരു ജോലി അന്വേഷിക്കുകയാണു്."

"ജോലി കിട്ടാൻ ബി. എ. പാസ്സായാൽ എളുപ്പമല്ലേ?"

അനിമേഷ് ചിരിച്ചുകൊണ്ടു പറഞ്ഞു: "പാസ്സാകണമെന്നു വിചാരിച്ചാൽത്തന്നെ ഇനി സാദ്ധ്യമല്ല. പിന്നെ, പാസ്സായാലും എന്താ ഗുണം? സ്വദേശിക്കാര്യത്തിനു ജയിലിൽ പോയിട്ടുണ്ടെന്നു കേട്ടാൽ പിന്നെ ആക്കും വേണ്ട. ഗവമ്മെൻറാപ്പീസായാൽ കൊള്ളാം. കച്ചവടപ്പീടികയിലായാലും മതി. നിങ്ങളുടെ അറിവിൽ എന്തെങ്കിലും ഉണ്ടോ? പതിനഞ്ചോ ഇരുപതോ—എന്തായാലും വിരോധമില്ല."

"ശരി, ശ്രമിക്കാം."

മേൽവിലാസം എഴുതിത്തന്നിട്ട് അനിമേഷ് ജനാരണ്യത്തിൽ അലിഞ്ഞുചേർന്നു. ഞാൻ കുറച്ചുനേരം ആവഴി നോക്കിനിന്നുപോയി.

ഈ അനിമേഷ്, സർവ്വകലാശാലയിലെ സമത്ഥനായ വിദ്യാത്ഥിയും, വിധവയായ അമ്മയുടെയും നിസ്സഹായരായ രണ്ടുമൂന്നു സഹോദരീസഹോദരന്മാരുടെയും ഏകാവലംബവുമായിരുന്നു. മകൻ പഠിച്ചു വലുതായി കുടുംബത്തിന്റെ ദുഃഖം അകററുമെന്നായിരുന്നു അമ്മയുടെ ആഗ്രഹം. ഈ ആശയോടുകൂടിയാണു് അവർ ഉള്ളതുമുഴുവൻ ചെലവാക്കി അയാളെ പഠിപ്പിച്ചതു്. എന്നിട്ട് എന്തുണ്ടായി? മകൻ കാളേജ് വിട്ടിറങ്ങി ജയിലിൽ പോയി. അമ്മ ശയ്യാവലംബിയാകുകയും ചെയ്തു. ആ അവലംബം അവരുപേക്ഷിച്ചില്ല. ഒരുപക്ഷേ, ചികിത്സയുടെ കുറവുകൊണ്ടാകാം, ഒരുദിവസം അവർ ലോകത്തുനിന്നു് വിടവാങ്ങി—അവിവാഹിതരും നിരാശ്രയരുമായ രണ്ടു പെൺമക്കളെയും നിസ്സഹായനായ ഒരു കൊച്ചു മക

നെയും പിന്നിൽ വിട്ടുകൊണ്ടു്. നല്ലൊരു കുടുംബം, വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയി.

അനിമേഷുമാർ ഒന്നും രണ്ടുമല്ല. ഇടത്തരം ബംഗാളി കുടുംബങ്ങളിൽ ഇത്തരം ആയിരക്കണക്കിനു് അനിമേഷ്മാരും അവരുടെ മുഖംമാത്രം നോക്കിയിരുന്ന അനേകായിരം സ്ത്രീപുരുഷന്മാരും കുട്ടികളും അന്നു് ഒലിച്ചുപോയിട്ടുണ്ടു്. ഇതിനു് ആരാണു് ഉത്തരവാദി? രാഷ്ട്രീയത്തിൻെറ ഉയൎന്ന മഞ്ചത്തിലിരിക്കുന്നവർ പറഞ്ഞേക്കും, സ്വാതന്ത്ര്യത്തിനു കൊടുത്ത ബലിയാണിവരെന്നു്. വമ്പിച്ച നേട്ടത്തിൻെറ മുമ്പിൽ നിസ്സാരമായ ഈ നഷ്ടങ്ങൾ ഒരു നാട്ടിലും, ചരിത്രത്തിൻെറ ഒരദ്ധ്യായത്തിലും കണക്കാക്കപ്പെട്ടിട്ടില്ല. സ്വാതന്ത്ര്യമാശിക്കുന്ന അടിമരാജ്യങ്ങളുടെയെല്ലാം കാര്യം ഇതുതന്നെ എന്നു സമ്മതിക്കുന്നു. നാടിൻെറ വിശാലതാത്പര്യം മനസ്സിലാക്കാൻ ഞാൻ മനസാ ശ്രമിച്ചിട്ടുണ്ടു്. പക്ഷേ, അപ്പോഴെല്ലാം, അനിമേഷിൻെറ വിശന്നുവലഞ്ഞ മുഖവും, അയാളെ ചുററിപ്പററി നില്ക്കുന്ന നിസ്സഹായരായ ഭാഗ്യംകെട്ട മൂന്നു ബാലികാബാലന്മാരുടെയും മ്ലാനമായ മുഖവും കൺമുമ്പിൽ ഉയൎന്നു വരുന്നു.

ഒരു കാര്യം ചോദിക്കുവാൻ കഴിഞ്ഞില്ല. അനിമേഷ് ഇന്നും ആ അന്ധവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നുണ്ടോ? അതിലെങ്ങും ചെറിയൊരു വിള്ളൽപോലും കണ്ടിട്ടില്ലേ?

## പന്ത്രണ്ടു്

ആപ്പീസിൽ ചെന്നു നോക്കിയപ്പോൾ കാര്യമായ ജോലിയൊന്നും കാത്തിരുപ്പില്ല. അതുകൊണ്ടു് തപാലിൽ വന്ന കത്തുകളുടെ ഫയലെടുത്തു് തിരിച്ചും മറിച്ചും നോക്കി. അതിലെ അവസാനത്തെ കത്തിൽ കണ്ണുറപ്പിച്ചു് മിണ്ടാതെയിരുന്നു.

ഈ സമയത്താണു് ഒരു പാട്ടു മൂളിക്കൊണ്ടു് ഹൃദയബാബു പ്രവേശിച്ചതു്. അദ്ദേഹം ഹെൽമെററ് ഭിത്തിയിൽ

ത്തുക്കിയിട്ട്, സുഖമായി കാല്വ നീട്ടിയിരുന്ന് ഒരു സിഗററ്റ കത്തിച്ച് പുക വിട്ടു. പിന്നീട്ട് എന്നെ ഒളിഞ്ഞുനോക്കിക്കൊണ്ടു ചോദിച്ചു: "കാര്യം വളരെ കുഴപ്പംപിടിച്ചതാണെന്നു തോന്നുന്നല്ലോ, മലയ്ബാബു! എന്താ അതു്, differential calculus-ഓ law of relativity-യോ?"

ഞാനും ഗൗരവഭാവത്തിൽ മറുപടി പറഞ്ഞു: "അതിലൊക്കെ വിഷമംപിടിച്ചതാണ്."

"എന്നുവെച്ചാൽ?"

"ഒരു നോട്ടീസ് കിട്ടിയിരിക്കുന്നു. മുഹമ്മദ് പവ്വതത്തിൻെറയടുത്തു പോകുകയില്ല. അതുകൊണ്ടു് പവ്വതം മുഹമ്മദിനെ അന്വേഷിച്ചു വരികയാണ്."

"മനസ്സിലായില്ല."

"പറഞ്ഞുതരാം. വിരലടയാളക്കേസിലെ പുള്ളി ഭൂപേശ് സെന്നിനെ ജയിലിൽവെച്ചു വിസ്തരിക്കാൻ പോകുന്നു. കോടതിയുടെ ഏർപ്പാടുകൾ ചെയ്യാൻ എസ്. ഡി. ഒ. എഴുതിയിരിക്കുന്നു."

ഹൃദയബാബു ചോദിച്ചു: "ഇതിലെന്താ കുഴപ്പം?"

ഞാൻ പറഞ്ഞു: "ഒന്നാലോചിച്ചുനോക്കു്. നീതിയാഗ്രഹിച്ച തടവുപുള്ളിക്കു് പരസ്യമായി കോടതിയിൽ ഹാജരാകാൻ അവസരം കിട്ടുന്നില്ല."

"ജഡ്ജി അയാളെ വിചാരണ ചെയ്യാൻ ജയിലിലേക്കു വരുന്നു, അല്ലേ?" ഹൃദയബാബു കൂട്ടിച്ചേർത്തു.

ഞാൻ പറഞ്ഞു: "അതുതന്നെ."

"പക്ഷേ, ഇതിൽ ഒരു കാര്യമുണ്ടു്. അതിന്റെ പേരാണ് administrative necessity."

"അതുതന്നെയാണ് എൻെറ പേടി. ഭരണപരമായ ആവശ്യത്തിനു് വിചാരണയുടെ ആദർശം ബലികഴിക്കുമ്പോൾ, മററെന്തുണ്ടായാലും കോടതിയുടെ മാന്യത നഷ്ടപ്പെടും. ഭരണാധികാരത്തിൻെറ മുമ്പിൽ നീതിന്യായാധികാരം മുട്ടുകുത്തുന്നു. ഇതിലും ഭയങ്കരമായ ഒരു കാര്യം സംഭവിക്കാനുണ്ടോ?"

"നിങ്ങൾ ആവശ്യത്തിലധികം ഉള്ളിലേക്കു കടന്നാലോചിക്കുന്നു, മലയ്ബാബു!"

"ഇല്ല, ഞാൻ തികച്ചും ഉപരിതലത്തിൽനിന്നു നോക്കുന്നതേ ഉള്ളു. എല്ലാവക്കുമറിയാം, വിചാരണയിലിരിക്കുന്ന കാലത്തോളം തടവുപുള്ളി നിയമത്തിൻെറ കണ്ണിൽ തികച്ചും നിർദ്ദോഷിയാണെന്നു്. ഇംഗ്ലീഷ്നിയമത്തിൻെറ അടിസ്ഥാനംതന്നെ ഇതാണു്. നിരപരാധിത്വം തെളിയിക്കേണ്ടതു് അയാളുടെ ഭാരമല്ല. അധികൃതരാണു് അയാൾ അപരാധിയാണെന്നു സ്ഥാപിക്കേണ്ടതു്. വാദിക്കെതിരെ സ്വന്തം ഭാഗം വാദിക്കാൻ അയാൾക്കു മൗലികാവകാശമുണ്ടു്. അതിനു് അയാൾക്കു പരിപൂർണ്ണസൗകര്യവും നല്കുകയും വേണം. ഈ ജയിലിൽ ഇതേതെങ്കിലും സാദ്ധ്യമാണോ, പറയൂ."

ഹൃദയബാബു എതിർത്തില്ല. അനുകൂലിയായ ഒരു ശ്രോതാവിനെ കിട്ടിയപ്പോൾ എൻ്റെ ഉത്സാഹം വർദ്ധിച്ചു. ഞാൻ ചെറിയൊരു പ്രസംഗംതന്നെ ചെയ്തു. അവസാനം പറഞ്ഞു: "ഇംഗ്ലീഷുകാർ ലോകത്തിനു പലതും സംഭാവന ചെയ്തിട്ടുണ്ടു്—അനുപമമായ ഒരു സാഹിത്യം, ഗംഭീരമായ ഒരു തത്വജ്ഞാനം, ശക്തിമത്തായ ശാസ്ത്രവും. എങ്കിലും ഇതിനെല്ലാക്കാൾ വലിയ ഒരു കാര്യം അവർ ചെയ്തിട്ടുണ്ടെന്നു് എനിക്കു തോന്നുന്നു. അതാണു് rule of law. വ്യക്തിയെക്കാൾ വലുതാണു് നിയമം. അതിൻെറ മുമ്പിൽ പ്രധാനമന്ത്രിയും ടോം ഡിക്ക് ആൻറ് ഹാരിയും ഒപ്പം തല കുനിക്കണം. ഇതാണു് British Jurisprudence-ൻ്റെ ആദ്യതത്വം. മറ്റു രാജ്യങ്ങളിലേക്കു നോക്കൂ. അധികം ദൂരെ പോകണ്ട, ഇംഗ്ലീഷ് ചാനൽ കടന്നാൽ മതി. വലിയൊരു revolution-ൻെറ ജന്മഭൂമിയാണല്ലോ ഫ്രാൻസ്. അവിടെപ്പോലും നിയമത്തിൻെറ മുമ്പിൽ എല്ലാവരും സമന്മാരല്ല. അവിടെ ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്കുവേണ്ടി പ്രത്യേക നിയമമുണ്ടു്, അവരെ വിസ്തരിക്കാൻ പ്രത്യേകം കോടതിയുണ്ടു്. സാധാരണ ഇംഗ്ലീഷുകാരൻെറ നോട്ടത്തിൽ അതു് അസമത്വം മാത്രമല്ല, അന്യായംകൂടിയാണു്. സാമ്രാജ്യസ്വാത്ഥ്യം ആ ഇംഗ്ലീഷുകാരെ എവിടെ എത്തിച്ചിരിക്കുന്നു!

ഹൃദയബാബുവിൻെറ കാൽ രണ്ടും മേശപ്പുറത്തെത്തിയതു് പ്രസംഗത്തിൻെറ ലഹരിയിൽ ഞാൻ ശ്രദ്ധിച്ചില്ല. അദ്ദേഹം ചാരിക്കിടക്കുകയാണു്. കണ്ണു് അടച്ചിരിക്കുന്നു. കൈയിൽ പാതിയെരിഞ്ഞ സിഗററ്റു്.

"ഉറങ്ങുകയാണോ?"

"ഉറങ്ങാനും സമ്മതിക്കുകയില്ലല്ലോ?"

ഹൃദയബാബു കാൽ താഴെയിട്ടു് നേരെയിരുന്നു. എന്നി ട്ടു് ഗൗരവത്തിൽ പറഞ്ഞു: "നിങ്ങൾ പറഞ്ഞ കാര്യത്തെക്കു റിച്ചു് എന്റെ അറിവു വളരെ അഗാധമാണു്. അതുകൊണ്ടു് വെറുതെ അതുമിതും പറഞ്ഞു് ഞാൻ വാചാലത കാണിക്കു ന്നില്ല. നിങ്ങളുടെ പ്രസംഗം കേട്ടപ്പോൾ വേറൊരു കാര്യം ഓർത്തു. അതു പറയാം. എന്റെ ഒരു തിയറിയാണതു്. കേട്ടു് ചിരിക്കുകയില്ലല്ലോ?"

ഞാൻ പറഞ്ഞു: "ചിരിച്ചാൽ നിങ്ങളുടെ തിയറി സാ ൎത്ഥകമായെന്നു പറയാം. ലോകത്തിലെ തിയറികളധികവും കണ്ണുനീർ വരുത്തുന്നതാണല്ലോ."

ഹൃദയബാബു ചുററും നോക്കിയിട്ടു് പതുങ്ങിയ സ്വര ത്തിൽ പറഞ്ഞു: "ഇന്നല്ലെങ്കിൽ നാളെ ഇംഗ്ലീഷുകാക്കു് കെട്ടു കെട്ടേണ്ടിവരും. അന്നു ജീവിച്ചിരിപ്പുണ്ടെങ്കിൽ പെൻഷൻ കിട്ടുകയില്ലെന്നു തീർച്ച. എന്നാലും വയറു പിഴയ്ക്കണമല്ലോ. അതുകൊണ്ടു് സ്കൂൾകുട്ടികൾക്കു് ഒരു ചരിത്രപാഠപുസ്തകം എഴുതണമെന്നു ഞാൻ തീർച്ചപ്പെടുത്തിയിട്ടുണ്ടു്. അതിലെ ഒരദ്ധ്യായം ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പതന ത്തിന്റെ കാരണങ്ങളെക്കുറിച്ചായിരിക്കും. എന്താണു് ഈ കാരണങ്ങൾ? ഉത്തരം—ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്ര ചരണം. ഇംഗ്ലീഷുകാരെ ആരെങ്കിലും വഞ്ചിച്ചിട്ടുണ്ടെങ്കിൽ അതു് അവരുടെ സ്വന്തം ഭാഷയാണു്. തിയറി കൊള്ളാമോ, കേൾക്കട്ടെ."

ഞാൻ സങ്കോചത്തോടുകൂടി പറഞ്ഞു: "മനസ്സിലായില്ല."

ഹൃദയബാബു പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഒന്നാ ലോചിച്ചു നോക്കു, 1857-ാമാണ്ടിനുശേഷം അവരുടെ ഭരണം ഇവിടെ ഉറച്ചപ്പോൾ എത്ര ആശയോടുകൂടിയാണു് ഏഴു കട ലിനപ്പുറംനിന്നു് ഈ ഭാഷ അവർ പൊക്കിക്കൊണ്ടുവ ന്നതു്? എന്തായിരുന്നു അവരുടെ ഉദ്ദേശം? സാമ്രാജ്യം വിക സിപ്പിക്കുക മാത്രം. അവർ വിചാരിച്ചു, ഇതു കുറെ ഡോസ് ചെല്ലുമ്പോൾ നേററീവിന്റെ ഹൃദയം രാജഭക്തികൊണ്ടു നിറയുമെന്നു്. ചൊൽപ്പടിക്കു നില്ക്കുന്ന ക്ലാക്കന്മാക്കും ഉദ്യോഗ

സ്ഥന്മാക്കും ഒരുകാലത്തും പഞ്ഞമുണ്ടാകുകയില്ലെന്നു്. ഇതു കുറച്ചൊക്കെ ശരിയായി. എങ്കിലും എവിടെയോ കണക്കു കൂട്ടൽ തെററി. അതാണു് ഇംഗ്ലീഷ് സ്കൂളുകളിൽനിന്നു് കൊല്ലംതോറും ക്ലാർക്കന്മാരോടൊപ്പം മറെറാരുതരം ജീവികളും പുറത്തുവരാൻ തുടങ്ങിയതു്. ഇക്കണോമിക്സിൽ ഇതിനു് bye products എന്നു പറയും. കൽക്കരിഖനിയിൽനിന്നു് ഒന്നും രണ്ടും വസ്തുങ്ങൾ കിട്ടാറില്ലേ, അതുപോലെ. ഇവരുടെ രൂപം വ്യത്യസ്തമാണു്. അളന്നുകൊടുത്ത അറിവുകൊണ്ടു് തൃപ്തരാകാതെ ഇവർ പാശ്ചാത്യലോകത്തെ വിപുലമായ വിജ്ഞാനഭണ്ഡാരം മുഴുവൻ ശൂന്യമാക്കി. അതിൻെറ ബലംകൊണ്ടു സാമ്രാജ്യത്തിന്റെ നെഞ്ചിൽ ആഞ്ഞടിക്കുകയും ചെയ്തു. ഇവർ ആരൊക്കെയാണെന്നറിഞ്ഞുകൂടേ, നിങ്ങളുടെ ഗോഖലേ, സുഭാസ്, ഗാന്ധി, പട്ടേൽ, ചിത്തരഞ്ജൻ, ജവഹർലാൽ തുടങ്ങിയവർതന്നെ—ക്ലാർക്കന്മാരെ ഉണ്ടാക്കുന്ന ഫാക്ടറിയിലെ മാരകമായ bye products. കുടിപ്പള്ളിക്കൂടത്തിൽനിന്നു് ഇവരാരും ഒരിക്കലും ജനിക്കുകയില്ലായിരുന്നു.

“ഇവർ മാത്രമോ?” ഹൃദയബാബു ചോദിച്ചു: “എനിക്കു തോന്നുന്നു, ഫാക്ടറിയിൽനിന്നു് ഇപ്പോൾ ഉദ്ദേശിച്ച സാധനങ്ങൾ പുറത്തുവരുന്നതേയില്ലെന്നു്. ഇന്നു വരുന്നതു മുഴുവൻ bye products ആണു്. പാക്കിംഗിനു മാത്രമേ വ്യത്യാസമുള്ളു. കുറേപ്പേർ ഖദർ, ബാക്കി കാക്കി—”

എന്നു പറഞ്ഞിട്ടു് അദ്ദേഹം കൺകോണിലൂടെ എൻെറ നേരെ സൂക്ഷിച്ചുനോക്കി. എന്നിട്ടു പറഞ്ഞു: “നിങ്ങൾ വിഷമിക്കുന്നു, ഇംഗ്ലീഷുകാർ ഇന്നു് എവിടെ എത്തിയിരിക്കുന്നു എന്നതിൽ. എനിക്കുമുണ്ടു വിഷമം. അതു വേറൊരു കാരണംകൊണ്ടാണെന്നു മാത്രം. അവർ വിചാരിച്ചതെന്തു്? സംഭവിച്ചതെന്തു്? സാധാരണ ശിവനെ ഉണ്ടാക്കുമ്പോൾ കുരങ്ങനായിപ്പോകും. ഇവിടെ കുരങ്ങനെ ഉണ്ടാക്കാൻ ശ്രമിച്ചിട്ടു് ശിവനാണുണ്ടാകുന്നതു്. കുറെ ഹൃദയസാമന്തന്മാരെ ഉണ്ടാക്കാനാണു് ആഗ്രഹിച്ചതു്. ഉണ്ടായതു് മലയ്.ചൗധുരിമാരാണെന്നുമാത്രം.”

ഹൃദയബാബു സ്വന്തം തമാശയാസ്വദിച്ചു പൊട്ടിച്ചിരിച്ചു. ഖുദാബക്ഷ്, മുയാജും ഹുസൈൻ തുടങ്ങി പലരും

അപ്പോൾ മുറിയിൽ പ്രവേശിച്ചു. അവർ ചോദിച്ചു: "എന്തു വിശേഷം? ഹൃദയബാബു ഉല്ലാസവാനായിരിക്കുന്നല്ലോ."

"എന്തു പറയാൻ ചങ്ങാതീ? എത്ര പ്രയാസപ്പെട്ടാണു് ഒരു പാട്ടെഴുതിയതു്? എന്നിട്ടു് അതു മലയ്ബാബുവിനു് ഇഷ്ടപ്പെട്ടില്ലത്രേ. മുഖം വീർപ്പിച്ചു് ഇരിക്കുന്നതു കണ്ടില്ലേ?"

മുയാജം ഹുസൈൻ പറഞ്ഞു: "എന്തു പാട്ടു്? ഞങ്ങളും കേൾക്കട്ടെ."

ഹൃദയബാബു പതുങ്ങിയ സ്വരത്തിൽ ഒരു കീർത്തനം മൂളി.

എല്ലാവരും പൊട്ടിച്ചിരിച്ചു.

സൂപ്രണ്ടിൻെറ മുറിയിലാണു കോടതി കൂടിയതു്.

പുതുതായിവന്ന ബ്രിട്ടീഷ് സിവിലിയനാണു് മജിസ്ട്രേട്ടു്. വേഷഭൂഷാദികളിൽ മനഃപൂർവ്വമായ അശ്രദ്ധ തെളിഞ്ഞുകാണാം. സ്വതേ മനസ്സിലാക്കാൻ പ്രയാസമായ ഉച്ചാരണം പൈപ്പു കടിച്ചുപിടിച്ചു് പ്രയാസതരമാക്കാൻ ശ്രമിച്ചിരുന്നു. ഭൂപേശ് സെൻ സ്വദേശിപ്രവർത്തനത്തിനാണു ജയിൽവാസമനുഭവിക്കുന്നതു്. പക്ഷേ, അതൊരു മൂട്ടപടമാണെന്നു പോലീസ് വിശ്വസിക്കുന്നു. വാസ്തവത്തിൽ അയാൾ ഇരുണ്ട ലോകത്തിലെ ജീവിയാണു്. അതുകൊണ്ടു പോലീസിൻെറ പുസ്തകത്തിൽ അയാളുടെ വിരലടയാളം എടുക്കണമെന്നു് അധികൃതർ ഉത്തരവിട്ടു. ഭൂപേശ് അതു സമ്മതിച്ചില്ല. തൽഫലമാണു് ഈ കേസ്.

മജിസ്ട്രേട്ടു് പുതുതായി പഠിച്ച ബംഗാളിയിൽ ചോദിച്ചു: "നിങ്ങൾ വിരലടയാളം കൊടുക്കാൻ വിസമ്മതിച്ചോ?"

ഭൂപേശ് എളിയിൽ കൈകൊടുത്തു് ഉത്തരത്തിൽ നോക്കിനിന്നു.

മജിസ്ട്രേട്ടു് സ്വരമുയർത്തി പറഞ്ഞു: "മറുപടി പറയൂ."

ഭൂപേശ് മിണ്ടിയില്ല. കോർട്ടു് ഇൻസ്പെക്ടർക്കു വല്ലാത്ത അസുഖം തോന്നിയിരുന്നു. അയാളുടെ നേരെ നോക്കി സായ്പു ചോദിച്ചു: "Is your accused deaf and dumb?"

"I am examining him, my honour." വലിയ വിഷമത്തിൽ ഇൻസ്പെക്ടർ ഉത്തരം പറഞ്ഞു. പിന്നീടു ഭൂപേശിൻെറ നേരേ

തിരിഞ്ഞു ചോദിച്ചു: "മജിസ്ട്രേട്ട ചോദിക്കുന്നതു കേൾക്കുന്നില്ലേ?"

ഭൂപേശ് ഇംഗ്ലീഷിൽ മറുപടി പറഞ്ഞു: "ഉണ്ട്. നിങ്ങളുടെ സായ്പിനോട്ട പറയൂ, മാന്യന്മാർ ഉത്തരം പറയണമെങ്കിൽ ചോദ്യം മാന്യമായിരിക്കണമെന്ന്."

"വാട്ട്?" സായ്പു ക്രുദ്ധനായി. എങ്കിലും ഇത്തവണ ഇംഗ്ലീഷിൽ ചോദിച്ചു: "നിങ്ങൾ വിരലടയാളം കൊടുക്കുമോ ഇല്ലയോ എന്നെനിക്കറിയണം."

ഭൂപേശ് മറുപടി പറഞ്ഞു: "ഇല്ല."

"ഇല്ലെങ്കിൽ കഠിനശിക്ഷ അനുഭവിക്കേണ്ടിവരും."

ഭൂപേശ് ചിരിച്ചുകൊണ്ട പറഞ്ഞു: "നിങ്ങളുടെ വലിപ്പമൊന്നും ഇവിടെ കാണിക്കണ്ട. എന്തു ശിക്ഷ വേണമെങ്കിലും വിധിച്ചുകൊള്ളു."

ഇത്തരത്തിൽ ഏതാനും നിമിഷം വാദപ്രതിവാദം നടന്നു. അദ്ദേഹം ഐ. സി. എസ്.കാരനും എസ്. ഡി. ഓ.യുമാണ്. പോരെങ്കിൽ പുതുതായി വന്നയാളും. കറുത്ത മനുഷ്യന്റെ ഔദ്ധത്യം സഹിക്കാൻ കഴിവില്ല, സഹിച്ചു ശീലവുമില്ല. അദ്ദേഹം കോടതിയാണെന്നൊന്നും വിചാരിച്ചില്ല. പെട്ടെന്ന് ആജ്ഞാപിച്ചു: "Take his finger-impression by force."

ഇൻസ്പെക്ടർ അറച്ചുനിന്നു. ബലംപ്രയോഗിച്ച് വിരലടയാളം എടുക്കാമെങ്കിൽ ഈ കേസും കൂട്ടവും വേണമായിരുന്നോ?

സായ്പിന്റെ ക്ഷമയററു. അദ്ദേഹം ഉറക്കെ അട്ടഹസിച്ചു: "പിടിക്ക് അവനെ."

രണ്ട കാൺസ്റ്റബിൾമാർ മുമ്പോട്ടുവന്ന് ഭൂപേശിനെ പിടിച്ചയുടനെ അയാൾ കുതറിമാറി അലറി: "വന്ദേമാതരം!"

"ഷട്ടപ്പ്, യൂ സ്കൗൺഡ്രൽ!" എസ്. ഡി. ഓ. ഗർജ്ജിച്ചു.

മറുപടിയും ഒരു ഗജ്ജനമായിരുന്നു: "മഹാത്മാഗാന്ധി കീ ജയ്!"

ജയിലിന്റെ ഉള്ളിൽ നൂറു കണ്ഠങ്ങളിൽനിന്ന് ആ വിളി പ്രതിധ്വനിച്ചു: "മഹാത്മാഗാന്ധി കീ ജയ്!"

സായ്പിന്റെ ചുവന്ന മുഖത്തുനിന്ന് രക്തം ചീററുമെന്നു

തോന്നി. കണ്ണിൽനിന്നു് തീ പറക്കുമെന്നും. അദ്ദേഹം കീഴ്ച്ചുണ്ടു കടിച്ചമർത്തി ഭൂപേശിൻെറ നേരേ തറച്ചുനോക്കി. നിമിഷമാത്രയിൽ ആ ദൃഷ്ടി മേശപ്പുറത്തേക്കു നീങ്ങി. അവിടെ അദ്ദേഹത്തിൻെറ ചാട്ട കിടന്നിരുന്നു. പെട്ടെന്നു് അതെടുത്തു് ജയിൽപ്പുള്ളിയുടെ നെറ്റിക്കു് ഊക്കിലടിച്ചു. ഭൂപേശ് മറിഞ്ഞുവീണു. എങ്കിലും കൈകൊണ്ടു നെററിയമർത്തിപ്പിടിച്ചു് സകല ശക്തിയുമുപയോഗിച്ചു വിളിച്ചുപറഞ്ഞു: "മഹാത്മാഗന്ധി കീ ജയ്!"

ഇരുപത്തഞ്ചടി അകലെയാണു് ജയിൽഗേററ്. അവിടെ വിവരമെത്താൻ ഇരുപത്തഞ്ചു സെക്കണ്ടേ എടുത്തുള്ളു. ഉടനെ തുടങ്ങി ബഹളം. ഗേററു രക്ഷിക്കാൻ ഗേററു കീപ്പർക്കു പ്രയാസമായി. വേറെ വഴി കാണാതെ അയാൾ ഭ്രാന്തൻ മണിയടിച്ചു. ജയിലർസാഹിബ്ബ് ഓടിയെത്തി. അദ്ദേഹത്തിൻെറ പിന്നാലെ അതിലുമധികം വിചിത്രമായ വേഷത്തിൽ ഞങ്ങളും—അദ്ദേഹത്തിൻെറ അനുചരവൃന്ദം. റൈഫിൾധാരികളായ സ്ക്വാഡ് ഗേററിനപ്പുറം വന്നുനിലകൊണ്ടു. വഴി മുഴുവൻ നിരന്നിരിക്കുകയാണു്, തടവുകാർ. 'വന്ദേമാതരം'വിളി അവസാനിച്ചു. ഇപ്പോൾ എല്ലാവരുടെയും മുഖത്തു് ഉൽക്കണ്ഠയാണു്, കണ്ണുകളിൽ ഉത്തേജനമാണു്. നേതൃസ്ഥാനീയരായ ഏതാനും പേർ മുമ്പിൽ, ഗേററിനു തൊട്ടു നില്പുണ്ടായിരുന്നു. അവരിലൊരാളെ ലക്ഷ്യമാക്കി താലൂക്ക്ദാർ സാഹിബ്ബ് ചോദിച്ചു: "എന്താ കാര്യം, വരേൻബാബു?"

ക്ഷീണകായനായ വരേൻബാബു തീക്ഷ്ണസ്വരത്തിൽ മറുപടി പറഞ്ഞു: "കാര്യമൊക്കെ കാണുന്നുണ്ടു്. വെടിവയ്ക്കൂ, വഴി ഒഴിക്കൂ. അവിടെ ഒരാളെ ശരിപ്പെടുത്തിയല്ലോ."

"ആരെ ശരിപ്പെടുത്തിയെന്നാണു പറയുന്നതു്?"

വരേൻബാബു വ്യംഗ്യസ്വരത്തിൽ പറഞ്ഞു: "ഇപ്പോൾ ആകാശത്തുനിന്നു് ഇറങ്ങിവരികയാണെന്നു തോന്നുന്നല്ലോ? ഭൂപേശ്സെന്നിൻെറ കഥ കഴിഞ്ഞു—ഈ സദ്വാർത്ത അറിഞ്ഞില്ലേ?"

ഭൂപേശ്സെന്നിൻെറ കഥ കഴിഞ്ഞു! താലൂക്ക്ദാർ

ആകാശത്തുനിന്നു വീണതുപോലെ. അദ്ദേഹം പോലീസുകാരുമായി തിരിച്ചുപോയി. ഗേറ്റിനു പുറത്ത് എത്തിയ ഉടനെ ഡിസ്മിസ് ചെയ്യാൻ ഉത്തരവു കൊടുക്കുകയും ചെയ്തു. എല്ലാവരും ചേർന്ന് ആപ്പീസിലേക്ക് ഓടി. അവിടെ കോടതിയുടെ ലക്ഷണംപോലുമില്ല. മജിസ്ട്രേട്ടും ഇൻസ്പെക്ടരും ശിപായിമാരും എല്ലാം ജാലവിദ്യകൊണ്ടെന്നപോലെ അപ്രത്യക്ഷമായിരിക്കുന്നു. താഴെ ബോധരഹിതനായി കിടക്കുന്നു, ഭൂപേശ് സെൻ. നെററിയിലെ മുറിവിൽനിന്ന് രക്തമൊഴുകുന്നു. ജയിലിലെ മൂന്നുനാലുപേർ അയാളെ ചുററി നില്പുണ്ട്. ഡാക്ടർ പരിഭ്രമിച്ച് പഞ്ഞിയും മരുന്നുമായി ഓടിയെത്തി. പിന്നാലെ സ്ട്രെച്ചറുമായി രണ്ടു സാധാരണതടവുകാരും.

സംഭവിച്ചതു സംഭവിച്ചു. അതു റിപ്പോർട്ടു ചെയ്യേണ്ടതു ഞങ്ങളുടെ ജോലിയായി. റിപ്പോർട്ടിലെ ഭാഷ ജയിലധികൃതരുടെ പ്രതിഷേധം പ്രകടിപ്പിക്കാൻ മാത്രം ശക്തമായിരിക്കണം. അതേസമയം വെള്ളക്കാരായ മേലുദ്യോഗസ്ഥന്മാരുടെ ക്രോധം ഉണർത്താത്തതായിരിക്കുകയും വേണം. ആദ്യത്തേതിൽ അല്പാഭിജ്ഞനായ സൂപ്രണ്ടും യുദ്ധം കഴിഞ്ഞു മടങ്ങിയ രക്തത്തിളപ്പുള്ള ക്യാപ്ടനും വിരലൂന്നി. അഭിമാനത്തെക്കുറിച്ച് അങ്ങേയററത്തെ ശ്രദ്ധയുള്ളവരാണ് അവർ. രണ്ടാമത്തേക്കായും ദീർഘദർശിയും തണുപ്പൻമട്ടുകാരനും മദ്ധ്യവയസ്കനുമായ ജയിലർ ഊന്നിപ്പറഞ്ഞു. പ്രെസ്റ്റിജ് എന്ന പൊള്ളവാക്ക് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അർത്ഥഹീനമാണ്. ഈ വിരുദ്ധശക്തികൾ രണ്ടും സമന്വയിപ്പിച്ചു റിപ്പോർട്ടു തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ സൈക്കിളിൽ സൂപ്രണ്ടിന് ഒരു അത്യാവശ്യസന്ദേശവുമായി എത്തി. എസ്. ഡി. ഓ. സാഹിബ്ബ് എഴുതിയിരിക്കുകയാണ്, "അക്രമിയും ആപല്ക്കാരിയുമായ ഒരു ജയിൽപ്പുള്ളിയെ അടക്കിനിർത്താൻ കോടതിയിൽവച്ച് അല്പം ബലപ്രയോഗം ആവശ്യമായെ"ന്ന്. "ജയിൽ സൂപ്രണ്ടിന്റെ ആപ്പീസിലിരുന്ന് അപ്രിയകരമായ ഈ കർത്തവ്യം പാലിക്കേണ്ടിവന്നതിൽ താൻ മാപ്പു ചോദിക്കുന്നു, അഗാധമായ ഖേദം പ്രകടിപ്പിക്കുന്നു."

ക്യാപ്ടൻ ബാനർജി കത്തു താലൂക്ക്ദാർ സാഹിബ്ബിന്നു നല്കിക്കൊണ്ടു പറഞ്ഞു: "ആൾ ഇപ്പോഴും പയ്യനാണ്. ഈറ്റ

ന്റെ ഗന്ധം വായിൽനിന്നു പോയിട്ടില്ലെന്നു തോന്നുന്നു. തന്റെ നേക്കുതന്നെ മൃത്യുബാണം എയ്തുവിട്ടിരിക്കുകയാണു്," എന്നു പറഞ്ഞു് അദ്ദേഹം പൊട്ടിച്ചിരിച്ചു.

ബാനർജിക്കു് ആഹ്ലാദമുണ്ടാകാൻ കാരണമുണ്ടു്. അടുത്ത ദിവസം ക്ലബ്ബിലെ ബാറിൽവച്ചു് ഈ പുത്തൻ സിവിലിയൻ അദ്ദേഹത്തിൻെറ സൈനികകുലീനതയെ നിസ്സാരമാക്കിപ്പറഞ്ഞുകളഞ്ഞു. ആ ദേഷ്യം തീക്കാൻ നല്ല അവസരം കിട്ടിയിരിക്കുന്നു.

കത്തു പോക്കററിലിട്ടുകൊണ്ടു് അദ്ദേഹം വിജയലഹരിയോടുകൂടി ഈ കൊച്ചുമജിസ്ട്രേട്ടിൻെറ മുകളിലത്തെ വലിയ മജിസ്ട്രേട്ടിനെ, അതായതു് ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനെ കാണാൻ പോയി. അദ്ദേഹവും ഇംഗ്ലീഷ് സിവിലിയനാണു്. എങ്കിലും വ്യത്യാസം വളരെയുണ്ടു്. അദ്ദേഹത്തിൻെറ വായിൽനിന്നു് ഓക്സ്ഫോർഡിൻെറയും ഈററൻെറയും ഗന്ധം മിക്കവാറും മാഞ്ഞുപോയിരിക്കുന്നു. പകരം ഭാരതീയഗന്ധം ഉഗ്രമായിത്തീന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ചെമ്പുനിറമുള്ള തൊലിയിലും കഷണ്ടിത്തലയിലും നാട്ടിലെ സൂര്യൻെറ ദീഘകാലത്തെ പ്രഭാവം തെളിഞ്ഞുകാണാം. അദ്ദേഹം എഴുത്തു് നിശ്ശബ്ദം വായിച്ചിട്ടു് സാവധാനം പോക്കററിലിട്ടു. പിന്നീടു് സംഭവത്തെപ്പററി ചിലതൊക്കെ ചോദിച്ചു മനസ്സിലാക്കിയിട്ടു് വിനയത്തോടും താത്പര്യത്തോടുംകൂടി പറഞ്ഞു: "നിങ്ങൾ ഇത്രയും പ്രയാസപ്പെട്ടതിനു നന്ദി, ക്യാപ്ടൻ ബാനർജി. ഈ അസുഖകരമായ സംഭവത്തിൽ നിങ്ങൾ ഇനിയും അധികം വിഷമിക്കണ്ട. കാര്യമെല്ലാം എന്നെ ഏല്പിച്ചേക്കു. ചെയ്യേണ്ടതൊക്കെ ഞാൻ ചെയ്തുകൊള്ളാം," എന്നു പറഞ്ഞു് അദ്ദേഹം എഴുനേറ്റു് ബാനർജിയുടെനേരെ കൈനീട്ടി. ഉദ്ദേശം വ്യക്തമായിരുന്നു. സൂപ്രണ്ട് സാഹിബ്ബ് നീട്ടിയ കൈ പിടിച്ചു കുലുക്കി ഒരുവിധത്തിൽ പുറത്തു കടന്നു. 'മൃത്യുബാണ'ത്തിന്റെ പരിണാമം ഇങ്ങനെയാകുമെന്നു് ക്യാപ്ടൻ ബാനർജി സ്വപ്നത്തിൽപോലും വിചാരിച്ചില്ല.

വാഗ്ദാനം ചെയ്യപ്പെട്ട 'ആക്ഷനു്' താമസമുണ്ടായില്ല. പതിവനുസരിച്ചു് അന്വേഷണസമിതി നിയുക്തമായി. രണ്ടംഗങ്ങൾ—ഒന്നു് മജിസ്ട്രേട്ടുതന്നെ. മറേറതു് ജയിൽവിഭാഗ

ത്തിലെ മേലധികാരിയും—കൂടുതൽ സൂത്രശാലിയും പ്രായമു ള്ളവനുമായ വെള്ളക്കാരൻ ഐ. എം. എസ്. നിശ്ചിത സമയത്ത് അവർ സൂപ്രണ്ടിൻെറ മുറിയിൽത്തന്നെ കൂടി.

ആദ്യം പരിഗണിച്ചത് മെഡിക്കൽ റിപ്പോർട്ടാണ്. രണ്ടു റിപ്പോർട്ടുണ്ട്. ആദ്യത്തേത്, ക്യാംപ്ബെൽ, റിട്ടേൺ ഡ് എസ്. എ. എസ്. തയ്യാറാക്കിയത്. രണ്ടാമത്തേത്, യുദ്ധം കഴിഞ്ഞു മടങ്ങിയ ഐ. എം. എസ്.കാരൻെറ. ഒന്ന്, നിസ്സാരനായ ജയിൽ ഡാക്ടരുടെ. മറ്റേത്, ബഹുമാന്യനായ സിവിൽ സർജൻെറയും. അവരുടെ അഭിപ്രായങ്ങളിലും ഇ തിനനുസരണമായ വ്യത്യാസമുണ്ട്. ഞങ്ങളുടെ ഡാക്ടർ എ ഴുതി, മുറിവിന് മൂന്നിഞ്ച് നീളവും മൂന്നിഞ്ച് ആഴവുമുണ്ടെ ന്ന്. ലാത്തിയോ അതുപോലെ കഠിനമായ മററന്തെങ്കിലും വസ്തുകൊണ്ടോ അടിച്ചപ്പോൾ ഉണ്ടായതാകാം അത്. സി വിൽ സർജൻെറ അഭിപ്രായത്തിൽ മുറിവിന് ഒരിഞ്ച് നീള വും കാലിഞ്ച് ആഴവും മാത്രമേ ഉള്ളു. അതിൻെറ ഉത്ഭവം, കഠിനമായ എന്തെങ്കിലും വസ്തുവിൻെറമീതെ വീണതുകൊ ണ്ടാകാം.

ജയിൽഡാക്ടറെ ചോദ്യംചെയ്തു. മജിസ്ട്രേട്ട് രണ്ടു റി പ്പോർട്ടും അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തിട്ടു ചോദിച്ചു: “ഇതേപ്പററി നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ?”

ഡാക്ടർ പറഞ്ഞു: “നോ, സാർ.”

മജിസ്ട്രേട്ട് വീണ്ടും ചോദിച്ചു: “റിപ്പോർട്ടിൽനിന്നു കാ ണുന്നത്, മുറിവ്, നിങ്ങൾ 24-ാംതീയതിയും, സിവിൽ സർ ജൻ 25-ാംതീയതിയും പരിശോധിച്ചുവെന്നാണ്. ഒരു ദിവ സംകൊണ്ട് ഏതെങ്കിലും മുറിവിന് ഇത്ര വ്യത്യാസം വരാ മെന്നു തോന്നുന്നുണ്ടോ?”

ഡാക്ടർ അറിയിച്ചു, ഇതേക്കുറിച്ച് തനിക്കൊന്നും പറ യാനില്ലെന്ന്.

ഇൻസ്പെക്ടർ ജനറൽ പറഞ്ഞു: “നിങ്ങളുടെ റിപ്പോർട്ടു കണ്ടിട്ട് എനിക്കു തോന്നുന്നത്, ഒന്നുകിൽ നിങ്ങൾക്ക് സാമാ ന്യജ്ഞാനം കുറവാണ്, അല്ലെങ്കിൽ നിങ്ങൾ സക്കാരിനു വി രുദ്ധമായ ഏതോ സ്വാധീനത്തിനു വിധേയനായിരിക്കുന്നു.”

ഡാക്ടർ പറഞ്ഞു, ഇതേക്കുറിച്ചും തനിക്കു് അറിയിക്കാനൊന്നുമില്ലെന്നു്.

ഞങ്ങളുടെ ആപ്പീസിൽ സംഭവത്തിൻെറ ദൃക്‌സാക്ഷികളായി രണ്ടു ക്ലാക്കന്മാരുണ്ടായിരുന്നു. സൂപ്രണ്ടിൻെറ നിർദ്ദേശമനുസരിച്ചു് ഞാൻ അവരോടു് മൊഴി വാങ്ങിയിരുന്നു. അവർ വളരെ ശക്തിയായ ഭാഷയിൽ സംഭവം വിവരിച്ചു. മൊഴികളുടെ നക്കൽ സമിതിക്കു നൽകിയിരുന്നു. അതുകൊണ്ടു് രണ്ടുപേരും വിളിക്കപ്പെട്ടു. മജിസ്ട്രേട്ടു് ചോദിച്ചു: "നിങ്ങൾ എന്തുവരെ പഠിച്ചിട്ടുണ്ടു്?"

ഒരാൾ പറഞ്ഞു, മട്രിക്കു് പാസ്സായിട്ടു് ഐ. എ.വരെ പഠിച്ചുവെന്നു്. മറേറയാൾ അറിയിച്ചു, ഐ. എസ്. സി. പാസ്സായിട്ടുണ്ടെന്നു്.

"അപ്പോൾ ഈ വിവരണം നിങ്ങളുടെയല്ലെന്നാണോ ധരിക്കേണ്ടതു്?"

"അല്ല സാർ, അതു ഞങ്ങളുടെ മൊഴിയാണു്."

മജിസ്ട്രേട്ടു് വിസ്മയത്തോടുകൂടി ചോദിച്ചു: "ഇത്തരം ഇംഗ്ലീഷ് എഴുതാനും പറയാനും നിങ്ങൾക്കു കഴിയുമോ?"

അവർ പറഞ്ഞു: "ഞങ്ങൾ ബംഗാളിയിലാണു് പറഞ്ഞതു്. ഡെപ്യൂട്ടി ജയിലർ മലയ്ബാബുവാണു് അതു് ഇംഗ്ലീഷിലാക്കിയതു്."

മജിസ്ട്രേട്ടു് ആശ്വാസപൂർവ്വം പറഞ്ഞു: "അതു ശരി. മലയ്ബാബു ശരിക്കാണോ തർജ്ജമ ചെയ്തിരിക്കുന്നതെന്നു നിങ്ങളറിയാൻ വഴിയില്ല."

രണ്ടുപേരും മിണ്ടാതെ നിന്നു.

അവസാനം കോർട്ടു് ഇൻസ്പെക്ടർ വന്നു. ജയിൽപ്പുള്ളിയുടെ ആകൃതിയുടെയും പ്രകൃതിയുടെയും ഭയാവഹമായ ഒരു വർണ്ണന നല്കിയിട്ടു് അദ്ദേഹം പറഞ്ഞു: "കേസു സംബന്ധിച്ചു് പുള്ളിയും മജിസ്ട്രേട്ടുമായി ചെറിയൊരു വാദപ്രതിവാദം നടന്നു. പെട്ടെന്നു് അയാൾ കൈ ചുരുട്ടിക്കേററി എസ്. ഡി. ഓ.യുടെമേൽ ചാടിവീണു. ഞങ്ങൾക്കു് ഓടിയെത്താൻ കഴിഞ്ഞില്ല. മജിസ്ട്രേട്ടു് എഴുന്നേററു് ഇങ്ങനെ അയാളെ തള്ളിമാററി. അദ്ദേഹത്തിൻെറ തള്ളുകൊണ്ടു് പുള്ളി ഈ വശത്തേക്കു മറിഞ്ഞു. അവിടെ ഒരു മേശ കിടന്നിരുന്നു.

ഈ മേശതന്നെയായിരുന്നെന്നു തോന്നുന്നു. അതിൻെറ മൂല ക്കു കൊണ്ടു് നെററിയുടെ വലത്തുവശം പൊട്ടി.''

സമിതിയിലെ അംഗങ്ങൾ പരസ്പരം നോക്കി. രണ്ടു പേരുടെ മുഖത്തും സംതൃപ്തി പരന്നു. ഇത്രനേരവും അവർ ഇരുട്ടിൽ തപ്പിത്തടയുകയായിരുന്നെന്നു തോന്നി. ഇൻസ്പെക്ടർ അവക്കു വെളിച്ചം കാട്ടി.

സമിതിയുടെ റിപ്പോർട്ടു് രഹസ്യമായിരുന്നു. എങ്കിലും അതിലെ നിഗമനത്തെക്കുറിച്ചു് ഞങ്ങൾക്കാക്കും യാതൊരു സംശയവുമില്ല.

സായ്പന്മാർ പോയി. ഇൻസ്പെക്ടറും പോകാനൊരുങ്ങുക യായിരുന്നു. ജയിലർ സാഹിബ്ബ് വിളിച്ചുപറഞ്ഞു: ''എന്താ ഇത്ര ധൃതി? വരൂ, ഒരു ചായ കുടിച്ചിട്ടു പോകാം.''

പിള്ളേരുടെ ഇടയ്ക്കുനിന്നു് ആരോ പറഞ്ഞു: ''ശരിയാണു്, വളരെ ബദ്ധപ്പെട്ടതല്ലേ? തൊണ്ടയൊന്നു നനച്ചിട്ടു പോകാം.''

സുധാംശു പറഞ്ഞു: ''സത്യത്തിൽ ഞാനൊരു നാടകം കാണുകയായിരുന്നു. നിങ്ങളുടെ പാർട്ടാണു് അതിലേററവും നന്നായതു്. നിങ്ങളപ്പോൾ മനഃസാക്ഷി എവിടെ ഒളിച്ചു വെച്ചിരിക്കുകയായിരുന്നു, ഇൻസ്പെക്ടർ ബാബൂ?''

ആരോ ഒരാൾ പറഞ്ഞു: ''ചേട്ടനു് മനഃസാക്ഷിയുടെയും മററും ഉപദ്രവമേ ഇല്ല.''

ജയിലർ സാഹിബ്ബ് ദേഷ്യപ്പെട്ടു പറഞ്ഞു: ''മിണ്ടാതിരി.''

പക്ഷേ, ഇൻസ്പെക്ടർ യാതൊരു ദേഷ്യവും പ്രകടിപ്പിച്ചില്ല. ചായ മോന്തിക്കൊണ്ടു് ചിരിക്കുന്ന മുഖത്തോടെ പറഞ്ഞു: ''പറയട്ടെ. പിള്ളേർ പറയുന്നതൊന്നും ശ്രദ്ധിക്കണ്ട.''

അല്പം നിത്തി വീണ്ടും ചായ മോന്തിക്കൊണ്ടു തുടന്നു: ആരാ മനഃസാക്ഷിയുടെ കാര്യം പറഞ്ഞതു്, നീയോ? നീയെന്നുവിളിച്ചതിനു ദേഷ്യമില്ലല്ലോ?''

''ഇല്ലില്ല, വിളിച്ചോളൂ. എന്തിനാ ദേഷ്യപ്പെടുന്നതു്?''

ഇൻസ്പെക്ടർ സിഗററു കത്തിച്ചു പുകവിട്ടുകൊണ്ടു പറഞ്ഞു: ''സത്യനിഷ്ഠ, മഹത്വം തുടങ്ങി വലിയ വലിയ വാക്കുകൾ നിൻെറ പ്രായത്തിൽ ഞാനും ധാരാളം പറഞ്ഞിട്ടുണ്ടു്.

പിന്നെത്തോന്നി, അതൊക്കെ ഈ സ്വദേശിക്കാരുടെ ഖദറി നുള്ളിൽ പൊതിഞ്ഞു സൂക്ഷിക്കുകയാണു നല്ലതെന്നു്. ഉദ്യോഗസ്ഥന്മാൎക്കു്, കുടുംബത്തിനുവേണ്ടി സമ്പാദിക്കേണ്ടവൎക്കു്, പത്തുപേരെ പോറേറണ്ടവൎക്കു് ഇതൊക്കെ കൊണ്ടുനടന്നാൽ ഒരു രക്ഷയുമില്ല. ജോലിചെയ്യുമ്പോൾ ഏകലക്ഷ്യം ഉയൎച്ചയായിരിക്കണം. എന്നുവെച്ചാൽ മേലുദ്യോഗസ്ഥന്മാരെ സന്തോഷിപ്പിക്കുക. രണ്ടു കള്ളംപറഞ്ഞാൽ അതു സാധിക്കുമെങ്കിൽ ഞാനതിനു ദോഷമൊന്നും കാണുന്നില്ല.''

സുധാംശു പറഞ്ഞു: ''ഈ പറഞ്ഞതു സത്യംതന്നെ. ഇനി നിങ്ങളുടെ ഉയൎച്ച തടയാൻ ആൎക്കു കഴിയും? പ്രമോഷനും ബഹുമതിയും കൈയിലായിക്കഴിഞ്ഞു.''

ഇതിനു മറുപടി പറയാതെ ഇൻസ്പെക്ടർ തുടൎന്നു: ''നിങ്ങളോടും ഞാൻ പറയുന്നതിതാണു്. ഏതായാലും ഈവഴി വന്നില്ലേ? ഇനി ഈവഴിതന്നെ പോകാം. രണ്ടു വഞ്ചിയിൽ ഒപ്പം കാൽ വെയ്ക്കരുതു്. പെട്ടെന്നൊരുദിവസം എവിടെയാ മറിഞ്ഞുവീണു മുങ്ങുക എന്നറിഞ്ഞുകൂടാ. അപ്പോൾ ഈ മനഃസാക്ഷിയുടെ പൊതിക്കെട്ടുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാകുകയില്ല.''

ഹൃദയബാബുവിനെ തിരക്കി നടന്നുനടന്നു് അവസാനം ജയിലിനടുത്തുള്ള ഒരു ഈന്തപ്പനക്കൂട്ടത്തിൻെറ മറവിൽ കണ്ടെത്തി.

''ഇവിടെയിരുന്നു് എന്തെടുക്കുന്നു?''

''ആലോചിക്കുന്നു.''

''എന്തു്?''

''എന്റെ ചരിത്രം ഉടനെ ആരംഭിക്കുന്നതിനെക്കുറിച്ചു്.''

''ഇത്ര പെട്ടെന്നോ?''

''എന്തു പെട്ടെന്നു്? അവരുടെ കഥ കഴിയാറായി. ചിതൽപിടിച്ച വീടു് മറിഞ്ഞുവീഴാൻ ഇനി അധികം താമസമില്ല.''

''മറിഞ്ഞുവീഴും! ഈ ഇൻസ്പെക്ടറെപ്പോലെ എത്ര ഇരുമ്പുതൂണുണ്ടു് അതിനെ താങ്ങിനിൎത്താൻ എന്നറിയാമോ?''

''എത്ര ഉണ്ടെങ്കിലും എൻെറ ദിവ്യദൃഷ്ടിയിൽ കാണു

ന്നതു് അവരുടെ നാൾ എത്തിക്കഴിഞ്ഞെന്നാണു്. ഭീരുക്കളുടെ ഭരണം അധികനാൾ നിൽക്കില്ല, മലയ്ബാബു.''

''ഭീരു!''

ഹൃദയബാബു നിവന്നിരുന്നുകൊണ്ടു പറഞ്ഞു: ''എന്താ, ഭീരുവല്ലേ? പതിമൂന്നുവർഷം മുമ്പത്തെ കഥ ഓർത്തുനോക്കൂ. 1919-ാമാണ്ടു്. നിരപരാധികളായ കൃഷകരുടെയും നിസ്സഹായരായ സ്ത്രീകളുടെയും അറിവില്ലാത്ത ശിശുക്കളുടെയും രക്തത്തിൽ ജാലിയൻവാലാബാഗ് മുങ്ങിക്കുളിച്ചു. നാം എലിയെ കൊല്ലാറില്ലേ, മുറിയുടെ വാതിലടച്ചു് ഓടിച്ചടിച്ചു്? അതിലുമെളുപ്പം അവർ മനുഷ്യരെ വെടിവെച്ചു കൊന്നു. വെടിവെയ്ക്കാൻ കഴിയാത്തവരുടെ മുതുകത്തു ചാട്ടവാർ വീണു. ലജ്പത് റായിയെ പട്ടാപ്പകൽ റോഡിലൂടെ വലിച്ചിഴച്ചു കൊണ്ടുപോയി. അതിനുശേഷം ഇതുപോലെ ഒരു കമ്മിഷൻ വന്നു. അവരോടു് ജനറൽ ഡയർ പറഞ്ഞതു് എന്താണെന്നു് ഓർമ്മയുണ്ടോ? അയാൾ നിവർന്നുനിന്നു പറഞ്ഞു: ''ഞാൻ കൊന്നു. ശരിയാണു്. അതിലൊരു തെറ്റുമില്ല. വെടിയുണ്ട തീർന്നില്ലെങ്കിൽ കൂടുതൽ കൊന്നേനെ.''

അയാളുടെ പിന്നാലെ മൈക്കേൽ ഒഡയർ വന്നു. അയാൾ പറഞ്ഞു: ''Dyer is right. ഇതിന്റെ പ്രതിദ്ധ്വനികൾ അവരുടെ പാർലിമെന്റിലും പത്രങ്ങളിലും നിരവധി പൊതുയോഗങ്ങളിലും ഉയർന്നു. ആ നെഞ്ഞൂക്കിനെപ്പററി ഒന്നോർത്തുനോക്കൂ. നമ്മുടെ രാജ്യമാണു്, നമുക്കു് ഇഷ്ടംപോലെയൊക്കെ ചെയ്യും. പുരുഷന്മാർക്കു ചേർന്ന വാക്കുകളായിരുന്നു ഇവ. ഇന്നോ? ചെറിയൊരു ലാത്തികൊണ്ടുണ്ടായ മുറിവുണക്കാൻ ഐ. സി. എസ്.കാരുടെയും ഐ. എം. എസ്.കാരുടെയും ബദ്ധപ്പാടുകണ്ടോ? ഇൻസ്പെക്ടറെ ശിഖണ്ഡിയാക്കിനിത്തി പിന്നിൽ ഒളിഞ്ഞുനിന്നു് എന്തൊക്കെ കള്ളങ്ങൾ പറഞ്ഞു? എന്തിനു്? നിരുപദ്രവികളായ കുറേ കടലാസുകാരുടെ വാഗ്ബാണങ്ങൾ ഭയന്നു്.''

ഹൃദയബാബുവിന്റെ തൊണ്ടയിൽ ഇതുപോലൊരു വിറയലും, എപ്പോഴും പരിഹാസം പരന്ന മുഖത്തു് ഇതുപോ

ലൊരു വെറുപ്പും ഞാൻ മുമ്പെങ്ങും കണ്ടിരുന്നില്ല. ഞാൻ മിണ്ടാതെ നോക്കിയിരുന്നു. അതുപോലെതന്നെ വെറുപ്പുനിറഞ്ഞ സ്വരത്തിൽ അദ്ദേഹം പറഞ്ഞു: "അറിയാമോ, ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി ഒരിക്കൽ അഭിമാനത്തോടുകൂടി ഇവക്കു പേരുകൊടുത്തു, 'സ്റ്റീൽ ഫ്രെയി'മെന്ന്. ആ സ്റ്റീലിന് ഇന്നു ബലമില്ല. അതുമുഴുവൻ തുരുമ്പുപിടിച്ചിരിക്കുന്നു. ഇത്ര വലിയൊരു രാജ്യത്തിന്റെ നട്ടെല്ലു വളഞ്ഞുപോയിരിക്കുന്നു. രാജാധികാരം വഹിക്കാൻ അതിനു ശക്തിയില്ല.

"അതാണ് പറഞ്ഞത്, ഇനി എന്റെ ചരിത്രം തുടങ്ങാൻ ഒട്ടും അമാന്തിക്കേണ്ട കാര്യമില്ല. പിന്നെ, നിങ്ങളോട് ഒരു സംഗതി പറയാനുണ്ടായിരുന്നു."

"എന്താ അത്, കേൾക്കട്ടെ."

ഹൃദയബാന്ധു അപേക്ഷാസ്വരത്തിൽ പറഞ്ഞു: "സർവ്വകലാശാലയിൽ പിടിയുള്ള കുറേപ്പേരെ നിങ്ങൾ അറിയാതിരിക്കുകയില്ല. ഒന്നു ശിപാർശചെയ്യണം, ചങ്ങാതി! എന്റെ പുസ്തകം അംഗീകരിപ്പിക്കണം."

## പതിമൂന്ന്

വൈഷ്ണവതീർത്ഥാടകരുടെ അവസാനലക്ഷ്യം ശ്രീവൃന്ദാവനമാണെങ്കിൽ, ഞങ്ങളുടെ, അതായത് ജയിൽവകുപ്പുദ്യോഗസ്ഥന്മാരുടെ അന്തിമതീർത്ഥം സെൻട്രൽജയിലാണ്. ഡിസ്ട്രിക്ട്ജയിലുകളും സ്പെഷ്യൽജയിലുകളും വെറും വേസൈഡ് സ്റ്റേഷനുകൾമാത്രം. സെൻട്രൽജയിലാണ് ടെർമിനസ്. അവിടെ എത്തിയാൽ തോന്നും, ഓ, എത്തിപ്പോയി! എന്റെ ആദ്യത്തെ മേലുദ്യോഗസ്ഥനായിരുന്ന മുബാരക്ക് അലി, തന്റെ ചെറിയ കാട്ടുസാമ്രാജ്യത്തെപ്പററി പറയും: "ചെര, ഇതൊരു ജയിലാണോ? ഞാൻ ധാരാളം ജയിലുകളിൽ ജോലിചെയ്തിട്ടുണ്ട്. ആ സെൻട്രൽജയിലിലെ ജോലിയായിരുന്നു ശരിക്കുള്ള ജോലി! കേണൽ മാക്ഫേഴ്സൺ സൂപ്രണ്ടും ഗണപതിസന്യാൽ ജയിലറും. ആ കാലം..."

എന്നിങ്ങനെ പറയുന്നതിനിടയിൽ അദ്ദേഹത്തിൻെറ കണ്ണു നനയും. മുഖത്തെ തിളക്കം, അക്കാലത്തെ ഗൗരവമയമായ ദിവസങ്ങളുടെ ഓർമ്മ പ്രതിഫലിപ്പിക്കും. അലിസാഹിബ്ബിൻെറ ജീവിതത്തിലെ 'പരമലഗ്ന'മായിരുന്നു അതു്. ഒരു ദിവസം, ഒരു ദുർബ്ബലനിമിഷം, അദ്ദേഹം തൻെറ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹം എന്നോടു പറയുകയുണ്ടായി. രാജപദവിയല്ല, മന്ത്രിസ്ഥാനമല്ല, ജമിന്ദാരിയുമല്ല. പിന്നെയോ? ഏതെങ്കിലും സെൻട്രൽജയിലിൽ ജയിലറുദ്യോഗം. പക്ഷേ, കഷ്ടം! പ്രസ്തുത ആശ സഫലമാകുകയുണ്ടായില്ല. അക്കഥ പോകട്ടെ.

സ്വദേശി സ്പെഷ്യലിൽനിന്നു് സെൻട്രൽജയിലിൽ എത്തിയദിവസം എനിക്കു തോന്നി, ദിനേശ്മാസ്റ്ററുടെ ഗ്രാമീണ പാഠശാലയിൽനിന്നു് വീണ്ടും പട്ടണത്തിലെ മിഷണറി ഹൈസ്കൂളിൽ പഠിക്കാനെത്തിയിരിക്കുകയാണെന്നു്. കോലാഹലംനിറഞ്ഞ ഒരു സ്ഥലത്തുനിന്നു് നല്ല അച്ചടക്കമുള്ള ഒരു സ്ഥലത്തു വന്നിരിക്കുകയാണു്. ഉറച്ചതും കഠിനവുമായ നിയമങ്ങളുടെ രാജ്യാതിർത്തിയിൽ പ്രവേശിച്ചു. രണ്ടുവശത്തും ഭംഗിയായി പ്ലാൻചെയ്ത കുളങ്ങളും ഉദ്യാനങ്ങളും. ഇവിടത്തെ താമസക്കാരുടെ വേഷം ഒരേപോലെയാണു്. നിക്കർ, ഉടുപ്പു്, തൊപ്പി. അവർ ഒരുമിച്ചു നടക്കുന്നു, ഒരുമിച്ചു് ഇരിക്കുന്നു, ഒരുമിച്ചു് ഉണ്ണുന്നു, ഒരുമിച്ചു് ഉറങ്ങുന്നു. അവരുടെ ദൈനംദിനജീവിതം, അനേകം പരേഡുകളുടെ സമാഹാരമാണു്—ലട്രീൻപരേഡ്, ബേത്തിംഗ്പരേഡ്, ഫീഡിംഗ് പരേഡ്, വാഷിംഗ്പരേഡ് എന്നിങ്ങനെ പോകും അവ. പരിചയസമ്പന്നരായ സേനാനായകന്മാരെപ്പോലെ ഈ പരേഡുകൾ നടത്തുന്നതു് തടവുപുള്ളികളുടെ നേതാക്കളാണു്. അവരെ 'മേററ്' എന്നു വിളിക്കും. അവർ ധരിക്കുക, ഷർട്ടിനുപകരം കോട്ടാണു്. കാലിൽ ചെരുപ്പുമുണ്ടാകും അവക്കു്. മേററുകളുടെ സംഘമാണു് ജയിൽഭരണത്തിൻെറ ഉരുക്കുചട്ടക്കൂടു്. ജയിലിലെ അതികഠിനമായ ഡിസിപ്ലിൻ അവരുടെ ചുമതലയാണു്. ആഹാരം, വിശ്രമം, പ്രവൃത്തി, ദുഷ്പ്രവൃത്തി തുടങ്ങി സാധാരണതടവുകാരുടെ ജീവിതയാത്ര മുഴുവൻ ഈ മേററുകൾ നിയന്ത്രിക്കുന്നു. മേററുകൾ പറ

യുമ്പോൾ അവർ ഉറങ്ങും, മേററുകൾ വിളിക്കുമ്പോൾ അവർ ഉണരും.

സെൻട്രൽജയിലിൻെറ ഭരണയന്ത്രത്തിൽ സൂപ്രണ്ടിന്റെ sovereignty അഥവാ പൂർണ്ണാധിപത്യം de jure ആണ്. മുഖ്യ ജമേദാർ അഥവാ ചീഫ് ഹെഡ്‌വാർഡനാണ് de facto അധീശത്വം. മേററ്സംഘത്തിൻെറ മൂക്കുകയറു് അവരുടെ കൈയിലത്രേ. ശരിയായ അധികാരദണ്ഡം അവരുടെ പക്കൽ തന്നെ. സൂപ്രണ്ടിൻെറ ഭരണം rule of law ആണ്. ചീഫിൻേറതു് rule of awe-യും. കാര്യം നടത്താൻ ആദ്യത്തേതിനേക്കാൾ നല്ലതു് രണ്ടാമത്തേതാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. ലാത്തിയുടെ മാഹാത്മ്യം ഇത്ര വമ്പിച്ചതാണെന്ന് ഇവിടെ വന്നതിനുശേഷമാണ് ഞാനാദ്യം മനസ്സിലാക്കിയതു്.

ജയിൽരാജ്യത്തു് രണ്ടു പ്രധാന വകുപ്പുകളുണ്ടു്—General department അഥവാ സാധാരണ വകുപ്പും, Manufactory department അഥവാ ഉല്പാദനവകുപ്പും. ഭരണാധികാരികളുടെ കാര്യങ്ങളും ഭരണീയരുടെ കാര്യങ്ങളും—അവരുടെ വസ്ത്രം, ഭക്ഷണം, ആരോഗ്യം, സുഖക്ഷേമങ്ങൾ, അച്ചടക്കം—ആണ് ആദ്യത്തേതിൻെറ ചുമതല. രണ്ടാമത്തെ വകുപ്പിൻെറ ചുമതലയിൽ തൊഴിലുകളും വാണിജ്യവും വ്യവസായങ്ങളും വരും. സെൻട്രൽജയിലുകൾ വെറും ജയിലല്ല, ചെറിയ ചെറിയ തൊഴിൽകേന്ദ്രങ്ങളാണ്. എണ്ണയാട്ടു്, നെയ്ത്തു്, തയ്യൽ, ചൂരൽവേല, മരപ്പണി, ലോഹപ്പണി തുടങ്ങി അനേകം തൊഴിലുകളുണ്ടു്. കൂടാതെ, വിസ്തൃതമായ പച്ചക്കറിത്തോട്ടവും.

ഞാൻ എല്ലാം ചുററിനടന്നു കണ്ടു. ഫോർമാൻ പരിതോഷ്‌ബാബു എല്ലാം പറഞ്ഞു മനസ്സിലാക്കിത്തന്നു. അദ്ദേഹം അഭിമാനപൂർവ്വം പറഞ്ഞു, എല്ലാം തൻെറ കൈകൊണ്ടു് കെട്ടിപ്പടുത്തതാണെന്നു്. പക്ഷേ, അതൊക്കെ പറഞ്ഞിട്ടു് എന്തു കാര്യം? ഡെപ്യൂട്ടിസൂപ്രണ്ടാകാൻ ഒരു കറുത്ത മനു-

ഷ്യനും വഴിയില്ല. അതു് വെളുത്ത തൊലിയുള്ളവരുടെ പ്രത്യേകാവകാശമാണു്. അവരുടെ തലച്ചോറിന്റെ നിറം എന്തുമാകട്ടെ.

എല്ലാ വർക്ക്ഷോപ്പിലും തിരക്കിട്ടു പണിനടക്കുന്നു. ഒന്നു മാത്രം പൂട്ടിക്കിടക്കുന്നതു കണ്ടു. പരിതോഷ് പറഞ്ഞു, അതു് ഓട്ടു-പിത്തളഫാക്ടറിയാണെന്നു്. അല്പദിവസം മുമ്പുവരെ ഇവിടെ നിന്നാൽ ഇതിനുള്ളിലെ ഠൻ—ഠൻ ശബ്ദംകൊണ്ടു് ചെവി പൊട്ടിപ്പോകുമായിരുന്നത്രേ.

ഞാൻ ചോദിച്ചു: "ഇവിടെ എന്താ ഉണ്ടാക്കുന്നതു്?"

പരിതോഷ്ബാബു പറഞ്ഞു: "അധികവും മണിയാണു്. ചെറുതും വലുതുമായ, പല ആകൃതിയിലുള്ള മണി. ഇക്കാണുന്ന ജയിലുകളിലെയൊക്കെ മണി ഞങ്ങളുണ്ടാക്കിയതാണു്. ജയിലുകളിൽനിന്നു മാത്രമല്ല, സ്കൂളുകളിലും കാളേജുകളിലും പോലീസ്‌സ്റ്റേഷനുകളിലും കച്ചേരികളിലും പള്ളികളിലുമെല്ലാംനിന്നു് ഇവിടെ ഓർഡർ വരും. നിങ്ങൾ പഠിച്ച കാളേജിലെ മണിയും, ഒരുപക്ഷേ, പണ്ടു് ഞങ്ങളയച്ചതായിരിക്കും."

"ആയിരിക്കും. അതിന്റെ വിളി കേട്ടാണു് ഞാനിവിടെ എത്തിപ്പെട്ടതെന്നു തോന്നുന്നു."

പരിതോഷ്ബാബു ചിരിച്ചു.

ഞാൻ ചോദിച്ചു: "എന്താ ഇപ്പോൾ ജോലി ഇല്ലാത്തതു്? ഓർഡർ ഇല്ലായിരിക്കുമോ?"

"ഓർഡർ ഇല്ലെന്നോ? അതല്ല. പക്ഷേ, ജോഗൻ ഇല്ല.

"ആരാ ജോഗൻ?"

"ജോഗനായിരുന്നു ഇവിടത്തെ Instructor. അവൻ വിട്ടുപോയിട്ടു് ഒരു മാസമായി. അത്ര സമർത്ഥനായ ഒരു കരകൗശലക്കാരനെ കിട്ടാനില്ല. അതുകൊണ്ടു് ഞാൻ ആ വിഡ്ഢിയോടു പറഞ്ഞു, 'ഓർഡറെല്ലാം തിരിച്ചയയ്ക്കു്, നമുക്കിനി മണി കൊട്ടക്കാൻ പറ്റില്ലെന്നു് ഒരു സർക്കുലറും അയച്ചേക്കു്.' എന്നിട്ടു് അയാളെന്താ പറഞ്ഞതെന്നറിയാമോ? 'Why, let Jogen come. കേട്ടോ കഥ? ജോഗൻ വരട്ടെ' എന്നു്. ജോഗൻ ഇനി മോഷ്ടിച്ചില്ലെങ്കിലോ, അവനു ജയിൽശിക്ഷ കിട്ടിയില്ലെങ്കിലോ? ബലമായി പിടിച്ചുകൊണ്ടുവരുമോ?"

വിഡ്ഢിയെന്നു പറഞ്ഞതു് വെള്ളക്കാരൻ ഡെപ്യൂട്ടി സൂപ്രണ്ടിനെ ഉദ്ദേശിച്ചാണെന്നു മനസ്സിലാക്കാൻ പ്രയാസം ഉണ്ടായില്ല.

കുറച്ചുദിവസംകൂടി കഴിഞ്ഞു് മണിക്കു് ഓർഡർ കുറഞ്ഞുകൂടി. റിമൈൻഡറും വരാൻ തുടങ്ങി. ഡെപ്യൂട്ടി സൂപ്രണ്ടു് വിഷമിച്ചു. ജോഗൻെറ സ്നേഹിതനുണ്ടു്, മൊഹിയുദ്ദീൻ. നെയ്ത്തുശാലയിലാണു് പണി. അവനെ വിളിപ്പിച്ചു. സായ്പു് ചോദിച്ചു: "ജോഗനു് എന്തുപററി? എന്താ അവനെ കാണാത്തതു്? ഇനി വരില്ലെന്നുണ്ടോ?"

മൊഹിയുദ്ദീൻ പറഞ്ഞു: "അതു് ഞാൻ പുറത്തിറങ്ങാതെ എങ്ങനെ പറയും, ഏമാനേ?"

"നിനക്കിനി എത്ര ദിവസമുണ്ടു ബാക്കി?"

"ഇരുപത്തൊന്നുദിവസം, സാർ."

"ടിക്കററു കൊണ്ടുവാ."

മൊഹിയുദ്ദീൻ ടിക്കററു് എടുത്തു കൊണ്ടുവന്നു. മികച്ച ജോലിക്കു് ഡെപ്യൂട്ടി സൂപ്രണ്ടു് അവനു് ഇരുപതുദിവസം സ്പെഷ്യൽ റെമിഷൻ ശിപാർശചെയ്തു. അരമണിക്കൂറിനകം സൂപ്രണ്ടു് അതംഗീകരിക്കുകയും ചെയ്തു. മൊഹിയുദ്ദീൻ പിറേറന്നു് ജയിൽവിമുക്തനായി.

ഏഴെട്ടുദിവസം കഴിഞ്ഞപ്പോൾ ജോഗൻ വന്നു് സായ്പിൻെറ മുമ്പിൽ സലാം ചെയ്തു നിന്നു. പോക്കററടിച്ചതിനു് രണ്ടരവർഷം ജയിൽവാസം. ഇതു് എട്ടാമത്തെത്തവണയാണു്. സായ്പു് അലമാരിയിൽനിന്നു് മണിക്കുള്ള ഓർഡറുകളുടെ കെട്ടു് എടുത്തു് അവൻെറ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു: "നീ മഹാ തെമ്മാടിതന്നെ, ജോഗൻ. എന്താ ഇത്ര വൈകിയതു്?"

ജോഗൻ മറുപടി പറഞ്ഞില്ല. ഒന്നു് അടക്കിച്ചിരിക്കുക മാത്രം ചെയ്തു.

പിറേറന്നു രാവിലെമുതൽക്കു് മണി ഉണ്ടാക്കുന്നതിൻെറ ഠൻ—ഠൻ ശബ്ദം പരിതോഷ്ബാബുവിനു് തലവേദന ഉണ്ടാക്കാൻ തുടങ്ങി.

ജോഗൻ ഒന്നും രണ്ടുമല്ല. അനേകവർഷങ്ങളായി നൂറുനൂറു ജോഗന്മാർ ഇതുപോലെ പോകുന്നു, മടങ്ങിവരുന്നു, ഈ

ഇരുമ്പഴികളുടെ ബാഹ്രബന്ധനത്തിനു് അടിപ്പെട്ടവർ. എന്തൊരു പ്രചണ്ഡമായ ആകർഷണം? ജീവിതത്തിലെങ്ങും ഈ വട്ടംചുറ്റലിനു് അവസാനമില്ല. അഞ്ചും പത്തും തവണ സാധാരണമാണു്. നാല്പത്തിരണ്ടാമത്തെ തവണ ജയിൽ ശിക്ഷ അനുഭവിക്കുന്ന ഒരു മഹാപുരുഷനെയും ഈ സെൻട്രൽ ജയിലിലെ ആശുപത്രിയിൽ കണ്ടുമുട്ടുകയുണ്ടായി. ആദ്യം വരുമ്പോൾ അയാൾക്കു് പത്തു വയസ്സേ ഉള്ളു. എൺപത്തിനാലാമത്തെ വയസ്സിൽ ഇവിടെവച്ചുതന്നെ അയാൾ അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

ഇത്തരക്കാരെ ധാരാളം കണ്ടിട്ടുണ്ടു്. മാന്യന്മാർ, ബുദ്ധിമാന്മാർ, ജോലിക്കു മിടുക്കന്മാർ, വിവിധതൊഴിലുകളിൽ സമർത്ഥന്മാർ. ജയിലിനു പുറത്തു് എവിടെയും എന്തെങ്കിലും തൊഴിലെടുത്തു സ്വച്ഛന്ദം ജീവിതം നയിക്കാൻ ഒരു പ്രയാസവും വരില്ല. പക്ഷേ, അവർ ആ വഴിക്കു പോകുകയില്ലെന്നു മാത്രം. ജയിലിന്റെ വിളി അവരെ സംബന്ധിച്ചിടത്തോളം അപ്രതിരോദ്ധ്യമാണു്.

ദിവസവും ഇവരിൽ ആരെങ്കിലും വിമുക്തരാകും. ഒരു ദിവസം ഞാൻ ഒരാളെ പിടികൂടി. ആപ്പീസിൽനിന്നു് വീട്ടിൽ വിളിച്ചുകൊണ്ടുപോയി, ഞാൻ അയാളോടു ചോദിച്ചു: "ഇവിടെ വേറെ ആരുമില്ല. ഒരുകാര്യം ചോദിച്ചാൽ സത്യം പറയുമോ?"

മഹേശ് നാക്കു കടിച്ചുകൊണ്ടു് എന്റെ കാൽതൊട്ടു തലയിൽ വച്ചിട്ടു പറഞ്ഞു: "എന്തുവന്നാലും ഞാൻ ഏമാനോടു കള്ളം പറയുമോ?"

"എന്തിനാ നീ ജയിലിൽ വരുന്നതു്?"

മഹേശ് സങ്കോചം കൂടാതെ പറഞ്ഞു: "ഇഷ്ടമുണ്ടായിട്ടു വരുന്നതാണോ ബാബു? പത്തു തവണ പോക്കറ്റടിച്ചാൽ പെട്ടെന്നു ചിലപ്പോൾ ഒരുതവണ പിടിച്ചുപോകും. കൈമിടുക്കിന്റെ പണിയാണു്. എപ്പോഴും ഒരുപോലിരിക്കുമോ?"

"എന്തിനാ പോക്കററടിക്കുന്നതു്?"

"ഇതു കൊള്ളാം. പോക്കററടിക്കാതെ എങ്ങനെ ജീവിക്കും?"

"അതെന്താ? നാട്ടിൽ എത്രയോ പേർ തുണിനെയ്തു ജീവിക്കുന്നു. അതുപോലൊരു ജോലി നിനക്കും കിട്ടുകയില്ലേ?"

മഹേശ് ചിരിച്ചുകൊണ്ടു പറഞ്ഞു: "ഏമാനു തെററിപ്പോയി. ഞാനൊരു പഴയ കള്ളനാണ്. മുദ്ര വീണ കള്ളൻ. എന്നെപ്പോലുള്ളവർക്ക് ആരു തരും ജോലി? അങ്ങു പറയും, തൊഴിൽ ചെയ്യാൻ. പക്ഷേ, തൊഴിലിനു് ആദ്യം വേണ്ടതു വിശ്വാസമാണ്. പഴകിയ കള്ളനെ ആരു വിശ്വസിക്കും? മുടക്കാൻ പണമില്ല. സാധനങ്ങൾ കടം കിട്ടുകയുമില്ല. ഉണ്ടാക്കിയ സാധനങ്ങൾതന്നെ വില്ക്കാൻ കൊണ്ടുചെന്നാൽ ആളുകൾ പറയും, കളവുമുതലാണെന്ന്. പിടിച്ചു സ്റ്റേഷനിൽ കൊണ്ടുപോകും. അങ്ങനെ ജയിലിൽത്തന്നെ തിരിച്ചെത്തും."

ഞാൻ പറഞ്ഞു: "ഏതെങ്കിലും മില്ലിൽ പോയി ജോലി ചെയ്യ്."

"ജോലി ആരു തരാൻ? ജോലി പോയിട്ട്, മാന്യന്മാർ താമസിക്കുന്ന പ്രദേശത്തു് ഒരു സ്ഥലംപോലും കിട്ടാൻ വഴിയില്ല ഞങ്ങൾക്ക്. വീട്ടുകാർക്ക് രാത്രി ഉറക്കം വരില്ല. വാളണ്ടിയർമാർ മുറവച്ചു കാവൽനോക്കും. പോലീസുകാർ മണിക്കൂർതോറും വന്നു വാതിലിൽ മുട്ടും, രാത്രി മുഴവൻ വിളിയും ചോദ്യവുമായിരിക്കും, വീട്ടിൽത്തന്നെ ഉണ്ടോയെന്നറിയാൻ. എന്നാലും അടുത്തെങ്ങാനും കളവോ കൊള്ളയോ നടന്നാൽ ആദ്യം എന്റെ കൈയിൽത്തന്നെ വിലങ്ങു വീഴുകയും ചെയ്യും.

എനിക്കു ദേഷ്യം വന്നു: "വിലങ്ങു വീണതുകൊണ്ടായോ? നിയമമില്ലേ, തെളിവു വേണ്ടേ?"

"തെളിവ്?" മഹേശിൻെറ മുഖത്തു് പരിഹാസഭാവം പരന്നു. "എത്ര തെളിവു വേണം? ആ പ്രദേശത്തെ പത്തു മാന്യന്മാർ സ്വന്തം കൈയിൽനിന്നു വണ്ടിക്കൂലി ചെലവാക്കി കോടതിയിൽ വന്നു സാക്ഷി പറയും. ഉറപ്പിച്ചു പറയും, ഇയാൾ പൂട്ടു കുത്തിപ്പൊളിക്കുന്നതു കണ്ടെന്ന്. വേറൊരാൾ പറയും, ഇയാൾ പെട്ടി തലയിൽവെച്ച് ഓടുന്നതു കണ്ടെന്ന്. പാമ്പിൻെറകൂടെ ഒരു മുറിയിൽ താമസിക്കും, ഏമാനേ. പക്ഷേ, പേരുവീണ കള്ളൻെറയൊപ്പം ഒരു സ്ഥലത്തു പാർക്കുകയില്ല."

എനിക്ക് ഇതിനുത്തരം പറയാൻ കഴിഞ്ഞില്ല. വേറൊരു

ചോദ്യം ചോദിച്ചു: "എന്നു പറഞ്ഞു് ജീവിതം മുഴുവൻ ഈ ജയിലിലെ കഷ്ടപ്പാട്ട്—"

മഹേശ് ഇടയ്ക്കു കയറി പറഞ്ഞു: "എന്തു കഷ്ടപ്പാട്ട്, സാർ? നല്ല രണ്ടുനിലക്കെട്ടിടം, മൂന്നു നേരം വയറു നിറച്ചു ഭക്ഷണം, വെളുത്ത ഉടുപ്പ്, തണുപ്പുകാലത്തു കമ്പിളി, സുഖക്കേടു വന്നാൽ ആശുപത്രി. തൂക്കം രണ്ടുറാത്തൽ കുറഞ്ഞാൽ മീനും ഇറച്ചിയും പാലും നെയ്യും കിട്ടും. ജയിലിനു പുറത്തു് ഇങ്ങനെയൊക്കെ സാധിക്കുമോ?"

ഞാൻ വിസ്മയിച്ചുപോയി. ഒരു വിഡ്ഢിയെപ്പോലെ ചോദിച്ചു: "എന്താ പറയുന്നതു്? ജയിലിൽ നിങ്ങൾക്കു് ഒരു കഷ്ടപ്പാടുമില്ലേ?"

"യാതൊന്നുമില്ല. ഒന്നുമാത്രമുണ്ടായിരുന്നു. അതും ആദ്യമാദ്യം. ഇപ്പോൾ ഒന്നുമില്ല."

"എന്താ അതു്?"

"എമ്മാൻ തെറ്റു വിചാരിക്കുകയില്ലല്ലോ?"

"ഇല്ല. നീ പറ."

"അതാണു് ലഹരിസാധനങ്ങൾ. തൊണ്ടയിൽ ദ്വാരം ഉണ്ടാക്കുന്നതുവരെ വലിയ കഷ്ടപ്പാടുതന്നെ. ഇപ്പോൾ അതേപ്പററി വിചാരമേ ഇല്ല."

ദ്വാരത്തിൻെറ കഥ കേട്ടതു് വിസ്മയകരവും ഭയാവഹവുമായി തോന്നി. കറുത്തീയംകൊണ്ടുള്ള ഒരുണ്ട തൊണ്ടയ്ക്കുള്ളിൽ ഒരു വശത്തു വെച്ചു് അനേകദിവസംകൊണ്ടു കുറേശ്ശെ കുറേശ്ശെ ഈ ദ്വാരം ഉണ്ടാക്കുന്നു. വേദനയുണ്ടാകും. എങ്കിലും ഒപ്പംതന്നെ, സകല വേദനകളിൽനിന്നും ഒരുമിച്ചു മുക്തി നേടാൻ സാദ്ധ്യതയുണ്ടല്ലോ. ഇങ്ങനെ ഉണ്ട തൊണ്ടയിൽവെച്ചു നാലഞ്ചുപേർ മരിച്ചിട്ടില്ലെന്നുമില്ല. മഹേശിൻെറ കണ്മുമ്പിൽവെച്ചുതന്നെ ഒരാളുടെ പണി കഴിഞ്ഞിട്ടുണ്ടു്. ദ്വാരത്തിലെ മുറിവു് ഉണങ്ങിക്കഴിഞ്ഞാൽ നാണയങ്ങളോ സ്വർണ്ണച്ചെയിനോ ഒക്കെ അതിലൊളിച്ചുവെയ്ക്കാം. ഈ രഹസ്യസമ്പത്തിനു പകരം ബീഡി, പുകയില, കഞ്ചാവു്, കറുപ്പു് തുടങ്ങിയ ലഹരിസാധനങ്ങൾ വാങ്ങാം. ഇത്തരം നിഷിദ്ധവസ്തുക്കളുടെ പ്രവേശനം തടയാൻ നിയമം ചുമതലപ്പെടുത്തിയിട്ടുള്ളവരാണു് ഇതൊപ്പിച്ചുകൊടുക്കുക. പണവും

സ്വർണ്ണവും അവരുടെ കർത്തവ്യരാഹിത്യം പരിഹരിക്കുന്നു. ഗളഗഹ്വരത്തിൽ ഒളിച്ചുവെച്ച ധനമാണു് ഇതിൽ ഭൂരിഭാഗത്തിൻെറയും ഭാരം വഹിക്കുന്നതെന്നു പറയേണ്ടല്ലോ.

എൻെറ കൗതുഹലം മനസ്സിലാക്കി, മഹേശ് തൻെറ കഴുത്തിനുള്ളിൽനിന്നു് ഒരു ഗിനി നാണയം എടുത്തു കാണിച്ചുതന്നു. വീണ്ടും അതു് യഥാസ്ഥാനം നിക്ഷേപിച്ചിട്ടു് സുഖദുഃഖസമ്മിശ്രമായ വേറെയും അനേകം കഥകൾ പറഞ്ഞുകേൾപ്പിച്ചിട്ടാണു് അവൻ എന്നോടു വിടവാങ്ങിയതു്.

സംസാരിക്കുന്നതിനിടയ്ക്കു ഞാനവനോടു ചോദിച്ചു: "ജീവിതം മുഴുവൻ ജയിലിൽ കഴിച്ചുകൂട്ടുമ്പോൾ, ഭാര്യയേയും മക്കളേയും പററി വിചാരമുണ്ടാകുകയില്ലേ? മററുള്ളവരെപ്പോലെ വീട്ടും കുടുംബവുമായി കഴിയണമെന്നു് ആഗ്രഹമുണ്ടാകുകയില്ലേ?"

മഹേശ് പറഞ്ഞു: "ഭാര്യയും മക്കളും ഉണ്ടായാലല്ലേ മനസ്സിനു വിഷമം തോന്നൂ? ആ കുല്യമാലൊന്നും ഞങ്ങളിൽ മിക്കപേർക്കുമില്ല."

ഞാൻ വിസ്മയത്തോടെ ചോദിച്ചു: "അതെന്താ? നിങ്ങളെ കാണാൻ ധാരാളം സ്ത്രീകൾ വരാറുണ്ടല്ലോ, അപേക്ഷയിൽ എഴുതും, ഇന്നയാൾ എൻെറ ഭർത്താവാണു്, അല്ലെങ്കിൽ ഭർത്താവിൻെറ സഹോദരനാണു് എന്നു്."

മഹേശ് ചിരിച്ചുകൊണ്ടു പറഞ്ഞു: "ഭർത്താവും മററുമല്ലെന്നു പറഞ്ഞാൽ നിങ്ങൾ കാണാൻ സമ്മതിക്കുമോ? അവരാരും വാസ്തവത്തിൽ ഭാര്യമാരല്ല."

അല്പം നിർത്തിയിട്ടു് മിക്കവാറും തന്നത്താനെന്നപോലെ അവൻ തുടൎന്നു: "ഭാര്യമാരല്ലെങ്കിലും ഇവരാണു് കഷ്ടകാലത്തു ഞങ്ങളുടെ ബന്ധുക്കൾ. സുഖക്കേടും സങ്കടവും ആപത്തും വിപത്തും ഉണ്ടാകുമ്പോൾ ഇവരില്ലെങ്കിൽ ഞങ്ങൾ കഷ്ടപ്പെട്ടുപോകുകയേ ഉള്ളു. അന്നൊരിക്കൽ ആ രാംദിൻ കാഹാറിനു മസൂരി വന്നു. ബിംലി എന്തുമാതിരിയാണു് അവനെ ശുശ്രൂഷിച്ചതു്? അവളവനെ സ്വന്തം വീട്ടിൽ ഒളിച്ചു താമസിപ്പിച്ചു. കോർപ്പറേഷൻകാർ കണ്ടാൽ പിടിച്ചു് ആശുപത്രിയിൽ കൊണ്ടുപോകും. അവൾ കാരണമാണു് രാംദിൻ രക്ഷപ്പെട്ടതു്. പിന്നീടു് അവൾക്കു പിടിച്ചു അതു്. രാംദിൻ

ആശുപത്രിയിൽ ചെന്നു വിവരം പറഞ്ഞു, ആംബുലൻസു കണ്ടപ്പോൾ ബിംലി പൊട്ടിക്കരഞ്ഞുപോയി. അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു, 'ഞാനിനി ജീവിക്കുകയില്ല, മഹേശ് ചേട്ടാ!' പെണ്ണിനു് ആയുസ്സുണ്ടായിരുന്നു. അതുകൊണ്ടു ചത്തില്ല. പക്ഷേ, കണ്ണു രണ്ടും പോയി. ഇപ്പോൾ തെരുവുതോറും നടന്നു തെണ്ടുന്നു. പെണ്ണുങ്ങൾ സത്യത്തിൽ വളരെ നല്ലവരാണു്, ഏമാനേ!''

മഹേശ് പോയതിനുശേഷം ഓർമ്മവന്നു, എവിടെയോ എപ്പോഴോ വായിച്ച കാര്യം—പുറമേനിന്നു് മനുഷ്യനെ നന്നാക്കാൻ ശ്രമിക്കുന്നതിനേക്കാൾ വലിയ വിഡ്ഢിത്തമില്ല.

എങ്കിലും ഈ വിഡ്ഢിത്തമാണു നാം എന്നും കാണിച്ചുകൊണ്ടിരിക്കുന്നതു്. ഈ 'ബി'ക്ലാസ്സ് തടവുകാരെ ഉദ്ധരിക്കാൻ ഒരുകൂട്ടമാളുകൾ കഷ്ടപ്പെടുന്നതിനു കൈയ്യും കണക്കുമില്ല. ജയിൽപരിഷ്ക്കരണത്തിന്റെ കൊടിയുമേന്തി നടക്കുന്നവരുടെ കാര്യമാണു് ഞാൻ പറയുന്നതു്. അയ്യോ, എന്തൊരു കഷ്ടമാണു് തടവുകാരുടെ സ്ഥിതി? കമ്പിളിക്കുപ്പായമിട്ടാൽ ദേഹം പൊട്ടും. അതുകൊണ്ടു് അതിനുള്ളിൽ തുണി തുന്നിച്ചേർക്കുക. കമ്പിളിമെത്തയിൽ ഒരു വിരിപ്പു വിരിച്ചുകൊടുക്കുക. മീൻകഷണത്തിന്റെ വലിപ്പം കുറച്ചു കൂട്ടണം. ചോറിന്റെ അളവു് ആക്ഷേപാർഹമാണു്. ഒരു സേറിന്റെ 125-ലൊരു ഭാഗത്തിന്റെ ഒരംശം. ഈ ഹോമിയോപ്പതിക് ഡോസ് ഇരട്ടിയാക്കുക. പാവങ്ങൾക്കു ബീഡി വലിക്കാൻ കിട്ടുന്നില്ലേ? പരിതാപകരംതന്നെ. ഓരോരുത്തർക്കും ഒരുകെട്ടു ബീഡി അനുവദിക്കുക, അല്ലെങ്കിൽ ഒരു ഹുക്കക്കുഴൽ നൽകുക. അവരുടെ ജീവിതം വളരെ വിരസമാണു്. ഇടയ്ക്കിടെ അവർക്കുവേണ്ടി സിനിമാപ്രദർശനം ഏർപ്പെടുത്തുക. അവരുടെ ബാരക്കുകളിൽ ഓരോ റേഡിയോസെറ്റ് സ്ഥാപിക്കുക. പാട്ടും വാദ്യവും തീർച്ചയായും വേണം. Man does not live by bread alone. സന്ധ്യക്കുശേഷം എല്ലാവരേയും ഒരുമിച്ചിരുത്തി കീർത്തനം പാടിക്കുക. ജയിൽ ആർക്കും ജയിലാണെന്നു തോന്നാതാക്കുക. അയ്യോ, എന്തൊരു കഷ്ടപ്പാടാണു പാവങ്ങൾക്കു്?

ഹതഭാഗ്യരായ തടവുകാരുടെ സങ്കടം കണ്ടു് സഹൃദയരായ ഈ പരിഷ്കൃത്താക്കളുടെ മനസ്സലിഞ്ഞുപോകുന്നു. പക്ഷേ, തടവുകാരുടെ ഹൃദയത്തിലെ കാര്യം അവരൊരിക്കലും മനസ്സിലാക്കുന്നില്ല. ഇവരിലൊരാളെപ്പററിയാണു് മഹേശ് പറഞ്ഞതു്. എല്ലാററിലും അസഹ്യം നിങ്ങളുടെ വിസിററർ ബാബുമാരാണു്. അവർ ഞങ്ങളെ നോക്കുന്നതു് നിസ്സാരജീവികളെപ്പോലെയാണു്. ഒരിക്കൽ ഒരാൾ എൻെറയടുത്തു വന്നു. ഒരു റാവുബഹദൂറാണെന്നു കേട്ടു. അദ്ദേഹം ചോദിച്ചു, എങ്ങനെയുണ്ടു്?, എന്തെങ്കിലും അസൗകര്യമുണ്ടോ? തുടങ്ങി അതുമിതും. എനിക്കു ദേഷ്യം വന്നു. ഞാൻ പറഞ്ഞു: "ബാബു, ജയിലിൽ എന്തു തിന്നാൻ കിട്ടുന്നുണ്ടെന്നു് ചോദിക്കുന്നതിനുപകരം ജയിലിൽനിന്നു പോയാൽ ഞങ്ങളെന്തുതിന്നുമെന്നു് ആലോചിച്ചുനോക്കു്. അതാണു് ഞങ്ങൾക്കുപകാരം." റാവുബഹദൂറിനു പിടിച്ചില്ലെന്നു തോന്നുന്നു. ദേഷ്യപ്പെട്ടു് ഇറങ്ങിപ്പോയി. ഇങ്ങനെ എത്ര കണ്ടിരിക്കുന്നു, ജയിലിൽ കിടക്കുമ്പോൾ അവരുടെ വേദന ഭയങ്കരമാണു്. പുറത്തിറങ്ങി അലഞ്ഞുതിരിയുമ്പോൾ ആരും തിരിഞ്ഞുനോക്കുകപോലുമില്ല. ദൂരെ ആട്ടിയോടിക്കും. പിന്നെയും ജയിലിലാക്കിക്കഴിഞ്ഞേ എല്ലാവക്കും ഉറക്കം വരൂ.

ജോഗൻ–മഹേശ്കമ്പനിയുടെ അനേകം മുഖങ്ങൾ ഇന്നു് എൻെറ മനസ്സിൽ തിരക്കിട്ടു കടന്നുവരുന്നുണ്ടു്. ചിലതു് വളരെ പ്രകാശമാനമാണു്. മററുചിലതു് മങ്ങിമങ്ങി ഓർമ്മയുടെ അടിയിൽ മറയുന്നു. അവരിൽ ഒരാളുണ്ടാക്കിയതാണു് എൻെറ ഈ ചൂരൽക്കസേര. വീട്ടിൽ എനിക്കു പ്രിയപ്പെട്ട വസ്തുക്കളിൽ ഇതിൻെറ സ്ഥാനം നിസ്സാരമല്ല. ഇത്രകാലം കഴിഞ്ഞു്, ഇന്നും സന്ധ്യാവേളയിൽ ഈ കസേര പൂന്തോട്ടത്തിൻെറ ഒരു കോണിൽ എടുത്തിട്ടു് ഇരിക്കുമ്പോൾ, കറുത്ത ബലവാനായ ഒരു യുവാവിൻെറ രൂപം കൺമുമ്പിലേക്കു് ഒഴുകിവരാറുണ്ടു്. മന്ദഹസിക്കുന്ന മുഖത്തു് നിറയെ മസൂരിക്കല. ചുരുണ്ട തലമുടി. പേരു ചോദിച്ചാൽ പറയും, റഹിം ഷേയ്ക്ക്, ചൂരൽവേലയിൽ ഇൻസ്ട്രക്ടർ.

റഹിം, കറപ്പോ കഞ്ചാവോ ബീഡിയോ തൊട്ടുകയില്ല. അതിലൊക്കെ വലിയ ലഹരിയായിരുന്നു സ്വന്തം തലമുടിയിൽ അവന്ന്. തലമുടി ഒതുക്കിയലങ്കരിച്ചുവെയ്ക്കാൻ എണ്ണ വേണമല്ലോ. അതു സമ്പാദിക്കാൻ അവൻ വളരെ പ്രയാസപ്പെട്ടിരുന്നു. അവൻെറ തലയിൽ പുരളുന്നതിലധികം എണ്ണ ജമേദാരുടെ കാലിലേക്കു് ഒഴുകിയിരുന്നു. അതല്ലെങ്കിൽ അയാൾ ഈ തലമുടി മുഴുവൻ കണ്ടിച്ചുകളഞ്ഞേനെ. എന്തിനധികം പറയുന്നു, അവൻെറ കഴുത്തിലെ ദ്വാരത്തിന്നു് കറപ്പും കഞ്ചാവും സമ്പാദിക്കുന്നതിന്നു വേണ്ടതിൽ എത്രയോ അധികം കഷ്ടപ്പെടേണ്ടിയിരുന്നു, എണ്ണയുണ്ടാക്കാൻ!

'ബി' ക്ലാസ്സ് തടവുകാക്കു് സാധാരണമാണു് ഒരു രോഗം. പിള്ളേർ രോഗമെന്നു പറയും അതിന്നു്—അടിച്ചമർത്തപ്പെട്ട യൗവനത്തിൻെറ കുത്സിതമായ വികൃതി. ജയിലിലെ കുററകൃത്യങ്ങളിൽ ഭൂരിഭാഗത്തിൻെറയും അടിയിൽ ഈ പിള്ളേരാണു്. സ്ത്രീസംസർഗ്ഗം കൂടാതെ ദീർഘകാലം ജയിലിൽ കഴിയുന്നതും അവിടത്തെ കലുഷിതമായ അന്തരീക്ഷവുമാണു് ഇതിന്നുത്തരവാദിയെന്നു തോന്നുന്നു. ഇതിൻെറ താഡനമേറ്റു്, ഈ നീണ്ട ബാരക്കുകൾക്കുള്ളിൽ കുടിലമായ എന്തൊക്കെ ഗൂഢാലോചനകളും വെറുപ്പുതോന്നിക്കുന്ന എത്രയേറെ വൃത്തികേടുകളും ഞെട്ടലുണ്ടാക്കുന്ന ബീഭത്സലീലകളും നടക്കുന്നു. ഈ ചരിത്രം ഒരുകാലത്തും എഴുതപ്പെട്ടുകയില്ല.

റഹിമിന്നു് ആശുപത്രിയിൽനിന്നു് ദിവസവും അരസേർ പാലനുവദിച്ചിരുന്നു. പക്ഷേ, റഹിം അതിന്നു് കാരണക്കാരൻ മാത്രം. പാൽ കുടിക്കുന്ന ഭാഗ്യവാന്നു് പതിനേഴുവയസ്സേയുള്ളു. അവൻ ആരോഗ്യവാനാണു്. നിറം നല്ല വെളുപ്പു്. ഇതുസംബന്ധിച്ചാണു് ഒരിക്കൽ കുഴപ്പമുണ്ടായതു്. റഹിം വേറൊരാളുമായി അടിപിടിയുണ്ടാക്കി. അടിയുടെ അധികാംശവും റഹിമിന്നു് ഏററു. അതുകൊണ്ടു് കേസ് വിധിക്കുമ്പോൾ സൂപ്രണ്ടു് അവൻെറ ശിക്ഷ അല്പം കുറച്ചു. റഹിമിൻെറ ധാരണ, അതിൽ എനിക്കു വലിയ കൈയുണ്ടെന്നാണു്.

ജയിലിൽനിന്നു വിട്ടു് കുറച്ചുദിവസത്തിന്നുശേഷം അവൻ എന്നെ വീട്ടിൽ വന്നു കണ്ടു. അവൻെറ കൈകൊണ്ടുണ്ടാക്കിയ പ്രിയപ്പെട്ട ഈ കസേരയിലിരുന്നു് എന്തോ ചെയ്യു

കയായിരുന്നു ഞാൻ. റഹിം അല്പനേരം നോക്കിനിന്നിട്ട് പറഞ്ഞു: "കസേര ധൃതിയിൽ പണിതതാണ്. എനിക്കത്ര പിടിച്ചില്ല. പോട്ടെ, സാരമില്ല. ഇനി വരുമ്പോൾ വേറൊന്ന് ഉണ്ടാക്കിത്തരാം. തികച്ചും പുതിയ ഡിസൈൻ. അതുള്ളകാലം മുഴുവൻ റഹിമിനെ ഓക്കും."

ഞാൻ പറഞ്ഞു: "നിത്ത്", എനിക്ക കസേരയൊന്നും വേണ്ട. ഇനി നിനക്ക് വരേണ്ടിവരില്ല. കുറച്ചുദിവസം ക്ഷമിക്ക്. നിനക്ക നല്ലൊരു ജോലി കണ്ടുപിടിക്കാമെന്നു തോന്നുന്നു."

റഹിം സങ്കടത്തോടുകൂടി പറഞ്ഞു: "അയ്യോ, അതിനൊന്നും ഒരിക്കലും പോകല്ലേ!"

അവന്റെ വിഷമം കണ്ടു് ഞാൻ ചിരിച്ചുകൊണ്ടു് പറഞ്ഞു: "എന്താ അതു്? ജോലിയെന്നു കേൾക്കുമ്പോൾ എന്താ ഇത്ര പേടി?"

റഹിം നേരെ പറഞ്ഞു: "അങ്ങു് ജോലിയന്വേഷിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു് എനിക്കു് ഉപകാരമില്ല, അങ്ങു് കുഴപ്പത്തിൽ ചാടുകയും ചെയ്യും."

ഞാൻ വിസ്മയത്തോടെ ചോദിച്ചു: "ഞാനെന്തിനാ കുഴപ്പത്തിൽ ചാടുന്നതു്?"

റഹിം വരാന്തയുടെ മൂലയ്ക്കു് കുത്തിയിരുന്നുകൊണ്ടു് പറഞ്ഞു: "എന്നാൽ കേട്ടോളൂ, ഒരു കഥ പറയാം—"

അത്തവണ ജയിലിൽനിന്നു വിട്ടപ്പോൾ സായ്പു് എനിക്ക നാലുരൂപ പാരിതോഷികം തന്നു. കൂടാതെ രണ്ടുദിവസത്തെ യാത്രപ്പടി പന്ത്രണ്ടണയും. സിയാൽദ വരെ പോകാൻ റെയിൽപാസ്സും. തലയിലെഴുത്തു നോക്കണേ! ഞാൻ കല്ക്കത്തയ്ക്കു മടങ്ങാതെ ഇവിടെത്തന്നെ എന്തെങ്കിലും ജോലി കണ്ടുപിടിക്കാൻ നിശ്ചയിച്ചു. ചൂരൽപ്പണി പണ്ടേ അറിയാം. ഇതിനിടയ്ക്കു നല്ലൊരു നെയ്ത്തുകാരന്റെ അടുത്തുനിന്നു് ആ പണിയും ഭംഗിയായി പഠിച്ചിരുന്നു. പകൽ മുഴുവൻ ജോലിയന്വേഷിച്ചു് അലയും. രാത്രി സ്റ്റേഷനിൽക്കിടന്നുറങ്ങുകയും ചെയ്യും. താമസിയാതെ കൈയിലെ പണം തീർന്നു.

അന്നു് സന്ധ്യയായിട്ടുണ്ടു്. പകൽ മുഴുവൻ ഒന്നും കഴിച്ചിട്ടില്ല. പ്ലാറ്റുഫോമിൽ ചുററിത്തിരിയുകയായിരുന്നു. ഒരു

മാർവാറിബാബു എന്നെ തൊട്ടുരുമ്മി കടന്നുപോയി. പോക്കററിൽ ഒരുകെട്ട നോട്ട കിടക്കുന്നു. എൻെറ കൈ മുരുമുരുത്തു. ഒരു സെക്കണ്ടുകൊണ്ട് വേണമെങ്കിൽ അതു് കൈയിലാക്കാം. പക്ഷേ, ഞാൻ സ്വയം നിയന്ത്രിച്ചു. വെളുപ്പിനു് ഉറക്കം ഉണരുംമുമ്പ് പുറത്തു് ബൂട്ട്സിൻെറ ചവിട്ടനുഭവപ്പെട്ടു. കണ്ണുതുറന്നു നോക്കിയപ്പോൾ പോലീസുകാരനാണു്. വെറുതെ ചവിട്ടുന്നതെന്തിനെന്നു് ഞാൻ ചോദിച്ചു.

"എടാ പന്നീ," എന്നുവിളിച്ചു് അയാളെൻെറ മുടിക്കു പിടിച്ചുയർത്തി. എന്നിട്ട പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി. 109-ാം വകുപ്പാണു് ചാർജ്ജ്. അന്നു ഞായറാഴ്ചയാണു്. വാറണ്ടു് ഒപ്പിടീക്കാൻ എസ്. ഡി. ഓ. സാഹിബ്ബിൻെറ വീട്ടിൽ പോണം. എന്നെ പിടിച്ചുകെട്ടിക്കൊണ്ടുപോയി. മജിസ്റ്റ്രേട്ട് ഒരു പ്രത്യേകതരക്കാരനാണു്. പുള്ളിയെ കാണാതെ വാറണ്ടു് ഒപ്പിടുകയില്ലെന്നു കേട്ടു.

വീടിൻെറ മുമ്പിൽ ടെന്നിസ്കോർട്ടാണു്. അതിൻെറ ഒരുവശത്തു് ചൂരൽക്കസേരയിലിരുന്നു് ഒരു സ്ത്രീ കമ്പിളി തുന്നുന്നു. എസ്. ഡി. ഓ.യുടെ ഭാര്യയാണെന്നു തോന്നി. ചെറുപ്പം. മുഖം കണ്ടാലറിയാം ദയാലുവാണെന്നു്. അടുത്തു് ചെറിയ മേശ. പോലീസുകാർ പുകയിലതിരുമ്മി വായിലിടുകയായിരുന്നു. ആ സമയംകൊണ്ടു് ഞാൻ അല്പം മുമ്പോട്ടുകയറി തൊഴുതുകൊണ്ടു പറഞ്ഞു: "മേം സാഹിബ്ബ്, ഈ മേശ പോളിഷ് ചെയ്യാറായല്ലോ. ദയവായി ഈ പണി എന്നെ ഏല്പിക്കു. രണ്ടുദിവസമായി എന്തെങ്കിലും കഴിച്ചിട്ടു്."

ആദ്യം അവർ ഞെട്ടിപ്പോയി. പോലീസുകാരും പരിഭ്രമിച്ചു് ഓടിവന്നു. അവരെ ആംഗ്യംകാണിച്ചു് അകററിനിർത്തിയിട്ടു് എന്നോടു ചോദിച്ചു: "നിനക്കു പോളീഷുചെയ്യാനറിയാമോ?"

"അറിയാം, മേം സാഹിബ്ബ്."

നാടൻ മജിസ്റ്റ്രേട്ടന്മാരുടെ ഭാര്യമാർ, മേം സാഹിബ്ബ് എന്നു വിളിച്ചാൽ സന്തുഷ്ടരാകുമെന്നു് എനിക്കറിയാമായിരുന്നു.

അവർ ചോദിച്ചു: "നീ മോഷ്ടിച്ചോ?"

"ഇല്ല, മേം സാഹിബ്ബ്. നാലു ദിവസമായി ജയിലിൽ

നിന്നു വിട്ടിട്ട്. ജോലി അന്വേഷിച്ചു നടക്കുകയായിരുന്നു. സ്റ്റേഷനിൽനിന്നു വെറുതെ പിടിച്ചുകൊണ്ടുവന്നിരിക്കുകയാണു്."

അവർ അകത്തുപോയി; അല്പം കഴിഞ്ഞു് സാഹിബ്ബിൻെറകൂടെ പുറത്തേക്കുവന്നു. അദ്ദേഹം എന്നോടു പലതും ചോദിച്ചു. എന്നിട്ട് ആരെയൊക്കെയോ ഫോൺചെയ്തതിനു ശേഷം പോലീസുകാരോടു കല്പിച്ചു, എന്നെ വിടാൻ.

പത്തുപന്ത്രണ്ടുദിവസംകൊണ്ടു് ഞാനവിടത്തെ ഫർണിച്ചർ മുഴുവൻ പോളിഷുചെയ്തു. സാധനങ്ങൾ വാങ്ങാൻ എന്റെ കൈയിലാണു പണം തന്നതു്. എല്ലാം വാങ്ങിക്കൊണ്ടു വന്നിട്ടു കണക്കുകൊടുത്തപ്പോൾ വാങ്ങിയില്ല. പണികണ്ടു് മേം സാഹിബ്ബിനു സന്തോഷമായി. ഇത്ര ദിവസവും ആഹാരം തന്നതിനുപുറമേ പത്തുരൂപാ സമ്മാനവും നൽകി.

സാഹിബ്ബ് എനിക്കുവേണ്ടി ജോലി അന്വേഷിക്കുന്നുണ്ടായിരുന്നു. ഒരുദിവസം ചോദിച്ചു, എനിക്കു് എന്തൊക്കെ പണി അറിയാമെന്നു്.

"എല്ലാത്തരം ചൂരൽപ്പണിയും അറിയാം സാർ. മേം സാഹിബ്ബ് ഇരിക്കുന്ന കസേര, ജയിലിൽവെച്ചു് ഞാനുണ്ടാക്കിയതാണു്."

"ശരി."

അവിടത്തെ ജോലികഴിഞ്ഞപ്പോൾ എന്നെ ഒരു കത്തു തന്നു് പട്ടണത്തിനു പുറത്തയച്ചു. ഏതോ ജമിന്ദാർ ഒരു സ്ക്കൂൾ തുടങ്ങുന്നുണ്ടായിരുന്നു, അങ്ങോട്ടു്. അവിടെ എല്ലാവരും കൈവേലകൾ പഠിക്കണം—നെയ്ത്തു്, മരപ്പണി, ഇരുമ്പുപണി, ചൂരൽവേല മുതലായവ.

ഞാൻ ചൂരൽപ്പണിയുടെ മാസ്റ്ററായി. മാസം ഇരുപതുരൂപ കിട്ടും. എസ്. ഡി. ഓ. സാഹിബ്ബ് പറഞ്ഞിരുന്നു, ജയിലിൽക്കിടന്ന വിവരം ആരോടും പറയരുതെന്നു്. ഞാൻ ഉള്ളാലെ ചിരിച്ചു. മുദ്രവീണ കള്ളന്മാരുടെ ദേഹത്തു് ജയിലിൻെറ ഗന്ധമുണ്ടാകും. ഇക്കാര്യം അദ്ദേഹത്തിനു് അറിഞ്ഞുകൂടാ. ചെറുപ്പമല്ലേ?

ഒരുമാസത്തിനകം, പോലീസുകാർവഴി എല്ലാവരും വിവരമറിഞ്ഞു. വിദ്യാർത്ഥികൾ പറഞ്ഞു, ജയിലിൽക്കിടന്ന

കള്ളന്റെയടുത്തു് പഠിക്കാൻ സാദ്ധ്യമല്ലെന്നു്. എനിക്കു മനസ്സിലായി, ജോലിപോകുമെന്നു്. അറിയാതെ മാറിക്കളയാൻ വിചാരിച്ചിരിക്കുമ്പോൾ, ജമിന്ദാരുടെ മകളുടെ കഴുത്തിലെ മാല കുളക്കടവിൽവെച്ചു നഷ്ടപ്പെട്ടു. പോലീസുകാർ എന്നെ പിടികൂടി. അടിയും കുറേക്കൊണ്ടു. പക്ഷേ, ജമിന്ദാർ കേസിനു പോയില്ല. എന്നെ വിളിച്ചു് ഒരുമാസത്തെ ശമ്പളം അധികം തന്നിട്ടു് കണ്ണുമിഴിച്ചുകൊണ്ടു ചോദിച്ചു: "എന്റെ ചെരുപ്പു കണ്ടോ?"

ഞാൻ തലയാട്ടിപ്പറഞ്ഞു: "ഉവ്വ്."

"എന്നാൽ സൂക്ഷിച്ചോ! എന്റെ ജമിന്ദാരിയുടെ അതിർത്തിക്കുള്ളിൽ കാലുകുത്തിയാൽ ഇതുകൊണ്ടു് മുതുകത്തെ തൊലിയുരിക്കും, മനസ്സിലായോ?"

ഇത്തവണയും തലയാട്ടിപ്പറഞ്ഞു: "ഉവ്വ്."

ജമിന്ദാർ കാവൽക്കാരനെ വിളിച്ചു.

അവൻ വന്നു് എന്നെ ചെവിക്കുപിടിച്ചു പുറത്തുകൊണ്ടുപോയി. പോകുമ്പോൾ ജമിന്ദാർ പറയുന്നതു കേട്ടു: "ഇങ്ങനെയുമുണ്ടല്ലോ ഒരു ഭ്രാന്തൻ എസ്. ഡി. ഓ. സ്കൂളിൽ മാസ്റ്ററെ വേണമെന്നു പറഞ്ഞപ്പോൾ അയച്ചിരിക്കുന്നു, ഒരു പഠിച്ച കള്ളനെ."

ജോലിചെയ്തു ജീവിക്കാമെന്ന ആശ അന്നുപേക്ഷിച്ചു. ഉടനെ സ്വന്തംവഴി നോക്കി. സ്റ്റേഷനിൽവെച്ചുതന്നെ ഒരു കേസു കിട്ടി. പോക്കററുനിറച്ചുകൊണ്ടു് കല്ക്കത്തയിലെത്തി. കുറച്ചുദിവസത്തിനകം ഈ പഴയ ജയിലിൽ എത്തുകയും ചെയ്തു.

ഞാൻ പറഞ്ഞു: "രക്ഷപ്പെട്ടു, അല്ലേ?"

"അതുപിന്നെ പറയാനുണ്ടോ?" റഹിം മറുപടി പറഞ്ഞു: "പുറത്തുകഴിയുന്ന ഏതാനും ദിവസം, അന്യരുടെ വീട്ടിലാണെന്നു തോന്നും. സ്വന്തം വീടു് ജയിൽതന്നെ."

"അതു ശരി. ഞാൻ കുഴപ്പത്തിൽ ചാടുമെന്നു പറഞ്ഞല്ലോ, അതെന്താ?"

റഹിം പറഞ്ഞു: "ആങ്, ആ കാര്യം പറയാൻ വിട്ടു. കൽക്കത്തയിൽ വരുന്നതിനു കുറച്ചുദിവസംമുമ്പു് ഒരാൾ പറഞ്ഞറിഞ്ഞു, എസ്. ഡി. ഓ. സാഹിബ്ബിന്റെ ജോലി കുഴപ്പ

ത്തിലായെന്നു്. പഴയ ഒരു കള്ളനെ പോലീസുകാരുടെ പിടിയിൽനിന്നു വിട്ടുവിച്ചു് സ്വന്തംവീട്ടിൽ താമസിപ്പിച്ചു, സ്കൂളിൽ ജോലിവാങ്ങിക്കൊടുത്തു എന്നൊക്കെയാണു കുറ്റം. അദ്ദേഹമിപ്പോൾ എസ്. ഡി. ഓ. അല്ല. വെറും മജിസ്ട്രേട്ട്. എവിടേക്കോ സ്ഥലംമാററുകയും ചെയ്തു. അതാണു പറഞ്ഞതു്, പഴയ കള്ളൻെറ ദോഷം പലതാണു്. അങ്ങു് ഇത്തരം ഗുലുമാലിലൊന്നും ചാടരുതു്. ഒരു ആപത്തുണ്ടാകാൻ എത്ര നേരം വേണം?''

റഹിം പോയി. അവൻെറ വാക്കുകൾ വളരെനേരം മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. പലതും പറഞ്ഞകൂട്ടത്തിൽ അവൻ പറഞ്ഞിരുന്നു: ''ഞങ്ങൾ മുദ്രയടിക്കപ്പെട്ടവരാണു്. ഈ മുദ്ര എന്നെങ്കിലും മായുമോ?''

എനിക്കു് ഉത്തരം പറയാൻ കഴിഞ്ഞില്ല. ഒരുപക്ഷേ, ഈ ചോദ്യത്തിനു് ഉത്തരമില്ലായിരിക്കാം. ഇടയ്ക്കു തോന്നും, മുദ്രയടിക്കപ്പെട്ടതു് അവരല്ല, മുദ്ര വീണിട്ടുള്ളതു് നമ്മുടെ കണ്ണിലാണു്, നമ്മുടെ മനസ്സിലാണു്. അവരെ നോക്കുന്ന കണ്ണിലും അവരെപ്പററി ഓക്കുന്ന മനസ്സിലുമാണു് മുദ്രയുള്ളതു്. നാം മാന്യന്മാരാണു്, പരിഷ്കൃതരാണു്, നല്ലവരാണു്. ഇന്നയാൾ ഒരിക്കൽ ജയിലിലെ എണ്ണച്ചക്കു തിരിച്ചിട്ടുണ്ടെന്നു് നാമൊരിക്കലും മറക്കുന്നില്ല. സമുദായത്തിലെ ഏതു തട്ടും ഏതു സ്ഥാനവും ഉപേക്ഷിച്ചാണോ അവൻ പോയതു്, അവിടെ തിരിച്ചെത്താൻ അവനെ ഒരിക്കലും അനുവദിക്കുന്നില്ല. ഒരിക്കൽ പോയവൻ, എന്നെന്നേക്കും പോയതുതന്നെ. അവൻെറ തലയിൽ വീണ വര, നമ്മുടെ കണ്ണിൽ ഒരിക്കലും മായുകയില്ല.

വളരെക്കാലം മുമ്പത്തെ ഒരു സംഭവം ഓമ്മവന്നു. അന്നു ഞാൻ കാളേജിൽ പഠിക്കുകയാണു്. സാഹിത്യസമാജത്തിൻെറ കാര്യം സംബന്ധിച്ചു് പ്രസിദ്ധ ആഖ്യായികാകാരനായ ശരത്ചന്ദ്രചാററർജിയെ സന്ദർശിക്കാൻ അക്കാലത്തു ഭാഗ്യമുണ്ടായി. ഒരു മണിക്കൂറോളം ഞാൻ അദ്ദേഹത്തിൻെറ കൂടെ കഴിച്ചുകൂട്ടി. അദ്ദേഹം സൃഷ്ടിച്ച പതിതകളായ കഥാപാത്രങ്ങളെക്കുറിച്ചു് ഞാനെന്തോ ചോദിച്ചു. അദ്ദേഹം പെ

ട്ടെന്നു ഗൗരവഭാവം പൂണ്ടു. തീക്ഷ്ണമായ കണ്ണുകൾ എന്തുകൊണ്ടോ ഉദാസമായി. പെട്ടെന്നു് വളരെ ദൂരെ പോയതുപോലെ. എവിടേക്കോ അലക്ഷ്യമായി നോക്കിക്കൊണ്ടു് മൃദുസ്വരത്തിൽ പറഞ്ഞു: "പതിത! അതെ, അവരെക്കുറിച്ചു് ധാരാളം എഴുതിയിട്ടുണ്ടു്. അതെന്താണെന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷേ, ഞാനത്തരം വളരെപ്പേരെ അറിയുന്നതുകൊണ്ടായിരിക്കാം. ഉന്നതസമുദായങ്ങളിലില്ലാത്ത പലതും അവക്കുള്ളതു് ഞാൻ കണ്ടു. ത്യാഗം, ധർമ്മം, ദയ, പ്രേമം, കരുണ എല്ലാം. മനുഷ്യത്വമെന്നു പറയുന്നതു് അവരുടെയിടക്കു് ഒട്ടും കുറവല്ല."

അല്പം നിത്തിയിട്ടു് കരുണാർദ്രസ്വരത്തിൽ അദ്ദേഹം തുടൻ: "കൂടാതെ, ഏതെങ്കിലും മനുഷ്യനിൽ മുഴുവൻ കറുപ്പേ ഉള്ളൂ, ഒരു redeeming feature-ം ഇല്ല എന്നു വിചാരിക്കാൻ എനിക്കു പ്രയാസമുണ്ടു്, അതെനിക്കു സാദ്ധ്യമല്ല."

പുറത്തു് ഇരുട്ടു് പരന്നുകൊണ്ടിരുന്നു. ആരും അടുത്തെങ്ങുമില്ല, ഒരു കൊച്ചു വരാന്തയിൽ അദ്ദേഹവും ഞങ്ങൾ രണ്ടു യുവവിദ്യാത്ഥികളും മാത്രം. ഞങ്ങളുടെനേരെ നോക്കാതെ, വളരെയൊക്കെ ആത്മഗതമെന്നപോലെയാണു് അദ്ദേഹം ഈ വാക്കുകൾ പറഞ്ഞതു്. ഇന്നു്, ഇത്രകാലത്തിനുശേഷം, ഹതഭാഗ്യനായ, മുദ്രകുത്തപ്പെട്ട കള്ളൻ റഹിം ഷേയ്ക്കിനെ നോക്കിയിരുന്നപ്പോൾ, മനുഷ്യൻെറ വേദനകൾ കഥകളിൽ പകത്തിയ ആ മഹാശില്പിയുടെ വാക്കുകൾ ഓത്തുപോയി. ഞാനാലോചിക്കുകയാണു്, ഇവരും കറുത്തതാണോ? ഇവരിലെങ്ങും ഒരു redeeming feature ഇല്ലേ?

ശതാബ്ദങ്ങൾക്കപ്പുറംനിന്നു് തോമസ് ഹാർഡിയുടെ മാനസപുത്രിയായ ടെസ്സിൻെറ ശബ്ദം ഞാൻ കേൾക്കുന്നു. ഒരു രാത്രിയിലെ ഒരു നിമിഷത്തെ ദൗബ്ബല്യം അവളുടെ ജീവിതത്തിൽ അപമാനവും കളങ്കവും അഭിശാപവും നിറച്ചു. ആ വ്രണം ജീവിതം മുഴുവൻ ഉണങ്ങാതിരുന്നപ്പോൾ അവളുടെ കണ്ഠത്തിൽനിന്നു് ഒരു കഠിനപ്രശ്നം മുഴങ്ങി: "The recuperative power of nature is denied to maidenhood alone?" നിരന്തരം നശീകരണവും നിമ്മാണവുമാണു് പ്രകൃതിയുടെ ലീല. ഒടിഞ്ഞ വൃക്ഷശാഖയുടെ ചുവട്ടിൽ പുതിയ മുള പൊട്ടിവരുന്നു. എത്ര

വലിയ പുത്രശോകവും, കാലം കഴിയുമ്പോൾ മാതാവിൻെറ ഹൃദയത്തിൽനിന്നു മായുന്നു. അശ്രുധാര വററുന്നു, മന്ദഹാസം മടങ്ങിവരുന്നു. പക്ഷേ, മുഹൂർത്തനേരത്തേക്കു നഷ്ടപ്പെട്ട കന്യകാത്വത്തിൻെറ ഇരുണ്ട രേഖ ഒരിക്കലും മായുകയില്ലേ? പ്രകൃതിയുടെ കുററമററ സഞ്ജീവനശക്തി ഇവിടെമാത്രം വ്യർത്ഥമെന്നോ?

ടെസ്സിനു് ഈ ചോദ്യത്തിനു് ഉത്തരം ലഭിച്ചോ എന്നറിഞ്ഞുകൂടാ. പക്ഷേ, റഹിമിൻെറ പ്രശ്നത്തിനു് ഇന്നും ഉത്തരം നല്കപ്പെട്ടിട്ടില്ല. ഇരുമ്പുയവനികകളുള്ളിൽ നൂറുനൂറു റഹിംമാരുടെ കണ്ണിൽ ഈ ചോദ്യം പൊട്ടിവിടരുന്നു—ഞങ്ങളുടെ ഈ മുദ്ര ഒരിക്കലും മായുകയില്ലേ?

ഹൃദയം നിറയെ വേദനയുമായി തോമസ് ഹാർഡിയോ ശരത്ചന്ദ്രനോ മടങ്ങിവന്നാൽ, ഒരുപക്ഷേ, ഒരു ദിവസം ഇതിനുത്തരം കിട്ടിയേക്കും.

പതിനഞ്ചു വർഷം കഴിഞ്ഞുള്ള കഥയാണു്. ഇതിനിടെ ഏഴെട്ടു ജയിലുകളിൽ ചുററിക്കറങ്ങി കൽക്കത്തയിൽ തിരിച്ചെത്തിയിരുന്നു ഞാൻ. കഴിഞ്ഞ വർഷം മകൾ ബിനുവിനെ വിവാഹം കഴിച്ചുകൊടുത്തു. അവളുടെ ശ്വശുരഗൃഹത്തിലേക്കു് ചില സമ്മാനങ്ങൾ കൊടുത്തയക്കണം. അതിൻെറ ഏർപ്പാടുകളിൽ മുഴുകിയിരിക്കുകയാണു്. വീട്ടുകാരിക്കു നിർബ്ബന്ധം, ഒരു കുട്ട നല്ല മാമ്പഴം വാങ്ങണമെന്നു്. ഞാൻ ഉച്ചവെയിലത്തു് ചന്തയിൽ ചെന്നു. വലിയ തിരക്കു്. പല കടകളിൽ കയറിയിറങ്ങി, ഇഷ്ടപ്പെട്ട ഒരു കുട്ട മാങ്ങയ്ക്കു വില കൊടുക്കാൻ പോകുകയായിരുന്നു. കുഴപ്പംതന്നെ, പേഴ്സ് എവിടെ? വീണ്ടും വീണ്ടും എല്ലാ പോക്കററും വൃഥാ തപ്പിനോക്കി. മാങ്ങയുടെ കാര്യം പോകട്ടെ. വീട്ടിലേക്കു മടങ്ങാൻ ട്രാംകൂലിപോലുമില്ല. ഞാൻ ഹാരിസൺ റോഡിൽ ഫുട്പാത്തിലൂടെ കിഴക്കോട്ടു നടന്നു.

''സലാം, ഏമാനേ!''

ഞാൻ ഞെട്ടിപ്പോയി. ശബ്ദം പരിചിതമാണു്. നോക്കിയപ്പോൾ കറുത്ത ഒരു താടിക്കാരനാണു്. ചുരുണ്ട തലമുടി.

"ആരു്? റഹിം!"

"അതെ എമാനേ, പാവത്തിനെ മറന്നില്ലല്ലോ."

"സുഖമല്ലേ, റഹിം?"

"നിങ്ങളുടെയൊക്കെ ദയകൊണ്ടു് സുഖംതന്നെ."

എന്നെ സൂക്ഷിച്ചുനോക്കിയിട്ടു് അവൻ ചോദിച്ചു: "സാറു വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ? സുഖമില്ലേ?"

ഏതാണ്ടു് അൻപതു രൂപയുണ്ടായിരുന്ന പേഴ്സിൽ. ഞാൻ വളരെ പരിഭ്രാന്തനായിരുന്നു. എത്ര ശ്രമിച്ചിട്ടും അതു മറക്കാൻ സാധിച്ചില്ല. ഞാൻ പറഞ്ഞു: "സുഖംതന്നെ. പക്ഷേ—"

റഹിം ആഗ്രഹപൂർവ്വം കാത്തുനിന്നു. ഞാൻ ചിരിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: "എന്റെ പേഴ്സ് പോയി."

റഹിം വിഷമത്തോടെ ചോദിച്ചു: "എപ്പോൾ? എവിടെവെച്ചു്?"

ഞാൻ പറഞ്ഞു: "ഈ മാമ്പഴച്ചന്തയിൽവെച്ചു്. അരമണിക്കൂറായിക്കാണും."

റഹിം ഉടനെ പറഞ്ഞു: "സാർ ഇവിടെ നിൽക്കൂ. ഞാനിപ്പോൾ വരാം." എന്നു പറഞ്ഞു് ഓടിപ്പോയി.

ഞാനവിടെ കാത്തുനിന്നു. പതിനഞ്ചു മിനിട്ടു്, ഇരുപതു മിനിട്ടു്, അര മണിക്കൂർ. പെട്ടെന്നു് ഉള്ളിൽ തോന്നി— എന്താ ഞാൻ കാണിക്കുന്നതു്? ഒരു പഴയ കള്ളന്റെ വാക്കു കേട്ടു് വഴിവക്കിൽ നിൽക്കുക. അതും ഞാൻ—ഒരുന്നതസർക്കാരുദ്യോഗസ്ഥൻ. കാൽ മുമ്പോട്ടു വെയ്ക്കാൻ തുടങ്ങുമ്പോൾ റഹിം ഓടിയെത്തി. പോക്കററിൽനിന്നു് രണ്ടു പേഴ്സ് എടുത്തു കാണിച്ചുകൊണ്ടു ചോദിച്ചു: "ഏതാണെന്നു നോക്കൂ, അങ്ങയുടെ."

ഞാൻ എന്റെ പേഴ്സ് എടുത്തു.

റഹിം പറഞ്ഞു: "തുറന്നുനോക്കൂ, എല്ലാം ഭദ്രമല്ലേയെന്നു്."

ഞാൻ നോക്കി. എല്ലാം ഭദ്രം. എന്റെ വിസ്മയത്തിനു് അതിരുണ്ടായിരുന്നില്ല. ഞാൻ ചോദിച്ചു: "എവിടെ കിട്ടി?"

റഹിം ചിരിച്ചുകൊണ്ടു പറഞ്ഞു: "അതൊരു വലിയ

കഥയാണു്, സാർ. അങ്ങേയ്ക്കു മനസ്സിലാകുകയില്ല. പുതിയ ചെറുക്കനാണു്. അങ്ങേയ്ക്കറിയുകയില്ല. എങ്കിലും വളരെ വിശ്വാസമാണെനിക്കു്. ഒന്നും എടുത്തിട്ടില്ല, മുഴുവൻ തിരിച്ചുതന്നു. സർദാറിൻെറ അടുത്തുചെന്നു് അങ്ങേയുടെ കാര്യം പറഞ്ഞയുടനെ എടുത്തുതന്നു. അയാൾക്കു വലിയ വിഷമമായിപ്പോയി. ഇല്ലെങ്കിൽ ഇങ്ങോട്ടു വന്നേനെ. ബാബുവിനോടു് മാപ്പു ചോദിക്കണമെന്നു പറഞ്ഞാണയച്ചതു്.''

ഞാൻ ഒരു പത്തുരൂപാനോട്ടെടുത്തു് റഹിമിനു കൊടുക്കാൻ തുടങ്ങി. അവൻ നാക്കു കടിച്ചു് കൈകൂപ്പിക്കൊണ്ടു് രണ്ടടി പിന്നാക്കം മാറിനിന്നു. പിന്നീടു് എൻെറ കാൽ തൊട്ടുകൊണ്ടു പറഞ്ഞു: ''ഞങ്ങളുടെ കുററം വർദ്ധിപ്പിക്കരുതു്, എജമാനെ.''

എനിക്കു് കൂടുതൽ നിർബ്ബന്ധിക്കാൻ കഴിഞ്ഞില്ല. റഹിം ചോദിച്ചു: ''മാമ്പഴം വാങ്ങാൻമാത്രം വന്നതാണോ, ഇത്രദൂരെ?''

''അതെ. മൂത്ത മകളുടെ ഭർത്താവിൻെറ വീട്ടിൽ കൊടുക്കാനാണു്.''

റഹിം പറഞ്ഞു: ''ഇവിടെ മാമ്പഴം വാങ്ങുന്നതു് അങ്ങാണോ? വരൂ, ഞാൻ വാങ്ങിത്തരാം.''

എൻെറ ഉത്സാഹം നഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടു പറഞ്ഞു: ''പോട്ടെ, ഇനി അവിടെനിന്നെങ്ങാനും വാങ്ങാം.''

റഹിം പറഞ്ഞു: ''അങ്ങു് ചന്തയിൽ കടക്കണ്ട. ആ വളവിൽ വന്നു നിന്നാൽമതി. ഞാൻ അഞ്ചുമിനിട്ടിനകം വന്നേക്കാം.'' എന്നു പറഞ്ഞു് എന്റെ അനുമതിക്കു കാത്തുനില്ക്കാതെ അവൻ പോയി.

പത്തുമിനിട്ടിനകം ഒരു കൂലിക്കാരനെക്കൊണ്ടു് രണ്ടു കൊട്ട മാമ്പഴം എടുപ്പിച്ചു് റഹിം എത്തി. അതു് ഒരു കുതിരവണ്ടിയിൽ വയ്പിച്ചു് വണ്ടിക്കാരനോടു പറഞ്ഞു: ''ബാബുവിനെ കൊണ്ടുപോയിട്ടുവാ.''

ഞാൻ മാമ്പഴത്തിൻെറ വില ചോദിച്ചു. റഹിം വീണ്ടും കൈകൂപ്പി. ദേഷ്യസ്വരത്തിൽ ഞാൻ പറഞ്ഞു: ''വേണ്ട, വേണ്ട. അതെന്തിനാ? വെറുതെ നീയെന്തിനാ ഇത്രയും രൂപ കളയുന്നതു്? ഞാനെന്തിനാ അതു വാങ്ങുന്നതും?''

റഹിം സങ്കോചപൂർവ്വം പറഞ്ഞു: "അങ്ങേയ്ക്കു തന്നതല്ല, ഏമാനേ. എന്റെ ബിനുമോൾക്കു കൊടുത്തതാണ്. അതിനെ ഞാൻ പണ്ടു് കുഞ്ഞായിരുന്നപ്പോൾ കണ്ടിട്ടുണ്ടു്. അങ്ങയുടെ വേലക്കാരൻ ഗേററിനടുത്തു് കൊണ്ടുവരുമായിരുന്നു. അന്നു് രണ്ടു വയസ്സേ ഉള്ളൂ. സ്വർഗ്ഗത്തിലെ മാലാഖയെപ്പോലെ. എൻെറ ആ കൊച്ചു ബിനുമോൾ ഇപ്പോൾ വലുതായിപ്പോയി. കല്യാണം കഴിഞ്ഞു. പാവം റഹിമിനു് വേറെ എന്തു കൊടുക്കാൻ കഴിയും? അതുകൊണ്ടു് രണ്ടു മാമ്പഴം കൊടുത്തു."

അവൻെറ തൊണ്ടയിടറി. കണ്ണു് നനഞ്ഞു.

മാങ്ങയുടെ വില കൊടുക്കാൻ എനിക്കു സാധിച്ചില്ല.

വീട്ടിലെത്തിയപ്പോൾ വണ്ടിക്കൂലി കൊടുക്കാൻ തുടങ്ങി. വണ്ടിക്കാരൻ തൊഴുതുകൊണ്ടു പറഞ്ഞു: "കൂലി കിട്ടിക്കഴിഞ്ഞു, സാർ."

"എങ്ങ്? ആരു തന്നു?"

"റഹിം."

"വേണ്ട, വേണ്ട. അതു പററില്ല. അതു തിരിച്ചു കൊടുത്തേക്കു്. കൂലി നീ വാങ്ങാതെ ഒക്കുകയില്ല."

വണ്ടിക്കാരൻ ഭയത്തോടെ പറഞ്ഞു: "എന്താ സാർ പറയുന്നതു്? ഈ റഹിമിനെ അങ്ങേയ്ക്കറിഞ്ഞുകൂടേ? ഇതു് വാങ്ങിയാൽ എന്നെ അവൻ ജീവനോടെ കബറടക്കിക്കളയും."

## പതിന്നാല്

പ്രാണിശാസ്ത്രമനുസരിച്ചു് ചെമ്മീൻ മത്സ്യമല്ലെന്നു കേട്ടിട്ടുണ്ടു്. എന്നെപ്പോലെ ശാസ്ത്രജ്ഞാനമില്ലാത്ത മത്സ്യഭോജികളെ സംബന്ധിച്ചിടത്തോളം ഇതു വിസ്മയകരമാണെന്നു പറയേണ്ടല്ലോ. പക്ഷേ, ഇതിലുമധികം വിസ്മയം തോന്നാൻ ഒരിക്കൽ കാരണമുണ്ടായി. ഇൻസ്പെക്ടർ ഭൂതനാഥ്, ഇൻസ്പെക്ടറല്ലെന്നു കേട്ട ദിവസമാണതു്. ഇതൊരു വാർത്തയല്ല, കണ്ടുപിടിത്തമായിരുന്നു. എല്ലാവരും 'ഇൻസ്പെക്ടർ ഭൂതനാഥ്'

എന്നുമാത്രം വിളിക്കാറുള്ളയാൾ വെറുമൊരു ഹെഡ്കാൺസ്റ്റബിൾ ആണെന്നു വിചാരിക്കാൻപോലും എനിക്കു പ്രയാസം തോന്നി.

ഭൂതനാഥ് ആജ്ഞാപിച്ചാൽ പുലിയും പശുവും ഒരു തൊട്ടിയിൽനിന്നു വെള്ളം കുടിക്കും. എന്നുവച്ചാൽ, പശുമോഷ്ടാവായ ഫസ്ലഷേയ്ക്കും പുലിവേട്ടക്കാരനായ ജമിന്ദാർ കാലുചൗധുരിയും ഒരേ വിലങ്ങു കൈയിലും ഒരേ കയർ അരയിലും കെട്ടി ഒരുമിച്ച് കോടതിയിൽ ഹാജരാക്കപ്പെട്ടും. ഇൻസ്പെക്ടർ ഭൂതനാഥിനു വലുപ്പച്ചെറുപ്പവ്യത്യാസമില്ല. അദ്ദേഹത്തിൻെറ ശുഭദൃഷ്ടി ഒരിക്കൽ ആരുടെയെങ്കിലും മേൽ പതിച്ചാൽ, എത്രതന്നെ സ്ഥാനമാനങ്ങളും സമ്പത്തും ഉണ്ടായാലും ശരി, അയാൾക്കു ജയിലിലെ വായു ശ്വസിക്കേണ്ടിവരും തീർച്ച. എത്രതന്നെ സമർത്ഥനായ മജിസ്ട്രേട്ടു വന്നാലും, ഭൂതനാഥിൻെറ പുള്ളികളെ വെറുതെ വിട്ടതായി കേട്ടിട്ടില്ല.

ഈ ഭൂതനാഥ്ഘോഷാലിനെ എനിക്കു പരിചയമുണ്ടായിരുന്നില്ല. സന്ദർഭവശാലാണു കണ്ടുമുട്ടിയതു്. ഞാൻ ആപ്പീസിലിരുന്നു ജോലിചെയ്യുന്നു. ഭാരിച്ച ബൂട്ട്സിൻെറ ഒച്ച കേട്ടു തലപൊക്കി നോക്കി. എൻെറ മേശയുടെ മറുവശത്തു് കസേരയിൽ വന്നിരുന്ന മാന്യനു പൊക്കം ആറടിവരും. ചുറ്റളവു് മൂന്നടിയും. ഞാൻ ജിജ്ഞാസയോടെ നോക്കിയ ഉടനെ അടുത്തുനിന്ന പോലീസുദ്യോഗസ്ഥൻ പരിചയപ്പെടുത്തി. അദ്ദേഹം തൊപ്പി ഊരിയതും തലയിലെ വിശാലമായ കഷണ്ടി മിന്നിത്തിളങ്ങി. ഞാൻ സസംഭ്രമം നമസ്കാരം പറഞ്ഞു: "ഓ, നിങ്ങളാണോ, മിസ്റ്റർ ഘോഷാൽ? കണ്ടതിൽ വളരെ സന്തോഷം."

"സന്തോഷം!" മച്ചു പൊളിയുംവിധം പൊട്ടിച്ചിരിച്ചു ഭൂതനാഥ്. "എന്നെക്കണ്ടതിൽ ആക്കെങ്കിലും സന്തോഷമുണ്ടായതായി കേൾക്കുന്നതു് ആദ്യമാണു്. ഈ രൂപം കണ്ടാൽ ആളുകളുടെ ഉള്ളു് ആന്തുമെന്നാണു് ഇത്രനാളും വിചാരിച്ചിരുന്നതു്," എന്നുപറഞ്ഞിട്ടു് അദ്ദേഹം തടിച്ച ഒരു ചുരുട്ടെടുത്തു കത്തിച്ചു പുകവിട്ടു.

ഭൂതനാഥ് പറഞ്ഞതു് അതിശയോക്തിയല്ല. നീണ്ടുവളഞ്ഞ മൂക്കു്, അതിൻെറ താഴെ പിരിച്ചുവച്ച കൊമ്പൻമീശ,

ചുവന്നുരുണ്ട കണ്ണുകൾ, മുറുക്കാൻകറയും ചുരുട്ടിന്റെ പുകയും പിടിച്ച തടിയൻചുണ്ടുകൾ, നീണ്ടു വിരിഞ്ഞ ഏതാനും കോന്ത്രമ്പല്ലു്, അവയ്ക്കു ചുവടെ വീതിയേറിയ താടിയും. ഇവ ചേൎന്ന ആകൃതി തീർച്ചയായും ആനന്ദദായകമല്ല, ആതങ്കജനകമാണു്. പക്ഷേ, പരിചയപ്പെട്ടുന്ന ഉടനെ ഒരാളോടു നാം പറയാറില്ലല്ലോ, നിങ്ങളെ കണ്ടതിൽ വലിയ പേടിയുണ്ടെന്നു്.

ചുരുട്ടു് ഏതാനും തവണകൂടി വലിച്ചിട്ടു് അദ്ദേഹം കൂടെവന്ന ആളോടു പറഞ്ഞു: "എവിടെ, ആ കടലാസ് ഇങ്ങെടുക്കു്."

കൂട്ടുകാരൻ ഒരു കടലാസ് എൻെറ മുമ്പിൽ വച്ചു. ഒരു തടവുകാരനെ കണ്ടു സംസാരിക്കാനുള്ള അപേക്ഷയാണു്. ഞാനതിൽ സൂക്ഷിച്ചുനോക്കുന്നതുകണ്ടു് ഭൂതനാഥ് തലയാട്ടിക്കൊണ്ടു പറഞ്ഞു: "ഉണ്ടു സാറേ, ഉണ്ടു്. മജിസ്ട്രേട്ടിൻെറ ഒപ്പില്ലാതെയല്ല കൊണ്ടുവന്നിരിക്കുന്നതു്. അതൊക്കെ പണ്ടു നടക്കുമായിരുന്നു. തടവുപുള്ളികളെ ഇഷ്ടമുള്ളപ്പോഴൊക്കെ വന്നുകണ്ടിട്ടു്, ആവശ്യംപോലെ ഇറക്കി സ്റ്റേഷനിൽ കൊണ്ടുപോയിട്ടുണ്ടു്, സൗകര്യം കിട്ടുമ്പോൾ തിരിച്ചുകൊണ്ടുവന്നാക്കിയിട്ടുമുണ്ടു്. അനുവാദം പോയിട്ടു് ഒരു രസീതുപോലും ചോദിക്കുകയില്ല ജയിലർബാബുമാർ. ആ കാലമൊക്കെ പോയി. നിങ്ങൾ പുതിയ ആഫീസർമാർ. അതുകൊണ്ടു് ഞങ്ങളും ചട്ടമനുസരിച്ചേ പ്രവൎത്തിക്കാറുള്ളു. എവിടെ, നിങ്ങളുടെ മേററു് എവിടെപ്പോയി? ഒന്നു കല്പന കൊടുക്കൂ, ആ തെമ്മാടിയെ ഇവിടെ കൊണ്ടുവരാൻ. ഈ ജോലി തീൎന്നിട്ടു് ഒന്നു കോടതിയിൽ പോകണം."

ഇതുപറഞ്ഞു് അദ്ദേഹം കസേരയിൽ ആകുംപോലെ ചാരിയിരുന്നു.

തടവുപുള്ളി ഹാജരാക്കപ്പെട്ടു. തലയിൽ വെച്ചുകെട്ടു്, ദേഹം മുഴുവൻ വലിയ മുറിവുകളുണങ്ങിയ പാടുകൾ. രണ്ടരമാസം ആശുപത്രിയിൽ കിടന്നതിനുശേഷം ഒരുതരത്തിൽ എഴുന്നേററു നില്ക്കാറായിട്ടു കുറച്ചുദിവസമേ ആയുള്ളു. മേററിൻെറയും വേറൊരു പുള്ളിയുടെയും തോളിൽ താങ്ങിയാണു സാവധാനം നടന്നുവന്നു് ഇരുന്നതു്. ഭൂതനാഥ് അവൻെറ

മുഖത്തു തീക്ഷ്ണദൃഷ്ടി ഉറപ്പിച്ചുകൊണ്ടു ചോദിച്ചു: "നീയാണോ ബദരുദ്ദീൻ മുൻഷി?"

"അതേ, ഏമാനേ. കണ്ടിട്ടു മനസ്സിലാകുന്നില്ലേ?"

"എങ്ങനെ മനസ്സിലാകും? നിന്റെ ചരിത്രം ധാരാളം കേട്ടിട്ടുണ്ടു്. എങ്കിലും ഇതുവരെ നേരിൽക്കണ്ടിട്ടില്ല."

"അതെന്താ? ഏമാൻ എന്നെ കണ്ടിട്ടുണ്ടു്. ഒരിക്കലല്ല, രണ്ടുതവണ."

"രണ്ടുതവണയോ? ഞാനോക്കുന്നില്ലല്ലോ. എവിടെ വച്ചാ കണ്ടതു്?"

"ആദ്യം കണ്ടതു് 936–ലാണു്. കുഡുഗഞ്ജിൽ ഭുവൻഷായുടെ ഖജനാവിനടുത്തുവച്ചു്. ഞാൻ കൊള്ളചെയ്തിട്ടു് ഓടുകയായിരുന്നു. ഏമാന്റെ കൈത്തോക്കിന്റെ മുമ്പിൽ വന്നുചാടി. അങ്ങു വെടിവയ്ക്കുകയും ചെയ്തു. തലയ്ക്കു നേരെയാണു വച്ചതു്. പക്ഷേ, കൊണ്ടില്ല. ഈ ചെവിയുടെ മൂലയ്ക്കു് ഇത്തിരി തൊലി പോയി. എനിക്കു വലിയ കഷ്ടം തോന്നി. ചെവിയെക്കുറിച്ചല്ല, ഏമാനെക്കുറിച്ചു്. ഇത്ര സമർത്ഥമായ കൈകൊണ്ടു വച്ചവെടി ഉന്നംപിഴച്ചല്ലോ എന്നോർത്തു്."

ഭൂതനാഥ് ഉറക്കെ ചിരിച്ചു. "ഉന്നം പിഴച്ചതു നന്നായെന്നുതന്നെ പറയണം. ഇല്ലെങ്കിൽ ഇന്നെങ്ങനെ എന്നെ കാണും? ദൈവം ചെയ്യുന്നതെല്ലാം നല്ലതിനുതന്നെ, അല്ലേ?"

മുൻഷി കഠിനവും ഗംഭീരവുമായ ശബ്ദത്തിൽ മറുപടി പറഞ്ഞു: "ശരിയാണു്, ദൈവം ചെയ്യുന്നതെല്ലാം നല്ലതിൻതന്നെ."

മുറിയിലെ അന്തരീക്ഷം പെട്ടെന്നു മാറിയതുപോലെ. ഏതാനും നിമിഷനേരത്തേക്കു് ആരും ഒന്നും മിണ്ടിയില്ല. പിന്നീടു ഭൂതനാഥ് പഴയ കാര്യം തുടർന്നു: "ശരി, അതൊരു തവണ. പിന്നെ എവിടെ വച്ചാണു് നമ്മൾ കണ്ടതു്?"

"അതിനു കൃത്യം ഒരു വർഷത്തിനുശേഷം സോനാഡാങ്ങയിലെ രമേശ്ഡാക്കറുടെ വീട്ടിൽവച്ചു്. മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള കൊള്ള. അങ്ങു് ഒരുസംഘം പോലീസുകാരുമായി തയ്യാറുണ്ടായിരുന്നു. ബദർമുൻഷിയെയും സംഘത്തെ മുഴവനും വലയിൽപ്പെടുത്താനായിരുന്നു ഉദ്ദേശം. പക്ഷേ, കുറെ കുന്തങ്ങൾ പാഞ്ഞുവന്നപ്പോൾ അങ്ങയുടെ

സൈന്യം ഓടിക്കളഞ്ഞു. ഏമാൻ ഡാക്കറുടെ കുളത്തിൽ പായലിനടിയിൽ ഒളിച്ചു. എൻെറ ആൾക്കാർ വിചാരിച്ചതു് അങ്ങും ഓടിക്കളഞ്ഞെന്നാണു്. പക്ഷേ, വെള്ളത്തിൽ ഈ കൊമ്പൻമീശ പൊങ്ങിക്കിടക്കുന്നതു ഞാൻ കണ്ടിരുന്നു. കൈയിൽ കുന്തം ഉണ്ടായിരുന്നു. ഉപയോഗിച്ചില്ലെന്നു മാത്രം.''

അല്പം നിർത്തിയിട്ടു പരിഹാസം നിറഞ്ഞ ശബ്ദത്തിൽ മുൻഷി പറഞ്ഞു: ''ഇതുകൊണ്ടും മനസ്സിലാക്കാമല്ലോ, ദൈവം ചെയ്യുന്നതെല്ലാം നല്ലതിനാണെന്നു്.''

ഭൂതനാഥ്ബാബുവിൻെറ മുഖത്തു് അസ്വാസ്ഥ്യം പ്രകടമായിരുന്നു. മുൻഷിയും അതു ശ്രദ്ധിച്ചു. മുഖത്തു് ചിരി പരത്തിക്കൊണ്ടു് അയാൾ പറഞ്ഞു: ''പോട്ടെ, അതൊക്കെ പഴയ കഥകൾ. വെറുതെ അതുമിതും പറഞ്ഞു് അങ്ങയുടെ സമയം കളയുന്നില്ല. പാവത്തിനെ ഇപ്പോൾ പെട്ടെന്നു വിളിപ്പിച്ചതെന്തിനാണെന്നു കല്പിച്ചാട്ടെ.''

ഭൂതനാഥ് കസേരയിൽ ചാരിയിരുന്നു ചുരുട്ടു വലിക്കുകയായിരുന്നു. കട്ടപിടിച്ച പുകയുടെ മറവിൽ അദ്ദേഹത്തിന്റെ മുഖം കണ്ടപ്പോൾ, ആഷാഢമാസത്തിൽ മേഘം ഉരുണ്ടുകൂടുന്നതു് ഓർമ്മിച്ചുപോയി. അല്പനേരംകൂടി പുക വലിച്ചുകൊണ്ടിരുന്നിട്ടു് നേരെയിരുന്നുകൊണ്ടു് അദ്ദേഹം പറഞ്ഞു: ''നമ്മൾ കണ്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും രണ്ടുപേക്കും പരസ്പരം നല്ലപോലെ അറിയാമെന്നു് നിനക്കറിയാം, എനിക്കുമറിയാം. വാക്കുകൾകൊണ്ടു കസർത്തുകാണിച്ചിട്ടും ബുദ്ധികൊണ്ടു് അങ്കം വെട്ടിയിട്ടും ഫലമില്ല. നിന്നോടു പറയാനുള്ളതു ഞാൻ തുറന്നു പറയാം. നീയും അങ്ങനെതന്നെ ചെയ്യണം.''

''കസർത്തു് എനിക്കു വശമില്ല, ഏമാനേ, കൊലപാതകിയോ കൊള്ളക്കാരനോ ഒക്കെയാകാമെങ്കിലും ബദർ മുൻഷിയുടെ ഹൃദയം സരളമാണു്. ഇക്കാര്യം എൻെറ ശത്രുക്കൾ പോലും സമ്മതിക്കാതിരിക്കുകയില്ല.''

''ഞാനും അങ്ങനെ വിശ്വസിക്കുന്നു, മുൻഷി. ഈ വിശ്വാസത്തിൽത്തന്നെയാണു് നിന്നോടു് ഒരു സഹായമാവശ്യപ്പെടാൻ വന്നതു്.''

മുൻഷി വിസ്മയപൂർവ്വം ചോദിച്ചു: "സഹായമോ? എന്നോടോ?"

"അതെ, നിന്നോടുതന്നെ. ഇന്നേക്കു പതിനാലു വർഷമായി പോലീസ് നിന്നെ പിടികൂടാൻ നോക്കുന്നു. സാധിച്ചില്ല. പോലീസു മാത്രമല്ല, ജനങ്ങളും കുറച്ചൊന്നുമല്ല ശ്രമിച്ചതു്. നിൻെറ സംഘത്തെ പിന്തുടന്നവരിൽ മൂന്നുപേർ മരിച്ചിട്ടുണ്ടു്, അനേകം പേക്കു മുറിവേററിട്ടുമുണ്ടു്. കദംതലിമൈതാനത്തു മുന്നൂറു പേർ വളഞ്ഞിട്ടും അവസാനം നിന്നെ പിടിക്കാൻ സാധിച്ചില്ല. ആ ബദർമുൻഷിയെ അയാളുടെ ഒരിടിക്കു തകരാൻമാത്രമുള്ള ഒരു വിവാഹസംഘം പിടികൂടിയെന്നു പറഞ്ഞപ്പോൾ എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. നിന്നെ ഇവിടെ കണ്ടില്ലെങ്കിൽ ഞാനിപ്പോഴും വിശ്വസിക്കുകയുമില്ല. എങ്കിലും ഇങ്ങനെയൊക്കെ വന്നു. ഇതാണു് ലോകനിയമം. മഹാഭാരതത്തിലുണ്ടു്, വലിയ സവ്യസാചിയായ അജ്ജുനനുപോലും ഒരു ദിവസം ഗാണ്ഡീവം ഉയത്താൻ കഴിയാഞ്ഞ കഥ."

ബദർമുൻഷി പരുത്തസ്വരത്തിൽ പറഞ്ഞു: "അറിയാം."

"എന്നാൽ ഇങ്ങോട്ടു നോക്കു്. എല്ലാം വിധിയുടെ ലീലയാണു്. ഏതു ചാട്ടവും രണ്ടു ദിവസമേ ഉണ്ടാകൂ. പെട്ടെന്നൊരു ദിവസം എല്ലാം അവസാനിക്കും."

അല്പം നിത്തിയിട്ടു്, മുമ്പത്തെപ്പോലെതന്നെ സാവധാനം പറഞ്ഞു: "നിനക്കു സുഖമായതു നല്ലകാര്യംതന്നെ. ഒരുതരം പുനജ്ജന്മമെന്നുതന്നെ പറയാം. നിനക്കന്നു് ജീവൻ ബാക്കിയുണ്ടെന്നു് ആരും വിചാരിച്ചതല്ല."

മുൻഷി നിരുദ്ധകണ്ഠനായി പറഞ്ഞു: "ഇല്ലായിരുന്നു ഏമാനേ. ജയിലർ സാഹിബ്ബിന്റെ ദയകൊണ്ടാണു് ജീവൻ തിരിച്ചുകിട്ടിയതു്. അദ്ദേഹമാണെൻെറ പിതാവു്. എന്റെ ജന്മദാതാവു്—" ഇത്രയും പറഞ്ഞു് അയാൾ എൻെറ നേരേ നോക്കി.

ഭൂതനാഥ് പറഞ്ഞു: "അതെല്ലാം ഞാൻ കേട്ടിട്ടുണ്ടു്. പക്ഷേ, അദ്ദേഹത്തിൻെറ ദയകൊണ്ടു തിരിച്ചുകിട്ടിയ ജീവിതത്തിൻെറ ബാക്കിഭാഗവും അദ്ദേഹത്തെ ആശ്രയിച്ചുതന്നെ

കഴിക്കേണ്ടിവരുമെന്നു തോന്നുന്നു. കേൾക്കാൻ സുഖമുള്ളതല്ലെങ്കിലും ഈ സത്യം മനസ്സിലാക്കിയിരിക്കുന്നതു നന്ന്.''

മുൻഷി ചിരിച്ചുകൊണ്ടു പറഞ്ഞു: ''അതു് എന്നെ ഓമ്മപ്പെടുത്തണോ, ഏമാനേ? ഈ ജയിലിലെ മണ്ണിൽത്തന്നെ എൻെറ അവസാനനിദ്രയെന്നു് എനിക്കറിയാം. ഞാനതിനു തയ്യാറായിരിക്കുകയുമാണു്.''

ഭൂതനാഥ് ഉദാസസ്വരത്തിൽ പറഞ്ഞു: ''ഇതാണു് അവസാനം. ഇതേക്കുറിച്ചു നിനക്കു തെററായ ആശകളൊന്നുമില്ലതാനും. എങ്കിൽപ്പിന്നെ നിൻെറയൊപ്പം ഈ വഴിക്കു കൈകോർത്തു നടന്നവരെയൊക്കെപ്പററി എന്തിനു നിനക്കു സഹതാപം തോന്നണം? അവരെയും വിളിക്കു്. എല്ലാവരും അവനവൻെറ പങ്കു് അനുഭവിക്കട്ടെ.''

മുൻഷിയുടെ സംശയപൂർണ്ണമായ ദൃഷ്ടി ഭൂതനാഥിൻെറ മുഖത്തു പതിച്ചു. സാവധാനം അയാളുടെ ചുണ്ടിൽ, പഴയ പരിഹാസദ്യോതകമായ ആ ചിരി പ്രത്യക്ഷപ്പെട്ടു. അയാൾ ചോദിച്ചു: ''ഇതാണോ എന്നോടു ചോദിക്കാൻവന്ന സഹായം?''

''ചോദിക്കാൻ മാത്രമല്ല, മുൻഷി—'' ഭൂതനാഥ് ആഗ്രഹപൂർവ്വം പറഞ്ഞു: ''ആ സഹായം കിട്ടുമെന്ന വിശ്വാസത്തിലാണു വന്നതു്.''

''എന്നാൽ മനസ്സിലാക്കിക്കൊള്ളു. ഏമാൻ ബദർമുൻഷിയെ ശരിക്കു് അറിഞ്ഞിട്ടില്ല. നിങ്ങളുടെ വിലപിടിച്ച സമയം ഇത്രയേറെ നഷ്ടമായതിൽ എനിക്കു സങ്കടമുണ്ടു്.''

ഭൂതനാഥിൻെറ രൂപം പെട്ടെന്നു മാറി. തീക്ഷ്ണസ്വരത്തിൽ അദ്ദേഹം ചോദിച്ചു: ''എന്നുവെച്ചാൽ, സംഘത്തിലെ ആരുടേയും പേരു നീ പറയുകയില്ലെന്നാണോ?''

ഇതിനുത്തരമായി മുൻഷി ഒന്നു ചിരിച്ചു. പിന്നീടു് എഴുന്നേല്ക്കാൻ ഭാവിച്ചുകൊണ്ടു പറഞ്ഞു: ''കല്പിച്ചാൽ ഞാൻ എഴുന്നേററു പൊയ്ക്കൊള്ളാം. നിങ്ങളുടെ സമയം വെറുതെ പോകുകയാണു്. ആ നഷ്ടം കൂട്ടാൻ എനിക്കാഗ്രഹമില്ല... സലാം ഏമാനേ!''

ഭൂതനാഥ് തീവ്രമായ പരിഹാസസ്വരത്തിൽ പറഞ്ഞു:

"ഇൻസ്പെക്ടർ ഭൂതനാഥിൻെറ മുഷ്ടി തളർന്നിട്ടൊന്നുമില്ല. ഇക്കാര്യം മുൻഷി സാഹിബ്ബിനു് ഓർമ്മയുണ്ടോ എന്തോ?"

"തീർച്ചയായും ഉണ്ടു്. പക്ഷേ, മുഷ്ടിപ്രയോഗത്തിൻെറ ഫലം എല്ലാവരിലും ഒരുപോലെയാണോ ഏമാനേ?" ഇതു പറഞ്ഞു് അയാൾ സലാംചെയ്തുകൊണ്ടു് എഴുന്നേററു.

മുൻഷി പോയി കുറച്ചു കഴിഞ്ഞിട്ടും ഭൂതനാഥബാബു അനങ്ങിക്കണ്ടില്ല. അദ്ദേഹത്തിൻെറ മേഘാച്ഛന്നമായ മുഖത്തേക്കു നോക്കി കുട്ടകാരൻ പറഞ്ഞു: "ഞാൻ നേരത്തേ പറഞ്ഞില്ലേ സാർ, അവനോടു നല്ലവാക്കോതിയിട്ടു ഫലമില്ലെന്നു്. ശരിക്കു മരുന്നുചെയ്യണം. ഇനിയതിനു് ഏർപ്പാടു ചെയ്യാം."

ഭൂതനാഥ് അയാളുടെ നേരെ തുറിച്ചുനോക്കി. "അത്ര എളുപ്പമാണെന്നു വിചാരിക്കണ്ട. കുററസമ്മതം നടത്തുകയും അതേ സമയം കുട്ടകാരെ അകപ്പെടുത്താതെ നോക്കുകയും ചെയ്യുന്നവർ സാധാരണക്കാരല്ല."

ഞാൻ പറഞ്ഞു: "ഇവിടെ പറയുന്നതൊക്കെ കേട്ടിട്ടു് ആളൊരു മഹാപുരുഷനെപ്പോലെയുണ്ടല്ലോ. എന്നിട്ടു് എങ്ങനെ പിടിച്ചു അയാളെ?"

"മഹാപുരുഷനെപ്പോലെതന്നെ പിടി തന്നു." ഭൂതനാഥ് പറഞ്ഞു: "പിടിക്കുക മാത്രമല്ല, അടിച്ചു കൊല്ലാറാക്കുകകൂടി ചെയ്തു. അയാൾ എല്ലാം നിശ്ശബ്ദം സഹിച്ചു. എന്നിട്ടു് ഒരു ഏററുപറച്ചിൽ നടത്തി. കൊള്ള മാത്രമല്ല, കൊലപാതകവും ബലാൽസംഗവും. എല്ലാം വിസ്മയകരമായി തോന്നും. എന്തായാലും നിങ്ങൾ പറഞ്ഞതുപോലെ ആളൊരു മഹാൻതന്നെ. പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. എല്ലിനു ബലംവെച്ചാൽ ചാടിപ്പൊയ്ക്കളയും. പിന്നെ പൊടിപോലും കാണുകയുമില്ല."

ഇക്കാര്യത്തിൽ ജയിലിൽ മുൻകരുതലിനു് ഒരു കുറവും ഉണ്ടായിരുന്നില്ല. ഭൂതനാഥിൻെറ ഉപദേശമനുസരിച്ചു് ഏർപ്പാടുകൾ ഒന്നുകൂടി കഠിനമാക്കി.

ഈ സംഭവം കഴിഞ്ഞു് മാസമൊന്നു കടന്നുപോയി. മുൻഷിയെ വിശേഷിച്ചു് ഓർമ്മിക്കാൻ പുതുതായി ഒന്നും സംഭവിച്ചില്ല. അങ്ങനെയിരിക്കെ ഒരുദിവസം, സെൽബ്ലോക്കി

ലെ മേററ് വന്നുപറഞ്ഞു, മുൻഷി എന്നെ കാണാനാഗ്രഹി ക്കുന്നെന്നു്.

"എന്തിനു്?"

"അതവൻ ഏമാനോട്ടു പറയുകയേ ഉള്ളത്രേ."

ഞാൻ പറഞ്ഞു: "അയാളെ കൂട്ടിക്കൊണ്ടുവരാൻ."

മുൻഷി വന്നു് എൻെറ കാൽക്കലിരുന്നു. ഞാൻ ജിജ്ഞാസാപൂൎണ്ണമായ ദൃഷ്ടികളോടെ നോക്കി. അയാളൊന്നും പറഞ്ഞില്ല. ചുററും നോക്കി മടിച്ചു നിന്നു. ഉദ്ദേശം എനിക്കു മനസ്സിലായി. രണ്ടു ജോലിക്കാർ ആപ്പീസുമുറിയിൽ കാത്തുനില്പുണ്ടായിരുന്നു. ഞാനവരെ പറഞ്ഞയച്ചിട്ടു് പറഞ്ഞു: "ഉം, ഇനി പറ."

മുൻഷി എൻെറ കാൽതൊട്ടു് തലയിൽ വെച്ചുകൊണ്ടു പറഞ്ഞു: "ഒരു പുതിയ അപേക്ഷയുമായിട്ടാണു് ഇന്നു വന്നിരിക്കുന്നതു്."

"എന്താ അതു്?"

മുൻഷി അല്പമാലോചിച്ചു. എന്നിട്ടു് സ്വന്തം കൈകളിലേക്കു നോക്കിക്കൊണ്ടു് സാവധാനം പറഞ്ഞു: "എൻെറ ധാർഷ്ട്യം പൊറുക്കണം, സാർ. ജീവിതം മുഴവൻ ഈ രണ്ടു കൈകൊണ്ടു് വേണ്ടുവോളം കൊള്ളയടിച്ചു. അടിച്ചെടുത്തതുപോലെതന്നെ എല്ലാം ചെലവാക്കുകയും ചെയ്തു. ഒന്നും ബാക്കിയില്ല. അതുകൊണ്ടു് മനസ്സിനു് ഇന്നു് വളരെ സുഖമുണ്ടു്. ഒരു ഭാരംമാത്രം ബാക്കിയുണ്ടു്. അതും ഇന്നു് അങ്ങയുടെ കാല്ക്കൽവെച്ചു് തികച്ചും സ്വസ്ഥനാകാൻ ആഗ്രഹിക്കുന്നു."

കാൎയ്യം സ്പഷ്ടമാകാത്തതുകൊണ്ടു് ഞാൻ നിശ്ശബ്ദം കേട്ടുകൊണ്ടിരുന്നു.

മുൻഷി അല്പംകൂടി അടുത്തുവന്നു് കൈകൂപ്പിക്കൊണ്ടു പറഞ്ഞു: "പറയാൻ ധൈൎയ്യമില്ല. പറയാതെ നിവൃത്തിയുമില്ല. അയ്യായിരം രൂപ ഞാനൊരുസ്ഥലത്തു് ഒളിച്ചുവെച്ചിട്ടുണ്ടു്. അതു് ഞാനങ്ങയ്ക്കു തരാനാഗ്രഹിക്കുന്നു."

ഞാൻ വിസ്മയപൂൎവ്വം ചോദിച്ചു: "എനിക്കോ? ഞാനതുകൊണ്ടു് എന്തുചെയ്യാൻ?"

"ഇഷ്ടമുള്ളതു ചെയ്യു. എന്തെങ്കിലും നല്ലകാൎയ്യത്തിനു ചെലവാക്കണമെന്നുണ്ടു്. മരിക്കുമ്പോൾ ഓൎക്കാമല്ലോ, ബദരുദ്ദീൻ

കൊള്ളക്കാരൻെറ ജീവിതം മുഴുവൻ വെറുതെയായില്ലെന്നു്. ഈ പാപിയോടു് അങ്ങു് വളരെ ദയ കാണിച്ചിട്ടുണ്ടു്. അവസാനത്തെ ഈ ആഗ്രഹവും തള്ളിക്കളയല്ലേ?''

എനിക്കു് പെട്ടെന്നു മറുപടി പറയാൻ കഴിഞ്ഞില്ല. ഞാനും അയാളും തമ്മിലുള്ള ബന്ധംവെച്ചു നോക്കുമ്പോൾ, അയാൾ ഒളിച്ചുവച്ച സമ്പത്തു സ്വീകരിക്കുന്നതു് നിയമപരമല്ല. ധാർമ്മികമായും ശരിയല്ല അതു്. അയാളിങ്ങനെ അപേക്ഷിക്കുന്നതുതന്നെ അന്യായമായിത്തോന്നി. പക്ഷേ, അന്യരെ കൊള്ളയടിച്ചു കഴിയുന്ന ആ നരഹത്യക്കാരൻെറ മുഖത്തു കണ്ട ഭാവവും അയാളുടെ വേദനനിറഞ്ഞ സ്വരത്തിലുള്ള വാക്കുകളും വായിൽവന്ന കഠിനമായ ഉത്തരം തടഞ്ഞുനിത്തി. ഞാൻ ചോദിച്ചു: ''നിനക്കു് സ്വന്തക്കാരാരുമില്ലേ, ഇത്രയും വലിയ തുക ധർമ്മംകൊടുത്തുകളയാൻ?''

മുൻഷി ചിരിച്ചുകൊണ്ടു പറഞ്ഞു: ''സ്വന്തക്കാരോ, സ്വന്തക്കാർക്കു് കുറവുവല്ലതുമുണ്ടോ, സാർ? എല്ലാവരുമുണ്ടു്. മൂന്നു ബീബിമാർ, മക്കൾ, ബന്ധുക്കൾ, അവരുടെ കുട്ടികൾ. ആരാ ഇല്ലാത്തതു്? വിവരമന്വേഷിക്കാൻ ആരും വരുന്നില്ലല്ലോ എന്നു് അങ്ങു പറയുമായിരിക്കും. എന്നാലും അവരുണ്ടു്. എൻെറ കൈയിൽ കുറച്ചു രൂപകൂടി ഉണ്ടെന്നു കേട്ടാൽ എല്ലാവരും ജയിലിലേക്കു് ഓടിവരികയും ചെയ്യും. എന്നെക്കൂടി കരയിക്കത്തക്കവിധം അവർ നിലവിളിച്ചു കാണിക്കും. ഈ വയസ്സുകാലത്തു് എനിക്കു് ഇത്രയധികം സഹതാപം സഹിക്കാൻ വയ്യ.''

''ശരി, അവക്കു വേണ്ടെങ്കിൽ കൊടുക്കണ്ട. നിനക്കു തന്നെ പണത്തിൻെറ ആവശ്യം കുറച്ചല്ലല്ലോ. എത്ര വലിയൊരു കേസാ തലയിൽ?''

മുൻഷിയുടെ മുഖത്തു് മന്ദഹാസം പരന്നു. അയാൾ സാവധാനം പറഞ്ഞു: ''കേസിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കാനാണെങ്കിൽ ഇപ്പോൾ ഇവിടെ വരേണ്ട ആവശ്യംതന്നെ ഇല്ലല്ലോ സാർ.''

അതു ശരിയാണു്. ഭൂതനാഥ്ബാബു പറഞ്ഞതു് ഓർമ്മ വന്നു. മുൻഷി പിടികൊടുത്തതിലും കുററങ്ങൾ ഏറ്റുപറഞ്ഞതിലും എന്തോ രഹസ്യമുണ്ടു്. അതറിയാൻ കൗതുകം വളരെ

ഉണ്ടായെങ്കിലും അതേപ്പററി ഞാൻ എന്തെങ്കിലും ചോദിക്കുന്നതു് ഉചിതമല്ല എന്നു കരുതി മിണ്ടാതിരുന്നു. മുൻഷി അല്പനേരം കാത്തിരുന്നിട്ടു് ചോദിച്ചു: ''എൻെറ അപേക്ഷ സ്വീകരിക്കുമോ സാർ?''

ഞാൻ പറഞ്ഞു: ''നിൻെറ ഉള്ളിലുള്ളതു് എനിക്കു മനസ്സിലാകുന്നുണ്ടു്, മുൻഷീ. അതുപോലെതന്നെ നിനക്കുമറിയാം, ഇക്കാര്യത്തിൽ നിന്നെ സഹായിക്കാൻ എനിക്കു സാധ്യമല്ലെന്നു്. എങ്കിലും എനിക്കു് ഒരു സംഗതി അറിയാനാഗ്രഹമുണ്ടു്. എന്താ നിൻെറ ആഗ്രഹമെന്നു പറ. അവസാനത്തെ ഈ സമ്പത്തു് ആർക്കു കൊടുക്കാനാണു് നിനക്കാശ? ആർക്കു് എങ്ങനെ കൊടുത്താൽ നിനക്കു സമാധാനമാകും?''

മുൻഷി ഉടനെ ഉത്തരം പറഞ്ഞില്ല. ഏതാനും നിമിഷം ശൂന്യമായ ഭിത്തിയിൽ ദൃഷ്ടി ഉറപ്പിച്ചു് ഇരുന്നു. പിന്നീടു് സാവധാനം പറഞ്ഞു: ''അങ്ങു് എൻെറ അച്ഛനാണു്. പ്രാണദാതാവാണു്. അങ്ങയുടെ അടുത്തു് എനിക്കു് ഒളിക്കാനൊന്നുമില്ല. ഈ ലോകത്തു് ഒരാളുണ്ടു്. അയാൾ തുച്ഛമായ ഈ തുക സ്വീകരിക്കുമെങ്കിൽ എൻെറ മനസ്സിലെ ഭാരം നീങ്ങിപ്പോകും. ഞാൻ ചിരിച്ചുകൊണ്ടു് മഹാനന്ദത്തോടെ കൊലമരത്തിൽ കയറിക്കൊള്ളാം. പക്ഷേ, എനിക്കറിയാം, ആയാൾ എൻെറ പണം കാലുകൊണ്ടുപോലും സ്പർശിക്കുകയില്ലെന്നു്. ഞാനാമനുഷ്യനു വരുത്തിയ സർവ്വനാശം, ലോകത്തിലെ പണം മുഴുവൻ ശേഖരിച്ചുകൊടുത്താലും പരിഹരിക്കാൻ സാധ്യമല്ല.''

പെട്ടെന്നു് മേശപ്പുറത്തിരുന്ന ടെലിഫോൺ ശബ്ദിച്ചു:

''ഹലോ!''

കോടതിയിൽനിന്നു് വിവരം തരികയാണു്—വിഷമം പിടിച്ച ഒരു കേസിൽ ജഡ്ജി ചാർജ്ജുകൾ വിവരിച്ചുകഴിഞ്ഞതു് ഇപ്പോഴാണു്. ജൂറിമാർ അകത്തു കയറി വാതിലടച്ചതേയുള്ളു. എപ്പോൾ തുറക്കുമെന്നു് തീർച്ചപറയാൻ വയ്യ. അതുകൊണ്ടു് പുള്ളികളെ കൊണ്ടുവരാൻ വളരെ താമസിച്ചേക്കും.

സന്ധ്യയാകാറായിട്ടുണ്ടു്. ജനലിൽക്കൂടി ദൂരെ ആകാശത്തു് അസ്തമനസൂര്യൻെറ വർണ്ണശബളിമ കാണാം. അങ്ങോട്ടു നോക്കി നീണ്ട നെടുവീർപ്പിട്ടുകൊണ്ടു് മുൻഷി എഴുന്നേററു

നിന്നു. ഞാനും എഴുന്നേറ്റു. ലോക്കപ്പുജോലിക്കു സമയമായി. പോകുമ്പോൾ ഞാൻ ചോദിച്ചു: "ഇനി എപ്പോൾ വരും?"

ആർദ്രസ്വരത്തിൽ ഉത്തരം ലഭിച്ചു: "വിളിക്കുമ്പോൾ."

കുറച്ചുദിവസം കഴിഞ്ഞു്, അതേ സമയത്തു്, അതേ സ്ഥലത്തിരുന്നു് അയാളുടെ അപൂർണ്ണമായ ആത്മകഥ ഞാൻ കേട്ടു. നരഘാതകനായ രാക്ഷസന്റെ വിചിത്രജീവിതത്തിലെ അപൂർവ്വമായ ഒരദ്ധ്യായം. വർഷകാലത്തെ മേഘമയമായ ആകാശത്തു് അന്നു വലിയ കോലാഹലമായിരുന്നു. ആകാശത്തിന്റെ ഒരററംമുതൽ മറേറ അററംവരെ ഭീകരമായ മിന്നൽപ്പിണരുകൾ. പ്രളയം ആസന്നമായെന്നു തോന്നിപ്പോയി. അങ്ങോട്ടു നോക്കി വളരെ നേരം ലയിച്ചിരുന്നു, ബദർ മുൻഷി. പിന്നീടു് സാവധാനം, അത്ര ഉറക്കെയല്ലെങ്കിലും ഘനഗംഭീരമായ സ്വരത്തിൽ അയാൾ തൻെറ നൂറുനൂറു ദുഷ്കർമ്മങ്ങളുടെ സുദീർഘവർണ്ണന ആരംഭിച്ചു.

ഇന്നു് ഇത്രനാൾ കഴിഞ്ഞു് അയാളുടെ വാക്കുകൾ എന്റെ ശബ്ദത്തിൽ ആവർത്തിക്കുമ്പോൾ തോന്നിപ്പോകുന്നു, ഇതിലധികം ഹാസ്യജനകമായ ഒരു വ്യത്ഥത ഉണ്ടാകാനില്ലെന്നു്. എങ്കിലും ഇതാണെന്റെ സമാധാനം—സ്വന്തം ഭാഷയും ഭാഷ്യവും ഉപയോഗിച്ചു് ഞാനവയെ വികൃതമാക്കിയിട്ടില്ല. ഈ കഥയുടെ വാക്കുകൾ മുൻഷിയുടെതാണു്. സ്വരവും. ഞാൻ നിസ്സഹായനായ ലേഖകൻ മാത്രം.

മുൻഷിയുടെ കഥയാരംഭിക്കുന്നു:

കാളിഗഞ്ജിലെ സീതാനാഥദത്തിൻെറ വീട്ടിൽ കൊള്ള നടത്തണം—എൻെറ വളരെക്കാലത്തെ ആഗ്രഹമാണതു്. ആൾ വലിയ പണക്കാരനാണു്. പക്ഷേ, ഭയങ്കര കൗശലക്കാരനും. രൂപയും ആഭരണങ്ങളുമൊന്നും കാര്യമായി വീട്ടിൽ സൂക്ഷിക്കുകയില്ല. എല്ലാം ബാങ്കിലാണു്. വലിയ ബിസിനസ്സുണ്ടു്. അവസരം നോക്കിയിരിക്കുമ്പോൾ ഒരു ദിവസം വിവരം കിട്ടി, ദത്തയുടെ മകളുടെ വിവാഹമാണെന്നു്. ഒരൊററ മകളേ ഉള്ളു. വലിയൊരു കുടുംബത്തെയാണു് വരൻ. വലിയ ആഡംബരമായിരിക്കും. വലിയ ആളുകളും കുടുംബാംഗങ്ങളും ധാരാളമെത്തും. വിവാഹദിവസംരാത്രി ആക്രമണം നടത്തിയാൽ പണമായും ആഭരണങ്ങളായും അമ്പതിനായിരമെങ്കിലും

കിട്ടും, സംശയമില്ല. പക്ഷേ, ദത്തയ്ക്കു് രണ്ടു തോക്കുണ്ടു്. കാവല്ക്കാരുണ്ടു്. വീട്ടിൽ ആൾക്കാരും ധാരാളമുണ്ടാകും. അതു കൊണ്ടു് നല്ല ഒരുക്കം വേണം. അക്കാര്യത്തിൽ പ്രയാസമില്ല. ഞാൻ സംഘത്തെ തയ്യാറാക്കി നിർത്തി. കൂടാതെ——

ഇത്രയും പറഞ്ഞിട്ടു് മുൻഷി പെട്ടെന്നു നിർത്തി. വായിൽ വന്ന വാക്കുകൾ പുറത്തുവിടുന്നതു ശരിയല്ലെന്നു തോന്നിയിട്ടെന്നപോലെ. ഒരു തവണ എൻെറ നേരെ നോക്കിയിട്ടു് സകല സങ്കോചവും ദൂരെയെറിഞ്ഞുകൊണ്ടു് അയാൾ തുടൎന്നു: ഇല്ല, ലജ്ജിച്ചാൽ പററില്ല. മറെറല്ലാം അങ്ങയോടു പറയുമ്പോൾ ഇതുമാത്രം മറയ്ക്കേണ്ട ആവശ്യമില്ല.

ഏമാനറിയാമല്ലോ, ഓരോ കൊള്ളകൊണ്ടു് വലിയവലിയ എത്രയെത്ര വീട്ടുകാരെ ഞങ്ങൾ വഴിയിൽ ഇറക്കി തെണ്ടിച്ചിട്ടുണ്ടെന്നു്. ആളുകൾ തമ്മിൽ പറയും, അവരുടെ കാര്യം കഷ്ടമായിപ്പോയെന്നു്. പുറത്തു നോക്കിയാൽ ഇതേ കാണൂ. പക്ഷേ, വാസ്തവത്തിലുള്ള നാശം എത്ര ഭയങ്കരമാണെന്നു് നിങ്ങളറിയുന്നില്ല. ആളുകളുടെ പണവും പ്രാണനും തട്ടിപ്പറിക്കുന്നതുകൊണ്ടു് ഞങ്ങൾ തൃപ്തരാകുന്നില്ല. അവരുടെ മാനവും അതിലൊക്കെ വലുതായ, സ്ത്രീകളുടെ മാനവും ഞങ്ങൾ കവൎന്നെടുക്കുന്നു. വീടു കൊള്ളചെയ്തിട്ടു് സ്ത്രീകളുടെ ധൎമ്മം നഷ്ടപ്പെടാത്ത ഒരു സംഭവവും എനിക്കോൎമ്മയില്ല. നായാട്ടു സംഘത്തിൽ, കാടിളക്കി മൃഗങ്ങളെ പിടിക്കാൻ സൗകര്യമുണ്ടാക്കുന്ന ഒരു കൂട്ടരില്ലേ? അതുപോലെ ഞങ്ങളും ഒരുസംഘം ഗുണ്ടകളെ കൂട്ടാറുണ്ടു്. അടിപിടിയും ബഹളവും ഉണ്ടാക്കുകയാണു് അവരുടെ ജോലി. അവരുടെ നോട്ടം സമ്പത്തിലധികം സൗന്ദര്യത്തിലായിരിക്കും. ഞങ്ങൾക്കും വേണ്ടതു് അതു തന്നെ. ഇവരെ കൂട്ടുന്നതുകൊണ്ടു് ഞങ്ങൾക്കു് രണ്ടു പ്രയോജനമുണ്ടു്. ഇവർ പെണ്ണുങ്ങളുടെ പുറകേപോകുന്ന സമയം കൊണ്ടു് ഞങ്ങൾക്കു ജോലികഴിക്കാം. പിന്നെ, പങ്കുവെയ്ക്കുന്ന സമയം എന്തെങ്കിലും കൊടുത്താൽ പൊയ്ക്കൊള്ളുകയും ചെയ്യും. ദത്തയുടെ വീട്ടിലെ സ്ത്രീകൾ സൗന്ദര്യത്തിനു പേരുകേട്ടവരായിരുന്നു. കൂടാതെ വിവാഹത്തിനു് പട്ടണത്തിൽനിന്നു വരുന്നവരും മോശമാകുകയില്ല. അതുകൊണ്ടു് ഗുണ്ടകൾ സംഘം

സംഘമായി വന്നുകൊണ്ടിരുന്നു. അവരിൽനിന്നു് ഒരുകൂട്ടം ചെറുപ്പക്കാരെ ശ്രദ്ധിച്ചു തിരഞ്ഞെടുത്തു.

തണുപ്പുകാലത്തെ രാത്രി. പന്ത്രണ്ടുമണിയായപ്പോഴേക്കു് വിവാഹത്തിൻെറ കോലാഹലം കെട്ടടങ്ങി. സദ്യയ്ക്കു വന്നിരുന്നവരെല്ലാം പോയി. ഈ സമയം ഞങ്ങൾ പണിതുടങ്ങി. ആദ്യംതന്നെ വീടുവളഞ്ഞു. കാവൽക്കാരുടെ പൊടിപോലും കാണാനില്ലായിരുന്നു. വരൻെറ സംഘം കിടക്കുന്ന മുറി പുറത്തുനിന്നു പൂട്ടിയിട്ടു് ഞാൻ വീട്ടിനുള്ളിൽ കടന്നു. അന്തഃപുരത്തിൽ നിലവിളിയും കൂട്ടവുമായി. കുറേ ആളുകളെ കൂട്ടി ഞാൻ മാളികമുകളിലേക്കു ചെന്നു. സീതാനാഥദത്തു ധീരൻ തന്നെ. ഒന്നും സംഭവിക്കാത്തമട്ടിൽ അദ്ദേഹം ഇറങ്ങിവന്നു ചോദിച്ചു: "ആരാ നിങ്ങളുടെ നേതാവു്?" ചായം പുരട്ടി വികൃതമാക്കിയ മുഖവുമായി ഞാൻ മുമ്പോട്ടു ചെന്നു. ദത്ത പറഞ്ഞു: "ഇതാ താക്കോൽ. ആ മുറിയിൽ പെട്ടിയിൽ പണമുണ്ടു്. കുറേ ആഭരണവും ഉണ്ടു്. എടുത്തുകൊണ്ടു പൊയ്ക്കോള്ളു. വസ്ത്രങ്ങളുള്ളതും എടുക്കാം. പെണ്ണുങ്ങളുടെ ദേഹത്തെ ആഭരണങ്ങളും ഊരിത്തരാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്. പക്ഷേ, ഒരു വാക്കുതരണം."

"എന്തു വാക്കു്?"

"ഹിന്തുവാണെങ്കിൽ നാരായണൻെറ പേരിൽ, മുസ്ലീമാണെങ്കിൽ അള്ളാവിൻെറ പേരിൽ, സ്ത്രീകളെ തൊടുകയില്ലെന്നു് വാക്കുതരണം." ഇതുപറഞ്ഞു് അദ്ദേഹം ഈ കൈരണ്ടും ചേർത്തുപിടിച്ചു് പൊട്ടിക്കരഞ്ഞു. ഗദ്ഗദസ്വരത്തിൽ പറഞ്ഞു: "കൊള്ളത്തലവനാണെങ്കിലും നിങ്ങൾ മനുഷ്യനാണു്. എൻെറ നാട്ടുകാരനായ മനുഷ്യൻ. നിങ്ങളുടെ വീട്ടിലും അമ്മയും പെങ്ങന്മാരും ഭാര്യയും മക്കളും ഉണ്ടു്. ഇത്രയുമേ ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നുള്ളു."

ഞാൻ കൊള്ള ധാരാളം നടത്തിയിട്ടുണ്ടു്, സാർ. കരച്ചിലും പിഴിച്ചിലും വേണ്ടുവോളം കേട്ടിട്ടുണ്ടു്. അതൊക്കെ കേട്ടു തഴമ്പിച്ചതാണു് എൻെറ ചെവി. പക്ഷേ, ദത്തയുടെ കണ്ണുനീർ എൻെറ മനസ്സിനെ ഇളക്കിക്കളഞ്ഞു. ഞാൻ വാക്കു കൊടുത്തു. എന്നിട്ടു പറഞ്ഞു: "സ്ത്രീകളോടു് ആഭരണങ്ങൾ

അഴിച്ചുതന്നിട്ട് ഒരു മുറിയിൽ പൊയ്ക്കൊള്ളാൻ പറയൂ. അവക്ക് ഒരാപത്തും വരില്ല.''

ദത്ത പോയി. ഞാൻ സംഘാംഗങ്ങളെ വിളിച്ചുകൂട്ടി കല്പിച്ചു: "പണവും ആഭരണങ്ങളും സാധനങ്ങളും കിട്ടുന്നത്ര എടുത്തോളൂ. പക്ഷേ, ഒരു കാര്യം—സ്ത്രീകളെ തൊട്ടുപോകരുത്.''

പണി കഴിയാൻ അരമണിക്കൂറിലധികം വേണ്ടിവന്നില്ല. എല്ലാവരോടും താഴെപ്പോകാൻ ആജ്ഞാപിച്ചിട്ട് ഞാനാലോചിച്ചു. മൂന്നാമത്തെ നിലയിൽ തന്നത്താൻ പോയി ഒന്നു നോക്കിക്കളയാം. സീതാനാഥ് സൂത്രശാലിയാണ്, വല്ലതും അവിടെ ഒളിച്ചുവെച്ചിട്ടുണ്ടെങ്കിലോ?

മൂന്നാമത്തെ നിലയിൽ ഒരു മുറിയേ ഉള്ളൂ. ഇരുട്ട്. വാതിലടച്ചിരിക്കുന്നു. ജനലിൽക്കൂടി ടോർച്ചടിച്ചപ്പോൾ ഒരു പെൺകുട്ടിയുടെ മുഖത്ത് പ്രകാശം പതിച്ചു. ഞാൻ ഞെട്ടിപ്പോയി. ഇതാര്? ഇവൾ എവിടെനിന്നു വന്നു? ശരിക്കും അവൾതന്നെ. അതേ മൂക്ക്; അതേ കണ്ണുകൾ; അതേ പുരികങ്ങളും അവയ്ക്കു മീതെ അതേപോലത്തെ വീതികുറഞ്ഞ നെറ്റിയും. ഞാൻ എത്രയും സ്നേഹിക്കുന്ന നൂറു. അപ്സരസ്സുപോലുള്ള പെൺകുട്ടി. എൻെറ കൂട്ടുകാരൻ മതീശ് അവൾക്ക് നൂർജഹാൻ എന്ന് ഓമനപ്പേരു കൊടുത്തിരുന്നു. എട്ടുവഷം മുമ്പ് ഇതുപോലെതന്നെ വിലപിടിച്ച ബനാറസ് പട്ടുസാരി ധരിപ്പിച്ച് ദേഹം മുഴുവൻ ആഭരണമണിയിച്ച് എൻെറ മകളെ അന്യൻെറ വീട്ടിൽ പറഞ്ഞയച്ചതാണ്. പിന്നീട് അവൾ മടങ്ങി വന്നിട്ടില്ല.

പെൺകുട്ടി നിലവിളിച്ചുകൊണ്ട് ആരെയോ കെട്ടിപ്പിടിച്ചു. ഞാൻ ടോർച്ചണച്ചു. കണ്ണു നല്ലപോലെ തിരുമ്മി നോക്കി. എനിക്കിതെന്തുപറ്റി? എന്തൊക്കെയാണ് ആലോചിക്കുന്നത്? ആരാണീ പെൺകുട്ടി? സീതാനാഥദത്തയുടെ മകൾ. ഇവൾക്കായിരിക്കണം ഏതാനും നിമിഷം മുമ്പ് വിവാഹം കഴിഞ്ഞത്. ഞാൻ വീണ്ടും ടോർച്ചു തെളിച്ചു. വിലപിടിച്ച ആഭരണങ്ങളിൽ പതിച്ച കല്ലുകൾ വെട്ടിത്തിളങ്ങി. പതിനായിരം രൂപയുടെ സാധനമുണ്ട്. മുകളിലേക്കു വന്നതു നന്നായി. ദത്ത ഒന്നാന്തരം തട്ടിപ്പുകാരൻതന്നെ.

ഞാൻ ഭീഷണസ്വരത്തിൽ പറഞ്ഞു: ‘‘ആഭരണങ്ങൾ ഇങ്ങ ഴിച്ചുതാ.’’ ആരോ വായടച്ചു പിടിച്ചതുപോലെ. ശബ്ദം പുറത്തുവന്നില്ല. നൂറുവിന്റെ മുഖം കൺമുമ്പിലേക്ക് ഒഴുകിവന്നു. എട്ടുവർഷം മുമ്പ് അവസാനമായി വിവാഹവേഷം ധരിച്ചു കണ്ട നൂർജഹാൻ. അവളുടെ ചുണ്ടുകൾ ഒന്നു ചലിച്ചതുപോലെ. എന്താണവൾ പറയാനാഗ്രഹിക്കുന്നത്? എനിക്ക് ഈ ആഭരണങ്ങൾ എടുക്കാൻ കഴിയുകില്ലെന്ന് അവൾ പറഞ്ഞതുപോലെ.

ഞാൻ മടങ്ങിപ്പോന്നു. നേരെ താഴെവന്ന്, ഗേററു കടന്ന്, മൈതാനത്തേക്ക് ഓടി. സംഘത്തിലെ ആളുകൾ ഇവിടെ എവിടെയെങ്കിലും എന്നെ കാത്തുനില്പുണ്ടാകും. ആരോ എന്നെ പിടിച്ചു വലിച്ചുകൊണ്ടുപോകുന്നതുപോലെ തോന്നി. കുറച്ചുനേരം ഓടിയിട്ട് പെട്ടെന്നു നിന്നു. ഞാൻ എന്താണീ ചെയ്യുന്നത്? സത്യത്തിൽ എനിക്ക ഭ്രാന്തുപിടിച്ചോ? ഒരിക്കലും ഇങ്ങനെ ഉണ്ടായിട്ടില്ല. സീതാനാഥദത്തയുടെ രണ്ടു ചക്കരവാക്കുകേട്ട് ബദരുദ്ദീൻ കൊള്ളക്കാരന്റെ മനസ്സലിഞ്ഞുപോയോ? സ്വന്തം സംഘക്കാർക്ക് കൊടുത്ത വാക്ക് ഞാൻ പാലിച്ചില്ല. എന്തു ലാഭം കാണിച്ചാണോ ഇവരെ കൂട്ടിക്കൊണ്ടു വന്നത് അതൊന്നും ഇവക്ക ലഭിച്ചില്ല. അതും ഞാൻ കാരണം. കൊള്ളചെയ്യാൻ വന്നു. എന്നിട്ട് പതിനായിരം രൂപയുടെ ആഭരണം ഉപേക്ഷിച്ചിട്ടു പോകുന്നു. ഇതിലും വലിയ വങ്കത്വമുണ്ടോ?

തല ഏതാനും തവണ ശക്തിയായി കുടഞ്ഞപ്പോൾ തോന്നി, ലഹരിയുടെ ശക്തി കുറേ കുറഞ്ഞെന്ന്. വീണ്ടും ദത്തയുടെ വീട്ടിൽ കടന്നു. നേരെ മൂന്നാംനിലയിൽ കയറി. മുറി തുറന്നുകിടക്കുന്നു. ടോർച്ചടിച്ചു നോക്കിയപ്പോൾ—

വീണ്ടും മുൻഷി പെട്ടെന്നു നിത്തി. അയാളുടെ വിശാലമായ കണ്ണുകൾ ശൂന്യമാണ്. വിഹ്വലദൃഷ്ടികളോടെ അയാൾ ശൂന്യമായ ഭിത്തിയിൽ നോക്കിയിരുന്നു. അന്നു കണ്ട ബീഭത്സരംഗം അവിടെ പ്രത്യക്ഷപ്പെട്ടതുപോലെ. കുറച്ചുസമയം കഴിഞ്ഞു. സാവധാനം അയാളുടെ ദൃഷ്ടി സഹജഭാവം പൂണ്ടു. ഭിത്തിയിൽനിന്നു കണ്ണെടുത്ത് എന്റെ നേരെ നോക്കിക്കൊണ്ടു പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം പു

തിയ കാര്യമൊന്നുമല്ല കണ്ടതു്. ജീവിതത്തിൽ അതുപോലെ എത്രയോ കണ്ടിരിക്കുന്നു; കൊലപാതകവും ബലാൽസംഗവും—ഇതായിരുന്നല്ലോ എൻെറ തൊഴിൽ. ഈ കൈകൊണ്ടു് എത്രപേരെ കഴുത്തു ഞെരിച്ചു കൊന്നിരിക്കുന്നു, എത്ര പേരുടെ നെഞ്ചിൽ കഠാരി കുത്തിയിറക്കിയിരിക്കുന്നു. എത്രയാളെ കുന്തംകൊണ്ടു് ഒററക്കുത്തിനു കൊന്നിരിക്കുന്നു, വാളിൻെറ ഒററവെട്ടിനു് എത്രപേരുടെ തലയും ഉടലും വേർപെടുത്തിയിരിക്കുന്നു; രക്തം ശക്തിയായി ചീററും. എന്നിട്ടും നെഞ്ചു പിടഞ്ഞിട്ടില്ല. തല കറങ്ങിയിട്ടുമില്ല. സ്ത്രീകളുടെ സർവ്വനാശമോ? അതും കുറച്ചൊന്നുമല്ല ചെയ്തിട്ടുള്ളതു്. എത്രയോ സ്ത്രീകൾ പേടിച്ചു് ബോധംകെട്ടിരിക്കുന്നു! എന്നിട്ടും അവക്കു രക്ഷകിട്ടിയിട്ടില്ല. എത്രവലിയ വീട്ടുകളിലെ പെൺകുട്ടികൾ ഈ കാൽക്കൽ തലവെച്ചു പറഞ്ഞിട്ടുണ്ടു്—നിങ്ങളെൻെറ അച്ഛനാണു്, ഞാൻ നിങ്ങളുടെ മകളാണു്. അതെല്ലാം കാണുമ്പോൾ ചിരിവരും. പക്ഷേ, ഇന്നു് എനിക്കിതെന്തുപററി? മുറിയിൽ കടന്നു നോക്കിയപ്പോൾ തലചുററി. ചുമരിൽ പിടിച്ചുനിന്നു. ചുമരിനോടു ചേന്നു് ഒരു യുവാവു് കിടക്കുന്നതു കണ്ടു. രാജകുമാരനെപ്പോലെ ഒരു ചെറുപ്പക്കാരൻ. വിവാഹവേഷമാണു ധരിച്ചിരിക്കുന്നതു്. നെഞ്ചിന്റെ വലതുഭാഗത്തു് ഒരു കഠാരി തറച്ചിരിക്കുന്നു. മുഴുവൻ അകത്തു കടന്നിട്ടുണ്ടു്, പിടി മാത്രമേയുള്ളു പുറത്തു്. വെൽവെററു് വിരിപ്പു് രക്തത്തിൽ കുളിച്ചിരിക്കുന്നു. ചോരക്കളമായ കിടക്കയുടെ ഒരരികിൽ പെൺകുട്ടി ബോധമററു് കണ്ണടച്ചു കിടപ്പുണ്ടു്. എൻെറ കൂട്ടത്തിലെ ഒരു മൃഗം— ഞാനാ പന്നിയെ തലമുടി പിടിച്ചു പൊക്കി. അവൻെറ മുഖം ഭിത്തിയിൽ ആഞ്ഞടിച്ചു. മൂക്കിൽനിന്നു് രക്തം കുടുകുടാ ഒഴുകി. നാലഞ്ചു പല്ലു് ഒടിഞ്ഞു താഴെ വീണു. ഒന്നുരണ്ടടികൂടി കൊണ്ടെങ്കിൽ കഴുവേറിയുടെ കഥ കഴിഞ്ഞേനെ. പക്ഷേ, ഞാൻ വിട്ടു. ചുണ്ടെലിയെ കൊന്നു് കൈ നാററിക്കുന്നതെന്തിനു്? കാലുകൊണ്ടു് വരാന്തയിലേക്കു തോണ്ടിയിട്ടു.

ഞാൻ യുവാവിൻെറ നാഡിപിടിച്ചു നോക്കി. മൂക്കിൽ കൈവെച്ചു നോക്കി. ഇല്ല. പിന്നീടു് അവളുടെ അടുത്തേക്കു് ചെന്നു. പെൺകുട്ടിയല്ല, ഒരു സ്വർണ്ണപ്പൂക്കുലയാണു്. നുറുവ

ല്ലെന്നു് ആരു പറഞ്ഞു? ഇതെൻെറ നൂർജഹാനാണു്. മനു ഷ്യനു് ഇങ്ങനെയും സൗന്ദര്യമുണ്ടാകുമോ? സ്വർഗ്ഗത്തിൽനിന്നു സീതാനാഥദത്തയുടെ വീട്ടിൽ ഇറങ്ങിവന്നിരിക്കുകയാണ വൾ. എൻെറ മകൾതന്നെ. ഇന്നു്, വിവാഹദിവസം രാത്രി, എൻെറ കൈകൊണ്ടു് അവൾക്കു് ഈ സർവ്വനാശം വന്നല്ലോ?

കുറച്ചുനേരമായി മഴ തുടങ്ങിയിട്ടു്. വിഷണ്ണസന്ധ്യയു ടെ കട്ടികൂടിക്കൊണ്ടിരിക്കുന്ന അന്ധകാരത്തിൽ മുൻഷിയെ ശരിക്കു കണ്ടുകൂടായിരുന്നു. ഞാനെഴുന്നേററു ലൈറ്റിട്ടു. ഞെ ട്ടിപ്പോയി. ബദർമുൻഷിയുടെ കണ്ണിൽ കണ്ണുനീർ; അല്ല, എനിക്കു തെററുപററിയതല്ല. ക്ഷീണിച്ചു് ഒട്ടിയ കവിളി ലൂടെ കണ്ണുനീർ രണ്ടു ചാലുകളായി നിൽക്കാതെ പ്രവഹി ക്കുന്നു. ഞാൻ പറഞ്ഞു: ''പോട്ടെ, മുൻഷി. അതൊക്കെ പറ ഞ്ഞിട്ടു് ഇനിയെന്തുകാര്യം?'' മുൻഷി ധൃതിയിൽ കണ്ണു തുടച്ചു കൊണ്ടു പറഞ്ഞു: ''ഇല്ല, സാർ. ദയവായി കുറച്ചുകൂടി കേൾ ക്കൂ. കാര്യമുണ്ടെങ്കിലും ഇല്ലെങ്കിലും, കഥ മുഴുവൻ ഇന്നെ നിക്കു പറയാതെ വയ്യ. അങ്ങയോടല്ലാതെ പിന്നെ ആരോടു പറയും?''

ഞാൻ സിഗററു കൊളുത്തി കസേരയിൽ കാൽ കയററി വെച്ചു് ഇരുന്നു. മുൻഷി തുടർന്നു:

മുറിയുടെ മൂലയ്ക്കു് കൂജയുണ്ടായിരുന്നു. കണ്ണിലും മുഖത്തും പലതവണ വെള്ളം തളിച്ചപ്പോൾ അവൾ കണ്ണു തുറന്നുനോ ക്കി. അനേകവർഷം മുമ്പു് എൻെറ നൂറുവും ഇങ്ങനെതന്നെ നോക്കുമായിരുന്നു. പക്ഷേ, എന്തു വ്യത്യാസം! ചുററും നോ ക്കിയിട്ടു പെട്ടെന്നു് എൻെറമേൽ ദൃഷ്ടി പതിഞ്ഞപ്പോൾ അ വൾ നിലവിളിച്ചുകൊണ്ടു വീണ്ടും ബോധരഹിതയായി. ഞാൻ പുറത്തേക്കോടി. ഡാക്ടർ! ഒരു ഡാക്ടറെ വേണം. ഞാ നാരു്, എവിടെ പോകുന്നു, ഡാക്ടറെ വിളിക്കാൻ എനിക്കെ ന്തധികാരം എന്നൊന്നും ആലോചിച്ചില്ല. ഡാക്ടറെ വിളി ക്കണമെന്നു മാത്രം തോന്നി. പക്ഷേ, അതിനവസരമുണ്ടായി ല്ല. കോണിപ്പടിയിൽവെച്ചു ഞാൻ പിടികൂടപ്പെട്ടു. പെട്ടെ ന്നു് എനിക്കു മനസ്സിലായി, പെൺകുട്ടി എൻെറ ആരും

അല്ലെന്നു്. ഞാനവളുടെ വീട്ടു് കൊള്ള ചെയ്യാൻ വന്നതാണു്. ഞാൻകാരണം ഇന്നു നിരപരാധിയായ ഒരു പെൺകുട്ടിക്കു ലോകത്തിലെ സർവ്വവും നഷ്ടപ്പെട്ടിരിക്കുന്നു.

ഭൂതനാഥ്ബാബു പറഞ്ഞതു കള്ളമല്ല, ഏമാനേ,എന്നെ വളഞ്ഞുപിടിച്ചവരെയെല്ലാം തട്ടിമാററി പോകാമായിരുന്നു, വേണമെങ്കിൽ എനിക്കു്. പക്ഷേ, എൻെറ കൈ പൊങ്ങിയില്ല. ഇതവസാനമാണു് എന്നുമാത്രം തോന്നിത്തുടങ്ങി. ബദർ മുൻഷിയുടെ ശവക്കുഴി തയ്യാറായിരിക്കുന്നു. ചെന്നു കിടന്നാൽ മതി. വടിയും ആയുധങ്ങളും നാലുവശത്തുംനിന്നു് എൻെറ തലയിലും പുറത്തും ദേഹത്തും പതിക്കുന്നുണ്ടായിരുന്നു. കഴിയുന്നിടത്തോളം സമയം ഞാൻ നിവന്നുനിന്നു. പിന്നീടെപ്പോഴാണു മറിഞ്ഞുവീണതെന്നു് ഓർമ്മയില്ല.

ഓർമ്മ തെളിഞ്ഞപ്പോൾ ആദ്യം കണ്ടതു് അടുത്തു നില്ക്കുന്ന ചുമന്ന തൊപ്പിക്കാരനെയാണു്. നഴ്സ് വന്നു് എൻെറ നാഡി നോക്കി. പിന്നീടു് ഒരു കുപ്പിയിൽനിന്നു് എന്തോ മരുന്നെടുത്തു സാവധാനം വായിലൊഴിച്ചുതന്നു. കുറച്ചു കഴിഞ്ഞു വല്ലതും പറയാമെന്നായപ്പോൾ, വളരെ കഷ്ടപ്പെട്ടു ചോദിച്ചു: ''ഞാനെവിടെയാണു്?''

''ഇതു സർക്കാരാശുപത്രിയാണു്. ഡാക്കറെ വിളിക്കണോ?''

ഞാൻ കൈകൊണ്ടു് ആംഗ്യം കാണിച്ചു, വേണ്ടെന്നു്. ''മജിസ്ട്രേട്ടു്—ഒരു മജിസ്ട്രേട്ടിനെ വിളിക്കു്.''

''എന്തിനാ മജിസ്ട്രേട്ടിനെ വിളിക്കുന്നതു്?'' പോലീസ് ഇൻസ്പെക്ടർ ചോദിച്ചു.

''കുററസമ്മതം കൊടുക്കാൻ.''

''വിളിക്കാം.''

രണ്ടു മണിക്കൂറിനകം മജിസ്ട്രേട്ടു് വന്നു. അപ്പോഴും എനിക്കു ബോധമുണ്ടു്. എങ്കിലും സംസാരിക്കാൻ വളരെ വിഷമമായിരുന്നു. കുററസമ്മതമെടുക്കാൻ എന്തൊക്കെ പ്രയാസമുണ്ടെന്നു് അങ്ങേയ്ക്കറിയാമല്ലോ. എഴുതുന്നതിനു് മുമ്പു് താക്കീതു ചെയ്യണം, ആലോചിക്കാൻ സമയം കൊടുക്കണം. മജിസ്ട്രേട്ടുമാർക്കു് ഒരുപാടു നിയമങ്ങളുണ്ടു്. ഞാൻ പറഞ്ഞു: ''നിയമ

മൊക്കെ കളയു ഏമാനേ, അധികം സമയം കളഞ്ഞാൽ ഈ ജീവിതത്തിൽ പററിയില്ലെന്നു വരും.''

പറയാൻ അധികമില്ലായിരുന്നു. ഒരുതരത്തിൽ നിർത്തി നിർത്തി പറഞ്ഞുകൊണ്ടിരുന്നു. എല്ലാം പറയാൻ സാധിച്ചില്ലെന്നു തോന്നി. അതിനു മുമ്പുതന്നെ ബോധം പോയി. പിന്നീട് അവർ എപ്പോൾ എങ്ങനെ എന്നെ അങ്ങയുടെ സംരക്ഷണത്തിലാക്കി എന്നറിഞ്ഞുകൂടാ. സർക്കാരാശുപത്രിയിലെ ആളുകൾ വിചാരിച്ചുകാണും, ശവം ഇനിയും തങ്ങളെന്തിനു ചുമക്കണമെന്ന്. ജയിലിൽ കൊണ്ടുപോയി തള്ളു. പക്ഷേ, അവരറിഞ്ഞില്ല, ഇവിടെ എൻെറ പിതാവുണ്ടെന്ന്. അദ്ദേഹത്തിൻെറ ദയകൊണ്ടാണ് എനിക്കു ജീവൻ തിരിച്ചുകിട്ടിയതു്.

മുൻഷി കഥയവസാനിപ്പിച്ചു. അയാൾ അവസാനം പറഞ്ഞതിനു ഞാൻ മറുപടി പറഞ്ഞു: ''ഇതിൽ എൻെറ ദയയുടെ കാര്യമൊന്നുമില്ല, മുൻഷീ. ഞാനെൻെറ കർത്തവ്യം നിർവ്വഹിച്ചു. അത്രമാത്രം. എന്തെങ്കിലും സാമർത്ഥ്യം കാണിച്ചിട്ടുണ്ടെങ്കിൽ അതു ഡാക്ടർമാർ മാത്രമാണ്. അതു പോകട്ടെ. ഒരു കാര്യം മാത്രം എനിക്കു മനസ്സിലായില്ല. കുററവാളികൾ സ്വന്തം കുററങ്ങൾ ഏററുപറയുന്നതു് ആദ്യമല്ല, അതിലത്ഭുതവുമില്ല. പക്ഷേ, ചെയ്യാത്ത ഒരു കുററം മജിസ്ട്രേട്ടിൻെറ മുമ്പിൽ സ്വമേധയാ സ്വീകരിക്കുന്നതു് ഞാൻ കേട്ടിട്ടില്ല. ഇതൊരു സാഹസമായിരിക്കാം. പക്ഷേ, സത്സാഹസമാണെന്നു പറയാൻ വയ്യ. നീ കൊള്ള നടത്തി. അതിൻെറ ഉത്തരവാദിത്വം മുഴുവൻ നിനക്കാണ്. പക്ഷേ, അന്ന് ആ പെൺകുട്ടിയുടെയും ഭർത്താവിൻെറയും മേൽ നടത്തിയ ബീഭത്സമായ അക്രമത്തിനു നീ ഉത്തരവാദിയല്ലല്ലോ. ഭയങ്കരമായ രണ്ടു കുററങ്ങൾ കളവായി സ്വയം ഏറെറടുത്തു കൊലക്കയറിൻെറ മുമ്പിൽ കഴുത്തുനീട്ടുന്നതിൽ സാർത്ഥകത കാണാൻ എനിക്കു കഴിവില്ല.''

മുൻഷി വിനീതസ്വരത്തിൽ പറഞ്ഞു: ''അങ്ങ് അറിവുള്ളയാളാണ്. ഞാൻ വെറുമൊരു കൊള്ളക്കാരൻ. അങ്ങയോടു തർക്കിക്കാൻ ഞാൻ ആളല്ല. തർക്കിക്കുന്നുമില്ല. എങ്കിലും ആ പെൺകുട്ടിക്കു സംഭവിച്ചതിനെല്ലാം അടിസ്ഥാനകാര

ണം, ഞാനല്ലെന്നു സമ്മതിക്കാതിരിക്കാൻ വയ്യ. ആ ജന്തുവിനെ ഞാനാണല്ലോ കൊണ്ടുപോയതു്. എന്തിനു കൊണ്ടുപോയോ, അതുതന്നെ അവൻ ചെയ്യുകയും ചെയ്തു. കരാറിനപ്പുറം അവൻ പോയില്ല. ആരെങ്കിലും വാക്കു പാലിച്ചില്ലെങ്കിൽ അതു ഞാനാണു്. സീതാനാഥദത്തയുടെ വാക്കു കേട്ടു് ഞാൻ നല്കിയ കല്പനയാണു് അന്യായം. ഒരു ഗുണ്ട അതനുസരിച്ചില്ലെങ്കിൽ അവനെ എന്തിനു കുററപ്പെടുത്തണം?''

എനിക്കു മനസ്സിലായി, അവൻെറ ചിന്ത പോകുന്നവഴിക്കു്, ന്യായവും അന്യായവും സംബന്ധിച്ചു് എൻെറ ശുഷ്കമായ യുക്തിവാദം നിഷ്ഫലമാണെന്നു്. ഒരുപക്ഷേ, അയാൾ പറയുന്നതാകാം ശരി. ദൈവഗത്യാ, ആ പെൺകുട്ടിയുടെയും നൂറുവിൻെറയും മുഖത്തിൻെറ സാമ്യം അന്നു് കണ്ണിൽ പെട്ടില്ലെങ്കിൽ, ഇപ്പോൾ ബദർമുൻഷി എൻെറ അടുത്തിരുന്നു് ഈ കഥ പറയുമായിരുന്നില്ല എന്നതും സത്യമാണു്. ഈ ലോകത്തു് നൂറു മാത്രമായിരുന്നു അയാളുടെ ഏകബന്ധു. പ്രസ്തുത ബന്ധം ഒരിക്കൽ അകാലമൃത്യുവടഞ്ഞു. അസുരപ്രകൃതിയായ ഈ രാക്ഷസൻെറ ഹൃദയത്തിൽ അതുണ്ടാക്കിയ ക്ഷതം, ഒരുപക്ഷേ, എന്നെന്നും മറഞ്ഞുകിടന്നേനെ. ഒരുപക്ഷേ, എന്നെന്നും ഇത്തരം നൂറുനൂറു സീതാനാഥദത്തമാരുടെ മക്കൾ അയാളുടെ ലോഭത്തിൻെറയും ലാലസയുടെയും തീക്കുണ്ഡത്തിൽ തങ്ങളുടെ കളങ്കമററ സൗന്ദര്യവും വിലമതിക്കാത്ത ആഭരണങ്ങളും അമൂല്യമായ സതീധർമ്മവും ആഹുതിചെയ്യുമായിരുന്നു. പക്ഷേ, അതൊന്നും ഉണ്ടായില്ല. ബദർമുൻഷിയുടെ വിചിത്രമായ ജീവിതനാടകത്തിൽ ഒരു പ്രളയരാത്രി പ്രത്യക്ഷപ്പെട്ടു. എട്ടുവർഷം പിന്നിൽനിന്നു് അയാളുടെ നൂർജഹാൻ നവവധുവിൻെറ വേഷത്തിൽ മടങ്ങിവന്നു. മടങ്ങിവന്നെങ്കിലും ബദർമുൻഷിക്കു് അവളെ മടക്കിക്കിട്ടിയില്ല. സ്വന്തം കൈയിൽനിന്നാണു് നിർദ്ദയമായ അടി ഉയർന്നതു്. ആ പെൺകുട്ടിയുടെ ഭർത്താവും മാനവും, അവളുടെ സ്ത്രീജീവിതത്തിലെ സമസ്തശോഭയും സമ്പത്തും നഷ്ടപ്പെട്ടു. നൂർജഹാൻ വീണ്ടും മരിച്ചു. എട്ടുവർഷം പഴക്കമുള്ള മുറിപ്പാടിൽനിന്നു് രക്തമൊഴുകാൻ തുടങ്ങി. സ്വയം നശിപ്പിക്കാതെ ഈ വേദന ശമിക്കുകയില്ല.

സന്ധ്യ കഴിഞ്ഞു. മഴപെയ്ത തെളിഞ്ഞ ആകാശത്ത് മേഘഗജ്ജനം നിലച്ചിരിക്കുന്നു. ബദർമുൻഷിയുടെ സെല്ലിലെ ഇരുമ്പുചങ്ങല എത്രയോ നേരമായി അയാളെ കാത്തുകഴിയുന്നു. അയാൾക്കു തീർച്ചയായും ഓമ്മയില്ല. ഞാൻ ഓമ്മിപ്പിച്ചതുമില്ല. ജമേദാർ ജനലിങ്കൽ വന്ന് പലതവണ എത്തിനോക്കിയിട്ടു പോയി. ഭയങ്കരനായ ഈ കൊള്ളക്കാരനെപ്പററി അവരുടെ ഉൽക്കണ്ഠയ്ക്ക് അവസാനമില്ല. എങ്കിലും എഴുനേല്ക്കണം, എഴുനേല്ക്കണം എന്നു വിചാരിച്ചെങ്കിലും അതു സാധിച്ചില്ല.

മുൻഷി കുറച്ചുനേരംകൂടി നിശ്ശബ്ദനായിരുന്നതിനുശേഷം സാവധാനം പറഞ്ഞു: "ഏമാൻ കൊലക്കയറിന്റെ കാര്യം പറഞ്ഞു; അതിനെക്കുറിച്ച് ഒട്ടും ഭയമില്ല. ഇന്നു മരിക്കാൻ ഏററവും നല്ല വഴി അതാണ്. ഒരു നിമിഷംകൊണ്ട് എല്ലാം അവസാനിക്കും. കുറേശ്ശെയുള്ള ഈ മരണമാണ് സഹിച്ചുകൂടാത്തത്. ഇല്ല, എനിക്കിതിൽ പശ്ചാത്താപമില്ല. ജീവിതത്തിൽ എന്തൊക്കെ പാപങ്ങളും അന്യായങ്ങളും ചെയ്തിട്ടുണ്ടെങ്കിലും അതിലൊന്നും ദുഃഖമില്ല. മൗലവിസാഹിബ്ബുമാർ എന്തൊക്കെ പറഞ്ഞാലും, അതിൽ പശ്ചാത്തപിക്കാൻ എനിക്കു തോന്നുന്നില്ല. ആ പെൺകുട്ടിയുടെ മുഖം ഓമ്മവരുമ്പോൾമാത്രം ഹൃദയത്തിനകം നീറും. രാത്രി ഉറക്കമില്ല. പകൽ സ്വാസ്ഥതയില്ല. ശരീരം മുഴുവൻ കത്തിനീറുന്നു. പാവത്തിന് വരേണ്ടതു വന്നു. ഇനിയോ? ജീവിതം മുഴുവൻ അവളെങ്ങനെ കഴിച്ചുകൂട്ടും? കണ്ടിട്ടുകൂടിയില്ലാത്ത ശ്വശുരഗൃഹത്തിൽ സ്ഥലമില്ല. അച്ഛന്റെ വീട്ടും വിടേണ്ടിവന്നേക്കും. ഇന്നല്ലെങ്കിൽ നാളെ. വിവാഹദിവസം രാത്രി മററു ജാതിക്കാരായ കൊള്ളക്കാർ വന്ന് സവ്വനാശം വരുത്തിയ സ്ത്രീകളെ ഹിന്ദുക്കൾ എങ്ങനെ നോക്കുമെന്ന് എനിക്കറിയാം. ഇത്തരം സ്ത്രീകളുടെ ഗതിതന്നെ വരുമോ അവൾക്കും? സന്ധ്യകഴിഞ്ഞു് അണിഞ്ഞൊരുങ്ങി പെരുവഴിയിൽ ഇറങ്ങിനില്ക്കുക. അങ്ങനെ നില്ക്കുന്ന പലരെയും എനിക്കറിയാം. അവർ ഈ വഴിയാണ് ഒരുദിവസം അവിടെ എത്തിക്കപ്പെട്ടത്. പൂവ്വുപോലത്തെ ആ പെൺകുട്ടി—ഒരു ദോഷവും ചെയ്തിട്ടില്ലാത്ത, ലോകത്തിലെ ഒരു കളങ്കവും സ്പർശിച്ചിട്ടില്ലാത്ത അവളും

പാപത്തിന്റെ ഈ ചെളിക്കണ്ടിൽ വീണ് ചീഞ്ഞളിയണോ? എന്റെ സർവ്വസ്വവും കൊടുത്താലും അവളെ അതിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമല്ലേ?''

നിഷ്ഫലമായ ഈ ചോദ്യങ്ങൾക്കു് ഞാൻ എന്തുത്തരം പറയും? ഞാൻ നിശ്ശബ്ദനായി, വിസ്മയപൂർവ്വം അയാളുടെ അഗ്നിഗോളസമമായ കണ്ണുകളിലേക്കു നോക്കിയിരുന്നു. അതിന്റെ ചൂടു് സർവ്വാംഗങ്ങളിലും അനുഭവപ്പെട്ടു. ചോദ്യങ്ങൾ അവസാനിച്ചു. എങ്കിലും അയാളുടെ ഉത്തേജിതമായ, ഇടറിയ സ്വരത്തിലെ ദുസ്സഹവേദന മുറിയിൽ മുഴുവൻ മുഴങ്ങിക്കൊണ്ടിരുന്നു.

പെൺകുട്ടിയുടെ ഭീകരമായ ഭാവിയെപ്പററി അയാൾ ഇന്നു വരച്ച ഭാവനാചിത്രം, ഒരുദിവസം വാസ്തവമായിത്തീരുകയില്ലെന്നു് എങ്ങനെ പറയാൻ സാധിക്കും? ആ പരിണാമം സത്യമായിത്തീർന്നാൽ മുൻഷിക്കു് അതെങ്ങനെ തടുക്കാൻ കഴിയും? അയാൾ കഷ്ടപ്പെട്ടുണ്ടാക്കി ഒളിച്ചുവെച്ച ധനംകൊണ്ടു് എന്തു പ്രയോജനം?

ഇക്കാര്യം ഞാൻ മനസ്സിലാക്കിയതിൽ ഒട്ടും കുറഞ്ഞ മട്ടിലല്ല, പലവിധത്തിലും അഭിജ്ഞനായ ഈ രാക്ഷസൻ തന്റെ തീക്ഷ്ണബുദ്ധി ഉപയോഗിച്ചു് മനസ്സിലാക്കിയിട്ടുള്ളതു്. പക്ഷേ, മനുഷ്യജീവിതത്തിൽ ബുദ്ധിക്കു് എത്രമാത്രം സ്ഥാനമുണ്ടു്? ഇക്കാലത്തിനകം എത്ര പ്രശ്നങ്ങൾക്കു് ഉത്തരം പറയാൻ സാധിച്ചിട്ടുണ്ടു് അതിന്നു്? എത്ര പ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ അതിനു കഴിഞ്ഞിട്ടുണ്ടു്? ദാർശനികഗ്രന്ഥങ്ങളിൽ മനുഷ്യനെ rational animal ആയിട്ടാണു് വിവരിച്ചിട്ടുള്ളതു്. ഇതാണത്രേ അവന്റെ വൈശിഷ്ട്യം. സമസ്ത ജീവജാലങ്ങൾക്കുമിടയിൽ മനുഷ്യൻ അവകാശപ്പെടുന്ന ശ്രേഷ്ഠതയ്ക്കും അടിസ്ഥാനം ഈ rationalism ആണത്രേ. അതിലവൻ അഭിമാനിക്കുകയും ചെയ്യുന്നു. എങ്കിലും നാം എത്രകണ്ടു് rational ആണോ അതിലുമെത്രയോ അധികം animal ആണെന്നു് എങ്ങനെ സമ്മതിക്കാതിരിക്കും?

ജ്ഞാനഗർവ്വിയായ മനുഷ്യൻ, സരളമായ ഈ സത്യം സമ്മതിക്കാൻ ലജ്ജിക്കുന്നു. ബുദ്ധിജീവിയാണെന്നതിൽ അവന്റെ അഹങ്കാരത്തിന്നു് അവസാനമില്ല. ന്യായശാസ്ത്രത്തി

ൻെറ കർശനമായ ഫോർമുലകൾകൊണ്ടു് ദൈനംദിനജീവിതത്തിലെ പ്രവൃത്തികളെ കെട്ടിവരിയാൻ ശ്രമിക്കുന്നു അവൻ. പക്ഷേ, കൊടുങ്കാററു വരുമ്പോൾ അവൻെറ logical syllogism എവിടെ കിടക്കും? കണക്കുകൂട്ടലുകളുടെ സങ്കീർണ്ണമായ ചരടുകൾ നൂറു കഷണമായിപ്പോകും. അന്നു് അവനു് വഴികാട്ടുക, മസ്തിഷ്കമല്ല, ഹൃദയമായിരിക്കും. അതിൻെറ രഹസ്യാത്മക ഭാഷ നിഘണ്ടുവിലെ അർത്ഥംകൊണ്ടു് മനസ്സിലാക്കാൻ കഴിയുകയില്ല. ഒരു തിയറിയുടെ ചട്ടക്കൂട്ടിലും അതിനെ ഒതുക്കി നിർത്താൻ സാദ്ധ്യവുമല്ല.

മുൻഷിയുടെ ജീവിതത്തിൽ കൊടുങ്കാററുയന്നു. അതുകൊണ്ടു് അയാളുടെ വ്രണപ്പെട്ട വക്ഷസ്സു് തകത്തുകൊണ്ടു് ഉയന്നുവന്ന പ്രശ്നങ്ങൾ അർത്ഥഹീനമാണു്. നിർവ്വികാരനും നിശ്ശബ്ദനുമായി ഞാനതെല്ലാം കേട്ടിരുന്നു. അയാളുടെ വ്യാകുലദൃഷ്ടി അപ്പോഴും എൻെറ മുഖത്തു തറച്ചിരുന്നു—ആഗ്രഹപൂർവ്വം ഉത്തരങ്ങൾ പ്രതീക്ഷിച്ചു്. ഞാൻ നാഴികമണി നോക്കി. രാത്രി എട്ടടിച്ചു് പതിനഞ്ചു മിനിട്ടായി. ദൃഷ്ടി താഴ്ത്തി അയാളുടെനേരെ തിരിഞ്ഞു പറഞ്ഞു: “ജമേദാർ കാത്തുനില്ക്കുന്നു. ഇനി ലോക്കപ്പിൽ പോകൂ, മുൻഷീ!”

ഏതാനും ദിവസം കഴിഞ്ഞു് ഭൂതനാഥ്ബാബു വീണ്ടും വന്നു.

“എന്താ കാര്യം?”

“മുൻഷിയെ ഒന്നു കൊണ്ടുവരിക്കു.”

“പുതുതായി ശ്രമിച്ചുനോക്കാൻ വല്ലതും കിട്ടിയോ?”

“പല്ലൊടിഞ്ഞ ഒരു ഗുണ്ടയെ പിടികിട്ടി. അവരുടെ സംഘത്തിലെ ആണെന്നു സംശയം. നോക്കാം, വല്ലതും പറയുമോ എന്നു്. ആളെ ഒററയ്ക്കു കിട്ടിയാൽ സൗകര്യമായിരുന്നു.”

“ഓഹോ, അതാകാമല്ലോ.”

അടുത്ത മുറിയിൽവെച്ചു് ഒരു മണിക്കൂർനേരത്തെ വാക്ഗുസ്തിക്കുശേഷം പുറത്തു വന്ന ഭൂതനാഥ്ബാബുവിൻെറ മുഖത്തു് ആശയുടെ ചിഹ്നമൊന്നും കണ്ടില്ല.

“ശരിയായോ ചേട്ടാ?”

മുഖം വികൃതമാക്കി അദ്ദേഹം പറഞ്ഞു: “ഒന്നുമില്ല,

ഒന്നും. Very hard nut. എൻെറ പല്ലൊടിഞ്ഞു. പല്ലൊടിഞ്ഞയാളെപ്പററി ഒരു ക്ലൂവും കിട്ടിയില്ല.''

പല്ലൊടിഞ്ഞ ആൾ പിറേറന്നു ജയിലിൽ വന്നു. ഒരു ദിവസം മുൻഷിയെ വിളിച്ചു ചോദിച്ചു: ''അവനാണോ ഇതു്?''

മുൻഷി അല്പനേരം മിണ്ടാതെ നിന്നിട്ടു പറഞ്ഞു: ''ഏമാൻെറയടുത്തു് ഒളിക്കുന്നില്ല. പക്ഷേ, വേറെ ആരോടും ഞാനിതു സമ്മതിക്കുകയില്ല.''

ഒരു മാസത്തിനകം കേസ് ആരംഭിച്ചു. പോലീസിന്റെ തത്പരതയ്ക്കു കുറവില്ലായിരുന്നു. ബദറുദ്ദീൻമുൻഷിയുടെ കൂട്ടുപ്രതികളെന്നു പറഞ്ഞു് ഒരു സംഘം ആളുകളെ അറസ്റ്റും ചെയ്തു കൊണ്ടുവന്നു. അവരെ കണ്ടപ്പോൾ അയാൾക്കു് ചിരി അടക്കാൻ കഴിഞ്ഞില്ല. ''ഇവർ എൻെറകൂടെ ഉണ്ടായിരുന്നെന്നോ? ആർക്കറിയാം? ഒരുപക്ഷേ, കഴിഞ്ഞ ജന്മം ഉണ്ടായിരുന്നിരിക്കാം. ഈ ജന്മം ഇവരെയാരെയെങ്കിലും കണ്ടതായി ഓർക്കുന്നില്ല.''

മുൻഷി തൻെറ ഭാഗം വാദിക്കാൻ വക്കീലിനെ ഏൎപ്പെടുത്തുകയുണ്ടായില്ല. കൊലപാതകത്തിൽ പ്രതിയായതുകൊണ്ടു് സൎക്കാർചെലവിൽ വക്കീൽ നിയോഗിക്കപ്പെട്ടു. സ്ഥലത്തെ ബാറിലെ ചെറുപ്പക്കാരനായ ക്രിമിനൽ ലായർ. അദ്ദേഹം വന്നു് ഉപദേശിച്ചു, കുററസമ്മതം നിഷേധിക്കാൻ. പോലീസിനെ പേടിച്ചു് എന്തൊക്കെയോ പറഞ്ഞു, ഓൎമ്മയില്ല എന്നു പറയാൻ, മുറിവുകളുടെ വേദനകൊണ്ടു് ബുദ്ധി നേരെ ആയിരുന്നില്ല. ''ഈ കേസിനെപ്പററി തനിക്കു് ഒന്നും അറിഞ്ഞുകൂടാ എന്നു പറയണം. മതി, ബാക്കി കാൎയ്യം ഞാൻ നോക്കിക്കൊള്ളാം. വെറുതെ വിടുവിച്ചുതരാം.''

മുൻഷി ചിരിച്ചുകൊണ്ടു പറഞ്ഞു: ''പേടിക്കണ്ട, ബാബു. കുററസമ്മതം കൊടുത്തുപോയെങ്കിലും കേസ് നീണ്ടുപോകാൻ ഞാൻ വഴി കണ്ടിട്ടുണ്ടു്. അങ്ങയുടെ ഫീസ് കുറയുകയില്ല.''

കേസിൻെറ ആദ്യദിവസം അഞ്ചുമണിക്കു് കോടതി പിരിയാൻ തുടങ്ങുമ്പോൾ മുൻഷി തൊഴുകൈയോടെ പറഞ്ഞു: ''ദയവായി എന്നെ ഇരിക്കാൻ അനുവദിച്ചതിനു്

ദൈവം അങ്ങയ്ക്കു നന്മ വരുത്തും. എനിക്കു് ഒരപേക്ഷകൂടിയു ണ്ടു്. ഇരുന്നിരുന്നു്, ഈ പ്രസംഗങ്ങൾ കേട്ടുകേട്ടു് വല്ലാതെ ഉറക്കം വരുന്നു. ഉറങ്ങിപ്പോയാൽ തെറ്റു വിചാരിക്കരുതു്.''

മജിസ്ട്രേട്ടു് പഴയ ആളാണു്. അദ്ദേഹം കണ്ണു മിഴിച്ചു് ഒന്നാംപ്രതിയെ സൂക്ഷിച്ചുനോക്കി. തൻെറ കൊലമരപ്രവേ ശനദ്വാരമെന്നു പറയാവുന്ന കേസിൻെറ വാദം കേൾക്കു മ്പോൾ ഉറക്കം വരിക—ഇത്തരമുറക്കം അദ്ദേഹം മുമ്പു കണ്ടി രിക്കുകയില്ല.

ഇതിനിടെ പെട്ടെന്നൊരു ദിവസം പതിനൊന്നുമണി സമയത്തു് ഭൂതനാഥ്ബാബു വന്നു.

''കുഴപ്പമായല്ലോ, സാർ.''

''എന്തു പററി?''

''മുൻഷിയെ ഒന്നു് കോടതിയിൽ അയയ്ക്കണം.''

''അയാൾ കോടതിയിൽ വരുന്നില്ലേ?''

''ഇല്ല. ഇതു കണ്ടോ?''

അദ്ദേഹം മുൻഷിയുടെ വാറണ്ടു് കാണിച്ചു. ജയിൽ ഡാക്ടർ അതിൽ എഴുതിയിരിക്കുന്നു: "Unfit to attend Court."

ഞാൻ ചോദിച്ചു: ''സുഖമില്ലാതായാൽ പിന്നെ എങ്ങ നെ കോടതിയിൽ വരും?''

''വലിയ സുഖക്കേടൊന്നുമില്ല. നിങ്ങൾതന്നെ ഒന്നന്വേ ഷിച്ചുനോക്കൂ. ഇതു് നിശ്ചയമായും ഇന്നലത്തെ സംഭവത്തി ൻെറ reaction ആണു്.''

സംഭവത്തിന്റെ സംക്ഷിപ്തവിവരണം ഭൂതനാഥ്ബാബു തന്നതു് ഇതാ:

''കേസിൻെറ പ്രാരംഭവാദം കഴിഞ്ഞു് രണ്ടു ദിവസമാ യി സാക്ഷിവിസ്താരമാണു്. മുൻഷി ആദ്യംമുതല്ക്കേ കേസി ൻെറ കാര്യത്തിൽ ഉദാസീനനായിരുന്നു. കോടതി കൂടിയിരി ക്കുമ്പോഴെല്ലാം കൂട്ടിൽ അഴിയിൽ ചാരിയിരുന്നു് ഉറങ്ങും. ഇന്നലെ മൊഴി കൊടുത്ത സാക്ഷികളിലൊന്നു് സീതാനാഥ ദത്തിൻെറ മകളാണു്. അവളെ കൊണ്ടുവരുമ്പോൾ അയാൾ പതിവുപോലെ കൂക്കം വലിച്ചു് ഉറങ്ങുകയായിരുന്നു. മൂന്നു നാലു ചോദ്യം കഴിഞ്ഞപ്പോൾ പെട്ടെന്നു് ഉണന്നു. കൂട്ടിലേ ക്കു നോക്കിയപ്പോൾ അയാൾ ഞെട്ടിപ്പോയി. ചാടിയെഴ

ന്നോററു്, കോടതിയുടെനേരെ കൈകൂപ്പി മുൻഷി പറഞ്ഞു: 'എൻെറ ധാർഷ്ട്യത്തിനു് ബഹുമാനപ്പെട്ട കോടതി മാപ്പുതരണം. എന്റെ മൊഴി ഒന്നു വായിച്ചുനോക്കണം. ഞാൻ എല്ലാം സമ്മതിച്ചിട്ടുണ്ടു് അതിൽ. സക്കാർപക്ഷത്തിൻെറ ചാർജ്ജു മുഴുവൻ ഞാൻ സമ്മതിച്ചിട്ടുണ്ടു്. എന്നിട്ടും ഈ കുട്ടിയെ ഇങ്ങനെ വലയ്ക്കുന്നതെന്തിനാ? അതിനെ വിട്ടേക്കു. ഞാൻ വീണ്ടും പറയുന്നു, ഈ പെൺകുട്ടിയുടെ സവ്വനാശത്തിനു കാരണക്കാരൻ ഞാനാണു്. ഞാനവളുടെ ഭത്താവിനെ കൊന്നു, അവളുടെ സവ്വസ്വവും കൊള്ളചെയ്തു. ബലാൽസംഗമോ? അതെ, ഞാൻ—ഞാൻ—അയ്യോ!' എന്നു പറഞ്ഞു് അയാൾ പെട്ടെന്നു് നെഞ്ചു പൊത്തിപ്പിടിച്ചു് ഇരുന്നു. അതോടൊപ്പം പെൺകുട്ടിയും സാക്ഷിക്കൂട്ടിൽ ബോധംകെട്ടുവീണു.

"കോടതി പിരിഞ്ഞു. മുൻഷിയെ പോലീസ് വണ്ടിയിൽ ജയിലിൽ എത്തിച്ചു. പെൺകുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോയി. രണ്ടു മണിക്കൂർ വേണ്ടിവന്നു, അവൾക്കു ബോധം വീഴാൻ."

ഭൂതനാഥ്ബാബു പറഞ്ഞു: "പെണ്ണിന്റെ സ്ഥിതി അത്ര മെച്ചമല്ല. എങ്കിലും ഡാക്ടറുടെ സമ്മതം വാങ്ങി, ഒരുതരത്തിൽ സ്റ്റ്രെച്ചറിലെടുത്തു് കോടതിയിൽ കൊണ്ടുവന്നിട്ടുണ്ടു്. എങ്ങനെയെങ്കിലും ഇന്നത്തെകൊണ്ടു് അവളുടെ തെളിവെടുക്കണം. പക്ഷേ, ഒന്നാംപ്രതി വന്നിട്ടില്ല. അവനില്ലാതെ വിചാരണ നടത്താനും വയ്യ. എങ്ങനെയെങ്കിലും അവനെ കൊണ്ടുപോണം. എല്ലാവരും കാത്തിരിക്കുകയാണു്. കോടതി കൂടിയിരിക്കുന്നു. ഞാൻ ടാക്സി കൊണ്ടുവന്നിട്ടുണ്ടു്. പറഞ്ഞാൽ ആംബുലൻസും ഏർപ്പെടുത്താം."

ഞാൻ ഡാക്ടറെ വിളിച്ചു ചോദിച്ചു: "മുൻഷിക്കു് എന്തു പററി?"

ഡാക്ടർ ചിന്താവിഷ്ടനായി തലയാട്ടിക്കൊണ്ടു പറഞ്ഞു: "എനിക്കു് ഒന്നും മനസ്സിലാകുന്നില്ല. ഇന്നലെ കോടതിയിൽനിന്നു വന്നതിൽ പിന്നെ ഒന്നും കഴിക്കുന്നില്ല, ഒന്നും മിണ്ടുന്നില്ല. വെറുതേ കണ്ണടച്ചു കിടക്കുകയാണു്."

ഭൂതനാഥ് ഗജ്ജിച്ചു: "തെമ്മാടിത്തരം! തെമ്മാടിത്തരം തന്നെ. മനസ്സിലായില്ലേ? കേസ് കുഴപ്പത്തിലാക്കാനാണു്.

പെൺകുട്ടി ഇന്നു മടങ്ങിപ്പോയാൽ പിന്നെ വരില്ലെന്നു് അവനറിയാം.''

ഞാൻ ചോദിച്ചു: ''അയാളുടെ കുറ്റസമ്മതത്തിനുശേഷം പെണ്ണിന്റെ തെളിവു് അത്ര അത്യാവശ്യമാണോ?''

''അത്യാവശ്യമാണോ എന്നോ? കുററസമ്മതത്തിന്റെ പിന്തുണയായി തെളിവില്ലെങ്കിൽ പിന്നെ അതിനെന്താ വില? ഇവിടെ ശിക്ഷിച്ചാലും ഹൈക്കോടതിയിൽ പോയാൽ നിലനിൽക്കുകയില്ല.''

ഞാൻ ഡാക്ടറോടു ചോദിച്ചു: ''ഒരുതരത്തിലും അയാൾ പറ്റില്ലേ?''

''അയസ്സാവുന്ന അവസ്ഥയാണെന്നു് എനിക്കു വിശ്വാസമില്ല, സാർ.''

ഭൂതനാഥ്ബാബുവിന്നു് നിരാശനായി മടങ്ങേണ്ടിവന്നു.

അന്നുതന്നെ സന്ധ്യാസമയം. ജയിലിനുള്ളിലെ ജനബഹുലമായ വഴികൾ ശൂന്യപ്രായം. തടവുകാർ അവരവരുടെ വാർഡിൽ പൊയ്ക്കഴിഞ്ഞു. ജമേദാർമാർ 'എണ്ണം'ചേരുന്നുണ്ടോ എന്നു നോക്കുന്നു. ഡെപ്യൂട്ടിബാബുമാർ അവരവരുടെ പ്രദേശത്തു ലാത്തുന്നു. ലോക്കപ്പുജോലി സമംഗളം സമാപിക്കുന്നതുവരെ എല്ലാവർക്കും ഉത്കണ്ഠയാണു്. ഞാനും കാൺസ്റ്റബിൾമാരോടൊപ്പം ചുററിനടക്കുകയായിരുന്നു. മതിൽ ചുറ്റിക്കുളത്തിന്റെ അടുത്തെത്തിയപ്പോൾ ഒരാൾ ഓടിവന്നു് റിപ്പോർട്ടു തന്നു, ആകെ എണ്ണം ഒക്കുന്നില്ലെന്നു്. ഞാനറിയാതെതന്നെ നെററി വിയർത്തുപോയി. ജയിലിന്റെ ചുമതലക്കാരനു് ഇതിലധികം ചീത്തയായ ഒരു വാർത്തയില്ല. ഞാൻ അതിയായ ജിജ്ഞാസയോടെ അതു പറഞ്ഞയാളെ നോക്കി. അയാൾ വല്ലായ്മയോടെ വിനയപൂർവ്വം അറിയിച്ചു: ''ഒന്നു കുറവുണ്ടു്.''

ലോക്കപ്പ് വാർഡിൽ ചെന്നു നോക്കിയപ്പോൾ ആരുടെയും മുഖത്തു ചോരയില്ല. എല്ലാ വാർഡിലും വീണ്ടും എണ്ണാൻ തുടങ്ങി. ഫലം അതുതന്നെ—ഒന്നു കുറവു്. കണക്കനുസരിച്ചു് 1343 ഉണ്ടാകണം. 1342 മാത്രമേ ഉള്ളൂ. എല്ലാവരും നിശ്ശബ്ദം പ്രതീക്ഷാനിർഭരരായി നിന്നു—ഇനി എന്തുത്തരവാണു് ഉണ്ടാകുന്നതെന്നറിയാൻ. ഉത്തരവു വന്നു—ഒന്നുകൂടി

എണ്ണു്. ബാരക്കുകളിലെല്ലാം വീണ്ടും ശബ്ദമുയന്നു. തടവുകാരെ രണ്ടു വരിയാക്കി നിത്തി. ഇപ്രാവശ്യം ഡെപ്യൂട്ടി ബാബുമാരും എണ്ണലിൽ പങ്കെടുത്തു. രണ്ടു്, നാലു്, ആറു്, എട്ടു്... ഓരോരുത്തരായി എല്ലാവരും ലോക്കപ്പു് വാർഡിൽ മടങ്ങിവന്നു. അവരുടെ മുഖം ഇരുണ്ടുതന്നെയിരുന്നു.

പിന്നീട്ടു് ഒരു വഴിയേ ബാക്കി ഉണ്ടായിരുന്നുള്ളു—അവസാനത്തെ വഴി: ഭ്രാന്തൻമണി മുഴക്കുക. ഒരു നീണ്ട വിസിൽ. ഉടനേ ആരംഭിക്കുകയായി, സവ്വവ്യാപിയായ താണ്ഡവം. ലാത്തിയും തോക്കുമേന്തി വെറുതേ ഓട്ടവും ചാട്ടവും, പത്തമ്പതു പന്തം കത്തിച്ചു് സംഭവ്യവും അസംഭവ്യവുമായ സ്ഥലങ്ങളിൽ നിഷ്ഫലമായ അന്വേഷണം, മതിൽ ചുററിയോടുന്ന പോലീസുസംഘത്തിൻെറ വ്യത്ഥമായ ഗജ്ജനം. പിന്നീട്ടു് ദീർഘമായ ലങ്കാകാണ്ഡം സമാപിക്കും. ശുഷ്ക്കിച്ച മുഖവും കുനിഞ്ഞ ശിരസ്സുമായി ദൂതന്മാർ പുനഃപ്രവേശനം ചെയ്യും.

"എന്തു വിശേഷം?"

"ഒന്നു കുറവുണ്ടു്."

ഞാൻ വലിയ ജമേദാറുടെ നേരേ തിരിഞ്ഞു പറഞ്ഞു: "എല്ലാമായി. ഇനിയെന്താ?"

അപ്പോഴേക്കു്—

"കിട്ടിപ്പോയ്, കിട്ടിപ്പോയ്. ഒരു വാർഡർ ശ്വാസവേഗത്തിൽ പാഞ്ഞുവന്നു.

"എവിടെ? എവിടെ കിട്ടി?" പതിനെട്ടുപേർ ഒരുമിച്ചു ചോദിച്ചു.

"ആ മരത്തിൽ."

"മരത്തിൽ!" ഞാൻ അനുചരന്മാരോടുകൂടി പുറപ്പെട്ടു.

ആശുപത്രിയുടെ പിന്നിൽ മതിലിനോടു ചേന്നു് പഴക്കംചെന്ന ഒരു ആൽവൃക്ഷമുണ്ടു്. അതിൻെറ ശാഖകൾക്കിടയിൽനിന്നു് രണ്ടു കാൽ തൂങ്ങിക്കിടക്കുന്നു. മുമ്പോട്ടു ചെന്നു നോക്കിയപ്പോൾ ദേഹം മുഴവൻ കാണായി. ധോത്തി പിരിച്ചാണു് നീണ്ട കയറുണ്ടാക്കിയിരിക്കുന്നതു്. അതിൻെറ ഒരററം വൃക്ഷക്കൊമ്പിലും മറേറ അററം കുടുക്കാക്കി കഴുത്തിലും കെട്ടിയിരിക്കുന്നു.

ഏതാനും മിനിട്ടിനകം മൃതദേഹം താഴെയിറക്കി. ഡാക്ടർ വന്ന് നാഡിപിടിച്ചു നോക്കിയിട്ട് മുഖം വികൃതമാക്കി. നാക്ക് പുറത്തുവന്നിരിക്കുന്നു. കണ്ണു മിഴിച്ചിരിക്കുന്നു. ബീഭത്സമായ കാഴ്ച. എങ്കിലും ഒററനോട്ടത്തിൽ ആളെ മനസ്സിലായി. ഞാൻ ജമേദാറെ നോക്കി പറഞ്ഞു: "മണി."

സെൻട്രൽ ടവറിൽനിന്ന് മൂന്നുതവണ മണിമുഴങ്ങി. എല്ലാം ശരിയായിരിക്കുന്നു എന്ന അറിയിപ്പ്.

# പതിനഞ്ച്

തിങ്കളാഴ്ച വൈകുന്നേരം നാലുമണിയടിച്ച് മുപ്പത്തഞ്ചു മിനിട്ടായി. ഞാൻ സപരിവാരം ഫയൽ പരിശോധിക്കുകയാണ്. ചുവപ്പുനാട കെട്ടിയ കടലാസുഫയലല്ല; നിയമത്തിന്റെ ചങ്ങല ചുററിക്കെട്ടിയ മനുഷ്യരുടെ ഫയൽ. മനുഷ്യർതന്നെ. പക്ഷേ, മനുഷ്യൻെറ പ്രാഥമികമായ അവകാശങ്ങൾ നഷ്ടപ്പെട്ടവർ. സജ്ജനങ്ങളുടെ സമൂഹത്തിൽനിന്നു പുറത്താക്കപ്പെട്ടവർ. ലോകത്തിൻെറ സഹജവും സ്പഷ്ടവുമായ മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ച് അന്ധകാരത്തിൻെറ മാർഗ്ഗം കൈക്കൊണ്ടവർ. നെററിയിൽ കുററവാളിയുടെ പങ്കതിലകം അണിഞ്ഞവർ. ആ മനുഷ്യരുടെ ഫയൽ നോക്കുകയാണു ഞാൻ.

ഒരുവശത്തുനിന്നു സുദീർഘമായ വരി ഒരിക്കൽ നോക്കി. നിക്കറും ഷർട്ടും തൊപ്പിയും ധരിച്ചിരിക്കുന്നു. വലതു കൈയിൽ ടിക്കററ്. ഇടതുകൈ തൂക്കിയിട്ടിരിക്കുന്നു. നെഞ്ചത്ത് അലുമിനിയം കൊണ്ടുള്ള തകിടു ധരിച്ചിട്ടുണ്ട്. അങ്ങനെ നിരന്നു നില്ക്കുകയാണ്, ഇന്ത്യൻ പീനൽ കോഡിൻെറ ജീവനുള്ള ഓരോരോ വകുപ്പുകൾ. ആദ്യം 379, അതിന്റെ തൊട്ട് 302, അതിനോടു തോളുരുമ്മിക്കൊണ്ട് 420 അല്ലെങ്കിൽ 395—കൊലപാതകി, തസ്കരൻ, ബലാൽസംഗക്കാരൻ, കൊള്ളക്കാരൻ, വഞ്ചകൻ, പോക്കററടിക്കാരൻ തുടങ്ങിയ തരക്കാരുടെ വിചിത്രമായ മേളനം. പക്ഷേ, ഞങ്ങളുടെ കണ്ണിൽ ഈ വൈവിദ്ധ്യം അർത്ഥഹീനമാണ്. ഇവിടെ

വന്നാൽ എല്ലാവരും ഒരുപോലെതന്നെ. ഞങ്ങളെ സംബന്ധിച്ചിടത്തോളം രാമും ശ്യാമും തമ്മിലെ അന്തരം നമ്പറിന്റെ മാത്രം. രാം 757, ശ്യാം 1104. അവരുടെ കുററകൃത്യങ്ങളുടെ വിവരണം എനിക്കറിഞ്ഞുകൂടാ. ജയിലിൽ വരുന്നതിനു മുമ്പത്തെ ജീവിതത്തിൻെറ കാര്യവും അങ്ങനെതന്നെ. എൻെറ മുമ്പിൽ നില്ക്കുന്ന രാം അയൽക്കാരൻെറ അടുക്കളയിൽനിന്ന് ഒരുപാത്രം പഴഞ്ചോറു മോഷ്ടിച്ച കഥ എനിക്കു നിശ്ചയമില്ല. അയാളോടു ചേൻറു നിൽക്കുന്ന ശ്യാം അയൽവാസിയുടെ എട്ടു വയസ്സുള്ള മകളുടെ നെഞ്ചിൽ കത്തിതാഴ്ത്തി ഒന്നരപ്പവൻെറ മാല തട്ടിയെടുത്ത കഥയും എനിക്കറിഞ്ഞുകൂടാ. അവർ തടവുകാരാണു്—ഇത്രമാത്രമേ എനിക്കറിയാവൂ. ഇത്രയും അറിഞ്ഞുവച്ചുകൊണ്ടാണു് ഞാൻ അവരെ റിഫോം ചെയ്യുന്ന ഭാരം ഏറെറടുത്തിട്ടുള്ളതു്.

എൻെറ ജയിൽപ്പുള്ളികളുടെ മാനസികസ്ഥിതി എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടു് എല്ലാവരും എനിക്കു് ഒരുപോലെയാണു്. എല്ലാവരോടും എന്റെ പെരുമാററം ഒരുപോലെയാണു്. പലരോടു പലതരത്തിൽ പെരുമാറാൻ ഞങ്ങളുടെ ശാസ്ത്രം അനുവദിക്കുന്നില്ല. അതിന്റെ ദൃഷ്ടിയിൽ രാമും ശ്യാമും ഒന്നുപോലെതന്നെ. ആഹാരം, വിനോദം, ജോലി, വിശ്രമം എന്നിവയിലെല്ലാം ഒരേ ശാസനവും ശൃംഖലയുംകൊണ്ടു ബന്ധിതം.

ഇപ്പോൾ ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലിക്കു പ്രതിവാര'ഫയൽ'പരിശോധന എന്നു പറയും. ആക്കൊക്കെ എന്തൊക്കെ പരാതികളുണ്ടു്, ആക്കെല്ലാം എന്തെല്ലാം അപേക്ഷകളുണ്ടു് എന്നു് അറിയാനാണു് ഞാൻ വന്നിരിക്കുന്നതു്. സത്യത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എന്നോടു പറയുകയില്ല എന്നെനിക്കറിയാത്തതല്ല. എന്തെന്നാൽ, ആരെക്കുറിച്ചാണോ പരാതികളുണ്ടാകുക, അവർ ഘോഷയാത്രയായി എൻെറ പിന്നിലുണ്ടു്.

"പരാതിയുണ്ടു്, ബാബൂ!"

ഘോഷയാത്ര നിന്നു.

"എന്തു പരാതി?"

പരാതിക്കാരനു് എഴുപതു കഴിഞ്ഞിരിക്കുമെന്നു തോന്നി.

കുനിക്കൂടി ഒരുതരത്തിൽ ഫയലിൻെറ വരിതെററാതെ നില്ക്കു കയാണം്. ടിക്കററ് എൻെറ നേരെ നീട്ടിക്കൊണ്ടു പറ ഞ്ഞു: "നോക്കൂ ബാബൂ, വയസ്സ് എത്രയാ എഴുതിയിരിക്കു ന്നതെന്നു്."

അടുത്തുനില്ക്കുന്നയാൾക്കും അത്രതന്നെ പ്രായം തോന്നും. അയാളുടെ ടിക്കററും വലിച്ചെടുത്തു് എന്റെ കൈയിൽ തന്നു കൊണ്ടു പറഞ്ഞു: "എന്നിട്ട് ഇതും ഒന്നു നോക്കൂ."

ഉത്തേജനം നിറഞ്ഞ സ്വരം.

ഞാൻ പറഞ്ഞു: "എന്താ കാര്യം, അതു പറയൂ്."

"പറയാം, വയസ്സ് ആദ്യം നോക്കൂ."

ഒപ്പംതന്നെ അയാൾ സാവധാനം ചോദിച്ചു: "എന്താ എഴുതിയിരിക്കുന്നതു്?"

ഇത്തരം അച്ചടക്കമില്ലായ്മ ചീഫ് ജമേദാക്കു പിടിച്ചി ല്ല. അയാൾ ദേഷ്യപ്പെട്ട് എന്തോ പറയാൻ തുടങ്ങുകയായി രുന്നു. അയാളെ ആംഗ്യംകൊണ്ടു തടഞ്ഞിട്ടു വൃദ്ധന്റെ നേരെ നോക്കി ഞാൻ പറഞ്ഞു: "നിൻെറ വയസ്സ് 72—അവ ൻെറ 65."

"അപ്പോൾ റൈട്ടർബാബു പറഞ്ഞതു ശരിയാണു്. പക്ഷേ, നിങ്ങളെന്താ പറയുന്നതു് ബാബൂ, എനിക്കു് എന്റെ മകനേക്കാൾ ഏഴു വയസ്സേ കൂടുതലുള്ളൂ?"

"ഇതു നിൻെറ മകനാണോ?"

"എൻെറ മകനല്ലാതെ പിന്നെ വല്ലവൻേറയും മക നാണോ?"

അടുത്തുനിന്നയാൾ വിനീതസ്വരത്തിൽ പറഞ്ഞു: "അ തെ ഏമാനേ, എൻെറ അച്ഛനാണതു്. വയസ്സായില്ലേ? അ തിൻെറയാണു ദേഷ്യം."

"നീ നിത്തു്,"വൃദ്ധൻ അലറി. "ജയിലിൽ കിടക്കേണ്ടി വന്നെന്നോത്തു മകനെ മകനെന്നു പറഞ്ഞുകൂടേ?"

ഞാൻ മൃദുസ്വരത്തിൽ പറഞ്ഞു: "വേണ്ട, വേണ്ട. ആരു പറഞ്ഞു, പറഞ്ഞുകൂടെന്നു്? അതു ഞങ്ങളുടെ തെററാണു്."

ഞാൻ ഡാക്ടറുടെ നേരെ നോക്കി. പാവത്തിനെ പ്രത്യേ കിച്ചു കുററം പറയാനില്ല. വയസ്സു നിശ്ചയിക്കാൻ ഡാക്ടർ മാക്കു വല്ല വിദ്യയുമുണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും

ഇവർ പിതൃപുത്രരാണെന്നു വെറുതെ നോക്കിപ്പറയാൻ ദിവ്യജ്ഞാനംതന്നെ വേണം. ടിക്കറ്റു രണ്ടും ഡാക്ടറുടെ കൈയിൽ കൊടുത്തിട്ടു ഞാൻ മുന്നോട്ടു നീങ്ങി. അദ്ദേഹം അടക്കിപ്പിടിച്ച സ്വരത്തിൽ പറയുന്നതു കേട്ടു, "നീ ഈ പയ്യന്റെ അച്ഛനാണെന്നു നേരത്തെ പറയാമായിരുന്നല്ലോ."

വൃദ്ധൻെറ സ്വരമുയൎന്നു: "ഞാനെന്തിനാ പറയുന്നതു്? നിങ്ങൾക്കു ബുദ്ധിയില്ലേ?"

പരാതികൾക്കു വിഷയം മിക്കപ്പോഴും എഴുത്തുകളാണു്. സാധാരണതടവുകാൎക്കു് രണ്ടു മാസത്തിലൊരിക്കൽ എഴുതെഴുതാം. പുറത്തുനിന്നു് അവൎക്കു വരുന്ന കത്തുകൾക്കും രണ്ടു മാസത്തെ വ്യത്യാസം ഉണ്ടായിരിക്കണം. ഡെപ്യൂട്ടിബാബുമാർ ടിക്കററുനോക്കി തീയതി കണക്കാക്കി എഴുത്തു് അനുവദിക്കും.

"ഒരു പരാതിയുണ്ടു്, എജമാനെ." ഒരു ചെറുപ്പക്കാരൻ ബോധിപ്പിച്ചു. പേരു് പാനാ ഉള്ള.

"എന്താ നിൻെറ പരാതി?"

അടുത്തടുത്തുനിന്ന ചെറുപ്പക്കാരുടെയെല്ലാം മുഖത്തു് അമൎത്തിയ ചിരി കാണായി. പാനാ ഉള്ള അല്പം സങ്കോചത്തോടുകൂടി പറഞ്ഞു: "മാമ എഴുതിയിരിക്കുന്നു, എൻെറ ബീബി വേറെ നിക്കാഹ് കഴിക്കാൻപോകുന്നെന്നു്."

ഞാനെന്തെങ്കിലും പറയുന്നതിനുമുമ്പു് ഡെപ്യൂട്ടി ഖാലിക്സാഹിബ്ബ് മറുപടി പറഞ്ഞു: "അല്ലാതെന്തുചെയ്യും? നീ ഏഴു കൊല്ലം ജയിലിൽ കിടക്കാൻ നിശ്ചയിച്ചു. ചെറുപ്പക്കാരിഭാര്യ അത്രയുംകാലം നിന്നെ കാത്തിരിക്കണോ?"

പാനാ ഉള്ള അടങ്ങിയില്ല. ഉടനെ മറുപടി പറഞ്ഞു: "നിക്കാഹ് കഴിക്കുന്നതിരിക്കട്ടെ. പക്ഷേ, നാട്ടിൽ ആ ഗയജദ്ദിയല്ലാതെ ആൺപിള്ളേരൊന്നുമില്ലേ? ഞാനുള്ളപ്പോൾ അവൻ അടുത്തെങ്ങും എത്തിനോക്കുകപോലുമില്ല. കൊടിച്ചിപ്പട്ടിയെപ്പോലെ വാലുചുരുട്ടിപ്പിടിച്ചു് ഓടും. ഇന്നു ഞാനില്ലെന്നു പറഞ്ഞു്—"

അവൻെറ കണ്ണുകൾ വന്യജന്തുവിൻേറതുപോലെ ജ്വലിച്ചു. എനിക്കു മനസ്സിലായി, പാനാ ഉള്ളയെ വ്യസനിപ്പിക്കുന്നതു് ആസന്നമായ പത്നീനഷ്ടമല്ല, അതിലൊക്കെ അഗാധ

മായ എന്തോ ആണെന്നു്. ഞാൻ പരാതി അനുവദിച്ചു. എങ്കിലും ചോദിച്ചു: "പരാതി കൊടുത്തു് ഈ നിക്കാഹ് എങ്ങനെ തടയും?"

"നിക്കാഹ് തടയണമെന്നില്ല സാർ," പാനാ ഉള്ള പറഞ്ഞു: "ബഷീർ ഇൻസ്പെക്ടറെ വെറുതെ ഒന്നറിയിച്ചേക്കാം. ജീവിതം മുഴുവൻ പാനാ ഉള്ള ജയിലിലായിരിക്കുകയില്ലെന്നു്. ഒരു ദിവസം അവൻ പുറത്തു വരും."

പിന്നീടു കിട്ടിയ പരാതികളിലൊന്നും ഒരു പുതുമയുമില്ല. വീട്ടിൽ ഭാര്യയും കുട്ടികളും പട്ടിണികിടന്നു മരിക്കുന്നു, ശത്രുപക്ഷക്കാർ അക്രമങ്ങൾ ചെയ്യുന്നു, ജമിന്ദാർ കടത്തിനു് വീടു ലേലത്തിനുവെച്ചിരിക്കുന്നു...ഇത്തരം വേദനാജനകമായ കഥകൾ അനേകവർഷമായി, ഈ ജോലി കിട്ടിയപ്പോൾമുതൽ, കേട്ടുവരുന്നതാണു്. ആദ്യമൊക്കെ മനസ്സു് ഇളകിപ്പോയിരുന്നു. ഒന്നും ആലോചിക്കാതെ പരാതി അനുവദിക്കും, അതിന്റെ പിന്നിൽ ചൂടുള്ള കുറിപ്പുകൾ എഴുതും, ജീവനററ മേലധികാരികളുടെ കത്തവ്യബോധം ഉണർത്താൻ ശ്രമിക്കും. മനസ്സിനെ ബോധ്യപ്പെടുത്താൻ പാടുപെടും, ഇതിനു പരിഹാരം ഉണ്ടാക്കുകതന്നെ ചെയ്യും. പക്ഷേ, എന്താണു് പരിഹാരമെന്നു വ്യക്തമായി മനസ്സിലാക്കാൻ ഒരിക്കലും കഴിഞ്ഞിട്ടില്ലെന്നു മാത്രം. ഇന്നു് ദുഃഖമയമായ ഇത്തരം കഥകൾ ഹൃദയത്തെ സ്പർശിക്കാറില്ല. എങ്കിലും യന്ത്രംപോലെ പരാതി സ്വീകരിക്കും. അവയുടെ ഫലാഫലങ്ങളെക്കുറിച്ചു് ഒരു മിഥ്യാധാരണയും ഇപ്പോഴില്ലെന്നുമാത്രം.

വലിയ വലിയ കേസുകളുടെ സുദീർഘമായ വിചാരണക്കുശേഷം, അഭിജ്ഞനായ ന്യായാധിപൻ കുററവാളിയെ ഏഴും എട്ടും, പത്തും ഇരുപതും വർഷത്തേക്കു് ജയിലിലയക്കുമ്പോൾ നല്ലവരും മാന്യന്മാരുമായ നമുക്കു സമാധാനമാകും, ജസ്റ്റിസിനു് സന്തോഷമാകും, പത്രങ്ങൾ അദ്ദേഹത്തിൻെറ ന്യായബോധത്തെ വാഴ്ത്തും. പക്ഷേ, ഒരു കാര്യം അദ്ദേഹം അറിയുകയോ നാം ആലോചിക്കുകയോ ചെയ്യുന്നില്ലെന്നു തോന്നുന്നു—ആരാണു് ഈ കഠിനശിക്ഷ അനുഭവിക്കുക? ആൾ ജയിലിൽ പോകും, ശരിതന്നെ. ജയിലിൽ പോകുന്നതുകൊണ്ടുള്ള ദുഃഖവും മനോവിഷമവും കുടുംബനാശവും ഇതിലൊക്കെ

ഉപരിയായി അപമാനവും അപകീർത്തിയും നിസ്സാരമാണെ ന്നല്ല ഞാൻ പറയുന്നതു്. സ്വാതന്ത്ര്യമില്ലായ്മയും പ്രിയജന വിരഹത്തിൻെറ വേദനയും ആദ്യമായി ജയിലിൽ വരുന്നവ രുടെ ഹൃദയത്തെ മഥിക്കുമെന്നും എനിക്കറിയാം. പക്ഷേ, ഈ കാരണംകൊണ്ടുമാത്രം നാം ജയിൽപ്പുള്ളികളെ ഉദ്ദേശി ച്ചു പൊഴിക്കുന്ന നെടുവീർപ്പുകൾ അവരത്ര അർഹിക്കുന്നി ല്ലെന്നു തോന്നുന്നു. നാളുകൾ നീങ്ങുമ്പോൾ, കാലത്തിൻെറ കരസ്പർശംകൊണ്ടു് അവരുടെ മനസ്സിലെ മുറിവു് കരിയുന്നതും ലജ്ജയുടെയും അപമാനത്തിന്റെയും വേദന ഇല്ലാതാകുന്നതും പ്രിയജനവിരഹത്തിന്റെ തീവ്രത കുറയുന്നതും ഞാൻ നേരിൽ കണ്ടിട്ടുണ്ടു്. ദുഃസഹമായ ദിവസങ്ങൾ സഹ്യമായിത്തീരുന്നു. അപരിചിതമായ ജീവിതത്തിലെ അസംഖ്യം കുറവുകളും പ്രയാസങ്ങളും നീങ്ങിപ്പോകുന്നു, പാരതന്ത്ര്യത്തിൻെറ ചങ്ങ ലക്കെട്ടിൻെറ മുറുക്കം അയയുന്നു. സാവധാനത്തിൽ, ജയിൽ ജീവിതത്തിലെ, ധാരാളം കൂട്ടുകാരുള്ള അന്തരീക്ഷത്തിൽ പു തിയൊരു സമുദായം ഉടലെടുക്കുന്നു. പുതിയ പരിചയത്തി ൻെറ ലക്ഷ്യഹീനമായ ആകർഷണംകൊണ്ടു് തൻെറ മത ക്കാരെയും തൻെറ ജോലിതന്നെ ചെയ്യുന്നവരെയും ഇറുകി പ്പിടിക്കുന്നു. പുതിയൊരുതരം സൗഹാർദ്ദം പ്രത്യക്ഷമാകുന്നു.

നാളുകൾ വീണ്ടും നീങ്ങും. വീടിൻെറ ഓർമ്മ ക്രമത്തിൽ മങ്ങും. ബാഹ്യലോകത്തിൻെറ ആകർഷണം കുറയും. പിന്നീ ടൊരുനാൾ, ജയിലിൻെറ ഈ കഠോരരൂപംതന്നെ അയാളുടെ മനസ്സിൽനിന്നു മാഞ്ഞുപോകുന്നു. സങ്കീർണ്ണമായ ഈ ലോക ത്തിലെ ചങ്ങലയിട്ട ജീവിതപ്രവാഹത്തിൽ അയാൾ സ്വയം ആണ്ടുമുങ്ങും. ഇതു് തൻെറ ഗൃഹമല്ല, കാരാഗൃഹമാണെന്നു് തീരെ ഓർക്കാതെയാകും.

പക്ഷേ, എന്നുവെച്ചു്, കോടതിയിൽനിന്നു് അയാൾ വഹിച്ചുകൊണ്ടുവന്ന ശിക്ഷ നിഷ്ഫലമാകുമോ? ഇല്ല, അതി ൻെറ ലക്ഷ്യം മാത്രം മാറിപ്പോകും. ശിക്ഷ അനുഭവിക്കുക, ശിക്ഷിക്കപ്പെട്ട കുററവാളിയെ മാത്രം ആശ്രയിച്ചുകഴിഞ്ഞിരു ന്ന ഏതാനും സ്ത്രീകളും ശിശുക്കളുമാണു്. ജയിലിൻെറ വാതിൽ കടക്കേണ്ട താമസം, അയാൾക്കു് ആഹാരവും വസ്ത്ര വും ഉറപ്പായി, പുതിയ കൂട്ടുകാരെയും പുതിയ സമുദായവും

കിട്ടുകയായി. ജയിൽശിക്ഷയുടെ കാഠിന്യം മുഴുവൻ, അയാൾ പിന്നിൽ വിട്ടുപോന്ന ബന്ധുക്കളനുഭവിക്കണം. ജയിലിൽ വരുന്നവർ, തങ്ങളുടെ ബന്ധങ്ങൾ തകർന്നതിനുശേഷമാണു് വരുന്നതു്.

ഇതിനു് അപവാദങ്ങളുണ്ടെന്നു് എനിക്കറിയാം. സുഖവും സൗകര്യവും ഉദ്ദേശിച്ചു് ഇടയ്ക്കിടെ കാരാഗൃഹവാസം വരിക്കുന്നവരുടെ കാര്യം വേറെ. അവരുടെ കഥ ഞാൻ പറയുന്നില്ല. ഞാനും നിങ്ങളും അതുപോലുള്ള വേറെ അനേകം പേരും കഷ്ടപ്പെട്ടു സമ്പാദിച്ച പണം സുഹൃദ്ഭാവത്തിൽ അപഹരിച്ചെടുത്തു് ബാങ്കിൻെറ അഥവാ ലിമിററഡ് കമ്പനിയുടെ പേരിൽ ഏഴുനിലമാളിക പണിയുന്നവരും ഒരു ദിവസം ആരുമറിയാതെ മുങ്ങിക്കളയുന്നവരും അബദ്ധത്തിൽ എൻെറ ഈ അതിഥിമന്ദിരത്തിൽ എത്തിപ്പെടുന്നവരുമായ മനുഷ്യരുടെ കാര്യവും ഞാൻ പറയുന്നില്ല. അത്തരക്കാർ ഭാര്യയുടെ പേരിൽ വലിയ കൊട്ടാരങ്ങളും തടിച്ച പാസ്സുബുക്കുകളും സമ്പാദിച്ചിരിക്കും. സ്വന്തം പേരിൽത്തന്നെ ഉയർന്ന ക്ലാസ്സിനുള്ള പ്രവേശനപത്രവുമായിട്ടാണു് അവർ വരിക. ഭാഗ്യവാന്മാരായ ഇത്തരം 'ഒന്നാം ക്ലാസ്സ് ബാബു'മാരെപ്പററിയല്ല ഞാൻ പറഞ്ഞതു്. ജയിൽവനത്തിൽ തീരെ വിരളമായ ഇലഞ്ഞിയോ അശോകമോ ആണവർ.

നൂറിനു തൊണ്ണൂറെറട്ടുവരുന്ന താളിൻെറയും തകരയുടെയും കാട്ടുതുളസിയുടെയും കഥയാണു ഞാൻ പരാമർശിച്ചതു്. അക്കൂട്ടർ ദിവസവും കൂട്ടംകൂട്ടമായി എന്റെ ഈ മൂന്നാംക്ലാസ്സ് ബാരക്കിൽ തള്ളിക്കയറുന്നു. ഇവിടെ വരുംമുമ്പു് അവർ വയർ വരിഞ്ഞുകെട്ടി പോലീസ്സ്റ്റേഷൻമുതൽ ഹൈക്കോടതിവരെ കേസു പറഞ്ഞിരിക്കും; പെട്ടിയും പണവും ഭാര്യയുടെ അവസാനത്തെ ആഭരണവും വക്കീലിൻെറ വീട്ടിലെത്തിച്ചിരിക്കും, വിശന്നുവലയുന്ന കുടുംബത്തിന്റെ ഏകാവലംബമായ രണ്ടോ നാലോ ബീഘ ഭൂമി ഹുണ്ടികക്കാരൻെറ കൈവശമായിരിക്കും, അച്ഛനപ്പൂപ്പന്മാരായുള്ള കിടപ്പാടം ജമിന്ദാർക്ക പണയപ്പെട്ടുത്തിയിരിക്കും, വയസ്സായ അമ്മയ്ക്കും ചെറുപ്പക്കാരിയായ ഭാര്യയ്ക്കും പിഞ്ചുകുഞ്ഞുങ്ങൾക്കും ദാരിദ്ര്യവും പട്ടിണിയും അപമാനവും മാത്രം സമ്മാനിച്ചിരിക്കും.

കോടതി നല്കുന്ന ശിക്ഷയ്ക്കു നിയമത്തിന്റെ ഭാഷയിൽ rigorous imprisonment എന്നാണു പറയുക. ഇതിൽ imprisonment ഭാഗം മാത്രമേ എന്റെ തടവുകാർ അനുഭവിക്കുന്നുള്ളൂ. Rigour സഹിക്കുന്നതു് അവർ പിന്നിൽ വിട്ടുപോരുന്ന ആശ്രിതരാണു്.

ഞായറാഴ്ചതോറും പ്രഭാതമാകുന്നതിനു മുമ്പു് ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട സ്ത്രീകളും ശിശുക്കളും ജയിലിന്റെ മുമ്പിലെ മൈതാനത്തുവന്നു കൂടുന്നു. എന്റെ വീടിന്റെ രണ്ടാംനിലയിൽ വരാന്തയിലിരുന്നാൽ അവരെ കാണാം. നിസ്സഹായയവും പരിഭ്രമം നിറഞ്ഞതുമായ ദൃഷ്ടി! മുഖത്തു് ഗൃഹസ്ഥരുടെ ശ്യാമളശ്രീ കാണാനില്ല. കുടുംബം തകന്ന ഒരുസംഘം ജിപ്സികൾ.

വൈകുന്നേരം നാലുമണിക്കു തുടങ്ങും കൂടിക്കാഴ്ച. കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച ഭാര്യ, ഇൻറർവ്യൂജനലിന്റെ അഴിയടിച്ച ദ്വാരത്തിനു പുറത്തു വന്നുനില്ക്കും. അവരെ പൊതിഞ്ഞു് കുറെ കൊച്ചു കൊച്ചു കങ്കാളങ്ങൾ. കുണ്ടിൽ പോയ കണ്ണുകളിൽ കണ്ണുനീർ നിറച്ചു്, പട്ടിണികൊണ്ടു നേർത്ത സ്വരത്തിൽ, തടവുകാരനായ ഭർത്താവിനോടു തന്റെ അവസാനമില്ലാത്ത കഷ്ടപ്പാടുകൾ വിവരിക്കും. ഇളയ കുഞ്ഞു് ഒരു ദിവസത്തെ പനികൊണ്ടു മരിച്ചു, മരുന്നു കൊടുത്തില്ല, പഥ്യവും നോക്കിയില്ല. മൂത്ത മകളെ അജഗർമുൻഷിയുടെ മകൻ തട്ടിക്കൊണ്ടുപോയി. മൂത്തമകൻ ഒരു മാസമായി പുറപ്പെട്ടുപോയിട്ടു്. വൃദ്ധ ഇനിയും മരിച്ചിട്ടില്ല. ജമിന്ദാരുടെ കാര്യസ്ഥൻ രണ്ടുതവണ വന്നു വഴക്കുപറഞ്ഞു. ഈ മാസം കഴിഞ്ഞാൽ ഇറങ്ങിക്കൊടുക്കേണ്ടിവരും.

"ഞാൻ എന്തു ചെയ്യും?" ജനലിന്റെ മറുവശത്തുനിന്നു് ഉദാസസ്വരത്തിൽ ഭർത്താവു പറയും. അയാൾ വൃത്തിയുള്ള ജയിൽവേഷം അണിഞ്ഞിരിക്കുന്നു. നല്ല ആരോഗ്യം, മുഖത്തു ദാർശനികസമമായ ഗാംഭീര്യം.

ഇത്തരത്തിൽ വർഷങ്ങൾ കടന്നുപോകും. ഇടയ്ക്കിടെ ഇതേ സ്ഥലത്തു വന്നുനിന്നു്, ഭാര്യ ഇതേമാതിരി കഥകൾ പറഞ്ഞുകേൾപ്പിച്ചിട്ടു പോകും. പിന്നീടു് അവർ വരാതാകും.

ആക്കറിയാം എന്തു പററിയെന്നു്? ജീവിച്ചിരിപ്പുണ്ടോ ഇല്ല യോ എന്ന വിവരംതന്നെ അറിയിച്ചിട്ടു് ആക്കെന്തുകാര്യം?

ശിക്ഷ വിധിക്കുന്നയാൾക്കു്, അതോടെ ചുമതല കഴി ഞ്ഞു. അതുകൊണ്ടു് എന്തുണ്ടായി, ഭംഗിയായി കഴിഞ്ഞ എത്ര കുട്ടംബങ്ങൾ തകന്നു, കോലാഹലമായിരുന്ന എത്ര ഗൃഹാങ്ക ണങ്ങൾ നിസ്തബ്ധമായി എന്നൊന്നും ആലോചിക്കേണ്ട കാര്യം അവക്കില്ല.

കാലം കുറേക്കൂടി കഴിയുമ്പോൾ ദീർഘമായ ശിക്ഷാ വധി അവസാനിക്കും. ശിക്ഷിക്കപ്പെട്ട തടവുപുള്ളിയെ നിശ്ശബ്ദം ഗ്രഹിച്ച ഇരുമ്പുബാഹുക്കൾ, സശബ്ദം അയാളെ വിടും. അയാളുടെ ഹൃദയം പിടക്കും. കാലുകൾ മരവിക്കും. എവിടെയാണു താൻ എത്തിപ്പെട്ടിരിക്കുന്നതു്? - ഇതേതു നാട്ടു്? ഒന്നു തിരിഞ്ഞുനോക്കാൻപോലും സമയമില്ലാതെ ജന ങ്ങൾ അവിശ്രാന്തം തിരക്കിട്ടു പായുന്നു. എന്തിൻെറ ആകർ ഷണംകൊണ്ടു് എങ്ങോട്ടു പ്രവഹിക്കുന്നു അവർ? അയാൾ ഒരു വശത്തേക്കു മാറിനിന്നു്, വിസ്മയവും വിഹ്വലതയും നി റഞ്ഞ ദൃഷ്ടിയോടെ, മോഹഗ്രസ്തമായ ആ ജനക്കൂട്ടത്തെ വീ ക്ഷിക്കും. പത്തോ പതിനഞ്ചോ വഷമായി, അയാളതു കണ്ടി ട്ടു്. ജീവിതസമരത്തിൻെറ പ്രയാസങ്ങൾ മറന്നുപോയിരിക്കു ന്നു അയാൾ. എണ്ണമററ ഈ ജനങ്ങൾ ഉദയം മുതൽ അസ്തമ നംവരെ പണിയെടുക്കുന്നുവെന്നും ഇവരുടെ മുമ്പിൽ ആത്മാ ഭിമാനം തലയുയത്തി നില്ക്കുന്നുവെന്നും അയാൾ ഓക്കുന്നില്ല. ചോറു വേണം, ഉടുപ്പു വേണം, അഭിമാനവും ഐശ്വര്യവും ശാന്തതയും വേണം. തനിക്കു മാത്രമല്ല, പ്രിയപ്പെട്ട സ്വന്ത ക്കാക്കും. ഈ ആശ അവരെ അന്ധന്മാരെപ്പോലെ മുമ്പോട്ടു നയിക്കുന്നു. ദിവസംതോറും പുതുതായി കമ്മപ്രേരണ നല്കുന്നു. പ്രാണശക്തി നശിക്കാതെ നോക്കുന്നു. പത്തുവർഷത്തെ ജയിൽജീവിതത്തിൽ ഈ മോഹാവേശമോ ഉന്മാദമോ അ യാൾക്കില്ലായിരുന്നു. ആത്മജനങ്ങൾക്കുവേണ്ടി ആത്മപീഡ സഹിക്കുന്നതിൻെറ ആനന്ദം അനുഭവിക്കാറില്ലായിരുന്നു. ആഹാരം, വസ്ത്രം, ആശ്രയം തുടങ്ങിയ പ്രശ്നങ്ങളൊന്നും അ യാളെ അലട്ടിയിരുന്നില്ല. മഹാശയനായ സക്കാർ അതെല്ലാം നല്കിയിരുന്നു. ഒപ്പംതന്നെ അതയാളെ സ്വജനങ്ങളോടുള്ള

ഉത്തരവാദിത്വങ്ങളിലും അവരെക്കുറിച്ചുള്ള ദുശ്ചിന്തയിലും നിന്നു മോചിപ്പിക്കുകയും ചെയ്തു. അയാൾക്കു് ജോലി ചെയ്യണമായിരുന്നു. പക്ഷേ, ജോലി ചെയ്തിട്ടു വേണ്ട, ഉണ്ണാൻ. അതു ജോലിയല്ല, വെറും കൈകാലിളക്കൽ. ജയിൽ വർക്ക്ഷോപ്പിൽ ജീവനുള്ള ഒരു യന്ത്രമായിരുന്നു അയാൾ. അഥവാ താൻ തിരിക്കുന്ന യന്ത്രത്തിലെ വലിയൊരു ആണി.

ജനപ്രവാഹത്തിൻെറ അരികിൽനിന്നു്, പത്തുവർഷത്തെ മൂടൽമഞ്ഞിൻെറ ഇടയിലൂടെ അയാൾ പിന്നോട്ടു ദൃഷ്ടി പായിച്ചു. ഒരിക്കൽ തൻെറ വീടു നിന്നിടത്തേക്കു്. ജീവനും സ്നേഹവും നിറഞ്ഞ ഒരു കിളിക്കൂടു്. എല്ലാം ഓർമ്മവന്നു. എല്ലാവരും ഓർമ്മയിൽ തെളിഞ്ഞു. പക്ഷേ, ഹൃദയം പിടച്ചില്ല. ഉത്തരവാദിത്വബോധം നശിച്ചിരുന്നു. നെഞ്ചിൽ കൈവെച്ചുനോക്കി. ശുഷ്കിച്ച ഒരു മരുഭൂമിയാണു് അവിടെ കണ്ടതു്. അതിനടിയിലൂടെ സ്നേഹത്തിൻെറയും ദയയുടെയും അതിമാത്രം നേർത്ത ഒരുറവപോലും ഒഴുകുന്നില്ല.

അപ്പോൾമാത്രം പുറത്തുവന്ന ഒരു ജയിൽപ്പുള്ളി അടുത്തുവന്നു നിന്നു. മൂന്നുമാസം ജയിലിൽ കഴിച്ചിട്ടു് ഇന്നു് ഒരുമിച്ചു് മോചനം ലഭിച്ചതാണു്. അയാൾ ചോദിക്കുന്നു: "എന്താ ഇവിടെ നില്ക്കുന്നതു്? വീട്ടിൽ പോകുന്നില്ലേ?"

"വീടു്!" പരിഹാസം നിറഞ്ഞ സ്വരത്തിൽ ഉത്തരം പുറത്തുവന്നു. ചുണ്ടുകളിൽ അത്ഭുതകരമായ ഒരു പരിഹാസച്ചിരിയുടെ വക്രരേഖ പ്രത്യക്ഷപ്പെട്ടു.

"വാ, ബീഡിവലിക്കു്." പുതിയ കൂട്ടുകാരൻ മുന്നോട്ടു നീങ്ങി കൈനീട്ടി.

അങ്ങോട്ടു നോക്കാതെതന്നെ അയാൾ കൈനീട്ടി ബീഡി വാങ്ങി, കത്തിച്ചു്, അലക്ഷ്യമായി ഏതാനും തവണ പുക വിട്ടു. എന്നിട്ടു് കണ്ണുകൾ നയിച്ചേടത്തേക്കു കാൽ വെച്ചു; ജനാരണ്യത്തിൽ അലിഞ്ഞുചേന്നു.

ഹയൽ കഴിഞ്ഞാണു് case table. സെൻട്രൽ ടവറിന്റെ താഴെ, തുറസ്സായ സ്ഥലത്തു്, എൻെറ വൈകുന്നേരത്തെ ആപ്പീസിന്റെ ഒരു ഭാഗം. ഈ ടേബിളിലിരുന്നാണു് എന്നും

വൈകുന്നേരം ഞാൻ തടവുകാരുടെ ടിക്കററിൽ കേസ് എഴുതുക. എല്ലാത്തരത്തിലും പെട്ട കേസ്. ഇന്നയാളുടെ കരിമ്പടക്കെട്ടിൽ പുകയിലയും ചുണ്ണാമ്പും കണ്ടുപിടിച്ചു. ഇന്നയാൾ ദിവസപ്പണി മുഴമിച്ചില്ല—ഒരുമന്നു കടലയ്ക്കു പരിപ്പാക്കേണ്ടതായിരുന്നു. 36 സേറോളമേ പരിപ്പാക്കിയുള്ളു. പിന്നൊരാൾ പുറത്തുനിന്നു് രണ്ടുകഷണം ഉള്ളിയും മൂന്നു മുളകും കടത്തിക്കൊണ്ടുവന്നു. അല്ലെങ്കിൽ ടവ്വൽ കൊടുത്തു് ആശുപത്രിയിലെ മേററിൻെറ കൈയിൽനിന്നു് അരസേർ പാലും രണ്ടു സ്പൂൺ പഞ്ചസാരയും സമ്പാദിച്ചു.

ഇവയും ഇവയേക്കാൾ ഗുരുതരമായ കേസുകളും രേഖപ്പെടുത്തുക, ടിക്കററിൽ റിപ്പോർട്ടെഴുതുക, പിറേറന്നു രാവിലെ കുററക്കാരെ സൂപ്രണ്ടിൻെറ ദർബാറിൽ ഹാജരാക്കുക. ചില ചോദ്യങ്ങൾക്കുശേഷം അദ്ദേഹം വിധി പ്രസ്താവിക്കും. ചിലക്ക് ചാട്ടയടി, ചിലക്ക് കൈവിലങ്ങു്, ചിലർ ചാക്കുതുണികൊണ്ടുള്ള ഉടുപ്പു ധരിക്കേണ്ടിവരും, ചിലർ സെല്ലിൽ ഒററയ്ക്കിരുന്നു് അരിപ്പൊടി തിന്നേണ്ടിവരും. ജയിൽഭാഷയിൽ ഇതിനു് penal diet എന്നാണു പറയുക.

"ഫേക്ക് ഗോയാലി!" വലിയ ജമേദാർ ഉറക്കെ വിളിച്ചുകൂവി. മേററ് ഒരാളുടെ കൈപിടിച്ചു് കൊണ്ടുവന്നു, എൻെറ മേശയുടെ മുമ്പിൽ നിർത്തിയ ഉടനെ ജമേദാർ രണ്ടാമത്തെ കല്പന അലറി: "സലാം വെയ്ക്കു്."

അയാളുടെ കണ്ണു് വല്ലാതെ വീർത്തു ചുവന്നിരിക്കുന്നതും നിർത്താതെ വെള്ളം ഒഴുകുന്നതും കണ്ടു.

"എന്താ ഇതു്, കണ്ണിലെന്തുപററി?"

"ചുണ്ണാമ്പെഴുതി, അല്ലാതെന്താ?" ജമേദാർ മറുപടി പറഞ്ഞു.

"ചുണ്ണാമ്പെഴുതിയോ കണ്ണിൽ?"

"ഇല്ല, സാർ."

"പിന്നെങ്ങനെ കണ്ണുചുവന്നു?"

"സുഖമില്ല," എന്നു പറഞ്ഞു് അയാൾ അമർത്തി ചിരിച്ചു.

രണ്ടു സഹപ്രവർത്തകർ സാക്ഷിപറഞ്ഞു. ഭിത്തിയിൽനിന്നു് കുമ്മായം ചുരണ്ടിയെടുത്തു കുഴച്ചു കണ്ണിൽ തേച്ചതു്

അവർ നേരിൽ കണ്ടതാണു്. ആശുപത്രിയിൽ പോകണമെന്നു പറഞ്ഞത്രേ.

ടിക്കററ് തിരിച്ചുനോക്കിയപ്പോൾ ഏതാനും മാസം മുമ്പു് കുറേ സോപ്പുതിന്ന കഥ മനസ്സിലായി. അന്നു് വയററിളക്കം പിടിച്ചു് പതിനഞ്ചുദിവസം ആശുപത്രിയിൽ കിടന്നു. ഞാൻ ദേഷ്യത്തിൽ ചോദിച്ചു: "എന്തിനാ കണ്ണിൽ ചുണ്ണാമ്പെഴുതിയതു്?"

"പന്ത്രണ്ടു സേർ ഗോതമ്പു് പൊടിക്കാൻ വയ്യ."

"വയ്യ, ഇതെന്താ തമാശയാണോ?

ടിക്കററിൻെറ ആദ്യത്തെ പേജ് നോക്കി. ഡാക്ടർ എഴുതിവച്ചിരിക്കുന്നു: ഹെൽത്ത്—ഗുഡ്, ലേബർ ഹാർഡ്. ജയിൽകോഡനുസരിച്ചു് ഇത്തരമാളുകൾ ദിവസം 12 സേർ ഗോതമ്പു പൊടിക്കും. പൊടിച്ചില്ലെങ്കിൽ റിപ്പോർട്ടു ചെയ്യണം. പക്ഷേ, കണ്ണിൽ ചുണ്ണാമ്പെഴുതിയതു് വെറുതെയായില്ല. ഒന്നുമില്ലെങ്കിൽ, കുറച്ചുദിവസം ആശുപത്രിയിൽ കഴിയാൻ സാധിച്ചല്ലോ.

ഏററവും ഒടുവിൽ കൊണ്ടുവന്നതു് പതിനേഴ പതിനെട്ടു വയസ്സുള്ള ഒരു പയ്യനെയാണു്. മുഖത്തു നോക്കിയാൽ എളുപ്പം കണ്ണെടുക്കുകയില്ല. വെളുപ്പുനിറവും നീണ്ട ദേഹവും നല്ല മുഖശ്രീയും ഉള്ളതുകൊണ്ടല്ല, ആ മുഖത്തെ ഓരോ രേഖയിലും നെററിയിലും, കവിളുകളിലും താടിയിലും ആഭിജാത്യത്തിൻെറ മുദ്ര സ്പഷ്ടമായി കാണുന്നതുകൊണ്ടു്. ജയിലിൽ ഇതു തികച്ചും അസാധാരണമാണു്. ഇവൻ എവിടെനിന്നു വന്നു? വലിയ വീട്ടുകളിലെ രണ്ടുനാലു കുട്ടികൾ വഴക്കും ബഹളവും ഉണ്ടാക്കി അഥവാ കൊലപാതകം നടത്തിക്കൂടി വന്നിട്ടുണ്ടു്. പക്ഷേ, ഈ പയ്യൻെറ കുററം മോഷണമാണു്. 379-ാം വകുപ്പനുസരിച്ചു് ആറുമാസം തടവു്.

ഞാൻ മനോരാജ്യത്തിൽ ആണ്ടുപോയിരുന്നു. ജമേദാരുടെ അലർച്ചകേട്ടു് ഞെട്ടിപ്പോയി. "ഒന്നാംനമ്പർ തെമ്മാടിയാണു്, സാർ. ഒരിക്കലും ഫയലിനു വരാറില്ല."

ഞാൻ ചോദിച്ചു: "എന്താ അതു്? ഫയലിനെന്താ വരാത്തതു്?"

"ഉറങ്ങിപ്പോകും സാർ."

അതെനിക്കു വിശ്വാസമായില്ല. ഉള്ളിൽ തോന്നി, ശരിയായ കാരണം ഉറക്കമല്ല, എല്ലാവരുടെയും ഒപ്പം വരിയായി നിൽക്കാനുള്ള ലജ്ജ ഇനിയും വിടാത്തതാണു്.

"എന്താ നിൻെറ പേരു്?"

"പരിമൾഘോഷ്."

"അച്ഛൻെറ പേരു്?"

"അതു് ടിക്കററിലുണ്ടു്, സാർ."

ഞാൻ രൂക്ഷസ്വരത്തിൽ പറഞ്ഞു: "അതെനിക്കറിയാം. നീ പറഞ്ഞു കേൾക്കണം, എനിക്കതു്."

ഒരുമിനിട്ടു് ആലോചിച്ചിട്ടു് അവൻ പറഞ്ഞു: "വിജയഗോപാൽഘോഷ്."

ഇതു് ഏതു വിജയഗോപാൽ? ഒരേപേരിൽ എത്രയോ പേരുണ്ടാകാം? ഒരുപക്ഷേ, ഇതു് നമ്മുടെ ആ വിജയൻെറ മകനാണോ? ഞാൻ ജമേദാരോടു പറഞ്ഞു: "ഇവനെ ആപ്പീസിൽ കൂട്ടിക്കൊണ്ടുപോ."

ആപ്പീസിൽ ചെന്നു് സഹപ്രവർത്തകരുടെ അടുത്തുനിന്നു് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കിയപ്പോൾ സംശയം മുഴുവൻ തീർന്നു. വിജയൻ എന്റെ സഹപാഠിയും സ്നേഹിതനുമായിരുന്നു. എം. എ.യും ലോയും പാസ്സായിട്ടു് ആദ്യം ആലിപൂർകോടതികളിൽ അലഞ്ഞുനടന്നു. പിന്നീടു് സർക്കാർ ജോലി സമ്പാദിച്ചു് ഉൾനാട്ടിലേക്കു പോയി. അതിനുശേഷം കണ്ടിട്ടില്ല. ആരോ പറഞ്ഞുകേട്ടു, അയാൾ ഏതോ വലിയ കുടുംബത്തിലെ പെൺകുട്ടിയെ വിവാഹം കഴിച്ചെന്നു്. പിന്നീടു് ബന്ധുക്കളും സ്നേഹിതരുമായി സംസർഗ്ഗം തീരെ ഇല്ലത്രേ. സത്യമോ കളവോ എന്നറിഞ്ഞില്ല. ഞാനും അയാളെ കാണാൻ പ്രത്യേകിച്ചു ശ്രമിച്ചില്ല. ഒരുവിധത്തിൽ മറന്നുതന്നെ പോയി. ഇത്രനാൾക്കുശേഷം ഇത്തരത്തിൽ അയാളെ ഓർക്കേണ്ടിവരുമെന്നു് ആരറിഞ്ഞു?

ഞാൻ വീട്ടിൽനിന്നു് കാളേജിലെ ഒരു ഗ്രൂപ്പ്ഫോട്ടോ എടുത്തുകൊണ്ടുവന്നു് പരിമളിൻെറ കൈയിൽ കൊടുത്തിട്ടു ചോദിച്ചു: "നോക്കു്, ഇതിലാരെയെങ്കിലും അറിയുമോ എന്നു്."

അവൻ ഞെട്ടി. "ഏങ്ങ്! ഈ പടം അങ്ങയ്ക്ക് എവിടെ നിന്നു കിട്ടി? ഇതിൽ അച്ഛനുണ്ടല്ലോ!"

ഞാൻ ചോദിച്ചു: "അച്ഛന്റെ തൊട്ടടുത്തു നില്ക്കുന്ന ആളെ അറിയാമോ?"

"ഇല്ലല്ലോ."

"സൂക്ഷിച്ചുനോക്കു്."

ബുദ്ധിയുള്ള പയ്യൻ. ഒന്നുകൂടി നോക്കിയിട്ടു് ലജ്ജനിറഞ്ഞ ചിരിയോടെ ചോദിച്ചു: "അങ്ങോ?"

ഞാൻ പറഞ്ഞു: "ഇതിൽ കാണുന്നതുപോലെതന്നെ അടുപ്പത്തോടുകൂടിയാണു് ഞങ്ങൾ കാളേജ് ഹോസ്റ്റലിൽ ആറു വർഷം കഴിച്ചതു്. വിജയനും ഞാനും സഹപാഠികളും സ്നേഹിതരുമായിരുന്നു. പുറമേ നോക്കുന്നവർക്കു് അത്രയേ അറിയൂ. ശരിക്കുള്ള അടുപ്പം ഞങ്ങൾക്കു രണ്ടുപേർക്കുമാത്രം അറിയാം. ആ വിജയന്റെ മകനാണോ നീ! ഇന്നു് ഇവിടെ—"

അവന്റെ നേരെ നോക്കിയപ്പോൾ കൂടുതലൊന്നും പറയാൻ കഴിഞ്ഞില്ല. ചുണ്ടു കടിച്ചുപിടിച്ചു്, കണ്ണുനീർ നിയന്ത്രിക്കാൻ അവൻ എത്ര പാടുപെടുന്നു. പക്ഷേ, ഞങ്ങളുടെ ദൃഷ്ടി ഇടഞ്ഞപ്പോൾ ആ ശ്രമമെല്ലാം വ്യർത്ഥമായി. അണക്കെട്ടു തകർത്തുകൊണ്ടു് അശ്രുധാര പ്രവഹിച്ചു.

ബന്ധുക്കളോ സ്നേഹിതരോ ജയിലിൽ വന്നുപെട്ടാൽ, ബന്ധപ്പെട്ട ജയിൽ ഉദ്യോഗസ്ഥൻ മേലധികാരികളെ അറിയിക്കണം—ഇതാണു് ജയിൽകോഡിലെ വ്യവസ്ഥ. സ്നേഹിതനെ മറ്റെവിടെയെങ്കിലും അയയ്ക്കാൻ ഉടനെ ഏർപ്പാടുചെയ്യും. പരിമൾ എന്റെ ബന്ധുവല്ല, സ്നേഹിതൻ എന്ന വാക്കിന്റെ അർത്ഥംവെച്ചുനോക്കിയാൽ അതുമല്ല. എങ്കിലും വളരെ ആലോചിച്ചതിനുശേഷം നിയമത്തിന്റെ ആശ്രയം നേടി. പോകുമ്പോൾ അവൻ പറഞ്ഞു: "ഇതു നന്നായി. ഞാൻതന്നെ ആലോചിച്ചിരുന്നു, എന്നെ വേറെ എവിടെയെങ്കിലും അയയ്ക്കാൻ പറയണമെന്നു്."

അതു് എനിക്കു് ഒരടിയായിരുന്നു. അവനും എന്നെ വിട്ടകലാൻ ആഗ്രഹിക്കുന്നു! ഞാൻ ചോദിച്ചു: "അതെന്താ? എന്തിനാ ഇവിടെനിന്നു പോകുന്നതു്?"

പരിമൾ ഉത്തരം പറഞ്ഞില്ല. തലതാഴ്ത്തി മിണ്ടാതെ

നിന്നു. ഞാൻ മറുപടിക്കു നിർബ്ബന്ധിച്ചില്ല. ഇത്രമാത്രം പറഞ്ഞു: "എവിടെപ്പോയാലും ഒരു കാര്യം ഓർമ്മവയ്ക്കണം. ജയിലിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കാൻ ശ്രമിക്കണം. അതുകൊണ്ട് അനാവശ്യമായ പല വിഷമങ്ങളും ഒഴിവാക്കാം."

നാലഞ്ചു മാസം കടന്നുപോയി. ഒരുദിവസം രാവിലത്തെ തപാലിൽ കനമുള്ള ഒരു കത്തു കിട്ടി. കൈപ്പട അപരിചിതം. അവസാനത്തെ പേജിൽ താഴെയായി എഴുതിയിരിക്കുന്നു—ഹതഭാഗ്യനായ പരിമൾ. അവൻ എനിക്കു കത്തെഴുതുമെന്നു വിചാരിക്കാൻ കഴിഞ്ഞില്ല. എന്നെ ഒഴിവാക്കാനാണ് അവർ ശ്രമിച്ചതു്. അതാണ് സ്വാഭാവികവും. പക്ഷേ, ലോകത്തു് എത്ര കാര്യങ്ങൾ നടക്കുന്നുണ്ട്, സ്വാഭാവികതത്വമനുസരിച്ച്?

ആ കത്തു് ഇപ്പോൾ എന്റെ കൈയിലില്ല. ഏതോ സ്ഥലംമാററത്തിനിടയിൽ നഷ്ടപ്പെട്ടുപോയി. എങ്കിലും അതിലെ ഓരോ വരിയും ഓരോ വാക്കും എന്റെ മനസ്സിൽ പതിഞ്ഞുകിടപ്പുണ്ട്. പക്ഷേ, അതിനു പഴയ രൂപം കൊടുക്കാൻ, ദൈവം എനിക്കു ദിവ്യശക്തി നല്കിയിട്ടില്ല. ഫോട്ടോ, ചിത്രമല്ലാത്തതുപോലെ, അതും പരിമളിന്റെ കത്തല്ല. അതിന്റെ അവയവങ്ങളെല്ലാം ഉണ്ട്, പ്രാണസ്പന്ദനമില്ല. എത്ര കാലമായി! എന്നിട്ടും കളഞ്ഞുപോയ ആ കത്തിലെ നഷ്ടപ്പെട്ട അക്ഷരങ്ങളുടെ ഹൃദയത്തിൽനിന്നു് അവന്റെ ശബ്ദം ഞാനിന്നും കേൾക്കുന്നു—

ചിററപ്പാ,

അങ്ങു് പിരിയുമ്പോൾ തന്ന ഉപദേശം ഞാൻ ഇത്രനാളും അക്ഷരംപ്രതി പാലിച്ചു. പക്ഷേ, ഇനി വയ്യ. ഈ ജയിലിൽ വന്നതിനുശേഷം ഈ എഴുത്തയയ്ക്കുന്നതാണ്, എന്റെ ആദ്യത്തെ നിയമലംഘനം. എന്തിനിതു ചെയ്തു, തുറന്ന വഴി ഉപയോഗിക്കാതെ എന്തിനു രഹസ്യമാർഗ്ഗം സ്വീകരിച്ചു എന്നു്, ഈ കത്തു് അവസാനംവരെ വായിച്ചാൽ മനസ്സിലാകും.

എന്റെ ഈ എഴുത്തു കിട്ടുമ്പോൾ അങ്ങയ്ക്കു ദേഷ്യം വരുമോ എന്നറിഞ്ഞുകൂടാ. എങ്കിലും തീർച്ചയായും വിസ്മയം തോന്നും. ആരുടെ അടുത്തുനിന്നു് ഓടിപ്പോകാൻ ഒരിക്കൽ വെ

മ്പിയോ, ആ ആളെത്തന്നെ ഈ നീണ്ട കഥ കേൾപ്പിക്കുമെന്നു് എനിക്കുതന്നെ എന്നെങ്കിലും ആലോചിക്കാൻ കഴിഞ്ഞിരുന്നോ? പക്ഷേ, എന്തുചെയ്യും? സ്നേഹിക്കുന്നവക്കു് ആഘാതമേല്പിക്കാനാണു് എൻെറ തലയിൽ എഴുതിയിരിക്കുന്നതെന്നു തോന്നുന്നു. അതാണു് ഓടിപ്പോന്നിട്ടും തട്ടുക്കാൻ കഴിയാത്തതു്. എൻെറ കൈയിൽനിന്നു് അങ്ങയ്ക്കു് ഇനിയും വളരെ ദുഃഖം സഹിക്കാനുണ്ടു്. എങ്ങനെയാണു്, ഏതു കഷ്ടകാലത്തിന്റെ ശക്തികൊണ്ടാണു് ഞാൻ ആദ്യം ഈ നരകത്തിന്റെ മാൎഗ്ഗത്തിൽ കാലെടുത്തു കുത്തിയതെന്നു് ഇതുവരെ പറഞ്ഞിട്ടില്ല. ഇത്ര മഹാനായ അച്ഛന്റെ കഠിനമായ ആദൎശങ്ങൾക്കും എന്നെ ഈ സൎവ്വനാശത്തിൽനിന്നു രക്ഷിക്കാൻ കഴിഞ്ഞില്ല.

ഈ കഥ കേൾക്കുന്നവർ വെറുപ്പുകൊണ്ടു മുഖം തിരിച്ചുകളയും എന്നു് എനിക്കറിയാം. ഞാൻ ക്രിമിനലാണു്. ലോകത്തിനു് എൻെറപേരിൽ ദയയില്ല, സ്നേഹമില്ല, ഇല്ല അല്പം സഹതാപം പോലും. പക്ഷേ, അങ്ങയെ എനിക്കു മറെറല്ലാവരെയുംപോലെ കാണാൻ സാധിക്കുന്നില്ല. ഇവിടെ ഇരുന്നുകൊണ്ടുതന്നെ എനിക്കു് അങ്ങയുടെ ഹൃദയം കാണാൻ കഴിയുന്നുണ്ടു്. ഈ ഭാഗ്യഹീനനു് അവിടെയുള്ള സ്ഥാനം അച്ഛനിലൊഴികെ മററാരിലും ഇല്ല. അതാണു് ഈ കത്തെഴുതാൻ തുടങ്ങിയപ്പോൾ, സ്വയം ചിററപ്പാ എന്നു സംബോധന ചെയ്തുപോയതു്. അങ്ങനെ ചിററപ്പനെന്നു വിളിക്കാൻ ധൈര്യമുണ്ടാകുമെന്നു് ഒരുനിമിഷം മുമ്പുപോലും തോന്നിയിരുന്നില്ല.

എൻെറ കഥ പറയണമെങ്കിൽ ആദ്യം അച്ഛൻെറ കഥ പറയണം. അന്നുതന്നെ അങ്ങയോടു പറയണമെന്നു കരുതിയെങ്കിലും സാധിച്ചില്ല. അച്ഛൻ ജീവിച്ചിരുപ്പില്ല. ഏതാണ്ടു് എട്ടു മാസമായി, അദ്ദേഹം നമ്മെ വിട്ടുപോയിട്ടു്. അദ്ദേഹത്തിൻെറ അകാലമൃത്യു എത്രതന്നെ മൎമ്മഭേദകമായാലും ഒരു ദിവസം അതിൻെറ വേദന പൊറുക്കാൻ കഴിയും. പക്ഷേ, അദ്ദേഹം എപ്രകാരം എത്രമാത്രം ദുഃഖത്തിലും കഷ്ടപ്പാടിലും അപമാനത്തിലും കൂടിയാണു് പടിപടിയായി മരണത്തിലേക്കു നീങ്ങിയതെന്നു്, ഇത്ര പാഷണ്ഡനായ എനിക്കുകൂടി നിമിഷനേരത്തേക്കു മറക്കാൻ കഴിയുന്നില്ല. ആ കഥ എനിക്കു് ആരോടും പറയാൻ നിവൃത്തിയില്ല. അതിനോടു കെട്ടുപി

ണഞ്ഞു കിടക്കുന്നു, അമ്മയുടെ കഥ. അക്കഥ പുത്രൻ ഉച്ചരിക്കുന്നതുകൂടി അപരാധമാണ്. അതെൻെറ ഹൃദയത്തിൽത്തന്നെ ഇരിക്കും. ജീവിച്ചിരിക്കുന്ന കാലം മുഴുവൻ ആ ഭാരം ഞാനൊററയ്ക്കുതന്നെ താങ്ങണം.

ആ ഭയങ്കര ദിവസം ഇന്നും കൺമുമ്പിൽ ഒഴുകിനടക്കുന്നുണ്ട്. അച്ഛൻ ഹൗറയിൽ മാറിവന്നിരിക്കുകയാണ്. ഞങ്ങൾ ശിവപൂരിൽ താമസിക്കുന്നു. കുറച്ചുനാളായി അച്ഛന് ബ്ലഡ് പ്രഷറുണ്ട്. കുടുംബത്തിലെ അശാന്തി അതിൽ വിഷം ചേർത്തുകൊണ്ടിരുന്നു. ഇടയ്ക്കിടെ അതു കൂടുമ്പോൾ ആറും ഏഴും ദിവസം തലപൊങ്ങുകയില്ല. അവധിയെടുത്താൽ വീട്ടുകാര്യങ്ങൾ നടക്കുകയില്ലല്ലോ. അതുകൊണ്ട് ഈ അവസ്ഥയിലും അദ്ദേഹത്തിനു ജോലി ചെയ്യേണ്ടിവന്നു. അന്നും കോടതിയിൽ പോകാൻ ഒരുങ്ങുകയായിരുന്നു. അമ്മ വന്നു ചോദിച്ചു: "രൂപയുടെ കാര്യമെന്തായി? ഇനി മൂന്നു ദിവസമേ ഉള്ളൂ. സാധനം നോക്കിത്തിരിഞ്ഞു വാങ്ങണ്ടേ?"

അച്ഛൻ ഷൂസിൻെറ ചരടു കെട്ടിക്കൊണ്ടു പറഞ്ഞു: "അത്രയും രൂപയൊന്നും ഉണ്ടാക്കാൻ സാധിക്കുകയില്ല. കടവും കിട്ടുകയില്ല എങ്ങും."

അമ്മ വിസ്മയത്തോടെ ചോദിച്ചു: "അത്രയും രൂപയെന്നുവെച്ചാൽ? ഒരഞ്ഞൂറു രൂപയെങ്കിലുമില്ലാതെ കല്ലുപതിച്ച നെക്‌ലെസ് കിട്ടുമോ?"

അല്പം നിർത്തിയിട്ടു പറഞ്ഞു: "എനിക്ക് അഞ്ചും ഏഴും മററുമില്ല, ഒരൊററ അനുജത്തിയേ ഉള്ളൂ. അവളുടെ മൂത്ത മകളുടെ കല്യാണം. പോകാതെ ഒക്കുകയില്ല. നിങ്ങളുടെകൂടെ വന്നതുകൊണ്ട്, വെറുംകൈയോടെ പോണോ?"

അച്ഛൻ തൊപ്പിയെടുത്തു പിടിച്ചുകൊണ്ട്, ശാന്തസ്വരത്തിൽ പറഞ്ഞു: "ഒരു വഴിയും കാണുന്നില്ല. വീട്ടുചെലവിനു വെച്ചിരിക്കുന്നതിൽനിന്നു നൂറു രൂപയോ മറ്റോ എടുത്ത്—"

"നൂറുരൂപ!" അമ്മ പൊട്ടിത്തെറിച്ചു: "പറയാൻ തോന്നിയല്ലോ അതു്? നിങ്ങൾക്കു മാനവും മര്യാദയുമില്ലായിരിക്കും. പക്ഷേ, നൂറുരൂപയുടെ ഒരു സാധനവുംകൊണ്ടു ചെന്ന് ഞാനെങ്ങനെ അച്ഛൻെറ മുഖത്തു നോക്കും?"

ഞാൻ അട്ടത്ത മുറിയിൽ, സ്കൂളിൽ പോകാനായി പുസ്തകം അട്ടക്കിവെയ്ക്കുകയായിരുന്നു. പെട്ടെന്നു് എൻെറമേൽ ദൃഷ്ടിപതിച്ചപ്പോൾ അച്ഛൻ ഗൗരവസ്വരത്തിൽ പറഞ്ഞു: "മോനേ, നീ താഴെപ്പോ."

അദ്ദേഹത്തിൻെറ കണ്ണിൽ നോക്കിയപ്പോൾ വിറച്ചുപോയി. അച്ഛൻെറ മുഖഭാവം എന്തുമാതിരിയായിരിക്കുന്നു! "അദ്ദേഹം ഉടനെ കിടക്കണം" എന്നെനിക്കു മനസ്സിലായി. പക്ഷേ, ഞാനൊരിക്കലും അദ്ദേഹത്തിൻെറ വാക്കുകൾ അനുസരിക്കാതിരുന്നിട്ടില്ല. അതുകൊണ്ടു്, ഒന്നും പറയാതെ, പുസ്തകവുമെടുത്തു് താഴേക്കിറങ്ങിപ്പോയി. എൻെറ പിന്നാലെ അച്ഛനും വന്നു. അമ്മയുടെ ശബ്ദംകേട്ടു: "രൂപയുടെ കാര്യം ശരിയാക്കാതെ പോകുകയാണോ?"

അച്ഛൻ പതുക്കെ എന്തോ പറഞ്ഞു. അമ്മയുടെ ഉത്തേജിതസ്വരം താഴെ കേൾക്കാമായിരുന്നു. ദേഷ്യം വന്നാൽ അമ്മയ്ക്കു ബോധമില്ല, ആരോടാണു്, എന്താണു് പറയുന്നതെന്നു്. പറഞ്ഞതു മുഴുവൻ ഞാൻ കേട്ടില്ല. കേട്ടതു പറയാൻ കൊള്ളുകയുമില്ല. ഞാൻ വാതില്ക്കലെത്തിയപ്പോൾ പെട്ടെന്നു കോണിയിൽ എന്തോ ശബ്ദംകേട്ടു തിരിഞ്ഞുനോക്കി. അച്ഛൻ താഴെ വീണുകിടക്കുന്നു. നെററി ഒരുവശത്തു പൊട്ടി ചോരയൊലിക്കുന്നു. ബോധമില്ല. ചപ്രാസിയെയും വേലക്കാരനെയും വിളിച്ചു് ഒരുവിധത്തിൽ അദ്ദേഹത്തെ എടുത്തു് മുകളിൽ കൊണ്ടുപോയി കിടത്തി. എന്നിട്ടു് ഡാക്ടറെ വിളിക്കാൻ ഓടി. രണ്ടുമണിക്കൂർ ശ്രമിച്ചിട്ടാണു് ബോധം വീണതു്. പക്ഷേ, വലത്തുഭാഗം മുഴുവൻ തളർന്നുപോയി. ഞങ്ങൾക്കു വന്ന വിപത്തിൻെറ വലിപ്പം എനിക്കു് അപ്പോൾ മനസ്സിലായില്ല. അച്ഛൻ എന്നെന്നേക്കുമായി കിടക്കയെ അഭയംപ്രാപിച്ചു.

എല്ലാമാസവും ഒന്നാംതീയതി അച്ഛൻ ശമ്പളം മുഴുവൻ അമ്മയുടെ കൈയിലേല്പിക്കുകയായിരുന്നു പതിവു്. പക്ഷേ, അതുകൊണ്ടു് ഞങ്ങളുടെ പതിനാലു-പതിനഞ്ചുദിവസത്തെ ചെലവേ നടക്കൂ. ബാക്കി ദിവസങ്ങൾ എങ്ങനെ കഴിഞ്ഞുവെന്നു് അങ്ങു് ഊഹിച്ചാൽ മതി. കൈയിലുണ്ടായിരുന്ന പണം മുമ്പുതന്നെ തീർന്നിരുന്നു. ചികിത്സ ഒന്നും സാദ്ധ്യമായില്ല. അച്ഛനു് ആദ്യം കുറച്ചുദിവസം അവധികിട്ടി. പിന്നീടു്

സക്കാർ നാമമാത്രമായ പെൻഷൻ കൊടുത്തു് എന്നെന്നേക്കും അവധി നൽകി. അതിനുശേഷം അദ്ദേഹത്തിനു വയറു പിഴയ്ക്കാൻ പലതും ചെയ്യേണ്ടിവന്നു. ചിലപ്പോൾ പത്രങ്ങൾക്കു ലേഖനമെഴുതും, ചിലപ്പോൾ നിയമപുസ്തകങ്ങൾക്കു് നോട്ടെഴുതും. കിടന്നുകൊണ്ടു് എഴുതാൻ വയ്യ. അതുകൊണ്ടു് പറഞ്ഞുതരും, ഞാൻ സ്ക്കൂൾവിട്ടു വന്നിട്ടു് എഴുതിയെടുക്കും. പിന്നീട്ടു് അതുംകൊണ്ടു് പ്രസ്സിൽ പോകും. ഇതിൽനിന്നെല്ലാം വരവു് വളരെ കുറവായിരുന്നു.

എന്തൊരു ജീവിതമായിരുന്നു അതു്! ശിവൻ വിഷംകഴിച്ചു് നീലകണ്ഠനായ കഥ കേട്ടിട്ടുണ്ടു്. ദേവന്മാരെ ഞാൻ നേരിട്ടു കണ്ടിട്ടില്ല. പക്ഷേ, അച്ഛനെ കണ്ടിട്ടുണ്ടു്—ശിവനേക്കാൾ ശാന്തൻ, സർവ്വംസഹയായ ഭൂമിയേക്കാൾ സഹിഷ്ണു. എന്തൊക്കെ വിഷംവിഴുങ്ങി, എത്രയൊക്കെ അപമാനം സഹിച്ചു; മറുപടിയായി ഒരു വാക്കുപോലും അച്ഛൻ പറഞ്ഞതു കേട്ടിട്ടില്ല. എന്നെ അടുത്തുവിളിച്ചിരുത്തി, ദേഹത്തു തടകിക്കൊണ്ടു പറയും: "മോനേ, ലോകത്തിൽ ഏററവും വലിയ കഴിവു് സഹിക്കാനുള്ള കഴിവാണു്. ഇതൊരിക്കലും മറക്കരുതു്."

രോഗശയ്യയിൽ ഞാൻ മാത്രമായിരുന്നു അദ്ദേഹത്തിനു കൂട്ടു്. ഇടയ്ക്കിടെ പഴയ ചില സ്നേഹിതന്മാർ വരും. ഒന്നോ രണ്ടോ സാന്ത്വനവാക്കു പറഞ്ഞിട്ടു പോകുകയും ചെയ്യും. അതൊന്നും അച്ഛനെ സ്പർശിക്കുകയില്ല. വിദ്യാർത്ഥിജീവിതത്തിലെ ഒരൊററ സ്നേഹിതനെക്കൊണ്ടു് അദ്ദേഹത്തിൻെറ ഹൃദയം നിറഞ്ഞിരുന്നു. എത്രതവണ ആ സ്നേഹിതൻെറ കഥ അദ്ദേഹം എന്നെ പറഞ്ഞുകേൾപ്പിച്ചിരിക്കുന്നു; അന്നെങ്ങനെ അറിയാൻ, ഞാനൊരുദിവസം ഇത്തരത്തിൽ അദ്ദേഹത്തെ കാണേണ്ടിവരുമെന്നു്? കുറേക്കൂടി നേരത്തേ അദ്ദേഹത്തെ കണ്ടെങ്കിൽ അച്ഛനെ ഇത്രവേഗം നഷ്ടപ്പെടുകയില്ലായിരുന്നെന്നു തോന്നുന്നു. ഞാനും ഈ ചെളിക്കുണ്ടിൽവീണു് ചീഞ്ഞളിയുകയില്ലായിരുന്നു.

ഈ സമയം ഞങ്ങളുടെ കുടുംബത്തിൽ പുതിയൊരു മനുഷ്യൻ കടന്നുവന്നു. അമ്മയുടെ അകന്ന ബന്ധത്തിലുള്ള ഒരു ചേട്ടൻ. ഞങ്ങളുടെ മണീശ് അമ്മാവൻ. അമ്മയുടെ കല്യാ

ണത്തിനു മുമ്പ്, അപ്പൂപ്പൻ ഈ ബന്ധുവിനെ അമ്മയോടു സംസാരിക്കുന്നതിൽനിന്നു വിലക്കിയിരുന്നു എന്നു കേട്ടിട്ടുണ്ട്. ഇത്രകാലം കഴിഞ്ഞു് തനി സായിപ്പിൻെറ വേഷത്തിൽ അദ്ദേഹം പുതുതായി വാങ്ങിയ ആസ്റ്റിൻകാറിൽ കയറി ഞങ്ങളുടെ വീട്ടിൽവന്നു് അടുപ്പം പുനഃസ്ഥാപിച്ചു. അവസാനം ഇദ്ദേഹംകാരണമാണു് എൻെറ ജീവിതത്തിലെ ഏററവും വലിയ ആപത്തു സംഭവിച്ചതു്. അതു പറഞ്ഞിട്ടു് ഈ കത്തു് അവസാനിപ്പിച്ചേക്കാം.

ഞാൻ മട്രിക്കിനു പഠിക്കുന്ന വർഷം. സ്കൂളിൽ നല്ല വിദ്യാൎത്ഥിയായിരുന്നു. ആദ്യത്തെ പത്തുപേരിലൊരാളായിരിക്കണം ഞാനെന്നായിരുന്നു അച്ഛൻെറ ആശ. അദ്ദേഹം ദുഃഖിക്കരുതെന്നു കരുതി, ഞാൻ പഠിത്തത്തിൽ വളരെ ശ്രദ്ധിച്ചിരുന്നു. അന്നും ഞാൻ മുറിയിലിരുന്നു് ജ്യോമട്രി പഠിക്കുകയാണു്. രാത്രി പതിനൊന്നുമണിയായിട്ടുണ്ടു്. അടുത്ത മുറിയിൽ അച്ഛൻ കിടക്കുന്നു. കുറച്ചുദിവസമായി അസുഖം അധികമാണു്. ഗോവിന്ദൻ അദ്ദേഹത്തിൻെറ കാല്ക്കു തിരുമ്മുന്നു. പഴയ വേലക്കാരൻ. അപ്പോഴും ഞങ്ങളെ വിട്ടുപോയിരുന്നില്ല. അടുക്കളപ്പണിമുതൽ അച്ഛൻെറ ശുശ്രൂഷവരെ അവനാണു്. വീട്ടിൻെറ മുമ്പിൽ കാർ നില്ക്കുന്ന സുപരിചിതമായ ശബ്ദം കേട്ടു. ഗോവിന്ദൻ ചെന്നു വാതിൽ തുറന്നു. അല്പം കഴിഞ്ഞു് മണീശ് അമ്മാവൻ മുകളിൽ വന്നു. വരാന്തകടന്നു് അച്ഛൻെറ മുറിയിൽ കയറി ഒരു കസേരയിൽ ഇരുന്നുകൊണ്ടു് സാവധാനം ചോദിച്ചു: "വിജയബാബു, ഉറങ്ങുകയാണോ?"

അച്ഛൻ മയങ്ങുകയായിരുന്നെന്നു തോന്നുന്നു. ഞെട്ടിയുണൎന്നു ചോദിച്ചു: "ആരു്?"

"ഞാൻ, മണീശ്."

"ഓ, എന്താ? പറയൂ."

അമ്മാവൻ അല്പം കുനിഞ്ഞിരുന്നുകൊണ്ടു പറഞ്ഞു: "ഞാൻ പറയുകയായിരുന്നു, സുരമയുടെ ആരോഗ്യം അത്ര മെച്ചമല്ല, ഒരു ചേഞ്ചിനു് എവിടെയെങ്കിലും പോകണമെന്നു്."

അച്ഛൻ ശാന്തനായിത്തന്നെ ചോദിച്ചു: "എന്തെങ്കിലും അസുഖമുണ്ടോ?"

"ഇല്ല, അങ്ങനത്തെ അസുഖമൊന്നുമില്ല. ഈ വീട്ടിലെ അന്തരീക്ഷം അവൾക്കത്ര പിടിക്കുന്നില്ല."

"പക്ഷേ, എവിടെയെങ്കിലും അയയ്ക്കാൻ എന്റെ കൈയിൽ പണമില്ലല്ലോ."

"പണത്തിന്റെ കാര്യമോർത്ത് വിഷമിക്കണ്ട. അത് ഞാൻ മാനേജ്ചെയ്തുകൊള്ളാം. സുരമയുടെ ആഗ്രഹം, പരിമളും കൂടെ വരണമെന്നാണ്. അവന്റെ പരീക്ഷ കഴിഞ്ഞാലുടനെ പോകണം. ഒരു വീട് ഇപ്പോഴേ നോക്കിവെയ്ക്കണം."

അച്ഛൻ അല്പനേരം മിണ്ടാതെ കിടന്നിട്ട പറഞ്ഞു: "നിങ്ങൾ ഇഷ്ടംപോലെ പൊയ്ക്കോളൂ. പരിമൾ പോകണ്ട."

"അതെന്താ? കേൾക്കട്ടെ."

അമ്മയായിരുന്നു അത്. എപ്പോഴാണ് വന്ന് വാതിൽക്കൽ നിന്നതെന്നറിഞ്ഞില്ല. അച്ഛനും അറിഞ്ഞില്ലെന്നു തോന്നുന്നു. അങ്ങോട്ട നോക്കിക്കൊണ്ട് അച്ഛൻ പറഞ്ഞു: "അതാലോചിച്ചിട്ട കാര്യമില്ല. ഞാനവനെ വിടില്ല."

അമ്മ പെട്ടെന്ന് ദേഷ്യപ്പെട്ട പറഞ്ഞു: "24 മണിക്കൂറും രോഗിയെ ശുശ്രൂഷിച്ച ശുശ്രൂഷിച്ച് അവന്റെ അവസ്ഥ കണ്ടോ? എന്റെ കൺമുമ്പിൽവെച്ച് എന്റെ കുഞ്ഞിനെ കൊല്ലാനാണോ ഭാവം?"

അച്ഛൻ സാവധാനം പറഞ്ഞു: "മണീശ്ബാബു, എനിക്ക മാപ്പുതരണം. രാത്രി വളരെയായെന്ന തോന്നുന്നു. എനിക്ക് ഇത്തിരി ഉറങ്ങണം."

മണീശ് അമ്മാവൻ എന്തെങ്കിലും പറയുംമുമ്പ് അമ്മ അലറി: "ആ സൂത്രമൊക്കെ കൈയിലിരിക്കട്ടെ. എന്റെ കുഞ്ഞിനെ എനിക്കിഷ്ടമുള്ളിടത്ത കൊണ്ടുപോകും. ആരാ തടയുന്നതെന്ന കാണട്ടെ."

മണീശ്ബാബു പറഞ്ഞു: "എനിക്ക തോന്നുന്നു, വിജയബാബു വെറുതെ വാശിപിടിക്കുകയാണെന്ന്. ചെറുക്കൻ കുറച്ചുദിവസം ചുററിക്കറങ്ങി വരുന്നതിലെന്താ വിഷമം?"

അച്ഛൻ അല്പനേരം നിശ്ശബ്ദത പാലിച്ചിട്ട പറഞ്ഞു: "എന്റെ ഭാര്യയെയും കുഞ്ഞിനെയും ചേഞ്ചിന് അയയ്ക്കാൻ പ്രാപ്തിയുണ്ടെങ്കിൽ തീർച്ചയായും അയച്ചേനെ. അതില്ലെങ്കിൽ അന്യരുടെ കാരുണ്യം യാചിക്കാൻ പോകുകയില്ല.

പക്ഷേ, എനിക്കു പിടിയില്ലാത്തിടത്തു് തടയാൻ പോയാൽ അപമാനമേ ബാക്കിയുണ്ടാകൂ. അതാണു് പരിമളിന്റെ കാര്യത്തിൽമാത്രം എതിർപ്പു പറഞ്ഞതു്.''

അമ്മാവൻ ഒരു സിഗററു കത്തിച്ചു. അമ്മയുടെ തിക്തസ്വരം കേൾക്കായി: ''അന്യരുടെ കാരുണ്യം! അതു പറയാൻ നാണമുണ്ടായില്ലല്ലോ. ഈ കാരുണ്യമില്ലെങ്കിൽ ഇന്നെവിടെയായിരുന്നു നിങ്ങളുടെ ഭാര്യയും കുഞ്ഞും? നിങ്ങൾതന്നെ എവിടെയായിരുന്നു? നിങ്ങളുടെ ഇത്തിരിയില്ലാത്ത പെൻഷനും നോട്ടെഴുതികിട്ടുന്ന ഭിക്ഷയുംകൊണ്ടാണു് കുടുംബം നടക്കുന്നതെന്നാണോ വിചാരിച്ചതു്? കാരുണ്യം കാണിക്കാനാഗ്രഹിക്കുന്നവർ, ഇന്നു പുതുതായിട്ടല്ല, വളരെനാളായി കാണിക്കുന്നുണ്ടു്. ഇല്ലെങ്കിൽ എല്ലാവരും ഇന്നു് പെരുവഴിയിലായിരുന്നു.''

മണീശ് അമ്മാവൻ പറഞ്ഞു: ''എന്തൊക്കെയാ സുരമേ ഈ പറയുന്നതു്? കാരുണ്യം ആരു കാണിച്ചു? ഇതെന്റെ കർത്തവ്യമല്ലേ? കൊച്ചുകുട്ടിതന്നെ. ദേഷ്യം വന്നാൽ—''

അദ്ദേഹത്തിന്റെ ശബ്ദം അച്ഛന്റെ ഗംഭീരസ്വരത്തിൽ മുങ്ങിപ്പോയി: ''ഓഹോ, ഇതൊന്നും എനിക്കറിഞ്ഞുകൂടായിരുന്നു. ഞാൻ കഴിവില്ലാത്തവനാണെന്നറിയാം. എങ്കിലും അന്യന്റെ ദയകൊണ്ടാണു് ജീവിക്കുന്നതു്, എന്റെ ഒററമകൻ മററുള്ളവരുടെ കൈകൊണ്ടുണ്ടാക്കിയ ചോറാണു് കഴിക്കുന്നതു് എന്നറിഞ്ഞില്ലായിരുന്നു.''

അവസാനഭാഗത്തു് അദ്ദേഹത്തിന്റെ സ്വരം കേട്ടു് എന്റെ കണ്ണു നിറഞ്ഞുപോയി. ഓടിച്ചെന്നു പറയാൻ തോന്നി: ''ഇല്ലച്ഛാ, നമ്മൾ ഇതുവരെ ആരുടേയും മുമ്പിൽ കൈമലർത്തിയിട്ടില്ല. അതെല്ലാം കള്ളമാണു്.''

പക്ഷേ, ഞാൻ പോയില്ല. അച്ഛൻ ദേഷ്യപ്പെട്ടുമെന്നറിയാമായിരുന്നു. അല്പനേരം നിത്തിയിട്ടു് അദ്ദേഹം സാവധാനം പറഞ്ഞു: ''കഴിഞ്ഞുപോയതു് ഇനി മടക്കിയെടുക്കാൻ സാദ്ധ്യമല്ല. പക്ഷേ, ഈ അന്യായം ഇവിടെ അവസാനിപ്പിക്കണം. നാളെ രാവിലെമുതൽ സകല ഏർപ്പാടും മാറണം.''

വലതുകൈ അനങ്ങുകയില്ല. ഇടതുകൈമാത്രം നെററിയിൽ വെച്ചുകൊണ്ടു് അച്ഛൻ പറഞ്ഞു: ''മണീശ്ബാബൂ,

എനിക്കും എന്റെ കുടുംബത്തിനും വേണ്ടി ചെയ്തതിനൊക്കെ നന്ദി. പക്ഷേ, ഇനി വേണ്ട. നിങ്ങളുടെ കാരുണ്യത്തിൽനിന്നു് ഞങ്ങളെ മോചിപ്പിക്കൂ.''

അച്ഛനെ എനിക്കു നല്ലപോലെ അറിയാം. നാളെ രാവിലെമുതൽ അദ്ദേഹം ചെയ്യാനാഗ്രഹിക്കുന്ന ഏർപ്പാടു് എത്ര കഠോരമാണെന്നും ആ തീരുമാനം എത്ര ഉറച്ചതാണെന്നും എനിക്കറിയാമായിരുന്നു. ഇപ്പോൾത്തന്നെ അദ്ദേഹം കഴിക്കുന്നതു് വളരെ കുറച്ചാണു്. അതിനിയും കുറച്ചാൽ പട്ടിണിയായിരിക്കും ഫലം. എങ്കിലും അതായിരിക്കും അദ്ദേഹം സ്വീകരിക്കുന്ന മാർഗ്ഗം, സംശയമില്ല. ആത്മഹത്യയ്ക്കു തുല്യമാണതു്. ആ ഭയങ്കരഭാവിയിൽനിന്നു്അദ്ദേഹത്തെ രക്ഷിക്കാൻ ഒരു വഴിയുമില്ലേ? ഞാൻ അദ്ദേഹത്തിന്റെ ഏകസന്താനമാണു്. എത്ര കൊച്ചാണെങ്കിലും, എത്ര കഴിവില്ലാത്തവനാണെങ്കിലും, ഞാൻ നിശ്ശബ്ദം നോക്കിനിന്നാൽ മതിയോ? കഷ്ടപ്പെടുന്ന അച്ഛനു് ഒരുപിടി ചോറുണ്ടാക്കാൻ എനിക്കു കഴിവില്ലേ? എന്റെ പ്രായക്കാരായ എത്രയോ കുട്ടികൾ വഴിയിൽ പലതരം ജോലികൾ ചെയ്യുന്നു? വലിയവീട്ടിൽ ജനിച്ചതുകൊണ്ടു് എനിക്കതു സാധിക്കില്ലേ?

രാത്രി വളരെയാകുന്നതുവരെ നാനാതരം ചിന്തകൾ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. പിന്നീടു് എപ്പോഴാണു് ഉറങ്ങിയതെന്നറിഞ്ഞുകൂടാ. പെട്ടെന്നു് ഉണർന്നുനോക്കിയപ്പോൾ അഞ്ചടിച്ചുകഴിഞ്ഞു. നോട്ടുബുക്കിൽനിന്നു് ഒരു കടലാസു കീറി ഇപ്രകാരം എഴുതി: ''അച്ഛാ, കുടുംബത്തിന്റെ വരവു വർദ്ധിപ്പിക്കാൻ ഞാനും എന്തെങ്കിലും ഉണ്ടാക്കേണ്ടതാവശ്യമാണെന്നു തോന്നുന്നു. അതിനു ശ്രമിക്കാൻ പോകുകയാണു്. എന്നെപ്പററി വിചാരിച്ചു വിഷമിക്കണ്ട. വിജയിയായി മടങ്ങിവരാൻ എന്നെ ആശീർവ്വദിക്കൂ.''

അച്ഛന്റെ മുറിയിൽ പോകാൻ ധൈര്യമുണ്ടായില്ല. അദ്ദേഹം ഉണർന്നാലോ? അദ്ദേഹത്തിന്റെ മുഖം കണ്ടാൽ എന്റെ സകല സങ്കല്പങ്ങളും തകർന്നാലോ? അതുകൊണ്ടു് മേശപ്പുറത്തു് എഴുത്തുവെച്ചിട്ടു് ഇറങ്ങിപ്പോന്നു.

അതിനുശേഷം ആരംഭിച്ച ജീവിതം വർണ്ണിക്കാൻ തുടങ്ങിയാൽ ഈ കത്തു് ഒരിക്കലും അവസാനിക്കുകയില്ല. അതു

കൊണ്ടു് അതിനു ശ്രമിക്കുന്നില്ല. വീട്ടിൽനിന്നു പുറത്തുകടന്നപ്പോൾ ലോകത്തെ പുതിയൊരു രൂപത്തിലാണു കണ്ടതു്. നരകമെന്നു പറയുന്നതു് വേറൊരിടമല്ലെന്നു മനസ്സിലായി. ഈ ലോകംതന്നെ വലിയൊരു നരകം. മനുഷ്യൻ എത്ര നീചനും എത്ര കഠോരനും എത്ര നിർദ്ദയനുമാണെന്നു് ഞാൻ കണ്ടു. സ്നേഹമില്ല, ദയയില്ല, ഇല്ല ഒരു തുള്ളി സഹാനുഭൂതികൂടി. സംശയങ്ങളും പീഡനങ്ങളും വഞ്ചനയും മാത്രമേ ഉള്ളു. ഭിക്ഷ ചോദിച്ചാൽ കിട്ടിയേനെ. പക്ഷേ, ഒരു ജോലി ചോദിച്ചാൽ എല്ലാവരുടേയും മുഖത്തു് അവിശ്വാസമാണു് പ്രത്യക്ഷപ്പെട്ടുക. ചെറുക്കനെന്തോ ഉദ്ദേശ്യമുണ്ടു് എന്നു ചിലർ നിശ്ശബ്ദമായും മററു ചിലർ സശബ്ദമായും പിറുപിറുക്കുന്നതു കേട്ടു.

രണ്ടുദിവസം പൈപ്പുവെള്ളമേ കഴിച്ചുള്ളു. വളരെ ചുററിത്തിരിഞ്ഞു്, പലരുടെയും വാതിൽക്കൽ മുട്ടിയതിനുശേഷം ഒരു കടയിൽ കണക്കെഴുതുന്ന ജോലി കിട്ടി. ആഹാരവും 15 രൂപയും. എനിക്കു സ്വർഗ്ഗം കിട്ടിയതുപോലായി. മാസം തികഞ്ഞു് ശമ്പളം കിട്ടിയ ഉടനെ, പണം അച്ഛനു് മണിയാർഡറയച്ചു. ഈ പണംകൊണ്ടു് പഴംവാങ്ങിത്തിന്നു എന്നെഴുതി. എന്നെക്കുറിച്ചു് ഒന്നും വിചാരിക്കണ്ട. എനിക്കു സുഖംതന്നെ. സൗകര്യംകിട്ടിയാലുടനെ വന്നു കാണാം.

അല്പദിവസം കഴിഞ്ഞു് കടക്കാരന്റെ പെട്ടിയിൽനിന്നു് 50 രൂപ കളവുപോയി. എന്നെയായി സംശയം. വിശ്വാസമില്ലാത്തിടത്തു കഴിയുക പ്രയാസം. അതുകൊണ്ടു് അവിടെനിന്നിറങ്ങി. ഇത്തവണ ഒരു ഹോട്ടലിൽ വിളമ്പുപണി കിട്ടി. കുറച്ചുനാൾ അവിടെ കഴിഞ്ഞു. ഒരു ദിവസം ഒരു പ്ലേററ് കൈയിൽനിന്നു വീണുടഞ്ഞു. വൃത്തികെട്ട ഭാഷയിൽ അച്ഛനുവരെ ചീത്തകേട്ടു. വീണ്ടും വഴിയിലിറങ്ങി. ഒരു മോട്ടോർ വർക്ക്ഷോപ്പിലെത്തി. ആ ജോലി അധികം നീണ്ടുനിന്നില്ല. കുടിയനായ മേസ്ത്രിയോടൊപ്പം ഒരു കട്ടിലിൽക്കിടന്നുറങ്ങണം. അയാളുടെ കുത്സിതസ്നേഹം പൊറുക്കാൻ സാധിച്ചില്ല. ഇതിനുശേഷം ഒരു നാടൻ മദ്യഷോപ്പിൽ ചെന്നു പെട്ടു. മദ്യവില്പനയാണു് ജോലി. ശമ്പളം 35 രൂപ. അവിടെ കുറേനാൾ കഴിച്ചു.

എത്രതവണ ഏതെല്ലാം തരത്തിൽ ചെളി സ്പർശിക്കേ

ങ്ങിവന്നു; പക്ഷേ, അതു ദേഹത്തു പററാൻ അനുവദിച്ചില്ല. കുറച്ചു രൂപ കൈയിൽ കിട്ടിയാലുടനെ അച്ഛൻെറയടുത്തു മടങ്ങിയെത്തണം എന്നു മാത്രമായിരുന്നു ലക്ഷ്യം. ആരുടെ ഉപദേശവും ഒരു പ്രലോഭനവും എന്നെ അതിൽനിന്നിളക്കാൻ ശക്തമായില്ല. ഇത്രനാൾ കഴിഞ്ഞു്, ഈ മദ്യഷോപ്പിൻെറ വരാന്തയിൽവെച്ച് ഒരാളെ കണ്ടുമുട്ടി. അയാൾക്കു പിടികൊടുക്കാതിരിക്കാൻ സാധിച്ചില്ല. അയാളുടെ നോട്ടത്തിലും വാക്കുകളിലും സ്പർശനത്തിലും എന്തു ജാലവിദ്യയാണ് ഉണ്ടായിരുന്നതെന്നു് അറിഞ്ഞുകൂടാ. ഒഴുക്കിൽപ്പെട്ട പുൽക്കൊടിപോലെ ഞാൻ അയാളുടെ ഇച്ഛയ്ക്കു വഴങ്ങി.

ഷോപ്പടച്ചതിനുശേഷം വരാന്തയിലെ ബഞ്ചിലിരിക്കുകയായിരുന്നു ഞാൻ. അയാൾ അടുത്തുവന്നിരുന്നു. ദീർഘകാലത്തെ സുഹൃത്തിനെപ്പോലെ കൈപിടിച്ചുകൊണ്ടു പറഞ്ഞു: "നീ ഇവിടേക്കു ചേർന്നതല്ല, അനിയാ. എങ്ങനെവന്നു നീ ഈ വഴി?"

വളരെനാൾക്കുശേഷമാണ് മനുഷ്യൻെറ സ്വരത്തിൽ വേദനയനുഭവപ്പെടുന്നതു്. അയാൾക്ക് എന്നേക്കാൾ മൂന്നുനാലു വയസ്സേ മൂപ്പുകാണൂ. എങ്കിലും അയാളുടെ മുമ്പിൽ ഞാനൊരു ശിശുവാണെന്നു തോന്നി. അയാൾ എന്നെ നല്ലൊരു ഹോട്ടലിൽ കൊണ്ടുപോയി വയറുനിറയെ ആഹാരം വാങ്ങിത്തന്നു. പിന്നീട് ടാക്സിയിൽ കയറ്റി കറങ്ങാൻ പോയി. ഒരുദിവസം, രണ്ടുദിവസം, മൂന്നുദിവസം. പിന്നീടൊരു നിഭൃതസന്ധ്യയ്ക്കു് ഗംഗയുടെ കരയിലിരുന്നു് എന്റെ വിചിത്രമായ ജീവിതകഥ അയാളെ പറഞ്ഞുകേൾപ്പിച്ചു. അയാൾ മുഴുവൻ നിശ്ശബ്ദം കേട്ടു. പിന്നീടു സസ്നേഹം പറഞ്ഞു: "നീ ചെയ്തതു ശരിയാണ് അനിയാ. വേറെ വഴിയില്ലായിരുന്നു. പക്ഷേ, ഈ കുടിയൻെറ ഷോപ്പിൽ കള്ളുവിററു് അച്ഛൻെറ സങ്കടം തീർക്കാൻ കഴിയുകയില്ല. അതിൽഭേദം, എൻെറകൂടെവാ. നിനക്കു ഞാൻ വഴികാണിച്ചുതരാം."

ഞാനയാളുടെകൂടെ പോയി.

ആ രാത്രി എനിക്കിന്നും ഓർമ്മയുണ്ടു്. വളരെ ഇടുങ്ങിയ തെരുവ്. ഇരുണ്ട വഴി. ഇരുവശത്തും വൃത്തികേടിന്റെ കൂമ്പാരങ്ങൾ. ടോർച്ചിൻെറ സഹായത്തോടുകൂടി ഒരുതരത്തിൽ

മുമ്പോട്ടുപോയി. ഒരു കോട്ടപോലുള്ള സ്ഥലത്തു് എത്തി. മുൻവശം പൊളിഞ്ഞിരിക്കുന്നു. തകന്ന തൂണിൻെറ അരികിൽക്കൂടി ചെറിയ വഴി. വളരെ വിഷമിച്ചു് അതിലേപോയപ്പോൾ ഇടതുവശത്തു് ഒരു കോണിപ്പടി കണ്ടു. ഇരുട്ടും ഈൗപ്പവും നിറഞ്ഞ അന്തരീക്ഷം. കയറാതെ കഴിയില്ലല്ലോ. കയറി. അതിനു് അവസാനമില്ലെന്നു തോന്നി. അയാൾ എൻെറ കൈ പിടിച്ചിരുന്നു. വളരെ കഷ്ടപ്പെട്ടു്, പലതവണ തിരിഞ്ഞും മറിഞ്ഞും, അവസാനം ഒരു ഹാൾപോലുള്ള മുറിയിലെത്തി. നിറയെ ആളുകൾ. വൃത്തികെട്ട ഭാഷ സംസാരിക്കുന്നു, ഇടയ്ക്കിടെ പൊട്ടിച്ചിരിക്കുന്നു. എവിടെയാണു് എന്നെ കൊണ്ടുവന്നിരിക്കുന്നതു്? ഞാനയാളോടു ഭീതിപൂർവ്വം ചോദിച്ചു. അയാൾ ഉത്തരം പറഞ്ഞില്ല. കൈയിൽ പിടിച്ചു്, അടുത്തമുറിയിലേക്കു കൊണ്ടുപോയി. മെഴുകുതിരിവെളിച്ചത്തിൽ കണ്ടു, ഒരാൾ ബീഡിവലിച്ചുകൊണ്ടു കട്ടിലിൽ കിടക്കുന്നതു്. പ്രായമായി. എങ്കിലും കണ്ടാൽ ഗുണ്ടയാണെന്നു തോന്നും.

എൻെറ സ്നേഹിതൻ പറഞ്ഞു: "കൊണ്ടുവന്നിട്ടുണ്ടു്, സർദാർ!"

"കൊണ്ടുവന്നോ? കൊള്ളാം. ഇവിടെ കൊണ്ടുവാ."

കൈ പിടിച്ചു തന്നെ അയാൾ എന്നെ കുറച്ചുകൂടി അടുപ്പിച്ചു നിർത്തി. അയാൾ എഴുന്നേററു് എൻ്റെ മുഖം സൂക്ഷിച്ചു നോക്കി. എന്നിട്ടു പറഞ്ഞു: "ആഹാ, ഒന്നാന്തരം സാധനമാണല്ലോ. ശരിയാണു്, ഇവനു സാധിക്കും."

നാടൻമദ്യത്തിൻെറ ഗന്ധം. ഛർദ്ദിക്കാൻ തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ സ്നേഹിതനെ കണ്ടില്ല. പിന്നീടൊരിക്കലും അയാളെ കണ്ടിട്ടുമില്ല.

പിറേറന്നു രാവിലെ മനസ്സിലായി, എവിടെയാണു് എത്തിയിരിക്കുന്നതെന്നു്. പോക്കററടിക്കാരുടെ പ്രധാന പരിശീലനകേന്ദ്രം. സ്നേഹിതൻ സമത്ഥനായ ദല്ലാളാണു്. ഞാൻ പുതിയ റിക്രൂട്ടാണു്. എന്നെ കർശനമായ മേൽനോട്ടത്തിൽ സൂക്ഷിച്ചു. കുറച്ചുനേരം കഴിഞ്ഞു് സർദാർ എന്നെ വിളിപ്പിച്ചു. തോളിൽ കൈവച്ചു പറഞ്ഞു: "എന്തിനാ പേടി? നിന്നെപ്പോലെ എത്ര കുട്ടികളുണ്ടെന്നോ ഞങ്ങളുടെ സംഘത്തിൽ? എല്ലാവരോടും പരിചയപ്പെട്ടു്. ആഹാരം കഴിക്കു്.

എന്നിട്ട ശ്രദ്ധിച്ചു പണിപഠിക്കു്. ശരിക്കു പഠിച്ചാൽ ഇതു പോലൊരു തൊഴിലില്ല. ഒറ്റ രാത്രികൊണ്ടു വലിയവനാകാം. ശരി, നിനക്കു് ഏററവും ഇഷ്ടം ആരെയാ?''

ഞാൻ പറഞ്ഞു: ''അച്ഛനെ.''

''കൊള്ളാം. എന്നാൽ അച്ഛന്റെ പേരിൽ സത്യം ചെയ്യു്, ഒരിക്കലും സംഘം വിട്ടുപോകുകയില്ലെന്നും സംഘത്തിൻെറ കാര്യം ആരോടും പറയുകയില്ലെന്നും.''

ഞാൻ സത്യം ചെയ്തു. എൻെറ പരിശീലനം ആരംഭിക്കുകയും ചെയ്തു.

ഒരുമാസത്തെ പരിശീലനം കഴിഞ്ഞു് എന്നെ റോഡിലയയ്ക്കാൻ തുടങ്ങി. ഓടിപ്പോകാൻ മാർഗ്ഗമില്ല. പിന്നിൽ, ജനക്കൂട്ടത്തിനിടയ്ക്കു് അവരുടെ ഗാർഡുണ്ടു്. വഴി തെററിയാൽ കഠാരി പ്രയോഗിക്കാൻ മടിക്കുകയില്ല. ഞാൻ പണിയാരംഭിച്ചു. എന്നും എന്തെങ്കിലും കേസു കാണിക്കണം. ഇല്ലെങ്കിൽ പലതരം ശിക്ഷയുണ്ടു്. പക്ഷേ, ഭാഗ്യവശാൽ എനിക്കു് അതധികം സഹിക്കേണ്ടിവന്നില്ല. വിദഗ്ധനും വിശ്വസ്തനുമെന്ന പേരു് അല്പദിവസത്തിനകം ഞാൻ സമ്പാദിച്ചു. കിട്ടുന്നതു മുഴുവൻ സർദാറിൻെറ കൈയിൽ കൊടുക്കണം. എനിക്കു് ആഹാരവും വസ്ത്രവും ചില്ലറച്ചെലവിനു പണവും കിട്ടും.

ഞങ്ങളുടെ സംഘത്തിൽ ഗഫർ എന്നൊരാളുണ്ടായിരുന്നു. അയാളെന്നെ ശരിക്കും സ്നേഹിച്ചിരുന്നു. ഒരുദിവസം ഒളിവിൽ വിളിച്ചുപറഞ്ഞു: ''നീയെന്തുവിഡ്ഢിയാ? കിട്ടുന്നതു മുഴുവൻ കൊടുക്കുകയാണോ? കുറച്ചൊക്കെ മാറ്റണം. അല്ലെങ്കിൽ നിനക്കെന്തു കിട്ടും? ഞങ്ങളെല്ലാം കാണിക്കുന്നതു കാണുന്നില്ലേ?''

അക്കാര്യം എനിക്കറിയാമായിരുന്നു. അതിൻെറ ആപത്തും ചില്ലറയായിരുന്നില്ല. ഒരുദിവസം ഒരവസരം കിട്ടി. ഒരു മാന്യൻ ബസ്സിൽ കയറാൻ പോകുന്നു. നല്ല തിരക്കു്. പേഴ്സെടുത്തു് ഞാൻ മാറിക്കളഞ്ഞു. സുരക്ഷിതസ്ഥാനത്തെത്തി തുറന്നു നോക്കി, ആയിരം രൂപയുടെ രണ്ടു നോട്ടു്. മതി. ഇനിയില്ല. ഇപ്പോൾ മടങ്ങണം.

വളരെനാൾ കഴിഞ്ഞു വീട്ടിലെത്തുകയായിരുന്നു. രാത്രി പത്തുമണിയായിട്ടുണ്ട്. വാതിലിൽ മുട്ടുമ്പോൾ ഉള്ളു പിടഞ്ഞു. ഞാൻ വളരെ അകന്നുപോയെന്നു്, വളരെ ആഴത്തിൽ പതിച്ചുപോയെന്നു്, തോന്നി. ഈ വീടു് എൻെറയല്ല. തല ഉയർത്തിപ്പിടിച്ചു് ഇവിടെ കടക്കാൻ എനിക്കു് അവകാശം ഇല്ലാതായിരിക്കുന്നു. അകത്തു കടന്നാൽ എന്താണു കാണുക? പെട്ടെന്നു വാതിൽ തുറന്നു. ഗോവിന്ദൻ മുമ്പിൽ നിൽക്കുന്നു. എന്നെ കണ്ടയുടനെ നിലവിളിച്ചുകൊണ്ടു പറഞ്ഞു: "ഇത്ര നാളും എവിടെയായിരുന്നു, കുഞ്ഞേ? എന്തൊരു കോലമാ ഇതു്?"

ഞാൻ അവൻെറ വായടച്ചുപിടിച്ചു: "മിണ്ടാതെ, മിണ്ടാതെ. അച്ഛനെങ്ങനെയുണ്ടു്?"

ഗോവിന്ദൻ കണ്ണുതുടച്ചുകൊണ്ടു പറഞ്ഞു: "എങ്ങനെയുണ്ടെന്നു്! കുഞ്ഞു പോയതു മുതൽ വല്ലാത്ത അവശതയാണു്. തല പൊക്കുകയില്ല. മനസ്സും വല്ലാതായിട്ടുണ്ടു്. ഏതു ദിവസവും പ്രാണൻ പോകാം."

"അമ്മയെവിടെ?"

ഗോവിന്ദൻ അതിനുത്തരം പറഞ്ഞില്ല. പുറത്തേക്കു പോകുമ്പോൾ പറഞ്ഞു: "കുഞ്ഞു മുകളിലേക്കു ചെല്ലു്. ഞാൻ ചടേന്നു് ഒരു സോഡാ വാങ്ങിക്കൊണ്ടു വരാം."

അച്ഛൻെറ മുറിയിൽ കടന്നപ്പോൾ വിറച്ചുപോയി. കണ്ണടച്ചു കിടക്കുകയാണു്—അച്ഛനല്ല, അച്ഛൻെറ അസ്ഥിപഞ്ജരം. കാലിൽ തൊട്ടപ്പോൾ ഞെട്ടിയുണർന്നു: "ആരു്?"

"ഞാനാണച്ഛാ!"

"മോനോ? ഇത്രനാൾ കഴിഞ്ഞു നീ വന്നോ? വലിയ തെററാണു മോനേ, നീ ചെയ്തതു്. വാ, ഇങ്ങടുത്തു വാ."

അടുത്തുചെന്നയുടനെ അദ്ദേഹം വളരെ വിഷമിച്ചു് ഇടതുകൈ ഉയർത്തി എന്നെ കെട്ടിപ്പിടിച്ചു. ഞാൻ അദ്ദേഹത്തിൻെറ നെഞ്ചിൽ തലവെച്ചു. കണ്ണീർപ്രവാഹം തടയാൻ കഴിഞ്ഞില്ല. വളരെനേരം അങ്ങനെതന്നെ കിടന്നു. കണ്ണുനീർ എൻെറ മനസ്സിലെ സകല താപവും സകല പാപവും കഴുകിക്കളഞ്ഞതുപോലെ. ഹൃദയത്തിൻെറ ഭാരം കുറഞ്ഞു. അച്ഛൻ എൻെറ തലയിലും ദേഹത്തും കൈയോടിച്ചുകൊണ്ടി

രുന്നു. പിന്നീട്ട് സാവധാനം പറഞ്ഞു: "നീ വല്യതാവണം, മനുഷ്യനാകണം എന്നു മാത്രമാണ്ട് എൻെറ ആശ. പക്ഷേ, എന്താ നീ ചെയ്തതു്, മോനേ? പത്തോ ഇരുപതോ രൂപ കൊണ്ടു്, എനിക്കെന്താ ഉപകാരം, പറ. അതിനുവേണ്ടി നീയിങ്ങനെ കഷ്ടപ്പെടണോ? നീ അയച്ച പണം മുഴുവൻ ഞാൻ വാങ്ങിവച്ചിട്ടുണ്ടു്. കൊച്ചുമകൻ കഷ്ടപ്പെട്ടുണ്ടാക്കിയ പണം എനിക്കുവേണ്ടി ചെലവാക്കാനോ?"

ഞാൻ എഴുന്നേററിരുന്നു പറഞ്ഞു: "ഇത്തവണ ധാരാളം പണം കൊണ്ടുവന്നിട്ടുണ്ടു്, അച്ഛാ. നേരം വെളുത്താൽ ഞാനിവിടത്തെ ഏററവും വലിയ ഡാക്ടറെ വിളിച്ചുകൊണ്ടു വരും. അച്ഛൻ വേഗം സുഖക്കേടുമാറി എഴുന്നേൽക്കണം. എന്നിട്ടു വേണം നമുക്കു് ഒരു ചേഞ്ചിനു് എവിടെയെങ്കിലും പോകാൻ."

ഞാൻ പേഴ്സ് തുറന്നു് രണ്ടുനോട്ടം പുറത്തെടുത്തു.

ഒരുതവണ അങ്ങോട്ടു നോക്കിയതും അച്ഛൻെറ മുഖം ഇരുണ്ടു. കഠിനസ്വരത്തിൽ അദ്ദേഹം പറഞ്ഞു: "എന്താ ഇതു്? എവിടന്നു കിട്ടി നിനക്കു് ഇത്രയും രൂപാ?"

ഞാൻ തലതാഴ്ത്തി നിന്നു.

"ആരു തന്നു? പറ, എൻെറയടുത്തു് ഒളിക്കരുതു്. പറ, ആരു തന്നു?"

അച്ഛൻ ഇത്ര വിഷമിച്ചു് ഞാനൊരിക്കലും കണ്ടിട്ടില്ല. പേടിയോടെ ഞാൻ പറഞ്ഞു: "ആരും തന്നതല്ല. എനിക്കു കിട്ടിയതാണു്."

"എങ്ങനെ? എവിടന്നു കിട്ടി?"

ഞാൻ മിണ്ടിയില്ല.

അച്ഛനു ദേഷ്യംവന്നു. "മോഷ്ടിച്ചതാണോ?"

ഇതിനു് ഒരുത്തരവും വായിൽ വന്നില്ല.

അച്ഛൻ പൊട്ടിത്തെറിച്ചു: "കള്ളൻ! എൻെറ മകൻ കള്ളൻ! ഭഗവാനേ, ഇതും എനിക്കു കാണേണ്ടിവന്നല്ലോ."

ദുർബ്ബലമായ ദേഹം വല്ലാതെ വിറയ്ക്കാൻ തുടങ്ങി. കണ്ണു രണ്ടും പുറത്തേക്കു തള്ളിവരുന്നതുപോലെ തോന്നി. അടക്കാൻ വയ്യാത്ത ഉത്തേജനംകൊണ്ടു് കിടക്കവിട്ടു് എഴുന്നേല്ക്കാൻ വെമ്പുന്നതുപോലെ. എന്തൊരു കുഴപ്പം? ഞാൻ

ധൃതിയിൽ അദ്ദേഹത്തെ പിടിച്ചുകിടത്തി. വരണ്ടുണങ്ങിയ മുഖം രണ്ടു കൈകൊണ്ടും അമർത്തിപ്പിടിച്ച് കരഞ്ഞുകൊണ്ടു പറഞ്ഞു: "മിണ്ടാതിരിക്കു് അച്ഛാ. സമാധാനമായിരിക്കു്. ഈ രൂപ ഞാൻ തിരിച്ചുകൊടുത്തേക്കാം, ദൂരെയെറിഞ്ഞേക്കാം. അച്ഛനെത്തൊട്ടു ഞാൻ സത്യം ചെയ്യാം, ഇനിയിങ്ങനെ ചെയ്യില്ല. അച്ഛൻ സമാധാനമായിരിക്കു്..."

കൂടുതൽ പറയേണ്ടിവന്നില്ല. അദ്ദേഹം പെട്ടെന്നു ശാന്തനായി. എന്നെന്നേക്കും ശാന്തനായി. അപ്പോഴും എനിക്കതു മനസ്സിലായോ? മനസ്സിലായപ്പോൾ തല ചുറ്റുംപോലെ തോന്നി. ജീവനററ ആ ദേഹം കെട്ടിപ്പിടിച്ചു.

ശേഷക്രിയകൾ കഴിഞ്ഞപ്പോഴും നേരം വെളുത്തിട്ടില്ല. ഞാൻ ആരെയും കാണാതെ ശ്മശാനത്തുനിന്നു പോന്നു. ആ പേഴ്സ് പോക്കററിൽത്തന്നെ ഉണ്ടായിരുന്നു. നേരെ പോലീസ്സ്റ്റേഷനിൽ ചെന്നു് അതേല്പിച്ചുകൊണ്ടു പറഞ്ഞു: "ഉടമസ്ഥനെ കണ്ടാലറിയുമെന്നു തോന്നുന്നു."

ഉടമസ്ഥൻ സ്റ്റേഷനിൽ വിവരമറിയിച്ചിരുന്നു. അദ്ദേഹത്തെ വിളിപ്പിച്ചു. ഞാൻ തിരിച്ചറിഞ്ഞു. അദ്ദേഹവും, പേഴ്സും നോട്ടും തിരിച്ചറിഞ്ഞു.

എൻെറ പേരിൽ കേസെടുത്തു. അരയിൽ കയറും കൈയിൽ വിലങ്ങുമായി പോലീസുകാർ എന്നെ ജയിലിലേക്കു കൊണ്ടുപോയി.

മജിസ്റ്റ്രേട്ടിനു് എന്നെക്കണ്ടു ദയതോന്നിയിരിക്കണം. ആദ്യത്തെ കുറ്റമായതുകൊണ്ടു് ഒരു ബോണ്ടുവാങ്ങി വെറുതെ വിടാനാലോചിച്ചു. പക്ഷേ, വിട്ടിട്ടു് ഞാനെവിടെപ്പോകാൻ? ആർക്കുവേണ്ടി പോകണം? ഞാൻ പറഞ്ഞു: "ഇതെൻെറ ആദ്യത്തെ കുററമല്ല. കുററം പലതവണ ചെയ്തിട്ടുണ്ടു്. പിടിച്ചില്ലെന്നുമാത്രം. പോലീസ് എന്നെ പിന്താങ്ങി. അവരുടെ ബുക്കിൽ എൻെറ പേരുണ്ടായിരുന്നു. ആറുമാസം ജയിൽ ശിക്ഷ വിധിക്കാൻ മജിസ്റ്റ്രേട്ടു നിർബന്ധിതനായി."

ആറുമാസം കഴിയാറായി. മൂന്നു ദിവസമേയുള്ളു വിടാൻ. പക്ഷേ, ഞാനാഗ്രഹിച്ചതു കിട്ടിയോ? എൻെറ പശ്ചാത്താപം എവിടെ? പ്രായശ്ചിത്തമെവിടെ? ഞാൻ കള്ളൻ മാത്രമല്ല, പിതൃഹത്യക്കാരൻകൂടിയാണു്. ആ മഹാപാപ

UNIVERSITY LIBRARY

ത്തിൻെറ ശിക്ഷ ഞാൻ അനുഭവിച്ചുകഴിഞ്ഞിട്ടില്ല. എന്നെങ്കിലും കഴിയുമോ എന്നും അറിഞ്ഞുകൂടാ. കഴിഞ്ഞാൽ, അന്ന് അങ്ങയുടെ അടുത്തു മടങ്ങിവരാം.

ഹതഭാഗ്യനായ പരിമൾ.

അവൻ ഇനിയും മടങ്ങിവന്നിട്ടില്ല.

## പതിനാറ്

സെഷൻസ്സ കോടതി, കാസിം ഫക്കീറിനെ തൂക്കിക്കൊല്ലാൻ വിധിച്ചു.

യോഗ്യതാസമ്പന്നനായ ജഡ്ജി ചെറുപ്പക്കാരനല്ല. എങ്കിലും ജഡ്ജിപദത്തിൽ നവാഗതനാണ്. മുമ്പ് മുൻസിഫും സബ്ജഡ്ജിയും ആയിരുന്നു. കൊലപാതകിയുമായി അദ്ദേഹത്തിൻെറ ആദ്യത്തെ ഏററുമുട്ടൽ. അദ്ദേഹം ആദ്യം വിധിക്കുന്ന മരണശിക്ഷ.

വിധി തയ്യാറാക്കുമ്പോൾ ജഡ്ജിയുടെ തൂലിക ഒന്നു വിറച്ചിരിക്കണം. ന്യായാധിപസ്ഥാനത്തുനിന്ന് കഠോരമായ ഈ ഉത്തരവു വായിക്കുമ്പോൾ അദ്ദേഹത്തിൻെറ ശബ്ദത്തിൽ ഈ വിറയൽ അനുരണനം ചെയ്തിരുന്നു...The said Kassim Fakir be hanged by the neck till he be dead...

വിധിച്ചയാൾ പരിഭ്രമിച്ചു. പക്ഷേ, വിധിക്കപ്പെട്ടയാൾ നിർവ്വികാരനായിരുന്നു. ഏററവും വലിയ ഈ ശിക്ഷ അയാൾ അഞ്ജേയററത്തെ ഉദാസീനതയോടുകൂടി സ്വീകരിച്ചു. വിധിപ്രസ്താവം കഴിഞ്ഞപ്പോൾ അയാൾ കൂട്ടിൽനിന്നുകൊണ്ടു നാലുപാടും നോക്കി. അയാളുടെ വ്യാകുലദൃഷ്ടി ആരെയോ തിരയുമ്പോലെ തോന്നി. പിന്നീട് അയാൾ സാവധാനം, അഴിക്കൂട്ടിൽനിന്നു് ഇറങ്ങി. പോലീസുകാർ അയാളുടെ രണ്ടുവശത്തും വന്നുനിന്നു. അയാൾ എങ്ങും നോക്കാതെ നിശ്ശബ്ദം പുറത്തിറങ്ങി. കറുത്ത ചായം തേച്ച ജയിൽവണ്ടി അവിടെ കാത്തുനില്പുണ്ടായിരുന്നു.

വാതിൽക്കൽ നിന്നിരുന്നു വക്കീൽബാബു. കക്ഷിയുടെ

ജീവൻ രക്ഷിക്കാൻ അദ്ദേഹം വളരെ പണിപ്പെട്ടിട്ടും ഫലിച്ചില്ല. ആ വ്യത്ഥതയുടെ ശൂന്യത ഏതാനും സാന്ത്വനവാക്കുകൾകൊണ്ടു നികത്താമെന്നു വിചാരിച്ചിരുന്നെന്നു തോന്നുന്നു. പക്ഷേ, കക്ഷിയുടെ മുഖത്തു നോക്കിയപ്പോൾ അദ്ദേഹത്തിനു് ഒന്നും പറയാൻ കഴിഞ്ഞില്ല. ഒരു തരത്തിൽ നേരെ കാര്യം പറഞ്ഞു: "ഇവിടെ ഒരൊപ്പിട്ടു ഫക്കീർ. ഏഴു ദിവസത്തിനകം ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കണം."

അല്പം നിത്തിയിട്ടു് മിക്കവാറും തന്നോടെന്നപോലെ പറഞ്ഞു: "ഒന്നുകൂടി ശ്രമിച്ചു നോക്കിക്കളയാം."

ഫക്കീർ നിന്നു. മുഖത്തു് അത്ഭുതകരവും വികൃതവുമായ ചിരിപരന്നു. അയാൾ ശുഷ്കസ്വരത്തിൽ പറഞ്ഞു: "എന്തു കാര്യം ബാബു? ഇപ്പോഴും ശ്രമത്തിനു കുറവൊന്നും ഉണ്ടായില്ലല്ലോ."

ഫക്കീറിനെ ഞാനാദ്യം കണ്ടതു്, ആസ്സാം അതിത്തിയിലെ ഏതോ ഡിസ്ട്രിക്ടു് ജയിലിൽവെച്ചാണു്. മയ്മൻസിംഗാണു് അയാളുടെ നാട്ടു്—ഇംഗ്ലീഷുകാർ ഭരിക്കുന്ന ബംഗാളിലെ ഏററവും വലിയ ജില്ല. വിശാലമായ ഭൂപ്രദേശം. വലിപ്പത്തിലല്ല, പ്രകൃതിസംബന്ധമായ വൈവിദ്ധ്യത്തിലാണു് അതിൻെറ വൈശിഷ്ട്യം സ്ഥിതിചെയ്യുന്നതു്. വിസ്തൃതമായ ഈ ജില്ലയുടെ തെക്കുഭാഗത്തു കാട്ടും മലയും നിറഞ്ഞ ജനഹീനമായ ഒരു പ്രദേശത്താണു് കാസിം ഫക്കീറിൻെറ താവളം. അട്ടത്തട്ടത്തു് വയ്ക്കോൽ മേഞ്ഞ രണ്ടു പുര, പൊളിഞ്ഞ ഒരു ദർഗ്ഗ (മുസ്ലീം ആരാധനാസ്ഥലം), ചുററും കാട്ടും മലയും. അയാളുടെ സ്വത്തിൽ, മകളുടെ മകളുടെ പ്രായം വരുന്ന ചെറുപ്പക്കാരിയും സുന്ദരിയുമായ ഭാര്യയും ഏതാനും ആട്ടും, പശുവും, കുറേ കോഴിയും, ഒരു മൈനയും ഉൾപ്പെട്ടും.

ഫക്കീറിനു് അറുപതു വയസ്സു കഴിഞ്ഞിട്ടുണ്ടു്. അയാളുടെ ചെറുപ്പകാലത്തെ ചരിത്രം മുഴുവൻ പോലീസ് റിക്കാർഡുകളിൽ കാണാം. അതുകൊണ്ടു് ഈ കാട്ടുജീവിതം അത്ഥഹീനമല്ല. പക്ഷേ, യൗവനത്തിലേക്കു കാലു കുത്തുകമാത്രം ചെയ്തിട്ടുള്ള ഒരു പെൺകുട്ടി എന്തു മോഹിച്ചാണു ജീവിതത്തിലെ സകല ആകർഷണങ്ങളും ഉപേക്ഷിച്ചു് വനവാസം

വരിച്ചതെന്നും അനാസക്തനായ ഒരു വൃദ്ധൻെറ കൂട്ട സ്വീകരിച്ചതെന്നും പടച്ചവനുമാത്രം അറിയാം.

വൃദ്ധനായ ഫക്കീർ എപ്പോഴും ദർഗ്ഗയുടെ അട്ടത്തു ജപിച്ചുകൊണ്ടിരിക്കും. ഇടയ്ക്കിടെ തീക്ഷ്ണസ്വരത്തിൽ വിളിക്കും: “കുട്ടീ! കുട്ടീ!” കുട്ടിബീബി അപ്പോൾ ഒരു കാട്ടമാനെപ്പോലെ തുള്ളിച്ചാടി മനോരാജ്യം കണ്ടു് ചുററി നടക്കുകയായിരിക്കും. ആട്ടിൻകുട്ടികളോടൊപ്പം കളിക്കുകയോ കോഴിയുടെ പുറകെ ഓട്ടുകയോ ശബ്ദം അനുകരിച്ചു് കുയിലിനോടു ശണ്ഠകൂട്ടുകയോ മൈനയെ ഓമനിക്കുകയോ ആയിരിക്കും.

ഇടയ്ക്കിടെ ഫക്കീർ പര്യടനത്തിനിറങ്ങും. നീണ്ട ഉടുപ്പു ധരിച്ചു്, തോളിൽ സഞ്ചി തൂക്കി, താടിമീശയും നരച്ച മുടിയുമായി, വളഞ്ഞ വടി ഊന്നി അയാൾ കാട്ടുവഴിയിൽ അദൃശ്യനാകുമ്പോൾ, കുട്ടി ബീബി അങ്ങോട്ടു നോക്കിനിന്നു് അമത്തിച്ചിരിക്കും. എന്താലോചിച്ചാണെന്നു് ആക്കറിയാം? ഫക്കീർ മടങ്ങാൻ ഒരു മാസം പിടിക്കും. ഓരോരോ സ്ഥലങ്ങളിൽ മാജിക്ക് കാണിച്ചും ദിവ്യകവചം നൽകിയും മന്ത്രവാദം നടത്തിയും സന്ധ്യാസമയത്തെ ഇരുട്ടിൽ ഏതെങ്കിലും മറവിൽ നോട്ട് ഇരട്ടിപ്പിക്കുന്ന വിദ്യ കാണിച്ചും ചുററിത്തിരിയും. രണ്ടു രൂപ കൊടുത്താൽ നാലു രൂപയാക്കിക്കൊടുക്കും, അഞ്ചു രൂപ കൊടുത്താൽ പത്തുരൂപയാക്കിക്കൊടുക്കും. അതിൽ കൂടുതലാരെങ്കിലും കൊടുത്താൽ, തൻെറ താവളത്തിൽ വരാൻ പറയും. ദർഗ്ഗയിൽ നേർച്ച കഴിക്കാൻ ഒരുറുപ്പിക രണ്ടണകൂടി കൊണ്ടുവരണം. ഒററയ്ക്കു വരണം. കൂടെ ആളുണ്ടാകാൻ പാടില്ല.

പിന്നീടൊരു ദിവസം ഫക്കീർ മടങ്ങും—സഞ്ചി നിറയെ പണവും ബീബിക്കു ചില്ലറ സമ്മാനങ്ങളുമായി. കുട്ടിയുടെ സന്തോഷത്തിനു് അതിരുണ്ടാകുകയില്ല.

രണ്ടുനാലു ദിവസത്തിനകം, നോട്ട് ഇരട്ടിപ്പിക്കാൻ ആളുകൾ വന്നുതുടങ്ങും. ചെറിയചെറിയ കക്ഷികളെ ഫക്കീർ ശ്രദ്ധിക്കുകയില്ല. എന്തെങ്കിലും ഒഴികഴിവു പറഞ്ഞു മടക്കി അയയ്ക്കും. മൂന്നും നാലും അഞ്ചും നൂറുരൂപാനോട്ടുമായി വരുന്നവരോടു പറയും: “ഇരിക്കു്. പാതിരാ കഴിയണം നേർച്ചയ്ക്കു്.”

സമയമാകുമ്പോൾ ആളെ ദർഗ്ഗയുടെ അട്ടത്തേക്കു വിളിക്കും. ഫക്കീർ സമാധിയിലാണു്. രാത്രി അധികമധികം ഇരുട്ടും. കുന്നിനപ്പുറംനിന്നു് ചെന്നായ്ക്കൾ സമയമറിയിക്കും. നിസ്തബ്ധമായ വനത്തിൽനിന്നു് ഇടയ്ക്കിടെ കാട്ടുജന്തുക്കളുടെ ഒച്ച കേൾക്കാം. പെട്ടെന്നു് കാസിം കണ്ണുതുറന്നു പറയും: "പടച്ചവൻെറ കരുണ. താ, ക്രുപ താ."

ഭക്തൻ നോട്ടുകെട്ടു് ഫക്കീറിൻെറ കൈയിൽ കൊടുക്കും. ശ്വാസം അടക്കിപ്പിടിച്ചു പിടയുന്ന മനസ്സുമായി കാത്തിരിക്കും, എപ്പോഴാണു് അതു് ഇരട്ടിയായി വരികയെന്നു നോക്കി.

"ദാ, പ്രസാദം."

ഭക്തൻ കൈനീട്ടി വാങ്ങും. ഒരു പഴവും ഒരുഗ്ലാസ് മധുരസർബ്ബത്തും. പകലത്തെ അലച്ചിലിനും പട്ടിണിക്കും ശേഷം വളരെ ഇഷ്ടപ്പെടും. പക്ഷേ, എന്താ ഇതു്? ചേതന മുഴുവൻ മഞ്ഞുപോലെ. സർവ്വാംഗവും തളരുന്നതെന്തു്? കണ്ണു തുറന്നുപിടിക്കാൻ കഴിയുന്നില്ല. ഉറക്കം വരുന്നു. അനന്തമായ ഉറക്കം. ആ ഉറക്കത്തിൽനിന്നു് ഉണരുകയില്ലെന്നു തോന്നും.

വാസ്തവത്തിൽ ആ ഉറക്കം അവസാനിക്കുകയില്ല. ഒരു മണിക്കൂർ കഴിഞ്ഞു ഭക്തനെ, ഭർത്താവു് തലയ്ക്കലും ഭാര്യ കാൽക്കലും പിടിച്ചു വലിച്ചിഴച്ചു കുന്നിനപ്പുറം കാട്ടിലേക്കു കൊണ്ടുപോകും. അവിടെ സുന്ദരമായ കബർ തയ്യാറായിരിക്കും. അജ്ഞാതനായ ഭക്തനെ അതിലിട്ടിട്ടു് ഫക്കീർ നെററിയിലെ വിയർപ്പു തുടച്ചുകളയും. കുട്ടികളുസ്വരത്തിൽ ചിരിക്കും. വനപ്രാന്തങ്ങളിൽ അതിൻെറ പ്രതിദ്ധ്വനികളുയരും. പിന്നീടു് സമത്വമാംവിധം കുഴിയിൽ മണ്ണിട്ടു മൂടി മീതെ പുല്ലു് കുഴിച്ചുവെച്ചു സകല അടയാളങ്ങളും ഒതുക്കിയിട്ടു് ഭാര്യയും ഭർത്താവും വീട്ടിൽ പോകും. നിശ്ചിന്തരായി കിടന്നുറങ്ങുകയും ചെയ്യും. രാവിലെ എഴുനേററു് നോട്ടു് പൊതിഞ്ഞുകെട്ടി മണ്ണിൽ കുഴിച്ചിടും.

ഇങ്ങനെ വർഷങ്ങളോളം ഫക്കീർദമ്പതികൾ ഈ വ്യവസായം നിർവ്വിഘ്നം നടത്തി സുഖമായി കഴിഞ്ഞുപോന്നു. ഇടയ്ക്കുണ്ടാണും, ഹതഭാഗ്യരായ കക്ഷികളുടെ ബന്ധുക്കളോ സ്നേഹിതരോ അന്വേഷിച്ചു വന്നാൽ ഫക്കീർ അത്ഭുതം നടി

ക്കം, "അയാൾ അന്നുതന്നെ നോട്ട് ഇരട്ടിയാക്കി പോയല്ലോ. അല്ലേ ബീബിജാൻ, അങ്ങനെയല്ലേ?" ബീബിജാൻ മുറിയടിച്ചുവാരുകയോ ഭക്ഷണം പാകംചെയ്യുകയോ ആയിരിക്കും. ചിരി അടക്കിക്കൊണ്ടു പറയും: "അയാൾ എപ്പഴേ പോയി!" ഫക്കീർ പരിഭ്രമത്തോടെ പറയും: "അന്വേഷിക്കു്, ശരിക്കു് അന്വേഷിക്കു്. ഈ പ്രദേശത്തു് കൊള്ളക്കാരുടെ ശല്യം ഭയങ്കരമാണു്. അത്രയും രൂപയുംകൊണ്ടു്... അയ്യോ!..."

അങ്ങനെയിരിക്കെ ഒരുദിവസം പുതിയ ഒരു കക്ഷി വന്നു. ഇരുപത്തിരണ്ടു്-ഇരുപത്തിമൂന്നു വയസ്സുള്ള ചെറുപ്പക്കാരൻ. കടഞ്ഞെടുത്ത പ്രതിമപോലുള്ള ദേഹം. ചുരുണ്ട മുടി. അരയിൽ ചുവന്ന ടവ്വൽ കെട്ടിയിരിക്കുന്നു. കൈയിൽ, എണ്ണയിട്ടു മിനുക്കിയ മുളവടി. എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകളിൽ ആരോഗ്യവും ആനന്ദവും തുളുമ്പുന്നു. അവിടെയുമിവിടെയും നോക്കി, ഫക്കീറിൻെറ ആസ്ഥാനം തിരഞ്ഞുവരികയായിരുന്നു. മുററത്തുവെച്ചു് ആദ്യംതന്നെ കുട്ടിയെയാണു കണ്ടതു്. അയാൾ പെട്ടെന്നു നിന്നു. മുഖത്തു് കൗതുകപൂർണ്ണമായ വിസ്മയത്തിൻെറ ചിഹ്നങ്ങൾ പൊട്ടിവിരിഞ്ഞു. പിന്നീടവ, കൗതുഹലം നിറഞ്ഞ മന്ദഹാസത്തിൽ അലിഞ്ഞുചേർന്നുപോയി. ആ ചിരി, കുട്ടിബീബിയുടെ ചുണ്ടുകളിലും പ്രതിഫലിച്ചു. നിമിഷനേരത്തേക്കു മാത്രം. പിന്നീടു്, സദാ ചഞ്ചലമായ ദൃഷ്ടികളിൽ കാളിമ പരന്നു. കുനിച്ചുപിടിച്ച ദീപ്തമായ മുഖത്തു് രക്താഭ കാണായി.

ഫക്കീർ വരാന്തയിൽ ഇരുന്നു പുകവലിക്കുകയായിരുന്നു. കക്ഷി മുമ്പോട്ടു ചെന്നു് നോട്ടുകെട്ടു മുമ്പിലേക്കിട്ടുകൊണ്ടു പറഞ്ഞു: "അഞ്ഞൂറുണ്ടു്, എണ്ണിനോക്കു്. പിന്നെ ഇതാ നിങ്ങളുടെ നേർച്ചപ്പണം, ഒരു രൂപാ രണ്ടണ," എന്നു പറഞ്ഞു് കുറെ ചില്ലറയും എടുത്തു മുമ്പിൽ വെച്ചു. ഫക്കീർ ഒന്നും മിണ്ടിയില്ല. ഇരിക്കാൻ ആംഗ്യം കാണിച്ചിട്ടു് ഹുക്കക്കുഴൽ കക്ഷിയുടെ കൈയിൽ കൊടുത്തു. പിന്നീടു് നേർച്ചപ്പണം എടുത്തുകൊണ്ടു പറഞ്ഞു. നോട്ടു് വെച്ചോളു. അതൊക്കെ പകൽ സാധിക്കുമോ? ഇരിക്കു്, പുകവലിക്കു്. രാത്രി ഒരുമണി കഴിയണം നേർച്ചയ്ക്കു്."

കുട്ടിബീബിയുടെ തലയിൽ അന്നു്, വളരെനാൾക്കു

ശേഷം, ചീപ്പ് സ്പർശിച്ചു. ചെടപിടിച്ച് ഒതുങ്ങാത്ത തലമുടി ഒരുവിധത്തിൽ കെട്ടിവെച്ച് അതിലൊരു കാട്ടുപൂ തിരുകി. പിന്നീട്ട് അരമൈൽ അകലെയുള്ള അരുവിയിൽ പോയി മേൽ കഴുകി വന്നു. മുറിയിൽ കടന്ന്, ആകാശത്തിൻെറ നിറമുള്ള ഒരു സാരിയെടുത്തു ധരിച്ചു. കഴിഞ്ഞ വർഷം ഈദിന് ഫക്കീർ എവിടെനിന്നോ വാങ്ങിക്കൊണ്ടുവന്നു കൊടുത്തതാണ്. രണ്ടു തവണയേ ധരിച്ചിട്ടുള്ളു. അന്ന് ഫക്കീർ പറഞ്ഞു, അവൾക്കു നന്നെ ചേരുമെന്ന്.

"എവിടെ, കുട്ടിബീബി എവിടെപ്പോയി? മിയാം സാഹിബ്ബിന് വല്ലതും കഴിക്കാൻ കൊടുക്ക്. വളരെ ദൂരത്തു നിന്നു വരികയാണ്. സമയം എന്തായി?"

"ഇങ്ങോട്ടു പറഞ്ഞയയ്ക്കു്." അടുക്കളയിൽനിന്നു കുട്ടി മറുപടി പറഞ്ഞു. അതിഥി അടുക്കളയുടെ മുമ്പിൽ വന്നുനിന്നു. കുട്ടി ഇറങ്ങിവന്നു, കൈയിൽ ഒരുപാത്രം പൊരിയും ഒരുഗ്ലാസ് പാലും. അതിഥിയുടെ നേരെ ഒരുതവണ സൂക്ഷിച്ചുനോക്കി. എന്നിട്ട് ഒരു തട്ടുക്ക് വരാന്തയിൽ വിരിച്ചുകൊടുത്തു. അതു സാരിത്തുമ്പുകൊണ്ട് വൃത്തിയായി തുടച്ചിട്ടു പറഞ്ഞു: "ഇരിക്കു്."

ഹസ്സൻ സ്വപ്നത്തിൽനിന്ന് ഉണൎന്നതുപോലെ. അയാൾ ചോദിച്ചു: "ഈ കാട്ടിലാണോ താമസം?"

കുട്ടി വിസ്മയിച്ചുകൊണ്ട്: "കൊള്ളാം, പിന്നെയെവിടെ താമസിക്കും?"

"എങ്ങനെ വന്നു, ഇവിടെ?"

കുട്ടി കോപം അഭിനയിച്ചുകൊണ്ടു പറഞ്ഞു: "ആഹാ, അറിഞ്ഞുകൂടേ? ഫക്കീർസാഹിബ്ബിൻെറ ബീബിയാണ് ഞാൻ."

"ഈ ഫക്കീറിൻെറ ബീബിയോ?" എന്നുപറഞ്ഞ് അയാൾ പൊട്ടിച്ചിരിച്ചു.

ബീബിക്കു ദേഷ്യം വന്നു: "എന്താ ചിരിക്കുന്നതു്?"

"ഇല്ലില്ല, ഒന്നുമില്ല. ഈ രൂപ വെച്ചേക്കു്. ഞാനിത്തിരി കറങ്ങിയിട്ടു വരാം. ഓ, എന്തൊരു കാട്ട്; ശ്വാസം മുട്ടുന്നു," എന്നുപറഞ്ഞ് പാൽ ഒററവലിക്കു കുടിച്ചിട്ട് പൊരി വാരി മടിയിലിട്ട് അയാൾ സാവധാനം പുറത്തു കടന്നു.

കുട്ടി തനിക്കേറ്റവും ഇഷ്ടപ്പെട്ട കോഴിയെ കൊന്നു് കറി വെച്ചു. ചുവന്ന ചോറും ഉണ്ടാക്കി. തന്നത്താൻ കറന്ന കറമ്പിപ്പശുവിൻെറ പാൽ കുറുക്കിയെടുത്തു. അതിഥിയെ മുമ്പിലിരുത്തി സല്ക്കരിച്ചു. ഹസ്സൻ അല്പം പാൽ ബാക്കിവെച്ചിട്ടു് എഴുനേല്ക്കാൻ തുടങ്ങി. കുട്ടി അനുനയസ്വരത്തിൽ പറഞ്ഞു: "എനിക്കുവേണ്ടി അതുകൂടി കഴിച്ചിട്ടു പോകൂ."

പിന്നീട്ടു് അമർത്തിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഒറ്റക്കു കാട്ടിൽ വന്നപ്പോൾത്തന്നെ മിയാംസാഹിബ്ബിനു വിഷമം. പിന്നെ വയറുനിറച്ചു് വല്ലതും കഴിക്കുകകൂടി ചെയ്തില്ലെങ്കിൽ വീട്ടിൽ ചെല്ലുമ്പോൾ എന്നെപ്പററി എന്തുവിചാരിക്കും?"

ഹസ്സൻ ഉത്തരം പറഞ്ഞില്ല. മുഗ്ദ്ധസ്വരത്തിൽ പറഞ്ഞു: "വയറു നിറച്ചു കഴിച്ചു. ഇത്ര ശ്രദ്ധയോടെ മുമ്പിലിരുന്നു് എന്നെ ഇതുവരെയാരും ഊട്ടിയിട്ടില്ല."

മണ്ണെണ്ണവിളക്കിൻെറ മങ്ങിയ പ്രകാശത്തിൽ കുട്ടി ബീബിയുടെ മുഖം ശരിക്കു കണ്ടുകൂടായിരുന്നു. ഹൃദയത്തിൻ്റെ അടിത്തട്ടിൽനിന്നു് ഉയൻ്ന നിശ്വാസവും പുറത്തു വന്നില്ല.

പിന്നീട്ടു് ഹസ്സൻ വരാന്തയിൽ ഫക്കീറുമായി സംസാരിച്ചിരിക്കുകയായിരുന്നു. അടുത്ത മുറിയിൽ സ്വന്തം കൈകൊണ്ടു് കിടക്ക വിരിച്ചു് കൊതുകുവല കെട്ടിയിട്ടു് കുട്ടി വന്നു പറഞ്ഞു: "ഇനി ഇത്തിരി കിടന്നുറങ്ങണം. എത്ര ദൂരത്തുനിന്നു കഷ്ടപ്പെട്ട വന്നതാ? ഇതാണോ വെടിപറയാൻ സമയം?"

ഹസ്സൻ പോയ്ക്കഴിഞ്ഞപ്പോൾ കുട്ടിബീബി ഫക്കീറിൻ്റെ അടുത്തുനിന്നു നിമിഷനേരം എന്തോ ആലോചിച്ചു. പിന്നീട്ടു് ദൃഢസ്വരത്തിൽ പറഞ്ഞു: "ഇത്തവണ അതൊന്നും പററില്ല. ഞാൻ പറഞ്ഞേക്കാം."

ഫക്കീർ എല്ലാം സൂക്ഷിക്കുന്നുണ്ടായിരുന്നു. ഇരുട്ടിൽ അയാളുടെ കണ്ണുകൾ ഹിംസ്രജന്തുവിൻേറതുപോലെ ജ്വലിച്ചു. വ്യംഗ്യസ്വരത്തിൽ പറഞ്ഞു: "ഓഹോ, പയ്യനെ പിടിച്ചെന്നു തോന്നുന്നല്ലോ."

"അതെ, പിടിച്ചു. അതിനെന്തുവേണം?" കുട്ടി രൂക്ഷസ്വരത്തിൽ മറുപടി പറഞ്ഞു: "എന്തായാലും ഇയാളെ ഒന്നും ചെയ്യരുതു്, പറഞ്ഞേക്കാം. ചെയ്താൽ ഞാൻ കാണിച്ചു തരാം."

ഫക്കീർ സ്വയം നിയന്ത്രിച്ചു. ഭാര്യയെ സാരിത്തുമ്പുപിടിച്ചു വലിച്ച് ഇരുത്തി. സ്നേഹമയസ്വരത്തിൽ പറഞ്ഞു: "നിന്റെ വാക്ക് ഞാനെന്നെങ്കിലും തള്ളിക്കളഞ്ഞിട്ടുണ്ടോ കുട്ടീ? എനിക്കതു സാധിക്കുമോ? ഞാൻ നിന്നെ കളിപ്പിക്കുകയല്ലായിരുന്നോ?"

ഭാര്യയുടെ സുന്ദരമുഖം പിടിച്ചുയർത്തിക്കൊണ്ടു പറഞ്ഞു: "ആഹാ, ഇന്നു നിന്നെക്കാണാൻ എന്തു ചന്തം!"

കൈവെട്ടിച്ച് പിടി വിടുവിച്ചുകൊണ്ട് കുട്ടി ദേഷ്യഭാവത്തിൽ എഴുന്നേററുപോയി. കണ്ണെത്തുന്നിടത്തോളം അവളുടെ ദേഹത്തെ, ജ്വലിക്കുന്ന രണ്ടു കണ്ണുകൾ പിന്തുടന്നു.

രാത്രിയായി. ശുക്ലദ്വാദശിനാളിലെ ചന്ദ്രൻ കാടിന്റെ മറവിൽ ഇപ്പോൾ മറഞ്ഞതേയുള്ളു. ജീവജാലങ്ങളെല്ലാം നിദ്രയിലാണ്ടു. ഗഹനമായ വനംമാത്രം ഉണൎന്നിരുപ്പുണ്ട്. അതിന്റെ അത്ഭുതകരവും രഹസ്യമയവുമായ ഭാഷ നിസ്തബ്ധമായ രാത്രിയുടെ ചെവികളിൽ വന്നലയ്ക്കുന്നുണ്ട്. കാസിം ഫക്കീർ സാവധാനം കാട്ടിനുള്ളിൽനിന്നു പുറത്തുവന്നു. മുളകൊണ്ടുള്ള വാതിൽ ഒച്ചകേൾപ്പിക്കാതെ തുറന്നു് മുറിയിൽ കടന്നു. കിടക്കയുടെ ഒരുവശത്ത് ഭാര്യ നിശ്ചിന്തയായി ഉറക്കത്തിലാണ്ട് കിടക്കുന്നു. വൃക്ഷങ്ങളുടെ ഇടയിലൂടെ വാതിലിന്റെ വിടവിലൂടെ നിലാവിന്റെ ഒരു പാളി അവളുടെ സുന്ദരവദനത്തിൽ പതിച്ചിരിക്കുന്നു. അടുത്ത നിമിഷങ്ങളിൽ ലഭിച്ച എന്തോ പരമതൃപ്തിയുടെ ചിഹ്നങ്ങൾ ആ മുഖത്ത് തെളിഞ്ഞുകാണാം. അല്പംമാത്രം മറച്ചിട്ടുള്ള ഉയൎന്ന വക്ഷസ്സ്, ശ്വാസത്തിന്റെ താളക്രമമനുസരിച്ച് പൊങ്ങുന്നു, താഴുന്നു. ഫക്കീർ നിശ്ശബ്ദം നോക്കിനിന്നു. അയാളുടെ ക്ഷീണിച്ച മുഖത്തെ മാംസപേശികൾ എഴുന്നുനിന്നു. പല്ലുകൾ ഞെരിയുന്ന ശബ്ദം കേൾക്കായി. കുഴിയിലായ കണ്ണുകളിൽനിന്നു് തീപ്പൊരി പാറി. സിരകൾ പൊങ്ങിനില്ക്കുന്ന കൈകളിലെ ശക്തമായ, വിറകുകൊള്ളിപോലുള്ള വിരലുകൾ, കുത്താനൊരുങ്ങുന്ന തേളിനെപ്പോലെ ഉറങ്ങുന്ന സുന്ദരിയുടെ കഴുത്തിനടുത്തേക്കു നീങ്ങി. ഒന്നമത്തിയാൽ മതി, ഹൃദയം നിറഞ്ഞ നിശ്വാസങ്ങളുടെ ഈ കുടുക്ക തകരാൻ. അതുതന്നെ—ഫക്കീറിന്റെ ന്നുറുങ്ങിയ സ്വരത്തിൽ അവ്യക്തമായ

ഒരു ഗർജ്ജനം രൂപമെടുത്തു: 'അതുതന്നെ. ചെകുത്താൻപിടിച്ച പെണ്ണ് ലോകത്തുനിന്നു പോട്ടെ...'

സ്വന്തം ശബ്ദംകേട്ട് ഫക്കീർ ഞെട്ടിപ്പോയി. ഉടനെ, പെരുവിരൽ മാത്രം നിലത്തൂന്നി നിശ്ശബ്ദം പുറത്തുകടന്നു.

അടുത്ത മുറിയിൽ, പുതുതായി വിരിച്ചിട്ട കിടക്കയുടെയും പുതിയ അനുഭൂതികളുടെയും ഉത്തേജനംകൊണ്ട് ഹസ്സൻെറ ഉറക്കം ഇടയ്ക്കിടെ തടസ്സപ്പെട്ടിരുന്നു. ഫക്കീറിൻെറ കൈ സ്പർശിച്ചയുടനെ അയാൾ പിടഞ്ഞെഴുന്നേററു.

"ആരു്?"

"ഞാൻ." പതിഞ്ഞ സ്വരത്തിൽ മറുപടി കേട്ടു. "സമയമായി. പതുക്കെ ഇറങ്ങിവാ."

വാതിൽക്കൽ ഒരു മെഴുകുതിരി കത്തിച്ചുവെച്ചിരുന്നു. കക്ഷിയെ അതിന്നടുത്ത് തട്ടുക്കിൽ ഇരുത്തി. തലയിലും ദേഹത്തും മാത്രം ജപിച്ച ജലം കുടഞ്ഞിട്ട് പറഞ്ഞു: "നോട്ടെടുക്കു്."

"നോട്ട് ബീബിയുടെ കൈയിലാണു്."

"ബീബിയുടെ കൈയിലോ? അതെങ്ങനെ അവിടെയെത്തി?"

"വെച്ചേക്കാൻ കൊടുത്തതാണു്."

ഫക്കീറിൻെറ ഹിംസ്രമയമായ കണ്ണുകൾ ഒരിക്കൽക്കൂടി ജ്വലിച്ചു.

"ശരി. എന്നാൽ ഇതാ പ്രസാദം. അള്ളാവിനെ വിചാരിച്ചുകൊണ്ടു് ഒററവലിക്കു കഴിക്കണം. അയാൾ സർവ്വത്തു നിറച്ച ഗ്ലാസ് ഭക്തൻെറ കൈയിൽ കൊടുത്തു.

ഉമ്മത്തിൻെറ വിഷവും ഭാംഗും കലർത്തിയ സർവ്വത്തു്. ഇത്ര ശക്തനായ യുവാവും അരമണിക്കൂറിനകം വീണുപോയി. ഫക്കീറിൻെറ ക്ഷീണിതമായ ശരീരത്തിൽ എവിടെനിന്നോ അസുരൻെറ ശക്തി ഉണ്ടായി. ഉടുപ്പഴിച്ചുകളഞ്ഞിട്ട് അള്ളാവിനെ സ്മരിച്ച് അയാൾ ഹസ്സൻെറ ദേഹം ഒററയ്ക്കു് വലിച്ചിഴച്ചു കൊണ്ടുപോയി. ഇടയ്ക്കിടെ ഇരുന്നു വിശ്രമിച്ചു്, ഒരുതരത്തിൽ കുന്നിനപ്പുറം എത്തി. കബർ തയ്യാറായിരുന്നു. അതിലേക്കു തള്ളിയിട്ടപ്പോൾ തൊണ്ടയിൽനിന്നു് ഞരക്കം കേട്ടു. ഫക്കീർ ഭ്രാന്തനെപ്പോലെ മൺവെട്ടി പ്രയോഗിച്ചു.

കബർ നിറഞ്ഞു. ഞരക്കം എന്നെന്നേക്കുമായി അടങ്ങി. കാസിമിൻെറ ജോലിയെല്ലാം കഴിഞ്ഞപ്പോൾ രാത്രിയുടെ അവസാനയാമമായി.

കുട്ടി വെളുപ്പിനു് എന്തോ ദുഃസ്വപ്നം കണ്ടു് ഉണൎന്നു. ധൃതിയിൽ കണ്ണുതിരുമ്മി എഴുനേററു. പുറത്തുകടന്നു് അടുത്ത മുറിയിൽ നോക്കി. എന്താ ഇതു്? മുറി കാലി! ഫക്കീർ വരാന്തയിൽ കിടക്കുന്നു. ഉറങ്ങുന്നു അഥവാ ഉറക്കം നടിക്കുന്നു. വിളിച്ചയുടനെ ദേഷ്യപ്പെട്ടു: "എന്താ വെളുപ്പിനേ വിളിച്ചുകൂവുന്നതു്?"

"അയാളെ കാണുന്നില്ലല്ലോ?" കുട്ടി വ്യാകുലസ്വരത്തിൽ പറഞ്ഞു.

"പോയിട്ടുണ്ടാകും."

ഫക്കീർ കൂടുതൽ ഒന്നും പറഞ്ഞില്ല. കുട്ടി ഭ്രാന്തിയെപ്പോലെ അവിടെയുമിവിടെയും തിരയാൻ തുടങ്ങി. പെട്ടെന്നു്, ഒഴിഞ്ഞ സർബ്ബത്തുഗ്ലാസ് കണ്ണിൽ പെട്ടു. ഒന്നു മണപ്പിച്ചുനോക്കിയതും ശരീരം മുഴുവൻ വിറച്ചു. അവൾക്കപരിചിതമല്ല ഈ ഗന്ധം. കുന്നിൻമുകളിലേക്കു് ഓടി. മനസ്സിൻെറ കോണിൽ ബാക്കിയുണ്ടായിരുന്ന സംശയവും നീങ്ങി.

ഉന്മത്തയെപ്പോലെ ഓടിവന്നു് ഫക്കീറിൻെറ കാല്ക്കൽ വീണു. കരച്ചിൽ പൊട്ടി. അവസാനമില്ലാത്ത കരച്ചിൽ. ഫക്കീർ സപ്പ്രദൃഷ്ടിയോടെ നോക്കിയിരുന്നു. വേടൻ, തൻെറ അമ്പേററു പിടയുന്ന മാൻപേടയെ നോക്കുന്നതുപോലെ.

പെട്ടെന്നു് എന്തോ ഓൎത്തിട്ടെന്നപോലെ കുട്ടി എഴുനേററു. അവളുടെ നീണ്ട കണ്ണുകളിൽ മിന്നൽപിണരുകൾ ദൃശ്യമായി. നേൎത്ത ചുണ്ടുകളിൽ ക്രൂരമായ ചിരിയുടെ വക്രരേഖകൾ പ്രത്യക്ഷപ്പെട്ടു. മാൎദ്ദവമേറിയ മുഖം പെട്ടെന്നു് കല്ലുപോലെ കഠിനമായെന്നു തോന്നി. ചഞ്ചലയായ മാൻപേട മരണമടഞ്ഞു. അതിൽനിന്നു് ക്രുദ്ധയായ ഒരു സൎപ്പിണി ജന്മമെടുത്തു.

ഈ രൂപഭേദം, ഫക്കീർ വിസ്മയവും ഭീതിയും കലൎന്ന ദൃഷ്ടികളോടുകൂടി നോക്കിയിരുന്നു. പക്ഷേ, അയാളുടെ തൊണ്ട അനങ്ങിയില്ല. കുട്ടിബീബി നിവൎന്നുനിന്നു. സാരി മുറുക്കി ഉടുത്തു. പിന്നീടു് ഭൎത്താവിൻെറ മുഖത്തു ദൃഷ്ടി ഉറപ്പിച്ചു് ശാ

സംവിടാതെ പറഞ്ഞു: "പകരം വീട്ടും, ഞാനിതിനു പകരം വീട്ടും."

കാസിമിൻെറ വിസ്മയം നീങ്ങുംമുമ്പ് അവൾ കൊടുങ്കാററിൻെറ വേഗത്തിൽ പുറത്തേക്കോടി.

ഫക്കീർ വിളിച്ചുചോദിച്ചു: "എവിടെപ്പോകുന്നു, കുട്ടീ? നിൽക്കൂ്, ഇതു കേൾക്കൂ്."

ആരുമതു ശ്രദ്ധിച്ചില്ല. നിമിഷമാത്രയിൽ അവൾ കാട്ടിൽ അപ്രത്യക്ഷയായി.

കാടുകഴിഞ്ഞു് മൈതാനം. അതിനുശേഷം വീണ്ടും കാട്. ഉഴുതിട്ട വയലുകൾ. മണ്ണല്ല, കല്ലുപോലെ. കോമളമായ കാൽ രണ്ടും പൊട്ടി ചോരയൊലിച്ചു. കുട്ടി തിരിഞ്ഞുനോക്കിയില്ല. വിസ്മിതരായ വഴിപോക്കരുടെ കൗതുഹലം ശ്രദ്ധിച്ചില്ല. ഇടയ്ക്കിടെ ആരെയെങ്കിലും തടഞ്ഞുനിർത്തി ക്ഷീണിച്ച സ്വരത്തിൽ ചോദിക്കുന്നതു മാത്രം കേട്ടു: "പോലീസ് സ്റ്റേഷനിലേക്കു് ഇനിയെന്തു ദൂരമുണ്ടു്?"

ചൈത്രമാസത്തിലെ ആകാശത്തുനിന്നു് തീ ചൊരിയുന്നു. ദാഹംകൊണ്ടു നെഞ്ചുപൊട്ടുന്നു. വെളുത്ത മുഖം ചോരപോലെ ചുമന്നിരിക്കുന്നു. വസ്ത്രം മുഴുവൻ വിയർപ്പിൽ മുങ്ങിയിരിക്കുന്നു. കുട്ടിക്കു നിൽക്കാൻ സമയമില്ല. ഓടുകയാണു്, നിർത്താതെ ഓടുകയാണു്.

ഇരുപത്തിരണ്ടു മൈൽ ഓടി സ്റ്റേഷനിലെത്തിയപ്പോൾ അവളുടെ പ്രാണശക്തി മുഴുവൻ തീർന്നെന്നു തോന്നി. വരാന്ത കയറാൻ കഴിഞ്ഞില്ല. അസ്പഷ്ടസ്വരത്തിൽ 'വെള്ളം' എന്നു പറഞ്ഞിട്ടു് അവൾ ബോധരഹിതയായി വീണു.

ഡാക്ടറുടെ സഹായത്തോടുകൂടി ബോധം വീണ്ടുകിട്ടി കണ്ണുതുറന്നതും, കുട്ടി വിളിച്ചുപറഞ്ഞു: "കൊലപാതകം! റാവുജാൻെറ കാട്ടിൽ കൊലപാതകം! വേഗം പോണം."

നടക്കാൻ ശക്തിയില്ലായിരുന്നു. അന്നുതന്നെ രാത്രി മഞ്ചലിൽ കയറി പോലീസുകാരോടൊപ്പം താവളത്തിലെത്തി. കബർ തുറന്നു് ഹസ്സന്റെ മൃതദേഹം പുറത്തെടുത്തു. യുവാവു് ഇപ്പോൾ ക്ഷീണിച്ചുതളർന്നുറങ്ങിയതേ ഉള്ളുവെന്നു തോന്നും. ഒന്നു വിളിച്ചാൽ ഉണരും. കുട്ടി നിലവിളിച്ചുകൊണ്ടു് അയാ

ളുടെ നെഞ്ചിൽ പതിച്ചു. അതിയായ സ്നേഹത്തോടുകൂടി സാരിത്തുമ്പുകൊണ്ടു് മുഖത്തുനിന്നു് മൺതരികൾ തുടച്ചു മാററി. വ്യാകുലസ്വരത്തിൽ പറഞ്ഞു: "ഒരു ഡാക്ടറെ വിളിക്കൂ. അയാൾ മരിച്ചിട്ടില്ല. എന്തെങ്കിലും മരുന്നു കൊടുത്താൽ രക്ഷപ്പെട്ടും."

അടുത്തുള്ള കബറുകളും മാന്തി. ചീഞ്ഞളിഞ്ഞ ഒരു ശവവും പത്തു് അസ്ഥികൂടങ്ങളും കിട്ടി.

കാസിം ഫക്കീറിന്റെ വക്കീൽ സുജിത്‌റായ്‌യുടെ വീട്ടിലിരുന്നാണു് ഇതു കേട്ടതു്. അദ്ദേഹം വക്കീലും സാഹിത്യപ്രേമിയുമാണു്. ആ ഉൾനാടൻനഗരത്തിൽ സാഹിത്യയശഃപ്രാപ്തിയായ ആരുടെയെങ്കിലും പ്രബന്ധമോ കവിതയോ കേൾക്കാൻകൂടുന്ന സുഹൃദ്സമ്മേളനങ്ങളിൽ വക്കീൽ ബാബു പതിവുകാരനാണു്. ഇത്തരമൊരു യോഗത്തിൽവെച്ചാണു് ഞങ്ങൾ പരിചയപ്പെട്ടതും. പരിചയം ക്രമത്തിൽ വളന്നു് ഞങ്ങൾ സ്നേഹിതന്മാരായിത്തീന്നു. അങ്ങനെയിരിക്കയാണു് സംഭവം. തൻെറ കക്ഷിക്കു് മരണശിക്ഷയും തനിക്കു തോൽവിയും വാങ്ങിക്കൊട്ടി വീട്ടിലെത്തിയ ഉടനെ എന്നെ വിളിപ്പിച്ചു. വക്കീലാണെങ്കിലും പ്രസ്തുത സംഭവം അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പശിച്ചതായി ഞാൻ കണ്ടു. മുഖവുരയൊന്നും കൂടാതെ അദ്ദേഹം കാസിംഫക്കീറിൻെറ കഥ പറഞ്ഞുകേൾപ്പിച്ചു. അല്ല, എന്നെ കേൾപ്പിക്കാനെന്ന ഭാവത്തിൽ സ്വയം പറഞ്ഞു കേട്ടു.

ഞാൻ ജയിലുദ്യോഗസ്ഥനാണു്. മനുഷ്യൻെറ ദുഃഖവും ദുർദ്ദശകളും വിവരിച്ചുകേട്ടാൽ മനസ്സിളകാറില്ല. അതുകൊണ്ടു് ഞാൻ അതിലധികം ശ്രദ്ധിക്കാതെ ചോദിച്ചു: "ഫക്കീറിനുവേണ്ടി നിങ്ങൾ വളരെ കഷ്ടപ്പെട്ടല്ലോ. അതു സാരമില്ലെന്നുവെയ്ക്കാം. പക്ഷേ, പണവും കുറേ ചെലവായിക്കാണുമല്ലോ."

അദ്ദേഹം പറഞ്ഞു: "നേരേമറിച്ചാണു്. എനിക്കു ഫീസുമാത്രമല്ല, അതിലധികവും കിട്ടി."

"എനിക്കു വിസ്മയം തോന്നി. എന്താ പറഞ്ഞതു്? എവിടെനിന്നാ കിട്ടി? ആരാ ഫക്കീറിൻെറ ഇത്ര വലിയ ബന്ധു?"

"അതെന്താ, അയാളുടെ ഭാര്യ കുട്ടിബീബി."

ഞാൻ വിസ്മയപൂർവ്വം അദ്ദേഹത്തെ നോക്കിയിരുന്നു.

സുജിത്ബാബു കുറച്ചുകൂടി വ്യക്തമായി പറഞ്ഞു: ''ചെലവൊക്കെ തന്നു, എന്നെ അഞ്ചുതവണ കാണുകയും ചെയ്തു.''

എന്റെ കൗതുകം അടങ്ങിയില്ല. അതുകൊണ്ടു ചോദിച്ചു: ''ഭർത്താവിനെ കണ്ടില്ലേ?''

''ഇല്ല. ഒരുദിവസം ഞാനതു ചോദിച്ചു. അവൾ മുഖം വികൃതമാക്കിപ്പറഞ്ഞു, ആ കിഴവനെ കണ്ടിട്ടെന്തു കാര്യമെന്ന്. പക്ഷേ, ആവശ്യമുള്ള പണം തരാമെന്ന് അവൾ എന്നോടു പലതവണ പറഞ്ഞിട്ടുണ്ട്. അയാളുടെ തല പോകാതെ നോക്കണമെന്നും.''

''പക്ഷേ, തല പോകാതെ നോക്കാൻ കഴിഞ്ഞില്ല. സുജിത്റായ് നെടുവീർപ്പിട്ടു.''

വക്കീൽ ബാബു എന്നെ വിട്ടപ്പോൾ രാത്രി പതിനൊന്നായി. വഴിക്കുമുഴുവൻ ഫക്കീർദമ്പതികളുടെ കഥയായിരുന്നു മനസ്സിൽ. ആളെ ശരിക്കൊന്നു കാണാൻ ആഗ്രഹമുണ്ടായി. ഞാൻ വീട്ടിലേക്കു പോകാതെ നേരെ ജയിലിൽ ചെന്നു.

മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട കുററവാളിയുടെ ഏകാന്ത തടവുമുറി—ജയിൽഭാഷയിൽ condemned cell. ഇരുമ്പഴിയിട്ട ഉറച്ച വാതിൽ. മുമ്പിൽ നല്ല പ്രകാശമുള്ള റാന്തൽ. അതിനടുത്തുതന്നെ ലാത്തിധരിച്ച ജാഗ്രതയുള്ള കാവൽക്കാരൻ. ഈയൊരൊററ തടവുകാരനുവേണ്ടി പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുകയാണ് അയാൾ. അയാളുടെ ദൃഷ്ടിയിൽനിന്നു് ഒരു നിമിഷംപോലും മോചനമില്ല, ഹതഭാഗ്യനായ ജയിൽപ്പുള്ളിക്ക്. ഡ്യൂട്ടികഴിഞ്ഞു് അയാൾ പോയാൽ പകരം വേറൊരാൾ വരും. അയാളും പോയാൽ ഇനിയുമൊരാൾ. തടവുകാരന് എന്നെന്നേക്കുമായി മോചനം ലഭിക്കുന്നതുവരെ പാറാവ് അനുസ്യൂതം തുടരും. അതാണ് നിയമത്തിലെ വ്യവസ്ഥ. ആരാണതുണ്ടാക്കിയതെന്ന് അറിഞ്ഞുകൂടാ. ആരായാലും ശരി, മരണശിക്ഷയേക്കാൾ കഠിനമാണ് ഈ കാവൽ ശിക്ഷയെന്ന് അയാൾ ഓർത്തിരിക്കുകയില്ല. നിമിഷംതോറും ജയിൽപ്പുള്ളിയെ പിന്തുടരുന്ന കൊലമരത്തിൻെറ നിഴൽ രാത്രിയോ പകലോ അല്പനേരത്തേക്ക് അയാൾ മറന്നെന്നു വരാം.

പക്ഷേ, സദാ ജാഗരൂകനായ കാവൽക്കാരന്റെ ദൃഷ്ടി അയാൾക്കൊരുനിമിഷംപോലും ഒഴിവാക്കാൻ സാദ്ധ്യമല്ല. ദേഹികൾക്കു് ഒഴിച്ചുകൂടാത്ത രണ്ടു ദൈനംദിനക്രിയകൾ, മനുഷ്യൻ മാത്രം മറച്ചുപിടിക്കുന്ന പ്രവൃത്തികൾ—അവപോലും കൊലക്കുററവാളികൾക്കു് ഏകാന്തത ആവശ്യമില്ലേ?

മരണശിക്ഷ കിട്ടുന്നവരുടെ കാര്യത്തിൽ ഇത്ര ശ്രദ്ധിക്കുന്നതു്, ആത്മഹത്യയ്ക്കുള്ള സാദ്ധ്യത ഒഴിവാക്കാനാണെന്നു കേട്ടിട്ടുണ്ടു്. പക്ഷേ, അയാളുടെ ദൈഹികഹത്യമാത്രമാണോ പ്രധാനം? അയാളുടെ ആത്മാവു് നിമിഷംതോറും അല്പാല്പം മരിക്കുന്നതു്, അയാളുടെ അപമാനിക്കപ്പെട്ട മനുഷ്യത്വം ശ്വാസംമുട്ടി മരിക്കുന്നതു്, നിയമനിർമ്മാതാക്കളായ വിജ്ഞന്മാർ എങ്ങനെ സഹിക്കുന്നു?

ഞാൻ കുറച്ചുകൂടി മുമ്പോട്ടു നീങ്ങി സെല്ലിൻെറ നേരെ മുമ്പിൽനിന്നു. കമ്പിളിശയ്യയിൽ വശംതിരിഞ്ഞു കിടക്കുകയാണു് condemned prisoner കാസിംഅലി ഫക്കീർ. ഉറങ്ങുകയാണോ ഉണർന്നുകിടക്കുകയാണോ എന്നാർക്കറിയാം? അയാളുണ്ടോ എന്നുമാത്രമേ ഞാൻ നോക്കേണ്ടതുള്ളൂ. അതു നേരിട്ടു കണ്ടോ വിശ്വസ്തനായ ജോലിക്കാരൻ പറഞ്ഞുകേട്ടോ അറിഞ്ഞാൽ എനിക്കു സമാധാനമായി. അയാളുടെ മനസ്സിൻെറ സ്ഥിതിയെപ്പററി ഞാനാലോചിക്കേണ്ടതില്ല. എങ്കിലും, എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ, ഒരുതരം മയക്കത്തിൽ ഞാൻ നാലരയടി പൊക്കമുള്ള ക്ഷീണകായനായ ആ മനുഷ്യനെ നോക്കിനിന്നുപോയി. അയാളുടെ തലനിറച്ചുള്ള മുടി, മുഖം നിറയെയുള്ള മീശ, അനങ്ങാത്ത കണ്ണുകളുടെ താഴെയുള്ള തടിച്ചു കറുത്ത രേഖ, ക്ഷീണിച്ച ദേഹത്തു് അയഞ്ഞുകിടക്കുന്ന ഉടുപ്പു്, വിശേഷിച്ചു് അയാളുടെ കിടപ്പിന്റെ രീതി—എല്ലാംകൂടി ഓർത്തപ്പോൾ രസകരമായി തോന്നി. ഈ മനുഷ്യൻ കൊലപാതകം നടത്തിയെന്നോ? ഒന്നുംരണ്ടുമല്ല, പന്ത്രണ്ടു കൊലപാതകം?

ഫക്കീർ അപ്പീൽ കൊടുത്തില്ല. എങ്കിലും നിയമപ്രകാരം, മരണശിക്ഷയ്ക്കു് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദം വേണം. ഏതാനും ദിവസത്തിനകം അതു കിട്ടി.

ഇതിനുശേഷമാണു് ദയാഹർജിയുടെ സന്ദർഭം. ആദ്യം

ഗവണ്മെന്റിക്ക്. അവിടെ തള്ളിയാൽ വൈസ്രോയിക്ക്. അദ്ദേഹവും തള്ളിക്കളഞ്ഞാൽ മഹാനായ ചക്രവത്തിസമക്ഷം. ദയാഹർജി തയ്യാറായി. പക്ഷേ, വളരെ പ്രയാസപ്പെട്ട്, ഹൃദയമലിയിക്കുന്ന വിശേഷണങ്ങളുപയോഗിച്ച് തയ്യാറാക്കിയ ഹർജിയിൽ വിരലടയാളം വെയ്ക്കാൻ ഫക്കീർ കൂട്ടാക്കിയില്ല. അയാൾക്കു ജീവൻ വേണ്ട. അതുകൊണ്ട്, അനാവശ്യമായ കാലതാമസം കൂടാതെ തൂക്കിക്കൊല്ലാനുള്ള തീയതി നിശ്ചയിച്ചു. അതു് കുററവാളിയെ അറിയിക്കാൻ പാടില്ലെന്നാണ് നിയമം.

"ആരെയെങ്കിലും കാണാനാഗ്രഹമുണ്ടോ?" സക്കാർ പക്ഷം ഫക്കീറിനോടു ചോദിച്ചു.

ഒരുനിമിഷം ആലോചിച്ചതിനുശേഷം അയാൾ തലയാട്ടി അറിയിച്ചു: "ഇല്ല."

മൂന്നു ദിവസം കഴിഞ്ഞു്, ഉച്ചയ്ക്ക് ഞാൻ സെൽബ്ലോക്കിൻെറ മുമ്പിൽക്കൂടി നടന്നുപോകുകയായിരുന്നു. ഫക്കീർ തൻെറ സെല്ലിൻെറ വാതിലിനോടു ചേന്ന് ഇരിക്കുന്നു. മുഖം കണ്ടപ്പോൾ എന്തോ പറയാനാഗ്രഹിക്കുന്നതുപോലെ തോന്നി. ഞാൻ അടുത്തു ചെന്നു ചോദിച്ചു: "എന്തെങ്കിലും പറയാനുണ്ടോ?"

ഫക്കീർ അല്പം സങ്കോചത്തോടുകൂടി പറഞ്ഞു: "ഇവിടെ പെണ്ണുങ്ങൾക്കു വരാമോ, ബാബൂ?"

"പിന്നെന്താ? ആരെയെങ്കിലും കാണണോ?"

"എൻെറ ബീബിയെ ഒന്നു കാണണം. പേരു് കുട്ടിബീബി. മധുപൂർ സ്റ്റേഷനതിർത്തിയിൽ റാവുജാൻ ഗ്രാമത്തിലാണ് വീട്."

കുട്ടിബീബിയുടെ പേർക്ക് ഔദ്യോഗിക എഴുത്ത് അയച്ചു. അതിൻെറ കോപ്പി സ്റ്റേഷൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനും. സുജിത്ബാബുവിനെ അനൗദ്യോഗികമായി വിവരമറിയിച്ചു. അദ്ദേഹം വളരെ വിഷമിച്ച് ആറേഴ ദിവസം അന്വേഷിച്ചിട്ട് നിരാശനായി വന്നു പറഞ്ഞു: "കണ്ടില്ല, മലയ്ബാബൂ! വിധിപറഞ്ഞ ദിവസംകൂടി കോടതിയിൽ വന്നിരുന്നു. പക്ഷേ, മജിസ്ട്രേട്ട് പോയ്ക്കഴിഞ്ഞു് പുറത്തുവന്നു നോക്കിയപ്പോൾ കണ്ടില്ല."

സ്റ്റേഷനിൽനിന്നു വിവരം കിട്ടി, പറഞ്ഞ മേൽവിലാസത്തിൽ കുട്ടിബീബി എന്നൊരാളെ കണ്ടില്ല.

നിർദ്ദിഷ്ടദിവസമായി. രാവിലെ നാലുമണിക്കുതന്നെ പുള്ളിയെ വിളിച്ചുണർത്തി. വലിയ ജമേദാർ സെല്ലിൻെറ മുമ്പിൽച്ചെന്നു് ഗൗരവസ്വരത്തിൽ പറഞ്ഞു: "ഇറങ്ങി വാ, ഫക്കീർ. കുളിച്ചിട്ടു് പ്രാർത്ഥിക്കു്."

കാസിം ശൂന്യദൃഷ്ടിയോടെ നോക്കിനിന്നു. ഒന്നും മനസ്സിലാകാത്തതുപോലെ. സെല്ലിൻെറ വാതിൽ തുറന്നു. ഫക്കീർ ജമേദാറുടെ മുഖത്തു് വിസ്മയത്തോടുകൂടി നോക്കി ചോദിച്ചു: "എങ്ങോട്ടാ?"

ഇതിനുത്തരം, മുപ്പത്തിമൂന്നു വർഷത്തെ പരിചയമുള്ള ചീഫ് ഹെഡ്‌വാർഡൻ ഗജാനന്ദസിംഗിൻെറ വായിൽനിന്നു് പുറത്തുവന്നില്ല. കുളിക്കാനും പ്രാർത്ഥിക്കാനും ഒരുത്സാഹവും കാണിച്ചില്ല ഫക്കീർ. സെൽബ്ലോക്കിലെ മേറ്റും കാവല്ക്കാരനും കൂടി അയാളെ പുറത്തു കൊണ്ടുവന്നു. തലയിൽ ഒരു കുടം വെള്ളം ഒഴിച്ചു. കോടിനിക്കറും ഷർട്ടും ധരിപ്പിച്ചു. മേറ്റു് മുസൽമാനാണു്. ഫക്കീറിനെ നിസ്കാരം ചെയ്യിച്ചു. ഫക്കീർ യന്ത്രത്തേപ്പോലെ അനുസരിച്ചു.

അവസാനത്തെ ഏർപ്പാടുകൾ പരിശോധിക്കാൻ ഞാൻ സെൽവാർഡിലെത്തിയപ്പോൾ ഫക്കീറിൻെറ നിസ്കാരം കഴിഞ്ഞതേയുള്ളു. അയാൾ എൻെറ അടുത്തേക്കുവന്നു് ചോദിച്ചു: "അവൾ വന്നില്ലേ, ബാബൂ?"

ഞാൻ ഒരുനിമിഷം ആലോചിച്ചു. പിന്നീടു പറഞ്ഞു: "വന്നിരുന്നു, ഫക്കീർ. പക്ഷേ, നിൻെറ വിവരം അറിഞ്ഞപ്പോൾ കരഞ്ഞുകരഞ്ഞു് ആപ്പീസിൽത്തന്നെ ബോധംകെട്ടു വീണു. ഡാക്ടർ പറഞ്ഞു, ഈയവസ്ഥയിൽ നിന്നെ കാണാനനുവദിക്കുന്നതു ശരിയല്ലെന്നു്. മരുന്നുകൊടുത്തു് സുഖമാക്കി വീട്ടിൽ പറഞ്ഞയച്ചു."

ഞാൻ പറഞ്ഞ ഓരോ വാക്കും ഫക്കീർ അതീവ ശ്രദ്ധയോടെ കേട്ടു. പിന്നീടു് ആകാശത്തേക്കുനോക്കി നെടുവീർപ്പിട്ടുകൊണ്ടു് അസ്ഫുടസ്വരത്തിൽ പറഞ്ഞു: "അള്ളാ!" അയാളുടെ ഉള്ളിൽ വളരെനാളായി തടഞ്ഞുനിന്ന ഏതോ വേദന

യുടെ ഭാരം, ഈ നെടുവീർപ്പിലൂടെ പുറത്തുപോയെന്നു തോന്നി. വെളുപ്പിനത്തെ നേർത്ത വെളിച്ചത്തിലും ഞാൻ സ്പഷ്ടമായി കണ്ടു, അയാളുടെ മലിനമായ മുഖം നിമിഷനേരത്തേക്കു പ്രകാശമാനമാകുന്നതു്. കുഴിഞ്ഞ കണ്ണുകളുടെ കോണിൽനിന്നു് ഏതാനും അശ്രുകണങ്ങൾ നിശ്ശബ്ദം നിലംപതിച്ചു.

ഈശ്വരനറിയാം, ഫക്കീറിനോടു് ഞാൻ പറഞ്ഞതെല്ലാം എന്റെ ഭാവനയാണെന്നു്. പക്ഷേ, ഈ ചെറിയ കള്ളം പറഞ്ഞതിനു പകരം അന്നു കിട്ടിയ വസ്തുവിൻെറ വില മതിക്കാൻ വയ്യ. എനിക്കു കിട്ടിയതു മാത്രമോ? മരണത്തിൻെറ മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ഈ മനുഷ്യൻെറ ഹൃദയപാത്രത്തിൽ പകൻനുകൊടുത്ത അമൃതത്തിൻെറ മധുരം ഞാൻ ജീവിതം മുഴുവൻ മറക്കുകയില്ല.

തൂക്കുമരത്തിൻെറ ചുററും തിരക്കിട്ട പണിയാരംഭിച്ചു. സൂപ്രണ്ടു സാഹിബ്ബ് വന്നു. ഒപ്പം ഒരു മജിസ്ട്രേട്ടും. ഔദ്യോഗിക യൂണിഫോറം ധരിച്ച ജയിലറും സഹപ്രവത്തകരും ഒരുവശത്തു നിരന്നു. മറെറാരു വശത്തു് ആയുധധാരികളായ റിസർവ്വുപോലീസുകാർ. നാലുപാടും നിസ്തബ്ധം. ഇത്ര വലിയ ജയിലിലെ മുന്നൂറു-നാന്നൂറു് ആളുകൾ ശ്വാസമടക്കി കാത്തുനില്ക്കുകയാണു്, അത്യാസന്നമായ ഏതോ മഹാ സംഭവം. ബാരക്കുകൾ മുഴുവൻ പ്രേതപുരിപോലായി. ഒരിടത്തുമില്ല ജീവൻെറ എന്തെങ്കിലും ചലനം.

സൂപ്രണ്ടു് നിശ്ശബ്ദം ആംഗ്യം കാണിച്ചതോടെ ജയിൽപ്പുള്ളിയെ കൊണ്ടുവന്നു. തലയിൽ, കണ്ണുകൾ മറയ്ക്കുന്ന തൊപ്പി. കൈ രണ്ടും പിന്നിൽ ചേർത്തു വിലങ്ങുവെച്ചിരിക്കുന്നു. രണ്ടു പട്ടാളക്കാർ രണ്ടുവശത്തുംനിന്നു് അയാളെ കൊലമരച്ചുവട്ടിലേക്കു നയിച്ചു. തലയ്ക്കു നേരെ മുകളിൽ ഒരു ലോഹക്കൊളുത്തിൽനിന്നു് കയർകൊണ്ടുള്ള കുടുക്കു് തൂങ്ങിക്കിടക്കുന്നു. കാലിനടിയിൽ ഇരുമ്പുപലക. അതിനടിയിൽ കുഴിയാണു്. ആരാച്ചാർ തയ്യാറായി നില്ക്കുന്നു. കല്പന കിട്ടുകയേ വേണ്ടു.

സൂപ്രണ്ടിൻെറ കൈയിൽ വാറണ്ടുണ്ടു്. ജഡ്ജിയുടെ ഉത്തരവു് അദ്ദേഹം ഗൗരവസ്വരത്തിൽ വായിച്ചു. റിലീസ് ആഫീസിലെ ഡെപ്യൂട്ടി ജയിലർ അതു് തർജ്ജമ ചെയ്തു. ഒപ്പം തന്നെ റിസർവ്വ് ചീഫ് ഹെഡ്‌വാർഡൻെറ അത്യുച്ചത്തി

ലുള്ള കമാണ്ട് കേട്ടു: 'Present arms!' പരിചയസമ്പന്നമായ രീതിയിൽ, ബയണററു ഘടിപ്പിച്ച തോക്കുകൾ ഉയന്നു. എന്നെന്നേക്കുമായി വിടവാങ്ങുന്ന തടവുകാരനെ, ജയിലിലെ സായുധവിഭാഗം അവസാനത്തെ അഭിവാദനം അറിയിക്കുകയാണ്.

റൈഫിളിന്റെ തണ്ടിൽ അവരുടെ കൈ പതിച്ച ശബ്ദം നിലച്ചുകഴിഞ്ഞിട്ടില്ല. പെട്ടെന്ന് നാലുപാടും നടുങ്ങുംവിധം. ജയിലങ്കണത്തിൻെറ സ്തബ്ധഹൃദയം തകർത്തുകൊണ്ട് ഉച്ചത്തിലുള്ള ഒരു ആർത്തസ്വരം ഉയന്നു: "എന്നെ വിടണേ, നിങ്ങളുടെ കാലുപിടിക്കാം, എന്നെ വിടണേ!" കഴുകിലേറേണ്ട തടവുപുള്ളി, കഴുമരച്ചുവട്ടിൽനിന്നു് ഓടിപ്പോകാൻ ശ്രമിക്കുന്നു. ചെറുപ്പക്കാരായ രണ്ടു പട്ടാളക്കാർക്ക് അയാളെ പിടിച്ചുനിത്താൻ കഴിയുന്നില്ല. ആരാച്ചാർ അനങ്ങാതെ നിന്നു. സൂപ്രണ്ടിൻെറ നെററി ചുളിഞ്ഞു. അദ്ദേഹത്തിൻെറ ആംഗ്യമനുസരിച്ചു് വേറെ രണ്ടു പട്ടാളക്കാർകൂടി ഓടിച്ചെന്നു്, തടവുകാരൻെറ വിറയ്ക്കുന്ന ദേഹം ബലമായി ഉറപ്പിച്ചു നിത്തി. ആരാച്ചാർ പെട്ടെന്നു് കഴുത്തിൽ കുടുക്കിട്ടു. അടുത്തനിമിഷം ഇരുമ്പുകൈപ്പിടി വലിക്കുകയും ചെയ്തു. കാലിനടിയിൽനിന്നു് ഇരുമ്പുപലക താഴോട്ടിറങ്ങി. ഒപ്പംതന്നെ കാസിംഫക്കീറിൻെറ മെലിഞ്ഞ ദേഹവും കുഴിയിലായി. ഞങ്ങളുടെ കൺമുമ്പിൽ തടിച്ച ഒരു കയർ മാത്രം തൂങ്ങിക്കിടന്നു. ഒന്നുരണ്ടു തവണ അതു് പിടഞ്ഞു. പിന്നീട്ട് എല്ലാം നിസ്തബ്ധമായി.

അന്നു് എല്ലാവക്കും ഇതേ പറയാനുണ്ടായിരുന്നുള്ളു. എന്തൊരു മനുഷ്യൻ? നിർബന്ധിച്ചിട്ടും അപ്പീൽ കൊടുത്തില്ല. ദയാഹർജി അയച്ചില്ല. അവസാനം കൊലമരച്ചുവട്ടിൽ തളന്നുവീണു, നാടകീയംതന്നെ!

അന്നത്തെ സംഭാഷണം മുഴവൻ തൂക്കിക്കൊലയെപ്പറ്റിയായിരുന്നു. സീനിയർ ഉദ്യോഗസ്ഥന്മാർ സ്വന്തം അനുഭവങ്ങൾ വിവരിച്ചു. ബീരൻബാബു പറഞ്ഞു: "ഞാനെത്ര തൂക്കിക്കൊല കണ്ടിരിക്കുന്നു. ടെററിസ്റ്റുകളുടെ കാര്യമല്ല പറഞ്ഞതു്. അവരുടെ കഥ വേറെ. മററുള്ളവരെയെല്ലാം സെല്ലിൽനിന്നു് gallows വരെ താങ്ങിപ്പിടിച്ചുതന്നെയാണു് കൊണ്ടുപോയിട്ടുള്ളതു്. അന്നു് ആലിപൂർ ജയിലിൽ ഒരു മുസ്ലിം ചെറുപ്പക്കാരൻ മാത്രം വലിയ ധൈര്യം കാണിച്ചു. ആലി

ആഹമ്മദ് എന്നോ മറ്റോ ആണ് അവൻെറ പേര്. ശരി ക്കോമ്മയില്ല. വലിയ കുടുംബത്തിലെയാണ്. വലിയ വീട്ടിൽ നിന്നാണ് കല്യാണം കഴിച്ചതു്. ഭാര്യ പരമസുന്ദരി ആയിരുന്നത്രേ. ഒരുമാസം കഴിയുംമുമ്പ് അവളെ ശരിയാക്കിക്കളഞ്ഞു.''

''ശരിയാക്കിക്കളഞ്ഞോ? എന്തിനു്?''

''വേറെ എന്തിനാ? ചാരിത്ര്യത്തിൽ സംശയം. ചെറുപ്രായത്തിൽ അങ്ങനെയാണ്. പ്രേമം ഭയങ്കരമായിരുന്നു. കണ്ണുതെററിയപ്പോൾ സംശയമായി. തെററു മനസ്സിലാകാനും താമസമുണ്ടായില്ല. ഉടനെ കഠാരിയുമായി സ്റ്റേഷനിൽ ഹാജരായി. അയാൾക്കു് കേസു നടത്താൻ ആഗ്രഹമില്ലായിരുന്നു. പക്ഷേ, വീട്ടുകാർ വിട്ടമോ? ശ്രമത്തിനു് കുറവൊന്നും ഇല്ല. വലിയ വലിയ വക്കീൽമാർ, ബാരിസ്റ്റർമാർ, അപേക്ഷ, ശിപാശ് എല്ലാം നോക്കി. പക്ഷേ, ഫലമുണ്ടായില്ല.''

അയാളെ തൂക്കിലിട്ട ദിവസം നല്ല ഓമ്മയുണ്ടു്. സെല്ലിൽ നിന്നു് ധൈര്യമായി ഇറങ്ങിനടന്നു. നെഞ്ചുവിരിച്ചു നിന്നു gallows-ൻെറ ചുവട്ടിൽ. സൂപ്രണ്ടു് വാറണ്ടു വായിക്കാൻ തുടങ്ങി. അയാൾ ഇടയ്ക്കുകയറി പറഞ്ഞു: ''അതൊക്കെ ഇരിക്കട്ടെ, സാർ. വാറണ്ടു് താൻ നേരത്തേ കേട്ടതാണ്. നിങ്ങളുടെ ആരാച്ചാരെ വിളിക്കു്. കൂട്ടക്കിടട്ടെ.''

അല്പം നിത്തിയിട്ടു്, സാവധാനം തന്നോടെന്നപോലെ പറഞ്ഞു: ''ഈ ലോകത്തുവെച്ചു് തെററുചെയ്തു. ഇവിടെത്തന്നെ ശിക്ഷയുമനുഭവിക്കുന്നു. എനിക്കൊരു ദുഃഖവുമില്ല. ഇന്നു് എനിക്കു വളരെ സന്തോഷം തോന്നുന്നു.''

രാധികാബാബു പരിചയസമ്പന്നനാണ്. ജൂണിയർ ബാബുമാർ നിർബ്ബന്ധിച്ചു: ''നിങ്ങളും ഒന്നുരണ്ടു കഥ പറയൂ, ചേട്ടാ. നിങ്ങൾ ധാരാളം തൂക്കിക്കൊല കണ്ടിരിക്കും, തീർച്ച.''

അദ്ദേഹം പറഞ്ഞു: ''ധാരാളമൊന്നുമില്ലെങ്കിലും രണ്ടു നാലെണ്ണം കണ്ടിട്ടുണ്ടു്. പക്ഷേ, ഓമ്മിക്കാൻമാത്രം പുതുമ ഒന്നിനുമില്ല. എല്ലാം സാധാരണമട്ടു്. സെല്ലിൽനിന്നു് പിടിച്ചുകൊണ്ടുവന്നു തൂക്കും. ഒരു കേസുമാത്രം കിട്ടിയിട്ടുണ്ടു്, വിശേഷതരം. ആളിൻെറ പേരുപോലും ഓമ്മയുണ്ടു്—നിതായ് ഭട്ടാചായ്യ. ഭയങ്കരകോടതിക്കുഴവായിരുന്നു. മററുള്ളവരെ

കേസിലകപ്പെടുത്തുകയാണ് ജോലി. ജീവിതം മുഴവൻ എത്ര പേരെ നശിപ്പിച്ചു? അവസാനം ഒരു കൊലക്കേസിൽപ്പെട്ടു. വസ്തുതക്കം. മറുപക്ഷത്ത് രണ്ടുപേർ ചത്തു. ശവം ഒളിപ്പിച്ചു. പക്ഷേ, ചോരപുരണ്ട തുണിയും മററും ഭട്ടാചാര്യയുടെ വീട്ടിൽനിന്നു കിട്ടി. ജഡ്ജി ഒരു സായ്പായിരുന്നു. തൂക്കിക്കൊല്ലാൻ വിധിച്ചു, ഭട്ടാചാര്യതന്നെയാണ് അപ്പീൽ തയ്യാറാക്കിയതു്. തഴക്കംചെന്ന ബാരിസ്റ്റർമാരുടെ പേനത്തുമ്പിൽനിന്നുപോലും അത്തരം ഡ്രാഫ്‌ററ് ഉണ്ടാകുമെന്നു തോന്നുന്നില്ല. പക്ഷേ, ഫലമുണ്ടായില്ല. കീഴ്ക്കോടതിവിധിതന്നെ അവസാനം സ്ഥിരപ്പെടുത്തി. ഏഴെട്ടു കൊച്ചുകുട്ടികളുമായി ഭാര്യ ഇടയ്ക്കിടെ കാണാൻ വരും. ഒരുകാലത്ത് സാമാന്യം നല്ല നിലയായിരുന്നു. മരിക്കാൻ കാലമായപ്പോഴേക്കു് സകലതും നശിപ്പിച്ചു.

"അയാൾ ഇടയ്ക്കിടെ പറയുമായിരുന്നു, തനിക്കു് ഈ കേസിനെപ്പററി ഒന്നും അറിഞ്ഞുകൂടെന്നു്. താൻ തികച്ചും നിർദ്ദോഷിയാണ്. ശത്രുപക്ഷക്കാർ അകപ്പെടുത്തിയതാണ്. സത്യമോ മിഥ്യയോ എന്നറിഞ്ഞുകൂടാ. എല്ലാവരും ഇങ്ങനെയൊക്കെ പറയും. പക്ഷേ, കൊലമരച്ചുവട്ടിൽ നില്ക്കുമ്പോൾക്കൂടി ഇതുതന്നെ പറഞ്ഞപ്പോൾ, എല്ലാം കള്ളമാണെന്നു പറഞ്ഞു തള്ളാൻ കഴിവുണ്ടായില്ല..."

രാധികാബാബു നിർത്തി. ആ അവസാനരംഗം അദ്ദേഹം മുമ്പിൽ കാണുമ്പോലെ. അല്പം കഴിഞ്ഞു് അദ്ദേഹം തുടന്നു: "പുള്ളി കൊലമരച്ചുവട്ടിൽ നില്ക്കുന്നു. വാറണ്ടു വായിച്ചുകഴിഞ്ഞു. ആരാച്ചാർ റെഡി. സായ്പിൻെറ സൂചന കിട്ടിയാൽ മതി. ഞങ്ങളെല്ലാം അങ്ങോട്ടു നോക്കി നില്ക്കുകയാണ്. ശ്വാസം വിടുന്നുണ്ടോ എന്നു സംശയം. പെട്ടെന്നു നിതായിയുടെ ശബ്ദം കേട്ടു് ഞെട്ടിപ്പോയി. ദൃഢമായ സ്വരം. യാതൊരു വിറയലുമില്ല, ക്ഷീണവുമില്ല—'നിങ്ങൾ കേൾക്കണം, വിശ്വസിക്കണം. ഞാൻ കൊലചെയ്തില്ല. നിങ്ങളാണ് കൊല ചെയ്യാൻപോകുന്നതു്. തീരെ നിരപരാധിയായ ഒരാളെ ബലമായി പിടിച്ചു് കൊലമരച്ചുവട്ടിൽ കൊണ്ടുവന്നിരിക്കുന്നു....'

"പെട്ടെന്നു് അയാളുടെ സ്വരം നേത്തു. പ്രാത്ഥിക്കുംപോലെ നിത്തിനിത്തി പറഞ്ഞു: 'അന്യായമായി, കള്ളവിസ്താ

രം നടത്തി എന്നെ കൊല്ലുന്നവരെ, എന്റെ നിസ്സഹായരായ ഭാര്യയെയും കുട്ടികളെയും പട്ടിണിയിടുന്നവരെ വിസ്മരിക്കണേ, ഭഗവാനെ!'''

ഡെപ്യൂട്ടി ബാബുമാരുടെ ആപ്പീസിലായിരുന്നു യോഗം. ഞങ്ങളുടെ ചെറുപ്പക്കാരനായ സഹപ്രവത്തകൻ സിതാംശു ഒരു കോണിൽ മിണ്ടാതെ ഇരുന്നിരുന്നു. ആൾ അല്പം ഗൗരവക്കാരനാണ്. എല്ലാവരിൽനിന്നും വ്യത്യസ്തൻ. അതുകൊണ്ട് പരിചയക്കാരിൽനിന്ന് അയാൾക്കു പ്രശംസയും ആക്ഷേപവും ധാരാളം കിട്ടിയിരുന്നു. ഇന്നു രാവിലത്തെ ചടങ്ങിൽ അയാൾ സംബന്ധിക്കാഞ്ഞതു് ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞങ്ങളുടെ സംഭാഷണവേളയിൽ സന്നിഹിതനായെങ്കിലും അയാൾ ഒന്നിലും പങ്കുകൊണ്ടില്ല. പെട്ടെന്ന് എന്തോതേ്താ എന്തോ ഞാനയാളുടെ നേരെ നോക്കി ചോദിച്ചു: ''നിങ്ങൾ തൂക്കിക്കൊലയൊന്നും കണ്ടിട്ടില്ലേ, സിതാംശു ബാബു?''

അയാൾ ഒന്നു ഞെട്ടി. ഏതോ ചിന്തകൾക്കു് തടസ്സം ഉണ്ടായതുപോലെ. പിന്നീട്ട് ആവേഗത്തോടെ വിനീതസ്വരത്തിൽ പറഞ്ഞു: ''ഉണ്ട് സാർ, ഒരെണ്ണംമാത്രം കണ്ടിട്ടുണ്ട്. പക്ഷേ, അതു തൂക്കിക്കൊലയല്ല, രക്തസാക്ഷിമണ്ഡപത്തിൽ ദേശപ്രേമികളുടെ ജീവിതബലിയായിരുന്നു.'' ഈയവസരത്തിൽ അതു പറഞ്ഞു് അവരെ അപമാനിക്കാൻ തോന്നിയില്ല.

സിതാംശുവിന്റെ ഭാവമാററം ഞാൻ മനസ്സിലാക്കുന്നുണ്ട്. കൊലമരച്ചുവട്ടിൽനിന്നു് ജീവിതത്തിന്റെ ജയഗാനം മുഴക്കിയവരെ പ്രശംസിക്കുന്നതു് ഞങ്ങൾക്കു ചേന്നതല്ല. സിതാംശുവിനെപ്പോലെ അത്തരം ഒന്നുരണ്ടുപേരെ കാണാൻ എനിക്കും ഭാഗ്യമുണ്ടായിട്ടുണ്ട്. മഹത്തായ ഉദ്ദേശ്യത്തോടുകൂടി മരണം വരിക്കുന്നവരെ ഒരു മോഹാവേശം വലയം ചെയ്തിരിക്കും. അതുള്ളകാലത്തോളം മരണത്തിന്റെ ഭീകരരൂപം മനസ്സിലാകുകയില്ല. അപ്പോൾ മരണം ഈശ്വരസ്വരൂപിയാണ്. കൊലമരച്ചുവട്ടിലെ ഇരുമ്പുപലകയിൽ നിൽക്കുമ്പോഴും അവരുടെ കൺമുമ്പിൽ ആഴമറിയാത്ത ആത്മസംതൃപ്തി ഒഴുകിനടക്കും. മനസ്സിൽ തീക്ഷ്ണമായ അഭിമാനബോധം

പതഞ്ഞുപൊങ്ങും. നാടിൻെറ ആശീർവ്വാദവും നാട്ടുകാരുടെ ആശംസകളും തങ്ങളെ പൊതിയുന്നുണ്ടെന്നു് അവക്കറിയാം. അവരുടെ ഭണ്ഡാരം നിറഞ്ഞിരിക്കും. അതുകൊണ്ടാണു്, തല ഉയത്തിപ്പിടിച്ചു്, മന്ദഹസിക്കുന്ന മുഖവുമായി സ്വച്ഛന്ദം നടന്നുപോകുന്നതു്, കയർകൊണ്ടുള്ള വരണമാല്യം ഭയലേശമില്ലാതെ അണിയുന്നതു്. ഇതു മരണമല്ല, പ്രാണദാനമാണു്, മഹത്തരമായ ജീവിതത്തിലേക്കുള്ള കാൽവെയ്പാണു്. ഈ മരണം അവരുടെ നാടിനു് അഭിമാനകരമാണു്, അവക്കതന്നെ വിലമതിക്കാൻ വയ്യാത്ത അവസാനസമ്പാദ്യവും.


പക്ഷേ, ആ സമ്പാദ്യത്തിൻെറ കണികപോലും കിട്ടാതെ, മരണംകൊണ്ടു് നഷ്ടംമാത്രം നേടുന്നവർ, മരണത്തിന്റെ മാർഗ്ഗത്തിൽ അപമാനംമാത്രം പാഥേയമായുള്ളവർ, നിയമത്തിൻെറയും സമുദായത്തിൻെറയും ബന്ധുക്കളുടെയും സ്നേഹിതന്മാരുടെയും അടുത്തുനിന്നു് നിന്ദയല്ലാതെ ഒന്നും കിട്ടിയിട്ടില്ലാത്തവർ, ലോകം ഉപേക്ഷിച്ച, ആശ്രയഹീനരായ നരഹന്താക്കൾ—എന്താശിച്ചാണു് അവർ മരണം വരിക്കുക? മരണസാഗരത്തിലെ കരകാണാത്ത ഇരുട്ടിൽ എന്താശ്രയം ആശിച്ചു് അവർ എടുത്തുചാടും? മരണത്തെ ഒരൊററ രൂപത്തിലേ അവക്കു കാണാൻ കഴിയൂ. ഭയങ്കരമാണു് ആ രൂപം. അതു കാണുമ്പോൾ ചിലർ നിലവിളിക്കും, ചിലർ ഇടിവെട്ടേററപോലെ മിഴിച്ചുനില്ക്കും. ചിലർ തളന്നു വീഴും, ചിലർ അത്ഥഹീനമായ പ്രലപനങ്ങൾകൊണ്ടു്, വിഴുങ്ങാൻ വരുന്ന മരണത്തിൻെറ കരാളദംഷ്ട്രങ്ങളിൽനിന്നു് രക്ഷപ്പെടാൻ ശ്രമിക്കും.

മരണത്തിൻെറ നിഴൽ ഞാൻ നേരിട്ടു കണ്ടിട്ടുണ്ടു്. ഇന്നു നിന്നെ തൂക്കിക്കൊല്ലും—സരളമായ ഈ കൊച്ചു വാക്യം, ദൃഢകായനും ആരോഗ്യവാനുമായ മനുഷ്യൻെറ മുഖത്തുനിന്നു് രക്തം മുഴുവൻ ചോത്തിക്കളയുന്ന ബീഭത്സദൃശ്യം ഞാൻ കണ്ടിട്ടുണ്ടു്. മൃത്യു ആസന്നമാണെന്ന കാര്യം അയാൾക്കു് അറിയാത്തതല്ല. വളരെ നാളായി അയാൾ ഈ ദിവസത്തിനു വേണ്ടി തയ്യാറെടുക്കുന്നു. എങ്കിലും വരാനിരിക്കുന്നതും വരുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. മരണം ഇതുവരെ അയാൾ മനക്കണ്ണുകൊണ്ടേ കണ്ടിട്ടുള്ളു. ഇപ്പോഴതു് മൂത്തമായി

മുമ്പിൽ വന്നിരിക്കുന്നു. ഇന്നു് രുദ്രന്റെ വരവാണു്. അതിന്റെ നിശ്വാസമേററാൽ ജീവനുള്ള മനുഷ്യൻ നിന്നനില്പിൽ മരിച്ചുവീഴും. രക്തമാംസനിർമ്മിതമായ ശരീരത്തിനുള്ളിൽ, തൊലികൊണ്ടു മൂടിയ അസ്ഥിപഞ്ജരം കാണാറാകും. ഈ കാഴ്ച കാണാൻ എത്രപേർക്കു ഭാഗ്യമുണ്ടായിട്ടുണ്ടു്? സിതാംശുവിനുണ്ടായി. പക്ഷേ, അയാൾ കണ്ടില്ല.

സിതാംശുവിനോടു് എനിക്കു് എതിർപ്പില്ല. പുണ്യാത്മാക്കളായ രക്തസാക്ഷികളോടു് എനിക്കു ഭക്തിബഹുമാനാദികളേ ഉള്ളു. പക്ഷേ, പാപാത്മാക്കളായ ഈ കൊലപാതകികളോടു് എന്തുണ്ടു്? ഒന്നുമില്ല. അവരോടു് എനിക്കു് ഒന്നുമില്ല. എനിക്കോ മററു മനുഷ്യർക്കോ അവരോടു് ഒരു കടമയുമില്ല്. എങ്കിലും ചിലപ്പോൾ, ഒറ്റക്കു കഴിയുന്ന സന്ധ്യാവേളകളിൽ, മനസ്സു് എന്നിൽത്തന്നെ ചുററിപ്പററി നില്ക്കുമ്പോൾ, കണ്ണടച്ചാൽ എനിക്കു കാണാം—മരണാഹതമായ, രക്തലേശമില്ലാത്ത, ഭീതികൊണ്ടു വിളറിയ, ക്ഷീണിച്ച മുഖങ്ങൾ. ഭയമല്ല, വെറുപ്പല്ല. അവ്യക്തമായ ഒരു മമതകൊണ്ടു് അപ്പോൾ മനസ്സു് നിറഞ്ഞു തുളുമ്പും.

235670
0157:3N04:11
32K3
UNIVERSITY LIBRARY
R 1969
MADRAS
MUL
235670



12 DEC 1969